# പാദമുദ്രകൾ

**ഒന്നാം ഭാഗം**

**ഫാ. ജോൺ മാതേയ്ക്കന്റെ ആത്മകഥ**

**രണ്ടാം ഭാഗം**

**ഫാ. ജോൺ മാതേക്കൻ സുഹൃദ്സ്മരണകളിൽ**

# PADAMUNDRAKAL


| | | |
|---|---|---|
| Published by | : | Dr. Joy Matheiken |
| Edited by | : | Sr. Gemma CSN |
| First Published | : | January 2000 |


Rights Reserved


| | | |
|---|---|---|
| Printed | : | Sanjo Offset Printers<br>Kothamangalam |
| Price | : | Rs. 100/- |

GRAMS : CARDINAL

E - Mail : abperang @ md 3. vsnl. net. in
PHONE : (0484) 352629, 352906, 380660
FAX : 0484 - 366028

ARCHBISHOP VARKEY VITHAYATHIL
APOSTOLIC ADMINISTRATOR OF
ERNAKULAM - ANGAMALY

MAJOR ARCHBISHOP'S HOUSE
POST BOX No.2580
COCHIN - 682 031
KERALA, INDIA

# അവതാരിക

'ലോകത്തിൽ ചരിച്ചതിന്റെ വിവരമത്രേ ലോക ചരിത്രം' എന്ന ഹെർമൻഗുണ്ടർട്ട് പറയുന്നു. മനുഷ്യന്റെ കാര്യത്തിൽ പ്രത്യേക പ്രാധാന്യമുണ്ട്. ഈ നിർവ്വചനത്തിന്. എത്രയോ കോടി ജനങ്ങൾ ഈ ഭൂഗോളത്തിൽ ജീവിച്ചു കടന്നു പോയി; ഇപ്പോൾ ജീവിക്കുന്നു. ലോകാവസാനംവരെ നീളും ഈ ശൃംഗല. പക്ഷേ, ലോകത്തിൽ ചരിച്ച് തങ്ങളുടേതായ മായാത്ത പാദമുദ്രകൾ പതിച്ചു കടന്നു പോകുന്നവർ വളരെ വളരെ ചുരുക്കം. ഈ

Mar. Varkey Vithayathil

ചുരുക്കംപേരിൽപ്പെടുന്ന, ഒരു സവിശേഷവ്യക്തിത്വത്തിന്റെ ഉടമയാണ് 1995 മെയ് 31-ന് നിത്യതയുടെ തീരത്തേക്കു കടന്നു പോയ മാതേക്കൽ ബ. ജോണച്ചൻ.

ഈ ലോകത്തിൽ താൻ സഞ്ചരിക്കുന്ന വഴികളെക്കുറിച്ച് ഓരോ വ്യക്തിയ്ക്കും ഏറെക്കുറെ ബോധ്യമുണ്ടാകും; ആ വ്യക്തി ഉൾപ്പെടുന്ന സമകാലീന സമൂഹത്തിലും ഉണ്ടാകും ആ വ്യക്തിയെക്കുറിച്ച് ചില ആശയങ്ങൾ. ഈ ദ്വിവിധവീക്ഷണങ്ങളുടെ ഒരു രൂപരേഖയാണ് 'പാദമുദ്രകൾ' എന്ന ഈ ജീവചരിത്രകൃതി.

'പാദമുദ്രകളു'ടെ ഒന്നാം ഭാഗം ബ. ജോൺ മാതേക്കൻ അപ്പച്ചൻ തന്റെ സ്വതസിദ്ധമായ ശൈലിയിൽ എഴുതിയിരിക്കുന്നതാണ്. ഒരു സാധാരണ കുലീന കത്തോലിക്ക കുടുംബത്തിലെ ഒരു വിവധവയുടെ

ഏക സന്താനമായ ജോണച്ചന്റെ പൗരോഹിത്യത്തിലേക്കുള്ള വിളി എത്രയോ അമൂല്യവും ത്യാഗം നിറഞ്ഞതുമായിരുന്നു എന്ന് ഈ ആത്മ കഥയിൽ അദ്ദേഹം വ്യക്തമാക്കുന്നു. കുടുംബബന്ധത്തിന്റേതും - വിശിഷ്യാ മാതൃപുത്ര ബന്ധത്തിന്റെ - ശൈശവം മുതൽ അലട്ടിക്കൊണ്ടിരുന്ന അനാരോഗ്യത്തിന്റേയും പ്രലോഭനങ്ങളെ ധീരമായി അതിജീവിച്ചുകൊണ്ടു ജോണച്ചൻ നിത്യ പുരോഹിതന്റെ പീഠത്തിലെത്തിയത്. അമ്മയിൽ നിന്നും വളർന്ന കുടുംബാന്തരീശത്തിൽ നിന്നും പകർന്നു കിട്ടിയ സുവ്യക്തമായ ദീശാബോധം ചെറുപ്രായം മുതലേ ജോണച്ചനുണ്ടായിരുന്നു. എല്ലാറ്റിന്റേയും കേന്ദ്രമായ ദൈവത്തിൽ മിഴിയൂന്നുന്ന ഈ ലക്ഷ്യബോധം തന്നെയാകണം അഭൗമികതയുടെ ഉന്നതങ്ങളിലേക്കു ദൃഷ്ടി പായിക്കാനും, സഹജീവികളെ പ്രത്യേകിച്ചും നിരാലംബരായിട്ടുള്ളവരെ 'അന്നവും' 'വചനവും'വും നല്കി അവിടേക്കു കൈപിടിച്ചുയർത്താനും ജോണച്ചനെ പ്രാപ്തനാക്കിയത്. ഈ തീവ്രയത്നത്തിന്റെ വിജയ സ്തംഭങ്ങളാണ് അദ്ദേഹം ബീജാവാപം ചെയ്തു വളർത്തിയെടുത്ത ജോഫാനസ് സൈക്കോ മെഡിക്കൽ സെന്റർ, റീഫാബിലിറ്റേഷൻ സെന്റർ, ശോഭനാ ഇംഗ്ലീഷ് മീഡിയം സ്കൂൾ മുതലായവ. ഈ വടവൃക്ഷങ്ങളുടെ തണൽ പറ്റി ഏറെ കുഞ്ഞാടുകൾ ഇന്നും മേയുന്നു. ഇടതു കൈയറിയാതെ വലതുകൈകൊണ്ട് അദ്ദേഹം നല്കിയ ഉദാരദാനങ്ങളെപ്പറ്റി വളരെ അടുത്തു പെരുമാറിയിരുന്നവർക്കു പോലും വളരെകുറച്ചേ അറിയൂ.

അനാർമ്മികതയ്ക്കെതിരെ പോരാടാൻ വി. സ്നാപകയോഹന്നാന്റെ മുഴങ്ങുന്ന സ്വരം തന്നെ ജോണച്ചൻ കടമെടുത്തിരുന്നു എന്നു പറയാം. തെറ്റ് തെറ്റാണെന്ന് ആരുടേതും മുഖത്തുനോക്കാതെ അദ്ദേഹം ഉറക്കെ പറഞ്ഞിരുന്നു. വൈദിക വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ മികച്ച വാഗ്മിയായി പേരെടുത്ത ജോണച്ചന്റെ പ്രഭാഷണങ്ങൾ സനാതന സത്യങ്ങളുടെ വിത്തു വിതയ്ക്കലായിരുന്നു. ജോലി നോക്കിയിട്ടുള്ള ഇടവകകളിലും സെമിനാരിയിലുമെല്ലാം വിശക്കുന്നവന്റെ മുമ്പിൽ 'അപ്പ'മായി പ്രത്യക്ഷപ്പെടണം എന്ന യഥാർത്ഥ്യം അച്ചൻ മറന്നിട്ടില്ല. സെമിനാരിയിൽ പഠിക്കുന്നകാലത്തും നല്ലൊരു സ്പോർട്ട്സ്മാൻ ആയിരുന്ന ജോണച്ചൻ കായിക, മാനസിക വിനോദങ്ങളിലൂടെ, പള്ളിയിൽ നിന്നും അകന്നു നിന്നിരുന്ന അനേകം ചെറുപ്പക്കാരെ മതാനുഷ്ഠാനങ്ങളിലേയ്ക്കു കൂട്ടിക്കൊണ്ടുവന്ന സംഭവങ്ങൾ ഈ ആത്മകഥയിൽ കാണാം. തന്റെ അജപാലനയാത്രയിലുടനീളം പരി. ദൈവജനനീ സ്വന്തം അമ്മയെപ്പോലെ സഹയാത്രികയായിരുന്നുവെന്നതും വായനക്കാർക്ക് പ്രചോദനമായിരിക്കും.

വിപുലമായ ഒരു സുഹൃദ്വയമുണ്ടായിരുന്നു ജോണച്ചന്. ഇന്നും ജീവിച്ചിരിക്കുന്ന ആത്മമിത്രങ്ങളുടെ ഹൃദയത്തിൽ സൗഹൃദത്തിന്റെ ഒരു തൂവൽസ്പർശമായി അച്ചൻ ജീവിക്കുന്നുണ്ട്. ജോണച്ചനെ അടുത്തറിയുന്ന ഏതാനും സുഹൃത്തുക്കളുടേയും കുടുംബാംഗങ്ങളുടേയും ഓർമ്മക്കുറിപ്പുകളാണ് ഈ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗം. ഈ കുറിപ്പുകളിലൂടെ കടന്നുപോകുമ്പോൾ ഭാഗ്യസ്മരണാർഹനായ 23-ാം യോഹന്നാൻ മാർപ്പാപ്പയെ ഓർത്തുപോകും. മനുഷ്യത്വത്തിലൂന്നിയ ആത്മീയത ജോണച്ചനിൽ ദൃഷ്യമായിരുന്നുവെന്ന് സുവ്യക്തം പ്രഖ്യാപിക്കുന്നവയാണ് ഈ സുഹൃദ്സ്മരണകൾ. 'ഒരു പുരോഹിതൻ എന്തായിരിക്കണം' എന്ന പൊതുജന സങ്കല്പവും ഈ കുറിപ്പുകളുടെ വരികൾക്കടയിൽ നമുക്കു വായിക്കാം.

ബ. മാതേക്കൽ ജോണച്ചന്റെ അരശതാബ്ദത്തോളം നീണ്ട വൈദീകജീവിതം ദൈവജനത്തിന് എന്നും ഒരു നക്ഷത്രദീപ്തിയാണ്.

യുവഹൃദയങ്ങളെ ദൈവത്തിന്റെ ബലിപീഠത്തിലേയ്ക്ക് ആകർഷിക്കാനും വൈദിക സമർപ്പിതജീവിതത്തിലേയ്ക്കു കടന്നു വരുന്നവർക്കു മാർഗ്ഗദീപമാകാനും ഈ കൃതിക്കു കഴിയും എന്നതിൽ സംശയമില്ല. സുഖഭോഗതൃഷ്ണതയുടെ മരണസംസ്കാരം, മനുഷ്യനെ, വിശേഷിച്ചും വളരുന്ന തലമുറകളെ വിഴുങ്ങികൊണ്ടിരിക്കുന്ന ഇക്കാലത്ത് വെളിച്ചത്തിന്റെ ഒരു തിരിനാളമായി ഈ പാദ മുദ്രകളെ സമൂഹത്തിന്റെ കരങ്ങളിലേയ്ക്കു വച്ചു കൊടുക്കുവാൻ എനിക്ക് ഏറെ സന്തോഷമുണ്ട്.

മാർ വർക്കി വിതയത്തിൽ
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ.

Geams : BISHOP

Phone : 822236

**Mar Geroge Punnakottil**
BISHOP OF KOTHAMANGALAM

**BISHOP'S HOUSE**
**KOTHAMANGALAM 686 691**
KERALA, INDIA

# ആശംസ!!!

ജീവചരിത്രങ്ങൾ സമൂഹത്തിനും വ്യക്തികൾക്കും ധാരാളം പ്രചോദനം നൽകുന്ന ഒരുഗദ്യസാഹിത്യരൂപമാണ്. നമ്മുടെ നാട്ടിൽ സ്വയംകൃതജീവചരിത്രങ്ങൾ രൂപം കൊള്ളുവാൻ തുടങ്ങിയിട്ട് അധികനാളുകളായില്ല. വിശുദ്ധരുടെ ജീവചരിത്രങ്ങൾ സാധാരണമായിട്ടുണ്ടായിരുന്നു. അവ അനേകരുടെ ജീവിതത്തിനു പ്രചോദനമേകി. ജീവചരിത്രങ്ങൾ ചരിത്രത്തിന്റെയും ഭാഗമായതു കൊണ്ട് അവ വിജ്ഞാനദായകമാണ്.

Bishop Mar. George
Punnakottil

സ്വയംകൃതജീവചരിത്രം എഴുതി ബഹു. മാതേയ്ക്കൽ ജോണച്ചൻ മലയാളഭാഷയെ ധന്യമാക്കി. കാലം അദ്ദേഹത്തിന്റെ സംരംഭം പൂർത്തിയാക്കുവാൻ അനുവദിച്ചില്ലായെങ്കിലും അദ്ദേഹത്തെ അടുത്തറിഞ്ഞ വ്യക്തികൾ അതു നിറവേറ്റി.

മാതൃത്വത്തിന്റെ ശ്രേഷ്ഠതയും സ്നേഹവും എടുത്തുപറഞ്ഞുകൊണ്ടുള്ള തുടക്കംതന്നെ ഈ കൃതിയെ ഉത്കൃഷ്ടമാക്കുന്നു. വെറുമൊരു ജീവചരിത്രത്തേക്കാൾ വിശുദ്ധഗ്രന്ഥ സന്ദേശം കൂടി ഉൾക്കൊള്ളുന്ന വിവരണമാണിത്.

ആരക്കുഴയിലെ അതിപുരാതനമായ മാതേയ്ക്കൽ കുടുംബം പോലെതന്നെ പ്രശസ്തിയാർജ്ജിച്ച ഒന്നാണല്ലോ പെരിങ്ങഴയിലെ കുന്നപ്പിള്ളി കുടുംബം. രണ്ടു കത്തോലിക്കാ കുടുംബങ്ങളുടെയും യശസ്സ് ബഹു. ജോണച്ചനിൽ സമ്മേളിച്ചിരിക്കുന്നു. വൈദികസ്ഥാനങ്ങളിലും സമർപ്പിത ജീവിതത്തിലും തത്ഫലമായുള്ള ദൈവവിളിയുടെ കാര്യത്തിലും രണ്ടുകുടുംബങ്ങളും ഒന്നിനുംപിന്നിലല്ല. പ്രഗത്ഭരായ വ്യക്തികളുടെ സ്വാധീനം, അന്നത്തെ സമുദായ ജീവിതത്തിനും, പൊതുജനങ്ങൾക്കും ലഭിച്ചിട്ടുണ്ട്. ചെറുപ്പം മുതൽ സാധുജനസേവനം ബഹു.

ജോണച്ചനിൽ വിളങ്ങിയിരുന്നു. ബോധനരംഗത്തും പാണ്ഡിത്യം നേടിയ ജീവിതത്തിന്റെ സാക്ഷ്യങ്ങളാണല്ലോ ശോഭന ഇംഗ്ലീഷ് മീഡിയം സ്ക്കൂളും, തൃക്കാരിയൂർ പയസ് ഗാർഡൻസിലെ ആശുപത്രിയും അഗതി മന്ദിരവും, ജീവചരിത്രത്തിൽ ഉടനീളം ഈ ചൈതന്യം നമുക്ക് കാണാം. ഈ ഗ്രന്ഥം അനുവാചകർക്കെല്ലാം അനുഗ്രഹദായകമാകട്ടെ! ബഹു. ജോണച്ചന്റെ തിളക്കമാർന്ന, വിശുദ്ധി നിറഞ്ഞ വ്യക്തിത്വം അനേകരെ ധന്യരാക്കട്ടെ! ഈ ഗ്രന്ഥം പൊതുജനസമക്ഷം സമർപ്പിക്കുന്നതിനും, ഇതിന്റെ പ്രകാശനത്തിനും മുൻകൈ എടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ അർപ്പിക്കുന്നതിലും എനിക്ക് സന്തോഷമേയുള്ളൂ. ദൈവാനുഗ്രഹം നേരുന്നു.

Rt. Rev. Mar George Punnakottil
Bishop's House
Kothamangalam 686 691

# *നന്ദിയോടെ,*

# *..... അഭിമാനപൂർവ്വം*

Dr. Joy Matheiken

അനന്യമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന എന്റെ സഹോദരൻ- 'ഇച്ചാച്ചൻ' എന്ന് ഞങ്ങളെല്ലാവരും വിളിച്ചിരുന്ന ഫാ. ജോൺ മാതേക്കനെപ്പറ്റിയുള്ള ഈ സ്നേഹ സ്മാരകപ്പതിപ്പിന്റെ (പാദമുദ്രകൾ) പ്രസാധനച്ചുമതല ഒരു നിയോഗമായി നന്ദിയോടും അഭിമാനത്തോടും കൂടെ ഞാൻ സ്വീകരിക്കുകയാണ്. ലോകം മുഴുവൻ ആഘോഷപൂർവ്വം വരവേല്ക്കുന്ന മൂന്നാം സഹസ്രാബ്ദത്തിന്റെ ഈ സുപ്രഭാതത്തിൽ ഒരു ചെറുകാണിക്കയായി എന്റെ ഈ യത്നത്തെ ഞാൻ സമർപ്പിക്കുകയും ചെയ്യുന്നു.

എന്നെ ഞാനാക്കിയ ഇച്ചാച്ചനെപ്പറ്റിയുള്ള ഓർമ്മകൾ എന്റെ സ്മൃതിപഥത്തിൽ തെളിയുമ്പോൾ ഒന്നല്ല ഒരു നൂറുപുസ്തകങ്ങളെ കനപ്പെട്ടതാക്കാൻ പോന്നവസ്തുതകളാണ് എന്റെ മനോമുകുരത്തിൽ മിന്നിമറയുന്നത്. ഈ ഭൂമിയിൽ സാധാരണ മനുഷ്യജീവിതം ജനനമരണങ്ങൾക്കിടയിലുള്ള ഹ്രസമായകാലഘട്ടംകൊണ്ട് അവസാനിക്കുന്നു. എന്നാൽ ചില ജന്മങ്ങൾ അവർ ജീവിച്ച കാലഘട്ടത്തിന്റെ സവിശേഷസാന്നിദ്ധ്യമായിട്ടാണുകടന്നുപോകുക. ഇവർ മനുഷ്യസമൂഹത്തിനു നല്കിയ അനന്യവും വിലപ്പെട്ടതുമായ സംഭാവനകളിലൂടെ ഈ മായാമുദ്ര സ്വയം രൂപപ്പെടുന്നു. ഇങ്ങനെ ചരിത്രത്തിൽ സ്വയം പതിഞ്ഞ, തിളങ്ങുന്ന ജോണച്ചന്റെ ഈ 'പാദമുദ്രക'കളെ പൊതുജനസമക്ഷം അനാവ്രതമാക്കാതിരുന്നാൽ അത് എന്നെ സംബന്ധിച്ചിടത്തോളം അക്ഷന്തവ്യമായ ഒരു കൃത്യവിലോപമായിരിക്കും. അതിനാൽ അഭിമാനത്തോടും സന്തോഷത്തോടും കൂടെയാണ് ഈ ഗ്രന്ഥത്തിന്റെ പ്രസാധനച്ചുമതല ഞാൻ ഏറ്റെടുക്കുന്നത്.

ഈ ഗ്രന്ഥത്തെ രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാംഭാഗം ബ. ജോണച്ചൻതന്നെ സ്വന്തം കയ്യക്ഷരത്തിൽ രേഖപ്പെടുത്തിവച്ചിരുന്നതാണ്. അത് അതേരൂപത്തിൽ പ്രസിദ്ധീകരിക്കുന്നു.

ബഹു. ജോണച്ചനെ അടുത്തറിഞ്ഞ് സ്നേഹിച്ച് ആദരിച്ചിരുന്ന ഇന്നും ആദരിക്കുന്ന ഏതാനും സുഹൃത്തുകളുടെയും കുടുംബാംഗങ്ങളുടെയുംസ്മരണകളാണ് രണ്ടാം ഭാഗത്തിന്റെ ഉള്ളടക്കം. രണ്ടിലും ഔപ

ചാരികതയുടെ ചായക്കൂട്ടുകൾ കടന്നുവന്നിട്ടില്ലാത്തതുകൊണ്ട് ഭാഷയും സംഭവകഥനങ്ങളുമെല്ലാം ഹൃദയത്തിൽനിന്നുപുറപ്പെട്ട് ഹൃദയത്തെ സ്പർശിക്കുന്നതാണ് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഈ ഗ്രന്ഥം രൂപപ്പെട്ടതിന്റെ പിന്നിൽ ഏറെപ്പേരുടെ ആത്മാർത്ഥമായ സഹകരണമുണ്ട്. ജോണച്ചന് പരിചിതനും ആദരണീയനുമായിരുന്നു ഇപ്പോൾ എറണാകുളം അതിരൂപതാ അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറ്റർ ആയ മാർ വർക്കി വിയതത്തിൽ തിരുമേനി. അദ്ദേഹമാണ് പ്രസക്തമായ ഒരു അവതാരികവഴി ഈ ഗ്രന്ഥം പൊതുജനസമക്ഷം അവതരിപ്പിക്കുന്നതും. അദ്ദേഹത്തിന് ഹാർദ്ദവമായ നന്ദി ഞാൻ അർപ്പിക്കുന്നു. ജോണച്ചനെ അടുത്തറിഞ്ഞിരുന്ന, ജോണച്ചന്റെ അധികാരികൂടിയായിരുന്ന, കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവ് ഹ്രസ്വവും ഹൃദയവും ആയ ആശംസ നൽകി ഈ പുസ്തകത്തെ അനുഗ്രഹിച്ചിരിക്കുന്നു. അദ്ദേഹത്തിനു ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുകയാണ്. തങ്ങളുടെ ഓർമ്മക്കുറിപ്പുകൾ സസന്തോഷം നൽകി ഈ ഗ്രന്ഥത്തെ ഈടുറ്റതാക്കാൻ സഹകരിച്ച ലേഖനകർത്താക്കളെയും പ്രസക്തമായ ഫോട്ടോകൾ നല്കിയ തരംഗിണി സ്റ്റുഡിയോയേയും എഡിറ്റ് ചെയ്ത സി. ജെമ്മയേയും നന്ദിയോടെ സ്മരിക്കട്ടെ. ഈ ഗ്രന്ഥത്തിന്റെ പ്രസ്സ് ജോലികളെല്ലാം വളരെഭംഗിയായി ചെയ്തുതന്ന സാൻജോ പ്രസ്സ് പ്രവർത്തകരോട് ആത്മാർത്ഥമായ നന്ദിയുണ്ട്. ഏതെങ്കിലും വിധത്തിൽ ഈ ഗ്രന്ഥനിർമ്മിതിയിൽ സഹകരിച്ചിട്ടുള്ള എല്ലാവരേയും ഈശ്വരൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

തങ്ങളുടെ ഉള്ളും ഉള്ളതും നല്കി തികച്ചും നിസ്വാർത്ഥമായി പൊതുജനക്ഷേമത്തിനായുള്ള – വിശേഷിച്ചും നിരാലംബർക്ക് അത്താണിയാകുന്ന കർമ്മവീഥിയിൽ ഒരു ചുവടെങ്കിലും വയ്ക്കുവാൻ ഈ 'പാദ്രകൾ' അനേകംപേർക്ക് പ്രചോദനമാകട്ടെ എന്നു പ്രത്യാശിക്കുന്നു.

പ്രസാധകൻ

ഡോ. ജോയ് മാതേക്കൻ

H *ദളങ്ങൾ മറിക്കുമ്പോൾ* H

## *ഒന്നാം ഭാഗം*


എനിക്കും ഒരു ഭൂതകാലം 12
എന്റെ മാതാവും മാതൃഭവനവും 13
പിതൃ ഭവനത്തിലേക്ക് 24
പ്രാഥമിക വിദ്യാഭ്യാസം 49
ഹൈസ്ക്കൂൾ വിദ്യാഭ്യാസവും ദൈവവിളിയും 62
തിരുഹൃദയ മൈനർ സെമിനാരിയിൽ 85
നവവൈദികൻ 113
പ്രേഷിതരംഗ പ്രവേശനം 118


## *രണ്ടാം ഭാഗം*


മഹാനീഷി ഒരോർമ്മയിൽ
- ശ്രീ. ഇ. എൻ. വാമനൻ നമ്പൂതിരി 141

മരിച്ചിട്ടും മരിക്കാത്ത ആത്മമിത്രം
- ഫാ. ജോൺ പിണട്ടാട്ട് 144

ഞങ്ങൾ അടുത്ത മിത്രങ്ങൾ
- ഫാ. ജേക്കബ് തേവർപാടം 147

ഫാ. ജോൺ മാതേക്കൻ എന്റെ സ്മരണകളിൽ
- ഫാ. ജേക്കബ് കുന്നപ്പിള്ളിൽ 149

അധികമാരും അറിയാത്ത ജോണച്ചൻ
- സി. സ്ക്കൊളാസ്റ്റിക്ക എസ്. ഡി. 152

പ്രിയപ്പെട്ട ജോണച്ചൻ
- റവ. ഡോ. തോമസ് പോത്തനാമൂഴി 156

മറക്കാനാവാത്ത മാതേക്കൽ ജോണച്ചൻ
- റവ. ഫാ. പോൾ കോടമുള്ളിൽ M. A. 158

എന്റെ ഗുരുനാഥൻ - അലോഷ്യസ് ജോസഫ് 161

ഫാ. ജോൺ മാതേക്കൻ ഒരനുസ്മരണം
- ഫാ. ഓസ്റ്റിൻ കളപ്പുഴ C. M. I. 163

ഓർമ്മയിൽ ഒരു രാജർഷി
- പ്രൊഫ. കെ. വി. ജോസഫ് 166

ഒരുപിടി ഓർമ്മകളുമായ്
- ജോസഫ് മാതേക്കൽ K.S.R.T.C ആലുവ 170
അസാധാരണമായ ഒരു വ്യക്തിത്വം
- ഫാ. ജോൺ ആനിക്കോട്ടിൽ C.M.I 173
ഞാനറിയുന്ന ജോണച്ചൻ - സി. വിമല C.S.N 175
സുദൃഢം, സുസ്മേരം - ടോം ജോസ് തഴുവാംകുന്ന് 178
തികച്ചും അസാധാരണ വ്യക്തിത്വം
- ഡോ. തോമസ് പഞ്ഞിക്കാരൻ 180
ബ. ജോണച്ചൻ എന്റെ സ്മരണകളിൽ - സി. ലിറ്റി C.S.N 181
അനന്യനായ ഒരു വ്യക്തി - ആനി ജോയി മാതേക്കൻ 184
സ്മരണകളിൽ ജീവിക്കുന്ന ഇച്ചാച്ചൻ
- സി. ഫ്ളവററ്റ് C.S.N 185
ഓർമ്മകളിൽ തെളിഞ്ഞു നില്ക്കുന്ന ഇച്ചാച്ചൻ
- സി. ഗൊരേറ്റി C.S.N 193
ഞങ്ങൾക്ക് എല്ലാമായിരുന്ന ഇച്ചാച്ചൻ
- മേരി പൗലോസ് തട്ടാറുകുന്നേൽ 195
പ ഗാർഡൻസ് ശില്പി - സി. ലിസിയ C.S.N 198
വീട്ടിലെ അച്ചൻ - ഫാ. ജോൺ കല്ലറയ്ക്കൽ 202
ഞാൻ അറിയുന്ന ജോണച്ചൻ - ഡോ. സി. പയസ് C.S.N 204
എന്റെ തലതൊട്ടപ്പൻ ഇച്ചാച്ചൻ - സി. അക്വീന C.S.N 207
ജോണച്ചന്റെ കാല്പാടുകൾ ശോഭനാ സ്കൂളിൽ
- സി. ഓസ്റ്റിൻ C.S.N 210
വിധവ കൊളുത്തിയ വിളക്ക് - സി. ജെമ്മ C. S. N. 214
In Memory of Father John Matheiken
- Fr. Daniel J. Rayan, Ireland 217
In Memorian - Sr. Dr. Diana M. S. J. 219
rev. Fr. John Matheiken - Thomas John Goossens 221
A Memorable Man - Sean J. Matheiken 225
Ichachan from my faiding Memory
- Shevonne Tresa Joy Matheiken 228
A Peerless Individual - Sheena Joy Matheiken 230

# എനിക്കും ഒരു ഭൂതകാലം

എല്ലാവരേയും പോലെ എനിക്കുമുണ്ടോ സംഭവബഹുലമായ ഒരു ഭൂതകാലം? ഉണ്ടെങ്കിൽത്തന്നെ അതിനെന്തു പ്രസക്തി? ഭൂതകാലമുണ്ടെ ന്നുള്ളതു സത്യം. അതു സംഭവബഹുലമാണോ അല്ലയോ എന്നു മറ്റുള്ള വർ വിധിക്കട്ടെ. ഓർമ്മയുടെ മണിച്ചെപ്പു തുറന്ന് അതു നിങ്ങളുടെ മുമ്പിൽ ഞാൻ നിരത്താം. അപ്പോൾ ഉള്ളിൽ നടുക്കവും ഞെട്ടലും വേദനയും സന്തോഷവും അനുഭൂതിയും ആനന്ദവും സംതൃപ്തിയും നല്കി ഒലിച്ചു പോയ അനുഭവങ്ങളുടെ ഒരു വേലിയേറ്റം കണ്ടെന്നു വരും. കൃത്രിമമായി സൃഷ്ടിക്കപ്പെട്ട സാഹചര്യങ്ങളോട് സ്വാഭാവികമായി പ്രതികരിക്കുന്ന ഒരു രീതിയല്ല ഇവിടെ ഞാൻ സ്വീകരിച്ചിട്ടുള്ളത്. സ്വാഭാവികമായി രൂപംകൊണ്ട സാഹചര്യങ്ങളോട് സ്വാഭാവികമായി പ്രതികരിച്ച നനുത്ത ഓർമ്മകളുടെ നുറുങ്ങുകളാണ് ഇവിടെ കുത്തിക്കുറിക്കു വാനുദ്ദേശിക്കുന്നത്.

P

"St. Joseph patron of the dying pray for me"

09-03-1990

# 1

# എന്റെ മാതാവും മാതൃഭവനവും

ആത്മകഥനവും ചരിത്രകഥയുമൊക്കെ എഴുതുമ്പോൾ സാധാരണയായി കഥാപുരുഷന്റെ പിതാവിനേയും പിതൃഗൃഹത്തേയും പറ്റി പ്രതിപാദിച്ചുകൊണ്ടാണ് ആരംഭിക്കാറ്. എന്നാൽ അതിനു വിപരീതമായി ഞാൻ എന്റെ ആത്മകഥ എന്റെ അമ്മയേയും അമ്മയുടെ കുടുംബത്തേയും പറ്റി പരാമർശിച്ചുകൊണ്ടാണ് തുടങ്ങുന്നത്. എന്താണിതിനു കാരണമെന്ന് ഇതു വായിക്കുന്നവർ ഒരു പക്ഷേ ചോദിച്ചേക്കാം. എനിക്കതിന് തക്കതായ കാരണമുണ്ടെന്ന് മാത്രം മറുപടി കൊടുക്കാനേ പറ്റുകയുള്ളൂ. ആ കാരണം വഴിയേ മനസ്സിലാകുകയും ചെയ്യും.

സ്നേഹനിധിയായ എന്റെ അമ്മയെപ്പറ്റി എഴുതാൻ തുടങ്ങിയപ്പോൾ എന്റെ ഓർമ്മയിൽ വന്നത് പഴയനിയമത്തിലെ യൂദിത്തിനെയാണ്. വേദപുസ്തകം 'ധീരവനിത' എന്നു വിശേഷിപ്പിക്കുന്ന യൂദിത്ത് യുവതിയായിരിക്കുമ്പോൾതന്നെ വിധവയായിത്തീർന്നു. അതിനുശേഷം അവർ സ്വഭവനത്തിലേയ്ക്കു പോയി. എല്ലാവർക്കും ആദരണീയയായി അവൾ അവിടെ പാർത്തു. അവളെ വിവാഹം ചെയ്യാൻ പലരും ആഗ്രഹിച്ചു. എന്നാൽ തന്റെ ഭർത്താവ് മനാസ്സെമരിച്ച് പിതാക്കന്മാരോടു ചേർന്നതു മുതൽ ജീവിതകാലം മുഴുവൻ അവൾ വിധവയായി കഴിഞ്ഞു (യൂദിത്ത് 16:21-22). എന്റെ അമ്മയെ സംബന്ധിച്ചിടത്തോളം ഇത് അക്ഷരം പ്രതി വാസ്തവമാണ്.

അമ്മ, മാധുര്യം തുളുമ്പുന്ന ഈ വാക്ക് സ്നേഹത്തിന്റെ മൂർത്തീഭാവമാണ്. സ്നേഹത്തിന്റെ ഒരു പര്യായമാണെന്നുകൂടി വേണമെങ്കിൽ പറയാം. അതുകൊണ്ടല്ലേ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന എഡ്ഗർ അലൻ പോ ഇപ്രകാരം എഴുതിയിരിക്കുന്നത്. 'ആകാശത്തിലെ മാലാഖാമാർക്കുപോലും 'അമ്മ'എന്നതിനെക്കാൾ സ്നേഹം സ്ഫുരിക്കുന്ന ഒരുവാക്കു കണ്ടുപിടിക്കുവാൻ സാധിക്കുകയില്ല ' എന്ന്. ഏതൊരുവന്റെയും ഉന്നമനത്തിനും ഉൽപതനത്തിനും കാരണഭൂത അമ്മയാണ്. മഹാത്മാഗാന്ധി തപസ്വിനിയായ തന്റെ മാതാവിന്റെ ആദർശ ശുദ്ധിയും പ്രാർത്ഥനാ ചൈതന്യവും തപോനിഷ്ഠയും വ്രതാനുഷ്ഠാനങ്ങളും ഹൃദയസ്പൃക്കായി സ്വജീവിതകഥയിൽ പ്രതിപാദിക്കുന്നുണ്ട്. എന്റെ അമ്മ എന്നെ പഠിപ്പിക്കുകയും ഭരിക്കുകയും ചെയ്തതുകൊണ്ടാണ് ഞാൻ ഈ നിലയിൽ എത്തിയത് എന്ന് നെപ്പോളിയൻ ബോ

ണപ്പാർട്ടും, 'അമ്മ നൂറ് ഉപദേശങ്ങളുടെ ഫലം ചെയ്യുമെന്ന്' ഹെർബർട്ടും, 'സ്വഭാവരൂപീകരണത്തിന് അമ്മയോളം സഹായിക്കുന്ന മറ്റൊരു വ്യക്തി ഇല്ല എന്ന് ടിറ്റർ എന്ന മഹാനും' 'ഞാൻ ചെയ്ത മഹൽ കൃത്യങ്ങളുടെ ബഹുമതി അർഹിക്കുന്നത് എന്റെ അമ്മയാണ്.' എന്ന് പ്രസിദ്ധ വാഗ്മി യായ ഡോക്ടർ മൂഡിയും, 'എന്റെ അമ്മ എന്നെ ശരിയായി വളർത്തിയ തുകൊണ്ട് ഞാനൊരു യന്ത്രനിർമ്മാതാവായിത്തീർന്നു എന്നു എഡി സനും പ്രസ്താവിക്കുന്നു.' ഈ നിലയിൽ സ്വന്തം മാതാവിനെ സ്നേഹാ ദരപൂർവ്വം സ്മരിക്കാത്ത ഏതൊരാത്മകഥയും ആത്മകഥയാകുകയില്ലെ ന്നാണ് എന്റെ വിശ്വാസം. "നിന്റെ അമ്മയുടെ കണ്ണുനീർ നീ ഒരിക്കലും മറക്കരുത്." എന്നാണല്ലോ വി. ഗ്രന്ഥം നല്കുന്ന പ്രബോധനം. ഈ പറ ഞ്ഞതിന്റെയെല്ലാം വെളിച്ചത്തിൽ എന്റെ എല്ലാമായിരുന്ന അമ്മയുടെ ജീവിതകഥയെപ്പറ്റിയും വ്യക്തിമാഹാത്മ്യത്തെപ്പറ്റിയും സമഗ്രമായി പ്രതി പാദിക്കുന്നത് ഞാൻ മുതിരുന്നുവെങ്കിൽ അതെന്റെ അമ്മയോടുള്ള സ്നേഹത്തിന്റേയും കടപ്പാടിന്റേയും ഒരു ബഹിർസ്ഫുരണം മാത്രമാ യിരിക്കും.

## *മാതൃഭവനം*

അമ്മയുടെ വീട് പെരിങ്ങഴയാണ്. മൂവാറ്റുപുഴ പട്ടണത്തിൽ നിന്നും ഏതാണ്ട് ആറു കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന ഒരു കുഗ്രാമം. എന്റെ ചെറുപ്പകാലത്ത് അങ്ങോട്ടു കടന്നു ചെല്ലുവാൻ റോഡോ സൗക ര്യപ്രദമായ വഴിയോ ഒന്നുമുണ്ടായിരുന്നില്ല. നെൽപ്പാടത്തിന്റെ വരമ്പുക ളിൽ കൂടിയും ഇടതൊണ്ടുകളിൽ കൂടിയും വേണമായിരുന്നു അങ്ങെ ത്താൻ. എന്നാൽ ഇന്ന് ആവശ്യതത്തിന് റോഡുകളും വാഹന സൗകര്യ ങ്ങളും ഉണ്ട്. മുവാറ്റുപുഴ പാലക്കുഴ റോഡിൽ നിന്നും പെരുമ്പല്ലൂർ എന്ന സ്ഥലത്ത് ആരംഭിക്കുന്ന ഒരു റോഡേ ചെന്നാൽ തൊടുപുഴയാറ്റിൽ ചെന്നെത്തും. റോഡ് അവിടെ അവസാനിക്കുകയും ചെയ്യും. ഈ റോഡ് ചെന്ന് അവസാനിക്കുന്ന സ്ഥലത്ത് ജാതിമരങ്ങളും ഗ്രാമ്പൂവൃക്ഷങ്ങളും തെങ്ങുകളും ഇടകലർന്ന് മുറ്റി നിന്ന് ഹരിതാഭ ചൊരിയുന്ന ഒരു പുരയി ടവും അതിന്റെ മദ്ധ്യത്തിൽ സാമാന്യ നിലവാരം പുലർത്തുന്ന ഒരു വീടും കാണാം. അതാണ് കുന്നപ്പിള്ളി കുടുംബം. തറവാടും അതുതന്നെ. ഇതാണ് എന്റെ അമ്മയുടെ വീട്. അമ്മ ജനിച്ചതും വളർന്നതും ഇവിടെ ത്തന്നെ. എന്റെയും ജന്മഭവനം. അമ്മയുടെ പിതാവ് അന്ന് കുന്നപ്പിള്ളി വല്യ വൈദ്യൻ എന്നറിയപ്പെടുന്ന വർക്കി ആയിരുന്നു. മാതാവ് ആര ക്കുഴ ഇടവകയിൽ ചക്കാലയ്ക്കൽ കുടുംബത്തിൽപ്പെട്ട റോസയും.

പെരിങ്ങഴയിലെ പുരാതനവും അറിയപ്പെട്ടതുമായ കുടുംബങ്ങളിൽ ഒന്നായിരുന്നു കുന്നപ്പിള്ളി കുടുംബം. മടത്തുംചാലിൽ കുടുംബത്തിന്റെ

ശാഖകളാണു കുന്നപ്പിള്ളിൽ, തൂമുള്ളിൽ, ചേറ്റൂർ, കോഴക്കാട്ട് തുടങ്ങിയവ. എനിക്ക് ഓർമ്മവച്ചകാലത്ത് കോഴക്കാട്ട് ഒരു വൈദികനും ചേറ്റൂരിൽ ഒരു വൈദികനും കുന്നപ്പിള്ളിൽ രണ്ടു വൈദികരുമുണ്ടായിരുന്നു. ഈ വസ്തുത കുന്നപ്പിള്ളിൽ കുടുംബക്കാർ ദൈവവിശ്വാസത്തിലും ദൈവവിളിയിലും മികച്ചു നിന്നിരുന്നു എന്നതിനു തെളിവാണ്. കുന്നപ്പിള്ളി കുടുംബത്തിൽ വർക്കി, അനുജൻ ഔസേപ്പ്, സഹോദരി അന്നം എന്നിവരെ ഞാനിപ്പോഴും ഓർക്കുന്നുണ്ട്. അന്നം വിധവയായിരുന്നു. സന്താനങ്ങളുണ്ടായിരുന്നില്ല. ആയുഷ്ക്കാലം മുഴുവൻ തന്റെ സഹോദരൻ വർക്കിയോടുകൂടി കഴിഞ്ഞു. ഔസേപ്പിന്റെ മക്കളാണ് ബ. തോമാച്ചനും, ബ. ജേക്കബ് അച്ചനും. ഇവരിൽ ജേക്കബച്ചൻ ഇപ്പോഴും ജീവിച്ചിരിക്കുന്നു. വർക്കി അറിയപ്പെട്ട ഒരു ആയുർവേദ വൈദ്യനായിരുന്നു. വലിയ വൈദ്യൻ എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. തന്റെ പുത്രന്മാരും ഒരു പൗത്രനും വൈദ്യകല അഭ്യസിക്കുകയും പ്രയോഗിക്കുകയും ചെയ്തിരുന്നതുകൊണ്ടായിരിക്കാം. അദ്ദേഹത്തിന് 'വലിയ വൈദ്യസ്ഥാനം' കിട്ടിയത്. അദ്ദേഹത്തിന്റെ ചികിത്സകൊണ്ട് പല തീരാരോഗങ്ങളും സുഖപ്പെട്ടതായും പലരും പറഞ്ഞു കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ മകൻതന്നെ പറഞ്ഞ ഒരു കാര്യം ഞാൻ ഇവിടെ രേഖപ്പെടുത്തട്ടെ. രാജവാഴ്ചയുടെ കാലം, തിരുവിതാംകൂർ രാജാവിന്റെ ദിവാൻ രോഗിയായി. രോഗം മഹോദരം. പ്രശ്സതരായ പല ഭിഷഗ്വരൻമാരും ശ്രമിച്ചിട്ടും രോഗത്തിന് ഒരു ശമനവും ഉണ്ടായില്ല. അപ്പോഴാണ് കുന്നപ്പിള്ളിൽ വലിയ വൈദ്യനെപ്പറ്റി ആരോ പറഞ്ഞറിയാൻ ഇടയായത്. അതുകൂടി ഒന്നുപരീക്ഷിച്ചുകളയാമെന്നു കരുതി ആളയച്ചു. രോഗവിവരങ്ങൾ വിശദമായി ചോദിച്ചറിഞ്ഞ വർക്കി വൈദ്യൻ ചികിത്സ നിശ്ചയിച്ചു. ചികിത്സ എന്തെന്നല്ലേ, ഉണങ്ങിയ പോത്തിറച്ചി വറുത്തതും മുതിര പുഴുങ്ങിയ വെള്ളവും മൂന്നു നേരം സേവിക്കാൻ. ഇതു കേട്ടവർക്ക് ആദ്യം പുച്ഛമായി തോന്നിയെങ്കിലും മറ്റു മാർഗ്ഗമൊന്നുമില്ലാതിരുന്ന ദിവാൻ പുതിയ ചികിത്സ തുടങ്ങി. ഒരു മാസമായപ്പോഴേയ്ക്കും രോഗത്തിനു ശമനം കണ്ടു. കുറച്ചു നാൾകൂടി ചികിത്സ തുടർന്നു. ദിവാന് രോഗശാന്തി കൈവന്നു. രോഗവിമുക്തനായ ദിവാൻ സന്തുഷ്ടനായി വർക്കിവൈദ്യരെ വരുത്തി ഉവഹാരമായി കുറെ പണം വച്ചു നീട്ടി. 'അടിയൻ പ്രതിഫലേച്ഛയോടെ രോഗികളെ ചികിത്സിക്കാറില്ലെന്നും അതുകൊണ്ട് അടിയന് ഒന്നും വേണ്ട'എന്നും വൈദ്യൻ പറഞ്ഞപ്പോൾ ദിവാൻ ആശ്ചര്യഭരിതനായി, അതു പ്രതിഫലമല്ല, ഒരു സമ്മാനമാണ്, അതുകൊണ്ട് വാങ്ങിയേ തീരൂ എന്ന് നിർബന്ധിച്ചു. വൈദ്യൻ പറഞ്ഞു. അങ്ങേയ്ക്ക് അങ്ങനെ നിർബന്ധമാണെങ്കിൽ അടിയന് ഒരപേക്ഷയുണ്ട്. അതു സാധിച്ചു തന്നാൽ മതി, പണമെന്നും വേണ്ട. 'എന്താണ് ആ ആഗ്രഹം', ദിവാൻ ചോദിച്ചു: വൈദ്യൻ തന്റെ ആഗ്രഹം വെളിപ്പെടുത്തി. "പെരിങ്ങഴ നിവാസികൾ ഒരു പള്ളിക്കുവേണ്ടി പല അപേക്ഷകൾ കൊടുത്തിട്ടും സർക്കാർ അത്

അനുവദിച്ചിട്ടില്ല. അങ്ങേക്കു തിരുവുള്ളമുണ്ടായി ഞങ്ങളുടെ ഈ ആഗ്രഹം സാധിച്ചു തരുമാറാകണം". ദിവാൻ സന്തോഷപൂർവ്വം പെരിങ്ങഴക്കാർക്ക് പള്ളി അനുവദിച്ചു. അങ്ങനെയാണത്രെ 1864-ൽ ആരംഭിച്ച പെരിങ്ങഴ പള്ളിയുടെ തുടക്കം. കുന്നപ്പിള്ളി വർക്കി വൈദ്യന് രണ്ടാം വിവാഹത്തിൽ നാല് ആൺമക്കളും അഞ്ച് പെൺമക്കളുമാണ് ഉണ്ടായിരുന്നത്. ആദ്യത്തെ വിവാഹം ആരക്കുഴ മതേയ്ക്കൽ ചാക്കോയുടെ മകൾ ഏലിയെയായിരുന്നു. ഈ വിവാഹത്തിൽ അവർക്ക് ഒരു മകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവളാണ് കാവന കുറുപ്പമഠത്തിൽ കല്യാണം കഴിച്ചു വിട്ട ത്രേസ്യാ. ആദ്യ ഭാര്യ ഏലിയുടെ മരണാനന്തരം ആരക്കുഴെ നിന്നു തന്നെ ചക്കാലയ്ക്കൽ റോസയെ പുനഃവിവാഹം ചെയ്തു. ഈ വിവാഹത്തിൽ ജനിച്ച പെൺമക്കളിൽ ഏറ്റവും ഇളയവളായിരുന്ന മറിയാമ്മയെ പഴയ ബന്ധം പുതുക്കുന്നതിനോ എന്നു തോന്നുമാറ് മാതേയ്ക്കൽ വർക്കി മകൾ ഉലഹന്നാന് വിവാഹം ചെയ്തു കൊടുത്തു. ഈ ദമ്പതികളിൽ ജനിച്ച ഏക സന്താനമാണ് ഞാൻ അമ്മയുടെ സഹോദരൻമാർ, തൊമ്മൻ, സ്ക്കറിയ, ഉതുപ്പ്, ഉലഹന്നാൻ. സഹോദരികളിൽ ഏലിയെ കിഴക്കമ്പലത്ത് കുര്യൻ ഉതുപ്പും ബ്രിജീത്തായെ മൂവാറ്റുപുഴ തോട്ടത്തിൽ കുര്യനും അന്നമ്മയെ പെരിങ്ങഴ നാടിക്കുന്നേൻ (കുഴിവേലിക്കുടി) ദേവസിയും വിവാഹം ചെയ്തു. വർക്കി റോസ ദമ്പതികളുടെ ഒമ്പതു മക്കളിൽ എന്റെ അമ്മയാണ് ആദ്യം കർത്താവിൽ നിദ്രപ്രാപിച്ചത്. ഇപ്പോൾ അമ്മയുടെ സഹോദരങ്ങളാരും ജീവിച്ചിരിപ്പില്ല.

1897-ലാണ് മറിയാമ്മ ജനിച്ചത്. പ്രാഥമിക വിദ്യാഭ്യാസം ആശാൻ കളരിയിലും പെരിങ്ങുഴ പള്ളിയോടനുബന്ധിച്ചുള്ള സ്ക്കൂളിലും നിർവഹിച്ചു. ഇന്നത്തെപ്പോലെ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ അന്നില്ലാതിരുന്നതുകൊണ്ടും സ്ത്രീകൾക്ക് ഉന്നത വിദ്യാഭ്യാസം നിഷിദ്ധമായി കരുതിപ്പോന്നതുകൊണ്ടും മറിയാമ്മ വീട്ടിൽ തന്നെ തന്റെ കൗമാരം കഴിച്ചുകൂട്ടി. ഇതിനകം മൂന്നു സഹോദരിമാരും വിവാഹിതരായിക്കഴിഞ്ഞിരുന്നു. ഇളയ സഹോദരൻ ഉലഹന്നാൻ ഒഴിച്ച് മറ്റു സഹോദരൻമാരും വിവാഹിതരായി വീടു മാറി താമസവും തുടങ്ങി. തറവാട്ടിൽ മാതാപിതാക്കൻമാരും വിധവയായ പിതൃ സഹോദരി അന്നവും (എല്ലാവരും അമ്മായി എന്നാണ് വിളിച്ചിരുന്നത്.) കുഞ്ഞാങ്ങളയും കുഞ്ഞു പെങ്ങളും മാത്രം ശേഷിച്ചു. മറിയാമ്മയുടെ അമ്മ രോഗിണിയായി തീന്നതുകൊണ്ടും അമ്മായി പ്രകൃത്യാ രോഗിണിയായിരുന്നതുകൊണ്ടും അടുക്കളക്കാരും മുഴുവനും മറിയാമ്മയുടെ തോളിലായി. ഹോം സയൻസ് പഠിക്കുന്നതിനുള്ള സൗകര്യമൊന്നും ഇല്ലാതിരുന്ന അക്കാലത്ത് അടുക്കളവാസം മറിയാമ്മയ്ക്കൊരനുഗ്രഹമായി.

ഇന്നാണെങ്കിൽ പഠിക്കുന്ന കാലത്ത് മിക്ക പെൺകുട്ടികളും അടുക്കളയിൽ അമ്മമാരെ സഹായിക്കുന്നത് എന്തോ പോരായ്കയായി കണ

ക്കാക്കുന്നു. സ്ക്കൂൾ വിദ്യാഭ്യാസവും കോളേജ് വിദ്യാഭ്യാസവും കഴിഞ്ഞ് ഹോം സയൻസ് പഠിക്കുന്നത് ഒരു ഫാഷനുമായി തീർന്നിട്ടുണ്ട്. വീട്ടിൽ തുടങ്ങാത്ത പഠനം എവിടെച്ചെന്ന് പഠിച്ചാലും വിജയിക്കുമെന്ന് തോന്നുന്നില്ല. പെൺകുട്ടികൾ ചെറുപ്പം മുതൽ തന്നെ വീട്ടിൽ ജോലികൾ ചെയ്ത് അമ്മമാരെ സഹായിക്കുകയും അതോടൊപ്പം അടുക്കളയിൽ അമ്മമാരിൽനിന്നുതന്നെ പാചകകല അഭ്യസിക്കുകയും ചെയ്യുന്ന പതിവ് ശ്ലാഘനീയമാണ്. പാചകകല ശരിയാം വണ്ണം വശമാക്കിയതുമൂലം എത്രയോ കുടുംബജീവിതമാണ് ധന്യമായിത്തീർന്നിട്ടുള്ളത്. മറിച്ചുള്ള അനുഭവവും ഒട്ടും കുറവല്ല. ഭാര്യമാർ രുചിപ്രദമായ കറികളും പലഹാരങ്ങളും ഇതര ഭക്ഷണ സാധനങ്ങളും ഉണ്ടാക്കിക്കൊടുക്കാത്തതുകൊണ്ട് എത്രയോ ഭർത്താക്കൻമാരാണ് ഹോട്ടലുകളെ ആശ്രയിക്കുന്നതും അവിടെ കമ്പനി കൂടി മദ്യപാനികളായി തീരുന്നതും, അങ്ങനെ കുടുംബ ജീവിതം തകരുന്നതും.

മറിയാമ്മയുടെ വിവാഹത്തിനു മുമ്പുതന്നെ അവളുടെ അമ്മ മരിച്ചു. അതോടെ അവളുടെ പിതാവ് രോഗിയുമായിത്തീർന്നു. രോഗികളായ പിതാവും അമ്മായിയും. കുടുംബഭാരം മുഴുവനും കുഞ്ഞാങ്ങളയിലും കുഞ്ഞുപെങ്ങളിലുമായി. അടുക്കളപ്പണിയുടെ കാര്യത്തിൽ രണ്ടുപേരും പലപ്പോഴും വാശിപിടിക്കുകയും തല്ലു കൂടുകയും ചെയ്യാറുണ്ടെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. ഇതിനൊരു അറുതി വരുത്താനായിരിക്കണം അവരുടെ പിതാവ്, എന്റെ അമ്മാവൻ, ഉലഹന്നാന് വിവാഹക്കാര്യം ആലേചിക്കുവാൻ തുടങ്ങിയത്. അങ്ങനെ പെരിങ്ങഴ ഇടവകയിൽപെട്ട അരണയ്ക്കാട്ടു കുടുംബത്തിൽ നിന്നും മറിയക്കുട്ടി എന്ന പെൺക്കുട്ടി ഉലഹന്നാന്റെ ഭാര്യയായി കുന്നപ്പിള്ളി കുടുംബത്തിലേയ്ക്കു പറിച്ചു നടപ്പെട്ടു. ഇതോടൊപ്പം മറിയാമ്മയുടെ ഭാരം ലഘൂകരിക്കപ്പെട്ടെങ്കിലും രോഗാതുരനായി തീർന്ന സ്വപിതാവിന്റെ പരിചരണം മുഴുവനും അവളുടെ തോളിലായി. ഇങ്ങനെ പിതാവിനെ പരിചരിച്ചും അടുക്കളക്കാര്യത്തിൽ നാത്തൂനെ സഹായിച്ചും കഴിഞ്ഞുകൂടുമ്പോൾ പെട്ടെന്ന് വർക്കി വൈദ്യനിൽ ഒരു ചിന്ത കടന്നുകൂടി. മറിയാമ്മയ്ക്ക് വയസ്സ് 18 ആയല്ലോ അവൾ ഇങ്ങനെ കഴിഞ്ഞുകൂടിയാൽ മതിയോ? അവളെ എവിടെയെങ്കിലും വിവാഹം ചെയ്ത് അയക്കണ്ടേ? അവൾക്കു പറ്റിയ ഒരു വരനെ കണ്ടുപിടിക്കണം. ആ ഭാരം അവളുടെ ആങ്ങളമാരെ ഏല്പിച്ചു. അവളുടെ ജ്യേഷ്ഠ്യത്തിമാരെയെല്ലാം സാമാന്യം നല്ല നിലയിൽ എത്തിച്ച സ്ഥിതിക്ക് ഒട്ടും കുറവില്ലാതെ തന്നെ ഇളയ മകളേയും ഒരു സ്ഥാനത്തെത്തിക്കണമെന്ന് വൈദ്യന് നിർബന്ധമുണ്ടായിരുന്നു. അന്നും ഇന്നത്തെപ്പോലെതന്നെ വിവാഹലോചനകൾ നടത്തുമ്പോൾ കുടുംബത്തിന്റെ കുലീനത സാമ്പത്തിക ഭദ്രത, ഭാവി വരന്റെ സ്വഭാവശുദ്ധി തുടങ്ങിയ നിരവധി കാര്യങ്ങൾ കൂലങ്കഷമായി ആരാഞ്ഞതിനും പഠിച്ചതിനും ശേഷമേ ഒരു തീരുമാനമെടുക്കാറുള്ളൂ. എല്ലാം കൊണ്ടും എല്ലാവർക്കും തൃപ്തികരമായ വിധത്തിൽ മറിയാമ്മയ്ക്ക് പറ്റിയ

ഒരു വരനെ അവളുടെ ആങ്ങളമാർ കണ്ടെത്തി. ഈ വരൻ ആരാണെന്നോ? ആരക്കുഴ ഇടവക മാതേയ്ക്കൽ വർക്കിയുടെ മൂത്ത മകൻ ഉലഹന്നാൻ. വിവരം മക്കൾ വർക്കിവൈദ്യനെ അറിയിച്ചു. ആലോചനകൾ മുറുകി. രണ്ടു വീട്ടുക്കാർക്കും കുടുംബങ്ങളെപ്പറ്റി പരസ്പരം നന്നായി അറിയാവുന്നതുകൊണ്ട് അധികം ചിന്തിക്കാനും അന്വേഷിക്കാനും സമയം കണ്ടെത്തേണ്ടി വന്നില്ല. കാര്യങ്ങൾ ഉറപ്പിക്കുക തന്നെ. അങ്ങനെ 1917 ഫെബ്രുവരി മാസത്തിൽ കുന്നപ്പിള്ളിൽ വർക്കിയുടെയും റോസയുടെയും മകൾ മറിയവും, മാതേയ്ക്കൽ വർക്കിയുടെയും മറിയത്തിന്റെയും മകൻ ഉലഹന്നാനും തമ്മിലുള്ള വിവാഹം നടന്നു. അങ്ങനെ മറിയാമ്മ മാതേയ്ക്കൽ കുടുംബാംഗമായി. മാതേയ്ക്കൽ കുടുംബത്തേയും ആ കുടുംബത്തിലെ മറിയാമ്മയുടെ ജീവിതത്തേയും പറ്റി പ്രതിപാദിക്കുന്നതിനുമുമ്പ് മറിയാമ്മയുടെ സഹോദരൻമാരെപ്പറ്റി ഒന്നും പ്രസ്താവിക്കാതിരുന്നാൽ എന്നെ സംബന്ധിച്ചിടത്തോളം അത് ഒരു കൃത്യ വിലോപമായിരിക്കും. കാരണം, ഞാൻ മാതേയ്ക്കൽ ആണെങ്കിലും, മാതേയ്ക്കന്മാരോടെന്നതിനേക്കാൾ കൂടുതലായി ബന്ധപ്പെട്ടിരിക്കുന്നതും, കടപ്പെട്ടിരിക്കുന്നതും കുന്നപ്പിള്ളിക്കാരോടാണ്. ഞാൻ ജനിച്ചതും ശൈശവ കാലം കഴിച്ചു കൂട്ടിയതും കുന്നപ്പിള്ളിയിലാണ്.

കുന്നപ്പിള്ളിയിൽ വലിയ വൈദ്യൻ വർക്കിയുടെ മൂത്ത മകൻ തൊമ്മൻ വിവാഹം ചെയ്തിരുന്നത് വാഴക്കുളം ഇടവക മരങ്ങാട്ട് (പ്ലാത്തോട്ടം) ബ. യൗസേപ്പച്ചന്റെ സഹോദരി മറിയത്തെയായിരുന്നു. അവർക്ക് അഞ്ച് ആൺ മക്കളും ഒരു മകളുമാണ് ഉണ്ടായിരുന്നത്. എന്റെ ചെറുപ്പത്തിൽ തന്നെ തൊമ്മനും കുടുംബവും പെരിങ്ങഴയുള്ള അവരുടെ അവകാശം വിറ്റ് ഉടുമ്പന്നൂർക്കും പിന്നെ മലബാറിലേയ്ക്കും കുടിയേറി പാർത്തു. അവർ പോകുന്നതിനു മുൻപ് ഞാൻ അവരുടെ വീട്ടിൽ പോയിട്ടുള്ളതായും അവിടത്തെ പിള്ളേരുമായി കളിച്ചു നടന്നിട്ടുള്ളതായും തല്ലുപിടിച്ചിട്ടുള്ളതായും ഒക്കെ ഇപ്പോഴും ഓർക്കുന്നു. അവർ മലബാറിനു പോയതിനുശേഷം അവരുമായുള്ള സമ്പർക്കം തീർത്തും നിലച്ചുപോയി എന്നു വേണം പറയാൻ. വർക്കിയുടെ ഒരു മകൾ സി. എം. സി. സഭയിൽ അംഗമാണ്, സി. അമല. വേറൊരു മകൾ തിരുഹൃദയ സഭയിലും, പേര് സിസ്റ്റർ മേഴ്സി. സിസ്റ്റർ ഒരു ഡോക്ടറാണ്. ഞാൻ വൈദികനായുന്നതിനു മുൻപ് ഒരിക്കൽ അവിടെ പോയി അച്ചനെയും അമ്മായിയേയും കണ്ടതായി ഓർക്കുന്നു. അവരിരുവരും അവരുടെ മൂത്ത മകൻ വർക്കി ഒഴിച്ച് എല്ലാവരും മരിച്ചു.

രണ്ടാമത്തെ മകനായ സ്ക്കറിയ തറവാടിനടുത്തുതന്നെ നെടുമറ്റത്തിൽ എന്നറിയപ്പെട്ടിരുന്ന വീട്ടിലാണ് താമസിച്ചിരുന്നത്. സ്ക്കറിയയുടെ ഭാര്യഏലി പാറപ്പുഴ ഇടവക മേൽക്കുന്നേൽ കുടുംബാംഗമാണ്; സുപ്രസിദ്ധനായ മേക്കുന്നേൽ ബ. പൗലോസച്ചന്റെ സഹോദരി. അവർക്ക് രണ്ട്

പുത്രൻമാരും ആറ് പുത്രമാരുമാണുണ്ടായിരുന്നത്. ഞാൻ സെമിനാരിയിൽ ചേരുന്നതിനു മുൻപ് അവർ രണ്ടു പേരും മരിച്ചു. അവരുടെ മൂത്ത പുത്രി റോസയെ മൈലക്കൊമ്പിൽ അമന്തുരുത്തി കുടുംബത്തിലും രണ്ടാമത്തെ മകൾ ത്രേസ്യായെ വാഴക്കുളത്ത് നീറമ്പുഴ കുടുംബത്തിലും കെട്ടിച്ചു വിട്ടു. ത്രേസ്യാ നാലഞ്ചു വർഷം മുമ്പ് മരിച്ചു. മൂത്ത പുത്രൻ വർക്കിയച്ചൻ ഒരു ആയുർവ്വേദ വൈദ്യനായിരുന്നു. വൈദ്യൻ എന്നതിനേക്കാൾ കൂടുതലായി ഒരു സാമൂഹ്യ പ്രവർത്തകൻ, നാട്ടു പ്രമാണി എന്നീ നിലകളിലാണ് അറിയപ്പെട്ടിരുന്നത്. വർക്കിയച്ചൻ പഞ്ചായത്തു പ്രസിഡൻറായിരുന്ന കാലത്താണ് പെരിങ്ങഴയ്ക്ക് മുവാറ്റുപുഴ നിന്നും പെരുമ്പല്ലൂർ നിന്നും റോഡുകൾ ഉണ്ടായത്. നാടിന്റെ നന്മയ്ക്കുവേണ്ടി വളരെയേറെ അദ്ദേഹം ചെയ്തിട്ടുണ്ടെന്ന് എല്ലാവരും സമ്മതിക്കും. സ്വന്തമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന വർക്കിച്ചനു മന്ത്രിമാരെയും ഉദ്യോഗസ്ഥൻമാരെയും സ്വാധീനിക്കുന്നതിനുണ്ടായിരുന്ന ഒരു വശ്യശക്തി പരക്കെ ബോധ്യം വന്നിട്ടുള്ള കാര്യമാണ്. എന്റെ കുട്ടിക്കാലം മുതൽ ഞാൻ വൈദികനാകുന്നതുവരെയും അതിനുശേഷവും വർക്കിയച്ചൻ വളരെയധികം എന്നെ സ്വാധീനിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഈ അവസരത്തിൽ എടുത്തു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. സ്വന്തം അനുജനെക്കാൾ കൂടുതൽ കാര്യം എന്നോടായിരുന്നു. ഞാനും എന്റെ സ്വന്തം ജ്യേഷ്ഠനെപ്പോലെയാണ്. കണക്കാക്കിയിരുന്നത്. കണക്കാക്കുക മാത്രമല്ല സ്വന്തമായി ഒരു ജ്യേഷ്ഠൻ ഇല്ലാതിരുന്ന എനിക്കു വർക്കിയച്ചൻ തന്നെയായിരുന്നു എന്റെ ജ്യേഷ്ഠൻ. 'ചേട്ടാ' എന്നാണ് ഞാൻ വിളിച്ചിരുന്നത്. ഞങ്ങളുടെ വല്യപ്പൻ (വലിയ വൈദ്യൻ) ഏറ്റവും കൂടുതൽ സ്നേഹിച്ചിരുന്ന പൗത്രൻമാർ ഞങ്ങൾ രണ്ടു പേരുമായിരുന്നു. വല്യപ്പന്റെ അതിസ്നേഹം ചേട്ടനെ അല്പം വഷളാക്കി എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. കയ്യിൽ കാശ് എന്തു മാത്രം കിട്ടിയാലും ബാക്കി ഒന്നും ഉണ്ടാവുകയില്ല. ആ പോരായ്ക വല്യപ്പൻ നികത്തിക്കൊടുക്കുകയും ചെയ്തു. വല്യപ്പന്റെ നിര്യാണം ഇക്കാര്യത്തിൽ പുള്ളിക്കാരനെ വെട്ടിലാക്കി. തന്നെയുമല്ല മാതാപിതാക്കളുടെ മരണത്തോടു കൂടി കുടുംബഭാരം മുഴുവനും വർക്കിയച്ചന്റെ തോളിലുമായി. വർക്കിയച്ചന്റെ മൂത്ത രണ്ടു സഹോദരിമാരും വിവാഹിതരായിക്കഴിഞ്ഞിരുന്നെങ്കിലും ഇളയ സഹോദരനും നാലു സഹോദരിമാരും താനും അവിവാഹിതരായിരുന്നു. ഈ ഉത്തരവാദിത്വം മുഴുവൻ വർക്കിയച്ചനെ തളർത്തിക്കളഞ്ഞു. ഇതിനൊരു ഉപശാന്തിയെന്നവണ്ണം മൂവാറ്റുപുഴ ഒരു വൈദ്യശാല ആരംഭിച്ചു. വൈദ്യശാല അത്ര വിജയപ്രദമായിരുന്നില്ലെങ്കിലും രാഷ്ട്രീയതലത്തിലും സാമൂഹ്യതലത്തിലും വലിയ ഒരു സ്നേഹിതവലയം സൃഷ്ടിക്കുന്നതിന് വളരെയേറെ സഹായിച്ചു. അങ്ങനെ വളരെ ബുദ്ധിമുട്ടുകൂടാതെ കുടുംബഭാരം പേറിപ്പോന്നു. ഏറെ താമസിയാതെ അനുജൻ ജോസഫിന്റെ വിവാഹം നടന്നു. അയാൾ വേറെ മാറി താമസിക്കുകയും ചെയ്തു. ജോസഫിന് രണ്ട് ആൺമക്കളും രണ്ടു പെൺമക്കളുമാണ് ഉള്ളത്. അടുത്ത നോട്ടം വർക്കി

ച്ചന് ഒരു വധുവിനെ കണ്ടു പിടിക്കുന്നതിനായിരുന്നു. ഭാഗ്യവശാൽ അതും നടന്നു. പക്ഷേ വർക്കിച്ചനുദിച്ച ഭാഗ്യം തന്റെ ഇളയ സഹോദരികൾക്ക് നിർഭാഗ്യമായി എന്നു പറഞ്ഞാൽ മതിയല്ലോ. അക്കാലത്ത് ഞാൻ സെമിനാരിയിലാണ്. അവധിക്കാലത്ത് ഒരിക്കൽ ഞാൻ അവിടെ ചെന്നപ്പോൾ അവരിൽ മൂത്തവൾ (സിസിലി) എന്നോട് വളരെ സങ്കടത്തോടെ പല കാര്യങ്ങളും പറഞ്ഞു. അവസാനം – കുഞ്ഞാങ്ങള (അവർ കുഞ്ഞാങ്ങള എന്നാണ് വിളിച്ചിരുന്നത്.) ഞങ്ങളെ എവിടെയെങ്കിലും കൊണ്ടുപോയി ആക്കണം. വല്യാങ്ങളയ്ക്ക് (വല്യാങ്ങള എന്നാണ് അവർ ചേട്ടനെ വിളിച്ചിരുന്നത്.) ഞങ്ങളുടെ കാര്യത്തിൽ പണ്ടത്തെപ്പോലെയുള്ള ശ്രദ്ധയില്ല. ഞങ്ങൾ വല്യാങ്ങളയ്ക്ക് ഒരു ഭാരമായി തീരരുതല്ലോ. ഏതാണ്ട് അക്കാലത്താണ് പോണ്ടിച്ചേരിയിൽനിന്ന് ക്ളൂണി സിസ്റ്റേഴ്സിന്റെ പ്രൊവിൻഷ്യാൾ നാട്ടുകാരായ ദൈവവിളിയുള്ള കുട്ടികളെ തേടി മംഗലപ്പുഴ സെമിനാരിയിൽ എത്തിയത്. അന്നത്തെ വൈസ് റെക്ടറും ഇന്നത്തെ ദൈവദാസനുമായ ബ. സഖറിയാസച്ചനെ ഞാൻ സമീപിച്ച് സിസിലിയുടെ കാര്യം പറഞ്ഞു. അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ സിസിലിയെയും ചേട്ടനെയും വരുത്തി മദർ പ്രൊവിൻഷ്യലിന് പരിചയപ്പെടുത്തിക്കൊടുത്തു. സിസിലിയെ അവർ സ്വീകരിക്കാമെന്നേറ്റു. അതനുസരിച്ച് സിസിലി ക്യൂണി സഭയിൽ ചേർന്നു, എലീസാ എന്ന പേരു സ്വീകരിച്ചു. എലീസയുടെ സഭാവസ്ത്രസ്വീകരണത്തിന് ഞാനും ചേട്ടനും എലീസായുടെ ഇളയ രണ്ടു സഹോദരികളും പോയിരുന്നു. ചടങ്ങുകൾ എല്ലാം കഴിഞ്ഞ് യാത്ര പറഞ്ഞ് പിരിയുന്ന അവസരത്തിൽ എലീസായുടെ രണ്ടു സഹോദരികളും – ഏലിക്കുട്ടിയും, ലൂസിയാമ്മയും – തങ്ങളുടെ ചേച്ചിയെ വിട്ടു പിരിയുകയില്ലെന്നും തങ്ങൾക്കും മഠത്തിൽ ചേരണമെന്നും ശാഠ്യമായി. അവരുടെ നിലവിളിയും വിഷമവും കണ്ടിട്ട് മദർ പ്രൊവിൻഷ്യൻ അവരെ അവിടെ താമസിപ്പിക്കുന്നതിന് സമ്മതിച്ചു. കാലക്രമത്തിൽ അവരും യഥാക്രമം വിക്ടോറിയ, ഡൽഫിൻ എന്നീ പേരുകൾ സ്വീകരിച്ച് സന്യാസജീവിതം കൈവരിച്ചു.

ഈ മൂന്നു സഹോദരികളുടെ സന്യാസജീവിത പ്രവേശനം അവരെ അറിയാവുന്ന സകലർക്കും ആശ്ചര്യജനകമായിരുന്നു. അവർക്ക് ദൈവവിളിയുണ്ടെന്ന് ആരും കരുതിയിരുന്നില്ല. എനിക്ക് നല്ല സംശയവും ഭയവുമുണ്ടായിരുന്നു. ഞാൻ ഇടപെട്ടു നടത്തിയ കാര്യമായതുകൊണ്ട് ഇവരെങ്ങാനും സന്യാസജീവിതം ഉപേക്ഷിച്ചു പോന്നാൽ ഞാൻ കൂടി അപമാനിതനാകുമല്ലോ എന്നുള്ള ചിന്ത അവർക്കു വേണ്ടി വളരെയധികം പ്രാർത്ഥിക്കുന്നതിന് എന്നെ പ്രേരിപ്പിച്ചു. എന്റേയും അവരുടെയും പ്രാരത്ഥന ദൈവം കേട്ടു. അവർ മൂവരും ക്ലൂണി സഭയ്ക്ക് മുതൽക്കൂട്ടായിരുന്നു. സി. എലീസാ 1990 – ൽ മരിച്ചു.

ഈ സഹോദരികളുടെ സന്യാസജീവിതം പ്രവേശനം ആകസ്മികമായി സംഭവിച്ചതാണെങ്കിലും ഇവരുടെ ദൈവവിളി ആകസ്മികമായി

രുന്നോ? ദൈവത്തിന്റെ വഴികൾ നിഗൂഢങ്ങളാണ്. അവിടുന്ന് ചിലരെ മുൻകൂട്ടി തിരഞ്ഞെടുത്ത് അവരെ പരീക്ഷണങ്ങളാക്കുന്ന മൂശയിൽ ശുദ്ധി ചെയ്ത് വിളിക്കുന്നു. വി. കൊച്ചുത്രേസ്യാ, അൽഫോൻസാമ്മ തുടങ്ങിയവർ ഇതിനുദാഹരണങ്ങളാണ്. മറ്റു ചിലരെ അവരുടെ ജീവിത സാഹചര്യങ്ങളിൽ വിലങ്ങു തടികളിട്ട് അവരുടെ കണ്ണുകൾ തുറപ്പിക്കുകയും അനന്തരം അവരെ തന്നിലേയ്ക്ക് അടിപ്പിക്കുകയും ചെയ്യുന്നു. ഇതിനുദാഹരണങ്ങളാണ് വി. ആഗസ്തിനോസ്, വി. റീത്ത തുടങ്ങിയവർ. അങ്ങനെ ചിലരെ സാഹചര്യങ്ങൾ ദൈവത്തിലേയ്ക്ക് അടുപ്പിക്കുന്നു. മറ്റു ചിലരെ അവരുടെ ജീവിതത്തിൽ കടന്നുവരുന്ന ആഘാതങ്ങളോ പരാജയങ്ങളോ ആയിരിക്കും ദൈവത്തിലേയ്ക്ക് അടുപ്പിക്കുക. ഏതു ഗണത്തിൽപെട്ടവരാണെങ്കിലും ദൈവവിളിയുടെ മാഹാത്മ്യത്തെയും അതിന്റെ ആവശ്യക്തയെയും പറ്റു ശരിയായി പഠിക്കുകയും തദനുസരണം പ്രവർത്തിക്കുകയും ചെയ്തില്ലെങ്കിൽ ദൈവം വിളിച്ചവരാണെങ്കിൽ പോലും ആ വിളിയിൽനിന്നും വഴുതിപ്പോകുവാനിടയുണ്ട്. സന്യാസ ജീവിതം കൈവരിച്ചതിനുശേഷവും പ്രസ്തുത ജീവിതം അർഹിക്കുന്ന നിലയും വിലയും കൊടുക്കുന്നില്ലെങ്കിൽ അതിൽനിന്നും പിൻമാറിയെന്നും വരാം. ഇത് ഇന്ന് സർവ്വസാധാരണമായി നടക്കുന്ന ഒന്നാണ്. ദൈവവിളി ഉണ്ടായിരുന്നവരുടെ സ്ഥിതി ഇതാണെങ്കിൽ ദൈവവിളി ഇല്ലാതെ സന്യാസം വരിക്കുന്നവരുടെ കാര്യം പറയാനുണ്ടോ.

വർക്കിയച്ചന്റെ അവശേഷിക്കുന്ന സഹോദരി മാമ്മി രോഗിണിയായി ത്തീർന്ന എന്റെ അമ്മയ്ക്ക് ഒരു തുണയും അവധിക്കാലത്ത് ഞാൻ വീട്ടിൽ ചെല്ലുമ്പോൾ എനിക്ക് ഒരു സഹായവുമായിരുന്നു. ഇക്കാര്യം ഞാൻ നന്ദിയോടെ ഇപ്പോൾ സ്മരിക്കുകയാണ്. എന്റെ അമ്മയുടെയും എന്റെയും പ്രാർത്ഥന മാമ്മിയേയും അധികം വൈകാതെ കുടുംബജീവിതത്തിൽ പ്രവേശിക്കുവാൻ സഹായിച്ചിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. അവൾ പാലായിൽ സാമാന്യം തരക്കേടില്ലാത്ത ഒരു കുടുംബത്തിൽ വിവാഹിതയായി. ഇവളുടെ ഒരു മകൾ ഹോളിക്രോസ് സന്യാസിനിയായി സി. ഫിദേലിസ് എന്ന പേരു സ്വീകരിച്ചു. ഞാൻ വൈദികനായിട്ട് അദ്യമായി ജ്ഞാനസ്നാനപ്പെടുത്തിയത്. ഇവളെയാണ്.

വർക്കിയച്ചന് അഞ്ചു പെൺമക്കളാണ് ഉണ്ടായിരുന്നത്. സാമ്പത്തികമായി ക്ലേശിക്കുന്നുണ്ടെങ്കിലും തന്റെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം നൽകണമെന്ന് ആ നല്ല പിതാവിന് ആഗ്രഹമുണ്ടായിരുന്നു. അവരുടെ കോളേജ് വിദ്യാഭ്യാസത്തിന് എന്റെ പരമാവധി ഞാൻ സഹായിച്ചിട്ടുണ്ട്. ഏങ്കിലുമ ചേട്ടൻ എന്നോട് പിന്നെയും പണം ആവശ്യപ്പെടുമായിരുന്നു. ഒരിക്കൽ, ഞാൻ കല്ലൂർക്കാട് പള്ളി വികാരിയായിരിക്കുമ്പോൾ പണം ആവശ്യപ്പെട്ടുകൊണ്ട് എന്നെ സമീപിച്ചു. മൂന്നു മക്കളുടെ കോളേജു വിദ്യാഭ്യാസച്ചെലവു മുഴുവനും ഞാൻ വഹിച്ച കാര്യം ഞാൻ ഓർമ്മിപ്പിച്ചു. ഇനിയും പണം ചോദിക്കുന്നത് ബുദ്ധിമുട്ടാണെന്നു വ്യക്തമാക്കുകയും

ചെയ്തു. പ്രാകൃത്യാ വലിയ അഭിമാനിയും വാശിക്കാരനുമായിരുന്ന ചേട്ടൻ പിന്നെ എന്നെ സമീപിച്ചിട്ടില്ല. അന്നു മുതൽ ഞങ്ങൾ തമ്മിൽ കാമുകയോ സംസാരിക്കുകയോ ചെയ്തിട്ടില്ല. ഏതാണ്ട് രണ്ടു കൊല്ലങ്ങൾ ഇങ്ങനെ കടന്നു പോയി. പിന്നീട് എനിക്കു കിട്ടുന്നത് മരണവാർത്തയാണ്. പെട്ടെന്നുള്ള മരണം ഹൃദയസ്തംഭനം. ഇളയമകളുടെ കാര്യത്തിനു വേണ്ടി മുവാറ്റുപുഴ സെന്റ് അഗസ്റ്റ്യൻസ് ഹൈസ്ക്കൂളിലേയ്ക്ക് നടന്നു പോകുമ്പോൾ പൊടുന്നനെ റോഡിൽ ബോധരഹിതനായി വീണതും മരിച്ചതും ഒരുമിച്ചു കഴിഞ്ഞു. വിവരമറിഞ്ഞ് ഞാൻ ചെന്നപ്പോഴേയ്ക്കും മൃതദേഹം വീട്ടിൽ കൊണ്ടുവന്നിരുന്നു. അനന്തര നടപടികളെപ്പറ്റി വേണ്ട തീരുമാനങ്ങൾ എടുക്കുകയും പിറ്റെ ദിവസം ശവസംസ്ക്കാര കർമ്മം നടതിതുകയും ചെയ്തു. രണ്ടുകൊല്ലമായി ഞങ്ങൾ അകന്നതിനെപ്പറ്റി എനിക്ക് വിഷമവും വിഷാദവുമുണ്ടായിരുന്നു. അതിന് പരിഹാരമെന്നോണം മരണാനന്തര ആവശ്യങ്ങൾക്കുള്ള മുഴുവൻ ചെലവുകളും ഞാൻ തന്നെ ചെയ്തു കൊടുത്തു.

വലിയ വൈദ്യന്റെ മൂന്നാമത്തെ മകനാണ് ഉതുപ്പ്. ഉതുപ്പ് വിവാഹം ചെയ്തിരിക്കുന്നത് കോതമംഗലത്ത് ഇടയ്ക്കാട്ടുകുടി കുടുംബത്തിൽപ്പെട്ട ഫിലോമിനയെയാണ്. ഇവർക്ക് മൂന്ന് പെൺകുട്ടികൾ മാത്രമാണ് ഉണ്ടായിരുന്നത്. ഉതുപ്പ് തന്റെ സഹോദരങ്ങളെ അപേക്ഷിച്ച് ഏറ്റവും ബുദ്ധിമാനും വിജ്ഞാനിയുമായിരുന്നു. വൈദ്യശാസ്ത്രം അഭ്യസിച്ചിരുന്നെങ്കിലും അതു പ്രയോഗിച്ചിരുന്നില്ല. ഉതുപ്പുമായി ഒരു പ്രാവശ്യം സംസാരിക്കുന്നവർക്ക് ഉതുപ്പിനെ മറക്കുവാൻ സാധ്യമല്ല. അത്ര താത്വികമായും യുക്തിപരമായും മാത്രമേ അദ്ദേഹം സംസാരിക്കാറുള്ളു. അത് കാര്യമാത്രപ്രസക്തമായിരിക്കുകയും ചെയ്യും. ഒരാൺ സന്താനത്തിന്റെ അഭാവം അദ്ദേഹത്തെ വളരെയേറെ അലട്ടിയിരുന്നുവെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ വാർദ്ധക്യത്തിൽ ഈ ആകുലത മറ നീക്കി പുറത്തു വരികയും ചെയ്തിട്ടുണ്ട്. സ്വഭവനത്തിൽ വിവാഹിതരായ പെൺമക്കളുടെ അഭാവവും സ്വന്തം ഭാര്യയുടെ കഴിവില്ലായ്മയും അദ്ദേഹത്തെ പലപ്പോഴും ഉലച്ചിട്ടുണ്ടെന്ന് എനിക്ക് മനസ്സിലായിട്ടുണ്ട്. ഒരുദരരോഗിയായിരുന്ന ഉതുപ്പ് വളരെ കുറച്ചു മാത്രമേ ഭക്ഷിക്കാറുള്ളു. അത് രുചിപ്രദമായതും പോഷക മൂല്യമുള്ളതും ആയിരിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. മനസ്സലാത്തതു കൊണ്ടോ കഴിവുകേടുകൊണ്ടോ ഉതുപ്പിന്റെ ഭാര്യ - എന്റെ അമ്മായിക്ക് - ഇക്കാര്യത്തിൽ അത്ര ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. അച്ചൻ കൊല്ലത്തൽ നാലഞ്ചു പ്രാവശ്യമെങ്കിലും രണ്ടും മൂന്നും ആഴ്ചകൾ വീതം എന്റെ അടുക്കൽ വന്ന് താമസിക്കാറുണ്ടായിരുന്നു. തീരെ അവശനാകുന്ന അവസരത്തിൽ വീട്ടിലെ സംരക്ഷണത്തിൽ അത്ര സംതൃപ്തി തോന്നാത്തപ്പോഴും പയസ് ഗാർഡൻസ് ആശുപത്രിയിൽ മാസങ്ങളോളം വന്നു താമസിക്കുമായിരുന്നു. അപ്പോഴെല്ലാം അമ്മായി പറയുമായിരുന്നത്രെ അച്ചൻ മരുമകന്റെ അടുത്ത് സുഖവാസത്തിനു പോയിരിക്കുകയാണ് എന്ന്. ഒരി

ക്കൽ അച്ചൻ വന്നപ്പോൾ എന്നെ വിളിച്ച് 4000 രൂപ എന്നെ ഏല്പിച്ചിട്ട് എന്നോടു പറഞ്ഞു ഇത് അച്ചന്റെ കയ്യിലിരിക്കട്ടെ. എന്തെങ്കിലും ആവശ്യം വരുമ്പോൾ എടുക്കാമല്ലോ എന്ന്. വലിയ അഭിമാനിയായിരുന്ന അച്ചൻ വിചാരിച്ചു കാണും എന്നെ ബുദ്ധിമുട്ടിക്കരുതെന്ന്. കാരണം അസ്പത്രിയിൽ താമസിച്ചിരുന്ന കാലത്തെ സകല ചെലവുകളും ഞാനാണല്ലോ വഹിച്ചിരുന്നത്. പിന്നെ മരണാനന്തര ചെലവുകളും ഈ തുകകൊണ്ട് നടത്തികൊള്ളട്ടെ എന്നും അച്ചൻ വിചാരിച്ചിരിക്കാം. മനസ്സില്ലാമനസ്സോടെ ഞാനതു സ്വീകരിച്ച് എന്റെയും അച്ചന്റെയും പേരിൽ ബാങ്കിൽ നിക്ഷേപിച്ചു.

അച്ചൻ ആസ്പത്രിയിൽ നിന്നു പോയ ദിവസം എന്നെ ഏല്പിച്ച സംഖ്യയും അതിന്റെ പലിശയും കൂടെ അച്ചനെ ഏല്പിക്കയും അതെപ്പറ്റി കേട്ട കാര്യങ്ങളെല്ലാം പറയുകയും ചെയ്തു. തന്നെയുമല്ല അച്ചന് വരണമെന്നു തോന്നുമ്പോൾ ഒക്കെ ആസ്പത്രിയിൽ വന്നു താമസിച്ചുകൊള്ളാനും അതിനെന്തു ചെലവു വന്നാലും ഞാൻ വഹിച്ചുകൊള്ളാമെന്നും ഞാൻ ഉറപ്പുകൊടുത്തു. പണം കൊണ്ടു പോയി എന്തു ചെയ്തുവെന്ന് എനിക്കറിയില്ല. അതിനുശേഷവും രണ്ടു മൂന്നു പ്രാവശ്യം അച്ചൻ ആസ്പത്രിയിൽ വന്ന് ഒന്നും രണ്ടും മാസമൊക്കെ കിടന്ന് ചികിത്സിച്ചിട്ടുണ്ട്. പിന്നീടൊതിക്കൽ അച്ചനു സുഖക്കേടു കൂടുതലായെന്നും ഞാൻ ചെന്ന് അച്ചനെ ആസ്പത്രിലേക്കു കൊണ്ടുപോരണമെന്നും ഫോൺ വിളിച്ചറിയിച്ചു. രാത്രി ആയതുകൊണ്ടും എനിക്കു സുഖമില്ലാതിരുന്നതിനാലും ഞാൻ പോകാൻ കൂട്ടാക്കിയില്ല. പിറ്റേദിവസം മരിച്ചെന്ന് അറിയിപ്പു കിട്ടി. ഞാൻ പോയി പ്രധാന കാർമ്മികത്വം വഹിച്ച് ശവസംസ്ക്കാരം നടത്തി. കുന്നപ്പിള്ളി വർക്കി വൈദ്യന്റെ ഒമ്പതു മക്കളിൽ ഏറ്റവും കൂടുതൽ ജീവിച്ചിരുന്നതും ഏറ്റവും അവസാനം മരിച്ചതും ഉതുപ്പായിരുന്നു.

വലിയ വൈദ്യന്റെ നാലാമത്തെ മകനാണ് ഉലഹന്നാൻ. അരണയ്ക്കാട്ടു നിന്നും വിവാഹം ചെയ്തിരുന്ന ഉലഹന്നാൻ വൈദ്യശാസ്ത്രത്തിലും പ്രയോഗത്തിലും തന്റെ പിതാവിന്റെ കാലടികളെത്തന്നെ പിഞ്ചെന്നു. വിവാഹാനന്തരം വളരെക്കാലത്തേയ്ക്ക് മക്കളില്ലാതിരുന്ന ഉലഹന്നാൻ ദമ്പതികൾക്ക് പ്രാർത്ഥനയുടെയും നേർച്ചകളുടംയും ഫലമായി ഒരു മകൾ ജനിച്ചു. പേര് കൊച്ചുത്രേസ്യാ. അവളാണ് കുന്നപ്പിള്ളി തറവാടിന്റെ ഏക അവകാശിനി. പ്രായപൂർത്തിയായപ്പോൾ മുവാറ്റുപുഴ പൂവൻ തോമസിന്റെ പുത്രൻ മാത്യു അവളെ വിവാഹം ചെയ്ത് കുന്നപ്പിള്ളിൽ തറവാട്ടിൽ താമസമാക്കി. അവൾക്ക് മൂന്ന് ആൺമക്കളും ഒരു മകളുമാണുള്ളത്. കാലക്രമേണ ഉലഹന്നാൻ രോഗിയാകുകയും ഈ ലോകവാസം വെടിയുകയും ചെയ്തു. എന്റെ പ്രധാന കാർകത്വത്തിൽ തന്നെ ആ ശവസംസ്ക്കാരവും നടന്നു. ഉലഹന്നാന്റെ ഭാര്യ മറിയാമ്മ ദീർഘനാൾ രോഗിയായി കിടന്നശേഷം 1993 ഒക്ടോബർ 1-ന് മരിച്ചു.

# പിതൃ ഭവനത്തിലേയ്ക്ക് (2)

തൊടുപുഴയാറിനും ആറൂർ കുന്നുകൾക്കുമിടയ്ക്ക് കിടക്കുന്ന സ്ഥലമാണ് ആരക്കുഴ. പച്ച വിരിച്ച നെൽപ്പാടങ്ങളും ഫലഭൂയിഷ്ടമായ പുരയിടങ്ങളും നിറഞ്ഞ മനോഹരമായ ഈ ഭൂപ്രദേശം പണ്ട് വള്ളിക്കട പണിക്കരുടെ ആധിപത്യത്തിലുള്ളതായിരുന്നു. ക്രസ്ത്യാനികളും ഹിന്ദുക്കളും ഏകോദര സഹോദരങ്ങളെപ്പോലെ കഴിഞ്ഞിരുന്നു. ആരക്കുഴയുടെ മദ്ധ്യഭാഗത്ത് ഒരു തിലകമെന്നോണം ആരക്കുഴപ്പള്ളി സ്ഥിതിചെയ്യുന്നു. ഏതാണ്ട് ആയിരത്തിൽപ്പരം കൊല്ലങ്ങൾ പഴക്കമുള്ള ഈ ദേവാലയം മൈലക്കൊമ്പ് പള്ളിയോളം തന്നെ പൗരാണികത്വം അവകാശപ്പെടുന്നു. പെരിങ്ങഴ, മൂവാറ്റുപുഴ, വാഴക്കുളം തുടങ്ങിയ സ്ഥലങ്ങളിലെ ക്രസ്ത്യാനികളെല്ലാം ഈ പള്ളിയിലാണ് കൂടിയിരുന്നത്. അക്കാലത്ത് ഇന്നത്തെപ്പോലെയുള്ള റോഡുകളോ മറ്റു യാത്രാസൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. തിരുവിതാംകൂറിലെ എം. സി. റോഡ് മുവാറ്റുപുഴ നിന്നും കൂത്താട്ടുകുളത്തിന് ആരക്കുഴ കൂടി വിടണമെന്ന് അന്നത്തെ പബ്ലിക് വർക്ക് ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചപ്പോൾ ആരക്കുഴക്കാർ അതിനെ ശക്തിയായി എതിർത്തു. അവർ കാരണം പറഞ്ഞത് റോഡു വന്നാൽ കള്ളന്മാരുടെ ശല്യം ഉണ്ടാകും എന്നാണ്. ഏതായാലും എം. സി. റോഡ് ആറൂർ കൂടി കടത്തികൊണ്ടു പോയി. പിന്നീട് കൊല്ലങ്ങൾക്കു ശേഷമാണ് ആരക്കുഴയും മുവാറ്റുപുഴയും കൂടി യോജിപ്പിക്കുന്ന റോഡ് ഉണ്ടായത്. ഈ സംഭവം ആരക്കുഴ നിവാസികളുടെ ലാളിത്യത്തെയും നിഷ്കളങ്കതയെയും ആണ് സൂചിപ്പിക്കുന്നത്. ആരക്കുഴ ഭൂപടത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള ഒന്നല്ല ഞാൻ. പഠിച്ചിരുന്ന കാലത്ത് ബോർഡിംഗിൽ ആയിരുന്നപ്പോൾ എവിടത്തുകാരനാണെന്നു ചോദിച്ചാൽ ഞാൻ പറയുമായിരുന്നു മുവാറ്റുപുഴക്കാരനാണെന്ന്. കാരണം, മുവാറ്റുപുഴ ഒരു ചെറുപട്ടണവും, അതുകൊണ്ട് ഭൂപടത്തിൽ സ്ഥാനമുള്ളതുമായിരുന്നു. ഞാൻ മാത്രമല്ല, പലരും ഇങ്ങനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. സ്വന്തം നാടിനോട് സ്നേഹം ഇല്ലാഞ്ഞിട്ടല്ല മറ്റു പല അനാവശ്യ ചോദങ്ങളും ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെ ചെയ്തിരുന്നത്. സ്വദേശം അതെത്ര അപ്രസിദ്ധമായിരുന്നാലും ഏതൊരുവന്റെയും മസ്തിഷ്കത്തിൽ അഭിമാനത്തിന്റെ അലകൾ സൃഷ്ടിക്കുക സാധാരണമാണ് അന്നു ഞാൻ മുവാറ്റുപുഴക്കാരനാണെന്നു പറയാൻ ഇടയായതിൽ ഇന്നു ലജ്ജിക്കുന്നു.

ആരക്കുഴ എന്ന സംജ്ഞയുടെ ഉൽപ്പത്തിയെപറ്റി ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. ആരക്കുഴയും അരിക്കുഴയും പാലക്കുഴയും ഇങ്ങനെ മൂന്നു കുഴകൾ അടുപ്പുകല്ലുപോലെ അടുത്തടുത്ത് സ്ഥിതി ചെയ്യുന്നു. കുഴ എന്ന വാക്കിന് എന്തർത്ഥം നൽകിയാൽ ഈ മൂന്നു സ്ഥലങ്ങളുടെയും ഉൽപ്പത്തി കണ്ടു പിടിക്കാൻ സാധിക്കുമെന്ന് എത്ര ചിന്തിച്ചിട്ടും ഒരു രൂപ

വും കിട്ടുന്നില്ല. ആരക്കുഴ അന്നു പല കരകളുടെ ഒരു സമാഹാരമായിരുന്നു. കീഴുമടങ്ങ്, മേമടങ്ങ്, പണ്ടപ്പിള്ളി, തെക്കുംമല തുടങ്ങിയവ ഈ പലതിൽ ചിലതാണ്. എനിക്കു ഓർമ്മവയ്ക്കുമ്പോൾ ആരക്കുഴ പള്ളി ഭരിച്ചിരുന്നത് കാഞ്ഞൂർക്കാരൻ ബഹു. തോമാച്ചനായിരുന്നു. അദ്ദേഹത്തിന്റെ വീരശൂരപരാക്രമങ്ങൾ ഞാനിന്നും ഓർക്കുന്നു. അദ്ദേഹത്തിന്റെ കാലത്ത് ആരക്കുഴ ഇടവകയിൽ ഏതാണ്ട് രണ്ടായിരത്തോളം കത്തോലിക്കാവീടുകളുണ്ടായിരുന്നു. പിന്നീട് കാലാകാലങ്ങളിൽ പിരിഞ്ഞു പോയതാണ് മീങ്കുന്നം ഇടവകക്കാരും നടുകര ഇടവകക്കാരും പെരുമ്പല്ലൂർ ഇടവകക്കാരും. അങ്ങനെ ആരക്കുഴ ഇടവക ചെറുതായി. എന്നാലും ഇപ്പോഴുമുണ്ട്. 600-ൽ പരം കുടുംബക്കാർ. അടുത്ത കാലം വരെ ഇപ്പോഴുള്ള പള്ളിയുടെ വടക്കുതൊട്ട് പഴയപള്ളി സ്ഥിതി ചെയ്തിരുന്നു പുതിയ പള്ളിയുടെ ആവിർഭാവത്തോടെ പഴയ പള്ളി സിമിത്തേരിയുടെ ഭാഗമായി ഉപയോഗിച്ചു പോന്നു. മദുബഹായിൽ പുരോഹിതന്മാരെയാണ് സംസ്കരിച്ചിരിക്കുന്നത്. എന്റെ ബാല്യക്കാലത്തിൽ ആരക്കുഴ പള്ളി മേടയിൽ അഞ്ച് അച്ചൻമാർ പ്രായമായവരും അല്ലാത്തവരും ഉൾപ്പെടെ ഓരോ കാരണങ്ങളാൽ താമസിച്ചിരുന്നു. അടുത്ത കാലത്താണല്ലോ ജോലിയിൽ നിന്ന് വിരമിക്കുന്നവരും രോഗികളുമായ വൈദികർക്കുവേണ്ടി വൈദിക മന്ദിരങ്ങൾ എല്ലാ രൂപതകളിലും രൂപം കൊണ്ടത്. അന്ന് വൃദ്ധരായ അച്ചൻമാർ പള്ളിമേടകളിൽ താമസിക്കും. അസുഖമാകുമ്പോൾ വീട്ടുകാർ കൊണ്ടുപോകും. എന്റെ ഓർമ്മയിൽ ആരക്കുഴ ഇടവകയിൽ പന്ത്രണ്ട് അച്ചൻമാർ മരിച്ച് പഴയ പള്ളിയുടെ മദ്ബഹായിൽ സംസ്ക്കരിച്ചിട്ടുണ്ട്. അവർ താഴെ പറയുന്നവരാണ്. ബഹു. മാതേയ്ക്കൽ ഔസേപ്പച്ചൻ, കുറുപ്പമഠത്തിൽ മത്തായി അച്ചൻ, മാളിയേക്കൽ അബ്രാഹമച്ചൻ, ഓണാട്ട് യാക്കോബച്ചൻ, ചാലിൽ എമ്മാനുവേലച്ചൻ, പ്ലാത്തോട്ടത്തിൽ ജോസഫച്ചൻ, കാഞ്ഞിരത്തുങ്കൽ അബ്രാഹമച്ചൻ, മണിയാട്ടു വർഗീസച്ചൻ, ഞാറക്കാട്ട് ലൂക്കാച്ചൻ, കൊച്ചു പറമ്പിൽ കുഞ്ഞു വർക്കിയച്ചൻ. ഇവരിൽ കുഞ്ഞു വർക്കിയച്ചനാണ് ഏറ്റവും അവസാനം മരിച്ചത്. ഞറളക്കാട്ട് ലൂക്കാച്ചനും, മാതേയ്ക്കൽ മത്തായിയച്ചനും വാഴപ്പിള്ളിയിലുള്ള ശാന്തിനിലയം വൈദിക മന്ദിരത്തിൽവച്ചാണ് മരിച്ചത്. മണിയാട്ട് വർഗീസച്ചൻ മൈലക്കൊമ്പ് മഠത്തോടനുബന്ധിച്ചുള്ള വൈദിക മന്ദിരത്തിൽ വച്ചും. മറ്റുള്ളവരെയെല്ലാം പള്ളി മേടയിലാണ് താമസിച്ചിരുന്നതെങ്കിലും രോഗാവസ്ഥയിൽ കൂടുതൽ പരിചരണ സൗകര്യത്തെപ്രതി അവരുടെ വീടുകളിലേയ്ക്ക് കൊണ്ടു പോകുകയും അവിടെ വച്ച് മരിക്കുകയുമാണ് ഉണ്ടായത്.

ഈ ബഹു. വൈദികരെല്ലാം ഓരോ രംഗങ്ങളിൽ സമർത്ഥരും പ്രശസ്തരുമായിരുന്നു. ഓണാട്ട് ബഹു. യൗസേപ്പച്ചനെ ഇന്നും ഇടവകക്കാർ ഒരു വിശുദ്ധനെപ്പോലെ കരുതുകയും ഓർക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ കുഴിമാടത്തിങ്കൽ തിരി കത്തിക്കുകയും ഒപ്പീസ് ചൊല്ലിക്കുക

യും ചെയ്തുകൊണ്ട് ജനങ്ങൾ അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യത്തിലൂടെ ധാരാളം അനുഗ്രഹങ്ങൾ കൈപ്പറ്റുന്നു. ആരെങ്കിലും ഇക്കാര്യത്തെപ്പറ്റി പരിചിന്തിക്കുകയും ശ്രമിക്കുകയും ചെയ്യുകയാണെങ്കിൽ ഒരു കാലത്ത് അദ്ദേഹത്തെ വിശുദ്ധനെന്നു വിളിക്കാൻ കഴിഞ്ഞേനെ എന്ന് ഞാൻ ഓർത്തുപോകുകയാണ്. ഞാൻ സെമിനാരിയിൽ പഠിച്ചിരുന്ന കാലത്ത് അല്പസ്വല്പമായി പരിഷ്കാരത്തിന് വഴിപ്പെട്ട് മുടി കുറച്ചു നീട്ടുകയും അതു ഭംഗിയായി ചീകിവയ്ക്കുകയും ചെയ്യുമായിരുന്നു. അവധിക്കാലത്ത് സ്വന്തം ഇടവകയിൽ ചെല്ലുമ്പോൾ വല്യച്ചന്മാരെ കാണുവാനായി ചെല്ലും. ഒരിക്കൽ അങ്ങനെ ചെന്നപ്പോൾ ബഹു. ഓണാട്ടച്ചൻ എന്റെ മുടിയിൽ പിടിച്ച് വലിച്ചുകൊണ്ട്, 'നിന്റെ ഒരു നിഗളം കണ്ടില്ലേ, തലയിൽ എണ്ണ പുരട്ടി ചീകി വളച്ചു പുളച്ചു വച്ചിരിക്കുന്നു. ഇത് കുടുംബക്കാർക്ക് പറ്റിയ തല്ല, സെമിനാരിക്കാർക്ക് ഒട്ടും പറ്റിയതല്ല' എന്നൊക്കെ പറഞ്ഞ് എന്നെ ശാസിച്ചത് ഞാൻ നന്നായി ഓർക്കുന്നു. അവധിക്കാലത്തെ എന്റെ കുമ്പ സാരക്കാരനായിരുന്നു ബഹു. യാക്കോബച്ചൻ. അദ്ദേഹത്തിന്റെ ലളിത ജീവിതവും പ്രാർത്ഥനാരൂപിയും കാണേണ്ടതുതന്നെയായിരുന്നു. ദിവസ ത്തിന്റെ നല്ല ഭാഗവും പള്ളിയകത്തും സിമിത്തേരിയിലുമായി പ്രാർത്ഥന യിൽ കഴിച്ചുകൂട്ടിയിരുന്നു. സിമിത്തേരിയിൽ പോകുമ്പോഴെല്ലാം കൂടെ ഹന്നാൻ വെള്ളവും എടുക്കും. എല്ലാ കുഴിമാടങ്ങളിൽകൂടി നടന്ന് അന്നീദ ചൊല്ലുകയും വെള്ളം തളിക്കുകയും ചെയ്യുന്നതു കാണാം. ഇദ്ദേഹത്തോട് എനിക്ക് ആത്മീയ ബന്ധത്തിനു പുറമേ രക്തബന്ധവുമുണ്ടെന്ന് അഭിമാ നപൂർവ്വം ഞാൻ രേഖപ്പെടുത്തുകയാണ്. എന്റെ പിതാമഹനും ഇദ്ദേഹവും ആങ്ങള പെങ്ങൾ മക്കളായിരുന്നു.

വൈദികൻ ജനങ്ങൾക്കു വേണ്ടി ജനങ്ങളുടെ ഇടയിൽ നിന്നും ദൈവം വിളിച്ചിട്ടുള്ള ഒരു വ്യക്തിയാണ്. ഈ വിളിയുടെ അർത്ഥം മന സ്സിലാക്കി വിശുദ്ധ അപ്പേസ്തോലൻമരെപ്പോലെ സർവ്വതും ഉപേക്ഷിച്ച് ദൈവത്തിന്റെ പിന്നാലെ ചെല്ലുന്ന ഒരു പുരോഹിതനു പിന്നിൽ ലോകവും അതിന്റെ ആഡംബരങ്ങളും അടക്കപ്പെടുന്നു. ലോകത്തിൽ ജീവിച്ചു കൊണ്ട് ലൗകീകബന്ധം ഉപേക്ഷിച്ച് ദൈവത്തിനും സഹോദരനും വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞു വച്ചിട്ടുള്ള ഒരു പുരോഹിതനാണ് യഥാർത്ഥ പുരോഹിതൻ. ഇദ്ദേഹത്തിനു മാത്രമേ മറ്റൊരു ക്രസ്തുവെന്ന് സ്വയം വിശേഷിപ്പിക്കുവാൻ സാധിക്കുകയുള്ളു. ദൈവത്തിനും ദൈവജനത്തിനും വേണ്ടി ജീവിക്കുക അതാണ് ഒരു പുരോഹിതന്റെ ദൗത്യം എന്നാൽ ഇന്ന് ദൈവത്തെ മാറ്റിനിർത്തിക്കൊണ്ട് ജനങ്ങൾക്കും അവരുടെ ആവശ്യ ങ്ങൾക്കും വേണ്ടി മാത്രം ജീവിക്കുന്ന ധാരാളം സാമൂഹ്യപ്രവർത്തകരായ വൈദികരെയും സന്യാസീസന്യാസിനികളെയും കാണാൻ സാധിക്കും. തന്റെ സഹോദരനിൽ ദൈവത്തെ ദർശിച്ചുകൊണ്ട് അവർക്ക് സേവനം ചെയ്യുകയും അതുവഴി ദൈവത്തിങ്കലേക്ക് കടക്കുകയും ചെയ്യുക എന്ന താണ് അവർ സ്വീകരിച്ചിട്ടുള്ള പ്രവർത്തന ശൈലി. സുപ്രസിദ്ധ സാമൂഹ്യ

പ്രവർത്തകനായ ഹെന്റി ജോർജ്ജ് ഒരിക്കൽ കാർഡിനൽ മാനിംഗിനോടു പറയുകയുണ്ടായി. "ഞാൻ മനുഷ്യരെ സ്നേഹിക്കുന്നു; ആ സ്നേഹം അവരുടെ ഏറ്റവും നല്ല സ്നേഹിതനും ഗുരുവുമായ ക്രിസ്തുവിലേയ്ക്ക് എന്നെ ആനയിക്കുന്നു." ഇതിനെ കാർഡിനൽ മാനിംഗ് പ്രതിപരിച്ചത് ഇങ്ങനെയാണ്. "ഞാനോ എന്നാൽ ക്രിസ്തുവിനെ സ്നേഹിക്കുന്നു. അതുവഴിയായി ക്രിസ്തു ആർക്കുവേണ്ടി കുരിശുമരണം കൈവരിച്ചുവോ ആ മനുഷ്യരെ സ്നേഹിക്കുവാൻ ഞാൻ പഠിക്കുന്നു." രണ്ടും സാമൂഹിക പ്രവർത്തനം തന്നെ. പക്ഷേ വ്യത്യസ്തമായ ശൈലികൾ. രണ്ടാമത്തേ താണ് ശരിയും സ്വീകാര്യവുമായിട്ടുള്ളത്. ആദ്യത്തെ രീതി സ്വീകരിച്ച പല സാമൂഹ്യ പ്രവർത്തകർ - വൈദികരും സന്യാസികളുമടക്കം - വഴി തെറ്റിപ്പോയിട്ടുള്ളതായും അതുവഴി വിശ്വാസം തന്നെയും ഉപേക്ഷിച്ചിട്ടു ള്ളതായും കാണുവാൻ സാധിക്കും. രണ്ടാമത്തെ രീതിക്കു തെറ്റുപറ്റുക അത്ര എളുപ്പമല്ല. കാരണം ദൈവത്തിലുള്ള വിശ്വാസം ഉറച്ചതാണ്. ആ വിശ്വാസമാണ് സഹോദരങ്ങളെ സ്നേഹിക്കുന്നതിനും സേവിക്കുന്നതിനും പ്രചോദനം നൽകുന്നത്. ഈ രീതിയാണ് ബ. ഓണാട്ടച്ചൻ സ്വീകരിച്ചിരി ക്കുന്നത്. അതിന്റെ ഫലമായി മരിക്കുമ്പോൾ അദ്ദേഹത്തിന്റെ ശവസം സ്ക്കാരത്തിനുവേണ്ട ചുരുങ്ങിയ ചെലവുപോലും വഹിക്കുന്നതിനുള്ള വക അദ്ദേഹത്തിനുണ്ടായിരുന്നില്ല. ചെലവു വഹിച്ചവർ കടം വീട്ടുന്നതിന് അദ്ദേഹത്തിന്റെ മുറിയിലുണ്ടായിരുന്ന ഒരു കട്ടിലും മേശയും കസേരയും ലേലം ചെയ്തു വിറ്റു. ആ കട്ടിൽ എന്റം ചിറ്റപ്പൻ ലേലത്തിൽ പിടിച്ചു. അതിപ്പോഴും എന്റെ വീട്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ദൈവത്തിനുവേണ്ടി ജീവി ക്കുന്ന വൈദികൻ തന്റെ സുഖസൗകര്യങ്ങളെ ദൈവത്തിനായും തന്റെ ലൗകീക സമ്പാദ്യങ്ങളെ മനുഷ്യർക്കായും ത്യജിക്കുന്നു. അങ്ങനെയുള്ള വരെ ജീവിതത്തിലും മരണത്തിലും മരണാനന്തരവും അവരാർക്കുവേണ്ടി ജീവിച്ചുവോ ആ ദൈവവും മനുഷ്യരും കാത്തുകൊള്ളും. അവർക്ക് എന്തു ഭക്ഷിക്കും എന്തുടുക്കും എന്ന് നാളെയെപ്പറ്റി ആകുലചിന്തയ്ക്കാവശ്യമി ല്ല. ആകാശത്തിലെ പറവകളെയും വയലിലെ ചെടികളെയും പരിപാലി ക്കുന്ന ദൈവം അവയേക്കാൾ കൂടുതലായി തനിക്കുവേണ്ടി ജീവിതം ഉഴി ഞ്ഞുവച്ചവരെ പരിപാലിക്കാതിരിക്കുകയില്ല. അതാണു ബ. ഓണാട്ടച്ചന്റെ ജീവിത വിജയരഹസ്യം.

എന്റെ കുടുംബത്തിൽപ്പെട്ടവരാണ് മാതേയ്ക്കൽ ബ. യൗസേപ്പ ച്ചനും മത്തായി അച്ചനും. ഇവരെപ്പറ്റി ഒന്നും പരാമർശിക്കാതെ ഈ ഭാഗം അവസാനിപ്പിക്കുന്നത് എന്നെ സംബന്ധിച്ചിടത്തോളം അപരിഹാര്യമായ ഒരപരാധമായിരിക്കും. ബ. യൗസേപ്പച്ചൻ കുശാഗ്ര ബുദ്ധിയും ദീർഘവീ ക്ഷണവുമുള്ള ഒരു പുരോഗിതനായിരുന്നു. എതിർപ്പുകൾ ധാരാളമുണ്ടാ യിരുന്നിട്ടും അദ്ദേഹത്തിന്റെ നിസ്തന്തര പരിശ്രമഫലമായി മൂവാറ്റുപുഴ ഒരു ഇംഗ്ലീഷ് സ്ക്കൂൾ ആരംഭിച്ചു. കാലാന്തരത്തിൽ അതിന്റെ നടത്തിപ്പ് ബുദ്ധിമുട്ടായിത്തീർന്നപ്പോൾ അതു സർക്കാരിലേക്കു വിട്ടുകൊടുക്കുകയും

പിന്നീട് ഇന്നത്തെ ഗവൺമെന്റ് മോഡൽ സ്ക്കൂളായി അതു മാറുകയും ചെയ്തു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടു വളരെ പ്രതിപത്തിയുണ്ടായിരുന്ന അദ്ദേഹം തന്റെ സഹോദരപുത്രനായ തോമസിനെ ഉന്നതവിദ്യാഭ്യാസ ത്തിനയയ്ക്കുകയും തോമസ് കുടുംബത്തിലെ എന്നല്ല നാട്ടിലെ തന്നെ ആദ്യത്തെ ഉന്നത ബിരുദധാരിയായിത്തീരുകയും ചെയ്തു. മി. തോമസ് മാതേയ്ക്കൽ B.A.B.L എറണാകുളം ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുമ്പോൾ സെഷൻസ് ജഡ്ജിയായി നിയമിതനായി. ആ നിലയിൽ അദ്ദേഹം പെൻഷൻ പറ്റി പിരിഞ്ഞു. ബ. യൗസേപ്പച്ചൻ കുടുംബാംഗങ്ങ ളുടെ കാര്യത്തിൽ വളരെ ശ്രദ്ധിക്കാറുണ്ടായിരുന്നു. ഇടവകയിൽ അനു ചിതമായ എന്തെങ്കിലും നീക്കമുണ്ടായാൽ കുടുംബാംഗങ്ങളെ സംഘടി പ്പിച്ച് അതിനെ ശക്തിയായി എതിർക്കുമായിരുന്നു. ഒരു വികാരി ആരക്കു ഴപ്പള്ളി പൊളിച്ച് പുതുക്കിപ്പണിയുന്നതിനു പ്ലാനിട്ടു. ഈ വിവരം എങ്ങ നേയോ മണത്തറിഞ്ഞ ബ. യൗസേപ്പച്ചൻ സ്വന്തം കുടുംബക്കാരെ സമീ പിച്ച് പഴയ പള്ളിയുടെ ചരിത്രപരമായ പ്രാധാന്യവും അതു തകത്താലു ണ്ടാകുന്ന നാശവും അവരെ വിശദമായി ധരിപ്പിച്ചു. പള്ളി പുതുക്കി പണി യുന്നതിനെ സംബന്ധിച്ച് ആലോചിക്കാൻ യോഗം കൂടിയപ്പോൾ മാതേ യ്ക്കന്മാർ ഒന്നടങ്കം അതിനെ എതിർക്കുകയും അങ്ങനെ വികാരിയുടെ പ്ലാൻ തകരുകയും ചെയ്തു. ഇതിന്റെ തിക്തഫലമനുഭവിച്ചതോ ഞാൻ. പ്രത്യാഘാതമെന്നോണം ആ വർഷം അഞ്ചാം പട്ടം സ്വീകരിക്കേണ്ട എന്നെ അതിൽ നിന്നും അകറ്റി നിറുത്തി. ആ സംഭവം ഇന്നു ഞെട്ട ലോടെ മാത്രമേ സ്മരിക്കാൻ എനിക്കു സാധിക്കുകയുള്ളു. 1944 ഡിസം ബർ മാസം. മംഗലപ്പുഴ സെമിനാരിയിൽ ശെമ്മാശന്മാരെല്ലാവരും പട്ട ങ്ങൾ സ്വീകരിക്കുന്നതിന് ഒരുക്കമായ ധ്യാനത്തിലാണ്. അഞ്ചാം പട്ടം (Sub- diaconite) സ്വീകരിക്കേണ്ട ഞാനും അതിൽപ്പെടുന്നു. ധ്യാനിപ്പി ക്കുന്നത് Msgr. സെബാസ്റ്റ്യൻ എടമരം. ധ്യാനം അതിന്റെ സമാപ്തിയി ലേക്കടുത്തു. അന്നത്തെ ധ്യാനവിഷയം ദൈവതിരുമനസ്സിനോടുള്ള വിധേ യത്വം. വിഷമതകളും ബുദ്ധിമുട്ടുകളും നിന്ദകളും അപമാനങ്ങളുമെല്ലാം ദൈവം അറിഞ്ഞുതരുന്നതാണെന്നും അവയെല്ലാം ദൈവതിരുമനസ്സാ ണെന്നു മനസ്സിലാക്കി സ്വീകരിക്കുകയും സഹിക്കുകയും ചെയ്താൽ അവ നമ്മെ എളിമയിലേക്കും തദ്വാരാ സമാധാനത്തിലേക്കും നയിക്കും എന്നുള്ള അദ്ദേഹത്തിന്റെ വാക്കുകൾ എന്റെ ഹൃദയത്തിൽ തറച്ചുകയറി. കാരണം ആ ദിവസങ്ങളിൽ എന്റെ അമ്മ രോഗിണിയായി കിടപ്പിലായി രുന്നു. അമ്മയെ അനാഥമാക്കിയിട്ടാണ് ഞാൻ സെമിനാരിയിലേയ്ക്കു പോന്നത്. ഈ വിധ ചിന്തകൾ എന്നെ അലട്ടുമ്പോഴാണ് ഫാദർ എടമര ത്തിന്റെ വാക്കുകൾ എനിക്ക് ആശ്വാസവും ധൈര്യവും പ്രദാനം ചെയ്ത ത്. അദ്ദേഹത്തിന്റെ പ്രസംഗം എന്റെ ഹൃദയത്തിന്റെ ആഴത്തിലേക്കിറ ങ്ങി. അന്ന് പല പ്രാവശ്യം ആ വാക്കുകളെ ഞാൻ അനുസ്മരിച്ചു. അങ്ങനെ ഇരിക്കുമ്പോൾ അന്നു രാത്രി അത്താഴത്തിനു മുമ്പ് അന്നത്തെ റെക്ടർ ഇന്നത്തെ ദൈവദാസൻ പെ. ബ. ഔറേലിയസച്ചൻ എന്നെ തന്റെ

മുറിയിലേയ്ക്ക് വിളിച്ചു. ചെന്നപാടെ അദ്ദേഹത്തിന്റെ ചോദ്യം "കൊച്ചാ, കൊച്ചാ ഇന്നത്തെ ധ്യാന വിഷയത്തെക്കുറിച്ച് നന്നായി ചിന്തിച്ചോ" 'ഉവ്വ് അച്ചാ'എന്റെ ഉത്തരം. "അപ്പോൾ പിന്നെ ദൈവത്തിന്റെ തിരുമനസ്സിന് ശരിയാം വിധം കീഴ്‌വഴങ്ങുന്നതിനുള്ള പ്രതിജ്ഞ എടുത്തോ "? 'ഉവ്വ് അച്ചാ'ഞാൻ പറഞ്ഞു "കൊള്ളാം കൊച്ചാ, കൊച്ചാ, ഇക്കൊല്ലം തനിക്ക് അഞ്ചാം പട്ടം ഇല്ല. വിവരം ഇന്ന് എറണാകുളത്തു നിന്ന് മെത്രാപ്പോലീത്ത അറിയിച്ചതാണ്." എന്നിലൂടെ അപ്പോൾ ഒരു കൊള്ളിയാൻ കടന്നു പോയി. എന്റെ അപ്പോഴത്തെ വിഷമം ഊഹിക്കാമല്ലോ. ദൈവതിരുമനസ്സിന് കീഴ്‌വഴങ്ങണം എന്നുപദേശിക്കാൻ എളുപ്പമുണ്ട്. പ്രതിജ്ഞ എടുക്കാനും വിഷമമില്ല. പക്ഷേ പ്രായോഗികമായി ഇതുപോലുള്ള പരീക്ഷണങ്ങൾ ഉണ്ടാകുമ്പോൾ മാനുഷികമായി അതിനെ നേരിടാൻ വളരെ ബുദ്ധിമുട്ടുണ്ട്. ഞാൻ എന്നെത്തന്നെ വളരെ ബലം പ്രയോഗിച്ച് നിയന്ത്രിച്ചുകൊണ്ട് റെക്ടറച്ചനോടു ചോദിച്ചു. "എന്തു തെറ്റാണ് എന്നിൽ ആരോപിച്ചിരിക്കുന്നത്. ഞാനാലോചിച്ചിട്ട് അറിഞ്ഞ് ഒരു തെറ്റും ഞാൻ ചെയ്തതായി ഓർക്കുന്നില്ല." അദ്ദേഹം പറഞ്ഞു "കാരണമൊന്നും എഴുതിയിട്ടില്ല. ഇവിടെ നിന്നും ഞങ്ങൾ ലിസ്റ്റെല്ലാം അയച്ചതാണ്. ഇവിടെ നിന്ന് തന്നെപ്പറ്റി മോശമായ റിമാർക്കൊന്നും പോയിട്ടില്ല. തന്റെ ഇടവകയിൽ നിന്ന് തനിക്കെതിരായി എന്തെങ്കിലും റിപ്പോർട്ട് കിട്ടിയിട്ടുണ്ടാകും. ധ്യാനം കഴിഞ്ഞ് എറണാകുളത്തു പോയി പിതാവിനെ കണ്ടു ചോദിക്കുക."റെക്ടറച്ചൻ എന്നെ സമാധാനപ്പെടുത്തി ദൈവത്തിന്റെ തിരുമനസ്സിനു കീഴ്വഴങ്ങാൻ ഒരിക്കൽ കൂടെ ഉപദേശിച്ചയച്ചു. മനസ്സിൽ തീയാണെങ്കിലും അതൊന്നും പുറമെ കാണിക്കാതെ കഴിഞ്ഞു കൂടി. ധ്യാനം കഴിഞ്ഞ ഉടനെതന്നെ ഞാൻ നേരെ ആരക്കുഴയ്ക്കാണ് പോയത്. പിതാവിനെ കാണുന്നതിനു മുൻപ് വികാരിയച്ചനെ കണ്ട് വിവരം തെരക്കാം. എന്നിട്ട് പോയി പിതാവിനെ കാണാം എന്നു തോന്നി. മൂവാറ്റുപുഴ ബസ്സിറങ്ങി ആരക്കുഴയ്ക്കു നടന്നു. ആരക്കുഴ ഇടവകയിൽ എല്ലാവർക്കും എന്നെ അറിയാം. ഞാൻ അവരുടെ കണ്ണിലുണ്ണിയാണ്. വളരെ കൊല്ലങ്ങൾക്കുശേഷം ഇടവകയിൽ ഉണ്ടാകുന്ന ഒരു സെമിനാരിക്കാരനാണ് ഞാൻ. എനിക്കു പറ്റിയ ഈ ക്ഷീണം ഞാനെങ്ങനെ എന്റെ അമ്മയെ അറിയിക്കും. ഞാനെങ്ങനെ മറ്റുള്ളവരുടെ മുഖത്തു നോക്കും. എന്നിങ്ങനെ ചിന്തിച്ച് നടക്കുമ്പോൾ അതാ വികാരിയച്ചൻ മുവാറ്റുപുഴയ്ക്ക് നടന്നു വരുന്നു. അന്ന് ആ വഴി ബസ്സൊന്നുമില്ല. അച്ചനു ഞാൻ സ്തുതി ചൊല്ലി അദ്ദേഹം ചോദിച്ചു "ഇന്നെന്താ ഇങ്ങു പോന്നത് പട്ടത്തിനുമുമ്പ്."ഉണ്ടായ സംഭവമെല്ലാം അദ്ദേഹത്തോടു പറഞ്ഞു കേൾപ്പിച്ചു. എല്ലാം ഒരു നിസ്സംഗതയോടെ അദ്ദേഹം കേട്ടു, ഞാനൊന്നുമറിഞ്ഞില്ല രാമനാരായണ എന്ന മട്ടിൽ. എന്നിട്ടൊരു മധുര വാക്കും. "ഞാൻ എറണാകുളത്തിനാണ് പോകുന്നത്. പിതാവിനോട് ചോദിക്കാം." എന്റെ ഹൃദയത്തിൽ ആശയുടെ പൂത്തിരി കത്തിച്ച നല്ല വാക്കുകൾ ഞാനതു വിശ്വസിച്ചു, മാത്രമല്ല ആശ്വസിക്കുകയും ചെയ്തു. കാരണം പട്ടത്തിന് ഇനിയും എട്ടു ദിവസങ്ങൾ കൂടിയുണ്ട്.

അപ്പോഴെയ്ക്കും എല്ലാം ശരിയാകും. വികാരിയച്ചൻ എറണാകുളത്തിന് പോകുന്നുമുണ്ടല്ലോ. ഞങ്ങൾ പിരിഞ്ഞു, ഞാൻ വീട്ടിലേയ്ക്കും അദ്ദേഹം എറണാകുളത്തേയ്ക്കും. അദ്ദേഹം പൊട്ടൻ കളിക്കുകയാണെന്ന് അപ്പോൾ എനിക്കു ഒരു വിചാരവുമുണ്ടായില്ല. ഞാൻ വീട്ടിലെത്തി വിവരമെല്ലാം അമ്മയോടു പറഞ്ഞു. പാവം അമ്മ. മകനൊന്ന് അച്ചനായി കണ്ടിട്ടുവേണം കണ്ണടയ്ക്കാൻ എന്നു കരുതി കഴിയുന്ന ആ സ്വാധിയുടെ അകതാരിൽ തീർച്ചയായും ഈ വാർത്ത തീ ആളിപിടിപ്പിച്ചിരിക്കണം. കുറെ നേരത്തേയ്ക്ക് അമ്മയ്ക്കൊന്നും ഉരിയാടാൻ കഴിഞ്ഞില്ല. പിറ്റെ ദിവസം ആശയുടെ കൈക്കുമ്പിളുമായി ഞാൻ വികാരിയച്ചനെ സമീപിച്ചു. 'ഇക്കാര്യം മാത്രം എന്നോട് പറയണ്ട' എന്നായിരുന്നുവത്രെ പിതാവിന്റെ അഭിപ്രായം. ഒറ്റവാക്കാൽ കാര്യം അങ്ങനെ അവസാനിച്ചു. ഞാൻ വീണ്ടും പള്ളിയിൽ കയറി ദൈവത്തിന്റെ തിരുമനസ്സ് ഇതാണെങ്കിൽ അതെന്നിൽ നിറവേറട്ടെ എന്നപേക്ഷിച്ചു. അന്നുതന്നെ എറണാകുളത്തിനു പോകാൻ തീരുമാനിച്ചു. പട്ടത്തിന് ഇനിയും നാലഞ്ചുദിവസങ്ങൽ കൂടിയുണ്ടല്ലോ. പിതാവിനെ കാണുമ്പോൾ കാര്യം നടക്കും. എന്റെ ആശ തീരെ ക്ഷയിച്ചില്ല. എറണാകുളത്തെത്തി. ഹൃദയം ശക്തിയായി മിടിക്കുന്നുണ്ട്. തല കറങ്ങുന്നതുപോലെ തോന്നി. ശ്വസം നീട്ടി വലിച്ച് ശക്തി സംഭരിച്ചു കൊണ്ട് രണ്ടും കല്പിച്ച് ഞാൻ പിതാവിന്റെ മുറിയുടെ വാതിൽ മുട്ടി. 'ങും' അകത്തു നിന്നും മറുപടി. പരാതിക്കു വിധേയരായ ചില അച്ചന്മാരുടെ നേർക്ക് പിതാവ് സ്വീകരിച്ചിട്ടുള്ള കർക്കശമായ നടപടികളെപ്പറ്റി ഞാൻ കേട്ടിട്ടുണ്ട്. എന്നാലും ഞാനറിഞ്ഞ് ഒരു തെറ്റും ചെയ്തിട്ടില്ലല്ലോ. ഈ രണ്ടു ചിന്തയും ഒത്തൊരുമിച്ച് ഒരു നിമിഷം കൊണ്ട് എന്നിൽ ഭയവും ധൈര്യവും ഉളവാക്കി. ചെന്ന വഴിയെ ഞാൻ മുട്ടുകുത്തി പിതാവിന്റെ തിരുവാഴി മുത്തി. നിറഞ്ഞൊഴുകിയിരുന്ന എന്റെ കണ്ണിൽ നിന്നും ഒരു തുള്ളി കണ്ണീർ പിതാവിന്റെ കൈയിൽ വീണെന്നാണ് എനിക്കു തോന്നുന്നത്. പിതാവ് കൈ തുടയ്ക്കുന്നതും ഞാൻ കണ്ടു. ഞാൻ പിതാവിന്റെ മുഖത്തേയ്ക്കു നോക്കി. എന്റെ പ്രതീക്ഷയ്ക്കതീതമായി പുഞ്ചിരിക്കുന്ന ഒരു മുഖമാണ് ഞാൻ കണ്ടത്. സാരമില്ല മകനേ, ഒക്കെ ശരിയാകും. കുറച്ചു കഴിഞ്ഞോട്ടെ. ഞാനെന്തെങ്കിലും പറയുന്നതിനു മുമ്പ് എല്ലാം മനസ്സിലാക്കിയ പിതാവ് ഇതെന്നോടു പറഞ്ഞപ്പോൾ ധൈര്യവും ആശ്വാസവും അനുഭവപ്പെട്ടെങ്കിലും ഉടനെ പട്ടമില്ലെന്ന സൂചന എന്നെ ദുഃഖത്തിലാഴ്ത്തി. പിതാവ് എന്നെ ശാസിക്കാതിരുന്നതുകൊണ്ടും എന്റെ കുറ്റം ചൂണ്ടിക്കാണിച്ച് തിരുത്താതിരുന്നതുകൊണ്ടും ഞാനൊന്നും ചോദിക്കാൻ മുതിർന്നില്ല. ഞാൻ നിർന്നിമേഷനായി അല്പസമയം നിന്നു. ധ്യാനത്തെ പറ്റിയും സെമിനാരിയിലെ വിശേഷങ്ങളെപറ്റിയും പിതാവ് എന്തൊക്കയോ ചോദിച്ചു. ഞാൻ മറുപടിയും പറഞ്ഞു. എന്നിട്ടും പട്ടത്തെ പറ്റി ഒരക്ഷരവും പിതാവു മിണ്ടിയില്ല. തനിക്കു സഹജമായ വിധം കൊള്ളാം എന്നു പറഞ്ഞു കൊണ്ട് കൈ നീട്ടി. ഞാൻ മോതിരം മുത്തി പോരുന്ന അവസരത്തിൽ നന്നായി പ്രാർത്ഥിക്ക് എല്ലാം ശരിയാവും എന്ന് ഒരിക്കൽ കൂടി പറഞ്ഞ് എന്നെ യാത്രയാക്കി.

പിതാവിന്റെ വാക്കുകളും നിലപാടും എനിക്ക് ആത്മധൈര്യം പകർന്നെങ്കിലും ഞനെങ്ങനെ എന്റെ സതീർത്ഥ്യരെ അഭിമുഖീകരിക്കു മെന്നുള്ള ചിന്ത എന്നെ അലട്ടാതിരുന്നില്ല. ഏതായാലും ധൈര്യമവലം ബിച്ചുകൊണ്ട് ഞാൻ സെമിനാരിയിലേക്കു തന്നെ തിരിച്ചു. പോകുന്ന വഴി എന്റെ ഹൃദയത്തിലൂടെ കടന്നുപോയ ചിന്തകൾ നിരവധിയാണ്. എന്റെ അമ്മയെ അനാഥാവസ്ഥയിലാക്കി സെമിനാരിയിലേക്കു പോന്ന തിന്റെ ദൈവശിക്ഷയായിരിക്കുമോ ഇങ്ങനെ സംഭവിക്കുവാൻ? അങ്ങ നെയെങ്കിൽ ഈ ജീവിതമുപേക്ഷിച്ച് വീട്ടിലേയ്ക്കു മടങ്ങിയാലോ? അങ്ങ നെയാണെങ്കിൽ കടന്നുപോയ എട്ടു കൊല്ലങ്ങൾ എന്തിന് ദൈവം എന്നെ അമ്മയിൽ നിന്നകറ്റി നിറുത്തി? അപ്പോൾ അതായിരിക്കയില്ല കാരണം. പിന്നെ എന്താവും? സ്വാഭാവികമായി അല്പം നിഗളവും അഹങ്കാരവു മുള്ള എന്നെ ഒന്ന് എളിമപ്പെടുത്തി ദൈവവിളിയിൽ ഉറപ്പിക്കാൻ ദൈവം നിശ്ചയിച്ച മാർഗ്ഗമായിരിക്കും ഇത് എന്ന് ഞാൻ സമാധാനിച്ചു സെമിനാ രിയിലെത്തി. ദൈവാനുഗ്രഹത്താൽ ആരും എനിക്ക് സംഭവിച്ചതെന്തെന്ന് അറിഞ്ഞിട്ടില്ല. ധ്യാനം കഴിഞ്ഞയുടനെ രോഗിണിയായ അമ്മയെ കാണാൻ പോയതായിരിക്കുമെന്ന് എല്ലാവരും അറിയുമല്ലോ എന്ന കുണ്ഠിതം എന്നെ അലട്ടിക്കൊണ്ടിരുന്നു. അപ്പോഴും ഒരാശ്വാസ മാർഗ്ഗം. ഓരോ രൂപതക്കാർക്കും അവരവരുടെ കത്തീഡ്രൽ പള്ളിയിൽ വച്ചാണ് പട്ടം കൊടുക്കുന്നത്. ആ സ്ഥിതിക്ക് എറണാകുളത്തുകാർ മാത്രമേ അറി യുകയുള്ളു എന്റെ കാര്യം. അവരുടെ എണ്ണം പരിമിതവുമാണ്. ഞാന വരെ ഓരോത്തരെയും കണ്ട് കാര്യം പറഞ്ഞു. രഹസ്യമായി സൂക്ഷിക്ക ണമെന്നൊരഭ്യർത്ഥനയും. അങ്ങനെ ആ കടമ്പയും കടന്നു കിട്ടി. പക്ഷേ പ്രശ്നമിതുകൊണ്ടൊന്നും അവസാനിക്കുന്നില്ലല്ലോ. പ്രാർത്ഥന തന്നെ ശരണം. പ. അമ്മയോടു ഞാൻ മുട്ടിപ്പായി പ്രാർത്ഥിച്ചു. 'നിന്റെ തിരുക്കു മാരന് എന്നെക്കൊണ്ടാവശ്യമുണ്ടെങ്കിൽ എന്നെ വൈദികനാക്ക ണമേ'എന്ന്. പട്ടത്തിന്റെ ദിവസങ്ങൾ കടന്നുപോയി. ഞാൻ ആർക്കയും ഒരു ചിന്താവിഷയമായില്ലെന്നു തോന്നുന്നു. പരീക്ഷയുടെ ദിവസങ്ങൾ അടുത്തു. പഠനത്തിൽ മുമ്പത്തെപ്പോലെ അത്രമാത്രം ശ്രദ്ധ ചെലുത്താൻ കഴിഞ്ഞില്ല. എങ്കിലും വിജയം സുനിശ്ചിതമായിരുന്നു. സെമിനാരി അട ച്ചു. എല്ലാവരും വീട്ടിൽ പോയി. കൂട്ടത്തിൽ ഞാനും.

വീട്ടിലെത്തിയപ്പോൾ കിട്ടിയ ഒരു വാർത്ത എന്നെ ഒട്ടും അസ്വ സ്ഥനാക്കിയില്ല. വാർത്ത എന്തെന്നല്ലേ. ഞങ്ങളുടെ വികാരിയച്ചൻ ടൈഫോയിഡ് പിടിപെച്ച് എറണാകുളം ഗവൺമെന്റ് ആസ്പത്രിയിലാ ണെന്നും അദ്ദേഹത്തിന്റെ നില ഗുരുതരമാണെന്നും അദ്ദേഹത്തെ ഒന്നു പോയി കാണണമെന്നുള്ള ചിന്തപോലും എന്നിൽ ഉദിച്ചില്ല. അതൊരപ രാധമായി ഇപ്പോൾ ഞാൻ കരുതുന്നു. ഏതാനും ദിവസങ്ങൾക്കുശേഷം അദ്ദേഹം ദിവംഗതനായി. അദ്ദേഹത്തിനുവേണ്ടി ദിവ്യബലിയും മറ്റു പ്രാർത്ഥനകളും ഇടവകയിൽ നടത്തി. ഞാനും അതിൽ സംബന്ധിച്ചു. അദ്ദേഹത്തിന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിച്ചു.

മെയ് 30– നാണ് സെമിനാരി തുറക്കാറ്. മെയ് ആരംഭത്തിൽ പുതിയതായി വന്ന വികാരി എന്നെ വിളിച്ച് എറണാകുളത്തു നിന്ന് പിതാവിന്റെ ഒരെഴുത്ത് വന്നിട്ടുണ്ട്; എന്നോട് ഉടനെ അങ്ങ് ചെല്ലണമെന്ന് എന്നെ അറിയിച്ചു. എന്റെ ഹൃദയമിടിപ്പ് വർദ്ധിച്ചു. തല കറങ്ങുന്നതുപോലെ തോന്നി. ഞാൻ പള്ളിയിൽ പ്രവേശിച്ച് എന്റെ അമ്മയോട് ഹൃദയംനൊന്ത് പ്രാർത്ഥിച്ചു. പിതാവ് ഇതിനകം തീരുമാനമെടുത്തു കഴിഞ്ഞു. എന്നെ സെമിനാരിയിൽ നിന്ന് വിടാനായിരിക്കും. എന്റെ അമ്മേ, ഈ ദുർഗതി എനിക്കു വരല്ലേ എന്ന് അമ്മയോടും അറിയാവുന്ന സകല നിശുദ്ധരോടും പ്രാർത്ഥിച്ചശേഷം വീട്ടിലെത്തി. അമ്മയോട് പ്രാർത്ഥിക്കാൻ പറഞ്ഞിട്ട് ഞാൻ എറണാകുളത്തിനു തിരിച്ചു. എന്റെ കർത്താവും അമ്മയും എന്നെ കൈവിടുകയില്ലെന്നുള്ള ഉറപ്പ് എനിക്കുണ്ടായിരുന്നുവെങ്കിലും ഒരാശങ്ക. അത് സ്വാഭാവികമാണല്ലോ. ഞാൻ പിതാവിന്റെ മുമ്പിലെത്തി. പിതാവൊന്ന് പുഞ്ചിരിച്ചു. തന്റെ ശത്രു പോയോടോ. തനിക്കിനി പട്ടം തരാം എന്ന് പിതാവ് എന്നെ കണ്ട മാത്രയിൽ പറഞ്ഞതും ഞാൻ പൊട്ടിക്കരഞ്ഞതുമൊപ്പമായിരുന്നു. 'ഇനി താൻ വിഷമിക്കേണ്ട. പോയി ഒരുങ്ങിയിട്ട് അടുത്ത ആഴ്ച ഇങ്ങു വന്നേരെ. സെമിനാരി തുറക്കുന്നതിനു മുമ്പു തന്നെ പട്ടം തന്നേക്കാം' എന്നു പറഞ്ഞ് എന്നെ യാത്രയാക്കി. സന്തോഷം കൊണ്ട് ഞാനതൊല്ലാം മറന്നു. ശത്രു ആരെന്നൊന്നും ചിന്തിച്ചില്ല. എന്റെ കാര്യം നടന്നതിലുള്ള ചാരിതാർത്ഥ്യത്തോടെ ഞാൻ പിന്നീടുള്ള കാര്യങ്ങളിൽ വ്യാപൃതനായി. മെയ് 20– ന് ഞാൻ 5–ാം പട്ടം സ്വീകരിക്കുകയും ഡിസംബർ 20– ന് മറ്റുള്ളവരോടൊപ്പം ആറാം പട്ടം സ്വീകരിക്കുകയും ചെയ്തു. ആരായിരുന്നു ഈ ശത്രു. എന്താണീ ശത്രുതയുടെ കാരണം. എല്ലാം വായനക്കാർ വിധിക്കട്ടെ. അന്ന് ആരക്കുഴ പള്ളിയിൽ താമസിച്ചിരുന്ന അച്ചൻമാർ പൊതുവേ വികാരിമാർക്ക് കുരിശായിരുന്നുവെന്ന് അന്നും പിന്നീടും പറഞ്ഞു കേട്ടിട്ടുണ്ട്.

മാതേയ്ക്കൽ ബഹു. യൗസേപ്പച്ചനിൽ നിന്നും വളരെ വ്യത്യാസപ്പെട്ട ഒരു സ്വഭാവക്കാരനായിരുന്നു ബഹു മത്തായിയച്ചൻ. അതിന് ഒരു കാരണമായി ഞാൻ കാണുന്നത് അദ്ദേഹത്തിന് കാൻഡി സെമിനാരിയിൽ ലഭിച്ച ശിക്ഷണമായിരിക്കണം. അദ്ദേഹം ജോലി നോക്കിയിട്ടുള്ള ഇടവകകളിലെല്ലാം വളരെ നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇടവകക്കാർക്കെല്ലാം കണ്ണിലുണ്ണിയായിരുന്നുതാനും. അതിനൊരപവാദം കോതമംഗലം ഇടവക മാത്രമാണ്. കോതമംഗലത്ത് ചില കുബുദ്ധികൾ അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കും എതിരായി പ്രവർത്തിക്കാൻ ഇടയായിട്ടുണ്ട്. അത് അദ്ദേഹത്തിന്റെ കുറ്റമല്ലെന്ന് തീർച്ചയാണ്. കോതമംഗലത്ത് വികാരിമാരായിരുന്നിട്ടുള്ള മിക്ക അച്ചൻമാരുടെയും അനുഭവം ഇതുതന്നെയാണെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. ബഹു. മത്തായിയച്ചൻ കോതമംഗലം രൂപത തിരിയുന്നതിനു മുൻപ് എറണാകുളത്തെ പല പ്രമുഖ ഇടവകകളിലും, രൂപത തിരിഞ്ഞതിനുശേഷം കോതമംഗലത്തെ

മിക്ക പ്രമുഖ ഇടവകകളിലും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മുവാറ്റുപുഴ നിർമ്മലാ കോളേജിന്റെ ആരംഭ ദശയിൽ അതിന്റെ നിർമ്മാണത്തിനായി അദ്ദേഹം സഹിച്ചിട്ടുള്ള ക്ലേശങ്ങളും ബുദ്ധിമുട്ടുകളും ഏവർക്കും അറിവുള്ളതാണ്. തന്റെ വാർദ്ധക്യത്തിൽ ദേഹാസ്വാസ്ഥ്യം മൂലം വാഴപ്പിള്ളി വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിച്ചുകൊണ്ടിരിക്കേ ഒരു ദിവസം വിശുദ്ധ കുർബാനക്കൊരുങ്ങികൊണ്ടിരുന്നപ്പോൾ ഹൃദയസ്തംഭനം മൂലം ഭാഗ്യമരണം കൈവരിച്ചു. അദ്ദേഹത്തിനുണ്ടായിരുന്ന ചെറു സമ്പാദ്യം മുഴുവനും പരോപകാരപ്രദമായ കാര്യങ്ങൾക്കായി തന്റെ വിൽപ്പത്രത്തിൽ എഴുതി വച്ചിരുന്നു. പ്രസ്തുത വിൽപ്പത്രത്തിന്റെ എക്സിക്യൂട്ടേഴ്സായി എന്നെയും ബഹു. പീച്ചാട്ടച്ചനേയുമാണ് നിശ്ചയിച്ചിരുന്നത്. വിൽപ്പത്രമനുസരിച്ച് ഞാൻ തുടങ്ങിയ പയസ് ഗാർഡൻസ് സ്ഥാപനങ്ങൾക്കുവേണ്ടി 1000 രൂപ നീക്കി വച്ചിരുന്നു. ആ തുക മുഴുവനും പോരാത്തത് ഞാനുമെടുത്ത് അദ്ദേഹത്തിന്റെ കുഴിമാടത്തിൽ ഒരു മാർബിൾ ശില സ്ഥാപിച്ച കാര്യം ഞാൻ അഭിമാനപൂർവ്വം സ്മരിക്കുന്നു.

എനിക്ക് ഓർമ്മ വച്ചതിനുശേഷം ആരക്കുഴ ഇടവകയിൽ ദിവംഗതരായ ബഹു. അച്ചൻമാരെ ഞാൻ ഇവിടെ പ്രത്യേകം എടുത്തു പറഞ്ഞുകൊള്ളട്ടെ.

| ***പേര്*** | ***മരിച്ച തീയതി*** |
|---|---|
| കുറുപ്പാമഠത്തിൽ ബഹു. മത്തായി അച്ചൻ | |
| മാതേയ്ക്കൽ ബഹു. യൗസേപ്പച്ചൻ | |
| മാളിയേക്കൽ ബഹു. എബ്രാഹമച്ചൻ | 12-11-1960 |
| ഓണാട്ട് ബഹു. യാക്കോബച്ചൻ | |
| ചാലിൽ ബഹു. മത്തായി അച്ചൻ | 20-01-1961 |
| കാഞ്ഞിരത്തുങ്കൽ ബഹു. അബ്രാബമച്ചൻ | 09-11-1964 |
| കുരീത്തടത്തിൽ ബഹു. ജോസഫച്ചൻ | 06-04-1973 |
| വട്ടക്കുന്നുംപുറം ബഹു. കുര്യാക്കോസച്ചൻ | 07-06-1975 |
| ഞരളക്കാട്ട് ബഹു. ലൂക്കാച്ചൻ | 01-01-1976 |
| മണിയാട്ട് ബഹു. വർഗീസച്ചൻ | 17-09-1977 |
| കൊച്ചുപറമ്പിൽ ബഹു. ജോർജ്ജച്ചൻ | 13-04-1980 |
| അഭിവന്ദ്യ പോത്തനാമൂഴി മാത്യു മെത്രാൻ | 06-02-1982 |
| മാതേയ്ക്കൽ ബഹു. മത്തായിയച്ചൻ | 25-08-1984 |
| കൊച്ചുപറമ്പിൽ ബഹു. കുഞ്ഞുവർക്കിയച്ചൻ | 05-09-1986 |

ഇപ്പോൾ ആരക്കുഴ ഇടവകയിൽ ജീവിച്ചിരിക്കുന്നവരുടെ പേരുവിവരം കൂടെ ചേർക്കട്ടെ.

| പേര് | പട്ടത്തിന്റെ തീയതി |
| --- | --- |
| കളപ്പുരയിൽ ബഹു. മത്തായി അച്ചൻ | 22-12-1934 |
| മാതേയ്ക്കൽ ബഹു. ജോണച്ചൻ | 18-03-1947 |
| ആറാഞ്ചേരിൽ ബഹു. ജോർജ്ജച്ചൻ | 14-03-1957 |
| കണ്ണാത്തുകുഴി ബഹു. ജോസഫച്ചൻ | 14-03-1957 |
| മഞ്ചേരിൽ ബഹു. മാത്യു അച്ചൻ | 12-03-1958 |
| ഞരളക്കാട്ട് ബഹു. ലൂക്കാച്ചൻ | 14-03-1957 |
| മണിയാട്ട് ബഹു. സിറിയക്കച്ചൻ | 01-12-1964 |
| നെല്ലിക്കുന്നേൽ ബഹു. ജോസഫച്ചൻ | 09-10-1970 |
| കണ്ടത്തിൽ ബഹു. ജോസഫച്ചൻ | 12-12-1971 |
| കോട്ടൂർ ബഹു. ജോസഫച്ചൻ | 05-01-1972 |

ഇവരെ കൂടാതെ ധാരാളം വൈദികർ സന്യാസികളായും മിഷനറിമാരായും ഞങ്ങളുടെ ഇടവകയിൽ ഉണ്ട്. ഇവരിൽ മാതേയ്ക്കൽ കുടുംബത്തിൽപെട്ടവരെ മാത്രം ഞാൻ ഇവിടെ ചേർക്കുന്നു.

മാതേയ്ക്കൽ ബഹു. മത്തായിയച്ചൻ V.C.
മാതേയ്ക്കൽ ബഹു. ജോസഫച്ചൻ S.J.
മാതേയ്ക്കൽ ബഹു. ജോസഫച്ചൻ V.C.

എന്റെ പിതൃ ഭവനത്തിലേക്കുള്ള വഴിയും റോഡും തെളിഞ്ഞു വന്നപ്പോഴെയ്ക്കും വിഷയം കാടുകയറ്റി, പലവഴികളിലൂടെയും പല കാര്യങ്ങളിലൂടെയും സഞ്ചരിച്ചു പോയി. വീണ്ടും പിതൃഭവനത്തിലേക്ക് തിരിച്ചു വരികയാണ്. റോഡുസൈഡിൽ നാലാം മൈലുങ്കൽ കാണുന്ന വീടാണ് മാതേയ്ക്കൽ കുടുംബക്കാരുടെ തറവാട്. എട്ടൊമ്പതു തലമുറകൾക്കപ്പുറം ആരക്കുഴതന്നെയുള്ള ചെറുകുളം കുടുംബത്തിൽ നിന്നാണ് മാതേയ്ക്കൽ കുടുംബത്തിന്റെ ആവിർഭാവം. ചെറുകുളത്തുനിന്നും മാത്തുണ്ണി എന്നൊരാൾ മാതേയ്ക്കൽ പുരയിടത്തിലേയ്ക്ക് മാറിതാമസിച്ചതോടെയാണ് മാതേയ്ക്കൽ കുടുംബം ഉടലെടുക്കുന്നത്. അങ്ങനെ ഉടലെടുത്ത മാതേയ്ക്കൽ തറവാട്ടുവീട് കുടുംബക്കാരണവരായ മാത്തുണ്ണി പണിയിച്ച രീതിയിൽ യാതൊരു മാറ്റവും വരുത്താതെ നാലു തലമുറകൾ കാത്തു സൂക്ഷിച്ചു. എന്റെ ചെറുപ്പകാലത്ത് കണ്ടിട്ടുള്ള ആ വീട് ഇന്നും മായാതെ എന്റെ ഓർമ്മയിൽ തങ്ങിനിൽക്കുന്നുണ്ട്. പുരാതന ബ്രാഹ്മണ കുടുംബങ്ങളുടെ മാതൃകയിലുള്ള ഒരു വീട്. ഒറ്റനോട്ടത്തിൽ ഒരു കോട്ടയാണോ എന്നു തോന്നുമാറ് നാലുകെട്ടും നടുമുറ്റവും. ഇപ്പോൾ അവിടെ കാണുന്നതു പോലെ മനോഹരമായ ഗേയ്റ്റും വീട്ടുമുറ്റംവരെ റോഡും റോഡിനിരുവശത്തുള്ള മതിലും ഒന്നും അന്നുണ്ടായിരുന്നില്ല. പഴയ രീതിയിലുള്ള കുത്തുകല്ലും നടപ്പാതയും മാത്രം. എന്റെ ബാല്യക്കാലത്ത് ആ വീട്ടിലെ അംഗസംഖ്യ തുലോം കുറവായിരുന്നു. കുട്ടിയായി ഞാൻ മാത്രമേ അവിടെ

ഉണ്ടായിരുന്നുള്ളു. വീടിന്റെ ഒരറ്റത്തുള്ള മുറിയിൽ നിന്നും മറ്റേ അറ്റത്തേയ്ക്ക് തനിയേ പോകുന്നതിന് എനിക്ക് ഭയമായിരുന്നു. ചുറ്റിക്കെട്ടായതുകൊണ്ട് വെളിച്ചവും കുറവ്. കറൻറും ലൈറ്റും അന്നൂഹിക്കാൻ പോലും സാധ്യമല്ലല്ലോ. എന്നാൽ ഞാൻ വളരെ ഇഷ്ടപ്പെട്ട ഒരു കാര്യം ഉണ്ടായിരുന്നു. നടുമുറ്റത്ത് ഓടികളിക്കുക, പന്തുതട്ടിക്കളിക്കുക തുടങ്ങിയ വിനോദങ്ങൾ. പക്ഷേ ഒരു കാര്യം. അതിനു കൂട്ടു വേണ്ട. പുറമേ നിന്ന് അകത്തേയ്ക്ക് മറ്റു കുട്ടികളെ പ്രവേശിപ്പിക്കാൻ അനുവാദം ഉണ്ടായിരുന്നില്ല. നൂറ്റാണ്ടുകൾ പഴക്കമുള്ള ആ വീട് എന്റെ പിതാമഹൻ വർക്കി ഒന്നു പരിഷ്കരിച്ചു. നാലുകെട്ടിന്റെ മൂന്നുകെട്ടും പൊളിച്ചുമാറ്റി. അന്നത്തെ അംഗസംഖ്യയ്ക്ക് ആവശ്യമായ വിധം നിലവിലുള്ള ഒരുവശത്തെ കെട്ടിനോട് മുറികളും മറ്റ് സൗകര്യങ്ങളും കൂട്ടിച്ചേർത്ത് സൗകര്യപ്രദമാക്കി. പേടി കൂടാതെ മുറികളിൽ കടക്കാമല്ലോ എന്ന ചിന്തയാണ് ഈ പരിഷ്ക്കാരത്തിൽ എനിക്ക് കൂടുതൽ ആശ്വാസം നൽകിയത്.

തറവാട്ടു കാരണവരായ മാത്തുണ്ണിക്ക് ആദ്യ വിവാഹത്തിൽ വർക്കി, മത്തായി എന്നു രണ്ടു മക്കളും രണ്ടാം വിവാഹത്തിൽ മത്തായി, ചാക്കോ എന്ന രണ്ട് ആൺ മക്കളുമാണുണ്ടായിരുന്നത്. ഇവരിൽ വർക്കി കോട്ടൂരേയ്ക്കും, മത്തായി കണ്ണാത്തുകുഴിയിലേക്കും ഇളയ മത്തായി കോണിയേകല്ലുങ്കലേയ്ക്കും മാറിത്താമസിച്ചു. ഇളയ മകനായ ചാക്കോയ്ക്കാണ് തറവാട് കിട്ടിയത്. ചാക്കോ വിവാഹം ചെയ്തിരിക്കുന്നത് വാഴക്കുളം മഞ്ചേരിയിൽ നിന്നാണ്. അമ്മാമ്മയുടെ പേര് മറിയം. ചാക്കോ മറിയം ദമ്പതികൾക്ക് മൂന്ന് പെൺമക്കളും മൂന്ന് ആൺമക്കളുമാണുണ്ടായിരുന്നത്. പെൺമക്കളിൽ ഒരാളെ പെരിങ്ങഴ കുന്നപ്പിള്ളിയിലും, രണ്ടാമത്തെ ആളെ ബസ്ലഹം കൊച്ചുമുട്ടത്തും, മൂന്നാമത്തെ ആളെ കല്ലൂർക്കാട് പുൽപ്പറമ്പിലുമാണ് വിവാഹം ചെയ്തയച്ചത്. കുന്നപ്പിള്ളിൽ കെട്ടിച്ച അമ്മാമ്മയ്ക്ക് ഒരു മകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അമ്മാമ്മ ചെറുപ്പത്തിലെ മരിച്ചുപോയി. മകളെ കുറുപ്പാമഠത്തിൽ കെട്ടിച്ചു. കൊച്ചുമുട്ടത്തു കെട്ടിച്ച മറിയത്തിന്റെ പൗത്രൻമാർ നാലു വൈദികരും പൗത്രിമാർ ഏതാണ്ട് രണ്ട് ഡസനോളം കന്യാസ്ത്രീകളുമാണ്. (വളരെയധികം ദൈവവിളികളുള്ള ഒരു കുടുംബമാണ് കൊച്ചുമുട്ടം കുടുംബം). പുൽപ്പറമ്പിൽ കെട്ടിച്ച ത്രേസ്യായുടെ രണ്ട് ആൺമക്കൾ കർമ്മലീത്താ സന്യാസികളാണ്. അടുത്തകാലത്ത് നിര്യാതനായ റവ. ഫാ. മാർക്ക് C.M.I. -യും റവ. ഫാ. മർസൽ C.M.I. -യും. ഫാദർ മാർസൽ ഒരു സംസ്കൃത പണ്ഡിതനാണ്. സംസ്കൃതത്തിൽ മാസ്റ്റർ ബിരുദമെടുത്ത് ഇദ്ദേഹം തേവര കോളേജിന്റെ വൈസ് പ്രിൻസിപ്പലും പിന്നീട് പ്രിൻസിപ്പലും ആയിരുന്നു. ഇറാക്ക് പാത്രിസാർക്കീസിന്റെ ക്ഷണമനുസരിച്ച്, ഒരു സുറിയാനി ഭാഷാ വിദഗ്ദനായ അദ്ദേഹം കുറെനാൾ ഇറാനിൽ സെമിനാരി പ്രൊഫസറായി ഇരുന്നിച്ചുണ്ട്. നിരവധി ഗ്രന്ഥങ്ങളുടെ രചിതാവുകൂടിയാണ് അദ്ദേഹം. ഫാ. മാർക്ക് മാതൃകായോഗ്യനായ ഒരു സന്യാസവൈദികനായിരുന്നു. വളരെ

ക്കാലം അദ്ദേഹം സന്യാസാർത്ഥികളുടെ ഗുരുനായിരുന്നു. അവർ രണ്ടു പേർക്കും എന്നോട് പ്രത്യേക വാത്സല്യം ഉണ്ടായിരുന്നു. പലവിധത്തിലും പല കാര്യങ്ങളിലും ഇവർ രണ്ടുപേരും എന്നെ വളരെയധികം സഹായിച്ചിട്ടുണ്ട് എന്ന കാര്യം ഞാൻ നന്ദിപൂർവ്വം ഇവിടെ സ്മരിക്കുകയാണ്. ത്രേസ്യായുടെ ഒരു മകൾ കർമ്മലീത്താ സഭാംഗമായിരുന്നു. സി. ദൊരേത്തിയ, മാമ്മോദീസാപ്പേര് ഫിലോമിന. ചെറുപ്പത്തിലേ തന്നെ മരിച്ചുപോയി. പൗത്രൻമാരായി മൂന്ന് വൈദികരും, പൗത്രികളായി ധാരാളം സന്യാസികളുമുണ്ട്. എന്റെ രണ്ട് അമ്മാമ്മമാരുടെയും കുടുംബങ്ങൾ ധാരാളം ദൈവവിളികളുള്ളതാണ്. അതിന്റെ കാരണമായി ഞാൻ കാണുന്നത് ആ കുടുംബങ്ങളിൽ മാതാപിതാക്കൻമാർ നയിക്കുന്ന മാതൃകാപരമായ ക്രൈസ്തവ ജീവിതവും ആ കുടുംബങ്ങളിൽ നിറഞ്ഞു നിൽക്കുന്ന ക്രൈസ്താവന്തരീക്ഷവുമാണ്.

എന്റെ പിതാമഹന്റെ മൂത്ത ജ്യേഷ്ഠൻ ഐപ്പ് കൊച്ചുപറമ്പിൽ മറിയത്തെയാണ് വിവാഹം ചെയ്തിരിക്കുന്നത്. ഇദ്ദേഹത്തിന് രണ്ട് ആൺ മക്കളും മൂന്ന് പെൺ മക്കളുമാണുണ്ടായിരുന്നത്. ഇളയ മകൾ അന്നമ്മയെ തെന്നത്തൂർ ഇടവക കല്ലറയ്ക്കൽ ചാക്കോയാണ് വിവാഹം ചെയ്തിരുന്നത്. ഈ ഇളയമ്മയുടെ ഇളയ മകനാണ് റവ. ഫാ. ജോൺ കല്ലറയ്ക്കൽ. ഇദ്ദേഹം ഇപ്പോൾ തൊടുപുഴ ന്യൂമാൻ കോളേജിലെ ലൈബ്രേറിയനും ലൈബ്രറി മേധാവിയുമാണ്. മൂത്ത മകൻ കുഞ്ഞാപ്പിന്റെ മക്കളാണ് ഫ്രാൻസിസ്ക്കൻ വൈദികനായി ഹൈദ്രാബാദിൽ സേവനമനുഷ്ഠിക്കുന്ന റവ. ഫാ. ജെയിംസ് കല്ലറയ്ക്കലും, ഹോളിക്രോസ് സഭാംഗമായ റവ. ഫാ. എമ്മാനുവേൽ കല്ലറയ്ക്കലും. കുഞ്ഞാപ്പിന്റെ പെൺമക്കൾ രണ്ടുപേരും സന്യാസിനികളാണ്. കുഞ്ഞാപ്പിന്റെ അനുജൻ മത്തായിയുടെ രണ്ടു പെൺമക്കളും ഉർസുലൈൻ സന്യാസ സഭാംഗങ്ങളാണ്. ഐപ്പ് അപ്പാപ്പന്റെ രണ്ടാമത്തെ മകൾ മാത്തിരിയെ തേവർപാടത്ത് ചാക്കോ വിവാഹം ചെയ്തു. ഇവരുടെ മകളാണ് സി. ഹെലൻ S.A.B.S പൗത്രിയാണ് സി. ആൻസി തേവർപാടം. സി. ആൻസി ഇപ്പോൾ ആനിക്കാട് ഹൈസ്ക്കൂൾ ഹെഡ്നിസ്ട്രസായി ജോലി ചെയ്യുന്നു. മറ്റൊരു പൗത്രിയാണ് വി. ചാൾസ് ബറോമിയായുടെ സന്യാസ സഭാംഗമായ സി. ഫിലോമിന. ഐപ്പിന്റെ മൂത്ത മകൾ ഏലിയെ ബസ്ലഹം കൊച്ചുമുട്ടത്ത് സ്ക്കറിയ വിവാഹം ചെയ്തു.

ഐപ്പ് അപ്പാപ്പന്റെ മൂത്ത പുത്രനായ മാത്തു വിവാഹം ചെയ്തിരുന്നത് ആരക്കുഴ മാളിയേക്കൽ വർക്കി മകൾ ഏലിയെയാണ്. മാത്തുവിന് ഒരു മകളും ഒരു മകനുമാണുണ്ടായിരുന്നത്. മകളെ കടവൂർ തെക്കേക്കുന്നേൽ ജോസഫ് വിവാഹം ചെയ്തു. ഇവരുടെ മകനാണ് മഹാരാഷ്ട്രയിൽ ജോലി ചെയ്യുന്ന ഫാ. ജോസ് മകൻ ഐപ്പച്ചൻ ചെറുപ്പത്തിലെ മരിച്ചുപോയി. അക്കാലത്ത് മാത്തുവിനെപ്പോലെ മാതേയ്ക്കൽ കുടുംബ

ത്തിൽ എന്നല്ല ആരക്കുഴ മുഴുവനിലും ഇത്ര തലയെടുപ്പുള്ള ഒരു വ്യക്തിയുണ്ടായിരുന്നില്ല എന്നു പറയപ്പെടുന്നു. കാര്യപ്രപ്തനും ജനസമ്മതനും ആരക്കുഴക്കാരുടെ ആരാധ്യ പുരുഷനുമായിരുന്ന മാത്തു ഒരു തികഞ്ഞ അഭിമാനിയായിരുന്നു. ഏതോ നിയമവ്യവഹാരത്തിൽ തനിക്കു പ്രതികൂലമായി ഉണ്ടായ കോടതി വിധി ഏറ്റു വാങ്ങിയ ശേഷം മാത്തു നാടു വിട്ടു. അതിനു ശേഷം അദ്ദേഹം ജന്മനാട്ടിൽ കാലു കുത്തിയിട്ടില്ല. ദുഃഖഭാരത്താലായിരിക്കണം ഭാര്യ ഏലി ഏറെ താമസിയാതെ അകാലചരമമടഞ്ഞു. അനുജൻ അബ്രാഹത്തിന്റെ നിര്യാണത്തോടെ മാതേയ്ക്കലെ ഒരു ശാഖ നാമാവശേഷമായിത്തീർന്നു. കാരണം അബ്രാഹവും ഭാര്യ അന്നമ്മയും മക്കളില്ലാതെയാണ് മരിച്ചത്.

എന്റെ പിതാമഹന്റെ ഇളയ സഹോദരൻ മത്തായി കൊച്ചു നെടുങ്ങാട്ട് റോസയെ വിവാഹം ചെയ്തു. റോസ ആ കുടുംബത്തിലെ ഏക അവകാശിയായതുകൊണ്ട് മത്തായി അപ്പാപ്പൻ കൊച്ചു നെടുങ്ങാട്ട് ദത്തു നിന്നു. അപ്പാപ്പന് രണ്ട് പെൺമക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരു മകളെ കിഴക്കമ്പലത്ത് കൂരൻ ഉലഹന്നനും അപരയെ പിട്ടാപ്പിള്ളി വർക്കിയും വിവാഹം ചെയ്തു. അങ്ങനെ മത്തായി അപ്പാപ്പന്റെ ശാഖയും അന്യാധീനമായി. അവശേഷിക്കുന്നത് എന്റെ പിതാമഹൻ ചാക്കോ വർക്കിയാണ്.

വർക്കിക്ക് മൂന്ന് ആൺമക്കളും ഒരു മകളുമാണുണ്ടായിരുന്നത്. ഏറ്റവും ഇളയവളായിരുന്നു മകൾ മറിയം. മറിയത്തെ വാഴക്കുളത്ത് പുൽപ്പറമ്പിൽ ചാക്കോ മകൻ കുര്യാക്കോസ് വിവാഹം ചെയ്തു. മറിയത്തെ ഞാൻ അമ്മായി എന്നാണ് വിളിച്ചിരുന്നത്. അമ്മായിയുടെ കല്യാണം നടന്നത് എന്റെ നേരിയ ഓർമ്മയിലുണ്ട്. അന്നെനിക്ക് നാലോ അഞ്ചോ വയസ്സു കാണും. മറിയത്തിന്റെ ഭർത്താവ് എന്റെ അച്ചൻ കുര്യാക്കോസിന് എന്നെ വലിയ കാര്യമായിരുന്നു. അച്ചൻ വീട്ടിൽ വരുന്ന അവസരം ഞാനും നോക്കിയിരിക്കും. കാരണമെന്തെന്നോ, അച്ചൻ വന്നാൽ പുഴയിൽ കുളിക്കാൻ പോകും. എന്നെയും കൊണ്ടുപോകും. വളരെ ശുഷ്കാന്തിയോടെ പുഴയിൽ പോയി കുളിക്കും. ആഴമുള്ള വെള്ളത്തിൽ അച്ചന്റെ തോളത്തിരുന്ന് കളിക്കുന്നത് എനിക്ക് വലിയ ഇഷ്ടമായിരുന്നു. കുളികഴിഞ്ഞ് മടങ്ങുമ്പോൾ ഞാനൊരു സൂത്രമെടുക്കും, കാലിനു വേദന. അച്ചൻ എന്നെ എടുക്കണം. ഏതാണ്ട് ഒരു കിലോമീറ്റർ അകലം ഉണ്ട് വീട്ടിലേക്ക്. അത്രയും ദൂരം എന്നെ എടുത്തേ ഞാൻ അടങ്ങു. അച്ചനതിഷ്ടവുമായിരുന്നു. അച്ചൻ മടങ്ങിപ്പോകുന്നത് എനിക്ക് വലിയ സങ്കടമായിരുന്നു. അമ്മായി വീട്ടിൽ വന്നാൽ പിന്നെ മടങ്ങിപ്പോകാൻ വലിയ മടിയായിരുന്നു. പോകുന്നതിന് രണ്ടു ദിവസം മുമ്പുതന്നെ കരച്ചിൽ തുടങ്ങും. അപ്പോഴെക്കെ ഞാൻ അമ്മായിയെ കളിയാക്കുമായിരുന്നു. അമ്മായി വലരെ നല്ല സ്വഭാവവും ദൈവഭയവുമുള്ള ഒരു സ്ത്രീയായിരുന്നു. എന്നാൽ പഞ്ചപാ

വവും അതിന്റെ ഫലമായിട്ടായിരിക്കണം അമ്മായിയുടെ ഏഴു മക്കളിൽ മൂത്ത ആൾ ഒരു ഈശോസഭാ വൈദികനായി. റവ. ഫാ. ജോർജ്ജ് S.J. പുൽപ്പറമ്പിൽ. ജോർജ്ജച്ചൻ ആംഗ്ലേയഭാഷയിൽ മാസ്റ്റർ ബിരുദവും തമിഴിൽ P.hd.യും എടുത്തു. പക്ഷേ തമിഴിൽ P.hd. എടുത്തിട്ടുള്ള ഏക മലയാളി വൈദികൻ അദ്ദേഹമായിരിക്കും. മൂത്ത പുത്രനായതുകൊണ്ട് കുട്ടിയായിരുന്നപ്പോൾ ഇടയ്ക്കിടയ്ക്ക് അമ്മ വീട്ടിൽ വരും. സന്ധ്യയാകുമ്പോഴേയ്ക്കും അതുവരെ വളരെ ഉത്സാഹപൂർവ്വം എന്നോടൊത്ത് കളിച്ചു നടന്നിരുന്ന ജോർജ്ജ് പെട്ടെന്ന് ചിന്താമഗ്നനാകും. എന്നിട്ട് കുണുങ്ങി കുണുങ്ങി പറയാൻ തുടങ്ങും ചേട്ടാ എനിക്കു വിചാരം വരുന്നു. കാര്യമെന്താണോ അമ്മയെപ്പറ്റിയുള്ള വിചാരം. അമ്മയുടെ അടുത്ത് പോകണം ഞാനപ്പോൾ അവനെ കളിയാക്കും,അവൻ നിലവിളിക്കാൻ തുടങ്ങും. ഞങ്ങളുടെ വല്യമ്മ (പിതാമഹി) എന്നെ വഴക്കു പറഞ്ഞ് ഓടിച്ചു അവന് മധുര പലഹാരങ്ങൾ കൊടുത്ത് ആശ്വസിപ്പിക്കുന്ന കാര്യം ഞാൻ ഇപ്പോഴും ഓർക്കുന്നു. ജോർജ്ജച്ചൻ ഇപ്പോൾ കൊടൈക്കനാലിലാണ്. ധാരാളം ഗ്രന്ഥങ്ങൾ തമിഴിൽ രചിച്ചിട്ടുണ്ട്. ഏതോ ഒരു ഗ്രന്ഥത്തിന് അവാർഡും കിട്ടിയുണ്ട്. ഈശോ സഭക്കാരുടെ പോസ്റ്റ് വത്തിക്കാൻ പുരോഗമനനീക്കത്തി പതിവുപോലെ എടുത്തുതന്നെ ഭക്ഷണം പൂർത്തിയാക്കും. ഭക്ഷണം കഴിയുമ്പോഴെയ്ക്കും അമ്മയോ ഇളയമ്മയോ ചെന്ന് പാത്രങ്ങൾ എടുത്ത് കഴുകി വയ്ക്കും. ഭക്ഷണം കഴിഞ്ഞാൽ പിന്നെ ഒരുറക്കമുണ്ട്. അതിനുശേഷം എപ്പോൾ നോക്കിയാലും കൈയിൽ ജപമാലയുമായി കൊന്ത എത്തിക്കുന്നതു കാണാം. ദിവസത്തിൽ എത്ര കൊന്ത എത്തിക്കുമെന്ന് ചോദിച്ചാൽ ഉത്തരം കിട്ടുകയില്ല. മറ്റു സമയങ്ങളിൽ നിത്യാരാധന (അക്കാലത്ത് പള്ളിയിലും മറ്റും പോകുമ്പോൾ പ്രാർത്ഥനയ്ക്കുപയോഗിക്കുന്ന പുസ്തകം) പുസ്തകവുമായി പ്രാർത്ഥിക്കുന്നതു കാണാം. നിത്യാരാധനപ്പുസ്തകം പ്രാർത്ഥനകളുടെ സമാഹാരമാണ്. അതിലില്ലാത്ത പ്രാർത്ഥന വളരെ ചുരുക്കമായിരിക്കും. മരിച്ചവർക്കുവേണ്ടി, മരിക്കുന്നവർക്കുവേണ്ടി, രോഗികൾക്കുവേണ്ടി, സകല വിശുദ്ധൻമാരോടുള്ള പ്രാർത്ഥന, ജീവിക്കുന്ന വിവിധ രംഗങ്ങഴിലുള്ളവർക്കുവേണ്ടി ഇങ്ങനെ പോകുന്നു. ആ വലിയ പുസ്തകത്തിലെ പ്രാർത്ഥനകളുടെ ലിസ്റ്റ്. എല്ലാ ദിവസവും അതിരാവിലെ ഉണരും. വ്യാകുലക്കൊന്ത തുടങ്ങി ഏറെ പ്രാർത്ഥനകൾ ഉരുവിടുന്നതു കേൾക്കാം. മക്കൾക്കാർക്കും തന്നെ ഇത്ര രാവിലെ ഉണരുന്നകാര്യം അത്ര ഇഷ്ടമുള്ളതായിരുന്നില്ല. തന്മൂലം മിക്കപ്പോഴും വല്ല്യപ്പനും വല്ല്യമ്മയും തന്നെ ഈ പ്രാർത്ഥനകൾ എത്തിക്കേണ്ടി വരുമായിരുന്നു. ഇതേപ്പറ്റി ഓർക്കുമ്പോൾ ഇപ്പോൾ ഞാൻ ചിന്തിക്കാറുണ്ട്, അതുപോലെ പ്രാർത്ഥിക്കുന്ന ആരെങ്കിലും ഇന്നുണ്ടാകുമോ. സ്ത്രീകളായാലും അവർക്ക് ഒന്നിനും സമയം പോരാ. ചെറുപ്പക്കാരുടെ കാര്യം പറയുകയേ വേണ്ട. പ്രായമായവരിൽ ധാരാളം പ്രാർത്ഥിക്കുന്നവരെ കണ്ടേക്കാം. പക്ഷേ ഇങ്ങനെ പ്രാർത്ഥനയിൽ മാത്രം ആശ്വാസവും ആശ്രയവും കണ്ടെത്തുന്നവർ വളരെ ചുരുക്കമായിരിക്കാം. എന്റെ വല്ല്യമ്മയുടെ

പ്രാർത്ഥനയുടെ ഫലമായിട്ട് മാത്രമാണ് ഞങ്ങളുടെ കുടുംബം പല വിഷമസന്ധികളും തരണം ചെയ്തതും സമാധാനത്തിലും സമൃദ്ധിയിലും നില നിൽക്കുന്നതും എന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

പ്രാർത്ഥനാരൂപിപോലെ തന്നെ ശാന്തപ്രകൃതിയിലും വല്ല്യമ്മ ഏവർക്കും ഒരുത്തമ മാതൃകയായിരുന്നു. വല്ല്യമ്മ ഒരിക്കലും കോപിച്ചു ഞാൻ കണ്ടിട്ടില്ല.വളരെ തടിച്ചദേഹമായിരുന്നതുകൊണ്ട് പലപ്പോഴും പല തിനും മറ്റുള്ളവരെ ആശ്രയിക്കേണ്ടിവരുമായിരുന്നു. ആഗ്രഹിക്കുന്ന വിധം കാര്യങ്ങൾ സാധിച്ചുകിട്ടാതെ വന്നാലും ആരോടും പരിഭവമോ പരാതിയോ ഉള്ളതായി കണ്ടിട്ടില്ല. വാതത്തിന്റെ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നെങ്കിലും രോഗത്തിന്റെ പേരിൽ കിടന്നു കണ്ടിട്ടില്ല. ഒരിക്കൽ വല്ല്യമ്മയുടെ പുറത്ത് ഒരു നീരുണ്ടായി. ആദ്യമാദ്യം ആരും അത്ര കാര്യമാക്കിയില്ല. പക്ഷേ അതു പെട്ടെന്ന് വളരുകയും പഴുക്കുകയും പൊട്ടുകയും ചെയ്തു. ചികിത്സകൾ ഒന്നും ഫലിച്ചില്ല. വല്ല്യമ്മയുടെ അന്ത്യത്തിനായി വന്ന നീരായിരുന്നു അത്. ഒരാഴ്ചകൊണ്ട് വല്ല്യമ്മ സുബോധത്തോടെ കാലധർമ്മം പ്രാപിച്ചു. അത് 1931 ജൂലൈ മാസം 8–ാം തീയതി ആയിരുന്നു. വല്ല്യമ്മയുടെ മരണസമയത്ത് ഞാനും അടുത്തുണ്ടായിരുന്നു.മനുഷ്യൻ ജീവിക്കുന്നതുപോലെ മരിക്കുന്നുവെന്ന് പറയുന്നത് എത്ര വാസ്തവം. വല്ല്യമ്മയുടെ ജീവിതം ശാന്തമായിരുന്നു. മരണവും ശാന്തമായി ത്തന്നെ. ചിറ്റപ്പൻ കുര്യാക്കോയെപ്പറ്റി പ്രതിപാദിക്കാൻ തുടങ്ങിയപ്പോൾ വല്ല്യമ്മയെപ്പറ്റി പരാമർശിച്ചതിൽ അല്പകാര്യമുണ്ട്. ഇളയ ചിറ്റപ്പനും എന്റെ അപ്പനും ചെറുപ്പത്തിലേ മരിച്ചുപോയതുകൊണ്ട് ഞാനും എന്റെ അമ്മയും വല്ല്യപ്പനും വല്ല്യമ്മയും കുര്യാക്കോച്ചിറ്റപ്പനും ഒരുമിച്ച് തറവാട്ടിൽ തന്നെയായിരുന്നു താമസം.

എന്റെ അപ്പൻ ഉലഹന്നാൻ വല്ല്യപ്പന്റെ മൂത്ത മകനായിരുന്നു. 21–ാമത്തെ വയസ്സിലാണ് അപ്പൻ എന്റെ അമ്മയെ വിവാഹംചെയ്തത്. അന്ന് എന്റെ അമ്മയ്ക്ക് 18 വയസ്സേ ഉണ്ടായിരുന്നുള്ളു. വിവാഹം കഴിഞ്ഞ് രണ്ടു കൊല്ലങ്ങൾക്കുശേഷമായിരുന്നു എന്റെ ജനനം. അത് 1919–ാമാണ്ട് 9–ാം മാസം 9–ാം തീയതി ആയിരുന്നു. ഞാൻ പ്രകാശം കാണുന്നതിന് നാലുമാസം മുമ്പ് കൃത്യം പറഞ്ഞാൽ 1919 ജൂൺ മാസം 1–ാം തീയതി എന്റെ അപ്പൻ ഈ ലോകവാസം വെടിഞ്ഞു. രോഗം ന്യൂമോണിയായായിരുന്നു. ന്യൂമോണിയയ്ക്ക് വൈദ്യ ശാസ്ത്രം ഔഷധമൊന്നും കണ്ടു പിടിച്ചിട്ടില്ലാത്ത കാലം. അങ്ങനെ എന്റെ അപ്പന് തന്റെ മകനെയോ മകന് അപ്പനെയോ കാണുന്നതിനുള്ള അനുഗ്രഹം ലഭിച്ചില്ല. അതുകൊണ്ട് എന്റെ അപ്പനെപ്പറ്റി കാര്യമായൊന്നും എനിക്കറിഞ്ഞുകൂടാ. എങ്കിലും എന്റെ അമ്മയും മറ്റുള്ളവരും പറഞ്ഞു കേട്ടിട്ടുള്ള ചില കാര്യങ്ങൾ ഇവിടെ രേഖപ്പെടുത്തട്ടെ. സുമുഖനും അന്നത്തെ ചെറുപ്പക്കാരിൽ തലയെടുപ്പുള്ള ഒരു യുവാവുമായിരുന്നു കുഞ്ഞുലോനൻ. ജീവിത ചര്യയിൽ വലിയ

ചിട്ടയും ശ്രദ്ധയും ചെലുത്തിയിരുന്നു. എന്നും അതിരാവിലെ ഉണർന്ന് കിഴക്കോട്ട് അഭിമുകമായി നിന്ന് പ്രാർത്ഥിക്കുകയും കുറച്ചു സമയം അങ്ങനെ കിഴക്കൻ കാറ്റുകൊണ്ട് നിൽക്കുകയും ചെയ്യുമായിരുന്നു. ഇതിനു കാരണമായി പറഞ്ഞിരുന്നത് കർത്താവ് ജനിച്ചതും ജീവിച്ചതും മരിച്ചതും കിഴക്കൻ ദേശത്തായിരുന്നുവെന്നും ആ വിശുദ്ധ നാടിനെ പുൽകി വരുന്ന കാറ്റ് അല്പം ആസ്വദിക്കുന്നത് ആരോഗ്യത്തനും ആത്മീയ ചിന്തയ്ക്കും ഉപകരിക്കുമെന്നാണ്. ഇതിന്റെ പ്രസക്തി എന്തു തന്നെയായാലും ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്. യുവാവായ എന്റെ പിതാവ് ഒരു തികഞ്ഞ ദൈവ വിശ്വാസിയും ആദ്ധ്യാത്മിക ചിന്തകനുമായിരുന്നു.

അപ്പന്റെ നിര്യാണത്തോടെ യുവതിയും വിധവയുമായ എന്റെ അമ്മ, പരി. അമ്മയോട് ഗബ്രിയേൽ ദൂതൻ പറഞ്ഞ വാക്കുകൾ അപ്പോൾ ഓർത്തുകാണുകയില്ല. ‘മറിയമേ, നീ ഭയപ്പെടേണ്ട, ദൈവസന്ധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഒരു പുത്രനെ പ്രസവിക്കും.’ (ലൂക്കാ 1:30,31). എന്നാൽ ഒരു പക്ഷേ ആ അവസരത്തിൽ അമ്മ പരി. അമ്മയോട് ശിമയോൻ പറഞ്ഞ വാക്കുകൾ ഓർത്തിരിക്കാം. “അനേകരുടെ ഹൃദയ വിചാരങ്ങൾ വെളിപ്പെടും. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറുകയും ചെയ്യും.” (ലൂക്കാ. 1:35). ഓർത്താലും ഇല്ലെങ്കിലും സംഭവിച്ചത് അതാണ്. അപ്പന്റെ മരണാനന്തരം ഏതാനും ദിവസങ്ങൾക്കുശേഷം കുടുംബത്തെ മുഴുവൻ ദുഃഖത്തിലാഴ്ത്തികൊണ്ട് അമ്മ പെരിങ്ങഴയിലെ സ്വന്ത ഭവനത്തിലേയ്ക്ക് പോയി. അങ്ങനെ എന്റെ വീട്ടിൽ വല്ല്യപ്പനും വല്ല്യമ്മയും ചിറ്റപ്പനും ഇളയമ്മയും മാത്രമായി. പുൽപ്പറമ്പിൽ കെട്ടിച്ച അമ്മായിയും ഉണ്ടായിരുന്നു. അമ്മായി സ്ക്കൂളിൽ പഠിക്കുകയായിതുന്നിരിക്കണം. വലിയ പ്രതീക്ഷകളോടെ വലത്തു കാലും കുത്തി മാതേയ്ക്കൽ തറവാട്ടിലേയ്ക്ക് കയറി വന്ന എന്റെ അമ്മ അപ്രതീക്ഷിതമായി ഇങ്ങനെ സ്വഭവനത്തിലേയ്ക്ക് ഇറങ്ങി തിരിച്ച മുഹൂർത്തം വീട്ടിൽ എല്ലാവർക്കും താങ്ങാനാവാത്ത കദനഭാരം തളം കെട്ടി നിന്ന ഒന്നായിരുന്നു. അമ്മയുടെ കാര്യം പറയാനുമില്ലല്ലോ. കരഞ്ഞു കരഞ്ഞ് കണ്ണു കലങ്ങിയ മറിയാമ്മയ്ക്ക് എന്തെങ്കിലും അല്പം ആശ്വാസവും ആശയും പകർന്നു കെടുത്തിട്ടുണ്ടെങ്കിൽ അത് അവളുടെ ഉദരത്തിൽ കിടക്കുന്ന ആറു മാസം പ്രായമായ കുഞ്ഞായിരിക്കണം. പക്ഷേ, ആ കുഞ്ഞ് ആണോ പെണ്ണോ എന്ന് ആർക്കും അറിഞ്ഞുകൂടല്ലോ. ആണായാലും പെണ്ണായാലും ആ കുഞ്ഞ് മാതേയ്ക്കൽ തറവാടിന്റെ അവകാശി ആയിരിക്കുമെന്ന് എല്ലാവർക്കും അറിയാം. പുറമേ കണ്ണീകൊലിപ്പിച്ചുകൊണ്ടും എന്നാൽ പുറമേ സന്തോഷം നുകർന്നുകൊണ്ടും പലരുടെയും അകമ്പടിയോടെ രണ്ടു കൊല്ലങ്ങൾക്കുമുമ്പ് ഇറങ്ങിപ്പോന്ന കുന്നപ്പിള്ളി വീട്ടിലേയ്ക്ക് മറിയാമ്മ അകത്തും പുറത്തും കത്തുന്ന ദുഃഖാഗ്നിയുമായി തിരികെ ചെന്നപ്പോൾ അന്നവളെ യാത്രയാക്കി വിട്ട അവളുടെ സ്നേഹപിതാവും അമ്മായിയും

കുഞ്ഞാങ്ങളും നാത്തൂനും മാത്രമാണ് സ്വീകരിക്കാനുണ്ടായിരുന്നത്. അവരും കണ്ണീരോടെ മറിയാമ്മടെ സ്വീകരിച്ചു. ഉള്ളിൽ ശിശു വളർന്നു വന്നതോടൊപ്പം അവളുടെ കദനഭാരവും വളരുകയായിരുന്നോ ലഘൂകരിക്കപ്പെടുകയായിരുന്നോ എന്നറിഞ്ഞുകൂടാ. ഏതായാലും എന്നും അവൾ ദിവ്യബലിയിൽ സംബന്ധിച്ച് തന്റെ പ്രിയതമന്റെ ആത്മശാന്തിക്കും ജനിക്കുവാൻ പോകുന്ന ശിശുവിനും വേണ്ടി പ്രാർത്ഥിക്കുമായിരുന്നു. സ്വാഭാവികമായി ജനിക്കുന്ന ശിശു ആണായിരിക്കണമേ എന്ന് അവൾ പ്രാർത്ഥിച്ചുട്ടുണ്ടാകണം. അവളുടെ പ്രാർത്ഥന ദൈവം കേട്ടു. 1919 സെപ്റ്റംബർ 9-ാം തീയതി ചൊവ്വാഴ്ച്ച ആ കണ്ണീരിന്റെ പുത്രൻ ജനിച്ചു. മാനസികമായി വളരെ തകർന്നിരുന്ന എന്റെ അമ്മയുടെ പ്രസവം വിഷമം പിടിച്ച ഒന്നായിരിക്കാമെന്ന് എല്ലാവരും കരുതിയിരുന്നു. ഇന്നത്തെപ്പോലെ ആസ്പത്രിയോ മറ്റ് പരിശോധനാ സൗകര്യങ്ങളോ ഒന്നും ഇല്ലാതിരുന്ന അക്കാലത്ത് ഏതായാലും എല്ലാവരും ഭയപ്പെട്ടിരുന്ന പോലെ ഒന്നും സംഭവിച്ചില്ല. ഒരു സൂതികർമ്മിണിയുടെ സഹായത്തോടെ അമ്മയുടെ പ്രസവം സുഖപ്രദമായി നടന്നുവെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്.

# ബാല്യകാലവും പ്രാമിക വിദ്യാഭ്യാസവും

എന്റെ ബാല്യകാലത്തെ കുറിച്ച് എനിക്കൊന്നും എഴുതാൻ കിട്ടുകയില്ല. എങ്കിലും ജനനം മുതൽതന്നെ ഓരോ വിധത്തിലുള്ള ശാരീരിക അസ്വസ്ഥതകൾ അലട്ടികൊണ്ടിരുന്നുവെന്ന് പിൽക്കാലത്ത് അമ്മ എന്നോട് പറഞ്ഞിട്ടുണ്ട്. ബാല്യപ്രായത്തിലേയ്ക്ക് കടക്കുന്നതിനകം മൂന്നോ നാലോ പ്രാവശ്യം ഞാൻ ഈ ലോകം വിടുന്ന അവസ്ഥയിലായിട്ടുണ്ടത്രേ. പെരിങ്ങഴെ അന്ന് മുളയന്തടത്തിൽ കുട്ടി വൈദ്യൻ എന്നറിയപ്പെട്ടിരുന്ന ഒരു ബാല ചികിത്സാ വിദഗ്ധനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സാമർത്ഥ്യം കൊണ്ടാണ് ഞാൻ രക്ഷപ്പെട്ടത് എന്നാണ് എല്ലാവരും പറയുന്നത്. എതായാലും എനിക്ക് ഓർമ്മ വച്ചതിനുശേഷവും ഇടയ്ക്കിടയ്ക്ക് അസുഖങ്ങൾ ഉണ്ടാകുമായിരുന്നു. അപ്പോഴെല്ലാം കുട്ടി വൈദ്യനെ വീട്ടിൽ വരുത്തുകയോ എന്നെ വൈദ്യന്റെ അടുക്കൽ കൊണ്ടുപോകുകയോ ചെയ്യുമായിരുന്നു. അദ്ദേഹത്തെ ഞാൻ ഇപ്പോഴും ശരിയ്ക്ക് ഓർക്കുന്നുണ്ട്. ശാന്തനും മാന്യനുമായ ഒരു മനുഷ്യൻ. എപ്പോൾ കണ്ടാലും വായിൽ മുറുക്കാൻ ഉണ്ടായിരിക്കും. സംസാരരീതി ആരെയും ആകർഷിക്കുന്ന ഒന്നായിരുന്നു. എന്റെ പുത്തൻകുർബാനയ്ക്ക് അദ്ദേഹത്തെ പ്രത്യേകം ക്ഷണിക്കുകയും സൽക്കരിക്കുകയും ഒരു മുണ്ടും ഷർട്ടും നേരിയതും സമ്മാനമായി കൊടുക്കുകയും ചെയ്തു. അദ്ദേഹം മരിച്ചുപോയെങ്കിലും തന്റെ മക്കളിലൂടെ ബാല ചികിത്സ ഇപ്പോഴും തുടർന്നു പോരുന്നു.

എനിക്ക് എന്നാണ് ഓർമ്മശക്തി ഉണ്ടായത് എന്ന് കൃത്യമായി

പറയാൻ സാധിക്കുകയില്ല. എല്ലാ ശിശുക്കളെയും പോലെ മിക്കവാറും ഓടിക്കളിച്ച് നടക്കാൻ തുടങ്ങിയ കാലത്തായിരിക്കും. Heaven is about us in our infancy എന്ന് Wordsworth മഹാകവി പാടിയിട്ടുള്ള സ്വർഗ്ഗീയസാമീപ്യം അനുഭവിച്ചിരുന്ന ആ ശൈശവത്തെപ്പറ്റി സ്മരിക്കുവാൻ സാധാരണ ഗതിയിൽ ആർക്കും സാധിക്കുകയില്ല.

## *ശൈശവം*

എന്റെ ശൈശവകാലമത്രയും ഞാൻ മാതൃഭവനത്തിലാണു കഴിച്ചുകൂട്ടിയത്. കൃത്യമായി പറഞ്ഞാൽ ഞാൻ സ്ക്കൂളിൽ പോയിത്തുടങ്ങുന്നതുവരെ. ഞാനും അമ്മയും വല്ലപ്പോഴും ഒന്ന് ആരക്കുഴയ്ക്കുപോയി രണ്ടു മൂന്നു ദിവസം താമസിച്ചിട്ട് മടങ്ങിപ്പോരുകയായിരുന്നു പതിവ്. കാരണം സുവിദിതമാണല്ലോ. ഭർത്താവിന്റെ അഭാവത്തിൽ സ്വന്തം മാതാപിതാക്കളോടൊത്ത് കഴിയുവാനാണ് അമ്മ ഇഷ്ടപ്പെട്ടത്. ആരക്കുഴ വീട്ടിൽ ഉള്ളവർക്ക് തീർച്ചയായും ഇത് മനഃക്ലേശത്തിന് കാരണമായിട്ടുണ്ടായിരിക്കും. എന്നിരുന്നാലും ഭർതൃവിരഹത്താൽ വലയുന്ന അമ്മയുടെ ഇഷ്ടത്തിനും ആശ്വാസത്തിനും ഉപകരിക്കുന്ന മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് അവരാരും എതിരായിരുന്നില്ല. പിതാവ് മരിച്ചുപോയ കുഞ്ഞിനെ, അതിലുപരി പിതാവിനെ കാണാൻപോലുമുള്ളഭാഗ്യം ലഭിക്കാത്ത കുഞ്ഞിനെ എല്ലാവരും സഹതാപത്തോടെ വീക്ഷിക്കുകയും സ്നേഹിക്കുകയും ലാളിക്കുകയും ചെയ്തുപോന്നതുകൊണ്ട് എന്നെ വളർത്തുന്ന കാര്യത്തിൽ അമ്മയ്ക്കും വളരെ ആശ്വാസമായിരുന്നു. രക്തവാതകം പിടിപ്പെട്ട് കൈകൾ നിവർത്തിക്കുന്നതിനും നടക്കുന്നതിനും നിവർത്തിയില്ലാതെ നിത്യവും കട്ടിലിൽ തന്നെ കഴിഞ്ഞുകൂടിയിരുന്ന എന്റെ പിതാമഹനെ (അമ്മയുടെ അപ്പൻ) ഞാനിന്നും നന്നായി ഓർക്കുന്നു. വല്ല്യപ്പനുവേണ്ടി ഞാനെന്നും പ്രാർത്ഥിക്കാറുണ്ട്. എന്റെ ബാല്യ കാലത്തെക്കുറിച്ചോർക്കുമ്പോൾ എന്റെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന ഏക വ്യക്തി വല്ല്യപ്പൻ മാത്രമാണ്. വല്ല്യപ്പനെപ്പറ്റി പറഞ്ഞു കേട്ടിട്ടുള്ളതും ഞാൻ ഓർക്കുന്നതുമായ ചില കാര്യങ്ങൾ ഇവിടെ ചേർക്കുന്നത് വായനക്കാർക്ക് വിരസത ഉണ്ടാക്കാമെങ്കിലും വല്ല്യപ്പനും ഞാനും തമ്മിലുള്ള ബന്ധം വ്യക്തമാക്കാനതു സഹായിക്കും.

എന്റെ അമ്മ വിഷമം കൂടാതെ പ്രസവിച്ചു എന്നറിഞ്ഞപ്പോൾ തന്നെ വല്ല്യപ്പന് ആശ്വാസവും സന്തോഷവുമായി. ഞാൻ ജനിച്ചു കിടക്കുന്ന മുറിവരെ നടന്നു വന്ന് എന്നെ കാണാൻ കഴിവില്ലാത്തതുകൊണ്ടും വല്ല്യപ്പൻ തന്റെ കിടക്കയിൽ നിന്ന് 'എടി പിള്ളേരേ, എന്ന് വാതോരാതെ വിളി തുടങ്ങി. 'എടീ കൊച്ചിനെ ഇങ്ങു കൊണ്ടു വാ' എന്ന് തിടുക്കം കൂട്ടി. കുളിപ്പിച്ചു കഴിഞ്ഞ ഉടനെ വല്ല്യപ്പനെ കാണിക്കുന്നതിലും വല്ല്യപ്പന്റെ അനുഗ്രഹം വാങ്ങുന്നതിനുമായി എന്നെ നേരെ വല്ല്യപ്പന്റെ അടുക്ക

ലേയ്ക്ക് കൊണ്ടുപോയി. എന്നെ കയ്യിലെടുക്കണമെന്ന് ആഗ്രഹം. പക്ഷേ, കൈ നിവരുകയില്ല. എന്നെ എടുത്തു കൊണ്ട് നടക്കാൻ കാലിന് സ്വാധീനവും ഇല്ല. എപ്പോഴും കട്ടിലിൽ എഴുന്നേറ്റ് കാലുനീട്ടി ഇരിക്കാറുള്ള വല്ല്യപ്പൻ അപ്പോഴും പതിവുപോലെ എന്നെ തന്റെ മടിയിൽ സ്വീകരിക്കാൻ തയ്യാറായിരുന്നു. എന്നെയും കൊണ്ട് ചെന്ന അമ്മാമ്മ (അമ്മയുടെ അമ്മായി) യുടെ കൈകളോടുകൂടി വല്ല്യപ്പന്റെ നിവരാത്ത കൈകൾ കൊണ്ട് താങ്ങി എന്റെ രണ്ടു കവിളുകളിലും മാറിമാറി മുത്തം തന്നു. എന്നിട്ട് എന്നെ തന്റെ മടിയിൽ കിടത്താൻ നിർദ്ദേശിച്ചു. അപ്പോഴെയ്ക്കും അവിടെ നിന്നിരുന്ന എല്ലാവരുടെയും കണ്ണുകൾ നിറയുമാറ് വല്ല്യപ്പൻ പൊട്ടിക്കരഞ്ഞുകൊണ്ട് കുറെനേരം വിവശനായിരുന്നു.

മനുഷ്യൻ ജനിക്കുമ്പോൾ എല്ലാവരും സന്തോഷിക്കുന്നു. എന്നാൽ ജനിച്ച കുഞ്ഞ് കരയുന്നു. മനുഷ്യൻ മരിക്കുമ്പോൾ എല്ലാവരും കരയുന്നു. മരിച്ചാൽ മാത്രം കരയാതെ കിടക്കുന്നു. ഞാനപ്പോൾ കരഞ്ഞോ ചിരിച്ചോ എന്നറിഞ്ഞുകൂടാ. ഏതായാലും വല്ല്യപ്പന്റെ കരച്ചിൽ കാതലായ കാര്യമുണ്ട്. എന്റെയും എന്റെ അമ്മയുടെയും ഭാവിയെ ഓർത്തിട്ട് മാത്രമായിരുന്നു അത് എന്ന് തീർച്ചയാണ്. "കൊച്ച് ഉള്ളിൽ കിടന്നപ്പോൾ അവൾ കണ്ണീർകൊണ്ട് കുളിപ്പിച്ചു. ഇപ്പോൾ കൊച്ച് അച്ചന്റെ (അച്ചൻ എന്നാണ് മക്കൾ എല്ലാവരും വല്ല്യപ്പനെ വിളിച്ചിരുന്നത്) മടിയിൽ കിടക്കുമ്പോഴും അച്ചൻ കൊച്ചിനെ കണ്ണീരുകൊണ്ട് കുളിപ്പിക്കയാണോ" എന്ന് ചോദിച്ച് എല്ലാവരും വല്ല്യപ്പനെ കളിയാക്കി സമാധാനിപ്പിച്ച് എന്നെ അമ്മയുടെ പ്രസവ മുറിയിലേയ്ക്ക് കൊണ്ടു പോയി. അപ്പോഴെയ്ക്കും അവിടെ വലിയ കരച്ചിൽ "എടി പെണ്ണേ, അനങ്ങാതെ മര്യാദയ്ക്ക് കിടക്ക്. നീ വല്ല സുഖക്കേടും പിടിപ്പിക്കും" എന്ന് ശാസിച്ച് എല്ലാവരും കൂടി അമ്മയെ ശാന്തമാക്കി കിടത്തി. അങ്ങനെ ആ കണ്ണീരിന്റെ പുത്രൻ അമ്മയുടെ മാറിലും, വല്ല്യപ്പന്റെ മടിയിലും, മറ്റുള്ളവരുടെ ഒക്കത്തുമായി വളരാൻ തുടങ്ങി. ഏറെ നാൾ കുട്ടികളില്ലാതെ കഴിഞ്ഞ വീട്ടിൽ എന്റെ സാന്നിദ്ധ്യം കൊണ്ട് ഒരു നവജീവൻ കൈവന്നാലെന്നപോലൊരു മാറ്റം. അടുത്തടുത്തു താമസിക്കുന്ന അമ്മയുടെ ആങ്ങളമാരുടെ മക്കൾ അവിടം വിട്ട് പോകാതായി. ചിലർ എന്നെ എടുത്തുകൊണ്ട് അവരുടെ വീടുകളിലേക്ക് ഓടും. ആ വിഷയത്തിൽ പലപ്പോഴും ഒരു മത്സരബുദ്ധിതന്നെ കാണപ്പെടാറുണ്ടായിരുന്നുവത്രേ. എന്നെ കൊണ്ടു പോകാൻ അമ്മ അനുവദിച്ചില്ലെങ്കിൽ ചിലർ സൂത്രത്തിൽ എന്നെ ഒളിച്ചുഎടുത്തുകൊണ്ട് ഓടും. 'കുഞ്ഞമ്മായി എന്റെ പിന്നാലെ പാഞ്ഞെത്തും. ഞാൻ വിടുമോ. അവിടെ ഒരു പിടിവലി നടക്കും.' ഇക്കാര്യം ഇപ്പോഴും ജീവിച്ചിരുക്കുന്ന നെമറ്റത്തിലെ വല്യ പെങ്ങൾ (അമന്തുരുത്തിയിൽ കെട്ടിച്ചിരിക്കുന്നത്.) ഇപ്പോഴും പറഞ്ഞ് ചിരിക്കാറുണ്ട്. പെങ്ങളുടെ ഓർമ്മ തീരെ നശിച്ചെങ്കിലും ഇക്കാര്യം ഇപ്പോഴും ഓർക്കുന്നുണ്ട്. ഞാൻ കാണാൻ ചെല്ലുമ്പോഴെക്കെ ഇക്കാര്യം പറയുകയും ചെയ്യും. ഇവിടെ ആ പെങ്ങളെപറ്റി അല്പമെന്ന്

പരാമർശിച്ചുകൊള്ളട്ടെ. എന്റെ അമ്മയുടെ രണ്ടാമത്തെ ആങ്ങള സ്ക്കറിയായുടെ മൂത്ത മകളാണ് റോസ. മൈലക്കൊമ്പിൽ അമന്തുരിത്തിയിലാണ് വിവാഹിതയായിരിക്കുന്നത്. എന്നെ ഏറ്റം സ്നേഹിച്ചിട്ടുള്ളതും സ്നേഹിക്കുന്നതുമായ പെങ്ങൾ ഈ റോസയാണ്. ഞാൻ വലിയ പെങ്ങൾ എന്നാണ് വിളിക്കുന്നത്. വല്ല്യപെങ്ങൾക്ക് നാല് ആൺമക്കളും രണ്ട് പെൺമക്കളുമാണുള്ളത്. മൂത്ത മകൾ ഡെയിസി കുടുംബസമ്മേതം കാനഡയിൽ സ്ഥിരതാമസമാണ്. അവൾ നേഴ്സാണ്. ആൺമക്കളിൽ ഏറ്റവും മൂത്തവനും ഇളയവനും മാതാപിതാക്കൾ ജീവിച്ചിരിക്കേതന്നെ അടുത്തടുത്ത് മരിച്ചു. മൂന്നാമത്തെ മകൻ കുടുംബസമ്മേതം ബോംബയിലാണ്. അവിടെത്തന്നെ ജോലിയും സ്ഥിരതാമസവും. അവൻ ഇപ്പോൾ കാൻസർ രോഗിയാണ്. അവനും മാതാപിതാക്കമാർ ജീവിച്ചിരിക്കേതന്നെ ഈ ലോകം പിരിയുന്നമട്ടാണ്. വല്യ പെങ്ങളും അളിയനും വാർദ്ധക്യത്തിലെത്തി. രണ്ടു പേരും രണ്ടാമത്തെ മകൻ പാപ്പച്ചന്റെ സംരക്ഷണത്തിൽ സുഖമായി കഴിയുന്നു. പെങ്ങൾക്ക് തീരെ ഓർമ്മയില്ല. പ്രാഥമികാവശ്യങ്ങൾക്കുപോലും മറ്റുള്ളവരുടെ സഹായം വേണം. ഒരുകാലത്ത് ഇവർ നിസ്തന്തര പരിശ്രമം കൊണ്ട് ഇന്ന് മൈലക്കൊമ്പിൽ സാമ്പത്തികമായി മുൻപന്തിയിൽ തന്നെ. രണ്ടാഴ്ചയിലൊരിക്കലെങ്കിലും ഞാൻ പെങ്ങളെ പോയി കാണാറുണ്ട്. അപ്പോഴെക്കെ ഞാൻ ചിന്തിക്കാറുള്ള കാര്യം ഇവിടെ രേഖപ്പെടുത്തട്ടെ.

സാധാരണയായി മക്കൾ വിദ്യാസമ്പന്നരോ, വലിയ വ്യവസായ പ്രമുഖരോ അല്ലെങ്കിൽ വലിയ സ്ഥാനമാദികളുടെ ഉടമകളോ പണക്കാരോ ആയിതീർന്നാൽ വൃദ്ധരായ മാതാപിതാക്കൾ അനാഥരായിതീരുന്ന ഒരു പ്രവണത കണ്ടുവരാറുണ്ട്. അവരെ സംരക്ഷിക്കുന്നതിന് പണം ചെലവാക്കാനുള്ള മടികൊണ്ടല്ല, അവരെ പരിചരിക്കുന്നതിന് സമയമോ ആളോ കണ്ടെത്താത്തതുകൊണ്ടാണ്. എന്നാൽ പെങ്ങളെയും അളിയനെയും സംബന്ധിച്ചിടത്തോളം ഇതൊരപവാദമാണ്. നല്ല ശമ്പളം കൊടുത്ത് സ്നേഹമയിയായ ഒരു സ്ത്രീയെ, നോക്കുന്നതിന് പാപ്പച്ചൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. ആ സ്ത്രീ പെങ്ങളെ സ്വന്തം അമ്മയെപ്പോലെ അന്വേഷിക്കുന്നതും പെങ്ങളുടെ കാര്യങ്ങൾ നടത്തികൊടുക്കുന്നതും കണ്ടിട്ട് സ്വന്തം മക്കൾ പോലും ഇങ്ങനെ ചെയ്യുമോ എന്ന് ഞാൻ ഓർത്തുപോയിട്ടുണ്ട്. ഞാൻ അയിരുപ്പാടത്ത് ചില ജീവകാരുണ്യ പ്രവർത്തനങ്ങൾ ആരംഭിച്ചകാലത്ത് എനിക്ക് പരിചയമുള്ള ഒരു ഡോക്ടർ എന്നോടു പറഞ്ഞ ഒരു കാര്യം ഞാനോർക്കുന്നു. "അച്ചാ, അച്ചൻ ഈ പാവപ്പെട്ട പെൺക്കുട്ടികൾക്കും അനാഥശിശുക്കൾക്കും ഒക്കെ വേണ്ടി വളരെ നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ടല്ലോ. എന്നെപ്പോലെ അഭ്യസ്ത വിദ്യരും നല്ല നിലയിൽ കഴിഞ്ഞവരുമായ വൃദ്ധൻമാർക്കുവേണ്ടി ഒരു സങ്കേതം അച്ചന് ഉണ്ടാക്കിക്കൂടെ." അദ്ദേഹം തുടരുകയാണ്, "ഞാൻ എറണാകുളത്തെ പേരെടുത്ത ഒരു ഡോക്ടറായിരുന്നു. ഇപ്പോൾ വയസ്സായി. ജോലി ചെയ്യുന്നതിനുള്ള

കഴിവോ ആരോഗ്യമോ ഇല്ല. എന്റെ മക്കളെല്ലാം നല്ല നിലയിൽ ഉദ്യോഗസ്ഥരും ഉന്നതസ്ഥാനങ്ങളുമാണ്. മൂത്ത മകൻ ഒരു ഡോക്ടറും മെഡിക്കൾ കോളേജ് പ്രൊഫസറുമാണ്. ഞാൻ അവന്റെ കൂടെയാണ് താമസം. അവന്റെ സഹപ്രവർത്തകരും സ്നേഹിതൻമാരുമെക്കെ വീട്ടിൽ വരും. ഞാൻ പണ്ട് ആന മേച്ച കാര്യം ഓർത്തുകൊണ്ട് വല്ലപ്പോഴും അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടും. പക്ഷേ, അപ്പോൾ എന്റെ മകന്റെ മുഖം ചുളിയുന്നതു കാണാം. മക്കൾ പിതാവിനെക്കാൾ വലിയവരാകുമ്പോൾ പിതാവ് താനേ ചെറുതാകുമല്ലോ. ഇങ്ങനെ വിഷമിക്കുന്ന നിരവധി പിതാക്കൻമാരും മാതാക്കളും ഉണ്ട്. ഇക്കൂട്ടർക്കാടി അച്ചൻ ഒരു പ്രസ്ഥാനം തുടങ്ങിയാൽ വളരെ നന്നായിരിക്കും. പണം ഒരു പ്രശ്നമാകയില്ലതാനും. ഞാൻ ആലോചിച്ചു; ഇവർക്കൊരു സങ്കേതം സ്വാഗതാർഹമാണ്. കാരണം ഇങ്ങനെ മാനസികമായി ക്ലേശിക്കുന്ന മാതാപിതാക്കൻമാർവലരെയേറെ ഉണ്ട്. ഞാൻ യൂറോപ്പിലായിരുന്നപ്പോൾ ഇങ്ങനെയുള്ള വൃദ്ധക്കായി നടത്തപ്പെടുന്ന ഒന്നിലധികം ഭവനങ്ങളിൽ പോകാൻ ഇടയായി. മക്കളും കുടുംബവുമായി യാതൊരു ബന്ധവുമില്ലാതെ ശാരീരിക നന്മകൾ മാത്രം സ്വീകരിച്ച് മാനസികമായ യാതൊരാശ്വാസവും മക്കളിൽ നിന്നും ലഭിക്കാതെ കഴിഞ്ഞുകൂടുന്ന ഒരു പറ്റം വൃദ്ധജനങ്ങൾ. ഞായറാഴ്ചതോറും കുറച്ചു പൂക്കളുമായി ചുരുക്കം ചില മക്കൾ വന്ന് കണ്ണെങ്കിലായി.........വന്നാൽത്തന്നെയും കൂടിയാൽ അരമണിക്കൂർ ആ മക്കൾ മാതാപിതാക്കളോടൊത്ത് കഴിച്ചുകൂട്ടിയിട്ട് സ്ഥലം വിടും.

എന്തോ ഇങ്ങനെയൊരു പ്രസ്ഥാനത്തിലേയ്ക്ക് എന്റെ ശ്രദ്ധ തിരിഞ്ഞില്ല. കാരണം വേദന സഹിച്ച് ജന്മം നൽകി ബുദ്ധിമുട്ടി വളർത്തി വിദ്യാഭ്യാസം നൽകി മക്കളെ നല്ല നിലയിൽ എത്തിച്ച മാതാപിതാക്കൻമാരെ വാർദ്ധക്യത്തിൽ കൈവിടുന്ന മക്കൾ തങ്ങളുടെ മാതാപിതാക്കളുടെ നിസ്സഹായാവസ്ഥ മനസ്സിലാക്കി വേണ്ട വിധം പ്രവർത്തിച്ചില്ലെങ്കിൽ അവരുടെ കുടുംബം നിലനിൽക്കുകയില്ല. വൃദ്ധർക്കായി ഒരു പ്രസ്ഥാനമുണ്ടായാൽ മക്കൾ, മാതാപിതാക്കളെ അവിടേയ്ക്ക് തള്ളിവിട്ടിട്ട് തങ്ങളുടെ കടമ നിറവേറ്റിയെന്ന്............ സമാധാനിക്കും. അങ്ങനെ സമാധാനിക്കാൻ ഇടവരരുത്. മാതാപിതാക്കളെ അവരുടെ വാർദ്ധക്യത്തിൽ സംരക്ഷിച്ചും പരിച്ചരിച്ചും അവരുടെ മരണംവരെ മക്കളോടുകൂടി കഴിഞ്ഞുകൂടിയെങ്കിൽ മാത്രമേ മക്കൾക്ക് സമാധാനവും സംതൃപ്തിയും കുടുംബത്തിന് ഐശ്വര്യവും ഉണ്ടാകയുള്ളു എന്ന് വിശ്വസിക്കുന്നവനാണ് ഞാൻ.

ഞാൻ വിഷയത്തിൽ നിന്ന് വ്യതിചലിച്ചുപോയെന്ന് തോന്നുന്നു. എന്റെ ശൈശവകാലത്തെപ്പറ്റിയാണല്ലോ പ്രതിപാദിച്ചുകൊണ്ടിരുന്നത്. ശൈശവകാലമത്രയും ഞാൻ മാതൃഭവനത്തിൽ തന്നെയായിരുന്നു. വല്ലപ്പോഴും ഒന്നോ രണ്ടോ ആഴ്ചത്തേയ്ക്ക് അമ്മ എന്നെയും കൊണ്ട് പിതൃഭവനത്തി ചെന്ന് താമസിച്ചിട്ട് മടങ്ങിപ്പോരുകയായിരുന്നു പതിവ്.

എല്ലാവരുടെയും കണ്ണിലുണ്ണിയായി നാലഞ്ചുസംവത്സരങ്ങൾ മാതൃഭവനത്തിലും ചുരുക്കം ദിവസങ്ങൾ പിതൃഭവനത്തിലുമായി കടന്നുപോയി.

നിലത്തെഴുത്ത്

ഇന്നത്തെപ്പോലെ അന്ന് നേഴ്സറിയോ, LKG യോ UKG യോ ഒന്നും ഉണ്ടായിരുന്നില്ല. ആ സ്ഥാനത്ത് ആശാൻ കളരിയാണ്. ഞാൻ ആശാൻ കളരിയിൽ പഠിച്ചിട്ടില്ലെങ്കിലും കളരിയെപ്പറ്റി പലതും പറഞ്ഞു കേട്ടിട്ടുണ്ട്. പുസ്തകത്തിന്റെ സ്ഥാനത്ത് ഓലയും ഓലക്കെട്ടും, നോട്ടു ബുക്കുകളുടെ സ്ഥാനത്ത് നിലത്തു വിരിച്ച മണലുമായിരുന്നു. ആശാൻകളരിയിലെ ശിക്ഷാരീതികളും ഭയം ജനിപ്പിക്കുന്നവരായിരുന്നു. ആശാൻ ഓലയിൽ എഴുതാൻ ഉപയോഗിക്കുന്ന നാരായം കൊണ്ട് അകത്തുടയിലും കൈയിലും പിച്ചും, ചിലപ്പോൾ രക്തം വരുന്നതു വരെ........ ഇതിനിടയിൽ ചിലർ മലമൂത്രവിസർജ്ജനം പോലും ചെയ്തു പോകുമത്രേ. മണലിൽ വിരലുകൊണ്ടാണ് എഴുതുക. എഴുതുന്നത് തെറ്റിപ്പോയാൽ ആശാൻ തന്റെ ബലിഷ്ഠമായ കൈ കൊണ്ട് കുട്ടികളുടെ വിരൾ ശക്തിയായി അമർത്തി മണലിൽ ശരിയായി വീണ്ടും എഴുതിക്കും. ഈ രീതിയിലുള്ള ശിക്ഷാരീതികൾ കുട്ടികളെ പലപ്പോഴും കളരിയിൽ പോകുന്നതിന് മടിയൻമാരും ഭയചകിതരുമാക്കാറുണ്ടായിരുന്നു. ഏതായാലും ഇങ്ങനെ ഒരു അനുഭവത്തിന് ഞാൻ അടിമയാകേണ്ടി വന്നില്ല എന്നത് ആശ്വാസപ്രദമാണ്.

എന്റെ പിതാമഹൻ ഒരു വൈദ്യനായിരുന്നെന്നും രക്തവാത ബാധയാൽ അദ്ദേഹത്തിന്റെ കൈകൾക്ക് സ്വാധീനം ഉണ്ടായിരുന്നില്ലെന്നും മുമ്പൊരിടത്ത് സൂചിപ്പിച്ചിട്ടുണ്ടല്ലോ. തന്മൂലം തന്നെ കാണാൻ വരുന്ന രോഗികൾക്ക് കഷായത്തിന് കുറിച്ചു കൊടുക്കുന്നതിന് ഒരാളെ ഏർപ്പെടുത്തിയിരുന്നു. അയാളെ ഞാനിപ്പോഴും ഓർക്കുന്നു. ഒരു നല്ല മനുഷ്യൻ. വയസ്സ് ഒരു അറുപതിനുമേൽ കാണും. മുടി പുറകോട്ട് നീട്ടി കെട്ടിവച്ച് മൂക്കിൽ ഇറങ്ങിക്കിടക്കുന്ന ഒരു പഴയ കണ്ണടയും വച്ച് ജരാനരാദികൾ കടന്നാക്രമിച്ചു തുടങ്ങിയ ആ മനുഷ്യന്റെ ചിത്രം എനിക്ക് വിസ്മരിക്കാൻ സാധിക്കുന്നില്ല. ആശാനെന്നാണ് അയാളെ വല്ല്യപ്പനും മറ്റുള്ളവരും വിളിച്ചിരുന്നത് കേശവൻ നായർ എന്നോ മറ്റോ ആയിരുന്നു പോരെന്നാണ് ഓർമ്മ. കഷായത്തിന് എഴുതുവാൻ സമയമാകുമ്പോൾ ആശാനേ എന്ന് വല്ല്യപ്പൻ നീട്ടിവളിക്കും. അപ്പോഴെയ്ക്കും ആശാൻ ഓലയും നാരായവുമായി എത്തിക്കഴിഞ്ഞു. വൈദ്യനെ കാണാൻ വരുന്ന രോഗികൾ വൈദ്യനു ദക്ഷിണ വയ്ക്കുന്ന പതിവുണ്ട്. വല്ല്യപ്പൻ ആരോടും പണം വാങ്ങിച്ച് ഞാൻ കണ്ടിട്ടില്ല. ചിലർ പുകയില്ല, മറ്റു ചിലർ പഞ്ചസാര, വേറെ ചിലർഏത്തക്കുല ഇങ്ങനെ പലരും പലവിധ സാധനങ്ങൾ കൊടുക്കും. അത് കിട്ടണമെന്ന് നിർബന്ധമോ, കൊടുക്കുന്നവരോട് യാതൊരു

പ്രത്യേകതയോ ഉള്ളതായി ഒരിക്കലും ഞാൻ കണ്ടിട്ടില്ല. എന്നാൽ ആശാൻ കഷായക്കുറിപ്പ് കൊടുക്കുമ്പോൾ ആശാന് ഒരു ചക്രം കൊടുക്കണമെന്ന് നിർബന്ധമായിരുന്നു. അതായിരുന്നു ആശാന്റെ ശമ്പളം. 15 മുതൽ 20 വരെ ചക്രം ആശാനു കിട്ടിപ്പോന്നു. അന്നത്തെ സ്ഥിതിക്ക് അത് ഒരദ്ധ്യാപകനേക്കാൾ കൂടിയ ശമ്പളമായിരുന്നു. വല്ല്യപ്പന്റെ ഒരാശ്രിതനും വിശ്വസ്തനുമായിരുന്ന ഈ ആശാനാണ് എന്റെ പ്രഥമ ഗുരുവാകാനുള്ള ഭാഗ്യം കിട്ടിയത്.

നാലു വയസ്സ് കഴിഞ്ഞിരിക്കണമെന്നാണ് എനിക്കു തോന്നുന്നത് എന്നെ ആശാന്റെ അടുത്ത് എഴുത്തിനിരുത്തുമ്പോൾ. അതിന് പ്രത്യേക ചടങ്ങ് ഒന്നും ഉണ്ടായിരുന്നതായി ഞാനോർക്കുന്നില്ല. കാരണം, ആശാന്റെ ജോലിക്കിടയ്ക്കുള്ള ഒരു ഇടവേള പ്രവർത്തനം എന്ന നില വിട്ട് ഔദ്യോഗികമായ ഒരു പഠിപ്പിക്കൽ എന്ന് അതിനെ കണക്കാക്കിക്കൂടല്ലോ. ഞാനും ആ പഠനത്തിന് അത്രയുമേ പ്രാധാന്യം കൊടുത്തിരുന്നുള്ളൂ. എനിക്കു തോന്നിയാൽ ചെല്ലും. ചെന്നാൽ ആശാൻ വല്ലതും എഴുതിക്കും. ഞാനത് എഴുതിയെങ്കിലായി; ഇല്ലെങ്കിലായി. കളിയിലായിരുന്നു എന്റെ ഭ്രമം മുഴുവനും. എന്റെ പ്രായത്തിലുള്ളവരും അല്പം മുതിർന്നവരുമായി അച്ചൻമാരുടെ മക്കൾ പലരുണ്ടായിരുന്നതുകൊണ്ട് കളിത്തോഴന്മാരെ എങ്ങും അന്വേഷിച്ചു പോകേണ്ടിവന്നിട്ടില്ല. അവരിങ്ങോട്ട് വരികയാണു പതിവ്. അല്ല ഇനി എവിടെ എങ്കിലും പോകണമെന്നു വച്ചാലും അമ്മ വിടുകയില്ല. ഇങ്ങനെ കഷായമെഴുത്ത് ആശാന്റെ ശിക്ഷണത്തിൽ അക്ഷരങ്ങളും കൂട്ടി വായിക്കാനും കുറച്ചു വാക്കും പഠിച്ചിരിക്കണം. അതിന് ഏതാണ്ട് ഒരു കൊല്ലത്തിലധികം എടുത്തു കാണണം കാരണം, ആശാന്റെ ഒഴിവു സമയവും എന്റെ നല്ല നേരവും നോക്കി വേണമല്ലോ ആശാന് പഠിപ്പിക്കാൻ. ഇന്നത്തെപ്പോലെ വാക്കുകളിൽക്കൂടി അക്ഷരങ്ങൾ പഠിപ്പിക്കുന്ന ശാസ്ത്രീയമായ രീതിയില്ലല്ലോ അന്ന്. ആശാൻ ഓലയിൽ അകാരാദി എഴുത്താണികൊണ്ട് എഴുതിത്തരും. അത് പിന്നീട് മഷിയിട്ട് വ്യക്തമാക്കും. എന്നിട്ടതുനോക്കി നിലത്ത് വിരിച്ച മണലിൽ ചൂണ്ടു വിരൽ കൊണ്ട് എഴുതണം. ദിവസത്തിൽ ഒരക്ഷരംവച്ച് ഞാൻ പഠിച്ചിട്ടുണ്ടോയെന്ന് സംശയമാണ്. കളിയിലായിരുന്നു ഭ്രമം. എഴുതാനേല്പിച്ചിട്ട് ആശാൻ കഷായത്തിനെഴുതാൻ പോകുന്ന തക്കം നോക്കി കളിക്കാനാരെയെങ്കിലും കണ്ടാൽ ഞാൻ സ്ഥലം വിടും. ആശാൻ മടങ്ങി വരുമ്പോൾ നിരന്നു കിടക്കുന്ന മണൽമാത്രം. എന്റെ കളിത്തോഴരാരെല്ലാമായിരുന്നുവെന്നല്ലേ. അടുത്തു താമസിക്കുന്ന അമ്മാവൻമാരുടെ മക്കൾ മാത്രം. പുറത്താരുമായി സമ്പർക്കം പുലർത്തുന്നതിന് അമ്മ അനുവദിച്ചിരുന്നില്ല.

കളിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ വല്ല്യപ്പൻ വിളിക്കും. 'കുഞ്ഞേ'കുഞ്ഞെന്നാണ് ചെറുപ്പത്തിൽ എല്ലാവരും വിളിച്ചിരുന്നത്. ആ വിളി സ്വാഭാവികമായി കളിച്ചുകൊണ്ടിരിക്കുന്ന ഏതൊരു കുട്ടിക്കും

ഹൃദയഭേദകമാണ്. മനസ്സില്ലാമനസ്സോടെ ഞാനോടിച്ചെല്ലും. സ്നേഹം നിറഞ്ഞ വാക്കുകളോടെ വല്യപ്പൻ പറയും. "മോനേ, ഇങ്ങനെ കളിച്ചു നടന്നാൽ മതിയോ. വല്ലതും പഠിക്കണ്ടേ. ആശാന്റെ അടുത്ത് ഇരുന്ന് വല്ലതുമൊക്കെ പഠിക്ക്. അടുത്തകൊല്ലം സ്ക്കൂളിൽ പോകണ്ടേ." ആ ചോദ്യം എന്നെ ചിന്താകുലനാക്കി. സ്ക്കൂളിൽ പോകുകയോ. അപ്പോൾ പിന്നെ വല്യപ്പന്റെ കട്ടിലിനരികെ നിന്ന് എങ്ങനെ ഏത്തപ്പഴം വാങ്ങിതിന്നാൻ പറ്റും. എന്നും നാലു മണിക്ക് കാപ്പി കുടിക്കുമ്പോൾ വല്ല്യപ്പൻ ഒരു ഏത്തപ്പഴം ചുട്ടത് തിന്നുക പതിവായിരുന്നു. ഞാൻ വല്യപ്പന്റെ അടുത്തുണ്ടാകണം. ഏത്തപ്പഴത്തിൽ പകുതി എന്റെ അവകാശമാണ്. അന്നങ്ങനെ ഏത്തപ്പഴം ചുട്ടു തിന്നു പഠിച്ചിട്ടായിരിക്കും തുടർന്നും ഇന്നും ഞാൻ ചുട്ട ഏത്തപ്പഴം മാത്രമേ ഭക്ഷിക്കാറുള്ളൂ. ഓമനിച്ചും ലാളിച്ചും വളർത്തപ്പെട്ട ഞാൻ എന്റെ ബാല്യകാലത്തെപ്പറ്റി ഓർക്കുമ്പോൾ ഞാനത്ര മര്യാദക്കാരനായിരുന്നുവെന്ന് തീർത്തുപറയുക വിഷമമാണ്. അതിനാണോ എന്തോ ഞാനൊരു സിദ്ധാന്തിയും പിടിവാശിക്കാരനുമായിരുന്നു. എന്റെ അമ്മയോ എന്നെക്കാൾ വലിയ വാശിക്കാരിയും. കൊച്ചല്ലേ എന്നോർത്തിട്ടെങ്കിലും എന്റെ യാതൊരു വാശിയും വകവച്ചു തന്നിരുന്നില്ല. അതിനെ തിരായ എന്റെ ആയുധം കരച്ചിൽ മാത്രം. അതിലൊന്നും അമ്മ കുടുങ്ങിയിരുന്നില്ല. നിലവിളി നിറുത്തിയെങ്കിൽ പിന്നെ ചൂരൽക്കഷായമാണ്. ഞാനമ്മയുടെ കയ്യിൽ നിന്നും വാങ്ങിട്ടുള്ള അടിക്കു കണക്കില്ല. അപ്പോഴെല്ലാം ആശ്രയം വല്യപ്പനായിരുന്നു. വല്യപ്പൻ അമ്മയെ ശാസിക്കുകയും എന്നെ വിളിച്ച് തലോടി എന്റെ ആഗ്രഹങ്ങൾ സാധിച്ചു തരികയും ചെയ്യുമായിരുന്നു. ഈ പതിവ് എന്നെ കുറെ വഷളാക്കിയില്ലേ എന്നു ഞാൻ സംശയിക്കുന്നു. വല്യപ്പന്റെ പിന്തുണയുണ്ടല്ലോ എന്ന ധൈര്യം എന്നെ കൂടുതൽ വാശിപിടിപ്പിക്കുന്നതിന് പ്രേരണ നല്കിയിട്ടുണ്ട്. ഫലമോ അമ്മയുടെ കയ്യിൽ നിന്നും കൂടുതൽ അടിയും. ബാല്യത്തിൽ ഞാനൊരു സൽസ്വഭാവി ആയിരുന്നുവെന്ന് പറയുവാൻ എനിക്കവകാശമുണ്ടെന്ന് തോന്നുന്നില്ല. ഒരു വശത്ത് അമ്മയുടെ കർക്കശ്യസ്വഭാവവും മറുവശത്ത് വല്യപ്പന്റെ സാന്ത്വന വാക്കുകളും ലാളനയും എന്നെ കൂടുതൽ വാശിക്കാരനാക്കുകയാണ് ചെയ്തത്. ഞാനെന്താഗ്രഹിക്കുന്നുവോ അതു നടക്കണം എന്ന സിദ്ധാന്തം എന്നെ മർക്കടമുഷ്ടിക്കാരനാക്കിത്തീർത്തുവെന്ന് തോന്നുന്നു. ഏതായാലും ഈ പോക്കിന് ഒരു വിരാമം കൈവരുന്നത് എന്റെ സ്ക്കൂൾ വിദ്യാഭ്യാസാരംഭത്തോടെയാണ്.

Q

# പ്രാഥമിക വിദ്യാഭ്യാസം

എനിക്ക് ആറുവയവസ്സ് തുടങ്ങുന്നതിനു മുമ്പ് തന്നെ കൃത്യമായി പറഞ്ഞാൽ 1925 ജൂൺ മാസത്തിൽ എന്നെ ആരക്കുഴ എൽ. പി. സ്ക്കൂളിൽ ഒന്നാം ക്ലാസിൽ ചേർത്തു. ഇതോടെ അന്നുവരെ എന്റെ തുണയും തണലും എന്നല്ല എല്ലാമെല്ലാമായിരുന്ന വല്ല്യപ്പനിൽ നിന്ന് വിട്ടുനില്ക്കേണ്ടിവന്ന വ്യഥ എന്നിൽ ഒരാഘാതംതന്നെ ഏല്പ്പിച്ചു. എന്തു ചെയ്യാം, നിവൃത്തിയില്ലല്ലോ, പിതൃഭവനമല്ലേ ഭാവിയിൽ അഭസ്ഥാനവും ആശ്രയവും അവകാശവും. അതുകൊണ്ടു തന്നെയാണ് പെരിങ്ങഴയുള്ള സ്ക്കൂളിൽ എന്നെ അയ്ക്കാതെ ആരക്കുഴയ്ക്കു കൊണ്ടുപോന്നത്.

സ്ക്കൂളിൽ പോകുന്നതിന് എനിക്ക് ഒട്ടും ഇഷ്ടമുണ്ടായിരുന്നില്ല. അടി വാങ്ങാതെ സ്ക്കൂളിൽ പോയിട്ടുള്ള ദിവസങ്ങൾ ചുരുക്കമാണെന്നാണ് എന്റെ ഓർമ്മ. വയസ്സ് അഞ്ചാറായെങ്കിലും അപ്പോഴും ഒരു ശിശുവാണെന്നായിരുന്നു എന്റെ വിചാരം. പറയുമ്പോൾ ലജ്ജയുണ്ട്. ആ പ്രായത്തിലും ഞാൻ അമ്മയുടെ പാൽ കുടിച്ചിരുന്നു. അമ്മ തന്നെ എന്നെ സ്ക്കൂളിൽ കൊണ്ടുവിടണമെന്നായിരുന്നു ആരംഭക്കാലത്തെ നിർബന്ധം. അതുമാത്രമല്ല സ്ക്കൂൾ അടുക്കുമ്പോൾ കിണുങ്ങാൻ തുടങ്ങും. എന്തിനാണെന്നോ, കുഞ്ഞല്ലേ, അമ്മിണിപ്പാലിനുവേണ്ടി. സ്ക്കൂളിനടുത്തുള്ള ഒരു ഇടത്തൊണ്ടിലേക്കു മാറിനിന്ന് അമ്മ എനിക്ക് അമ്മിഞ്ഞതന്ന് എന്നെ സ്ലേറ്റും പുസ്തകവുമായി സ്ക്കൂളിലാക്കും. ഈ സംഭവം ഇന്നും ഞാൻ കൃത്യമായി ഓർക്കുന്നു.

ഒന്നാം ക്ലാസ്സിൽ അന്നത്തെ ആദ്ധ്യാപകൻ കപ്യാർമലയിൽ കുഞ്ഞാപ്പു സാറായിരുന്നു. സ്നേഹനിധിയും അതേസമയം കർക്കശനുമായിരുന്ന അദ്ദേഹം ഇപ്പോഴും എന്റെ ഓർമ്മയിൽ തങ്ങി നില്ക്കുന്നു. ആദ്യകാലങ്ങളിൽ സ്ക്കൂളിൽ പോകാൻ മടി കാണിച്ചിരുന്നെങ്കിലും പിന്നീട് അതെല്ലാം മാറി. സ്ക്കൂളിൽ പോകുന്നതിന് ശുഷ്ക്കാന്തിയും അതിലുപരി പഠനത്തിൽ ശ്രദ്ധയും ചെലുത്തിത്തുടങ്ങി പഠനത്തിൽ അത്ര മോശമായിരുന്നില്ല. എല്ലാ ക്ലാസ്സുകളിലും നല്ല മാർക്കു വാങ്ങി വിജയം കൈവരിച്ചിരുന്നു. ഞാൻ സ്ക്കൂളിൽ ചേരുമ്പോൾ അവിടെ നാലു ക്ലാസ്സുവരെ മാത്രമേ ഉണ്ടായിരുന്നുള്ളൂ. രണ്ടിലെ കേശവൻ സാറിനെയും, മൂന്നിലെ ശങ്കരപ്പിള്ള സാറിനെയും നാലിലെ വടകരക്കാരൻ പ്ലാക്കിൽ ജോൺ സാറിനെയും ഞാൻ നന്നായി ഓർക്കുന്നു. കേശവപിള്ള സാർ ശാന്തനും സൗമ്യനുമായിരുന്നുവെങ്കിൽ ശങ്കരപ്പിള്ള സാർ കർക്കശനും മുൻകോപിയുമായിരുന്നു. ശങ്കരപ്പിള്ള സാറിന്റെ കയ്യിൽ നിന്നും ഞാൻ അടിവാങ്ങിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ. ജോൺ സാറായിരുന്നു ഹെഡ്മാസ്റ്റർ. വളരെ ശാന്തനും സ്നേഹപ്രകൃതിക്കാരനുമായിരുന്നു അദ്ദേഹം.

സ്ക്കൂൾ ജീവിതം ആരംഭിച്ചതോടെ എന്റെ കുസൃതികൾക്കെല്ലാം കുറെ ശമനം വന്നെന്നു തോന്നുന്നു. ഞാൻ നാലാം ക്ലാസ്സിൽ ജയിച്ച പ്പോഴെയ്ക്കും ഭാഗ്യത്തിനോ നിർഭാഗ്യത്തിനോ ആരക്കുഴ സ്ക്കൂളിൽ അഞ്ചാം ക്ലാസ്സ് അനുവദിച്ചു. അഞ്ചിലെ അദ്ധ്യാപകനായി വരുന്നത് കാക്കൂർക്കാരൻ പരിയാരത്ത് ജോസഫ് സാറാണ്. അദ്ദേഹം ജോലിയിൽ പ്രവേശിച്ച ഉടനെ താമസസൗകര്യം അന്വേഷിച്ചു തുടങ്ങി. വിവരമറിഞ്ഞ എന്റെ അപ്പൻ (അപ്പന്റെ അപ്പനെ സ്വന്തം പിതാവിന്റെ അഭാവത്തിൽ അപ്പ നെന്നാണ് വിളിച്ചിരുന്നത്.) ജോസഫ് സാറിനെ സമീപിച്ച് ഞങ്ങളുടെ വീട്ടിൽ താമസസൗകര്യവും കൊടുക്കാമെന്നും പ്രതിഫലമായി എനിക്ക് ട്യൂഷൻ തന്നാൽ മതിയെന്നും പറഞ്ഞു. സാറിന് സന്തോഷവും സംതൃ പ്തിയുമായി. ഈ അവസരത്തിൽ എന്റെ ചിറ്റപ്പൻ കുര്യാക്കോ പുതിയ വീടു പണുത് വേറെ താമസവുമാക്കിയിരുന്നു. ഈ കാലസന്ധിയിലാണ് ഞങ്ങളുടെ വസ്തുവകകൾ ഭാഗം ചെയ്ത് ഒരോരുത്തർക്കായി തന്നത്. പരേതനായ എന്റെ അപ്പനും രണ്ടു ചിറ്റപ്പൻമാരുമായിരുന്നല്ലോ സ്വത്തിന് അവകാശികൾ. തറവാട് വീടും അതിനോടടുത്തുള്ള പുരയിടങ്ങളും നില ങ്ങളും എന്റെ അപ്പന്റെ അവകാശമായി കിട്ടി. ഞാൻ മൈനറായിരുന്നതു കൊണ്ട് ഞാൻ അപ്പൻ എന്നു വിളിച്ചു പോന്ന പിതാമഹൻ സ്വത്തു കൈകാര്യം ചെയ്തു പോന്നു. പിതാമഹനും പിതാമഹിയും അമ്മയും ഞാനും മാത്രമായിരുന്നു. തറവാട്ടിലെ താമസക്കാർ. വല്ല്യപ്പന് പ്രായമാ യതുകൊണ്ട് ചിറ്റപ്പൻ ഇടയ്ക്കിടയ്ക്ക് വരികയും കാര്യങ്ങൾ അന്വേഷി ക്കുകയും ചെയ്യുമായിരുന്നു. ചിറ്റപ്പന്റെ ശ്രദ്ധ കൂടുതൽ വ്യാപാരത്തിലാ യിരുന്നതുകൊണ്ട് കൃഷികാര്യങ്ങളിൽ ചില വീഴ്ചകൾ വരാറുണ്ടായിരു ന്നു. അത് വല്യപ്പൻ പരിഹരിച്ചു പോന്നു. എന്റെ വീട്ടിലെ അംഗസംഖ്യ കുറവായതുകൊണ്ട് നവാഗതനെ- ജോസഫ് സാറിനെ- എല്ലാവരും സന്തോഷപൂർവ്വം സ്വാഗതം ചെയ്തു. നാലു ക്ലാസ്സ് കഴിയുമ്പോൾ എന്നെ ഇംഗ്ലീഷ് സ്ക്കൂളിലയ്ക്കണമെന്നായിരുന്നു അമ്മയുടെ ആഗ്രഹം. അപ്പോ ഴാണ് ആരക്കുഴെ അഞ്ചാം ക്ലാസ്സു തുടങ്ങിയത്. അഞ്ചിലെ പഠനം എന്നെ സംബന്ധിച്ചിടത്തോളം ഒരു കൊല്ലം പാഴാക്കുകയായിരുന്നു. എന്നാലും ജോസഫ് സാറുണ്ടായിരുന്നതുകൊണ്ട് കുറച്ച് ഇംഗ്ലീഷ് വശമാക്കുന്നതിനു സാധിച്ചു. ഞാൻ അഞ്ചിൽ ജയിച്ചു. അടുത്ത സ്ക്കൂൾ വർഷം എന്നെ വാഴക്കുളത്ത് കർമ്മലിത്താ അച്ചന്മാരുടെ വക ഇംഗ്ലീഷ് മിഡിൽ സ്ക്കൂളി ലാക്കി. അക്കൊല്ലം തന്നെ ജോസഫ് സാറിന് വേറെ ഏതോ സ്ക്കൂളി ലേയ്ക്കു സ്ഥലം മാറ്റവുമായി. നിർഭാഗ്യവശാൽ അദ്ദേഹത്തിന് അധിക നാൾ ജോലി തുടരുന്നതിന് സാധിച്ചില്ല. പെട്ടെന്നുണ്ടായ അസുഖം മൂലം അദ്ദേഹം മൃതിയടഞ്ഞു. ഞാനും ചിറ്റപ്പനും കൂടി അദ്ദേഹത്തിന്റെ ശവ സംസ്ക്കാരത്തിനു പോയതായി ഓർക്കുന്നു.

മലയാളത്തിൽ അഞ്ചുക്ലാസ് പഠിച്ചു പാസ്സായെങ്കിലും ഇംഗ്ലീഷ് സ്ക്കൂളിൽ ചെന്നപ്പോൾ അന്നത്തെ preparatory ക്ലാസ്സിലേ എന്നെ ചേർ

ത്തുള്ളൂ. അതുകൊണ്ടാണ് ഒരു കൊല്ലം പാഴായി എന്നു ഞാൻഡ പറഞ്ഞത്. അന്നെനിക്ക് വയസ്സ് പതിനൊന്ന്. കാര്യങ്ങൾ ശരിയായി മനസ്സിലാക്കുന്നതിനും മറ്റുള്ളവരിലുണ്ടാകുന്ന മാറ്റങ്ങൾ ഗ്രഹിക്കുന്നതിനും എനിക്കു നന്നായി കഴിയുമായിരുന്നു. കൗമാരത്തിലേയ്ക്കു നീങ്ങുന്ന എന്നിലും ചില മാറ്റങ്ങൾ സംഭവിക്കുക സ്വാഭാവികമാണല്ലോ. ഒന്നാമതായി ഞാനോർക്കുന്ന കാര്യം എന്നിലുടലെടുത്ത അഹങ്കാര ചിന്തയാണ്. ആരക്കുഴ സ്ക്കൂളിൽ അഞ്ചിൽ ജയിച്ചവരിൽ ഞാൻ മാത്രമാണ് ഇംഗ്ലീഷ് സ്ക്കൂളിൽ പോകുന്നത്. അന്നുവരെ മുണ്ടും തോർത്തുമായി സ്ക്കൂളിൽ പോയിക്കൊണ്ടിരുന്ന ഞാൻ ഇംഗ്ലീഷ് സ്ക്കൂളിലായപ്പോൾ തോർത്തിന്റെ സ്ഥാനത്ത് ഷർട്ടായി. അന്ന് ഇന്നത്തെപ്പോലെ നിക്കറോ യൂണിഫോമോ ഒന്നും സ്ഥലം പിടിച്ചിരുന്നില്ല. ഇങ്ങനെ അല്പം നിഗളവും അതോടൊപ്പം സന്തോഷവും ബാഹ്യമായി എന്നിൽ പ്രത്യക്ഷപ്പെട്ടെങ്കിലും അകമേ സങ്കടവും വീട്ടു വിചാരവും(Home sickness) എന്നെ അലട്ടാതിരുന്നില്ല. വീട്ടു വിചാരത്തിനു കാരണം, ആദ്യത്തെ കൊല്ലം ഞാൻ വാഴക്കുളത്തുള്ള അമ്മായിയുടെ വീട്ടിൽ താമസിച്ചാണ് പഠിച്ചത്. അമ്മയെ വിട്ടുപിരിഞ്ഞു നില്ക്കുന്നതിനുള്ള വിഷമം ഒന്ന്. അതിലുപരി ആഴ്ച തോറും പെരിങ്ങഴത്തെ വല്യപ്പന്റെ വീട്ടിൽ പോകാൻ സാധിക്കയില്ലല്ലോ എന്ന വിചാരം. ആരക്കുഴെ പഠിച്ചുകൊണ്ടിരുന്നപ്പോൾ എല്ലാ ശനിയാഴ്ചയും ഞാൻ വല്യപ്പന്റെ അടുത്തുപോകുമായിരുന്നു.

ഏതാണ്ട് രണ്ടു മാസത്തോളം വേണ്ടി വന്നു മലയാളം സ്ക്കൂളിലെ അന്തരീക്ഷത്തിൽ നിന്ന് ഇംഗ്ലീഷ് സ്ക്കൂളിലെ അന്തരാക്ഷത്തോടു ഇഴുകിച്ചേരാൻ. എല്ലാവരും പുതുമുഖങ്ങൾ. ഒരു കുഞ്ചുപിള്ള സാറായിരുന്നു ഹെഡ്മാസ്റ്റർ. എപ്പോഴും മുറുക്കി ചുമപ്പിച്ച ചുണ്ടും അല്പം പൊങ്ങിയ പല്ലും. അന്നത്തെ നിലയ്ക്ക് വിജ്ഞാനിയായ ഒരു മനുഷ്യൻ. കുര്യൻ സാറായിരുന്നു ഞങ്ങളുടെ ക്ലാസ്സ് ടീച്ചറും ഇംഗ്ലീഷ് അദ്ധ്യാപകനും. പക്വത വന്ന ഒരു പിതാവിനെപ്പോലെ ശാന്തമായ സംസാരവും പെരുമാറ്റവും. മത്തായി സാറായിരുന്നു കണക്കു ടീച്ചർ. തോമസ് സാറ് ചരിത്രവും ഭൂമിശാസ്ത്രവും. മലയാളം പഠിപ്പിച്ചിരുന്നത് ഒരു പൈലി സാറാണ്. ഇത്രയും അദ്ധ്യപകരേ ആകെ ഉണ്ടായിരുന്നുള്ളൂ. എല്ലാവരും ഷർട്ടും കോട്ടുമിട്ടാണ് ക്ലാസ്സിൽ വരുന്നത്. മത്തായിസാറും തോമസ് സാറും ഞാൻ ചെന്ന അന്നു മുതൽ പോരുന്നതുവരെ ഒരേ കോട്ടുതന്നെയാണ് ഇട്ടു കണ്ടിട്ടുള്ളത്. വല്ലപ്പോഴും അലക്കുമായിരിക്കും. ഇവരെ രണ്ടുപേരെയും പൊതുവേ കുട്ടുകൾക്ക് ഇഷ്ടമുണ്ടായിരുന്നില്ല. കാരണം അവർ നന്നായി കുട്ടികളെ അടിക്കുമായിരുന്നു. അതുകൊണ്ട് 'കൂറക്കോട്ടുകാർ' എന്ന് കുട്ടികൾ തമ്മിൽ പറഞ്ഞ് കളിയാക്കുമായിരുന്നു.

പ്രിപ്പാററ്ററി ക്ലാസ്സിലും ഫസ്റ്റ് ഫോമിലും ഞാൻ നല്ല മാർക്കു വാങ്ങി വിജയിച്ചു. സെക്കന്റ് ഫോമിലായപ്പോൾ പഠനകാര്യങ്ങളിലുള്ള എന്റെ

ശ്രദ്ധ കുറഞ്ഞു. അക്കൊല്ലം മാറിവന്ന ഒരു വറുഗീസ് സാർ പഠിപ്പിക്കുന്നതൊന്നും മനസ്സിലാകുന്നുമില്ല. അത് പക്ഷേ, എന്റെ ഉഴപ്പുകൊണ്ടായിരിക്കാം; അദ്ദേഹത്തിന്റെ പഠിപ്പിക്കലിന്റെ മോശം കൊണ്ടാവില്ല. എന്നാലും പരീക്ഷ അടുത്തപ്പോഴെയ്ക്കും ഏതാണ്ടൊക്കെ വായിച്ചുള്ളിലാക്കി. കഷ്ടകാലമെന്നു പറയട്ടെ രണ്ടനിഷ്ട സംഭവങ്ങളാണ് പരീക്ഷാ ദിവസങ്ങളിലുണ്ടായത്. ഒന്ന് എന്റെ ജീവിതത്തിൽ ആദ്യമായും അവസാനമായും ഏതോ ഒരു വിഷയത്തിനു കോപ്പി അടിച്ചു. അത് വറുഗീസ് സാറു കണ്ടുപിടിക്കുകയും ചെയ്തു. ആ ഭയവും വിഷമവും കൊണ്ടാണ് വീട്ടിലേക്കു പോയത്. വീട്ടിൽ ചെന്നു കയറി പനിയും തുടങ്ങി. അടുത്ത ദിവസം സ്ക്കൂളിൽ പോകുന്ന കാര്യം ഓർക്കുമ്പോഴെയ്ക്കും വറുഗീസ് സാറിന്റെ ക്രൂരഭാവം ഭാവനയിൽ വരും. രാവിലെ ഉണർന്നപ്പോൾ ഭാഗ്യത്തിനോ നിർഭാഗ്യത്തിനോ അവിടവിടെ ചില കുമളകൾ. കണ്ടവരെല്ലാം പോളെനെന്നു വിധിച്ചു. അങ്ങനെ പരീക്ഷ തുടരാതെ രക്ഷപ്പെട്ടു. അക്കൊല്ലം തോല്ക്കുകയും ചെയ്തു. കോപ്പി അടിച്ചതുകൊണ്ടാണോ എന്റെ ഉഴപ്പുകൊണ്ടാണോ എന്ന് എനിക്ക് ഇപ്പോഴും നിശ്ചയമില്ല. എന്തുതന്നെയായാലും അന്ന് കോപ്പി അടിച്ചതിന്റെ മനഃസാക്ഷിക്കടി ഇപ്പോഴും എന്നിലുണ്ട്. അതിൽ കൂടുതലായി കോപ്പി അടിച്ചതു പിടിച്ച സാറിന്റെ രുദ്രഭാവം ഇന്നും എന്നെ ഭയചകിതനാക്കുന്നു. ഈ പരീക്ഷയ്ക്ക് കോപ്പിയടി ഒരു ഫാഷനായിത്തീർന്നിരിക്കുകയാണ്. കുട്ടികൾക്ക് അതിൽ ഒരു മനഃപ്രയാസമില്ലെന്നുമാത്രമല്ല അഭിമാനം കൊള്ളികകൂടി ചെയ്യുന്നു. നൂറു ശതമാനം വിജയത്തിനുവേണ്ടി വെമ്പൽകൊള്ളുന്ന ചില സ്ക്കൂളുകളിലെ ചില അദ്ധ്യാപകർ കുട്ടികളെ കോപ്പിയടിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നും കൂടി സംസാരമുണ്ട്. സൻമാർഗ്ഗബോധം കെട്ടുപോയാൽ പിന്നെ എന്തായിക്കൂടാ.

ഞാൻ ആറിൽ തോറ്റ കൊല്ലം ഹെഡ്മാസ്റ്റർ കുഞ്ചുപിള്ള സാർ ജോലിയിൽ നിന്നു വിരമിച്ചു. വിരമിക്കാനുള്ള പ്രായമായതുകൊണ്ടാണോ മറ്റു വല്ല കാരണവും കൊണ്ടാണോ എന്ന് എനിക്ക് നിശ്ചയമില്ല. പിന്നീട് ആരോ പറഞ്ഞുകേട്ടു സാറു നന്നായി മദ്യപിക്കുമായിരുന്നുവെന്നും അതുകൊണ്ട് ജോലിയിൽ നിന്ന് വിട്ടതാണെന്നും. പുതിയ ഹെഡ്മാസ്റ്ററായി വന്നത് ബ. പീറ്റർ തോമസ് അച്ചൻ C.M.I. ആണ്. ചുറുചുറുക്കും തന്റേടവുമുള്ള ബഹുസമർത്ഥൻ. ചൂരവടിയും ചുഴറ്റി വരാന്തയിലൂടെയുള്ള നടത്തം, അതൊന്നു കാണേണ്ടതുതന്നെ. എന്തിനധികം സൂചി നിലത്തു വീണാൽ കേൾക്കത്തക്ക നിശ്ശബ്ദതയാണ് അച്ചൻ സ്ക്കൂളിലോ പരിസരത്തോ ഉണ്ടെങ്കിൽ. ക്ലാസ്സിലാണെങ്കിൽ അതിവിശേഷം. ആരേയും വിറപ്പിക്കുന്ന ശബ്ദം, അതിലും ഗംഭീരമായ നോട്ടം. അദ്ദേഹത്തിന്റെ കീഴിൽ എന്റെ രണ്ടുകൊല്ലത്തെ പരിശീലനം എന്നിൽ വലിയ ഒരു പരിവർത്തനം തന്നെ കൈവരുത്തി.

എന്റെ മിഡിൽ സ്ക്കൂൾ വിദ്യാഭ്യാസകാലത്തെപ്പറ്റി പുറകോട്ടു നോക്കുമ്പോൾ ഭയം തോന്നുന്നു. ആദ്യത്തെ കൊല്ലം ഞാൻ മുമ്പു സൂചിപ്പിച്ചിട്ടുള്ളതുപോലെ അമ്മായിയുടെ വീട്ടിലാണല്ലോ താമസിച്ചിരുന്നത്. സ്ക്കൂൾ അടുത്താണെന്ന ആശ്വാസമുണ്ടായിരുന്നെങ്കിലും വീടകലെയാണ് എന്ന ചിന്ത പലപ്പോഴും എന്നെ അലട്ടികൊണ്ടിരുന്നു. എന്നിരുന്നാലും അവിടെ സമപ്രായക്കാരായ രണ്ടു പേരുണ്ടായിരുന്നതുകൊണ്ട് ആ ബുദ്ധിമുട്ടിനു ഒരു ശമനം കണ്ടെത്താൻ സാധിച്ചു. സ്ക്കൂൾ വിട്ടു വന്നാൽ അടുത്തുള്ള മലയിൽ ഒളിച്ചു കളിച്ചും ഓടികളിച്ചും അതു കഴിഞ്ഞ് തോട്ടിൽ മുങ്ങിക്കുളിച്ചും സമയം പോകുന്നത് അറിഞ്ഞിരുന്നില്ല. സ്ക്കൂളില്ലാത്ത ദിവസം ചിലപ്പോൾ ഞങ്ങൾ പലതരത്തിലുള്ള കളികളിലും ഏർപ്പെടുമായിരുന്നു. ഒരിക്കൽ ഉണ്ടായ ഒരു സംഭവം ഇതേവരെ മറക്കാൻ സാധിക്കുന്നില്ല. അച്ഛന് (അമ്മായിയുടെ ഭർത്താവ്) അന്നൊരു കാറുണ്ടായിരുന്നു. ഞാനും എന്റെ കളിത്തോഴരും (അച്ചന്റെ അനുജൻ കുഞ്ഞാപ്പും സഹോദരി കുട്ടിയും) കൂടി കാർ ഒന്ന് ഓടിച്ചുനോക്കാമെന്ന് തീരുമാനിച്ചു. ഷെഡ്ഢിൽ ഇട്ടിരുന്ന കാർ ഞങ്ങൾ മൂവരും കൂടി പുറകിൽ നിന്ന് ഒന്നു തള്ളി നോക്കി. നിർഭാഗ്യവശാൽ കാർ ന്യൂട്ടറിലായിരുന്നു. കാറുരുണ്ടു തുടങ്ങി, നേരെ ഗേയിറ്റിങ്ങലേക്ക്. അങ്ങോട്ടുള്ള വഴി അല്പം ഇറക്കമായിരുന്നതുകൊണ്ട് ഞങ്ങൾ പുറകോട്ടു പിടിച്ചിട്ടു കിട്ടിയില്ല. വണ്ടി ഗേയിറ്റിൽ ചെന്നിടിച്ചു നിന്നു. ഗേയിറ്റ് അടഞ്ഞു കിടന്നതുമൂലം ഉണ്ടാകാവുന്ന അപകടം ഒഴിവായി. കാറിന് കേടൊന്നും സംഭവിച്ചില്ലെന്നുള്ള ഉറപ്പും ഞങ്ങൾക്ക് ധൈര്യമേകി. ഇനി തിരിച്ച് ഉന്തി വണ്ടി കിടന്നിടത്ത് എത്തിച്ച് രക്ഷപ്പെടാമെന്ന് കരുതി ഞങ്ങൾ മൂവരും വണ്ടി ഉന്തി ത്തുടങ്ങി. ചെറിയ കയറ്റമായതുകൊണ്ട് വണ്ടിയുണ്ടോ അനങ്ങുന്നു. വണ്ടി അവിടെത്തന്നെ. ഞങ്ങൾ അച്ചൻ വരുന്നതും കാത്ത് മാറിനിന്നു. എവിടേക്കോ പോയിരുന്ന അച്ഛൻ മടങ്ങിവന്നപ്പോൾ വണ്ടി ഗേയിറ്റിങ്ങൽ കിടക്കുന്നതു കണ്ട് അന്ധാളിച്ച്, കുഞ്ഞാപ്പിനെ വിളിച്ചു. കുഞ്ഞാപ്പും ഞാനും കൂടെ വിറച്ചുകൊണ്ട് ചെന്ന് ഉണ്ടായ സത്യം പറഞ്ഞു. എങ്കിലും ഞങ്ങൾക്ക് കിട്ടേണ്ടത് കിട്ടി. എന്നാലും കുട്ടിയെ അടികൊള്ളാതെ രക്ഷിച്ചെന്ന ചാരിതാർത്ഥ്യം ഞങ്ങൾക്കുണ്ടായി. ഇങ്ങനെ പല ധീരകൃത്യങ്ങളുടെയും ഒരു കൊല്ലമായിരുന്നു എന്റെ വാഴക്കുളത്തെ ജീവിതം. അമ്മയുടെ ശിക്ഷണത്തിൽ നിന്ന് വിട്ടു നിന്നതുകൊണ്ടും അമ്മായി എന്നെ കുറെ ഓമനിച്ചതുകൊണ്ടും ഞാൻ കുറച്ചു വഷളായി എന്നു പറയാതെ നിവൃത്തിയില്ല. അതുകൊണ്ടുകൂടി ആയിരിക്കണം അടുത്ത കൊല്ലം മുതൽ വീട്ടിൽ നിന്നും സ്ക്കൂളിൽ പോയാൽ മതി എന്ന് അമ്മ എടുത്ത തീരുമാനം. പിന്നത്തെ നാലു കൊല്ലം ഒരഗ്നിപരീക്ഷണം തന്നെ ആയിരുന്നു. വീട്ടിൽ നിന്ന് നാലു മൈൽ നടക്കണം സ്ക്കൂളിലേയ്ക്ക്. അങ്ങനെ കാലത്തും വൈകിട്ടുമായി എട്ടു മൈൽ. കാര്യം ആരോഗ്യത്തിന് അതു നല്ലതായിരുന്നെങ്കിലും നടന്നുള്ള ക്ഷീണം കൊണ്ട് പഠിക്കുവാൻ അധികം സമയം കണ്ടെത്താൻ സാധിച്ചിരുന്നില്ല. അന്ന് വാഴക്കുഴത്തിന് റോഡോ ഒരു മൂന്നടി

പാത പോലുമോ ഉണ്ടായിരുന്നില്ല. തൊണ്ടും പാടവും താണ്ടി വേണം സ്ക്കൂളിലെത്താൻ. ഇതിലേറെ കഷ്ടം ഒരു പുഴ കടക്കണമെന്നുള്ളതായിരുന്നു. വർഷമായാൽ  പലപ്പോഴും പുഴ നിറഞ്ഞൊഴുകും. പാടങ്ങൾ വെള്ളത്തിനടിയിലാകും. അതെല്ലാം നീന്തിക്കടന്ന് നനഞ്ഞൊലിച്ച് സ്ക്കൂളിലെത്തും. ഞങ്ങളുടെ ബുദ്ധിമുട്ടറിയാവുന്നതുകൊണ്ട് അല്പം താമസിച്ചാലും അദ്ധ്യാപകർ കണ്ണടച്ചുകളയുമായിരുന്നു. വേനലായാൽ പിന്നെ രസമായിരുന്നു. ഞങ്ങൾ അഞ്ചോ ആറോ പേരുണ്ടായിരുന്നു ആരക്കുഴിയിൽ നിന്ന് വാഴക്കുളത്ത് പഠിക്കുവാൻ. ഞാനവരെയെല്ലാവരെയും ഇപ്പോൾ ഓർക്കുന്നില്ല. നാലഞ്ചുപേരെ ശരിയായി ഓർക്കുന്നു. മീമ്പൂർ മാണി, പ്ലാത്തോട്ടത്തിൽ മത്തച്ചനും, കൊച്ചാപ്പുവും കുഞ്ഞൂഞ്ഞും. കളമ്പാട്ടുപറമ്പേൽ ജോർജ്ജ്. ഇവരെല്ലാവരും പള്ളിയുടെ കിഴക്കുവശത്തുള്ളവരാണ്. ഞാൻ മാത്രമേ പള്ളിയുടെ പടിഞ്ഞാറുവശത്തുനിന്നുമുണ്ടായിരുന്നുള്ളൂ. പള്ളി എല്ലാവർക്കും ആശ്വാസവും സമാധാനവും പ്രദാനം ചെയ്യുന്ന ഒരു കേന്ദ്രമാണെങ്കിലും എന്നെ സംബന്ധിച്ചിടത്തോളം നേരെ മറിച്ചായിരുന്നു. ഭയവും പരിഭ്രമവും. പള്ളിയല്ല പള്ളിയുടെ അടുത്തുള്ള സെമിത്തേരി. ഈ സെമിത്തേരിയുടെ ഭിത്തിയായിരുന്നു എനിക്കു കടന്നുപോകുവാനുള്ള വഴിയുടെ ഒരു വശം. പള്ളിയോടടുക്കുമ്പോഴെയ്ക്കും എന്റെ ഹൃദയം പിടയ്ക്കാൻ തുടങ്ങും. എന്തോ സെമിത്തേരി അന്നെനിക്ക് ഒരു പേടി സ്വപ്നമായിരുന്നു. ആരെങ്കിലും കൂട്ടുണ്ടെങ്കിൽ സെമിത്തേരി കൂടിയുള്ള വഴിയെ പോകും. കൂട്ടില്ലെന്നു കണ്ടാൽ പള്ളിയുടെ വടക്കു വശത്തുള്ള പാടം ചുറ്റി, ഏതാണ്ട് ഒരു കിലോമീറ്റർ കൂടുതൽ നടന്ന് വേറെ വഴിക്കു പോകും. വൈകുന്നേരവും അങ്ങനെതന്നെ.

വാഴക്കുളത്ത് പഠിച്ചിരുന്നപ്പോഴത്തെ എന്റെ സതീർത്ഥ്യരെപ്പറ്റിക്കൂടി ഒരു വാക്ക്. അന്ന് ഇംഗ്ലീഷ് സ്ക്കൂളിൽ ഫീസുകൊടുക്കണമായിരുന്നു. ഇന്നത്തെ അംഗീകൃത സ്ക്കൂളുകളിലെപ്പോലെ. അതുകൊണ്ട് അധികമാരും ഇംഗ്ലീഷ് സ്ക്കൂൾ വിദ്യാഭ്യാസത്തിനു തുനിഞ്ഞിരുന്നില്ല. മുൻപ് ഞാൻ സൂചിപ്പിച്ചതുപോലെ ഞങ്ങൾ ആറോ ഏഴോ പേരാണ് അന്ന് ആരക്കുഴയിൽ നിന്ന് പോയിരുന്നത്. പ്ലാത്തോട്ടത്തിലെ മൂന്നുപേർ, കൊച്ചാപ്പു, മത്തച്ചൻ, കുഞ്ഞൂഞ്ഞ്, കൊച്ചാപ്പും. മത്തച്ചനും സ്വന്തം ജ്യേഷ്ഠാനുജന്മാരായിരുന്നു. കുഞ്ഞൂഞ്ഞ് അവരുടെ പിതൃസഹോദരപുത്രനും. ഇവർ മൂന്നു പേരും ശാന്തൻമാരും സൽസ്വാഭാവികളുമായിരുന്നു. പിന്നെ ഞാനോർക്കുന്ന രണ്ടു വ്യക്തികൾ മീമ്പൂരു മാണിയും, കളമ്പാട്ടുപറമ്പേൽ ജോർജ്ജുമാണ്. മാണി ഒരു പൊടി വികൃതിക്കാരനായിരുന്നു. കളമ്പാട്ടുപറമ്പേൽ ജോർജ്ജ് പഠിക്കാൻ വളരെ സമർത്ഥനും, ഞങ്ങളുടെ നേതാവുമായിരുന്നു. ആ നേതൃസ്ഥാനം ജോർജ്ജിന്റെ അന്ത്യം വരെ പുലർത്തിപ്പോന്നു. കേരളാ കോൺഗ്രസിന്റെ ചെയർമാൻ, മന്ത്രി എന്നീ നിലകളിൽ വ്യക്തിമുദ്ര പതിക്കുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. ജോർജ്ജിന്റെ ആകസ്മികമായ നിര്യാണം കേരളത്തിന്

ഒരു തീരാനഷ്ടം തന്നെ ആയിരുന്നു.

ഞങ്ങൾ ഒരുമിച്ച് സ്ക്കൂളിൽ പോകുന്ന വഴി ഞങ്ങളുടെ ഒരു പോക്കായിരുന്നു അക്ഷരശ്ലോക മത്സരം. അങ്ങനെ നടപ്പിന്റെ ബുദ്ധിമുട്ടും സമയം പോകുന്നതുമറിയാതെ ഞങ്ങൾ സമയത്തിനു തന്നെ ക്ലാസ്സിലെത്തും. ഞങ്ങൾ എല്ലാവരും തന്നെ വോളിബോൾ കളിയിൽ ഭ്രമമുള്ളവരായിരുന്നു. ഞാൻ കളിയിൽ മുമ്പനും. മിഡിൽ സ്ക്കൂളിലും ഹൈസ്ക്കൂളിലും സെമിനാരിയിലും ഞാമനറിയപ്പെട്ട ഒരു വോളിബോൾ ചാമ്പ്യനായിരുന്നു. വൈദികനായ ശേഷവും വോളിബോളിൽ എനിക്കു വലിയ ഭ്രമമായിരുന്നു. ഞാൻ ജോലി നോക്കിയിട്ടുള്ള സ്ഥലങ്ങളിലെല്ലാം ഈ കളി ആരംഭിക്കുകയും അതിലൂടെ നിരവധി യുവാക്കളെ പള്ളിയിലേക്ക് ആകർഷിക്കുന്നതിന് എനിക്ക് സാധിക്കുകയും ചെയ്തിട്ടുണ്ട്. എന്റെ ഇടവക പ്രവർത്തനങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഈ വിഷയത്തെപ്പറ്റി കുറച്ചുകൂടി വിശദമായി വിവരിക്കാമെന്നു കരുതുന്നു.

ഞങ്ങളുടെ സ്ക്കൂളിൽ ഒരുവിധം നന്നായി വോളിബോൾ കളിക്കുന്ന കുട്ടികളുണ്ടായിരുന്നു. അന്നു വാഴക്കുളത്ത് പൊതുവെ വളരെ പ്രചാരത്തിലായിരുന്ന ഒരു ഗയിമായിരുന്നു അത്. മിക്ക ദിവസവും ഞങ്ങൾ സ്ക്കൂൾ വിട്ടശേഷം കളിക്കാറുണ്ടായിരുന്നു. രണ്ടു ഗയിമെങ്കിലും കളിക്കും. ചിലപ്പോൾ മൂന്നും. അതുകഴിഞ്ഞാണ് വീട്ടിലേക്ക് പോകുക. അപ്പോഴേയ്ക്കും സമയം ഏതാണ്ട് അഞ്ച് കഴിഞ്ഞിരിക്കും. സാധാരണ നിലയിൽ നടന്നാൽ ഏതാണ്ട് രണ്ടു മണിക്കൂർ വേണം വീട്ടിലെത്താൻ. അതുകൊണ്ട് കളി കഴിഞ്ഞാലുടനെ ഞങ്ങളെല്ലാവരും വീടുവരെ ഓട്ടമാണ്. സന്ധ്യയ്ക്കുമുമ്പായി വീട്ടിലെത്തണ്ടേ. എന്നാലും ചെറുപ്പംകൊണ്ടായിരിക്കണം എനിക്ക് യാതൊരു ക്ഷീണവും തോന്നിയിട്ടില്ല. വല്ല കാരണവശാലും പന്തുകളിയില്ലെങ്കിൽ ഞങ്ങൾ വേഗം നടന്ന് പുഴയിലെത്തും. അവിടെ മണൽപ്പരപ്പിൽ വാറു കളിക്കും. രണ്ടുദ്ദ്യേശമാണ് ഞങ്ങൾക്ക് ഈ കളിയിലുണ്ടായിരുന്നത്. ഒന്നു കളി. രണ്ടു സമയം കളയാൻ. പതിവുവിട്ട് ഞങ്ങൾ നേരത്തെ വീട്ടിലെത്തിയാൽ ഇന്നു നേരത്തെ വന്നതുപോലെ എന്നും നേരത്തെ വന്നുകൂടെ എന്നു ചോദിക്കും. ഞങ്ങൾ കളി കഴിഞ്ഞാണ് വരുന്നതെന്ന് വീടുകളിൽ ആർക്കും അറിഞ്ഞുകൂടല്ലോ. ഇങ്ങനെ കളിയും പഠനവുമായി മിഡിൽ സ്ക്കൂളിൽ വിദ്യാഭ്യാസം കടന്നുപോയി. ഹൈസ്ക്കൂൾ ജീവിതത്തിലേക്കു കടക്കുന്നതിന് മുമ്പ് എന്റെ ശൈവബാല്യകാലങ്ങളിലേക്ക് ഒന്നുകൂടെ എത്തിനോക്കാനുള്ള ഒരുൾപ്രേരണ എന്നെ നിർബന്ധിക്കുന്നു.

കടന്നുപോയതും ഇനി ഒരിക്കലും തിരിച്ചുകിട്ടാത്തതുമായ നിഷ്കപടതയുടേയും, നിസ്വാർത്ഥ സ്നേഹത്തിന്റേയും ആ കാലം. അത് എന്നും എല്ലാവർക്കും ഒരു പോലെയാണ് എന്നാണെന്റെ വിശ്വാസം. അപ്പനില്ലാ

തിരുന്ന എനിക്ക് അപ്പന്റെ അഭാവം ഒരിക്കലും അനുഭവപ്പെട്ടിട്ടില്ല. ആ സ്ഥാനം ഏറ്റെടുത്തിരുന്ന എന്റെ പിതാമഹൻ മാതേയ്ക്കൽ ചാക്കോ വർക്കി അപ്പനെക്കാൾ കൂടുതലായി എന്നെ സ്നേഹിക്കുകയും എന്റെ സകല കാര്യങ്ങളും നടത്തിതരികയും ചെയ്തുപോന്നു. ചെറുപ്പത്തിൽ ഞാനത്ര മര്യാദകാരനെന്നുമായിരുന്നില്ല. ആവശ്യത്തിലധികം കുസൃതി ത്തരങ്ങളും വാശിയും എന്റെ ഉറ്റ സുഹൃത്തുക്കളായിരുന്നു. ഇങ്ങനെപോ യാൽ ഇവനെന്താകുമെന്ന ആശങ്ക എന്റെ അമ്മയെ നന്നായി അലട്ടു ണ്ടായിരുന്നുവെന്നു തോന്നുന്നു. അതുകൊണ്ടായിരിക്കണം 'ഒന്നാണെ ങ്കിലും ഉലക്ക കൊണ്ടടിക്കണം' എന്ന പ്രമാണം അമ്മ അവലംബിച്ചത്. അമ്മയുടെ അടി, അതോർക്കുമ്പോൾ ഇപ്പോഴും എനിക്കു ഭയം തോന്നു ന്നു. കോപം വന്നാൽ പിന്നെ കയ്യിൽ കിട്ടുന്നതെന്തോ അതുകൊണ്ടായി രിക്കും അടി. ഞാൻ മൂന്നിലോ നാലിലോ പഠിക്കുമ്പോഴാണെന്നു തോന്നു ന്നു, ഒരു ദിവസം അമ്മയോടു പറയാതെ വീട്ടിനടുത്തുള്ള ഒരു കൂട്ടുകാ രനുമൊരുമിച്ച് പുഴയിൽ കുളിക്കാൻ പോയി. വീട്ടിൽ നിന്നും ഒരു കിലോ മീറ്ററിൽ കൂടുതൽ വരും പുഴയിലേയ്ക്ക്. സാധാരണ പുഴയിൽ കുളി ക്കുവാൻ പൊയ്ക്കൊണ്ടിരുന്നത് വല്യപ്പന്റെ കൂടെയാണ്.ചിലപ്പോൾ അമ്മ യുടെ കൂടെയും. അന്നെന്തോ പതിവിനു വിപരീതമായി ഒരു കൂട്ടുകാര നോടൊത്ത് പോകാനിടയായി. കുളി കഴിഞ്ഞ് മടങ്ങിവന്നപ്പോഴെയ്ക്കും സൂര്യനസ്തമിച്ചിരുന്നു. വികാരവും വിഭ്രാന്തിയും മുറ്റിനിന്ന അമ്മ എന്റെ വരവും കാത്ത് അക്ഷമയായി ഗെയിറ്റിംഗിൽ നന്നു നില്ക്കുന്നു. മുഖ ഭാവം കണ്ടപ്പോഴെ ഞാൻ തീരുമാനിച്ചു കാര്യം ശുഭമല്ലെന്ന്. ഞാനടുത്തു ചെന്നപ്പോഴെയ്ക്കും പുറകിൽ പിടിച്ചിരുന്ന വടിയുമായി അമ്മ മുന്നോ ട്ടാഞ്ഞതും ഒന്നും ചോദിക്കാതെ എന്റെ തുടയ്ക്കിട്ട് ഒന്നിനു പിറകെ ഒന്നായി തുരുതുരെ കുറെ അടിച്ചതും ഒരു നിമിഷം കൊണ്ട് തീർന്നു. ഇതിനുമുമ്പ് വീട്ടിൽവച്ച് അടിക്കുമ്പോൾ അപ്പൻ സഹായത്തിനോടി എത്തുമായിരുന്നു. ഇപ്രാവശ്യം അടി വഴിയിൽ വച്ചായതുകൊണ്ട് ഞാൻ നിസ്സഹായനായി. വേദന കൊണ്ട് പുളഞ്ഞ ഞാൻ നിലവിളിച്ചുകൊണ്ട് വീട്ടിലേക്ക് ഓടി. നിലവിളികേട്ട് പുറത്തുവന്ന അപ്പൻ കാണുന്നത് എന്റെ കാലിൽക്കൂടി രക്തമൊഴുകുന്നതും രക്തംകൊണ്ട് മുണ്ടു നനഞ്ഞിരിക്കു ന്നതുമാണ്. അപ്പൻ എന്നെ തലോടിക്കൊണ്ട് പുറകെ വന്ന അമ്മയോട് 'എന്നാൽ പിന്നെ നിനക്കവനെ അങ്ങു തല്ലിക്കൊല്ലാമായിരുന്നില്ലേ. ഇത്ര വലിയ അടിക്ക് അവനെന്താണ് ചെയ്തത്.' എന്ന് അരിശപ്പെട്ടു പറഞ്ഞത് ഞാനിപ്പോഴും ഓർക്കുന്നു. അന്നത്തെ അടിയുടെ അടയാളം ഇന്നും എന്റെ തുടയിൽ കാണാനുണ്ട്. അടിക്കാനുപയോഗിച്ച വടി എന്തെന്നല്ലേ, മുള കുകൊടിയുടെ നിലത്തുകൂടി പടർന്നു കിടക്കുന്ന വള്ളി. കൊടിഞ്ഞാലി എന്നു ഞങ്ങൾ പറയും. വീട്ടിലെ പറമ്പിൽ ധാരാളം കൊടി ഉണ്ടായിരു ന്നു. അന്നത്തെ ഒരു ആദായ മാർഗ്ഗം കുരുമുളകായിരുന്നു. സാധാരണ യായി അടി കഴിഞ്ഞ് അമ്മയുടെ അരിശം അടങ്ങിയാൽ എന്നെ മടിയി രുത്തി താലോലിക്കുകയും, അമ്മയ്ക്ക് സ്നേഹമില്ലാഞ്ഞിട്ടല്ല മോനെ തല്ലി

യത് മോൻ നന്നാവാൻ വേണ്ടിയാണ് എന്നൊക്കെ പറഞ്ഞ് എന്നെ ആശ്വസിപ്പിക്കുകയും ചെയ്യുക പതിവാണ്. എന്നാൽ ഇപ്രാവശ്യം അടി കഴിഞ്ഞ ഉടനെ അമ്മ അതിന് ഒരുമ്പെട്ടില്ല. ഞാനൂഹിക്കുന്ന കാരണം, അടി കുറച്ചു കടന്നു പോയി എന്നുള്ള ബോധ്യവും അപ്പന്റെ വാക്കുകളുടെ കാർക്കശ്യവും എന്റെ കാലിൽക്കൂടി ഒഴുകിയ രക്തവും ആയിരുക്കണം എന്നെ സമീപിക്കുന്നതിന് അമ്മയ്ക്ക് വിഘാതമായി നിന്നത് എന്നാണ്. ഞാൻ ചെന്നപാടെ കട്ടിലിൽ കയറി കിടപ്പായി. സന്ധ്യ കഴിഞ്ഞു. പ്രാർത്ഥനയ്ക്കു സമയമായി. അപ്പൻ എല്ലാവരെയും പ്രാർത്ഥനയ്ക്കു വിളിച്ചു. ഞാനനങ്ങിക്കൊടുത്തില്ല. അത്താഴത്തിനു സമയമായി. വല്യമ്മ എന്നെ വന്നു വിളിച്ചു. ഞാനുറക്കം ഭാവിച്ചു കിടന്നു. അമ്മ ഉണ്ണാൻ എന്നെ വിളിച്ചതുമില്ല. എല്ലാവരും ഊണ് കഴിഞ്ഞ് പതിവു പോലെ കുറെ സമയം കൂടിയിരുന്ന് വർത്തമാനം പറഞ്ഞു. അപ്പന്റേയും വല്യമ്മയുടേയും സംസാരം. ഞാൻ കേൾക്കുന്നുണ്ട്. 'അവളുടെ അടി കുറച്ചു കടന്നു പോയി. ഒന്നേ ഉള്ളൂ എന്ന വിചാരം പോലുമില്ല. ആരോടാ പറയുക' ഇങ്ങനെ പോയി അവരുടെ സംസാരം. എന്നാൽ അമ്മയുടെ യാതൊരു പ്രതികരണവും സ്വരം പോലും കേൾക്കാനില്ല. എല്ലാവരും കിടന്നു. കുറെ കഴിഞ്ഞ് അമ്മ എന്റെ കട്ടിലിൽ വന്നിരുന്ന് മോനേ എന്നു വിളിച്ചു. ഞാനനങ്ങിയില്ല. ഉറക്കം നടിച്ചു കിടന്നു. വിശപ്പ് ഒരു വശത്ത്, അടിയുടെ വേദനയും നീറ്റലും മറുവശത്ത്. എങ്ങനെ ഉറങ്ങാൻ. ഞാനുറങ്ങി എന്നുതന്നെ അമ്മ കരുതി. പാവം അമ്മ. വിളക്കു കത്തിച്ച് ചോരപുരണ്ട എന്റെ വസ്ത്രം മാറ്റുകയും കാലിലൊക്കെ ഉണങ്ങിയിരുന്ന രക്തമെല്ലാം തുണിനനച്ച് തുടയ്ക്കുകയും ചെയ്തു. എന്നിട്ട് പൊട്ടിയ ഭാഗത്തെല്ലാം വെളിച്ചെണ്ണ പുരട്ടി. എനിക്കപ്പോൾ പൊട്ടിക്കരയണമെന്നു തോന്നി. കരഞ്ഞുപോയാൽ അമ്മയുടെ ആശ്വാസവാക്കുകളുടെ പ്രളയമായിരിക്കും. പിന്നെ ചോറുണ്ണാൻ നിർബന്ധിക്കും. വേണ്ട, വാശിക്കു ഞാൻ അനങ്ങിയില്ല. അങ്ങനെ വാടിത്തളർന്ന് ഉരക്കത്തിലായി. ഞാനും അമ്മയും ഒരു മുറിയിൽ അടുത്തടുത്ത കട്ടിലിലാണ് കിടക്കുക. രാവിലെ ഞാനുണർന്ന് നോക്കിയപ്പോൾ അമ്മ തന്റെ കട്ടിലിൽ എഴുന്നേറ്റിരുന്ന് കരയുന്നതാണ് ഞാൻ കണ്ടത്. ഞാൻ ചെന്ന് 'അമ്മേ, ഇനി ഞാനൊരിക്കലും അമ്മയോടു ചോദിക്കാതെ എങ്ങും പോകുകയില്ല' എന്നു പറഞ്ഞ് അമ്മയെ കെട്ടിപ്പിടിച്ചു. അമ്മ ഏങ്ങി ഏങ്ങിക്കരയുകയും എന്നെ വാരിഎടുത്ത് തുരെതുരെ ഉമ്മ വയ്ക്കുകയും ചെയ്തു. അമ്മ ഇനി മോനെ ഒരിക്കലും ഇങ്ങനെ തല്ലുകയില്ലെന്നു പറഞ്ഞ് ഒരു കുറ്റസമ്മതവും പ്രകടമാക്കി. അതിനുശേഷം തല്ലുകൊണ്ടിട്ടുണ്ടെങ്കിലും പൊട്ടത്തക്ക അടി കിട്ടിയിട്ടില്ല.

അതിനുശേഷം തല്ലുകൊണ്ട രണ്ടവസരങ്ങൾ ഞാൻ നന്നായി ഓർക്കുന്നു. ഒരവസരം കുളിയോടനുബന്ധിച്ചുതന്നെയാണ്. ഒരു ദിവസം അമ്മയുടെ കൂടെ പുഴയിൽ കുളിക്കാൻ പോയി. അമ്മ കുളിച്ചത് സ്ത്രീകൾ കുളിക്കുന്ന കടവിലായിരുന്നതുകൊണ്ട് ഞാൻ പയ്യെതെന്നിമാറി പുരുഷ

ൻമാർ കുളിക്കുന്ന സ്ഥലത്തേക്കു കടന്നു. അവിടെ എന്റെ പ്രായക്കാരായ കുട്ടികളും പ്രായമായവരുമുണ്ടായിരുന്നു. സ്വാഭാവികമായി ഞാൻ കുട്ടികളോടൊത്ത് നീന്തിക്കളിക്കുകയും തലകുത്തി മറിഞ്ഞ് അഭ്യാസങ്ങൾ കാണിക്കുകയും ഒക്കെ ചെയ്തു രസിച്ചു. അമ്മയുടെ കുളി കഴിഞ്ഞപ്പോൾ എന്നേയും വിളിച്ചു. തോർത്തുന്നതിന് ഞാൻ അമ്മയുടെ അടുത്തേക്ക് ഓടിച്ചെന്നു. അമ്മ എന്നെ തോർത്തിക്കൊണ്ടിരുന്നപ്പോഴാണ് എന്റെ കഴുത്തിൽ കിടന്ന സ്വർണ്ണച്ചെയിൻ കാണുന്നില്ല എന്ന കാര്യം മനസ്സിലാക്കിയത്. മാല എന്തു ചെയ്തു എന്ന് അമ്മ എന്നോട് ചോദിച്ചപ്പോഴാണ് ഞാനും അക്കാര്യം മനസ്സിലാക്കുക. വെള്ളത്തിൽ തല കുത്തി മറിഞ്ഞു കളിച്ചപ്പോൾ മാല കഴുത്തിൽ നിന്നും ഊരിപ്പോയതാവണം അവിടെ കുളിച്ചുകൊണ്ടിരുന്നവർ കാര്യം മനസ്സിലാക്കി. എല്ലാവരും മാല അന്വേഷണം തുടങ്ങി. എങ്ങും കാണുന്നില്ല. ഇതിനിടയിൽ എനിക്കു കിട്ടേണ്ട സമ്മാനം കിട്ടികഴിഞ്ഞിരുന്നു. എന്റെ നിലവിളികേട്ട് സഹതാപം തോന്നിയ ഒരപ്പൂപ്പൻ ഒരു മാർഗ്ഗം നിർദ്ദേശിച്ചു. ഞാൻ കുളിച്ചു കളിച്ച സ്ഥലത്ത് എല്ലാവരും നിരന്നു നിന്ന് കൈ കൊണ്ട് മണൽവാരി നോക്കുക. എല്ലാവരും കൂടി അങ്ങനെ ചെയ്തു. ഒരാളുടെ കൈവിരലുകളിൽ മാല കോർത്തുകിട്ടി. എല്ലാവർക്കും സന്തോഷമായി. പക്ഷേ എനിക്കു പേടിതന്നെ അവശേഷിച്ചു. കാരണം വീട്ടിൽ ചെല്ലുമ്പോൾ എന്റെ സമ്മാനം ഇനിയും ആവർത്തിക്കുമോ എന്ന വിചാരം. മാല കിട്ടിയ സംതൃപ്തികൊണ്ടായിരിക്കണം പിന്നെ ഒന്നും സംഭവിച്ചില്ല. രണ്ടാമത്തെ അവസരം രസകരമായ ഒരു സംഭവമാണ്.

ഞങ്ങളുടെ നാട്ടിൽ ഒരു പതിവുണ്ട്. വേനൽ അവസാനിച്ച് വർഷം തുടങ്ങുന്നതിനുമുമ്പ് പുരയിടങ്ങളിലെ കരിയിലകളല്ലാം അടിച്ചു വാരി കാടും പടലുമെല്ലാം വെട്ടിക്കൂട്ടി ഒഴിഞ്ഞ ഒരു സ്ഥലത്ത് ശേഖരിച്ച് തീയിട്ട് ചാരം ഉണ്ടാക്കുക. ഇങ്ങനെ വാരിക്കൂട്ടി ഇട്ടിരിക്കുന്ന ചപ്പു ചവറുകൾക്ക് ഏതാണ്ട് പത്തു പതിനഞ്ചടി ഉയരമുണ്ടാകും. തീ കൊളുത്തിക്കഴിഞ്ഞാൽ ആളുന്ന തീജ്വാല നാല്പത് അമ്പതടി ഉയരത്തിൽ ആളിക്കത്തും. ഇതു കണ്ടു നിൽക്കുന്നത് കുട്ടികൾക്ക് വളരെ രസമാണ്. ഒരിക്കൽ ഞങ്ങളുടെ പുരയിടങ്ങളിലെ ചപ്പു ചവറുകളെല്ലാം വെട്ടിക്കൂട്ടി അടിച്ചുവാരി കത്തിക്കുന്നതിന് ഗേയിറ്റിനു പുറത്ത് റോഡരുകിൽ കൂട്ടിയിരുന്നു. സാധാരണയായി സന്ധ്യ കഴിഞ്ഞാണ് ഇതിനു തീ കൊളുത്തുക. കാരണം അപ്പോഴെയ്ക്കും ആൾ സഞ്ചാരം കുറഞ്ഞിരിക്കും. കാറ്റിന്റെ ശല്യമുണ്ടാകുകയുമില്ല. ചെറുപ്പത്തിൽ ഞാൻ വലിയ പേടിത്തൊണ്ടനായിരുന്നു. അതു വകവയ്ക്കാതെ അന്നു കരയിലേയ്ക്കു ഞാൻ പോയി തീ കൊടുക്കാമെന്നേറ്റു. എന്റെ പേടിയെപറ്റി നന്നായി അറിയാവുന്ന അപ്പനും അമ്മയും എന്നെ മുടക്കി. ഞാൻ അതു വകവയ്ക്കാതെ തീയുമായി ഗെയിറ്റു കടന്ന് കരിയിലയ്ക്ക് തീ കൊളുത്തി. അതിനുശേഷം പറമ്പിലുള്ള ഒരു ചെറിയ മരത്തിന്റെ മുകളിൽ കയറിയിരുന്നു. അവിടെ ഇരുന്നാൽ ആളുന്ന തീയുടെ

ഭംഗി മുഴുവൻ കണ്ടാസ്വദിക്കാമല്ലോ. തീയാളിക്കത്തി ജ്വാലകൾ ഉയർന്നു. അപ്പോൾ അതാ ഒരു സ്വരം. തീജ്വാലയ്ക്കിടയിൽ നിന്നും ആരോ കൂകി വിളിക്കുന്നതുപോലെ. വെട്ടിക്കൂട്ടിയിരുന്ന ചപ്പുകളുടെ കൂട്ടത്തിൽ വാഴ ത്തണ്ടും പച്ചിലകളും ഒക്കെ കാണും. അവയ്ക്ക് തീ പിടിക്കുമ്പോൾ സ്വാഭാവികമായി കേൾക്കാവുന്ന ഒരു സ്വരമായിരുന്നു അത്. പക്ഷേ ഞാനുണ്ടോ അതു മനസ്സിലാക്കുന്നു. ഞാൻ കരുതി ഭീകരമായ മറ്റെന്തോ ആണെന്ന്. മരത്തിൽ നിന്നും ഞാൻ ചാടി ഇറങ്ങി ഉച്ചത്തിൽ നിലവിളി ച്ചുകൊണ്ട് വീട്ടിലേക്ക് ഓടി. എന്റെ നിലവിളി കേട്ട് എനിക്ക് എന്തോ അപകടം പറ്റിയെന്നു കരുതി ഓടി ഇറങ്ങിവന്ന അമ്മ കാര്യം മനസ്സിലാ ക്കിയപ്പോൾ പറഞ്ഞാൽ അനുസരിക്കണം എന്ന ആജ്ഞയോടെ എനിക്ക് പതിവുള്ള സമ്മാനം തന്നു. പൊട്ടിയില്ലെങ്കിലും അടി മോശമില്ലായിരു ന്നു. അതോടെ തീക്കുണ്ഡത്തിലെ കൂവലിന്റെ ഭയവും എന്നെ വിട്ടു മാറി. അതിൽ പിന്നീട് കാര്യമായി അടി കൊണ്ടിട്ടുള്ളതായി ഓർക്കുന്നില്ല. ഏതാ യാലും 'spare the rode and spoil the child' എന്ന തത്വം എന്റെ അമ്മ ശരിക്കും മനസ്സിലാക്കിയിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അന്നത്തെ അടി ഇല്ലായിരുന്നെങ്കിൽ ഞാൻ ഇന്ന് ഈ നിലയിൽ ആകു മായിരുന്നില്ല.

പ്രൈമറി സ്ക്കൂളിൽ പഠിച്ചിരുന്ന കാലത്തും സാറന്മാരടിച്ചതായി ഞാനോർക്കുന്നില്ല. മറിച്ച് എല്ലാവർക്കും എന്നോട് അനുകമ്പയും സ്നേഹ വുമുള്ളതായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്. വീട്ടിൽ ഞാൻ മുട്ടളനാ യിരുന്നെങ്കിലും സ്ക്കൂളിൽ പഞ്ചപാവമായിരുന്നു. മിഡിൽ സ്ക്കൂളിൽ ചെന്നപ്പോൾ രണ്ടു മൂന്നു പ്രാവശ്യം തല്ലു കിട്ടിയിട്ടുണ്ടെന്ന് തോന്നുന്നു. അത് വികൃതിത്തരത്തിനായിരുന്നില്ല. ഗൃഹപാഠം ചെയ്യാത്തതിനോ പഠി ക്കാതെ ചെന്നതിനോ മറ്റോ ആണെന്നാണ് തോന്നുന്നത്. മിഡിൽ സ്ക്കൂളിൽ എല്ലാ വെള്ളിയാഴ്ചയും സ്ക്കൂൾ വിടുന്നതിനു മുമ്പ് അരമ ണിക്കൂർ സാഹിത്യ സമാജമുണ്ടായിരുന്നു. ഒരദ്ധ്യാപകൻ അദ്ധ്യക്ഷനാ യിരിക്കും. ഒരു കുട്ടി ഉപന്യാസം തയ്യാറായി വന്ന് വായിക്കുകയോ പ്രസം ഗിക്കുകയോ ചെയ്യും. അതിനുശേഷം ആ വിഷയത്തെപ്പറ്റി മൂന്നോ നാലോ പേർ ലഘുപ്രസംഗങ്ങൾ നടത്തും. ഈ അവസരം ഞാനൊരിക്കലും പാഴാ ക്കിയിട്ടില്ല. എല്ലാ മീറ്റിംഗിലും തന്നെ ലഘുപ്രസംഗത്തിന് ഞാൻ മുന്നോട്ടു വന്നിരുന്നു. എന്റെ ഈ ഉത്സാഹം ഭാവിയിൽ എന്നെ വളരെ സഹായിച്ചി ട്ടുണ്ട്. ഞാൻ അഞ്ചിലോ ആറിലോ പഠിക്കുന്ന കാലത്ത് കൂത്താട്ടു കുളത്തു വച്ച് ഒരു വലിയ പ്രസംഗയോഗം നടന്നു. അതിന് പെരിങ്ങഴ യിൽ നിന്നും എന്റെ അമ്മാവൻമാർ പോകുന്നുവെന്നറിഞ്ഞ ഞാനും അവ രുടെ കൂടെ പോയി. മൂന്നു ദിവസം നീണ്ടു നിന്ന പരിപാടികൾ. സഭ യ്ക്കെതിരായി ചില പ്രസ്താനങ്ങൾ തലപൊക്കി വരുന്നതിനെതിരായി ട്ടായിരുന്നു ഈ പ്രസംഗ യോഗം. അന്നവിടെ പ്രസംഗിച്ച ചില വാഗ്മി കളെ ഞാൻ ഇപ്പോഴും ഓർക്കുന്നു. ഫാ. പാലോക്കാരൻ, ഫാ. വെള്ളരി

ങ്ങാട്ട്, ഫാ. നടുവത്തുശ്ശേരി, ശ്രീ. ജോസഫ് പെട്ട തുടങ്ങിയവർ ഇവ രിൽപ്പെടുന്നു. ഇവരുടെ ആശയഗാഭീര്യവും വാഗ് വിലാസവും എന്നെ ഏറെ ആകർഷിക്കുകയും സ്വാധീനിക്കുകയും ചെയ്തുവെന്ന് എടുത്തു പറയാൻ ആഗ്രഹിക്കുന്നു. ആത്മ പ്രശംസയാണെന്ന് വായനക്കാർ കരു തരുത്. ഈ പതിവ് എന്നിൽ കൂടുതൽ ഭാഷാജ്ഞാനവും പ്രസംഗ ചാതു രിയും വളർത്തിയെടുത്തു. ഹൈസ്ക്കൂളിൽ മാത്രമല്ല സെമിനാരി ജീവി തത്തിലും ഉപന്യാസ മതിസരങ്ങൾക്കും പ്രസംഗ മത്സരങ്ങൾക്കും ഞാൻ പലപ്പോഴും സമ്മാനാർഹനായിട്ടുണ്ട്. ഹൈസ്ക്കൂളിൽ ഞാൻ ഫോർത്ത്ഫോമിൽ (ഇന്നത്തെ എട്ടാം സ്റ്റാൻഡേർഡ്) ആയിരുന്നപ്പോൾ അന്നത്തെ മലയാളം അദ്ധ്യാപകൻ എം. ഒ. അവരാ സാറാംണെന്നാണ് എന്റെ ഓർമ്മ, ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായി ഒരു ഉപന്യാസ മത്സരം വച്ചു. ഈ മത്സരത്തിൽ ഒന്നാമതായി ജയിക്കുന്നവർ കൊച്ചി രാജ്യത്തിലെ എല്ലാ ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കുമായി നടത്തപ്പെ ടുന്ന ഉപന്യാസ മത്സരത്തിൽ പങ്കെടുക്കാൻ അർഹരായിരിക്കുമെന്ന് അറി യിച്ചു. സ്ക്കൂളിൽ കേവലം എട്ടാം ക്ലാസ്സുകാരനായ ഞാൻ സ്ക്കൂൾ മത്സ രത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കാൻ അർഹനാകുകയും ചെയ്തു. 'സാങ്കേതിക വിദ്യാഭ്യാസ ത്തിന്റെ ആവശ്യക്ത' എന്ന വിഷയമാണ് സംസ്ഥാനത്തല മത്സരത്തിൽ എഴുതാനായി കിട്ടിയത്. ഞാൻ സാമാന്യം തൃപ്തികരമായി എഴുതി. പക്ഷേ അതു പോരല്ലോ, സമ്മാനാർഹനാകാൻ. പരീക്ഷകർക്കും തൃപ്തി കരമാവേണ്ട. ഒമ്പതാം ക്ലാസ്സിലായിരുന്നപ്പോൾ K.C.S.L. ന്റെ നേതൃത്വ ത്തിൽ നടത്തിയ പ്രസംഗ മത്സരത്തിൽ ഞാൻ സമ്മാനാർഹനായി. സമ്മാ നമായി കിട്ടിയത് ഇംഗ്ലീഷിലുള്ള ഒരു ക്രസ്ത്വനുകരണമാണ്. അതു ഞാനി പ്പോഴും സൂക്ഷിക്കുന്നുണ്ട്. സെമിനാരിയിലായിരുന്നപ്പോൾ പതിവായി വായിക്കുകയും ചെയ്തിരുന്നു.

ഞാനിക്കാര്യങ്ങൾ പ്രതിപാദിച്ചത് എന്റെ കഴിവിനെപ്പറ്റി സൂചിപ്പി ക്കാനല്ല; ചെറുപ്പകാലത്ത് നന്മ ചെയ്യുന്നതിന് നമുക്കു കിട്ടുന്ന ചെറിയ ചെറിയ അവസരങ്ങൾ നഷ്ടപ്പെടുത്താതെ ശരിയാംവണ്ണം ഉപയോഗപ്പെ ടുത്തുകയാണെങ്കിൽ അത് ഭാവിയിൽ നമുക്കു വലിയ സഹായമായിരി ക്കും എന്നു സൂചിപ്പിക്കാനാണ്. അന്നു ഞാൻ വളർത്തിയെടുത്ത പ്രസം ഗചാതുര്യം എന്റെ വൈദികകാലത്ത് എനിക്കും മറ്റുള്ളവർക്കും എന്തു മാത്രം ഉപകാരപ്രദമായി എന്ന് എടുത്തു പറയുവാൻ സാധിക്കും. എറ ണാകുളം അതിരൂപതയിലെ മിക്ക മുഖ്യ പള്ളികളിലും ഞാൻ പ്രസംഗി ച്ചിട്ടുണ്ട്. തൃശൂർ വ്യാകുല മാതാവിന്റെ പള്ളിയിലും ഇരിങ്ങാലക്കുടയിലും ചങ്ങനാശ്ശേരിയിലെയും പാലായിലെയും ചില പള്ളികളിലും പ്രസംഗി ക്കാനുള്ള ഭാഗ്യം എനിക്കു കൈവന്നിട്ടുണ്ട്. അന്ന് ഏകാന്ത ധ്യാനത്തിന് വളരെ പ്രചാരം കിട്ടിയ ഒരു കാലസന്ധിയായിരുന്നു. നിരവധി ഇടവകക ളിൽ ഞാൻ ഏകാന്തധ്യാനം നയിച്ചിട്ടുണ്ട്. തേവര കോളേജിലും അസം

പ്ഷൻ കോളേജിലും ഞാൻ ധ്യാനിപ്പിച്ചതായി ഓർക്കുന്നു. അസംപ്ഷൻ കോളേജിൽ ധ്യാനിപ്പിക്കുന്ന അവസരത്തിൽ ഭാഗ്യസ്മരണാർഹനായ മാർ മാത്യു കാവുകാട്ടു തിരുമേനിയെ കാണുന്നതിനും പരിചയപ്പെടുത്തുന്ന തിനും സാധിച്ചു. അതിരൂപതയിലെ കപ്യാരൻമാർക്കെല്ലാം ഒരു ഏകാന്ത ധ്യാനം നടത്തിക്കൊടുക്കണമെന്ന് എന്നോട് ആവശ്യപ്പെട്ടു. ഞാനത് ഒരു കല്പനയായി സ്വീകരിക്കുകയും സെന്റ് തോമസ് കോളേജിൽ വച്ച് അവർക്കായി ധ്യാനം നടത്തുകയും ചെയ്തു. ഏതാണ്ട് മുന്നൂറോളം പേരു ണ്ടായിരുന്നു എന്നാണ് എന്റെ ഓർമ്മ. ഏതായാലും ഈ ധ്യാനത്തോടു കൂടി ഞാൻ പുണ്യശ്ലോകനായ കാവുകാട്ടു തിരുമേനിയുടെ ഒരു നോട്ട പ്പുള്ളിയായിത്തീർന്നുവെന്ന് എനിക്കു മനസ്സിലായി. പിൽക്കാലത്ത് അത് വ്യക്തമാവുകയും ചെയ്തു.

ഇക്കാര്യം ഞാൻ ഇവിടെ എടുത്തു പറഞ്ഞതിന് ഒരു പ്രത്യേക ഉദ്ദേശ്യമുണ്ട്. ഇന്നും സാഹിത്യ സമാജങ്ങളൊക്കെ മിക്ക സ്ക്കൂളുകളിലും നടക്കുന്നുണ്ട്. പക്ഷേ അവ കുട്ടികൾക്ക് എന്തുമാത്രം ഉപകരിക്കു ന്നുണ്ടെന്ന് കണ്ടറിയണം. ഭാഷാവൈദഗ്ധ്യവും വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള വിജ്ഞാനവും നേടുക എന്നുള്ള ലക്ഷ്യം വച്ച് അവ നട ത്തിയാൽ മാത്രമേ അവർക്കത് ഉപകരിക്കുകയുള്ളൂ. ഇന്നു സ്ക്കൂൾ ഫൈനൽ കഴിഞ്ഞു പുറത്തു വരുന്ന കുട്ടികളിൽ എത്രപേർക്ക് മലയാള ത്തിലോ ഇംഗ്ലീഷിലോ രണ്ടു വാക്യം പറയാൻ സാധിക്കും? വിദ്യാഭ്യാസ രീതിയുടെ അപര്യാപ്തത ആയിരിക്കും. എന്നിരുന്നാലും ആഗ്രഹവും മന സ്സുമുള്ള കുട്ടികൾക്ക് ധാരാളം അവസരങ്ങൾ ഇന്നുണ്ട്. വിവിധ സംഘട നങ്ങൾ, പത്രങ്ങൾ, ക്ലബ്ബുകൾ എന്നു വേണ്ട ഗവൺമെന്റു തലത്തിൽ തന്നെയും സംഘടിപ്പിക്കപ്പെടുന്ന പ്രസംഗ മത്സരങ്ങൾ, ഉപന്യാസ മത്സ രങ്ങൾ, ക്വിസ് മത്സരങ്ങൾ തുടങ്ങിയവ കുട്ടികളുടെ മാനസിക ബൗദ്ധിക കഴിവുകളെ വികസിപ്പിച്ചെടുക്കുന്നതിനു വളരെ സഹായിക്കുന്നുണ്ടെ ന്നുള്ള കാര്യം മറച്ചു വയ്ക്കാനാവുകയില്ല. ഞാൻ മിഡിൽ സ്ക്കൂളിൽ ആയിരിക്കുമ്പോൾ ഇടവക പള്ളിയിലെ മരിയൻ സൊഡാലിറ്റിയിലെ ഒരു സജീവ പ്രവർത്തകനായിരുന്നു. അന്ന് ഇന്നത്തെപ്പോലെ മിഷൻലീഗ് തുട ങ്ങിയ അനവധി സംഘടനകൾ ഒന്നും ഉണ്ടായിരുന്നില്ല. മരിയൻ സൊഡാ ലിറ്റി മാത്രം ഒന്നിലധികം പ്രാവശ്യം ഞാൻ അതിന്റെ പ്രീഫെക്ടായിരു ന്നു. ആ നിലയിൽ ഒരു ചെറിയ സംഘാടകൻകൂടി ആയിത്തീരുന്നതി നുള്ള പരിശീലനം എനിക്കു കിട്ടി. മാത്രമല്ല ആദ്ധ്യാത്മികമായ ഒരു ഫോർമേഷനും എന്നെ അത് വളരെ സഹായിച്ചിട്ടുണ്ട്.

# ഹൈസ്ക്കൂൾ വിദ്യാഭ്യാസവും ദൈവവിളിയും

മിഡിൽ സ്ക്കൂൾ പഠനം കഴിഞ്ഞപ്പോൾ വീട്ടിൽ എല്ലാവരും കൂടി ഒരു ചെറിയ ആലോചന നടത്തി എന്നാണ് എനിക്കു തോന്നുന്നത്. അപ്പന് വയസ്സായിവരുന്നു. വല്യമ്മയെണെങ്കിൽ മരിച്ചു. വീട്ടിലെ കാര്യങ്ങൾ നോക്കുന്നതിന് ആരും ഇല്ലല്ലോ. ഞാൻ അവിടെ ഉണ്ടെങ്കിൽ അത്യാവശ്യത്തിന് വല്ലിടത്തും ഒന്നു പറഞ്ഞു വിടുകയെങ്കിലും ചെയ്യാമല്ലോ. തന്നെയുമല്ല, അപ്പന്റെ കൂടെ നടന്ന് വല്ല ജോലിയുമൊക്കെ പഠിക്കട്ടെ. കൊള്ളാം നല്ല ചിന്താഗതി. ഞാനുണ്ടോ അതിനു വഴങ്ങിക്കൊടുക്കുന്നു. തുടർന്നും പഠിക്കണമെന്നുതന്നെ എന്റെ ശാഠ്യം. ഞാൻ വാഴക്കുളത്ത് പഠിക്കുമ്പോൾ അന്നവിടെ മാതേയ്ക്കലെ ബഹു. മത്തായി അച്ചൻ C.M.I. ഉണ്ടായിരുന്നു. അദ്ദേഹവുമായുള്ള അടുത്ത സാമീപ്യവും മറ്റച്ചൻമാരുടെ സമ്പർക്കവും എന്നെ വളരെ സ്വാധീനിച്ചിരുന്നു. ബഹു. മത്തായി അച്ചൻ ഒരിക്കലും മുവാറ്റുപുഴ സർക്കാർ ഹൈസ്ക്കൂളിൽ പോകരുതെന്നും തേവരയുള്ള ഹൈസ്ക്കൂൾ കർമ്മലീത്താ വൈദികർ നടത്തുന്നതാണെന്നും അവിടെ ഒരു നല്ല ബോർഡിംഗ് ഉണ്ടെന്നും ഒക്കെ എന്നോട് പറയുമായിരുന്നു. അങ്ങനെ തേവരയോട് എനിക്കല്പം പ്രതിപത്തിയും അടുപ്പവും തോന്നയിരുന്നു. ഹൈസ്ക്കൂളിൽ പോകണമെന്ന എന്റെ ശാഠ്യത്തോടുകൂടി ഇക്കാര്യവും ഞാൻ വീട്ടിൽ സൂചിപ്പിച്ചു. എന്റെ ആഗ്രഹം അന്ന് ആരക്കുഴപ്പള്ളിയിൽ വിശ്രമ ജീവിതം നയിച്ചിരുന്ന മാതേയ്ക്കൽ ബഹു. യൗസേപ്പച്ചനോട് അപ്പൻ വെളിപ്പെടുത്തി. അദ്ദേഹത്തിന്റെ പ്രതികരണം എനിക്കനുകൂലമായിരുന്നില്ല. ഒരു മകനുള്ളതിനെ പഠിപ്പിക്കാൻ വിടുന്നു. എന്നിട്ട് വീട്ടുകാര്യം നോക്കുന്നതാരാണ്. അവനെ ഇപ്പോൾ ഇംഗ്ലീഷൊന്നും പഠിപ്പിക്കേണ്ട. നാട്ടിൽ ഇംഗ്ലീഷ് വിദ്യാഭായാസത്തിനുവേണ്ടി മുറവിളി കൂട്ടുകയും അതിനായി സ്വന്ത പരിശ്രമം കൊണ്ട് മുവാറ്റുപുഴ ഒരു ഇംഗ്ലീഷ് സ്ക്കൂൾ ആരംഭിക്കുകയും സ്വന്ത സഹോദര പുത്രൻമാർ മൂന്നുപേരെ ഉന്നത വിദ്യാഭ്യാസത്തിന് അയയ്ക്കുകയും ചെയ്ത വല്യച്ചൻ ഇങ്ങനെ പറഞ്ഞുവെന്ന് പിൽക്കാലങ്ങളിൽ എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഏതായാലും അമ്മ എനിക്ക് അനുകൂലമായിരുന്നതുകൊണ്ട് ഹൈസ്ക്കൂളിൽ പോകാൻ തന്നെ തീരുമാനിച്ചു.

ഏതു സ്ക്കൂളിലാണ് പോകേണ്ടത് എന്നായി എല്ലാവരുടെയും പിന്നത്തെ ചിന്ത. ആലോചന ചോദിക്കാനുള്ള ആൾ വല്യച്ചനാണ്. അദ്ദേഹം എന്റെ ഉന്നത വിദ്യാഭ്യാസത്തിന് എതിരാണെന്ന് മനസ്സിലായപ്പോൾ ചിന്ത തിരിഞ്ഞത് വാഴക്കുളം കർമ്മലീത്താ ആശ്രമത്തിലുള്ള ബഹു. മത്തായി അച്ചന്റെ നേർക്കാണ്. ഞാൻ തന്നെ അദ്ദേഹത്തെ പോയി കണ്ട് എന്റെ ആഗ്രഹം അറിയിക്കുകയും അദ്ദേഹത്തിന്റെ അഭിപ്രായം ആരായുകയും ചെയ്തു. മുവാറ്റുപുഴ സർക്കാർ സ്ക്കൂളിൽ ഏതായാലും

പോകരുതെന്ന് അദ്ദേഹം വിലക്കി. അപ്പോൾ പിന്നെ ഏതെങ്കിലും ബോർഡിംഗിൽ താമസിച്ച് പഠിക്കണം. അന്ന് അടുത്തുള്ള ബോർഡിംഗിൽ ഒന്ന് ആലുവാ സെന്റ് മേരീസും, തേവര സേക്രട്ട് ഹാർട്ടുമാണ്. 'ഇതിൽ ഏതെങ്കിലും ഒന്നിൽ പോകുന്നതായിരിക്കും നല്ലത്. കാരണം നിന്റെ ഭാവി അന്തസ്സ് നിശ്ചയിക്കുന്നതിന് അത് സഹായമായിരിക്കും' എന്നദ്ദേഹം പറഞ്ഞപ്പോൾ വേദപാഠം പഠിപ്പിച്ചിരുന്ന റെജീനാമ്മ പ്രവചിച്ചിരുന്ന വാക്കുകൾ എനിക്കോർമ്മ വന്നു. 'ഇവനൊരച്ചനാകും.' എറണാകുളം മൈനർ സെമിനാരിയിൽ ചേരുവാൻ ഉദ്ദേശിക്കുന്ന കുട്ടികൾ ആലുവാ സ്ക്കൂളിൽത്തന്നെ പഠിച്ചിരിക്കണം എന്ന നിബന്ധന അന്നുണ്ടായിരുന്നു. ഹൈസ്ക്കൂൾ വിദ്യാഭ്യാസം കഴിയുമ്പോൾ സെമിനാരിയിൽ ചേരണമെന്നെങ്ങാനും തോന്നിയാൽ ആലുവാ സ്ക്കൂളിൽ ചേർന്നില്ലെങ്കിൽ അതൊരു തടസ്സമായി തീർന്നാലോ എന്നു ഞാൻ മത്തായി അച്ചനോടു പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു 'നീ ആലുവായ്ക്ക് പോകണ്ട, തേവര സ്ക്കൂളിൽ ചേർന്നാൽ മതി. അതും വൈദികർ നടത്തുന്ന സ്ക്കൂളും ബോർഡിംഗുമാണ്. തേവര പഠിച്ചു എന്ന കാരണത്താൽ നിന്നെ സെമിനാരിയിൽ സ്വീകരിച്ചില്ലെങ്കിൽ നിന്നെ കൊവേന്തയിൽ ചേർക്കാൻ ഞാനോർപ്പാടു ചെയ്യാം'. എന്നെ ഒരു കർമ്മലിത്താ വൈദികനാക്കണമെന്ന് അദ്ദേഹത്തിന് ഉദ്ദേശ്യമുണ്ടായിരുന്നുവെന്നു തോന്നുന്നു. അതിനനുസരണമായി ചില ഉപദേശങ്ങളും നിർദ്ദേശങ്ങളും എനിക്കു തന്നു. ഞാൻ വീട്ടിലെത്തി മത്തായി അച്ചൻ പറഞ്ഞ കാര്യങ്ങളെല്ലാം അമ്മയോടും പറഞ്ഞു. അമ്മയുടെ മുഖത്ത് വലിയ ഭാവമാറ്റമൊന്നും കണ്ടില്ല. എന്നാൽ അപ്പന് അത് അത്ര സ്വീകാര്യമായി തോന്നിയില്ല. ഒന്നാമത് വീട്ടിൽ ആരുമില്ല. രണ്ടാമത് ബോർഡിംഗിലും മറ്റും നിന്ന് പഠിക്കാൻ പണം ഒത്തിരി വേണ്ടേ. ഇതായിരുന്നു അപ്പന്റെ മനോഭാവം. അമ്മ പറഞ്ഞു, അവനേതായാലും പഠിക്കട്ടെ. എല്ലാം ദൈവം നടത്തിത്തരും. അപ്പൻ അതിന് എതിരൊന്നും പറഞ്ഞില്ല. ഈ തീരുമാനം എനിക്കെന്തുമാത്രം സന്തോഷവും സംതൃപ്തിയും പ്രദാനം ചെയ്തെന്ന് പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ. ഏഴിൽ ജയിക്കുമെന്ന് എനിക്കുറപ്പുണ്ടായിരുന്നതു കൊണ്ട് പരീക്ഷാഫലം പുറത്തുവരാൻ കാത്തിരിക്കാതെ ചിറ്റപ്പൻ തേവരയിൽ പോയി എനിക്ക് സ്ക്കൂളിലും ബോർഡിംഗിലും ചേരുന്നതിനുള്ള ഏർപ്പാടുകളെല്ലാം ചെയ്തു. ബോർഡിംഗിലേയ്ക്കാവശ്യമായ പെട്ടി, ഡ്രസ്സുകൾ, കിടക്ക തുടങ്ങിയ സാധന സാമഗ്രികളെല്ലാം ഒരുക്കിത്തുടങ്ങി.

സ്ക്കൂൾ തുറക്കുന്നതിനു മുമ്പുതന്നെ വാഴക്കുളത്തുപോയി ടി. സി. യും മറ്റും വാങ്ങി. ടി. സി. തന്നത് ഹെഡ്മാസ്റ്റർ പീറ്റർ തോമസച്ചനെ കണ്ട് യാത്ര പറയുന്നതിനും അനുഗ്രഹാശിസ്സുകൾ വാങ്ങുന്നതിനും സാധിക്കാതെ വന്നാൽ അത് ഒരു വലിയ അപരാധമായിരിക്കുമല്ലോ എന്നു കരുതി ഞാൻ അദ്ദേഹത്തോടു ചോദിച്ചു, പീറ്റർ തോമസച്ചൻ ഇവിടെ ഇല്ലേയെന്ന്. എനിക്കു കിട്ടിയ ഉത്തരം ആഹ്ലാദവും ആശ്ചര്യവും അതി

ലുപരി ചാരിതാർത്ഥ്യവും എന്നിൽ ഉളവാക്കി. അദ്ദേഹം തേവര ഹൈസ്ക്കൂളിലേക്ക് ഹെഡ്മാസ്റ്ററായി സ്ഥലം മാറിപ്പോയി.

സ്ക്കൂൾ തുറക്കുന്നതിന്റെ തലേ ദിവസം തന്നെ തേവരയ്ക്കു പുറപ്പെട്ടു. ചിറ്റപ്പനാണ് എന്നെ കൊണ്ടുപോയത്. ജീവിതത്തിൽ ആദ്യമായി ഇത്രയും നീണ്ട ഒരു യാത്ര ചെയ്യുകയാണ്. പെട്ടിയും കിടക്കയുമെല്ലാം വീടുമുതൽ മൂവാറ്റുപുഴവരെ ഒരു ജോലിക്കാരൻ ചുമന്നു. മൂവാറ്റുപുഴ നിന്നും ബസ്സിലാണ് യാത്ര. അന്ന് മൂവാറ്റുപുഴ നിന്നും എറണാകുളത്തിന് ഒരു ബസ്സു മാത്രമേ ഉള്ളു അതും ദിവസത്തിൽ ഒരിക്കൽ മാത്രം. തൻമൂലം കൃത്യ സമയത്ത് എത്തിയില്ലെങ്കിൽ അന്ന് പിന്നെ എറണാകുളത്തിന് പോകുവാൻ പറ്റുകയില്ല. ഏതായാലും ഞങ്ങൾ സമയത്തുതന്നെ മൂവാറ്റുപുഴ എത്തി. എറണാകുളം കൊച്ചീരാജ്യത്തായിരുന്നതുകൊണ്ട് മാമല എന്ന സ്ഥലത്തെത്തിയപ്പോൾ ബസ്സിലുണ്ടായിരുന്നവരുടെ പെട്ടി സാധനങ്ങൾ എല്ലാം പരിശോധിക്കുക പതിവായിരുന്നു. എന്റെ പെട്ടിയും പരിശോധനയ്ക്ക് വിധേയമായി. മാമല കഴിഞ്ഞാലുടൻ തൃപ്പൂണിത്തുറയായി. തൃപ്പൂണിത്തുറയായിരുന്നു കൊച്ചീരാജാവിന്റെ ആസ്ഥാനം. ബസ്സു കടന്നു പോകുന്നത് രാജകൊട്ടാരത്തിന്റെ കവാടത്തിനടുത്തുകൂടെയാണ്. കവാടത്തിൽ രണ്ടു പോലീസ്സുകാർ തോക്കുമായി കാവൽ നിൽക്കുന്നു. ബസ്സിൽ ഇരുന്നുകൊണ്ട് കവാടത്തിലൂടെ ഞാൻ അകത്തേയ്ക്കു നോക്കി. കുറെ ഉയരത്തിലായി മനോഹരമായ കൊട്ടാരം. കൊട്ടാരത്തിനുള്ളിൽ എന്റെ ഭാവന അല്പസമയം തളം കെട്ടിനിന്നു. സ്വർണ്ണാഭരണവിഭൂഷിതനായ മഹാരാജാവ് തന്റെ സ്വർണ്ണകിരീടം ചാർത്തി സേവകരാൽ പരിസേവിതസായി സിംഹാസനത്തിൽ ഘന ഗാംഭീര്യത്തോടെ ഉള്ള ഇരുപ്പ്. ബസ്സ് അപ്പോഴെയ്ക്കും തൃപ്പൂണിത്തുറ പട്ടണത്തിലെത്തിച്ചേർന്നു. ഇനിയത്തെ ചിന്ത എറണാകുളം പട്ടണം എങ്ങനെയിരിക്കും എന്നതായിരുന്നു. ഏറെ താമസിയാതെ എറണാകുളത്തിന്റെ പ്രാന്തപ്രദേശമായ നായരമ്പലത്ത് എത്തിച്ചേർന്നു. അവിടമാണ് ബസ്സിന്റെ ഹാൾട്ടിംഗ് സ്റ്റേഷൻ ബസ്സ് നിന്നു. എല്ലാവരും ഇറങ്ങി. പെട്ടിയും കിടക്കയും ഞാനും ചിറ്റപ്പനും കൂടി പുറത്തെടുത്തുവച്ചു. അപ്പോഴെയ്ക്കും അതാ റിക്ഷ വേണോ റിക്ഷ വേണോ എന്നു ചോദിച്ചുകൊണ്ട് എട്ടു പത്തുപേർ ഞങ്ങളെ വട്ടമിട്ടു. ബസ്സിൽ നിന്നിറങ്ങിയ പലരും തങ്ങളുടെ ലക്ഷ്യത്തിലേക്കു നടന്നു. ചിലർ റിക്ഷാ വണ്ടിയിൽ പുറപ്പെട്ടു. അവിടെ നിന്നും എറണാകുളം പട്ടണത്തിലേയ്ക്കും തേവരയ്ക്കുമുള്ള അകലം ഏതാണ്ട് തുല്യമാണ്. പട്ടണം വടക്കു പടിഞ്ഞാറും തേവര തെക്കുമാണെന്നുള്ള വ്യത്യാസം മാത്രം. ഇക്കാര്യം മനസ്സിലാക്കിയപ്പോൾ എനിക്കല്പം ഇച്ഛാഭംഗമുണ്ടായി. ഇത്രയും നേരം പട്ടണം ഭാവനയിൽ കണ്ടുകൊണ്ട് ബസ്സിൽ ഇരുന്ന എനിക്ക് ബസ്സിറങ്ങിയപ്പോൾ അതു കാണാനൊക്കുകയില്ലല്ലോ എന്ന ചിന്ത. ചില റിക്ഷക്കാർ പെട്ടിയെടുത്ത് വണ്ടിയിൽ വയ്ക്കാൻ തുടങ്ങി. മറ്റു ചിലർ കയറിപ്പിടിച്ചു. ആകപ്പാടെ ഒരു ചെറിയ ബഹളം. ചിറ്റപ്പൻ പറ

ഞ്ഞു പെട്ടി ആരും എടുക്കരുത്. ഞങ്ങൾക്ക് തേവരയ്ക്കാണ് പോകേണ്ട ത്. എന്തുതരണമെന്നു പറഞ്ഞിട്ട് പെട്ടി എടുത്താൽ മതി. പലരും പല കൂലി പറഞ്ഞു. ഏറ്റവും കുറച്ചു പറഞ്ഞ ആളിന്റെ വണ്ടിയിൽ പെട്ടി കയ റ്റി. കൂട്ടത്തിൽ ഞങ്ങളും. ഒരു മനുഷ്യൻ ആ വണ്ടി വലിക്കാൻ തുടങ്ങി. എനിക്ക് അതിശയം തോന്നി. മനുഷ്യരെ വണ്ടിയിൽ കയറ്റി മനുഷ്യൻ വലിക്കുന്നു. അന്നത്തെ പതിവു അതായിരുന്നു. ഇന്നത്തെപ്പോലെ ഓട്ടോ റിക്ഷയും മറ്റും അന്നില്ല. വളരെ വിരളമായിട്ടുമാത്രമേ സൈക്കിൾ റിക്ഷയും അന്നുണ്ടായിരുന്നുള്ളൂ. ഏതാണ്ട് ഒരു മണിക്കൂർ എടുത്തു മൂന്നു മൈൽ അകലെയുള്ള തേവരയിൽ ഞങ്ങളെ എത്തിക്കാൻ. സമയം നീങ്ങും തോറും എന്റെ നെഞ്ചിടിക്കാൻ തുടങ്ങി. വഴിയരികിൽ കണ്ട ഓല മേഞ്ഞ ചെറു വീടുകളും ചെറ്റകുടിലുകളും അവയ്ക്കു ചുറ്റും മെടഞ്ഞ ഓല കൊണ്ടുള്ള വേലിയും എല്ലാം കണ്ടപ്പോൾ തേവരയെപ്പറ്റി എനിക്കുണ്ടാ യിരുന്ന അഭിപ്രായമെല്ലാം മാറി. എറണാകുളം അടുത്തായതുകൊണ്ട് ഒരു പട്ടണപ്രദേശമായിരിക്കും തേവര എന്നായിരുന്നു എന്റെ വിചാരം. പൂഴിമ ണൽ നിരന്നു കിടക്കുന്ന വഴിയിൽക്കൂടി വളരെ ബുദ്ധിമുട്ടി റിക്ഷാവണ്ടി ഇഴഞ്ഞു നീങ്ങി. ചില സ്ഥലങ്ങളിൽ വണ്ടിച്ചക്രം മണലിൽ പൂണ്ടു പോകാ റുമുണ്ടായിരുന്നു. ഞങ്ങൾ തേവരയിലെത്തി. ആദ്യം കാണുന്നത് ഒരു പ്രസ്സാണ്. അതിനോട് തൊട്ട് തേവര ആശ്രമദേവാലയവും. പള്ളിയുടെ മുറ്റത്തു കൂടി തെക്കോട്ടു തിരിഞ്ഞപ്പോൾ ഒരു വലിയ മൂന്നുനില വാർക്ക കെട്ടിടം. അതാണ് എനിക്കു പഠിക്കാനുള്ള സ്ക്കൂൾ. സ്ക്കൂൾ തുറ ക്കുന്നതിന്റെ തലേ ദിവസമായതുകൊണ്ട് ബോർഡിംഗിലേക്കുള്ള എട്ടു പത്തു കുട്ടികൾ മാത്രമേ വന്നു ചേർന്നിച്ചുള്ളൂ. ഞാൻ സ്ക്കൂളിലേക്കുള്ള കുട്ടിയാണെന്ന് മനസ്സിലാക്കിയ അറ്റന്റർ ഞങ്ങളെ ഓഫീസ് റൂമിലേക്കാ നയിച്ചു. ഞങ്ങളെ ഓഫീസിലേക്ക് സ്വാഗതം ചെയ്തത് വാഴക്കുളത്തെ എന്റെ പഴയ ഹെഡ്മാസ്റ്റർ, എന്നാൽ തേവരയിലെ പുതിയ ഹെഡ്മാ സ്റ്റർ റവ. ഫാ. പീറ്റർ തോമസായിരുന്നു. 'നീയും എന്റെ പിന്നാലെ ഇങ്ങോട്ടു പോന്നോ' എന്ന ചോദ്യത്തോടെയാണ് അദ്ദേഹം ഞങ്ങളെ സ്വീകരിച്ചത്. ഓഫീസിലെ ഫോർമാലിറ്റീസിനുശേഷം ഞങ്ങളെ ബോർഡിംഗ് റെക്ടറുടെ മുറിയിലേക്കു വിട്ടു. അപ്പോൾ ശരിക്കും എനിക്കു ശാസംമുട്ടുന്നതുപോലെ തോന്നി. ഭീമാകാരമായ ആ കെട്ടിടത്തിന്റെ മൂന്നാം നിലയിലാണ് ബോർഡിംഗ്. കോവണി കയറി ചെല്ലുന്നിടത്തു തന്നെയാണ് റെക്ടറച്ചന്റെ മുറി. പെട്ടിയും കിടക്കയും വാതിക്കൽ വച്ചിട്ട് ഞങ്ങൾ അകത്തു കയറി. റെക്ടറച്ചൻ എന്നെ ശരിക്കൊന്നു നോക്കി. 'എങ്ങനെയാ വികൃതിയാണോ' എന്ന് ചിറ്റപ്പനോട് ഒരു ചോദ്യം. 'അടുത്തു തന്നെ അച്ചൻ അറിയാൻ പോകുന്ന കാര്യമല്ലേ'യെന്ന് അർത്ഥോക്തിയിൽ ചിരിച്ചുകൊണ്ടു ചിറ്റപ്പൻ മറുപടി കൊടുത്തു. കൊള്ളാം, നല്ല കുട്ടിയായി നടന്നുകൊള്ളണം. പലതരത്തിലുള്ള കുട്ടി കളുണ്ടാകും. അവരുമായിട്ട് വലിയ കൂട്ടുകെട്ടൊന്നും വേണ്ട. പഠനമായി രിക്കണം പ്രധാനം എന്നെല്ലാം ഉപദേശിച്ചു. മുറിയുടെ രണ്ടു വശത്തും

ഓരോ വലിയ ഹോൾ. രണ്ടിലും ഒരാൾക്കുപയോഗിക്കാവുന്ന ഡസ്ക്കുകളും കസേരകളും. ഇത്രയും ഞാൻ മുറിയിൽ നിന്നു കണ്ടു. മുറി ഹോളിൽ നിന്നും കുറച്ച് പൊങ്ങിയായതു കൊണ്ട് മുറിയിലിരുന്നാൽ രണ്ടു വശത്തും നടക്കുന്നത് വ്യക്തമായികാണാം. 'കാര്യം ഇവർ എട്ടിലേയ്ക്കാണെങ്കിലും കൊച്ചല്ലേ, ഇവനെ ജൂണിയേഴ്സിന്റെ കൂടെയാക്കാം' എന്നു പറഞ്ഞതുകൊണ്ട് തെക്കു വശത്തുള്ള ഹോളിലേക്ക് കൊണ്ടുപോയി. മുറിയോടടുത്ത ഭാഗം സ്റ്റഡിഹോളും അതിന്റെ പിൻഭാഗം കിടപ്പറയുമായിരുന്നു. കൂടുതൽ കുട്ടികളുണ്ടെങ്കിൽ വരാന്തയിലും കിടത്തുമായിരുന്നു. എന്നെ ജൂണിയേഴ്സിന്റെ കൂടെയാണ് വിടുന്നതെന്നു പറഞ്ഞപ്പോൾ ഒരു ഹൈസ്ക്കൂൾ വിദ്യാർത്ഥി കൊച്ചുങ്ങളുടെ കൂടയോ എന്ന് അഭിമാനം ഒരു ചെറിയ ചോദ്യ ചിഹ്നം എന്റെ മനസ്സിൽ വരച്ചു. എങ്കിലും അവരുടെ ഇടയിൽ എനിക്കൊരു പ്രമാണിയാകാമല്ലോ എന്നു ഞാൻ സമാധാനിച്ചു. സ്ക്കൂൾ തുറന്ന് കുട്ടികളെല്ലാം വന്നപ്പോൾ എന്റെ കണക്കുകൂട്ടൽ തെറ്റി. ജൂണിയേഴ്സിൽ എന്നെക്കാൾ മുതിർന്നവരായിരുന്നു പലരും.

ചിറ്റപ്പന് മടങ്ങിപ്പോകാൻ സമയമായി. യാത്ര പറഞ്ഞിറങ്ങി. കുറച്ചിട്ട ഞാനും കൂടെപ്പോയി. എനിക്കു നിലവിളിക്കണെമന്നു തോന്നി. ഞാൻ പള്ളിമുറ്റത്ത് ചിറ്റപ്പൻ നടന്നകലുന്നത് നോക്കിനിന്നു. കാണാമറയത്തായപ്പോൾ ഞാൻ ബോർഡിംഗിലേക്ക് തിരിച്ചു പോന്നു. അവിടെ എത്തിച്ചേർന്നവരുമായി പരിചയപ്പെടണമെന്നു തോന്നി. പക്ഷേ, വീട്ടിലെ വിചാരവും അമ്മയെപ്പറ്റിയുള്ള ചിന്തയും എന്നെ വീട്ടുരോഗത്തിൽ (Home sickness) ആഴ്ത്തിക്കളഞ്ഞു. സന്ധ്യയാകാറായപ്പോഴെയ്ക്കും ഏതാണ്ട് നൂറിൽപ്പരം കുട്ടികൾ പഴയവരും പുതിയവരുമായി ബോർഡിംഗിൽ എത്തിച്ചേർന്നു. ഏഴിന് മണിയടിച്ചു. എന്തിനെന്ന് എനിക്കു മനസ്സിലായില്ല. എല്ലാവരും ഒരു ഹോളിലേക്ക് നീങ്ങി. കൂടെ ഞാനും. എല്ലാവരും സ്ഥലം പിടിച്ചുകഴിഞ്ഞപ്പോൾ റെക്ടറച്ചൻ വന്ന് ഉപദേശവും ചില നിർദ്ദേശങ്ങളും നൽകി. ഞാനെല്ലാം കേട്ടു. പക്ഷേ ഒന്നും മനസ്സിലായില്ല. കാരണം എന്റെ മനസ്സ് വീട്ടിൽ കിടന്ന് പരതുകയായിരുന്നു. ഉപദേശം കഴിഞ്ഞ് എല്ലാവരും വരാന്തയിലേക്ക് ഇറങ്ങി രണ്ടു ലൈനായി നിന്നു. അതും എന്തിനാണെന്ന് എനിക്ക് മനസ്സിലായില്ല. റെക്ടറച്ചൻ നടുക്കു നിന്ന് കൈയ്യടിച്ച് ഒരടയാളം തന്നു. എല്ലാവരും മുട്ടുകുത്തി, ഞാനും. പിന്നെ പ്രാർത്ഥനയായി. ജപമാലയും മറ്റു ചില ജപങ്ങളും. പ്രാർത്ഥന കഴിഞ്ഞ് അച്ചൻ വീണ്ടും അടയാളം തന്നു. എല്ലാവരും എഴുന്നേറ്റ് ലൈനായിത്തന്നെ ഗോവണി ഇറങ്ങി നടന്നുതുടങ്ങി. എങ്ങോട്ടെന്നറിയാതെ ഞാനും അവരുടെ കൂടെ കൂടി. കെട്ടിടത്തിന്റെ തെക്കേ അറ്റത്ത് കിഴക്കു പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന ഒരു ഹോളിലേക്കാണ് പോയത്. ആദ്യമാദ്യം ചെന്നവർ പുറത്ത് നിരനിരയായി പിടിപ്പിച്ചിട്ടുള്ള ടാപ്പുകളിൽ കൈകഴുകുന്നതു കണ്ടപ്പോൾ ഊണിനുള്ള പുറപ്പാടാണെന്ന് മനസ്സിലായി.

ഞാനും കൈകഴുകി ഊണുമുറിയിൽ പ്രവേശിച്ചു. വീട്ടിലെ വിചാരം കൊണ്ട് എനിക്ക് വിശപ്പൊട്ടും ഉണ്ടായിരുന്നില്ല. പോരെങ്കിൽ ബസ്സിറ ങ്ങിയപ്പോൾ ചിറ്റപ്പൻ എന്നെ ചായക്കടയിൽ കയറ്റി പഴംബോളിയും കാപ്പി യുമൊക്കെ വാങ്ങിത്തരികയും ചെയ്തിരുന്നു. ഏതായാലും മടിപ്പ് പുറ ത്തു കാണിക്കാതെ ഉണ്ടെന്നു വരുത്തി. എല്ലാവരുടെയും ഊണ് കഴിയു ന്നതുവരെ അച്ചൻ അങ്ങോട്ടും ഇങ്ങോട്ടും നടന്ന് എല്ലാവരേയും പ്രത്യേ കിച്ച് പുതിയവരെയും നോക്കുന്നുണ്ടെന്ന് എനിക്ക് മനസ്സിലായി. ഊണു കഴിഞ്ഞപ്പോൾ അടയാളം തന്നു. എല്ലാവരും എഴുന്നേറ്റ് പ്രാർത്ഥിച്ച് പുറ ത്തുപോയി കൈകഴുകി മുകളിലേക്ക് നീങ്ങി. ആദ്യത്തെ ദിവസമായതു കൊണ്ട് ഒരു യാന്ത്രിക മനുഷ്യനെപ്പോലെ എല്ലാവരും ചെയ്യുന്നതുപോലെ ഞാനും ചെയ്തു. പിന്നീട് ഉല്ലാസമാണ്. എനിക്കു പോയി കിടന്നുറങ്ങ ണമെന്നു തോന്നി. ആദ്യത്തെ ദിവസമല്ലേ, അച്ചന് ഇഷ്ടപ്പെട്ടില്ലങ്കില്ലോ എന്നു ഭയന്ന് ഞാനൊരിടത്ത് ഒതുങ്ങിക്കൂടി. ചിലരെല്ലാം എന്നെ സമീ പിച്ച് നാടും വീടുമൊക്കെ തിരക്കി. ചുരുങ്ങിയ വാക്കുകളിൽ മാത്രം മറു പടി കൊടുത്തു. അവരിൽ ഒരാളെ ഞാനോർക്കുന്നു. വാഴക്കുളംകാരൻ വെട്ടു കല്ലുംപുറത്ത് മാണി. സംസാരത്തിലും പെരുമാറ്റത്തിലും വളരെ പക്വത വന്ന ഒരു മനുഷ്യൻ. പ്രായവും അത്ര കുറവല്ല. കിട്ടിയ അവസരം ഉപയോഗിച്ച് അയാളെനിക്ക് ചില നല്ല നിർദ്ദേശങ്ങൾ തന്നു. മുതിർന്ന കുട്ടികളുമായി അധികം അടുക്കണ്ട കേട്ടോ. കാണാൻ കൊള്ളാവുന്ന കുട്ടികളെ അങ്ങനെ വലയിലാക്കുന്ന ഒരുപറ്റം കുട്ടികളവിടെയുണ്ടത്രേ. ഞാനാണെങ്കിൽ കൃശഗാത്രനും സാമാന്യം കാണാൻ കൊള്ളാവുന്ന ഒരു കുട്ടിയുമായിരുന്നു. ഇതുകേട്ടപ്പോൾ എനിക്കു ഭയം തോന്നി. ഉല്ലാസസമ യത്ത് പലരും എന്നെ സമീപിക്കുന്നതു കണ്ടിട്ടായിരിക്കണം കിടക്കാൻ മണിയടിച്ചപ്പോൾ റെക്ടറച്ചൻ വന്ന് എന്നെ മാണിച്ചേട്ടന്റെ അടുത്തുതന്നെ കിടത്തിയത്. പിറ്റേ ദിവസമാണ് മാണിച്ചേട്ടൻ ബോർഡിംഗിലെ പ്രീഫെക്ട് ആണെന്നു മനസ്സിലായത്. ഏതായാലും എന്റെ ബോർഡിംഗ് ജീവിത ത്തിൽ മാണിച്ചേട്ടനെനിക്ക് ഒരു താങ്ങും തണലുമായിരുന്നു.

എന്റെ അമ്മ ചെറുപ്പത്തിലേ എനിക്കു പറഞ്ഞു തന്നിട്ടുള്ളതും ഞാനെന്നും മുടങ്ങാതെ അനുഷ്ഠിച്ചുപോന്നതും ഇപ്പോഴും അനുസ്മരി ക്കുന്നതുമായ ഒരു പതിവിന്റെ അർത്ഥം ഈ അവസരത്തിൽലാണ് എനിക്ക് മനസ്സിലായതും ബോധ്യമായതും. രാത്രയിൽ ഉറങ്ങുന്നതിനു മുമ്പും രാവിലെ ഉണരുമ്പോഴും 3 നന്മ നിറഞ്ഞ മറിയം ചൊല്ലി 'എന്റെ അമ്മേ' എന്നെ ഈ രാത്രിയിൽ (ദിവസം) 'അശുദ്ധ പാപത്തിൽ വീഴാതെ കാത്തുകൊള്ളേണമേ' എന്നു പ്രാർത്ഥിക്കാൻ അമ്മ എന്നെ പരിശീലി പ്പിച്ചിരുന്നു.

പിറ്റേ ദിവസം രാവിലെ ആറു മണിക്കു മണിയടിച്ചു. എന്നും രാവിലെ അമ്മ എന്നെ വിളിച്ചുണർത്താറാണു പതിവ്. അതിനു വിപരീത

മായി ഇന്നു മണിനാദമാണുണർത്തുക. മണിനാദം കേട്ട് ഞാൻ കണ്ണു തുറന്നു നോക്കിയപ്പോൾ എല്ലാവരും ബഡ്ഡു മടക്കുന്നു. ഞാനും എഴു ന്നേറ്റ് ബഡ്ഡു മടക്കി അതിന്റെ സ്ഥാനത്തു വച്ചു. തുടർന്ന് പ്രഭാത പ്രാർത്ഥ നയായി. അതു കഴിഞ്ഞ് പ്രാഥമിക ആവശ്യങ്ങളൊക്കെ നടത്തി എല്ലാ വരും പള്ളിയിൽ കുർബാനയ്ക്കു പോയി. കുർബാന കഴിഞ്ഞ് വന്ന് ഒരു മണിക്കൂർ പഠനമാണ്. അതു കഴിഞ്ഞ് പ്രഭാത ഭക്ഷണം. ഇതേ പതിവ് മൂന്നു കൊല്ലം ഞാൻ തുടർന്നു.

സ്ക്കൂളിൽ മണിയടിച്ചപ്പോൾ എല്ലാവരും ക്ലാസ്സുകളിലേക്കു നീങ്ങി. അവിടെ ചെന്നപ്പോഴാണ് പതിവിൽ വ്യത്യസ്തമായ രീതിയാണ് പഠന വിഷയങ്ങളിൽ അവിടെ സ്വീകരിക്കുക എന്നു മനസ്സിലാക്കുന്നത്. തേവര യിൽ മാത്രമല്ല, കൊച്ചീരാജ്യത്തെ എല്ലാ ഇംഗ്ലീഷ് സ്ക്കൂളുകളിലും അങ്ങനെയാണുപോലും. രീതി എന്താണെന്നോ, ഇംഗ്ലീഷ്, മലയാളം, കണക്ക് ഈ മൂന്നു വിഷയങ്ങൾ നിർബന്ധിത വിഷയങ്ങൾ. ചരിത്രം, ഭൂമിശാസ്ത്രം, സയൻസ് വിഷയങ്ങൾ, ലോജിക്ക് (തർക്ക ഷാസ്ത്രം) തുട ങ്ങിയവ ഐച്ഛിക വിഷയങ്ങൾ. തിരുവിതാംകൂറിലെ പഠനരീതി കൂടു തൽ മെച്ചമാണെന്നും. ആലുവ സെന്റ് മേരീസ് ഹൈസ്ക്കൂൾ ഉന്നതനി ലവാരം പുലർത്തുന്നു എന്നും ഞാൻ കേട്ടിരുന്നു. തേവര എത്തി അവി ടത്തെ രീതികളെപ്പറ്റി കേട്ടപ്പോൾ അതു ശരിയാണെന്ന് എനിക്കു തോന്നി. ഇനി തോന്നിട്ടു ഫലമില്ലല്ലോ. അവിടത്തെ രീതി സ്വീകരിക്കുക തന്നെ. പല വിഷയങ്ങളും പഠിക്കാൻ പറ്റില്ലല്ലോ എന്ന ഇച്ഛാഭംഗം ഒരു വശത്ത്. അത്രയും ബുദ്ധിമുട്ട് കുറഞ്ഞല്ലോ എന്നൊരാശ്വാസം മറുവശത്ത്. ഇനി ഏതു വിഷയങ്ങളാണ് ഐച്ഛികമായിട്ടെടുക്കുക. എന്നതായി അടുത്ത ചിന്ത. ആരോടാണ് ഒന്നു ചോദിക്കുക. ഹെഡ്മാസ്റ്ററോട് ചോദിക്കാൻ ഭയം. റെക്ടറോടു ചോദിക്കാമെന്നുവച്ചാൽ അദ്ദേഹത്തിന്റെ സംസാരവും പെരുമാറ്റവും കണ്ടിട്ട് പണ്ഡിതോചിതമായി ഒരു മറുപടി തരാൻ പറ്റിയ ആളായി എനിക്കു തോന്നിയില്ല. രാവിലെ ബോർഡേഴ്സ്നുവേണ്ടി കുർബാന ചൊല്ലിയത് ഒരു കൊച്ചച്ചനായിരുന്നു. സുമുഖനും ചുറുചുറു ക്കുള്ളവനും പ്രഥമദൃഷ്ട്യാ സമർത്ഥനുമാണെന്ന് എനിക്ക് അദ്ദേഹത്തെ പ്പറ്റി തോന്നി First impression is the best impression. അദ്ദേഹത്തെപ്പറ്റി ബോർഡിംഗിലെ പഴയ കുട്ടികളോട് ഞാന്വേഷിച്ചു. അദ്ദേഹത്തിന്റെ പേര് ഫാ. ഫ്രാൻസിസ് സാലസ്. അദ്ദേഹം അന്നത്തെ പ്രിയോർ ജനറാളിന്റെ സെക്രട്ടറി ആയിരുന്നത്രേ. എനിക്കു തോന്നി അദ്ദേഹത്തെ സമീപിച്ച് എന്റെ പ്രശ്നപരിഹാരം കണ്ടെത്താമെന്ന്. ഞാനദ്ദേഹത്തെ സമീപിച്ച് എന്റെ വിഷയം അവതരിപ്പിച്ചു. എന്റെ പേരും വീടും നാടുമൊക്കെ ചോദി ച്ചറിഞ്ഞ ശേഷം എന്നോടൊരു ചെറിയ ചോദ്യം. വൈദികനാകാൻ ആഗ്ര ഹമുണ്ടോ. ഞാനാലോചിച്ചിട്ട് ആഗ്രഹമുണ്ട് എന്നുമാത്രം പറഞ്ഞു. അങ്ങനെ പ്ലാനുണ്ടെങ്കിൽ ലോജിക് (തർക്കശാസ്ത്രം) എടുക്കുന്നതു നന്നായിരിക്കും. തന്നയുമല്ല ലോജിക്കിനു കണക്കിന്റേതുപോലെ നല്ല മാർ

ക്കും കിട്ടാനുള്ള സാധ്യതയുണ്ട്. എന്റെ ദൈവവിളിയെപ്പറ്റി കാര്യമായി ചിന്തിക്കുന്നതിനുള്ള ഒരവസരം കൂടിയായിരുന്നു അത്. ലോജിക്കുതന്നെ ഐച്ഛികമായെടുക്കാൻ ഞാൻ നിശ്ചയിച്ചു. പക്ഷേ ലോജിക്കിന്റെ സഹ വിഷയം ചരിത്രമായിരുന്നു. ചരിത്രം എനിക്കിഷ്ടമായിരുന്നെങ്കിലും ധാരാളം പഠിക്കുവാനുണ്ടല്ലോ എന്നൊരു ചിന്ത. അതു സാരമില്ല പ്രാകൃത്യാ കണക്കിനു മോശമായിരുന്നതിന്റെ പോരായ്മ ലോജിക്കുവഴി പരിഹരിക്കാമല്ലോ എന്നൊരു ചിന്തയും ലോജിക്ക് എടുക്കുന്നതിന് എന്നെ പ്രേരിപ്പിച്ചു.

എന്റെ ദൈവവിളിക്കു പരോക്ഷമായിട്ടാണെങ്കിലും പ്രേരണ ചെലു ത്തിട്ടുണ്ട് വീട്ടിലെ ഭക്താനുഷ്ഠാനങ്ങും പ്രാർത്ഥനകളും. അപ്പൻ എന്നും പള്ളിയിൽ പോകുന്ന പതിവുണ്ടായിരുന്നു. ഒറ്റ ദിവസവും മുടക്കാറില്ല. കൂട്ടത്തിൽ ഞാനും പൊയ്ക്കൊള്ളണം. നിർബന്ധമാണ്. അമ്മയും അങ്ങ നെതന്നെ. വല്യമ്മ നടക്കാനുള്ള വിഷമംകൊണ്ട് ഞായറാഴ്ചമാത്രമേ പള്ളിയിൽ പോകാറുള്ളൂ. അമ്മയുടെ കൂടെ പള്ളിയിൽ പോകാൻ ഒട്ടും ഇഷ്ടമുണ്ടായിരുന്നില്ല. കാരണം അമ്മയുടെ കൂടെപ്പോയാൽ സ്ത്രീക ളുടെ കൂടെ നിൽക്കേണ്ടിവരും. ആരുടെ കൂടെ പോകുന്നുവോ അവരുടെ അടുത്തുതന്നെ ഉണ്ടായിരിക്കണമെന്നായിരുന്നു നിബന്ധന. അപ്പന്റെ കൂടെ പോയാൽ പുരുഷൻമാരോടുകൂടി നിൽക്കാമല്ലോ. അന്ന് ഇന്ന ത്തെപ്പോലെ വി. ബലിയിൽ സജീവഭാഗഭവിത്വം ഒന്നും ഉണ്ടായിരുന്നില്ല. പുരോഹിതൻ വി. കുർബാന സുറിയാനിയിൽ അർപ്പിക്കും. സുവിശേഷം കഴിഞ്ഞ് എല്ലാവരും മുട്ടുകുത്തുമ്പോൾ ദൈവജനം ജപമാല ആരംഭിക്കും. അതു രഹസ്യത്തിലല്ല, എല്ലാവരും കൂടി ഉച്ചത്തിൽത്തന്നെ. എല്ലാദിവ സവും അതിന് നേതൃത്വം നൽകിയിരുന്നത് അപ്പനാണ്. അങ്ങനെ രാവിലെ പള്ളിയിലെ ജപമാലയും വൈകുന്നേരത്തെ വീട്ടിലെ ജപമാലയും എന്നും കേട്ട് എനിക്കതു മനഃപാഠമായി. ഞാനന്നു ഞായറാഴ്ച വേദപാഠത്തിന് രണ്ടാം ക്ലാസ്സിലും സ്ക്കൂളിൽ മൂന്നാം ക്ലാസ്സിലുമാണ് പഠിക്കുന്നത്. ഞായ റാഴ്ച വേദപാഠക്ലാസ്സിൽ കുരിശിന്റെ അടയാളം മുതൽ ചെറിയ വേദോ പദേശപ്പുസ്തകത്തിലെ നമസ്കാരമാണു പഠിപ്പിക്കുക. വേദപാഠം മൂന്നാം ക്ലാസ്സിൽ പഠിപ്പിച്ചിരുന്നത് ഒരു കർമ്മലീത്താ സിസ്റ്റർ എന്റെ ഓർമ്മ ശരി യാണെങ്കിൽ സി. റെജീനയാണ്. ഞാൻ മൂന്നാം ക്ലാസ്സിലേക്കു ചെന്ന പ്പോൾ സിസ്റ്റർ ജപമാല എല്ലാവരും പഠിക്കണമെന്നു പറഞ്ഞ് വേദോപ ദേശപ്പുസ്തകമെടുത്ത് 'അളവില്ലാത്ത.....' എന്നു തുടങ്ങുന്ന പ്രാർത്ഥന അടുത്ത ഞായറാഴ്ചത്തേയ്ക്കു കാണാതെ പഠിച്ചുകൊണ്ടു വരണമെന്നു പറഞ്ഞു. ഞാൻ ചാടി എഴുന്നേറ്റ് 'അതെല്ലാം എനിക്കറിയാം' അമ്മേ എന്നു പറഞ്ഞപ്പോൾ സിസ്റ്റർ അടുത്തു വന്ന് എന്നെക്കൊണ്ട് എല്ലാ രഹ സ്യങ്ങളും ലുത്താനിയും മറ്റും ചൊല്ലിച്ചു. യാതൊരു സങ്കോചവുമില്ലാതെ ഞാൻ എല്ലാം ശരിയായി ചൊല്ലി. സിസ്റ്ററിന്റെ മുഖത്ത് അതിശയം ഊറി ക്കാണണം. ഏതായാലും അന്നുമുതൽ ഞാൻ സിസ്റ്ററിന്റെ പ്രത്യേക

പരിഗണനയ്ക്കു പാത്രീഭൂതനായി. അന്ന ആരക്കുഴ മഠത്തിൽ എന്റെ ഇളയമ്മമാരും അമ്മായിമാരും ആയി പല കർമ്മലീത്താ കന്യാസ്ത്രീകളുമുണ്ടായിരുന്നു. വല്ലപ്പോഴുമൊക്കെ അമ്മയും ഞാനും കൂടി അവരെ സന്ദർശിക്കാനും, ഞങ്ങളുടെ നിസ്സാഹായാവസ്ഥയിൽ പ്രാർത്ഥന യാചിക്കാനുമായി മഠത്തിൽ പോകുമായിരുന്നു. ബന്ധമൊന്നുണ്ടായിരുന്നെങ്കിലും ഞങ്ങൾ വന്നിട്ടുണ്ടെന്നു കേട്ടാൽ സിസ്റ്റർ റെജീനയും ഓടി എത്തുകപതിവാണ്. എല്ലാവരും കൂടിയിരുന്ന് സംസാരിക്കുന്നിടയിൽ സിസ്റ്റർ റെജീന പലപ്പോഴും പറയുന്നത് ഞാനോർക്കുന്നു, 'ഇവനൊരച്ചനാകും'. അപ്പോൾ മറ്റുള്ളവർ ആ സിസ്റ്ററിനെ കളിയാക്കിയിട്ടുള്ളതും ഞാനോർക്കുന്നു. ചിലർ പറയും 'പിന്നെ ഏകമോനല്ലേ അച്ചനാകാൻ പോകുന്നത്.' മറ്റു ചിലർ പറയും 'അതെങ്ങനെയാ അവനു പെങ്ങ്നമാരില്ലല്ലോ, പിന്നെങ്ങനയാ അവൻ അച്ചൻ (അമ്മാവൻ) ആകുന്നത്.'ഏതായാലും സിസ്റ്റർ റെജീനായുടെ വാക്കുകൾ ഒരു പ്രവചനം തന്നെയായിരുന്നു. ഇതെഴുതുമ്പോൾ എന്റെ ഓർമ്മയിൽ വരുന്നതു മാതാവ് ഈശോയെ ദൈവാലയത്തിൽ സമർപ്പിക്കുന്നതിനു കൊണ്ടു ചെന്ന അവസരത്തിൽ ശീമോൻ മറിയത്തോടു വാക്കുകളാണ് ഇവൻ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരമാകും. ഇവൻ വിവാദവിഷയമായ ഒരടയാളവുമായിരിക്കും. അങ്ങനെ അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടും. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറുകയും ചെയ്യും. (വി. ലൂക്ക. 2. 34: 35)

മനുഷ്യരക്ഷയ്ക്കായി മനുഷ്യാവതാരം ചെയ്ത ക്രിസ്തു തന്റെ ദൗത്യനിർവഹണത്തിനു നിശ്ചയിച്ച മാർഗ്ഗങ്ങളാണ് ഏഴു കൂദാശകൾ. മാമ്മോദീസ വഴി ദൈവത്തിന്റെ ദത്തുപുത്രൻമാരും ദൈവജനവുമായി തീർന്ന ക്രിസ്ത്യാനികൾക്ക് അവിടന്നു രണ്ടു കൂദാശകൾ വഴി നിർദ്ദേശിച്ചു തന്ന രണ്ടു ജീവിത സരണികളാണു കുടുംബജീവിതവും പൗരോഹിത്യവും. ഇവയ്ക്കു പുറമേ മറ്റൊരു മാർഗ്ഗം കൂടി അവിടന്നു ചൂണ്ടികാണിച്ചു തന്നിട്ടുണ്ട്. സന്യാസജീവിതം കുടുംബ ജീവിതം മഹത്താണെങ്കിൽ വൈദിക ജീവിതം മഹത്തരമാണ്. സന്യാസ ജീവിതം മഹത്തമവും. ഈ മൂന്നു ജീവിത രീതികളും ഒരോത്തരുടേയും ഇഷ്ടാനുസരണം തിരഞ്ഞെടുക്കുന്നതല്ല പ്രത്യുത ഓരോ ജീവിതാന്തസ്സിലേക്കും ദൈവം വിളിക്കുന്നതാണ്. ദൈവത്തിന്റെ വിളി കേട്ട് തദനുസരണം ദൈവം വിളിച്ചിട്ടുള്ള ജീവിതാന്തസ്സിലേക്ക് പ്രവേശിക്കുന്നവർക്കുമാത്രമേ അവിടെ സമാധാനവും സന്തോഷവും കണ്ടെത്താൻ സാധിക്കുകയുള്ളൂ. ആരെങ്കിലും ദൈവവിളിക്കനുസൃതമല്ലാതെ, മറ്റേതെങ്കിലും അന്തസ്സ് സ്വമനസ്സാ കൈവരിച്ചാൽ അവർക്ക് ആ ജീവിതത്തിൽ സമാധാനമോ സംതൃപ്തിയോ കണ്ടെത്താൻ സാധിക്കുകയില്ലെന്നു മാത്രമല്ല ചിലപ്പോൾ സ്വന്തം ആത്മനാശത്തിനും അതിലുപരി മറ്റുള്ളവരുടെ ആത്മനാശത്തിനും അതു വഴി തെളിച്ചെന്നു വരാം. ലോജിക്ക് ഐച്ഛികമാക്കാൻ എന്നെ ഉപദേശിച്ച ബ.

ഫ്രാൻസീസ് സാലസച്ചനെത്തന്നെ ഞാൻ എന്റെ കുമ്പസാരക്കാരനായും ഉപദേഷ്ടവായും തിരഞ്ഞെടുത്തു. എന്റെ ദൈവവിളിയിൽ അദ്ദേഹം ഒരു നല്ല പങ്കു വഹിച്ചിട്ടുണ്ടെന്നു കൃതജ്ഞതാപൂർവ്വം ഇവിടെ സ്മരിക്കുന്നു. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി ഞാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അടുത്ത ദിവസം തന്നെ ക്ലാസ്സുകൾ മുറയ്ക്കു തുടങ്ങി. ഇത്തരുണത്തിൽ എന്റെ അഭിവന്ദ്യ അദ്ധ്യാപരെ ഞനൊന്നു സ്മരിക്കട്ടെ. ഇംഗ്ലീഷ് എടുത്തിരുന്നത് ഹെഡ്മാസ്റ്റർ പീറ്റർ തോമസച്ചൻ തന്നെയായിരുന്നു. എല്ലാംകൊണ്ടും നലം തികഞ്ഞ ഒരദ്ധ്യാപകൻ. പാഠം പഠിക്കാതെ ക്ലാസ്സിൽ ചെന്നാൽ അടി തീർച്ച. പ്രത്യേകം പഠിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. പഠിപ്പിക്കുന്നതിനോടൊപ്പം പഠനവും നടന്നു പോകുമായിരുന്നു. അത്രയ്ക്കും വിശേഷമായിരുന്നു അദ്ദേഹത്തിന്റെ ക്ലാസ്സ്. ഇംഗ്ലീഷ് വ്യാകരണമൊക്കെ എത്ര നിഷ്കൃഷ്ടമായിട്ടാണു പഠിപ്പിച്ചിരുന്നതെന്നോ. എട്ടിലും ഒമ്പതിലും പത്തിലും അദ്ദേഹം തന്നെയാണ് ഇംഗ്ലീഷ് എടുത്തിരുന്നത്. ഇന്നത്തെ M.A സ്റ്റാൻ ഡേർഡിനെയും വെല്ലുന്നതായിരുന്നു അന്നത്തെ പത്തിലെ നിലവാരമെന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. അങ്ങനെ മൂന്നു കൊല്ലവും അദ്ദേഹത്തിന്റെ കീഴിൽത്തന്നെ ഇംഗ്ലീഷ് അഭ്യസിക്കാൻ എനിക്കു കിട്ടിയ അസുലഭ ഭാഗ്യം എന്റെ ഭാവി പഠനത്തിനും ജീവിതത്തിനും വലിയ ഒരു താങ്ങായിരുന്നു.

എനിക്കേറ്റവും ഇഷ്ടമുള്ളതും എളുപ്പമുള്ളതുമായ വിഷയമായിരുന്നു മലയാളം. എനിക്കു മലയാളം അദ്ധ്യാപകനായി ലഭിച്ചത് സുപ്രസിദ്ധ സാഹിത്യക്കാരനും എഴുത്തുകാരനുമായ എം. ഒ. അവരാസാറായിരുന്നു. അദ്ദേഹത്തിന്റെ ക്ലാസ്സിന്റെ സവിശേഷതയെ ഒറ്റ വാക്കിൽ സമാഹരിക്കാം. ഒരു മണിക്കൂർ ക്ലാസ്സ് വെറും അഞ്ചു മിനിട്ടായി തോന്നും. അതിനുള്ളിൽ വ്യാകരണം, വ്യാഖ്യാനം, ആഖ്യാനം, അപഗ്രഥനം എന്നു വേണ്ട എല്ലാം നല്ല അടുക്കിനും ചിട്ടയ്ക്കും കടന്നുപോകും. ഉച്ചാരണശുദ്ധിക്ക് അദ്ദേഹം നൽകിയിരുന്ന പ്രാധാന്യം ഒന്നുവേറെതന്നെയായിരുന്നു. താൻ കുറച്ചുകൂടി ശ്രമിച്ചാൽ തനിക്കൊരു നലം തികഞ്ഞ പ്രാസംഗികനാകാമെന്നു പറഞ്ഞ് അദ്ദേഹം എന്നെ പ്രോത്സാഹിപ്പിച്ചതു ഞാൻ ഇപ്പോഴും ഓർക്കുന്നു. എന്നിൽ ഒതുങ്ങിക്കിടന്നിരുന്ന മലയാളഭാഷാവാസനയെ ഉണർത്തിയത് അദ്ദേഹമാണ്. സ്ക്കൂൾ തലത്തിലും സംസ്ഥാന തലത്തിലും നടന്നിട്ടുള്ള ഉപന്യാസ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അദ്ദേഹം എന്നെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തിട്ടുണ്ട്. പലതിലും ഞാൻ സമ്മാനാർഹനുമായിട്ടുണ്ട്. നിർഭാഗ്യമെന്നു പറയട്ടെ എനിക്കദ്ദേഹത്തിന്റെ കീഴിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാനായില്ല. ഞാൻ ഒമ്പതിലായിരിക്കുമ്പോൾ അദ്ദേഹം സ്ഥലം മാറിപ്പോയി. എങ്ങോട്ടാണു പോയതെന്നു ഞാനോർക്കുന്നില്ല. ഞങ്ങളോടു

യാത്ര പറഞ്ഞപ്പോഴാണ് ഞങ്ങൾക്കൊരു നല്ല മലയാളം സാറിനെ നഷ്ട പ്പെട്ടല്ലോ എന്നു ഞങ്ങൾ മനസ്സിലാക്കുന്നത്. അദ്ദേഹം യാത്ര പറഞ്ഞ പ്പോൾ ഞാൻ കരഞ്ഞെന്നാണ് എന്റെ ഓർമ്മ. പറവൂർക്കാരനായ അവ രാസാർ ഇന്നു സ്വഭവനത്തിൽ വിശ്രമജീവിതം നയിക്കുന്നു. എന്നാൽ പൂർണ്ണ വിശ്രമജീവിതമല്ല. വയോധികനായ അദ്ദേഹം ഇന്നും സാഹിതീ സേവനത്തിൽ വ്യാപൃതനാണ്. അവരാസാർ പോയപ്പോൾ പകരം വന്നതു ടി. എം. ചുമ്മാർ സാറാണ്. പാണ്ഡിത്യത്തിൽ ഒരു പക്ഷേ അവരാസാ റിനെക്കാൾ കേമനായിരിക്കാം ചുമ്മാർ സാർ. പക്ഷേ, അദ്ദേഹത്തിന്റെ ക്ലാസ്സുകൾ അവരാസാറിന്റേതുപോലെ ഞങ്ങൾക്കാർക്കും അത്ര ഇഷ്ട പ്പെട്ടില്ല. പ്രായം അധികമില്ലെങ്കിലും പ്രായം ചെന്ന ഒരു മനുഷ്യനെയാണ് ഞങ്ങൾ അദ്ദേഹത്തിൽ കണ്ടത്. കാര്യങ്ങളെല്ലാം അറിയാം. അവരാസാറി നെപ്പോലെ ഒരു വാഗ്മി ആയിരുന്നില്ല അദ്ദേഹം. വാഗ്മി എന്നതിനേക്കാൾ ഒരെഴുത്തുകാരനായിട്ടാണ് ചുമ്മാരു സാർ ഇന്നും അറിയപ്പെടുക. ധാരാളം പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. മരണം വരെ അദ്ദേഹം സാഹിതീ സേവനത്തിൽ വ്യാപൃതനായിരുന്നു. കൂനമ്മാവുകാരനായ ചുമ്മാർ സാർ പൊതുവേ ശാന്തനും വിനീതനുമായിരുന്നു.

ഒരു സുബ്രഹ്മണ്യസാറായിരുന്നു കണക്കെടുത്തിരുന്നത്. എനി ക്കൊട്ടും ഇഷ്ടമില്ലാതിരുന്ന വിഷയം. ഇഷ്ടക്കേട് വിഷയത്തിന്റെ കുറ്റം കൊണ്ടല്ല എന്റെ അറിവുകേടുകൊണ്ടാണ്. എനിക്കേറ്റവും വിഷമമുള്ള വിഷയവും കണക്കായിരുന്നു. വിഷയത്തോടുള്ള വെറുപ്പ് സ്വാഭാവിക മായി വിഷയമെടുക്കുന്ന അദ്ധ്യാപകനോടും തോന്നിയിരുന്നു. മുൻഭാഗം മുണ്ഡനം ചെയ്ത്, മുകൾ ഭാഗത്ത് കുടുമിയും വച്ച്, ഒരു കോട്ടും അതി നുമുകളിൽ ഒരു കവണിയും വളച്ചിട്ട് അദ്ദേഹം ക്ലാസ്സിലേക്കു വരു മ്പോൾത്തന്നെ എനിക്കൊരു വിരസത. പിന്നെ ഒരു ഗുണമുണ്ടായിരുന്നു. ഗൃഹപാഠം ഒന്നും ചെയ്തിട്ടില്ലെങ്കിലും പ്രോബ്ലം ഒന്നും ചെയ്തിട്ടില്ലെ ങ്കിലും പുള്ളിക്കാരന് ഒരു ഭാവമാറ്റവുമില്ല. 'പഠിക്കാൻ ഇഷ്ടമുള്ളവ രൊക്കെ പഠിക്കിൻ' എന്നു മാത്രം പറയും. ശാന്തശീലനായ ഒരു പട്ടർ. ക്ലാസ്സൊക്കെ നന്നായിട്ടെടുക്കും. ആൾജിബ്രയും ജോമട്രിയുമായിരുന്നു എനിക്കേറ്റം വിഷമം. എങ്ങനെ എങ്കിലും നാലഞ്ചു കണക്കുകൾ ചെയ്തു പരീക്ഷയ്ക്ക് കഷ്ടിച്ചു കടന്നുകൂടാൻ മാത്രം മാർക്കു വാങ്ങിക്കും. പത്താം തരത്തിൽ പബ്ലിക്ക് പരീക്ഷയാണല്ലോ. അന്നെന്തു ചെയ്യും എന്ന ഭയപ്പാട് എനിക്കുണ്ടായിരുന്നു. ഞാനെന്തു ചെയ്തെന്നോ. പരീക്ഷയടു ത്തപ്പോൾ വരാവുന്ന ചില ചോദ്യങ്ങളും അവയുടെ മാതൃകയും സാറു ബോർഡിൽ ചെയ്തുതന്നു. ഞാനതെല്ലാം പകർത്തി. പത്തെണ്ണമോ മറ്റോ കാണാതെ പഠിച്ചു ഒത്താലൊത്തു എന്ന മട്ടിൽ. അങ്ങനെ പഠിച്ച പത്തിൽ എട്ടെണ്ണവും പരീക്ഷയ്ക്കു വന്നു ലോട്ടറി അടിച്ച മട്ടിൽ.

ഇടയ്ക്കൊരു സംഭവമുണ്ടായി. എന്തോ കാര്യം പ്രമാണിച്ച് സുബ്ര

ഹ്മണ്യംസാറ് മൂന്നുമാസത്തേക്ക് അവധി എടുത്തു. പകരം വന്നത് ആയിടയ്ക്ക് BEd കഴിഞ്ഞ ഒരു ശെമ്മാശനായിരുന്നു. ബ. ഔറേലിയോസ്. എന്തൊരു ശൂരത്വം, എന്തൊരു ചൊടിചൊടിപ്പ്, എന്തൊരു സ്വരം. ആരും വിറച്ചു പോകും. ഇദ്ദേഹത്തിന്റെ കാലത്ത് ഞാനങ്ങനെ രക്ഷപ്പെടുമെന്നായി എന്റെ ഭയം. ഏതായാലും വലിയ കുഴപ്പമെന്നും കൂടാതെ ആ മൂന്നുമാസം കടന്നു പോയി. എനിക്കാശ്വാസമായി.

ചരിത്രാദ്ധ്യാപകൻ കുമ്പളംകാരനായ ഒരു സേവ്യർ സാറായിരുന്നു. ലോജിക്ക് പഠിപ്പിച്ചിരുന്നത് കുത്തിയതോടുകാരനായ ഒരു ഇട്ടൂപ്പു സാറും. രണ്ടുപേരും പക്കാ ജെന്റിൽമെൻ. നല്ല ക്ലാസ്സുകൾ. കൃത്യമായി നോട്ടു തരും. എഴുതി എടുത്ത് പഠിച്ചാൽ മതി. ലോജിക്ക് എന്താണെന്ന് ഒന്നു മനസ്സിലാക്കി എടുക്കുന്നതുവരെ അല്പം ബുദ്ധിമുട്ടുതോന്നി. കുറച്ചുകഴിഞ്ഞ് അതിന്റെ സാരസ്യം ഗ്രഹിച്ചു കഴിഞ്ഞപ്പോൾ നല്ല രസമായി. എനിക്കു വളരെ ഇഷ്ടപ്പെട്ടു. കണക്കിന്റെ പോരായ്മ ലോജിക്കൽ തീർക്കാൻതന്നെ തീരുമാനിച്ചു. ഇങ്ങനെ കൊല്ലങ്ങൾ ഒന്നൊന്നായി കടന്നുപോയി. സ്ക്കൂൾ ജീവിതത്തെക്കുറിച്ച് ഇത്രയും പ്രസ്താവിച്ചിട്ടു ബോർഡിംഗ് ജീവിതത്തെക്കുറിച്ചും അല്പം പരാമർശിച്ചില്ലെങ്കിൽ അതൊരു കൃത്യവിലോപമായിരിക്കുമെന്ന് കരുതുന്നു.

## ബോർഡിംഗ് ജീവിതം

ഞാൻ വാഴക്കുളത്ത് പഠിച്ചിരുന്നപ്പോൾ പരേതനായ ബ. മാതേയ്ക്കലച്ചൻ C.M.I. എന്നിൽ പാകിയ ദൈവവിളിയുടെ വിത്ത് മുളച്ച് കുറെശെ മുള എടുക്കുന്നതിനും അതിന് വെള്ളവും വളവും കൊടുത്ത് വളർത്തിയെടുക്കുന്നതിനും കിട്ടിയ അവസരമായിരുന്നു തേവരയുള്ള എന്റെ ബോർഡിംഗ് ജീവിതം. അതിനുള്ള എല്ലാ സാഹചര്യങ്ങളും അവിടെ ഉണ്ടായിരുന്നു. ശരിക്കു കടിഞ്ഞാണിട്ടില്ലായിരുന്നെങ്കിൽ ഒരു ദുർവൃത്തനും ആഭാസനുമാകാനുള്ള സാഹചര്യങ്ങളും അവിടെ ഉണ്ടായിരുന്നുവെന്ന സത്യം ഞാൻ മറച്ചു വയ്ക്കുന്നില്ല. എന്റെ അമ്മയുടെ പ്രാർത്ഥനയും സ്വർഗ്ഗീയമാതാവിന്റെ പരിലാളനയും എന്നെ സകലവിധ നീർച്ചുഴിയിൽ നിന്നും രക്ഷിച്ചു എന്നേ പറയാനുള്ളൂ. ക്ഷണപ്രഭാചഞ്ചലങ്ങളായ ഐഹികസുഖങ്ങളുടെ നിരർത്ഥകതയും പാരത്രിക സൗഭാഗ്യത്തിന്റെ പരമോൽ കൃഷ്ടതയും എന്റെ മനസ്സിൽ ആഴമായി പതിയുവാൻ തുടങ്ങിയത് ബോർഡിംഗ് ജീവിതകാലത്താണ്. അനന്തതയുടെ അപ്പുറത്തു നിന്ന് ആകർഷകങ്ങളായ ചില ചിന്താമലരുകൾ എന്നെ കൈകാട്ടി വിളിക്കുന്നതായി എനിക്കു തോന്നിട്ടുണ്ട്. ജീതേന്ദ്രിയരും ധർമ്മതല്പരരുമായി തേവര ആശ്രമത്തിൽ ജീവിക്കുന്ന ചില വന്ദ്യ വൈദികരുടെ വീരോചിതമായ മാതൃക എന്റെ മുമ്പിൽ പ്രകാശം വീശി. ഇവരിൽ മൂന്നുപേരെപ്പറ്റി എടുത്തുപറയണമെന്ന് എനിക്കു തോന്നുന്നു. പ്രഥമസ്ഥാ

നം അർഹിക്കുന്നത് അന്നത്തെ പ്രിയോർജനറായിരുന്ന പെ. ബ. ജോൺ ബർക്കുമാൻസ് അച്ചനാണ്. ഘനഗാംഭീര്യമുള്ള മുഖ ഭാവം. എന്നാൽ ഒരിക്കലും ഘനീഭവിക്കാത്ത സുസ്മേരവദനം. അടുത്തു സംസാരിച്ചു കഴിഞ്ഞാലോ മറക്കാനാവാത്ത ഒരു ആത്മീയ കർഷണം. വളരെ താണ സ്വരത്തിലേ സംസാരിക്കൂ. എന്നാൽ കേൾവിക്കാർക്കു വളരെ സ്ഫുട മായി കേൾക്കാം. രണ്ടാമത്തെ വ്യക്തി ആസ്പിരൻസിന്റെ റെക്ടറും ബോർഡിംഗിലെ കുമ്പസാരക്കാരനുമായിരുന്ന ബ. അനസ്താസിയൂസ ച്ചൻ. പ്രായം അറുപതു വയസ്സിനോടടുത്തുകാണും. കൃശഗാത്രൻ. വിന യാന്വിതമായ പെരുമാറ്റം. അധികം സംസാരിക്കുകയില്ല. കുമ്പസാരക്കൂ ട്ടിൽ തരുന്ന ഉപദേശം ലഘുവും എന്നാൽ കാര്യമാത്രപ്രസക്തവുമായി രിക്കും. ബാഹ്യപ്രകൃതിതന്നെ അദ്ദേഹം ജീവിക്കുന്ന ഒരു വിശുദ്ധനാ ണെന്നു വിളിച്ചു പറയും. മൂന്നാമത്തെ വ്യക്തി കുടുംബദീപം പത്രാധി പരും ഒരു ധ്യാനഗുരുവുമായിരുന്ന ബ. ലേത്തൂസ് അച്ചനാണ്. ലോത്തൂസ് എന്ന ലത്തീൻ വാക്കിന്റെ അർത്ഥം സന്തോഷം എന്നാണ്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ആ പേര് അന്വർത്ഥമായിരുന്നു. പ്രായം അധികം ഇല്ല. എപ്പോഴും സന്തോഷവാൻ. ഒരു പണ്ഡിതനും. ഇവർ മൂവരും എന്റെ ദൈവവിളിക്ക് ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ വളരയേറെ സ്വാധീനിച്ചിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്.

ബ. അനസ്താസിയൂസച്ചൻ ആസ്പിരൻസിന്റെ റെക്ടറായിരുന്നു വെന്നു ഞാൻ പറഞ്ഞല്ലോ. ഇക്കൂട്ടരെ പറ്റി ഒരു വാക്ക്. കർമ്മലാത്താസ ഭയിൽ ചേരുന്നതിന് ആഗ്രഹിക്കുന്നവർക്ക് എട്ടാം ക്ലാസ്സു മുതൽ പ്രത്യേക പരിശീലനം നൽകുന്നതിന് അവരെ ഇതര കുട്ടികളിൽ നിന്നും വേർപെ ടുത്തി ഒരുതരം പ്രത്യേക ഉടുപ്പും കൊടുത്ത് താമസിപ്പിക്കുന്നു. ക്ലാസ്സിൽ ഇവർ ഞങ്ങളോടൊത്തുതന്നെ പഠിക്കുന്നു. ഞങ്ങളുമായി ഏതൊരു ബന്ധവുമില്ല. അവർക്കു ഞങ്ങളോടോ ഞങ്ങൾക്ക് അവരോടോ മിണ്ടു ന്നതിനുപോലും അനുവാദമില്ല. കളിയും, കുളിയും, ഊണും ഉറക്കവു മെല്ലാം വേറെതന്നെ. മറ്റുള്ളവരെ അപേക്ഷിച്ച് വളരെ അച്ചടക്കമുള്ള യാതൊരു കാര്യത്തിലും ഇടപെടാതെ പഠനത്തിലും പ്രാർത്ഥനയിലും മാത്രം ശ്രദ്ധ ചെലുത്തി കഴിയുന്ന ഒരു കൂട്ടർ. ഒരിക്കൽ എനിക്ക് ഒരാശ ജനിച്ചു. ഇവരുടെ കൂടെ കൂടിയാലോ എന്ന്. എന്റെ ആഗ്രഹം ഞാൻ ആരോടും പറഞ്ഞില്ല. എന്റെ ആഗ്രഹം അറിയാതെതന്നെ അനസ്താ സിയൂസച്ചൻ ഈ കാര്യത്തെപ്പറ്റി ഒരിക്കൽ എന്നോട് സൂചിപ്പിച്ചു. ബോർഡിംഗിൽ ഞാൻ വളരെ മര്യാദക്കാരനായിരുന്നു എന്നതായിരിക്കാം അദ്ദേഹത്തെ അതിനു പ്രേരിപ്പിച്ചത്. ഞാൻ വീട്ടിൽ ചോദിക്കട്ടെ എന്നു മാത്രം മറുപടി കൊടുത്തു. വീട്ടിൽ ഒന്നും ചോദിക്കാൻ പോയില്ല. ഞാൻ തന്നെ ചിന്തിച്ച് വേണ്ടെന്നു തീരുമാനമെടുത്തു. ഈ തീരുമാനത്തിന് എന്നെ പ്രേരിപ്പിച്ചതു രണ്ടു കാര്യങ്ങളാണ്. അവരുടെ കൂടെ ചേർന്നാൽ അവധിക്കു വീട്ടിൽ പോകാൻ ഒക്കുകയില്ല. അമ്മയെ കാണാനും പറ്റുക

യില്ല. രണ്ടാമത്തെ കാരണം രസമാണ്. ആസ്പിരൻസിനെ അരപ്രാന്തൻ എന്ന് വിളിച്ച് ക്ലാസ്സിൽ കളിയാക്കുന്നതു ഞാൻ കേട്ടിട്ടുണ്ട്. അങ്ങനെ വിളിക്കപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അന്ന് ആസ്പിരൻസിന്റെ കൂടെ ഉണ്ടായിരുന്ന ഒരാളെ ഞാൻ ഇന്നും ഓർക്കുന്നു. ജസ്റ്റീസ് തളിയ ത്തിന്റെ മകൻ. കാഴ്ചക്കു സുമുഖനും പഠനത്തിൽ പ്രഥമനും. അദ്ദേഹം വൈദികനായ ശേഷം പിൽക്കാലത്ത് രൂപതയുടെ മെത്രാനും ബിഷപ്പ് കോൺഫ്രൻസ് സെക്രട്ടറിയുമൊക്കെ ആയി പ്രസിദ്ധനായിത്തീർന്നു. അദ്ദേഹം മദ്ധ്യവയസ്സിൽതന്നെ ചരമമടഞ്ഞു. അത് ഭാരതസഭയ്ക്ക് ഒരു തീരാനഷ്ടമായിപ്പോയി എന്നു പറയാതിരിക്കാനാവുകയില്ല.

ബോർഡിംഗിലെ ആദ്ധ്യാത്മിക അന്തരീക്ഷവും സുകൃതാനുഷ്ഠാ നങ്ങൾക്കുള്ള അനുകൂല സാഹചര്യങ്ങളും എന്നിൽ പാകപ്പെട്ടിരുന്ന വൈദികനാകണമെന്നുള്ള ആഗ്രഹത്തെ കൂടുതൽ ദൃഢതരമാക്കി. ഞാൻ ബോർഡിംഗിൽ ചേരുന്നതിനു മുൻപ് ആഴ്ചതോറും കുമ്പസരിക്കുമായി രുന്നു. അത് അമ്മയ്ക്കു നിർബന്ധവുമായിരുന്നു. എന്നാൽ എല്ലാ ശനി യാഴ്ചയും മസാദ്യ വെള്ളിയാഴ്ചയും മാത്രമേ വി. കുർബാന സ്വീകരി ച്ചിരുന്നുള്ളൂ. എന്നാൽ ബോർഡിംഗിസായതിനുശേഷം അനുദിന ദിവ്യ കാരുണ്യ സ്വീകരണത്തിനുള്ള വഴി തെളിഞ്ഞുകിട്ടി. മാത്രമല്ല മുമ്പുള്ള കുമ്പസാരങ്ങൾ ഇടവകപ്പള്ളിയിൽ ഒരു ചടങ്ങായി മാത്രം നടത്തിപ്പോ ന്നു. എന്നാൽ ബോർഡിംഗിൽ വന്നതിനുശേഷം ആശ്രമവാസികളായ വൈദികരുടെ പ്രത്യേകിച്ച് പുണ്യശ്ലോകനായ എന്റെ കുമ്പസാരക്കാരന്റെ പ്രത്യേക ശ്രദ്ധയും ഉപദേശവും പാപമോചകമായ കുമ്പസാരത്തിന്റെ അന്തഃസത്തയിലേക്ക് ചൂഴ്ന്നിറങ്ങുന്നതിനും, ആ കൂദാശയുടെ ആവശ്യ കതയും പ്രാധാന്യവും ശരിക്കും മനസ്സിലാക്കി സ്വീകരിക്കുന്നതിനും എന്നെ വളരെ സഹായിച്ചു. ജീവിതത്തെ കുലങ്കഷമായി പരിശോധിച്ച് തെറ്റുകളെപ്പറ്റി പരിതപിച്ച് ദൈവപ്രതിനിധിയായ പുരോഹിതനോട് അവ ഏറ്റുപറഞ്ഞ് കൂദാശകളുടെ അനുഗ്രഹങ്ങൾ കൂടുതലായി പ്രാപിക്കുന്ന തിനും അങ്ങനെ ആദ്ധ്യാത്മികത്വത്തിന്റെ ഒരുന്നതമായ മാർഗ്ഗത്തിലേക്കു കടക്കുന്നതിനും എനിക്കു സാധിച്ചു. കാര്യങ്ങൾ കൂടുതൽ മനസ്സിലായ തോടെ ആഴ്ചതോറുമുള്ള കുമ്പസാരം എത്ര അനുഗ്രഹദായകമാണെന്നു പറഞ്ഞറിയിക്കുക വിഷമമാണ്. ഇന്ന് കുമ്പസാരം അത്രമാത്രം ആവശ്യ മില്ല എന്നൊരു ചിന്താഗതി ഉയർന്നുവന്നിട്ടുണ്ട്. മാത്രമല്ല കുമ്പസാരി ക്കാതെ അനുദിനം വി. കുർബാന സ്വീകരിക്കുന്നതു പലരിലും ഒരു ഫാഷ നായി തീർന്നിട്ടുണ്ടെന്നും പറയേണ്ടിയിരിക്കുന്നു. ഇത്തരുണത്തിൽ പാപ സങ്കീർത്തനത്തിന്റെ (confession) ഫലസിദ്ധിയെപ്പറ്റി മഹാത്മാഗാന്ധി എഴുതിയിട്ടുള്ളത് ഇവിടെ ഉദ്ധരിക്കട്ടെ. പക്ഷേ അദ്ദേഹം കുമ്പസാരം എന്ന കൂദാശയെ ഉദ്ദേശിച്ചായിരിക്കയില്ല പ്രസ്താവിച്ചിരിക്കുന്നത്. തെറ്റു ചെയ്ത വർ അതു സമ്മതിച്ച് തങ്ങളുടെ തെറ്റുകൾ ഏറ്റുപറയുന്നതിനെ ആയി രിക്കാം അദ്ദേഹം ഉദ്ദേശിച്ചിട്ടുള്ളത്.

"കുറ്റങ്ങളുടെ ഏറ്റുപറച്ചിൽ അഴുക്കിനെ തൂത്തുമാറ്റുകയും തറ വൃത്തിയാക്കുകയും ചെയ്യുന്ന ചൂലുപോലെയാണ്. പാപം ആവർത്തിക്കയില്ലായെന്ന ദൃഢനിശ്ചയത്തോടുകൂടിയുള്ള ആത്മാർത്ഥമായ ഏറ്റുപറച്ചിൽ അതു സ്വീകരിക്കുവാൻ അർഹതയുള്ള ഒരാളുടെ മുമ്പിൽ അർപ്പിക്കപ്പെടുമ്പോൾ അത് ഏറ്റം പരിശുദ്ധമായ ഒരു പശ്ചാത്താപപ്രകടനമാണ്. തന്റെ പഴയജീവിതം ഉപേക്ഷിച്ച ഒരു വ്യക്തിക്ക് താൻ ഒരു പുതിയ മനുഷ്യനാകണമെന്ന അനുഭൂതിയാണ് ഉണ്ടകുക. അതീതകാലത്തെ തെറ്റുകൾ ഏറ്റുപറയുന്നതിൽ അയാൾ ലജ്ജിക്കുകയില്ല. കാരണം അവ ഇപ്പോൾ അയാളെ സ്പർശിക്കുന്നതേയില്ല. ഒരു രോഗിക്കു തന്റെ രോഗം മറച്ചു വയ്ക്കാൻ നിവൃത്തിയില്ല. അങ്ങനെ ചെയ്താൽ അയാൾ തന്റെ തന്നെ ശത്രുവായി ഭവിക്കുന്നു."

"ദൈവത്തിന്റെ ദൃഷ്ടിയിൽ പാപിയും പുണ്യവാനും സമമാണ്. കാരണം രണ്ടുപേർക്കും തുല്യ നീതി ലഭിക്കുമെന്നതാണ്. മുന്നോട്ടു പോകുന്നതിനോ പുറകോട്ടു പോകുന്നതിനോ തുല്യമായ അവസരമാണു രണ്ടുപേർക്കും ഉള്ളത്. രണ്ടുപേരും അവിടുത്തേ മക്കളാണ്. സൃഷ്ടികളാണ്. ഒരു പാപിയെക്കാൾ താൻ മെച്ചപ്പെട്ടവനാണെന്നു വിചാരിക്കുന്ന പുണ്യവാൻ ആ സ്ഥാനത്തിനു തനിക്കുള്ള അവകാശം നഷ്ടപ്പെടുത്തുകയും പാപിയെക്കാൾ അധഃസ്ഥിതനായി ഭവിക്കുകയും ചെയ്യുന്നു. പാപിയാകട്ടെ താൻ ചെയ്യുന്നത് എന്തെന്ന് അറിയുന്നില്ല. അഹങ്കാരിയായ പുണ്യവാനാകട്ടെ അതറിയുന്നു."

പാപനിവേദനത്തിനുള്ള അഭിനിവേശം കുറഞ്ഞുവരുന്ന ഇക്കാലത്ത് ആദ്ധ്യാത്മികപാതയിൽ പുരോഗമിക്കാൻ ആഗ്രഹിക്കുന്നവർ മഹാത്മജിയുടെ വാക്കുകൾ ചിന്താവിഷയമാക്കുന്നതു നല്ലതാണ്.

എന്റെ ബോർഡിംഗ് ജീവിതം അപ്രതിഹതമായി മുന്നോട്ടു നീങ്ങി. അന്നത്തെ എന്റെ സതീർത്ഥരിൽ ചുരുക്കം ചിലരെ വല്ലയിടത്തുമൊക്കെ വച്ചു കാണാറുണ്ട്. കാഞ്ഞൂക്കാരൻ പാറയ്ക്കൽ ജോസഫ്, ദേവസിക്കുട്ടി, മലയാറ്റൂർക്കാരൻ പനച്ചിക്കൽ പത്രോസ്, എടാട്ടുകാരൻ പുതുശ്ശേരി ആന്റണി, കുഞ്ഞുച്ചെറിയ തുടങ്ങി ചുരുക്കം ചിലരെ ഞാനിപ്പോഴും ഓർക്കുന്നു. ഇവരിൽ പുതുശ്ശേരി ആന്റണി വൈദികനായി. അദ്ദേഹവും ഞാനും മൈനർ സെമിനാരിയിലും മംഗലപ്പുഴ സെമിനാരിയിലും ഒരുമിച്ചായിരുന്നു. ഒരുകൊല്ലം സീനിയർ ആയിരുന്നു എന്നു മാത്രം. സതീർത്ഥരിൽ വേറെ ആരും വൈദികരായതായി എനിക്കറിവില്ല. പുതുശ്ശേരി ഫാ. ആന്റണി മദ്ധ്യവയസ്ക്കനായിരിക്കേതന്നെ ചരമമടഞ്ഞു.

തേവര ബോർഡിംഗിൽ എല്ലാക്കൊല്ലവും പൂജാ അവധിക്ക് ഏകാന്തധ്യാനം നടത്താറുണ്ടായിരുന്നു. ബോർഡിംഗിൽ താമസിച്ച മൂന്നു കൊ

വും ഞാൻ ധ്യാനത്തിൽ സംബന്ധിച്ചു. ഓരോ ധ്യാനവും മൂന്നു ദിവസത്തേയ്ക്കു നീണ്ടുനിന്നു. മൂന്നു ദിവസവും സംസാരിക്കാനോ ഒച്ചവയ്ക്കാനോ ആംഗ്യങ്ങൾ കാണിക്കാനോപോലും പാടുണ്ടായിരുന്നില്ല. ആദ്യത്തെ ദിവസം അല്പം ബുദ്ധിമുട്ടു തോന്നിയെങ്കിലും പിന്നീടത് ആസ്വാദ്യകരമായി. അതിലുപരി എന്റെ മനോമണ്ഡലത്തിൽ നവംനവങ്ങളായ ആദർശദീപങ്ങൾ കൊളുത്തുന്നതിനും, അതുവഴി നല്ല തീരുമാനങ്ങൾ എടുക്കുന്നതിനും, തദ്വാരാ, ഒരു വൈദികനാകാനുള്ള എന്റെ ആശയത്തെ അരക്കിട്ടുറപ്പിക്കുന്നതിനും പര്യാപ്തമായതായി എനിക്കനുഭവപ്പെട്ടു. ഏകാന്തധ്യാനം എന്നു കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. ബോർഡിംഗിൽ അത് എന്താണെന്ന് അനുഭവിച്ചറിഞ്ഞു. ഏകാന്തമെന്ന പേരുണ്ടെങ്കിലും എല്ലാവരേയും സംബന്ധിച്ച് അങ്ങനെ ആയിരുന്നില്ല. ഞാനും പൂർണ്ണമായി ഏകാന്തതയിലായിരുന്നുവെന്ന് അഭിമാനിക്കുന്നില്ല. എന്നാൽ മൂന്നാം കൊല്ലത്തെ ധ്യാനം കുറെക്കൂടെ ഗൗരവമായിട്ടും ധ്യാനഗുരുവിന്റെ നിർദ്ദേശമനുസരിച്ചും നടത്താൻ ഞാൻ ആത്മാർത്ഥമായി പരിശ്രമിച്ചു. കാരണം എന്റെ ജീവിതഘട്ടത്തിലെ ഒരു വഴിത്തിരിവാണല്ലോ സ്ക്കൂളിലെ അവസാനത്തെ കൊല്ലം.

ഇത്രയും പ്രസ്താവിച്ചതിൽ നിന്നു ഞാൻ ബോർഡിംഗിലെ വലിയ മര്യാദക്കാരനായിരുന്നുവെന്നു തീർത്തും പറഞ്ഞുകൂടാ. പ്രായത്തിനടുത്ത ചില കുസൃതികളിലൊക്കെ ഞാനും പെട്ടിട്ടുണ്ട്. എന്നാലും അത്ര ഗൗരവമായ കേസുകളിലെന്നും ഞാൻ പെട്ടിട്ടില്ല. ബോർഡിംഗ് റെക്ടരുടെ അടികൊണ്ടിട്ടില്ലെന്നാണ് എന്റെ ഓർമ്മ. പലപ്പോഴും മറ്റുള്ളവരുടെ പ്രേരണയ്ക്കു വിധേയനായിട്ടാണ് കുസൃതി കാണിക്കാറ്. ഒരു സംഭവം ഞാനിപ്പോഴും ഓർക്കുന്നു. പത്താം ക്ലാസ്സിലായിരിക്കുമ്പോഴാണ്, റെക്ടർ ഫാ. ബെർത്തോൾഡിനു പ്രായമായതുകൊണ്ട് അദ്ദേഹത്തെ സഹായിക്കുന്നതിന് ഒരു കൊച്ചച്ചനെ കൊടുത്തു വൈസ് റെയ്ടറായിട്ട്. അദ്ദേഹത്തിന്റെ പേര് ഫാ. ഹോർമ്മീസ് C.M.I. ഫാ. ഹോർമ്മീസ് അല്പം ശുണ്ഠിക്കാരനും മുൻ കോപിയുമായിരുന്നു. അദ്ദേഹത്തിന്റെ പ്രത്യേക സ്വഭാവം കൊണ്ടായിരിക്കണം ഹെഡ്മാസ്റ്ററച്ചന് അദ്ദേഹത്തോട് അത്ര മമത ഇല്ലെന്നു കുട്ടികളെല്ലാം മനസ്സിലാക്കിയിരുന്നു. അന്നു പരീക്ഷാദിവസമായിരുന്നു. പതിവുപോലെ പ്രഭാതഭക്ഷണത്തിനു ഞങ്ങളെല്ലാവരും ഊണുമുറിയിൽ ഹാജരായി. വിളമ്പിയിരുന്നതു പുട്ടാണോ ഉപ്പുമാവാണോ എന്നു കൃത്യമായി ഓർക്കുന്നില്ല. ഏതായാലും അതിൽ മുഴുവൻ കല്ലായിരുന്നു. ഒരു വിധത്തിലും തിന്നാൻ നിവൃത്തിയില്ലാത്ത അവസ്ഥ. കടിക്കുന്നതെല്ലാം കല്ല്. പത്തിലെ മുതിർന്ന രണ്ടു മൂന്നു കുട്ടികൾ അദ്ദേഹത്തെ സമീപിച്ച് അച്ചാ, കല്ലുകടിച്ചിട്ടു തിന്നാൻ പറ്റുന്നില്ലെന്നു സങ്കടം പറഞ്ഞു. പതിവുപോലെ അദ്ദേഹം ഊണുമുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയായിരുന്നു. പെട്ടെന്നു കുപിതനായ അദ്ദേഹം ഉച്ചത്തിൽ എല്ലാവരോടുമായി വിളിച്ചു പറഞ്ഞു 'വേണമെങ്കിൽ തിന്നിട്ട് എഴു

`ന്നേറ്റുപോടാ' എന്ന്. മെസ്സിന്റെ ചാർജ്ജുള്ള അദ്ദേഹം അങ്ങനെ പറഞ്ഞത് എല്ലാവർക്കും തികച്ചും വേദനാജനകമായി. ചിലർ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു; “ഇതു ധർമ്മമായി തരുന്നതല്ല. ഞങ്ങൾ രൂപ എണ്ണി തന്നിട്ടാണ് ”. “എഴുന്നേൽക്കിനെടാ, ഇതിനുസമാധാനമുണ്ടോ എന്നറിഞ്ഞിട്ടേ ഉള്ളൂ ഇനിയത്തെ കാര്യം”. പത്തിലെ പിള്ളേരെല്ലാം ഒന്നടങ്കം എഴുന്നേറ്റു. കുറച്ചു കൊച്ചു കുട്ടികൾ മാത്രം അവിടെ ഇരുന്നു. ഭയന്നിട്ടാകാം. എല്ലാവരും കൂടി നേരെ ഹെഡ്മാസ്റ്ററച്ചന്റെ പക്കലാണു പോയത്. റെക്ടറച്ചനെ സമീപിച്ചാൽ യാതൊരു ഫലവുമുണ്ടാവില്ല എന്നറിയാമായിരുന്നു. ഉണ്ടായ അനുഭവങ്ങൾ വിശദമായി പറഞ്ഞു. ഗാംഭീര്യഭാവക്കാരനായ അദ്ദേഹം ഇതെല്ലാം കേട്ടിട്ട് അല്പമൊന്നു പുഞ്ചിരിച്ചു. പ്യൂണിനെ വിളിച്ചു പുറത്തു കടയിൽപ്പോയി എല്ലാവർക്കും ഏത്തപ്പഴം വാങ്ങിക്കൊണ്ടുവരുവാൻ നിർദ്ദേശിച്ചു. അയാളെ സഹായിക്കാൻ കൂട്ടത്തിൽ നാലഞ്ചു കുട്ടികളെയും വിട്ടു. അങ്ങനെ അന്നു ഞങ്ങൾക്ക് ഒരിക്കലും കിട്ടാത്ത ഏത്തപ്പഴം കിട്ടി. എല്ലാവരും വിജയശ്രീലാളിതരായി ബോർഡിംഗിലേക്കു മടങ്ങി. ഏതായാലും ഹൊർമ്മീസച്ചന് അതൊരടിയായിരുന്നു. അതിനുശേഷം അദ്ദേഹത്തിന്റെ മ്ലേച്ഛമായ ഭാഷണങ്ങളൊന്നും ഞങ്ങളോടു പ്രയോഗിച്ചിട്ടില്ല.

സ്ക്കൂൾ ജീവിതത്തിൽ അവധിക്കാലം എല്ലാകുട്ടികൾക്കും സ്വാഗതാർഹമായ ഒരു കാര്യമാണ്. ഞാനും അതിനൊരപവാദമായിരുന്നില്ല. അവധി അടുക്കാറാകുമ്പോഴേക്കും ദിവസങ്ങൾ എണ്ണാൻ തുടങ്ങും. ഇനി വീട്ടിൽ പോകാൻ എത്ര ദിവസമുണ്ട്. അവധി ആയാൽ ജയിൽ വിമോചനത്തിന്റെ ഒരു പ്രതീതിയാണ്. വീട്ടിലെത്തിക്കഴിഞ്ഞാലത്തെ സ്ഥിതിയോ പറയാനില്ല. ബോർഡിംഗിൽ പോകുന്നതിനു മുമ്പ് ഇടവകപ്പള്ളിയിൽ മാതാവിന്റെ സൊഡാലിറ്റിയുടെ ഒരു സജീവ പ്രവർത്തകനായിരുന്നു ഞാൻ. ഒന്നോ രണ്ടോ കൊല്ലം തുടർച്ചയായി ഞാൻ സഖ്യത്തിന്റെ പ്രീഫെക്ടായിരുന്നു. ശനിയാഴ്ചയായിരുന്നു സൊഡാലിറ്റിദിനം. വി. കുർബാനയ്ക്കു കുട്ടികളെ നിരയായി നിറുത്തുക, മാതാവിന്റെ ഒപ്പീസ് എത്തിക്കുക, ജ്ഞാനവായന നടത്തുക, ഹാജരെടുക്കുക തുടങ്ങിയവയായിരുന്നു പ്രീഫെക്ടറിന്റെ ജോലി. ഇവയെല്ലാം എന്റെ ആദ്ധ്യാത്മികോന്നതിനു പ്രേരകങ്ങളും എന്റെ ദൈവവിളിക്കു പ്രചോദനമായിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. മാസം തോറുമുള്ള മീറ്റിംഗിൽ മിക്കവാറും പ്രസംഗകൻ ഞാൻതന്നെ ആയിരിക്കും. പ്രസംഗിക്കുന്നതിനുള്ള എന്റെ വാസനയെപ്പറ്റി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. മദ്ധ്യവേനൽ അവധിക്കു വന്നാൽ ഇവയ്ക്കെല്ലാം പുറമെ വാർഷികാഘോഷങ്ങൾക്കുള്ള ഒരുക്കങ്ങളായി. ലഘു നാടകങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതിനു ഞാൻ അതീവ ശുഷ്കാന്തി പ്രകടിപ്പിച്ചിരുന്നു. ഇക്കാര്യങ്ങൾക്കു നേതൃത്വം നല്കിയിരുന്നത് അന്ന് പള്ളിയിലെ ക്ലാക്കായിരുന്ന പൂക്കാട്ട് വക്കച്ചൻ എന്നു വിളിക്കപ്പെട്ടുപോന്ന കുര്യാക്കോസ് വർക്കി ആയിരുന്നു. കൊല്ലം

തോറും മാറി മാറി വന്നുകൊണ്ടിരുന്ന അസി. വികാരിമാർ പലരുണ്ടെങ്കിലും രണ്ടു മൂന്നുപേരെ ഞാനിപ്പോഴും നന്ദിപൂർവ്വം സ്മരിക്കുന്നു. പരേതരായ ബ. നമ്പ്യാപറമ്പിൽ യൗസോപ്പച്ചനും നാല് പാട്ട് ദേവസ്യാച്ചനും, ഇപ്പോൾ വിശ്രമജീവിതം നയിക്കുന്ന മോൺ. വറുഗീസ് കവലക്കാട്ടുമാണവർ. ഇവർ കുട്ടികളുടെ കാര്യത്തിൽ വളരെ ശ്രദ്ധചെലുത്തിയിരുന്നു. എന്റെ ദൈവവിളിക്ക് ഇവർ മൂന്നുപേരോടും ഞാൻ കടപ്പെട്ടിരിക്കുന്നുവെന്നു വേണം പറയുവാൻ. അക്കാലത്തു വികാരി ആയിരുന്ന പരേതനായ ബ. പുതുശ്ശേരി അന്തോനി അച്ചനെപ്പറ്റി പ്രതിപാദിക്കാതെ ഈ ആത്മകഥ കടത്തിവിടുന്നതു ഭീമമായ ഒരു അപരാധമായി ഞാൻ കരുതുന്നു. ഇടവകയിലെ മറ്റേതൊരു കുട്ടിയെക്കാളും എന്റെ കാര്യത്തിൽ ഇദ്ദേഹം ശ്രദ്ധാലുവായിരുന്നു. എന്റെ സാഹചര്യങ്ങളും വീട്ടിലെ നിസ്സാഹായാവസ്ഥയും ശരിക്കു മനസ്സിലാക്കിയ അദ്ദേഹം എന്റെ പഠനകാര്യത്തിലും അതിലുപരി എന്റെ സൻമാർഗ്ഗജീവിതത്തിലും അങ്ങേയറ്റം ശ്രദ്ധ ചെലുത്തിപ്പോന്നു. ബ. അന്തോനി അച്ചൻ ഞാറയ്ക്കൽ പള്ളിയിൽ നിന്നാണ് ആരക്കുഴയ്ക്കു സ്ഥലം മാറി വരുന്നത്. പരിഷ്ക്കാരത്തിന്റെ കേന്ദ്രമായ ഞാറയ്ക്കൽ നിന്നും പരിഷ്ക്കാരം കടന്നുവന്നിട്ടില്ലാത്ത ഒരു കുഗ്രമത്തിലുള്ള അദ്ദേഹത്തിന്റെ വരവ് തീർച്ചയായും അദ്ദേഹത്തിനു ബുദ്ധിമുട്ടായിക്കാണണം. എന്നാൽ അതൊന്നും കണക്കിലെടുക്കാതെ ഊർജ്ജസ്വലനായി കർമ്മരംഗത്തിറങ്ങുകയും ഗ്രാമോദ്ധാരണവേലയിൽ വ്യാപൃതനാകുകയും ചെയ്തു. അതിനുമുമ്പായി അദ്ദേഹം ഇടവകയിലെ ആദ്ധ്യാത്മികകാര്യങ്ങലൊക്കെ നേരെയാക്കി. ഭക്തസംഘടനങ്ങൾ നിലവിലുള്ളവ സജീവമാക്കുകയും മാതൃസംഘം തുടങ്ങിയ പുതിയ സഖ്യങ്ങൾക്കു രൂപം കൊടുക്കുകയും ചെയ്തു. വിശ്വാസികളുടെ കൗദാശിക ജീവിതത്തിന് ഊന്നൽ കൊടുത്തുകൊണ്ടാണ് അദ്ദേഹം ആദ്യമായി ചെയ്തത് ആരക്കുഴ മീങ്കുന്നം റോഡ് നിർമ്മാണമാണ്. തദ്ദേശവാസികളെ സംഘടിപ്പിച്ച് അവരെക്കൊണ്ട് ആ റോഡ് ശ്രമദാനമായി നിർമ്മിച്ചു. അതൊരു വലിയ വിജയമായിരുന്നു. ഇങ്ങനെ ആദ്ധ്യാത്മിക രംഗത്തും സാമൂഹികരംഗത്തും അദ്ദേഹം കൈവരിച്ച നേട്ടം കുറഞ്ഞൊരു കാലംകൊണ്ട് അദ്ദേഹത്തെ ജനങ്ങളുടെ കണ്ണിലുണ്ണിയാക്കി മാറ്റി. അങ്ങനെ അവരുടെ ഹൃദയങ്ങളിൽ അദ്ദേഹം ചിരപ്രതിഷ്ഠനേടി.

ഞാൻ സ്ക്കൂൾഫൈനൽ പരീക്ഷ കഴിഞ്ഞ് അവധിക്കു വീട്ടിൽ വന്നിരിക്കുന്ന സമയം. ഞാൻ വൈദികനാകാൻ ആഗ്രഹിക്കുന്നുവെന്ന വിവരം അദ്ദേഹത്തിനറിയാമായിരുന്നു. ഒരിക്കൽ അദ്ദേഹം എന്നെ വിളിപ്പിച്ച് പരീക്ഷ ഒക്കെ നന്നായിട്ടെഴുതിയില്ലേ, ജയിക്കുമെന്നു സംശയമുണ്ടോ എന്നു തെരക്കി. ഒരുവിധം നന്നായിട്ടെഴുതിയെന്നും ജയിക്കുമെന്നാണു പ്രതീക്ഷ എന്നും അറിയിച്ചു. ഇനി എന്താണു പ്ലാൻ എന്നായിരുന്നു അടുത്ത ചോദ്യം. ഒട്ടും മടിക്കാതെ ഞാൻ പറഞ്ഞു.‘‘കൊവേന്തയിൽ ചേരണമെന്നാഗ്രഹമുണ്ട്. അതിനുള്ള കരുനീക്കങ്ങളെല്ലാം ബ. മാതേയ്ക്കൽ

മത്തായി അച്ചൻ C.M.I. നേരത്തെചെയ്തിട്ടുമുണ്ടല്ലോ. “ഇതു നീ ശരിക്കാലോചിച്ചിട്ടെടുത്ത തീരുമാനമാണോ. നീ കൊവേന്തയിൽ പോയാൽ പിന്നെ നിന്റെ അമ്മയ്ക്കാരുണ്ട്. അവധിക്കാലത്തുപോലും അമ്മയെ ഒന്നു കാണുവാൻ അവർ അനുവദിക്കുകയില്ല. അതുകൊണ്ട് നിനക്കു വൈദികനാകണമെന്നാഗ്രഹമുണ്ടെങ്കിൽ നീ എറണാകുളത്തു മൈനർ സെമിനാരിയിൽ ചേർന്നാൽ മതി. അതിന് അപേക്ഷ അയയ്ക്കേണ്ട സമയമാണിപ്പോൾ. അദ്ദേഹം തന്നെ എന്നെക്കൊണ്ട് അപേക്ഷ തയ്യാറാക്കിച്ചു. പക്ഷേ എനിക്കൊരു ഭയം. ഞാനെന്റെ അമ്മയ്ക്ക് ഏക സന്താനമായതുകൊണ്ട് എന്നെ സെമിനാരിയിൽ സ്വീകരിക്കുമോ, അതൊരു തടസ്സമായി വരില്ലേ? എന്റെ ഈ ഭയം ഞാനദ്ദേഹത്തെ അറിയിച്ചു. അക്കാര്യം ഞാൻ നോക്കിക്കൊള്ളാം. അദ്ദേഹത്തിന്റെ സഹോദരപുത്രനായിരുന്നു അന്നു കണ്ടത്തിൽ പിതാവിന്റെ സെക്രട്ടറി. അപേക്ഷ അയച്ചതിനുശേഷം ഒരിക്കൽ അദ്ദേഹം എന്നെ എറണാകുളത്തു കൊണ്ടു പോയി സെക്രട്ടറി അച്ചനെ പരിചയപ്പെടുത്തി. സെക്രട്ടറി വെരി. റവ. ഫാ. വറുഗീസ് പുതുശ്ശേരി എന്നെ അഭിവന്ദ്യ പിതാവിന്റെ അടുക്കലേക്കു കൊണ്ടു പോയി. പിതാവ് എന്നെ നഖശിഖാന്തം ഒന്നു നോക്കി. പല ചോദ്യങ്ങളും ചോദിച്ചു. അതിൽ പേരധാനപ്പെട്ട ഒരു ചോദ്യം, അതിനു ഞാൻ നല്കിയ മറുപടിയും കൃത്യമായി ഓർക്കുന്നു. ഇതായിരുന്നു ചോദ്യം, ‘നീ അച്ചനാകാൻ പോയാൽ നിന്റെ അമ്മയ്ക്കാരുണ്ട്? ’ എന്റെ മറുപടി, പിതാവേ ഞാനൊരു ദുർവൃത്തനായാൽ പിന്നെ എന്റെ അമ്മയ്ക്കാരുണ്ട്. ഉത്തരം അല്പം ധിക്കാരപരമായോ എന്ന് പെട്ടെന്ന് ഒരു ചിന്ത എന്നെ പിടിക്കൂടി. പ്രതീക്ഷയിൽ കവിഞ്ഞ് എന്റെ ഉത്തരം പിതാവിനെ സംതൃപ്തനാക്കിയെന്ന് അപ്പോൾത്തന്നെ എനിക്കു മനസ്സിലായി. “കൊള്ളാം ഇവനെ സെമിനാരിയിൽ എടുക്കാം”.

അങ്ങനെ ആ കാര്യം നേടി. പക്ഷേ ഇതിനിടയിൽ ഒരു കടമ്പ കടന്നു കിട്ടേണ്ട. പരീക്ഷയിൽ വിജയം. വിജയത്തിനായി പലരുടെയും പ്രാർത്ഥനാസഹായം ഞാൻ അഭ്യർത്ഥിച്ചു. അമ്മയോടു പ്രത്യേകം പ്രാർത്ഥിക്കണമെന്നും മറ്റു കാര്യങ്ങളും എല്ലാം പറഞ്ഞു. വിജയത്തെപ്പറ്റി എനിക്കല്പം ഭയമുണ്ടായിരുന്നു. കാരണം കണക്കിനു ഞാൻ ചെറുപ്പം മുതലെ വളരെ മോശമായിരുന്നു. മിക്ക ക്ലാസ്സുകളിലും കണക്കിനു വരാവുന്ന ചോദ്യങ്ങൾ ഊഹിച്ചെടുത്ത് കാണാതെ പഠിച്ചാണു കടന്നുപോയിട്ടുള്ളത്. സ്ക്കൂൾഫൈനൽ പരീക്ഷയ്ക്കും അങ്ങനെ തന്നെയാണ് ചെയ്തിരുന്നത്. പത്തു കണക്കുകൾ കാണാതെ പഠിച്ചു. അതിൽ ആറെണ്ണം വന്നു. ആ ആറിൽ നാലെണ്ണം ശരിക്കു ചെയ്തു. അവയ്ക്കു പുറമെ ജോമെട്രയും ആൾജിബ്രയുമൊക്കെ ഉണ്ടല്ലോ. അവ എന്തൊക്കെയോ ചെയ്തു എന്നല്ലാതെ എത്രമാത്രം ശരിയുണ്ടെന്ന് ഒരു രൂപവുമില്ലായിരുന്നു. മറ്റു വിഷയങ്ങളെക്കുറിച്ച് എനിക്കു യാതൊരു സംശയവുമുണ്ടായിരുന്നില്ല. അന്ന് ഇന്നത്തേപ്പോലെ ആയിരുന്നില്ല. ജയിക്കുന്നതിന്

എല്ലാ വിഷയത്തിനും 35% മാർക്കു കിട്ടേണ്ടിയിരുന്നു. കണക്കിന്റെ സ്ഥിതി ഇങ്ങനെ ആയിരുന്നതുകൊണ്ട് എങ്ങാനും തോറ്റു പോയാൽ നാണക്കേ ടാകുമല്ലോ എന്നു കരുതി സെമിനാരിയിൽ ചേരുന്ന കാര്യം ഞാനാരോടും പറഞ്ഞില്ല. നാട്ടിൽ വികാരിയച്ചനും അമ്മയ്ക്കും മാത്രമേ അറിയാമായി രുന്നുള്ളു.

പരീക്ഷാഫലം അറിയുന്നതിനുള്ള ദിവസങ്ങൾ അടുത്തുവരും തോറും എന്റെ മനസ്സിന്റെ പിരിമുറുക്കവും പ്രാർത്ഥനയുടെ രൂക്ഷതയും വർദ്ധിച്ചുവന്നു.അവധിക്കാലത്ത് എന്നും രാവിലെ പള്ളിയിൽ പോകുമാ യിരുന്നു. പത്രത്തിൽ റിസൽട്ടു വന്നിട്ടുണ്ടെന്നുള്ള വിവരം പള്ളിയിൽ ചെന്നപ്പോളാണറിഞ്ഞത്. അന്ന് കൂടുതൽ ഭക്തിപൂർവ്വം ഹൃദയം തുറന്നു പ്രാർത്ഥിക്കുകയും ചെയ്തു. കുർബാന കഴിഞ്ഞ ഉടനെ പത്രത്തിനായി വികാരി അച്ചന്റെ മുറിയിലേക്കോടി. യോഗം കൂടുന്ന ഹാളിലെ മേശപ്പു റത്ത് പത്രം കിടപ്പുണ്ടായിരുന്നു. അക്കാസത്തു റിസൽട്ട് പത്രത്തിൽ ഇന്ന ത്തെപ്പോലയല്ല കൊടുത്തിരുന്നത്. സ്ക്കൂളുകളും കുട്ടികളും കുറവായി രുന്നതുകൊണ്ട് എല്ലാ സ്ക്കൂളുകളുടെ പേരും അതാതു സ്ക്കൂളിലെ ജയിച്ച കുട്ടികളുടെ നമ്പരും കൊടുക്കുകയായിരുന്നു പതിവ്. അതും ഫസ്റ്റ് ക്ലാസ്സും, സെക്കന്റ് ക്ലാസ്സും തേഡ് ക്ലാസ്സും തിരിച്ച്. നെഞ്ചിടിപ്പോടെ ഞാൻ പത്രം കയ്യിലെടുത്തു. ആവേശപൂർവ്വം നോക്കി. തേവര സ്ക്കൂൾ കണ്ടെ ത്തി. അതിലെ ഫസ്റ്റ് ക്ലാസ്സിലും സെക്കന്റ് ക്ലാസ്സിലും എന്റെ ശ്രദ്ധ പതി ഞ്ഞില്ല. ജയിക്കുമോ എന്നു ഭയപ്പെട്ടിരുന്ന ഞാൻ തേഡ് ക്ലാസ്സിലേക്കാണ് ശ്രദ്ധ ചെലുത്തിയത്. ഓടിച്ചെന്നു നോക്കി. എന്റെ നമ്പർ കാണുന്നില്ല. വീണ്ടും സാവധാനം കുലങ്കഷമായി നോക്കി. നമ്പറില്ല. തോറ്റു. സംശയ മില്ല. നിലവിളിക്കണമെന്നു തോന്നി. വല്ലവരും കണ്ടാൽ മോശമാകുമല്ലോ. സംയമനം പാലിച്ചുകൊണ്ട് ഫസ്റ്റ് ക്ലാസ്സിലും സെക്കന്റ് ക്ലാസ്സിലും എത്ര പേർ ജയിച്ചിട്ടുണ്ടെന്ന് ഒന്നു നോക്കാമെന്നുവച്ച് ഫസ്റ്റ് ക്ലാസ്സിലൂടെ കണ്ണോ ടിച്ചു. ആശ്ചര്യമെന്നു പറയട്ടെ, എന്റെ കണ്ണുകൾക്കു വിശ്വസിക്കുവാൻ സാധിക്കുന്നില്ല. എന്റെ നമ്പർ അതാ അക്കൂട്ടത്തിൽ കിടക്കുന്നു. അപ്പോ ഴത്തെ എന്റെ വികാരവും വിചാരവും ഊഹിക്കാമല്ലോ. അല്പം കഴിഞ്ഞ പ്പോഴേക്കും വികാരിയച്ചൻ പള്ളിയിൽ നിന്നും വന്നു. ജയിച്ചോ എന്ന ചോദ്യവും ഫസ്റ്റ് ക്ലാസ്സുണ്ടെന്ന മറുപടിയും ഒന്നിച്ചു കഴിഞ്ഞു. എന്റെ ഭാവിനന്മയിൽ അതീവ ശ്രദ്ധാലുവായിരുന്ന അദ്ദേഹം എന്നോടൊപ്പം സന്തോഷിക്കുകയും അദ്ദേഹത്തോടൊന്നിച്ചു പ്രഭാതഭക്ഷണത്തിന് ഊണുമുറിയിലേക്കു കൊണ്ടുപോകുകയും ചെയ്തു.

റിസൽട്ട് അറിഞ്ഞ് ഒരാഴ്ച കഴിഞ്ഞപ്പോൾ വികാരിയച്ചൻ എന്നെ വിളിച്ചു പറഞ്ഞു; 'സെമിനാരിയിൽ ഇൻറർവ്യൂവിനു നിന്നെ അയ്ക്കാൻ പറഞ്ഞ് റെക്ടറച്ചന്റെ എഴുത്തു വന്നിട്ടുണ്ട്.' എഴുത്ത് എന്നെ കാണിച്ചു. ഇന്റർവ്യൂ എന്നു കേട്ടപ്പോൾ എനിക്ക് ഒരു കുലുക്കവും ഉണ്ടായില്ല. കാര

ണം പിതാവുമായി ഒരു ഇന്റർവ്യൂ കഴിഞ്ഞ് ഇവനെ സെമിനാരിയിലെടു ക്കണമെന്നു പറഞ്ഞത് എനിക്കോർമ്മയുണ്ടല്ലോ. ഏതായാലും നിശ്ചിത ദിവസം ചിറ്റപ്പനോടൊത്ത് ഞാൻ എറണാകുളത്തിനു പുറപ്പെട്ടു. ചിറ്റ പ്പന് ഞാൻ സെമിനാരിയിൽ ചേരാൻ പോകുന്നു എന്ന വാർത്ത നാട്ടി ലെങ്ങും പരന്നു. പലരും ആശ്ചര്യം പ്രകടിപ്പിച്ചു. ചിലർ അതു നന്നായി എന്നു പറഞ്ഞ് എന്നെ അനുമോദിച്ചു. മറ്റു ചിലർ 'പാവം മറിയാമ്മ' (എന്റെ അമ്മ)ക്ക് ഇനി ആരുണ്ടെന്നു സഹതാപം പ്രകടിപ്പിച്ചു. ഞാൻ ചിറ്റപ്പനോടൊത്ത് എറണാകുളം അരമനയിലെത്തി. മൈനർ സെമിനാ രിയും അരമനയും അന്ന് ഒരു കെട്ടിടത്തിലാണ്. ഞങ്ങൾ അവിടെ ചെല്ലു മ്പോൾ ചിലർ അവരുടെ ഊഴം കാത്തിരിപ്പുണ്ട്. അവരെയെല്ലാം വിളിച്ചു കണ്ടശേഷം എന്നെ വിളിച്ചു. എനിക്ക് അല്പം ആകാംക്ഷയും ആശങ്ക യുമുണ്ടായിരുന്നു കടന്നു ചെല്ലുമ്പോൾ. അകത്തു കടന്നപ്പോൾ കണ്ടത് തന്റെ കസേരയിൽ ഇരിക്കുന്ന സുമുഖനായ ഒരു കൊച്ചച്ചനെയാണ്. മുപ്പതു വയസ്സിൽക്കൂടുതൽ കാണുകയില്ല എന്നു തോന്നുന്നു. ഗൗരവവും അതോടൊപ്പം സുസ്മേരത്വവും കളിയാടുന്ന മുഖഭാവം. കണ്ണുകൾ അല്പം പിശകാണ്. നോട്ടം അത്ര പന്തിയല്ല. ആ നോട്ടത്തിൽ ആരും ഒന്നു കുലുങ്ങിപ്പോകും. ചെന്ന ഉടനെ ഇരിക്കാൻ പറഞ്ഞു. ഇരുന്നാൽ കുറ്റമാകുമോ ഇരുന്നില്ലെങ്കിൽ കുറ്റമാകുമോ എന്ന് എനിക്കൊരു സങ്കോ ചം. ഏതായാലും അനുസരിക്കുന്നതു തെറ്റാകുകയില്ലല്ലോ. ഞാൻ മെല്ലെ ഇരുന്നു. പേര്, വീട്, നാട്, വീട്ടുകാര്യങ്ങളെല്ലാം ചോദിച്ചു. അവയെല്ലാം എഴുതിയ കടലാസ് മേശപ്പുറത്ത് ഇരിപ്പുണ്ട്. എല്ലാം എന്നെ പരീക്ഷിക്കു ന്നതിനുള്ള ചോദ്യമാണെന്ന് എനിക്കു മനസ്സിലായി. വീട്ടുകാര്യം ചോദി ച്ചപ്പോൾ ഞൻ അമ്മയുടെ ഏക സന്താനമാണെന്നും പിതാവ് മരിച്ചുപോ യെന്നുമൊക്കെ മനസ്സിലാക്കിയ റെക്ടറച്ചൻ എന്നോടു ചോദിച്ചു. 'താൻ വൈദികനാകാൻ പോന്നാൽ അമ്മയെ ആരു സംരക്ഷിക്കും'. ഞാൻ പറ ഞ്ഞു, ദൈവം നോക്കി കൊള്ളുമെന്ന്. അമ്മ അനാഥയാകുമെന്ന കാര ണത്താൽ എന്നെ സെമിനാരിയിൽ എടുക്കാതിരിക്കുമോ എന്നഭയം വീണ്ടും എന്നെ പിടികൂടാതിരുന്നില്ല. എന്നാലും പിതാവ് എന്നെ സ്വീക രിക്കാമെന്നു പറഞ്ഞ വാക്കുകൾ എനിക്കു ധൈര്യം പകർന്നുതന്നു. പിന്നത്തെ ചോദ്യങ്ങൾ ഇംഗ്ലീഷിലായിരുന്നു. 'What for are you be- coming a priest? To supportyour family?'ഉത്തരം No. 'To make money?' ഉത്തരം No. 'To live a comfortable and idle life?' ഉത്തരം No. 'Then what for?' ഉത്തരം 'For the glory of God and for the salvation of souls'.ഇന്റർവ്യൂവിന്പോകുന്നതിനു മുമ്പ് ഇങ്ങനെ ഒരു ചോദ്യം ചോദിക്കുമായിരിക്കുമെന്നും അതിനുള്ള ഉത്തരം ഇതാണെന്നും വികാരിയച്ചൻ എനിക്കു പറഞ്ഞു തന്നിട്ടുണ്ടായിരുന്നു. ഏതായാലും എന്റെ ഉത്തരം റെക്ടറച്ചനെ സംതൃപ്തനാക്കിയെന്ന് മുഖഭാവത്തിൽ നിന്ന് എനിക്കു മനസ്സിലായി. എല്ലാവരുടെയും ഇന്റർവ്യൂ കഴിഞ്ഞപ്പോൾ ഞങ്ങളെ എല്ലാവരേയുംകൂടി പിതാവിന്റെ പക്കലേക്കു കൊണ്ടുപോയി.

പിതാവും ഇതേ പോലെ ചില ചോദ്യങ്ങൾ ചോദിച്ച് ആശീർ വാദവും തന്നു വിട്ടു. ഇന്റർവ്യൂവിന്റെ ഫലം വികാരിമാർ വഴി അറിയിക്കുമെന്ന് റെക്ടറച്ചൻ പറഞ്ഞ് ഞങ്ങളെ യാത്രയാക്കി. പന്ത്രണ്ടോ പതിമ്മൂന്നോ പേർ ഇന്റർവ്യൂവിന് ഉണ്ടായിരുന്നെന്നാണ് എന്റെ ഓർമ്മ. സെമിനാരി തുറന്ന ദിവസം ഞങ്ങൾ പത്തുപേർ മാത്രമേ സെമിനാരിയിൽ എത്തിയുള്ളൂ. മറ്റുള്ളവർ തള്ളപ്പെട്ടിരിക്കാം. ആ പത്തുപേർ മഞ്ഞപ്രക്കാരൻ ചിറമേൽ ജോർജ്ജ്, വടക്കുംചേരി ലൂയിസ്, ചൊവ്വരക്കാരൻ മുളവരിക്കൽ ജോസഫ്, ഞാറയ്ക്കൽക്കാരൻ കിരിയാന്തർ സെബാസ്റ്റ്യൻ, അരിക്കുഴക്കാരൻ അറുകാലിൽ ജോർജ്ജ്, പാലമറ്റത്തിൽ മാത്യു, മൈലക്കൊമ്പുക്കാരൻ പാറത്തലയ്ക്കൽ ജെയിംസ്, ചെമ്പൂക്കാരൻ കണ്ടത്തിൽ അഗസ്റ്റിൻ, കോതമംഗലംകാരൻ തെക്കേക്കര വറുഗീസ്, പിന്നെ ഞാനും ആണ്.

ഇന്റർവ്യൂ കഴിഞ്ഞ് ഏതാനും ദിവസങ്ങൾക്കുശേഷം എന്നെ സെമിനാരിയിൽ സ്വീകരിച്ചതായി എഴുത്തു കിട്ടിയെന്നും ഉടനെ ആവശ്യമുള്ള ഡ്രസ്സുംകളും മറ്റും വാങ്ങി പോകാൻ തയ്യാറാകണമെന്നും വികാരിയച്ചൻ എന്നെ വിളിച്ചു പറഞ്ഞു. ഞാൻ സെമിനാരിയിൽ ചേരാൻ അപേക്ഷ അയച്ചിട്ടുണ്ടെന്ന് നാട്ടിൽ വികാരിയച്ചനും വീട്ടിൽ അമ്മയ്ക്കുമല്ലാതെ മറ്റാർക്കും അറിവില്ലായിരുന്നു. സെമിനാരിയിൽ അഡ്മിഷൻ കിട്ടിയില്ലെങ്കിൽ നാണക്കേടാകുമല്ലോ എന്നോർത്താണ് ഞാൻ ആരോടും പറയാതിരുന്നത്. ഇതിനിടയിൽ രസകരമായ ഒന്നു രണ്ടുകാര്യങ്ങൾ ഉണ്ടായി. പല കല്യാണാലോചനകളും നടന്നു. അപ്പനും ചിറ്റപ്പനും അതിനെ അനുകൂലിച്ചു. ആരക്കുഴക്കാരി ഒരു യുവതി തന്നെ എന്നെ വിവാഹത്തിനു പ്രേരിപ്പിക്കത്തക്കവിധം പ്രലോഭിപ്പിച്ചിട്ടുണ്ട്. ദൈവത്തിന്റെ പ്ലാൻ മറിച്ചായതുകൊണ്ട് ഞാൻ അതിനൊന്നും വഴിപ്പെട്ടില്ല. എന്റെ മിടുക്കുകൊണ്ടല്ല ദൈവാനുഗ്രഹം കൊണ്ടു മാത്രം. കൊല്ലങ്ങൾക്കുശേഷം ഞാൻ കല്ലൂർക്കാട്ട് വികാരിയായിരിക്കുമ്പോൾ അവിടത്തെ ആശുപത്രയിൽ രോഗികളെ എന്നും സന്ദർശിക്കുമായിരുന്നു. ഒരിക്കൽ അവർ രോഗിയായി കിടക്കുന്ന അവസരത്തിൽ അവരെ കാണാൻ ഇടയായി. നിസ്സങ്കോചം ഞാൻ അവരോടു രോഗവിവരങ്ങൾ തിരക്കുകയും എവിടെയാണു വിവാഹം ചെയ്തിരിക്കുന്നതെന്നും കുട്ടികൾ എത്ര പേരുണ്ടെന്നും ഒക്കെ ചോദിക്കുകയും ചെയ്തു. പുഞ്ചിരിയോടെ എന്നാൽ അല്പം ലജ്ജാപൂർവ്വം മറുപടി നൽകുകയും ചെയ്തു. അവരുടെ കുടുംബജീവിതം സമാധാനപൂർണ്ണവും സന്തോഷപ്രദവുമാണോ എന്നു ചോദിച്ചതിന് അതേ മറുപടിയും കിട്ടി. അതുമതി എന്നു പറഞ്ഞ് ഞാൻ അടുത്ത രോഗിയുടെ പക്കലേക്കു പോയി. മറ്റൊരു കാര്യം ഒട്ടും പ്രതീക്ഷിക്കാത്തതായിരുന്നു. അമ്മ എന്നെ വിളിച്ചു പറഞ്ഞു, ‘എടാ നിനക്കുവേണമെങ്കിൽ ദിവസവും സിനിമയ്ക്കു പൊയ്ക്കോ. സെമിനാരിയിൽ പോയാൽ പിന്നെ സിനിമയും മറ്റും കാണാൻ ഒക്കുകയില്ലല്ലോ’. അമ്മയുടെ നല്ല ഉദ്ദേശ്യത്തെ ഞാൻ ഇപ്പോഴും മാനിക്കുന്നു. അമ്മയുടെ ഉദ്ദേശ്യം രണ്ടായിരുന്നു. സിനിമയിലെ അശ്ലീല

വശങ്ങൾ കണ്ടിട്ട് ഒന്നുകിൽ എന്റെ മനസ്സു മാറണം. അല്ലെങ്കിൽ അവ കണ്ടിട്ടും എന്റെ മനസ്സിനു മാറ്റമില്ലെന്നു ഉറപ്പു വരുത്തണം. അങ്ങനെ തുടർച്ചയായി നാലഞ്ചു ദിവസം ഞാൻ സിനിമയ്ക്കു പോയി. അന്നു മൂവാറ്റുപുഴയ്ക്കു നടന്നുപോകണം നാലഞ്ചു ദിവസം കഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു: ഇതു ബോറാണെന്നും കാണാൻ പോകുന്നില്ലെന്നും. അങ്ങനെ അവിടെയും ഞാൻ പിടിച്ചു നിന്നു.

എന്നെ സെമിനാരിയിൽ സ്വീകരിച്ചു എന്ന വാർത്ത വീട്ടിൽ ഞാനാദ്യം അറിയിച്ചു. അപ്പനും ചിറ്റപ്പനും അതു വിശ്വസിക്കാൻ കഴിഞ്ഞില്ല. പിന്നെ നാട്ടുകാരൊക്കെ അറിയാൻ തുടങ്ങി. അറിഞ്ഞവരൊക്കെ ആശ്ചര്യപ്പെട്ടു. 'ഇനി ആ അമ്മയ്ക്ക് ആരാണുള്ളത്? 'ഇതായിരുന്നു എല്ലാവരുടെയും ചോദ്യം. പോകേണ്ട ദിവസം അടുത്തു. ഒരുക്കങ്ങളെല്ലാം പൂർത്തിയായി. ബ. വികാരിയച്ചൻ തന്നെയാണ് എന്നെ സെമിനാരിയിൽ കൊണ്ടു പോയി ആക്കിയത്. ഞാൻ യാത്ര പറഞ്ഞ് ഇറങ്ങിയപ്പോൾ അമ്മ കരഞ്ഞോ എന്നു ഞാൻ ഓർക്കുന്നില്ല. ഞാൻ അല്പം കരഞ്ഞു. പോകുന്ന വഴി വികാരിയച്ചൻ പറയുകയാണ്: 'നീ കൊവേന്തയിൽ ചേരാൻ പ്ലാനിട്ടതല്ലേ, ഞാൻ കാരണം അതു മുടക്കി നിന്നെ സെമിനാരിയിൽ എടുപ്പിച്ചു. അതിനു പരിഹാരമായി ഞാൻ കൊവേന്തയിൽ ചേരാൻ പോകുകയാണ്. ' അദ്ദേഹം തമാശ പറയുകയാണെന്നു മാത്രമേ അപ്പോൾ ഞാൻ കരുതിയുള്ളൂ. ഏതാനും മാസങ്ങൾക്കു ശേഷമാണ് അദ്ദേഹം പറഞ്ഞത് തമാശയല്ല കാര്യമായിരുന്നു എന്നു മനസ്സിലായത്. പുതുശ്ശേരി ബ. അന്തോനി അച്ചൻ ക.നി.മൂ.സ. സെലസ്റ്റിൻ അച്ചനായി കർമ്മലീത്താ സഭാംഗമായിത്തീർന്നു. പിന്നെ വന്ന വികാരി ബ. തളിയത്ത് തോമ്മാച്ചനായിരുന്നു. എന്റെ സെമിനാരി ജീവിതകാലമത്രയും അദ്ദേഹമായിരുന്നു ആരക്കുഴപ്പള്ളി വികാരി.

Q Q

# തിരുഹൃദയ മൈനർ സെമിനാരിയിൽ

മുൻപ് സൂചിപ്പിച്ചതുപോലെ പെ. ബ. പുതുശ്ശേരി അന്തോനിയച്ചൻ എന്നെ മൈനർ സെമിനാരിയിൽ കൊണ്ടുവന്ന് റെക്ടറച്ചനെ ഏല്പ്പിച്ചിട്ട്, 'നീ ഒന്നുകൊണ്ടും ഭയപ്പെടേണ്ട, ഇവിടെ എല്ലാവരും നിന്നെ സഹായിക്കു'മെന്ന് പറഞ്ഞ് ധൈര്യപ്പെടുത്തിയശേഷം മടങ്ങിപ്പോന്നു. എത്ര ലളിതമായ ഒരു ചടങ്ങായിരുന്നു എന്നെ സെമിനാരിയിലാക്കിയ സംഭവം എന്നു ഞാൻ ഓർത്തുപോകുകയാണ്. ഇന്നാണെങ്കിൽ സെമിനാരിയിലോ മഠത്തിലോ ഒരു കുട്ടിയെ ചേർക്കാൻ കൊണ്ടു പോകുമ്പോൾ മാതാപിതാക്കന്മാർ സഹോദരീസഹോദരൻമാർ ബന്ധുക്കൾ അയൽവാസികൾ മിത്രങ്ങൾ തുടങ്ങിയ ഒരു പറ്റം ആളുകൾ അകമ്പടി സേവിക്കുന്നു. അതും സ്പെഷ്യൽ കാറുകളിൽ. ഇമ്മാതിരി വഴക്കങ്ങൾ ഒന്നും അക്കാലത്ത് ഉണ്ടായിരുന്നില്ല. അനാർഭാടവും അതി ലളിതവുമായിരുന്നു അന്നത്തെ എല്ലാ ചടങ്ങുകളും.

ഒരു പുതിയ അനുഭവത്തിലേക്കു കടന്നപ്പോൾ സ്വാഭാവികമായി അല്പം ആശങ്കയും ഭയവും തോന്നിയെങ്കിലും മൂന്നു കൊല്ലത്തെ തേവരയിലെ ബോർഡിംഗ് ജീവിതം എനിക്ക് ആത്മവീര്യം പകർന്നു തന്നു. തേവരയിലെ ബോർഡിംഗ് ജീവിതത്തിലൂടെ എനിക്കു ലഭിച്ചിരുന്ന സാമൂഹിക ജീവിതപരിചയം, അവിടെവച്ച് സുഹൃത്തുക്കളുമായുള്ള സഹവാസം കൊണ്ടു ലഭിച്ച പരിജ്ഞാനം ഇവയെല്ലാം എന്റെ സെമിനാരി ജീവിതത്തെ കൂടുതൽ ഹൃദ്യമാക്കിത്തീർത്തു. ഞാൻ സെമിനാരിയിൽ ചേർന്ന കൊല്ലം ഞങ്ങളുടെ പ്രീഫെക്ട് പറൂക്കാരൻ ബ്രദർ ജോസഫ് തെക്കിനേടത്ത് ആയിരുന്നു. സംസാരത്തിലും പ്രവൃത്തിയിലും വളരെ പക്വമതിയായ ഒരു മനുഷ്യൻ. സെമിനാരിക്കാർക്ക് പ്രത്യേകിച്ച് ഒന്നാം കൊല്ലക്കാർക്ക് അയാൾ ഒരു നല്ല മാർഗ്ഗദർശിയും ഉപദേഷ്ടാവുമായിരുന്നു. എന്നിരുന്നാലും പിൽക്കാലത്ത് അയാൾ സെമിനാരി ജീവിതം ഉപേക്ഷിച്ചുപോയി എന്നു കേട്ടപ്പോൾ എനിക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ഇപ്പോൾ അതിനെ ക്കുറിച്ചു ചിന്തിക്കുമ്പോൾ എനിക്കോർമ്മ വരുന്നത് അധികാരികളെ പ്രീണിപ്പിച്ച് സ്ഥാനമാനങ്ങൾ കൈയ്‌ലാക്കുന്ന ചില വൈദികരെയാണ്. ചില ജീവിത പ്രശ്നങ്ങളുമായി ഏറ്റുമുട്ടുമ്പോഴാണ് അവരുടെ ചെമ്പു പുറത്താകുന്നത്. പുണ്യത്തിന്റെ പരിവേഷം കെട്ടി എത്ര പേരാണ് ഇന്ന് അധികാരങ്ങളുടെ കണ്ണിൽ പൊടിയിട്ട് ഉന്നതസ്ഥാനികളായി കഴിഞ്ഞുകൂടുന്നത്. മറ്റൊരു യാഥാർത്ഥ്യം കൂടി ഈ സംഭവം വിളിച്ചറിയിക്കുന്നു. ദൈവവിളിയില്ലാതെ ആർക്കും ഭൂമിയിൽ ക്രസ്തുവിന്റെ പ്രതിപുരുഷന്മാരാകുവാൻ സാധിക്കുകയില്ല. ആരെങ്കിലും ദൈവവിളിയില്ലാതെ അധികാരങ്ങളുടെ കണ്ണുവെട്ടിച്ച് പൗരോഹിത്യം സ്വീകരിച്ചാൽ അവർ സഭയ്ക്കു കളങ്കവും ആത്മാക്കൾക്കു നാശവും അധികാരങ്ങൾക്കു തലവേദനയും കൈവരുത്തും.

ഞാൻ സെമിനാരിയിൽ ചേരുമ്പോൾ റെക്ടർ ആയിരുന്നത് പരേതനായ ഫാ. ജോൺ പുത്തൻകരി ആയിരുന്നു. അദ്ദേഹവും ഞാൻ ചെന്ന കൊല്ലത്തിലാണ് റെക്ടറായി വന്നത്. അതുവരെ റെക്ടർ ആയിരുന്നത് നമ്പ്യാപറമ്പിൽ ബ. കുര്യക്കോസച്ചനായിരുന്നു. അദ്ദേഹം മലബാർ മെയിൻ മാനേജരായി പോയപ്പോഴാണ് ഫാദർ ജോൺ പുത്തൻകരി റെക്ടറായി വന്നത്. ഒരു പ്രത്യേക വ്യക്തിത്വത്തിന്റെ ഉടമ ആയിരുന്നു ഫാ. പുത്തൻകരി. കാഴ്ചയ്ക്കു സുമുഖൻ. സദാ പുഞ്ചിരി തൂകിയിരുന്ന പ്രസന്ന വദനൻ. അതേമസയം ഘനഗാംഭീരുമുള്ള കണ്ണുകളും നോട്ടവും. പ്രഥമദൃഷ്ട്യാ വളരെ കർക്കശനാണെന്നു തോന്നുമെങ്കിലും വളരെ അനുകമ്പയും സ്നേഹവും പ്രാർത്ഥനാരൂപിയും തുളുമ്പിനിന്ന ഒരു വൈദികനായിരുന്നു അദ്ദേഹം. എന്റെ കാര്യത്തിൽ അദ്ദേഹത്തിനു പ്രത്യേക ശ്രദ്ധയുണ്ടായിരുന്നുവെന്ന് തോന്നുന്നു. ഇടയ്ക്കിടയ്ക്ക് എനിക്കു പ്രത്യേക നിർദ്ദേശങ്ങളും തിരുത്തലുകളും തന്നിരുന്നു. വികാരിയച്ചൻ പ്രത്യേകം പറഞ്ഞേല്പിച്ചിട്ടായിരിക്കുമെന്ന് ആദ്യമാദ്യം ഞാൻ കരുതി. കുറച്ചു കഴിഞ്ഞപ്പോഴാണ് എനിക്കു മനസ്സിലായത് എന്നോടുള്ള അദ്ദേഹത്തിന്റെ പ്രത്യേക പരിഗണനയുടെ കാരണം. എന്നെപ്പോലെതന്നെ അദ്ദേഹവും തന്റെ അമ്മയുടെ ഏകപുത്രനായിരുന്നു. തന്മൂലം എന്നോട് അദ്ദേഹത്തിന് പ്രത്യേക വാത്സല്യം തോന്നിയതിൽ അതിശയിക്കാനില്ല.

സെമിനാരിയിൽ പ്രവേശിച്ച് രണ്ടു മൂന്നു ദിവസം കഴിഞ്ഞപ്പോൾ ഞങ്ങളുടെ ധ്യാനം തുടങ്ങി. അക്കാലത്ത് ധ്യാനത്തിനുശേഷമേ ക്ലാസ്സുകൾ ആരംഭിക്കുകയുള്ളു. ഇന്നും ആ പതിവ് തുടരുന്നുവെന്നാണ് എന്റെ വിശ്വാസം. വൈദികനാകാനുള്ള തീരുമാനം പുനഃപരിശോധന ചെയ്യുക, അതീതകാലത്തെ ജീവിതത്തിലെ തെറ്റുകളെയും കുറ്റങ്ങളെയും പറ്റി മനസ്തപിക്കുക, ഒരു പുതിയ ജീവിതം ആരംഭിക്കുന്നതിനു വേണ്ട പ്രയോഗിക നിശ്ചയങ്ങൾ എടുക്കുക ഇവയെല്ലാം ധ്യാനംകൊണ്ടു സാധിക്കേണ്ട കാര്യങ്ങളാണല്ലോ. മെത്രാപ്പോലീത്താച്ചനേയും അരമനയിലെ മറ്റച്ചൻമാരേയും കണ്ട് അനുഗ്രഹം വാങ്ങിയാണ് ഞങ്ങൾ ധ്യാനം ആരംഭിച്ചത്. ധ്യാനഗുരു, എന്റെ ഓർമ്മശക്തി ശരിയാണെങ്കിൽ റവ. ഫാ. ജോർജ്ജ് കൊച്ചുപറമ്പിൽ ആയിരുന്നു. തേവര ബോർഡിംഗിൽ വച്ച് ഏകാന്തധ്യാനങ്ങളിൽ സംബന്ധിച്ചുകൊണ്ട് ഈ ധ്യാനം ബുദ്ധിമുട്ടായി തോന്നിയില്ല. ഒരു പുതിയ ജീവിതത്തിന് അടിത്തറ പാകുന്നതിന് ഈ ധ്യാനത്തിൽ ഞാൻ ആത്മാർത്ഥമായി ഞാൻ പരിശ്രമിച്ചു. തത്ഫലമായി ആദ്ധ്യാത്മികമായ ഒരന്തരീക്ഷത്തിൽ വ്യാപരിക്കുന്നതിനും ആത്മനിർവൃത്തി നേടുന്നതിനുള്ള ആകാംക്ഷയോടെ മുന്നേറുന്നതിനും എനിക്കു പ്രേരണ കിട്ടി. അന്യചിന്തകൾ കൂടാതെ ഏകാഗ്രമായി പ്രാർത്ഥനകൾ ചൊല്ലുമെന്ന്. ഒരോ കുമ്പസാരത്തിലും പ്രതിജ്ഞ എടുക്കാറുള്ളത് ഞാനോർക്കുന്നു. രണ്ടു മൂന്നു ദിവസത്തേയ്ക്ക് അത് ഏറെക്കുറെ സാധിക്കും. അപ്പോഴേക്കും മനസ്സിനെ അലട്ടുന്ന എന്തെങ്കിലും ഒരു ചിന്ത

കടന്നു കൂടും. ഏകാഗ്രത താറുമാറാകയും ചെയ്യും. ഇക്കാരണംകൊണ്ട് പ്രാർത്ഥനയുടെ ഫലസിദ്ധി നഷ്ടപ്പെടുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അന്യവിചാരങ്ങളോടു പടവെട്ടി പ്രയാസപ്പെട്ട് നിർവ്വഹിക്കുന്ന പ്രാർത്ഥനകൾക്കായിരിക്കാം ദൈവസമക്ഷം സമ്മാനങ്ങൾ കിട്ടുക. ഔദ്യോഗിക ജോലിത്തിരക്കിനിടയിൽ ഏകാഗ്രമായി പ്രാർത്ഥിക്കുവാൻ ബുദ്ധിമുട്ടുണ്ട്. പ്രാർത്ഥനാവേളയിൽ ഓരോ പ്രശ്നങ്ങൾ നമ്മെ അലട്ടികൊണ്ടിരിക്കും. എന്നാൽ യാത്രാവേളയിലും വിശ്രമവേളയിലും കൂടുതൽ ഏകാഗ്രതയോടെ പ്രാർത്ഥിക്കുവാൻ എനിക്കു സാധിക്കുന്നുണ്ട്. ചില യാത്രക്കിടയിൽ വണ്ടിയിലിരുന്ന് മൂന്നും നാലും മുഴുവൻ കൊന്ത എത്തിച്ചിട്ടുള്ള അവസരങ്ങൾ ഞാനോർക്കുന്നു. അതുകൊണ്ട് പ്രതികൂല സാഹചര്യങ്ങളിലുള്ള പ്രാർത്ഥന ഒട്ടും ഫലപ്രദമല്ല എന്നു പറയുവാൻ നിവൃത്തിയില്ല. യഥാവിധി ആത്മാർത്ഥമായി നിർവ്വഹിക്കപ്പെടുമ്പോൾ അവ കൂടുതൽ ഫലവത്താകാനും ഇടയുണ്ട്. വി. ഫ്രാൻസീസ് സെയിൽസിന്റെ ഒരു വാചകം എത്ര അർത്ഥവത്താണെന്നു നോക്കുക. “God respects not the arithmetic of our prayers, how many they are; nor the rhetoric of our prayers, how elequent they are; nor the music of our prayers, how melodious they are; nor the logic of our prayers, how methodical they are; but the sincerity of our prayers, how heart- sprung they are” (ദൈവം പ്രാർത്ഥനയുടെ എണ്ണമോ, വാഗ്വിലാസമോ, ഗാനമാധുരിയോ, യുക്തിയുക്തതയോ, പരിഗണിക്കുന്നില്ല, പ്രത്യുത അതിന്റെ ആത്മാർത്ഥതയാണ് കണക്കിലെടുക്കുന്നത്.) ഞാൻ പ്രാർത്ഥിക്കുന്നതിന് അധികം സമയമോ വാക്കുകളോ ഉപയോഗിച്ചിരുന്നെങ്കിലും വിഷമസന്ധിയിലും പ്രശ്നങ്ങൾ നേരിടേണ്ടിവരുമ്പോഴും എന്റെ ഹൃദയം സഹായം തേടി ദൈവത്തിങ്കലേക്ക് ഉയർന്നിരുന്നു. അതുപോലെതന്നെ സന്തോഷത്തിലും വിജയത്തിലും ദൈവത്തിനു നന്ദി പറയുന്നതിനും എന്റെ ഹൃദയം അങ്ങേപക്കലേക്കുയർത്തിയിരുന്നു. ഒറ്റ വാചകത്തിൽ സന്തോഷത്തിലും സന്താപത്തിലും വിജയത്തിലും പരാജയത്തിലും ഒരുപോലെ ഞാൻ ദൈവത്തിലേക്കടുത്തിരുന്നു. ചില അവസരങ്ങളിൽ ദൈവം അപ്പപ്പോൾ തന്നെ എന്റെ പ്രാർത്ഥന കേട്ടതായ അനുഭവവും എനിക്കുണ്ടായിട്ടുണ്ട്.

ഈ പ്രാർത്ഥനാരൂപി, ചെറുപ്പത്തിൽ എന്റെ അമ്മയുടെ കൂടെ എന്നും പള്ളിയിൽ പോയിരുന്നതിന്റെ ഫലമായിട്ടാണ് എനിക്കു കിട്ടിയതെന്നാണ് എന്റെ വിശ്വാസം. ആരക്കുഴ പള്ളിയും അതിലുപരി അതിന്റെ മദുബഹായും എന്റെ ദൈവവിളിക്ക് നല്ല പങ്കുവഹിച്ചിട്ടുണ്ട്. പഴയരീതിയിലുള്ള അവിടത്തെ അൾത്താരയും അൾത്താരയ്ക്കു മുകളിലുള്ള വിശുദ്ധ രൂപങ്ങളും സ്വർഗ്ഗത്തിന്റെ പ്രതീതിയാണ് എന്നിലുളവാക്കിട്ടുള്ളത്. മുകളിൽ പിതാവായ ദൈവം, തൊട്ടുതാഴെ തിരുഹൃദയം, അതിനു താഴെ പരി. അമ്മ, ഇരുവശങ്ങളിലുമായി പത്രോസ്, തോമാ മുതലായവരുടെ പ്രതിമകളും. ഈ സംവിധാനം എന്നെ വളരെ ആകർഷിച്ചിട്ടുണ്ട്.

ആദ്യ കുർബാന സ്വീകരണത്തിനുശേഷം എന്നും വി. കുർബാന കാണുകയും സ്വീകരിക്കുകയും ചെയ്യുന്ന പതിവ് എന്റെ അമ്മയാണ് എന്നിൽ വളർത്തിയത്. ആ പതിവ് ബോർഡിംഗിലും തുടർന്നു പോന്നതുകൊണ്ട് സെമിനാരിയിലെ അനുദിന ദിവ്യകാരുണ്യ സ്വീകരണത്തിൽ എനിക്ക് ഒരു പുതുമയും അനുഭവപ്പെട്ടിരുന്നില്ല. അതുപോലെ തന്നെ ആഴ്ചതോറുമുള്ള പാപസങ്കീർത്തനവും. സെമിനാരിയിൽ എല്ലാദിവസവും രാവിലെ അരമണിക്കൂർ ധ്യാനവും ഉച്ചയ്ക്ക് ഊണിനു മുമ്പും രാത്രി ഉറക്കത്തിനു മുമ്പും ആത്മശോധനയും നടത്തുന്ന പതിവുണ്ടായിരുന്നു. ആത്മശോധന ബോർഡിംഗിലുമുണ്ടായിരുന്നു. എന്നാൽ അതെങ്ങനെ ഫലപ്രദമായി നടത്തണമെന്ന് ആരും പറഞ്ഞി  തന്നിരുന്നില്ല. തന്മൂലം ആ സമയം അതുമിതും ചിന്തിച്ച് കഴിച്ചുകൂട്ടും. എന്നാൽ സെമിനാരിയിൽ വന്ന ശേഷം എങ്ങനെയാണ് ധ്യാനിക്കേണ്ടതെന്നും ആത്മശോധന നടത്തേണ്ടതെന്നും റെക്ടറച്ചൻ വിശദമായി പറഞ്ഞു മനസ്സിലാക്കിയിരുന്നു. എല്ലാ ബുധനാഴ്ചയും ശനിയാഴ്ചയും രാത്രി സ്റ്റഡിയുടെ സമയത്ത് ഞങ്ങൾക്കുപദേശമുണ്ടായിരുന്നു. ഈ ഉപദേശത്തിലൂടെയാണ് ഇതുപോലുള്ള ആദ്ധ്യാത്മികകാര്യങ്ങൾ ഞങ്ങളെ പഠിപ്പിച്ചിരുന്നത്. വ്യാഴവും ഞായറും അവധിദിവസങ്ങളായതുകൊണ്ടാണ് ബുധനാഴ്ചയും ശനിയാഴ്ചയും സ്റ്റഡി വേണ്ടെന്നുവച്ച് ഉപദേശം തന്നിരുന്നത്. ഈ ഉപദേശ സമയത്തു തന്നെയാണ് ഞങ്ങളുടെ തെറ്റുകളും കുറ്റങ്ങളും തിരുത്തിത്തരുന്നതും പ്രത്യേകകാര്യങ്ങൾ വല്ലതുമുണ്ടെങ്കിൽ ഞങ്ങളെ അറിയിക്കുന്നതും. ഇതെഴുതുമ്പോൾ ഞാനൊരു പ്രത്യേക കാര്യമോർക്കുന്നു. എന്റെ ഒന്നാംകൊല്ലത്തിന്റെ അവസാന ദിവസങ്ങൾ. പരീക്ഷയൊക്കെ കഴിഞ്ഞു. എല്ലാവരും അവധിക്കു വീട്ടിൽ പോകുന്നതിനുള്ള ദിവസം എണ്ണിക്കഴിയുന്നു. അവധിക്കുപോകുന്നതിന്റെ തലേദിവസം കുളി കഴിഞ്ഞപ്പോൾ പ്രീഫെക്ട് അറിയിച്ചു. ഇന്നു സ്റ്റഡിയുടെ സമയത്ത് റെക്ടറച്ചന്റെ ഉപദേശമുണ്ട്. സമയമായി. മണി അടിച്ചു. എല്ലാവരും സ്റ്റഡി ഹോളിൽ സമ്മേളിച്ചു. പരീക്ഷ കഴിഞ്ഞ സംതൃപ്തിയും അടുത്ത ദിവസം വീട്ടിൽ പോകാമല്ലോ എന്നോർത്തുള്ള സന്തോശവും കൊണ്ട് നിശ്ശബ്ദത പാലിക്കേണ്ട കാര്യം എല്ലാവരും അങ്ങ് മറന്ന് കുറച്ച് ഒച്ചവയ്ക്കുകയും സംസാരിക്കുകയും ചെയ്തു. ഞാനും അതിനൊരപവാദമായിരുന്നില്ല. റെക്ടറച്ചൻ മുറി അടയ്ക്കുന്ന സ്വരം കേട്ട് പ്രീഫെക്ട് ഞങ്ങോടു നിശ്ശബ്ദരായിരിക്കാൻ ആവശ്യപ്പെട്ടു. എല്ലാവരും നിശ്ശബ്ദരായി. റെക്ടറച്ചൻ വന്ന് പ്രാർത്ഥന കഴിഞ്ഞ് ഉപവിഷ്ടനായി. സംസാരിച്ചവരും ശബ്ദമുണ്ടാക്കിയവരും എഴുന്നേൽക്കട്ടെ എന്ന് ഒരാജ്ഞ. എല്ലാവരും എഴുന്നേറ്റു നിന്നു.'sit down'അടുത്ത ആജ്ഞ. എന്നിട്ട് പറയുകയാണ് എന്റെ ഒരു കൊല്ലത്തെ പ്രയത്നത്തിന്റെ ഫലമാണിത്. അല്ലേ. കൊള്ളാം. മാതേയ്ക്കൻ എഴുന്നേറ്റു നില്ക്കൂ. തന്റെ സ്വരം ആയിരുന്നു ഏറ്റവും ഉച്ചത്തിൽ. അതെന്റെ മുറിയിൽ കേൾക്കാമായിരുന്നു. (സ്വാഭാവികമായി എന്റെ സ്വരത്തിന് ഒരു പ്രത്യേകതയുണ്ടായിരുന്നതുകൊണ്ട് അതെവിടേയും ശ്രദ്ധിക്കപ്പെടുമായി

രുന്നു.) അതുകൊണ്ട് താൻ നാളെ വീട്ടിൽ പോകേണ്ട. മറ്റുള്ളവരെല്ലാം പൊയ്ക്കൊള്ളട്ടെ. തനിക്കു വെക്കേഷൻ ഡ്യൂട്ടി. (അവധിക്കാലത്ത് ഓരോ ആഴ്ച ഓരോരുത്തൻ കുർബാനയ്ക്കു കൂടുന്നതിനും മറ്റുമായി മാറിമാറി സെമിനാരിയിൽ നില്ക്കുമായിരുന്നു.) താൻ കുറച്ചുകൂടെ നന്നാകാനുണ്ട്. സെമിനാരി ജീവിതത്തിന്റെ ഗൗരവും തനിക്കിനിയും കൈവന്നിട്ടില്ല. അതുകൊണ്ട് അതിനു തന്നെ സഹായിക്കുന്നതിനുവേണ്ടി തന്നെ അടുത്ത കൊല്ലത്തെ പ്രീഫെക്ട് ആയി നിയമിക്കുന്നു'. എല്ലാവരും കൈയടിച്ചു. അതുവരെ നമ്രശിരസ്കനായി ഇരുന്നിരുന്ന ഞാൻ എഴുന്നേറ്റ് നിന്ന് റെക്ടറച്ചനെ ദയനീയമായി ഒന്നു നോക്കി. അദ്ദേഹം പുഞ്ചിരിച്ചു കൊണ്ട് എന്നോട് ഇരിക്കാൻ ആംഗ്യം കാട്ടി. അതിനുശേഷം അക്കൊല്ലത്തെ പ്രീഫെക്ട് ആയിരുന്ന ബ്രദർ ജോസഫ് നരയൻ പറമ്പിലിന് അദ്ദേഹത്തിന്റെ സേവനത്തെ പരിഗണിച്ച് റെക്ടർ നന്ദി പ്രകടിപ്പിച്ചു. മേജർ സെമിനാരിയിലേയ്ക്കു പോകുന്ന അദ്ദേഹത്തിനും ബ്രദർ ആന്റണി പുതുശ്ശേരിക്കും മാത്യു കാവുകാട്ടിലിനും ജോൺ റാത്തപ്പിള്ളിക്കും ഭാവുകങ്ങൾ നേർന്നു.

എല്ലാവരും അടുത്ത ദിവസംതന്നെ അവധിക്കുപോയി. എനിക്കല്പം മനഃപ്രയാസം തോന്നി. എങ്കിലും പ്രീഫെക്ട് ആയതിലും അതാക്കിയ വിധത്തിലും അനുഭവപ്പെട്ട സന്തോഷവും സന്തുഷ്ടിയും ആ മനഃപ്രയാസത്തെ മായിച്ചുകളഞ്ഞു. ഒരാഴ്ചത്തേയ്ക്ക് റെക്ടറച്ചൻ എനിക്കു ചില പ്രത്യേക നിർദ്ദേശങ്ങൾ തന്നു. അടുത്ത കൊല്ലം പ്രീഫെക്ട് എന്ന നിലയിൽ എങ്ങനെ വർത്തിക്കണം എന്നതിനെക്കുറിച്ചായിരുന്നു. ആ നിർദ്ദേശങ്ങൾ. ആ ഒരാഴ്ച പെട്ടെന്ന് കടന്നുപോയി. അവധിക്കു പോകുന്നതിനുള്ള എന്റെ ഊഴം വന്നു. യാത്ര പറയുന്നതിന് ഞാൻ റെക്ടറച്ചനെ സമീപിച്ചു. 'ഞാൻ പറഞ്ഞുതന്ന കാര്യങ്ങൾ എല്ലാം ഒർമ്മയിൽ വേണം'. അദ്ദേഹം തുടർന്നു. 'അവധിക്കഴിഞ്ഞ് നിങ്ങൾ വരുമ്പോൾ ഞാനിവിടെ ഉണ്ടായിരിക്കില്ല. എനിക്കു മാറ്റമാണ്. സ്നേഹമയിയായ അദ്ദേഹത്തിന്റെ യാത്ര പറച്ചിൽ എന്നെ ഇതികർത്തവ്യതാമൂഢനാക്കി. പുതുതായി വരുന്ന റെക്ടർ ആരാണ് എന്നും അച്ചൻ എങ്ങോട്ടാണ് മാറിപ്പോകുന്നതെന്നും ചോദിക്കണമെന്ന് എനിക്കു തോന്നി. പക്ഷേ അതിന് എന്റെ നാവു ചലിച്ചില്ല. ഞാൻ മുട്ടുകുത്തി. കണ്ണിലൂടെ കണ്ണുനീർ ഒഴുകിയെന്നാണ് തോന്നുന്നത്. അദ്ദേഹം എന്റെ തലയിൽ കൈവച്ച് അനുഗ്രഹിച്ചു. ഞാൻ യാത്ര ആകുകയും ചെയ്തു.

## ലത്തീൻ പഠനം

ഇന്നത്തെപ്പോലെ അന്ന് ഓരോ വിഷയത്തിന് ഓരോ അദ്ധ്യാപകൻ ഉണ്ടായിരുന്നില്ല. സുറിയാനി പഠിപ്പിക്കാൻ ഒരാളും മറ്റു വിഷയങ്ങൾ പഠിപ്പിക്കാൻ റെക്ടറച്ചനും മാത്രം. ബ. വട്ടോലിൽ പൗലോസച്ചനാണ്

സുറിയാനി പഠിപ്പിച്ചിരുന്നത്. ആദ്യം അക്ഷരമാല, പിന്നെ വാക്കുകൾ, വാചകങ്ങൾ, അവയുടെ അർത്ഥം. മരിച്ചവർക്കുവേണ്ടിയുള്ള കർമ്മങ്ങ ളാണ് പരിവർത്തനത്തിനും പാട്ടിനും ഉപയോഗിച്ചിരുന്നത്. സുറിയാനി വലത്തുനിന്ന് ഇടത്തോട്ട് എഴുതുകയും വായിക്കുകയും ചെയ്യുന്ന ഒരു ഭാഷയാണല്ലോ. ആരംഭത്തിൽ ഇടത്തോട്ടുള്ള എഴുത്ത് വളരെ ബുദ്ധിമു ട്ടായി തോന്നി. അതിലുപരി തമാശയും ആദ്യ കൊല്ലക്കാർക്കു അനുഭവ പ്പെട്ടു. എന്നിരുന്നാലും കുറച്ചു പഠിച്ചു കഴിഞ്ഞപ്പോൾ വളരെ എളുപ്പ മുള്ള ഒരു ഭാഷയായി എനിക്കു തോന്നി. മൈനർ സെമിനാരിയിലും മേജർ സെമിനാരിയിലും മിക്ക പരീക്ഷകൾക്കും ഞാൻ തന്നെയായിരുന്നു പ്രഥ മസ്ഥാനത്ത്. പല കൊല്ലങ്ങളിലും ഈ വിഷയത്തിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയതിനുള്ള കാഷ് അവാർഡ് എനിക്കു തന്നെയാണ് കിട്ടി യത്.

ലത്തീൻ പഠനം വളരെ ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. Rosa-Rosal എന്നു തുടങ്ങുന്ന. Declinsion കൊണ്ടാണ് ലത്തീൻ പഠനം ആരംഭിച്ചത്. ലത്തീൻ ഭാഷയുടെ വ്യാകരണമായിരുന്നു ഏറ്റവും പ്രയാ സം. ആരംഭത്തിൽ ബുദ്ധിമുട്ടായി തോന്നിയെങ്കിലും കുറച്ചു കഴിഞ്ഞ പ്പോൾ ബുദ്ധിമുട്ടെല്ലാം മാറി ലത്തീൻ പഠനത്തിൽ ഞാൻ മുൻപന്തിയി ലേക്കു വന്നു. എന്നിരുന്നാലും ബ്രദർ മാത്യു പാലമറ്റത്തിനെ കവച്ചുവ യ്ക്കാൻ എനിക്കൊരിക്കലും സാധിച്ചിട്ടില്ല. ആദ്യവർഷം അവസാനമായ പ്പോഴേയ്ക്കും ലത്തീൻ ഭാഷാ പഠനത്തിന്റെ ഘടകങ്ങളായ വ്യാകരണം, തർജ്ജമ, രചന തുടങ്ങിയ തലങ്ങളിലേക്കു കടന്നു. വ്യാകരണത്തിന്റെ പ്രാഥമിക റൂഴുകളെല്ലാം പഠിച്ചു. അക്കാലത്ത് അത്താഴം കഴിഞ്ഞുള്ള അരമണിക്കൂർ ഉല്ലാസസമത്ത് ലത്തീനിൽ മാത്രമേ സംസാരിക്കാൻ അനു വദിച്ചിരുന്നുള്ളൂ. തന്മൂലം പലരും ആ സമയത്ത് നിശ്ശബ്ദരായിരിക്കാൻ ശ്രമിച്ചു. പക്ഷേ ഉല്ലാസത്തിന് മുൻപന്തിയിൽ റെക്ടറച്ചനായിരിക്കും. അങ്ങനെ അവരുടെ പ്ലാൻ പൊളിഞ്ഞു. എന്തെങ്കിലും ലത്തീനിൽ സംസാ രിപ്പിച്ചേ അദ്ദേഹം അടങ്ങുകയുള്ളൂ. ഏതായാലും ലത്തീനിൽ അന്നു കിട്ടിയ വിജ്ഞാനം മേജർ സെമിനാരിയിലും പൗരോഹിത്യത്തിനു ശേഷം ഉള്ള റോമിലെ എന്റെ പഠനത്തിനും വളരെ ഏറെ സഹായിച്ചു. അന്ന് മേജർ സെമിനാരികളിലും റോമിലും ഒക്കെ വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്നത് ലത്തീൻ ഭാഷയിലായിരുന്നു.

Fr. Jean S.J. യുടെ ലത്തീൻ ഗ്രാമർ കുറെ ഭാഗവും ലത്തീൻ ബാല പാഠമായ epitome മുഴുവനും ക്ലാസ്സിക്കൽ ലാറ്റിൻ Cacsar book കുറെയും ഞങ്ങൾ ആദ്യ കൊല്ലം തന്നെ പഠിച്ചു തീർത്തു. രണ്ടാം കൊല്ലം അവ സാനമായപ്പോഴേയ്ക്കും ലത്തീനിൽനിന്ന് ഇംഗ്ലീഷിലേക്കും ഇദഗ്ലീ ഷിൽനിന്ന് ലത്തീനിലേക്കും അനായാസം തർജ്ജമ ചെയ്യുന്നതിനുള്ള കഴിവ് ഞങ്ങൾക്ക് കൈവന്നു. രണ്ടാം കൊല്ലം ഞങ്ങൾക്കു ലത്തീൻ ക്ലാ

സ്സെടുത്തിരുന്ന ഒരു ex-seminarist Br. Thomas Arackaparambil നെ ഞാൻ നന്ദിപൂർവ്വം ഓർക്കുന്നു. ഒന്നും രണ്ടും കൊല്ലങ്ങളിൽ ലത്തീനും സുറിയാനിക്കും പുറമെ ഇംഗ്ലീഷിനും മലയാളത്തിനും ക്ലാസ്സുകളുണ്ടായിരുന്നു. ലോകചരിത്രവും സഭാചരിത്രവും വേദപാഠവും ഇതരവിഷയങ്ങളായിരുന്നു. ഇംഗ്ലീഷ് ക്ലാസ്സിലും മലയാളം ക്ലാസ്സിലും പ്രസംഗിക്കുന്നതിനുള്ള പ്രത്യേക പരിശീലനം നല്കിയിരുന്നു. ഞാൻ ഹൈസ്ക്കൂളിലായിരുന്നപ്പോൾത്തന്നെ സാഹിത്യ സമാജങ്ങളിൽ പ്രസംഗിക്കുന്നതിനു കിട്ടിയിരുന്ന അവസരം ഒരിക്കലും പാഴാക്കിയിട്ടില്ല. തന്മൂലം മലയാളത്തിൽ സ്ഫുടമായും ഉച്ചാരണശുദ്ധിയോടുംകൂടെ പ്രസംഗിക്കുന്നതിന് എനിക്കു സാധിച്ചിരുന്നു. എന്നാൽ പ്രസംഗചാതുരി എനിക്കു ലഭിച്ചത് മൈനർ സെമിനാരിയിലും അതിലുപരി മേജർ സെമിനാരിയിലും rhetoric-ൽ കിട്ടിയ അറിവിൽ നിന്നാണ്. സഭാകമ്പം എന്ന രോഗം സ്ക്കൂളിലും സെമിനാരിയിലും എന്നെ ബാധിച്ചിരുന്നില്ല. പ്രസംഗം എഴുതി കാണാതെ പഠിച്ചു പറയുന്ന പതിവ് ഞാനൊരിക്കലും പുലർത്തിയിരുന്നില്ല. ആദ്യമാദ്യം പ്രസംഗം മുഴുനവനും എഴുതിയിരുന്നു. അത് നാലഞ്ചു പ്രാവശ്യം വായിച്ചിട്ട് അതിലെ പ്രധാന പോയിന്റുകൾ ഒരു തുണ്ടുകടലാസിൽ കുറിച്ചെടുത്ത് അതുപയോഗിച്ചാണ് ഞാൻ പ്രസംഗിച്ചിരുന്നത്. കുറച്ചു കഴിഞ്ഞപ്പോൾ പ്രസംഗം എഴുതുന്ന പതിവും മാറ്റി. മാറ്റർ ശേഖരിച്ച് പോയിന്റുകൾ മാത്രം കുറിച്ചെടുത്ത് പ്രസംഗിക്കുകയായിരുന്നു. സെമിനാരിയിലായിരുന്നപ്പോഴും വൈദികനായതിനുശേശവും പ്രസംഗത്തിനു കിട്ടുന്ന അവസരം ഞാൻ പാഴാക്കിട്ടില്ല. അതിന്റെ ഫലമായി സെമിനാരിയിൽ വച്ചുതന്നെ ഞാനൊരു പ്രാസംഗകനായി അംഗീകരിക്കപ്പെട്ടു. ഇതെഴുതുമ്പോൾ ഞാനെന്നെത്തനെ പുകഴ്ത്തുകയല്ലേ എന്നു തോന്നിപ്പോകുന്നു. എങ്കിലും സത്യം മറച്ചുവയ്ക്കരുതല്ലോ. മേജർ സെമിനാരിയിലെ ഓരോ ധ്യാനത്തിൽ സംബന്ധിക്കുമ്പോഴും എനിക്കു ഒരു ധ്യാന പ്രസംഗകനാകണം എന്നുള്ള ആഗ്രഹം എന്നിൽ പ്രവർത്തിച്ചിരുന്നു. തന്മൂലം ധ്യാനത്തിലും കേൾക്കുന്ന കാര്യങ്ങളുടെ നോട്ടെടുക്കുമായിരുന്നു ഞാൻ. രണ്ടുദ്ദേശ്യമാണിതിലെനിക്കുണ്ടായിരുന്നത്. ഒന്ന് സ്വന്തം പുണ്യപൂർണ്ണതയ്ക്ക് മേലിലും ഇക്കാര്യങ്ങൾ വായിച്ചു ധ്യാനിച്ച് ഉപകരിപ്പിക്കണം. മറ്റൊന്ന് അവകൊണ്ട് മറ്റുള്ളവർക്കും ഉപകരക്കത്തക്കവിധം കൈകാര്യം ചെയ്യണം. ഇങ്ങനെ ചെയ്തതിന്റെ ഫലമായി ഞാൻ സെമിനാരിക്കാരനായിരിക്കുമ്പോൾത്തന്നെ പല സ്ഥലങ്ങളിലും കുട്ടികളെ ധ്യാനിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഡീക്കനായിരിക്കുമ്പോൾ പല സ്ഥലങ്ങളിലും തിരുനാൾ പ്രസംഗങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്. സ്വന്തം ഇടവകപ്പള്ളിയിൽ ദുഃഖവെള്ളിയാഴ്ച ഞാൻ ചെയ്ത പ്രസംഗം ഏവരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതമായി. ഡീക്കനായിരിക്കുമ്പോൾ ഇങ്ങനെ പ്രസംഗിച്ചാൽ അച്ചനായിക്കഴിയുമ്പോൾ എന്തായിരിക്കും എന്ന് അന്നത്തെ വികാരി പെ. ബഹു. നെടുമ്പുറത്ത് തോമാച്ചൻ ചോദിച്ചത് ഞാനിപ്പോഴും ഓർക്കുന്നു. എന്റെ വാഗ്ചാതുര്യവും സാമാന്യമായ ഭാഷാ

സ്വാധീനവും ദൈവം എനിക്കു തന്ന ഒരു ദാനമായിരുന്നു. തന്മൂലം അതു കൊണ്ട് മറ്റുള്ളവർക്ക് പരമാവധി നന്മ ചെയ്യണമെന്നുറച്ച് ദൈവത്തിനു നന്ദി പറയുന്നു. വൈദികനായതിനുശേഷം എനിച്ച് ഏറ്റെടുക്കാൻ കഴി യാത്തവിധം പ്രസംഗിക്കുന്നതിനും ധ്യാനിപ്പിക്കുന്നതിനുമുള്ള ക്ഷണക്ക ത്തുകൾ കിട്ടിയിരുന്നു. നിവൃത്തിയുള്ളതെല്ലാം ഞാൻ ഏറ്റെടുക്കുമായി രുന്നു. എനിക്ക് മറക്കാനാവാത്ത ചില ഏകാന്ത ധ്യാനങ്ങൾ ഇവിടെ പകർത്തട്ടെ തേവര കോളേജിലും നിർമ്മല കോളേജിലും ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലും ധ്യാനിപ്പിക്കാൻ എനിക്കവസരം കിട്ടി. അസം പ്ഷനിലെ ധ്യാനം തൃപ്തികരമായതുകൊണ്ടായിരിക്കണം കാലം ചെയ്ത കാവുകാട്ടു തിരുമേനി അക്കൊല്ലം തന്നെ ചങ്ങനാശ്ശേരി രൂപതയിലെ എല്ലാ കപ്യാരന്മാർക്കും വേണ്ടി ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ വച്ച് എന്നെക്കൊണ്ട് ഏകാന്തധ്യാനം നടത്തിച്ചത്. പിറ്റേക്കൊല്ലം ചങ്ങ നാശ്ശേരി മൈനർ സെമിനാരിയിലും തൃശൂർ രൂപതയിലെ വിൻസെന്റ് ഡി. പോൾ സംഘാംഗങ്ങൾക്കു വേണ്ടി എടത്തുരുത്തിയിൽ വച്ചും യുവാക്ക ന്മാർക്കുവേണ്ടി ഇരിങ്ങലകുടയിൽ വച്ചും ധ്യാനം നടത്താനുള്ള അവസ രങ്ങൾ കിട്ടിയിട്ടുണ്ട്. ഇങ്ങനെ ഞാൻ ധ്യാനിപ്പിച്ച സ്ഥലങ്ങളുടെ ലിസ്റ്റ് ഇവിടെ നിരത്തിയാൽ വായനക്കാർ എന്നെ അഹംഭാവി എന്നു വിളിക്കും. അതുകൊണ്ടും വിസ്താരഭയത്താലും വിടുന്നു. ഒറ്റ വാക്കിൽ നിരവധി ഇടവകകളിൽ യുവാക്കന്മാർക്കായി ഞാൻ ധ്യാനം നടത്തിട്ടുണ്ട്. അക്കാ ലത്തെ ഒരു ഭ്രമമായിരുന്നു ഏകാന്തധ്യാനങ്ങൾ. വായിക്കുന്നവർക്ക് ഇഷ്ട പ്പെട്ടാലും ഇല്ലെങ്കിലും രസകരമെന്നു തോന്നുന്ന ഒരു അനുഭവം രേഖ പ്പെടുത്തട്ടെ. അന്നത്തെ കാലവും ഇന്നത്തെ കാലവും തമ്മിലുള്ള അന്തരം മനസ്സിലാക്കുന്നതിന് അതു സഹായകമാകുമെന്ന് ഞാൻ വിശ്വസിക്കുന്നു 1949-ൽ ആണു സംഭവം. ഞാൻ ഞാറയ്ക്കൽ അസിസ്റ്റന്റായി ജോലി ചെയ്യുന്നു. പുളിക്കൽ ബ. ചെറിയാച്ചനാണ് വികാരി. അസിസ്റ്റന്റായി ചെന്നിട്ടു മൂന്നുമാസത്തേയ്ക്ക് ഞായറാഴ്ച പള്ളിയിൽ പ്രസംഗിക്കുന്ന തിനുള്ള അവസരം എനിക്കു തന്നില്ല. ഒരു ദിവസം അവിടത്തെ സരസ നായ കപ്യാര് (കെ. സി. ജോസഫ്) എന്നെ സമീപിച്ച് പറയുകയാണ് കൊച്ചച്ചന്റെ പ്രസംഗം ഒന്നു കേട്ടില്ലല്ലോ. "പറയാതെ എങ്ങിനെ കേൾക്കും. അവസരം തരാതെ എങ്ങനെ പറയും". ഞായറാഴ്ച മൂന്നു കുർബാനയാണുണ്ടായിരുന്നത്. വികാരിയച്ചൻ ഒന്നും ഞാൻ രണ്ടും കുർബാനകൾ ചൊല്ലും. മൂന്നു കുർബാനയ്ക്കു വികാരിയച്ചൻ തന്നെ യാണ് പ്രസംഗിക്കാറ്. എന്റെ ഉത്തരം കുറിക്കു കൊണ്ടു. കപ്യാരു വികാ രിയച്ചനെ സമീപിച്ച്, നമ്മുടെ കൊച്ചച്ചൻ അടുത്ത ഞായറാഴ്ച ഒരു കുർബാനയ്ക്കു ഒന്നു പ്രസംഗിക്കട്ടെ. എങ്ങിനെ ഇരിക്കുമെന്ന് ഒന്നറി യാമല്ലോ. അടുത്ത ഞായറാഴ്ച എന്റെ കുർബാനയുടെ സമയത്തുള്ള പ്രസംഗം എനിക്കു വിട്ടുതന്നു. ഞാനല്പം കരുതലോടെ തന്നെ ഒരുങ്ങി പ്രസംഗിച്ചു. പത്ത് മിനിട്ട് മാത്രം, കാര്യപ്രസക്തമായ ഒരു പ്രസംഗം, അന്നത്തെ വേദപുസ്തകഭാഗത്തെ ആധാരമാക്കി. എല്ലാവർക്കും പ്രത്യേ

കിച്ച് വികാരിയച്ചനും ഇഷ്ടപ്പെട്ടുവെന്നാണ് തോന്നുന്നത്. രണ്ടുമൂന്നു ഞായറാഴ്ച അങ്ങനെ തുടർന്നു. പിന്നീട് വികാരിയച്ചൻ പറയുകയാണ് ഇനി മുതൽ മൂന്നു കുർബാനയ്ക്കും കൊച്ചച്ചൻ പ്രസംഗിച്ചാൽ മതി. അത് അദ്ദേഹത്തിന്റെ മാത്രം ഇഷ്ടമല്ല ജനങ്ങളുടേയും ഇഷ്ടമാണത്രേ. ഇത്രയും വഴിയേ എഴുതിയെന്നെയുള്ളൂ. രസകരമായ സംഭവം വരുന്ന തേയുള്ളൂ. അവിടുത്തെ കർമ്മലീത്താ മഠത്തിലെ സുപ്പീരിയർ ഒരു ദിവസം വികാരിയച്ചനെ സമീപിച്ച് അവിടത്തെ നവസന്യാസിനികളെ ഒരാഴ്ചത്തേയ്ക്കു ധ്യാനിപ്പിക്കാൻ എന്നെ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു. വികാരിയച്ചൻ അനുവദിച്ചു. അങ്ങനെ എന്റെ വൈദിക ജീവിതത്തിൽ ആദ്യമായി കന്യാസ്ത്രീകളെ ധ്യാനിപ്പിക്കാൻ കിട്ടിയ അവ സരം ശരിക്കും വിനിയോഗിച്ചു. നന്നായി ഒരുങ്ങി. ധ്യാനത്തിന്റെ ദിവസ മായി. സമയത്തുതന്നെ ഞാൻ മഠത്തിലേയ്ക്കു ചെന്നു. ധ്യാനത്തിനു നിശ്ചയിച്ചിരിക്കുന്ന സ്ഥലമായ കപ്പേളയിൽ പ്രവേശിച്ചു. ഒപ്പം ധ്യാനി ക്കുവാനുള്ള സഹോദരികളും പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന പാടി. എല്ലാവരും ഇരുന്നു. ആ ഇരുപ്പിലാണ് സവിശേഷത. സാധാരണ കണ്ടിട്ടുള്ളത് ധ്യാനഗുരുവിനെ അഭിമുഖീകരിച്ചാണ് എല്ലാവരും ഇരിക്കു ക. എന്നാൽ ഈ ധ്യാനത്തിൽ സഹോദരികൾ മുഖാഭിമുഖം ഇരുന്നു. ഞാൻ ഒറ്റപ്പെട്ടതുപോലെ തോന്നി. എനിക്കവരുടെ മുഖത്തിന്റെ ഒരുവശം മാത്രമേ കാണാൻ പറ്റൂ. അവർക്കെന്നെ മനഃപൂർവ്വം തിരിഞ്ഞു നോക്കാതെ കടക്കാനും പറ്റില്ല. അല്പനേരത്തേയ്ക്ക് എന്നിൽക്കൂടി പല ചിന്തകളും കടന്നുപോയി. അവസാനം, ഞാനൊരു കൊച്ചച്ചനായതുകൊണ്ട് സന്ന്യാ സിനികൾ എന്നെ കണ്ടിട്ട് അന്യവിചാരങ്ങൾക്കു വശംവദരാകേണ്ട എന്നു കരുതി അധികാരികൾ ഇരിപ്പിടം അങ്ങനെ സജ്ജീകരിച്ചതായിരി ക്കുമെന്ന് കരുതി ഞാൻ സമാധാനപ്പെട്ടു. എല്ലാവരുടേയും ഒരു ചെവി എനിക്കഭിമുഖമായിരുന്നതുകൊണ്ട് ഞാൻ പറഞ്ഞതെല്ലാം അവർ കേട്ടു കാണണം. ഈ സീറ്റിംഗ് അറേൻജുമെന്റ് ഓർത്ത് പിന്നീടും ഞാൻ ചിരി ക്കാറുണ്ട്. ഇന്നാണെങ്കിൽ ഇത് കൂടുതൽ ചിന്താവിഷയമാണ്. ഡയറ ക്റ്റഡ് റിട്രീറ്റ്, കൗൺസലിംഗ് തുടങ്ങി പേരുകളിൽ ഇപ്പോൾ ഒരച്ചനും ഒരു കന്യാസ്ത്രീയും തനിച്ച് ഒരു മുറിയിൽ മണിക്കൂറുകൾ കഴിച്ചു കൂട്ടു ന്നു. ഇത് പല അധികാരികൾക്കും ഒരു ചിന്താവിഷയമല്ലെന്നു തോന്നു ന്നു. ഇങ്ങനത്തെ ധ്യാനഗുരുക്കന്മാർ എന്റെ അനുഭവം വിഡ്ഢിത്തമാ യിട്ടോ അജ്ഞതയായിട്ടോ പുച്ഛിച്ചു തള്ളിക്കളയാതിരിക്കുമോ.

കന്യാസ്ത്രീകൾക്കായി എന്റെ രണ്ടാമത്തെ ധ്യാനം ചുണങ്ങും വേലി സഹോദരികൾക്കാണ്. അന്ന് ഞാൻ ചുണങ്ങും വേലി വികാരി യായിരുന്നു. ഒരു ദിവസം മോൺ. ജോർജ് വല്യാറമ്പത്ത് എന്നോടു മഠ ത്തിലേയ്ക്കു ചെല്ലാൻ പറഞ്ഞ് ആളയച്ചു. അദ്ദേഹം ചുണങ്ങും വേലി സഹോദരികളുടെ ഡയറക്ടറാണ്. അദ്ദേഹത്തിന്റെ കാലത്ത് സാധാര ണയായി എല്ലാ വൈദികർക്കും മഠത്തിലേയ്ക്കു പ്രവേശനമില്ല. തന്മൂലം

ആകാംക്ഷയോടെ ഞാൻ മഠത്തിൽ ചെന്ന് അച്ചനെ കണ്ടു. അദ്ദേഹ പറയുകയാണ്, നാളെ കഴിഞ്ഞ് ഞായറാഴ്ച ഇവിടത്തെ നോവീസസിനും നിത്യവ്രതമെടുക്കാനുള്ള സിസ്റ്റേഴ്സിനും ഒരു മാസത്തെ ധ്യാനം തുടങ്ങുകയാണ്. ധ്യാനിപ്പിക്കാൻ ബാംഗ്ളൂരിൽ നിന്നും വരാമെന്ന് ഏറ്റിരുന്ന വന്ദ്യവൈദികന് ആയസ്മികമായുണ്ടായ അസുഖം മൂലം വരാൻ സാധിക്കില്ല. അതുകൊണ്ട്, അച്ചൻ ആ ധ്യാനം നടത്തികൊടുക്കണം. കുറച്ചു നേരത്തേയ്ക്ക് എനിക്കൊന്നും സംസാരിക്കാൻ സാധിച്ചില്ല. കാരണം ഏതാനും ഏകാന്തധ്യാനങ്ങൾ മാത്രം നടത്തി പരിചയമുള്ള എനിക്ക് ഒരു മാസത്തെ ധ്യാനം എങ്ങനെ നടത്താൻ സാധിക്കുമെന്നുള്ള ചിന്ത. അല്പം കഴിഞ്ഞ്, എന്നെ ഓഴിവാക്കിക്കൂടെ എന്നുമാത്രം ചോദിച്ചു. നിവൃത്തിയില്ലെന്ന് ഉത്തരവും കിട്ടി. അധികം പറഞ്ഞ് സമയം കളയാതെ ഞാൻ പള്ളിലേയ്ക്കു പോയി. എന്റെ പഴയ കുറിപ്പുകളും പുസ്തകങ്ങളും എടുത്ത് ധ്യാനത്തിന് ഒരുങ്ങിത്തുടങ്ങി. അങ്ങനെ ഒരു മാസത്തെ ധ്യാനം, അവരെ സംബന്ധിച്ചിടത്തോളം തൃപ്തികരമായി ഞാൻ നടത്തി. എന്നാൽ, ധ്യാനം കഴിഞ്ഞപ്പോഴേയ്ക്കും ഞാൻ രോഗാതുരനായി. Nerves break down അതിനു കാരണം രണ്ടായിരുന്നു. ഓരോ ദിവസത്തേയ്ക്കുള്ള മാറ്റർ അതതുരാത്രയിൽ ഉറക്കമിളച്ചിരുന്നാണ് ശേഖരിച്ചിരുന്നത്. രണ്ടോ മൂന്നോ മണിക്കൂർ ഉറങ്ങിയെങ്കിലായി. പകൽ കിട്ടുന്ന വിശ്രമവേള മുഴുവനും കുമ്പസാരക്കൂട്ടിൽ ചെലവഴിക്കുമായിരുന്നു. ഇങ്ങനെ രണ്ടാഴ്ച കഴിഞ്ഞപ്പോഴേയ്ക്കും ഇടവകയിൽ മസൂരി പൊട്ടിപ്പുറപ്പെട്ടു. ആറേഴു പേർ മരിച്ചു. അന്നത്തെ പതിവനുസരിച്ച് മസൂരി ബാധിച്ചവർക്ക് അന്ത്യകൂദാശകൾ കൊടുക്കുകയോ ശവസംസ്കാരത്തിൽ വൈദികൻ സംബന്ഞിക്കുകയോ ചെയ്യാറില്ല. ആ മനഃപ്രയാസം ഒന്ന്. ശവസംസ്കാരം രാത്രിയിലാണ് നടത്താറ്. അതും കുറേപ്പേർ കുടിച്ച് മറിഞ്ഞ് അട്ടഹസിച്ചാണ് ശവം സംസ്കരിക്കുക. എന്റെ മുറിയുടെ തൊട്ടുവശത്തു കൂടിയായിരുന്നു ആ ഘോഷയാത്ര. ഞാൻ ധ്യാനം ഒരുങ്ങുന്ന വേളയിലും. ആ ഭയം രണ്ടാമത് ഇങ്ങനെ ശാരീരികവും മാനസികവുമായ ആഘാതം എന്നെ വീഴ്ത്തി. ഞാനൊരു രോഗിയായി. ഭയമായിരുന്നു എന്നെ കൂടുതൽ അലട്ടിയിരുന്നത്. അന്നു മുതൽ വേലക്കാനെ മുറിയിൽ കൂട്ടു കിടത്തിയാണ് ഞാൻ ഉറങ്ങാൻ പോ◌ിരുന്നത്. ഭയത്തോടെപ്പം ഉറക്കമില്ലായ്മയും. അതാണല്ലോ Nerves break down-ന്റെ ലക്ഷണം. ദീർഘനാളത്തെ ചികിത്സയ്ക്കുശേഷം നസ്രത്തു സിസ്റ്റേഴ്സിനും ഒരു മാസത്തെ ധ്യാനം നടത്താൻ എനിക്കവസരം കിട്ടി. എന്നാൽ ആദ്യത്തെപ്പോലെ ബുദ്ധിമുട്ടനുഭവപ്പെട്ടില്ല. പരിചയമാണല്ലോ ബുദ്ധിമുട്ടൊഴിവാക്കുന്നത്.

സെമിനാരി ജീവിതവും കളികളും

സെമിനാരിയിൽ പഠിക്കുന്ന കാലത്ത് പഠനം മാത്രമേയുള്ളൂ എന്നാരും തെറ്റിദ്ധരിക്കരുത്. കളികൾക്കും സ്ഥാനം (games) കൊടുത്തി

രുന്നു. മൈനർ സെമിനാരിയിൽ പ്രധാനമായുണ്ടായിരുന്ന കളികൾ വോളിബോളും ബാഡ്മിന്റൻബോളുമായിരുന്നു. ഒന്നിടവിട്ട ദിവസങ്ങളിലായിരുന്നു കളിക്കാൻ അവസരം കിട്ടുക. ഇന്നു കളിച്ചവർ നാളെ തോട്ടത്തിൽ പണിയാൻ പോകണം. അങ്ങനെ കളിയും പൂന്തോട്ടത്തിൽ പണിയും മാറി മാറി നടന്നുപോന്നു. കാലം ചെയ്ത കണ്ടത്തിൽ പിതാവിന് കളിയിൽ വലിയ ഭ്രമമുണ്ടായിരുന്നില്ല. പകരം തോട്ടത്തിന്റെ കാര്യത്തിൽ വലിയ ശ്രദ്ധയായിരുന്നു. അദ്ദേഹം ഒരിക്കലെങ്കിലും ഞങ്ങളുടെ കളികാണാൻ വന്നതായി ഞാനോർക്കുന്നില്ല. എന്നാൽ തോട്ടത്തിൽ പണിയുടെ നേരത്ത് വരാത്ത ദിവസം വളരെ വിരളമായിരുന്നു. തോട്ടത്തിൽ വന്നാൽ അദ്ദേഹം ഓരോരുത്തരുടേയും പണികൾ വീക്ഷിക്കുകയും ഇതിലുപരി ഓരോ ചെടിയുടേയും അടുത്ത് ചെന്ന് അതിന്റെ വളർച്ചയിലും വളമിടുന്നതിലും വെള്ളം ഒഴിക്കുന്നതിനുമെല്ലാം  വളരെ കൂലംകഷമായി പരുശോധിക്കുകയും ചെയ്യുമായിരുന്നു. ഞാൻ പ്രീഫെക്ട് ആയിരുന്നതുകൊണ്ട് പണിയുക എന്നതിനേക്കാൾ പണിയിപ്പിക്കുകയായിരുന്നു. പല പ്ലോട്ടുകളായി തിരിച്ചിട്ടുള്ള തോട്ടത്തിൽ ഓരോ പ്ലോട്ടും തിരിച്ച് ചിലരെ ഏല്പിക്കുക, അവർ അവിടത്തെ പണികൾ കൃത്യമായി ചെയ്യുന്നുണ്ടോ, ചെടികൾ നന്നായി നനയ്ക്കുന്നുണ്ടോ, വളമിടുന്നുണ്ടോ, പുല്ലു പറിക്കുന്നുണ്ടോ എന്നൊക്കെ പരിശോധിക്കുക തുടങ്ങിയവയെല്ലാം എന്റെ ജോലിയിൽ പെട്ടതായിരുന്നു. ഒരു ദിവസം ഞാനിങ്ങനെ കറങ്ങി നടക്കുമ്പോൾ അഭിവന്ദ്യ പിതാവ് എന്നെ വിളിച്ചു. ഞാനടുത്തു ചെന്നപ്പോൾ ശാസനാരൂപത്തിൽ തോട്ടത്തിന്റെ ഒരു മൂലയ്ക്ക് പൊടി നിറഞ്ഞു നിന്നിരുന്ന ഒരു മാവിൻ തൈ കാണിച്ചുകൊണ്ട് ചോദിച്ചു, നീ എന്തു കാര്യം അന്വേഷിച്ച് നടക്കുകയാണ്. ഈ മാവിൻ തൈ കണ്ടോ. അതു നിറയെ പൊടി മൂടിയിരിക്കുന്നു. അതിനാരും വെള്ളവും വളവും നല്കുന്നില്ല. ഈ മാവിൻ തൈ ഞാൻ നിന്നെ ഏല്പിക്കുന്നു. എല്ലാ ദിവസവും അതിന്റെ ഇലകൾ കഴുകണം. പിന്നെ വല്ലപ്പോഴും അല്പം വളമിടണം. അത് നല്ലവർഗ്ഗം മാവാണ്. കുറ്റബോധത്തോടെ ഞാനാഭാരം ഏറ്റെടുത്തു. റോഡിനോടടുത്ത് നിന്നിരുന്ന ആ മാവിൻ തയ്യിൽ എപ്പോഴും പൊടി പുരണ്ടിരിക്കും. കാരണം റോഡിൽക്കൂടി വണ്ടി പോകുമ്പോൾ പൊങ്ങുന്ന പൊടി തോട്ടത്തിലേയ്ക്കാണു വരിക. തന്മൂലം എല്ലാ ദിവസവും വൈകുന്നേരത്തെ ലഘുഭക്ഷണം കഴിഞ്ഞാലുടനെ ഞാനോടിച്ചെന്ന് മാവിൻ തൈ കുളിപ്പിക്കും. അല്ലെങ്കിൽ പിതാവു തോട്ടത്തിൽ വരുമ്പോൾ മാവിൻ പൊടി കണ്ടാൽ എനിക്കു നല്ല കുശാലായിരിക്കും ഏതായാലും എന്റെ പരിരക്ഷണത്തിൽ മാവ് പെട്ടെന്ന് വളരുകയും ഞാൻ വൈദികനാകുന്നതിനു മുമ്പ് തന്നെ ഫലം പുറപ്പെടുവിക്കുകയും ചെയ്തു. മാവിന്റെ വളർച്ചയിലും ഫലസിദ്ധിയിലും സംപ്രീതനായ അഭിവന്ദ്യ മെത്രാപ്പോലീത്താച്ചൻ എന്നെ ഒന്നിലധികം പ്രാവശ്യം അഭിവന്ദിച്ചിട്ടുണ്ട്. ഇന്നും ആ മാവ് എറണാകുളം അരമനമുറ്റത്ത് തലയെടുപ്പോടെ പടർന്നു പന്തലിച്ചു നില്ക്കുന്നത് കാണാം. ഒന്നാംതരം നീലൻമാവ്.

അന്ന് എന്റെ അറിവില്ലായ്മകൊണ്ട് ഓർമ്മയിൽ വന്നില്ലെങ്കിലും ഇന്ന് ഈ ഭാഗം എഴുതുമ്പോൾ വി. മത്തായിയുടെ സുവിശേഷം അദ്ധ്യായെ 9. വാകൃങ്ങൾ 37–38 ഞാനോർത്തുപോകുകയാണ്. “വിളവ് അധികം വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേയ്ക്ക് വേലക്കാരെ അയയ്ക്കുവാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ”. ഇതിനാണല്ലോ ഞങ്ങളെ സെമിനാരിയിൽ സ്വീകരിച്ച് വിളവെടുക്കുന്നതിനുള്ള പരിശീലനം തരുന്നത്. അഭിവന്ദ്യ പിതാവ് ഞങ്ങളെക്കൊണ്ട് തോട്ടത്തിൽ വേലചെയ്യിക്കുന്നതിനും വിളവെടുപ്പിനുള്ള ഒരുക്കമായിട്ടായിരിക്കണം എന്ന് ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു. എന്നാൽ എല്ലാവരും ഈ ജോലി ഈ ഉദ്ദേശ്യത്തോടെയാണു ചെയ്തിരുന്നതെന്ന് ഞാൻ വിചാരിക്കുന്നില്ല. കാരണം പിതാവുള്ളപ്പോൾ ഉദാസീനരായി സമയം കഴിച്ചു കൂട്ടും. ഞാനും ഇതിനൊരുപവാദമായിരുന്നില്ല. അധികാരികൾക്ക് ഓരോരുത്തരെ പഠിക്കുന്നതിനുള്ള അവസരങ്ങൾകൂടിയാണ് ഇതുപോലുള്ള തോട്ടത്തിൽ പണിയും കളിയുമൊക്കെ എന്നു ഞാൻ കരുതുന്നു.

കളിയെ സംബന്ധിച്ചു പറയുമ്പോൾ ഞാനേറ്റം ഇഷ്ടപ്പെട്ടിരുന്നത് വോളിബോളാണ്. കാരണം ഹൈസ്ക്കൂളിലായിരിക്കുമ്പോൾത്തന്നെ ഞാനീ കളിയിൽ സാമാന്യം പ്രാവീണ്യം സമ്പാദിച്ചിരുന്നു. ഇന്റർ സ്ക്കൂൾ ഗയിംസിൽ പങ്കെടുക്കുന്നതിന് എനിക്കവസരം കിട്ടിയിട്ടുണ്ട്. ഞാൻ സ്ക്കൂളിലെ വോളിബോൾ ക്യാപ്റ്റനുമായിരുന്നു. മൈനർ സെമിനാരിയിൽ ഗയിംസിന് വലിയ പ്രാധാന്യം നല്കിയിരുന്നില്ല. തന്മൂലം ഞാൻ കളിയിൽ അല്പം പിന്നോക്കമായെങ്കിലും മേജർ സെമിനാരിയിൽ ആ പോരായ്ക പരിഹരിക്കാൻ സാധിച്ചു. അവിടെ നല്ല കളിക്കാരുണ്ടായിരുന്നതുകൊണ്ടും ചില പ്രൊഫസർമാർ കളിയിൽ സംബന്ധിച്ചിരുന്നതുകൊണ്ടും വീറോടും വാശിയോടും കൂടെ കളിക്കാൻ സാധിച്ചിരുന്നു. എന്റെ സ്മാഷ് അന്ന് പ്രസിദ്ധമായിരുന്നു. ഒന്നിലധികം പ്രാവശ്യം ഞങ്ങൾക്ക് യു.സി. കോളേജ് ടീമിനെ പരാജയപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. കട്ടിംഗ് പൊസിഷനിൽ നിന്ന് എതിർ ടീമിലെ ലിഫ്റ്ററെ സ്മാഷ് ചെയ്യുന്നത് എന്റെ ഒരു ഹോബി കൂടെ ആയിരുന്നു. ഈ അവസരത്തിൽ ഒരു സംഭവം ഓർത്തു പോകുകയാണ്. അന്നത്തെ ഒരു സുറിയാനി പ്രൊഫസറായിരുന്ന വെ. റവ. ഫാ. ജോർജ് പുത്തൻപുര എന്നും ഞങ്ങളുടെകൂടെ കളിയാക്കുമായിരുന്നു. എനിക്കെതിരായ ടീമിലേ അദ്ദേഹം നില്ക്കുകയുള്ളൂ. എന്റെ സ്മാഷ് മിക്കതും അദ്ദേഹം എടുക്കുമായിരുന്നു. അപ്പോഴെല്ലാം തമാശയായിട്ടാണെങ്കിലും പറയും ഒരടിക്കാരൻ വന്നിരിക്കുന്നു എന്ന്. ഒരു ദിവസം എനിക്കെതിരെ ലിഫ്റ്റിംഗ് പൊസിഷനിൽ അദ്ദേഹം വരാനിടയായി. കാണട്ടെ കാണട്ടെ തന്റെ അടി ഒന്നു കാണട്ടെ എന്നദ്ദേഹം പറഞ്ഞുതീർന്നതും എനിക്കു കിട്ടിയ ഒരു ലിഫ്റ്റ് നേരെ അദ്ദേഹത്തിനെതിരെ സ്മാഷ് ചെയ്തതും ഒരുമിച്ചു തീർന്നു. കഷ്ടമെന്നു പറയട്ടെ ആ അടി അദ്ദേഹത്തിന്റെ തലയ്ക്കാണു കൊണ്ടത്. ആൾ ഗൗരവ

ത്തിലായി. കളി കഴിഞ്ഞ് ഞാൻ പോയി ക്ഷമായാചനം ചെയ്ത് ആ രംഗം ശാന്തമാക്കി.

കളിയിലുള്ള എന്റെ ഭ്രമം അല്ല അഭിരുചി ഭാവിയിൽ എന്റെ പ്രേഷിതരംഗത്ത് എന്നെ വളരെ ഏറെ സഹായിച്ചിട്ടുണ്ട് എന്നെടുത്തു പറയാൻ ഞാനാഗ്രഹിക്കുന്നു. ഞാൻ ജോലി ചെയ്ത ഇടവകകളിലെല്ലാം ഓരോ വോളിബോൾ ട്ീം സംഘടിപ്പിച്ചു. ആ കളിയിലൂടെ നിരവധി യുവാക്കന്മാരേയും കുട്ടികളേയും പള്ളിയോടടുപ്പിക്കുന്നതിന് എനിക്കു സാധിച്ചിട്ടുണ്ട്. കളി കളി കഴിഞ്ഞ് എല്ലാവരും കൂടി പള്ളിയിൽ കയറി വിസീത്ത കഴിക്കുന്നതിനും ചിലപ്പോൾ ജപമാല എത്തിക്കുന്നതിനും ഞാൻ പ്രേരിപ്പിച്ചിരുന്നു. ഇങ്ങനെ സ്വതന്ത്രമായി അവരെന്നോടടുത്തപ്പോൾ അവരെ വേദപാഠക്ലാസ്സിൽ വരുത്തുന്നതിനും ദിവ്യബലിയിൽ സംബന്ധിക്കുന്നതിനും കൂദാശകൾ സ്വീകരിപ്പിക്കുന്നതിനും എനിക്കു സാധിച്ചിട്ടുണ്ട്. ഞാനൊരു ഇടവകയിൽ വികാരിയായി ചെന്ന അവസരത്തിൽ അറിയുവാനിടയായി. അവിടത്തെ മിക്ക യുവാക്കന്മാരും പള്ളിക്കും വൈദികർക്കും എതിരായി സംസാരിക്കുന്നവരും പ്രവർത്തിക്കുന്നവരുമാണെന്ന്. കാരണം എന്താണെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. എനിക്കു മുമ്പ് അവിടെ ഉണ്ടായിരുന്ന ഏതോ ഒരു വികാരിയച്ചൻ അവരോട് അപമര്യാദയായി പെരുമാറിയതാണ് അതിനു കാരണം. ഞാനാരേയും നേരിൽ കണ്ട് പള്ളിയിൽ വരണം, കുർബാന കാണണം എന്നൊന്നും ഉപദേശിക്കാൻ മുതിർന്നില്ല. സാവധാനത്തിൽ നല്ലവരായ കുറച്ചുപേരെ സംഘടിപ്പിച്ച് വോളിബോൾ കളി തുടങ്ങി. കൂട്ടത്തിൽ കാരംസ്, ചെസ്, ചീട്ടുകളി തുടങ്ങിയ ഇൻഡോർ ഗെയിംസും. ഒരിക്കൽ പള്ളിയിൽ അറിയിച്ചു യുവാക്കന്മാർക്കായി പള്ളിപ്പരിസരത്ത് ഏതാനും കളികൾ തുടങ്ങിയിട്ടുണ്ട്. ഇഷ്ടമുള്ളവർക്കൊക്കെ എന്നും നാലു മണി മുതൽ വന്ന് അതിൽ സംബന്ധിക്കാമെന്ന്. ആദ്യമാദ്യം വികടന്മാർ അറച്ചു നിന്നെങ്കിലും രണ്ടു മാസം കൊണ്ട് ആ ഇടവകയിലെ സകല യുവാക്കന്മാരും നാലു മണികഴിഞ്ഞ് പള്ളിപ്പരിസരത്തുണ്ടാകും. അങ്ങനെ കളികൾ ഊർജ്ജിതപ്പെട്ടു. സാവധാനം കുറെശ്ശേ കുറെശ്ശേ ആയി അവർക്ക് ചില നിബന്ധനകൾ ഏർപ്പാടു ചെയ്തു. 1. കളി കഴിഞ്ഞ് എല്ലാവരും പള്ളിയിൽ കയറി വിസീത്ത കഴിക്കണം. 2. ഞായറാഴ്ചകളിൽ മുടങ്ങാതെ ദിവ്യബലിയിൽ സംബന്ധിക്കണം. സൗകര്യമുള്ളവർ എന്നും. 3. മാസാദ്യ വെള്ളിയാഴ്ച എങ്കിലും കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കണം. എന്നിങ്ങനെ ആദ്ധ്യാത്മികമായി ചില നിബന്ധനകൾ. ചുരുക്കത്തിൽ കൊല്ലങ്ങളും മാസങ്ങളുമായി പള്ളിയിക്കും പട്ടകാരനും എതിരായി നിന്നവരേയും കൂദാശാസ്വീകരണത്തിൽ നിന്ന് അകന്നു നിന്നവരേയും കളിയിലൂടെ പള്ളിയിലേക്കാകർഷിക്കുന്നതിന് എനിക്കു സാധിച്ചു. ഒറ്റവാക്കിൽ ഒരു കൊല്ലത്തിനകം ആ ഇടവക ഒരു മാതൃകാ ഇടവകയായി ഉയരുകയും ചെയ്തു. ഇന്നും ഞാനഭിമാനപൂർവ്വം അത് സ്മരിക്കുന്നു. യുവാക്കന്മാരേയും കുട്ടിക

ളേയും നിയന്ത്രിക്കാൻ കഴിവില്ലാതെ അവരെ അമിതമായി അടുപ്പിക്കുകയും അവസാനം അവരുടെ നിബന്ധനകൾക്കു വിധേയരായി നട്ടം തിരിയുകയും ചെയ്യുന്ന ചില കൊച്ചച്ചൻമാരെ എനിക്കറിയാം. യുവത്വം കുതിരയെപ്പോലെയാണ്. കുതിരയ്ക്കു കടിഞ്ഞാണില്ലെങ്കിൽ അവൻ അപകടത്തിൽ വീഴും, അവന്റെ പുറത്തിരിക്കുന്നവനെ വീഴിക്കുകയും ചെയ്യും. ഇതുപോലെ യുവാക്കൻമാരെ ശരിക്കു നിയന്ത്രിച്ചില്ലെങ്കിൽ അവരും അവരോടും സംസർഗ്ഗം പുലർത്തുന്നവരും അപകടത്തിൽ നിപതിച്ചേക്കാം. ഈ തത്ത്വം ഇന്നത്തെ കൊച്ചച്ചന്മാരെല്ലാം മനസ്സിലാക്കിയിരുന്നെങ്കിൽ.

# I

## എന്റെ മേജർ സെമിനാരി ജീവിതം

മൈനർ സെമിനാരിയിലെ എന്റെ രണ്ടാംകൊല്ലം വളരെ നിർണ്ണായകമായ ഒന്നായിരുന്നു. മുമ്പ് സൂചിപ്പിച്ചതുപോലെ രണ്ടാം കൊല്ലത്തിൽ പഠനത്തിനുപുറമെ പ്രീഫെക്ട് ഉദ്യോഗം എന്റെ വളരെയേറെ സമയംകവർന്നെടുത്തിട്ടുണ്ട്. പലപ്പോഴും പഠനത്തേക്കാൾ കൂടുതൽ സമയം മറ്റു കാര്യങ്ങൾക്കായി മാറ്റിവയ്ക്കേണ്ടിവന്നു. ഓരോ ആഴ്ചയിലും ഓരോരുത്തർ ചെയ്യേണ്ട ജോലികൾ നിശ്ചയിച്ച് കൊടുക്കുക, അരമനയിൽ വരുന്ന മെത്രാൻമാർ തുടങ്ങിയ വിശിഷ്ടാതിഥികൾക്കു മുറി സജ്ജമാക്കുക, അരമനയിലെ അച്ചൻമാർക്കുള്ള എഴുത്തുകൾ എത്തിച്ചുകൊടുക്കുകതുടങ്ങി നിരവധി ജോലികൾ. ഇതിലേറെ എനിക്കു ബുദ്ധിമുട്ടുണ്ടാകിയത് എന്നെ പ്രീഫെക്ടായി നിയമിച്ച ബ. പുത്തൻകരി അച്ചൻ മാറി തൽസ്ഥാനത്ത് ബ. ഡോമിനിക്ക് കോയിക്കര അച്ചൻ വന്നുവെന്നതാണ്. രണ്ടുപേരുടെയും പോക്ക് രണ്ടുതരത്തിൽ. പുത്തൻകരി അച്ചൻ ഒരു പിതാവിനെപ്പോലെ സേനേഹമയിയും കർക്കശനുമായിരുന്നെങ്കിൽ കോയിക്കര അച്ചൻ ഒരു പക്കാ gentle man ആയിരുന്നു. എല്ലാകാര്യങ്ങളും as a matter of fact-ൽ അവസാനിപ്പിക്കും. അദ്ദേഹം ഒരു നല്ല പ്രാസംഗികനായിരുന്നെങ്കിലും ഒരു മിതഭാഷിയായിരുന്നു. രണ്ടു കൊല്ലത്തിനിടയിൽ രണ്ടു റെക്ടർമാരുടെ പരിശീലനം ലഭിക്കുന്നതിനുള്ള ഭാഗ്യം ഞങ്ങൾക്കു കിട്ടിയെങ്കിലും അതു ഭാഗ്യമായിരുന്നോ നിർഭാഗ്യമായിരുന്നോ എന്നു തീർത്തു പറയാനാവില്ല. ഫാദർ കോയിക്കര കാണ്ടി സെമിനാരിയിൽ പരിശീലനം കിട്ടിയ ആളായതുകൊണ്ട് അദ്ദേഹം ഞങ്ങൾക്കു തന്ന പരിശീലനത്തിൽ അതിന്റേതായ സവിശേഷതയുണ്ടായിരുന്നു. പുത്തൻകരി അച്ചൻ മംഗലപ്പുഴ സെമിനാരിയിൽ പഠിച്ച ആളായതുകൊണ്ട് കർമ്മലീത്താ പരിശീലനത്തോടായിരുന്നു കൂടുതൽ ചായ്വ്. ഈശോ സഭക്കാരുടെ പരിശീലനവും കർമ്മലീത്താക്കാരുടെ പരിശീലനവും രണ്ടും രണ്ടു വഴിക്കാണ്.

ഇപ്പോഴത്തെ നമ്മുടെ സെമിനാരികളിലെ പ്രത്യേകിച്ച് കോട്ടയത്തേയും മംഗലപ്പുഴയിലേയും പരിശീലനത്തെപ്പറ്റി പറയുമ്പോൾ വളരെ ഏറെ പറയുവാനുണ്ട്. സ്ഥലപരിമതി കണക്കാക്കി വിശദാംശങ്ങളിലേയ്ക്കു കടക്കുന്നില്ല. ഒന്നോ രണ്ടോ വാക്കുകളിൽ സമാഹരിക്കാം. രണ്ടു സെമിനാരിയിലേയും പരിശീലനങ്ങൾ നല്കുന്നത് ഇടവക വൈദികരാണെങ്കിലും (സന്ന്യാസവൈദികരല്ലെന്നു ചുരുക്കം) പരിശീലനം ഉത്തരദക്ഷിണ ധ്രുവദേശങ്ങൾ പോലെ വ്യത്യസ്തമാണ്. ഒന്നുകൂടെ വ്യക്തമാക്കിപ്പറഞ്ഞാൽ ഒന്നിൽ തനി പൗരസ്ത്യവും മറ്റതിൽ പാശ്ചാത്യവും. രണ്ടും സാർവത്രിക സഭയുടെ ഭാഗങ്ങളാണെന്നുള്ള ചിന്തപോലും ചില പൗരസ്ത്യ പ്രൊഫസർമാർക്കില്ലാതായി പോകുന്നുവെന്ന് തോന്നിപ്പോകുന്നു. തത്ഫലമായി അവർ പഠിപ്പിച്ചുവിടുന്ന കൊച്ചച്ചന്മാരിലും ബാലിശവും ഇടുങ്ങിയതുമായ ചിന്താഗതി കണ്ടുവരുന്നുണ്ട്. കുറച്ചുകൂടി വിശാ

ലമായി സെമിനാരി അധികൃതർ ചിന്തിച്ചിരുന്നെങ്കിൽ എന്നോർത്തു പോകുകയാണ്.

ഞങ്ങളുടെ മൈനർ സെമിനാരിയിലെ രണ്ടാം കൊല്ലവും അതിന്റെ പരിസമാപ്തിയിലെത്തി. അവധിക്കു പോകാറായി. റെക്ടറച്ചൻ ഓരോരുത്തരെ വിളിച്ച് അവരവർക്കാവശ്യമായ തിരുത്തലുകളും നിർദ്ദേശങ്ങളും നല്കി. എന്റെ ഊഴമായിരുന്നു അവസാനത്തേത്. ഞാൻ ചെന്നപ്പോൾ ബ്രദർ ചിറമേലിനെക്കൂടെ വിളിക്കാൻ പറഞ്ഞു. ഞങ്ങൾ രണ്ടുപേരും റെക്ടറച്ചൻ പറയുന്നതു കേൾക്കാൻ തയ്യാറായി നിന്നു. അപ്പോൾ അദ്ദേഹം ഒരു ചോദ്യം; നിങ്ങൾക്ക് ഇക്കൊല്ലം മേജർ സെമിനാരിയിലേയ്ക്ക് പോകണമോ? ഇതെന്തൊരു ചോദ്യം ഞങ്ങൾ പകച്ചു നിന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു. നിങ്ങളുടെ കിടമത്സരങ്ങൾ അവസാനിക്കട്ടെ ഒരു കൊല്ലവും കൂടെ ഇവിടെ നിന്ന്.കിടമത്സരം എന്നു കേട്ടപ്പോൾ കാര്യമെല്ലാം മനസ്സിലായി ഞാൻ പ്രീഫെക്ട്ആയിരുന്നല്ലോ. ബ്രദർ ചിറമേൽ പിതാവിന്റെ കപ്യാരും. പിതാവിന്റെ കപ്യാരെന്ന നിലയിൽ അയാളാണ് പ്രീഫെക്ട് എന്ന നിലയിൽ വലിയവനെന്ന് അയാളും അല്ല പ്രീഫെക്ട് എന്ന നിലയിൽ ഞാനാണു വലിയവനെന്നു ഞാനും തമ്മിൽ ചിലപ്പോൾ ചില ശീതസമരങ്ങൾ ഉണ്ടായിട്ടുണ്ട്. കാര്യം അത്ര ഗൗരവമുള്ള അല്ലെങ്കിലും ഞങ്ങളുടെ ഈ തെറ്റ് തിരുത്തി ഞങ്ങളെ മേജർ സെമിനാരിയിലേയ്ക്ക് അയയ്ക്കാനായിരുന്നു റെക്ടറച്ചന്റെ നല്ല ഉദ്ദേശ്യം. മാതേയ്ക്കൽ എന്തു പറയുന്നു എന്ന് വീണ്ടും എന്നോട് ഒരു ചോദ്യം. അതിന് ഞാൻ ഇനിമേൽ പ്രീഫെക്ട് അല്ല, അയാൾ പിതാവിന്റെ കപ്യാരുമല്ല. ഇനി ഞങ്ങൾ വെറും സെമിനാരിക്കാർ എന്ന അല്പം താമശു രൂപത്തിൽ കൊടുത്ത മറുപടി റെക്ടറച്ചനെ ചിരിപ്പിക്കാനിടയായി. ഏതായാലും രണ്ടു പേരും മേജർ സെമിനാരിയിൽ ചെന്ന് സൂക്ഷിച്ചു ജീവിച്ചുകൊള്ളണം എന്നൊരുപദേശവും തന്ന് ഞങ്ങളെ യാത്രയാക്കി.

1939 മെയ് 28 എന്നെ സംബന്ധിച്ചിടത്തോളം ഒരു പ്രധാനപ്പെട്ട ദിവസമായിരുന്നു. അന്നാണ് മേജർ സെമിനാരിയിലേയ്ക്കു പോകുന്നവർക്കു വൈദികവസ്ത്രം (cassok)നല്കിയത്. രാവിലെ കുർബാനയ്ക്കു മുമ്പ് അഭിവന്ദ്യ കണ്ടത്തിൽ മാർ ആഗസ്തിനോസ് മെത്രാപ്പോലീത്തയിൽ നിന്നും ഞങ്ങൾ വൈദിക വസ്ത്രം സ്വീകരിച്ചു. ഇന്നത്തേപ്പോലെ വീട്ടുകാരോ ബന്ധുമിത്രാദികളോ ഒന്നും സന്നിഹിതമായിരുന്നില്ല. ലളിതമായ ഒരു ചടങ്ങ്. അതു കഴിഞ്ഞ് പിതാവു തന്നെ ദിവ്യബലി അർപ്പിച്ചു. ദിവ്യബലി കഴിഞ്ഞ് പിതാവു തന്നെ ഉപദേശ ഞാനിപ്പോഴും ഓർക്കുന്നു. "ആന്തരികമായി ഇതുവരെയും ഇതിനുശേഷവും നിങ്ങളിൽ എന്തൊക്കെ മാറ്റങ്ങൾ സംഭവിച്ചാലും ബാഹ്യമായി ഇത്ര വലിയ മാറ്റം നിങ്ങളിൽ ഇനി വരാനില്ല. ഇതുവരെ ഷർട്ടും മുണ്ടും ധരിച്ച കേവല അൽമേനികളായിരുന്നു നിങ്ങൾ. ഇപ്പോഴാകട്ടെ വൈദികരായില്ലെങ്കിലും

വൈദികവേഷം ധരിച്ച് നിങ്ങൾ വൈദികരെപ്പോലെ ആയിരിക്കുന്നു. നിങ്ങളെ ഇനി ലോകം വൈദികരായിട്ടേ ബാഹ്യമായി കാണുകയുള്ളൂ. ലോകം നിങ്ങളെ ഇന്നു മുതൽ അച്ചനെന്നോ ശെമ്മാശനെന്നോ ഒക്കെ വിളിക്കാൻ തുടങ്ങും. അതിനനുസരണമായിട്ടായിരിക്കണം നിങ്ങളുടെ ജീവിതം.'' പിതാവ് പറഞ്ഞത് എത്ര വാസ്തവം. പുറത്തിറങ്ങിയ ഞങ്ങളെ ചിലർ കൊച്ചച്ചനെന്നും മറ്റു ചിലർ ശെമ്മാശനെന്നും ഒക്കെ വിളിക്കാൻ തുടങ്ങി. 'The habit does not make a man a monk', ഉടുപ്പ് ഒരുവനെ സന്ന്യാസി ആക്കുന്നില്ല. എന്നത് ആദ്ധ്യാത്മിക ജീവിതത്തെ സംബന്ധിച്ചിടത്തോളം വാസ്തവമാണെങ്കിലും സാധാരണക്കാരുടെ ദൃഷ്ടിയിൽ സന്ന്യാസവസ്ത്രം ധരിച്ചവൻ സന്ന്യാസിയോ വൈദികനോ ആണ്. വാദിക വസ്ത്രം അവനെ മറ്റുള്ളവരിൽ നിന്ന് വേർതിരിക്കുന്നു. ആ വസ്ത്രം അവന്റെ രക്ഷാകവചവും രക്ഷമാർഗ്ഗവുമാണ്. ആ വസ്ത്രത്തോട് ജാതിമതഭേദമെന്യേ എല്ലാവർക്കും ബഹുമാനമാണ്.

എന്റെ കാലത്ത് സെമിനാരിക്കാർക്കു വൈദിക വസ്ത്രം കിട്ടുന്ന ദിവസം ആകാംക്ഷയോടെ എല്ലാവരും പാർത്തിരുന്നു. ഇന്നാകട്ടെ, മനോഭാവം ആകെ മാറിപ്പോയി. 'വൈദികവസ്ത്രം തിയോളജി പഠനം തുടങ്ങുമ്പോൾ സ്വീകരിച്ചാൽ മതി, അതെപ്പോഴും ഉപയോഗിക്കണമെന്നില്ല, തിരുക്കർമ്മാദികൾക്കു മാത്രം മതി' എന്നിങ്ങനെ എന്തെന്തു മാറ്റങ്ങൾ. എന്റെ കാലത്ത് കളിക്കുമ്പോൾ പോലും ഉടുപ്പ് ഇട്ടുവേണമായിരുന്നു. ഉറങ്ങാൻ പോകുമ്പോഴും കുളിക്കാൻ പോകുമ്പോഴും മാത്രമാണ് ഉടുപ്പ് മാറ്റിയിരുന്നത്. രാവിലെ ഉണർന്ന് ഉടുപ്പ് ധരിക്കുമ്പോൾ അതിനോടുള്ള ബഹുമാനാർത്ഥം ചുംബിച്ചിട്ടു വേണം ധരിക്കാൻ എന്നുപോലും മൂപ്പച്ചന്മാർ ഉപദേശിച്ചിരുന്നു. ഇന്നാകട്ടെ ക്രിസ്തുവിന്റെ അനുയായികളുടെ ബാഹ്യഹനമായ ഉടുപ്പിനോട് മതിപ്പും ബഹുമാനവും നാൾക്കുനാൾ കുറഞ്ഞാണ് കാണുന്നത്. കാഴ്ചക്കാർക്കല്ല ധരിക്കേണ്ടവരായ വൈദികർക്കാണ് മതിപ്പു കുറഞ്ഞിട്ടുള്ളത്. ഡോക്ടറും വക്കീലും പോലീസും പട്ടാളവും അവരവരുടെ യൂണിഫോറത്തിൽ അഭിമാനം കൊള്ളുമ്പോൾ വൈദികന് തന്റെ ഔദ്യോഗിക വസ്ത്രത്തിൽ പുച്ഛം. യഥാർത്ഥ ക്രിസ്തുശിഷ്യൻ തന്റെ കെട്ടിലും മട്ടിലും പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

1939 മെയ് 31-ന് ആലുവാ മംഗലപ്പുഴ സെമിനാരിയിലേക്കു യാത്രയായി. തലേദിവസം ഞങ്ങൾ അരമനയിലെ എല്ലാ അച്ചന്മാരേയും പ്രത്യേകിച്ച് അഭിവന്ദ്യപിതാവിനേയും കണ്ട് അനുഗ്രഹങ്ങൾ വാങ്ങി യാത്ര പറഞ്ഞു. ആ അവസരത്തിൽ പിതാവ് എന്നോടായിട്ടു മാത്രം പറഞ്ഞ ഒരു കാര്യം എനിക്കു മറക്കുവാൻ സാധിക്കുന്നില്ല. ''ആരക്കുഴ കുറെ വീട്ടച്ചന്മാരുണ്ട് അവരെപ്പോലെ ആകരുത് കേട്ടോ.'' എന്നാണതിന്റെ അർത്ഥമെന്ന് ഞാനാലോചിച്ചു. കുറെകഴിഞ്ഞാണ് എനിക്കതിന്റെ പൊരുൾ കിട്ടി

യത്. അന്ന് ഏതാണ്ട് ആറോ ഏഴോ വൈദികർ പള്ളിമേടയിൽ താമസ മുണ്ട്. ചിലർ പ്രായം കൊണ്ടും ചിലർ അസുഖം കൊണ്ടും മറ്റു ചിലർ തില പ്രത്യേക കാരണങ്ങളാലും പള്ളിജോലിയിൽ നിന്നും ഒഴിവാക്ക പ്പെട്ടവർ. ഇവർക്കു വിശേഷിച്ച് ജോലി ഒന്നുമില്ലാത്തതുകൊണ്ട് കുടും ബകാര്യങ്ങളിൽ ഇടപെട്ടിരുന്നു. ചിലർ വികാരിമാർക്കു തലവേദനയുമാ യിരുന്നു. ഇങ്ങനെ ആകരുത് ഞാൻ ഭാവിയിൽ എന്നാതാണ് പിതാവ് ഉദ്ദേശിച്ചത്.

ഞങ്ങൾ മേജർ സെമിനാരിയിലെത്തി. അന്നത്തെ റെക്ടർ വെ. റവ. ഫാ. ജോൺ ജോസഫ് O.C.D. ആയിരുന്നു. വൈസ് റെക്ടർ ഫാദർ ഔറേലിയൻ O.C.D. യും ആദ്ധ്യാത്മികോപദേഷ്ടാവ് ഫാദർ സക്കറി യാസ് O.C.D. യും ആടിരുന്നു. സ്റ്റാഫിലെ ബ. അച്ചന്മാരെല്ലാം സ്പെയിൻകാരായിരുന്നതുകൊണ്ട് അവരുടെ ഇംഗ്ലീഷ് സംസാരം മന സ്സിലാക്കി എടുക്കുന്നതിന് ഞങ്ങൾ നന്നേ ബുദ്ധിമുട്ടേണ്ടി വന്നു. ഫാ. ഔറേലിയനും ഫാ. സക്കറിയാസും ഇന്നു ദൈവദാസന്മാരാണ്. അവരെ വാഴ്ത്തപ്പെട്ടവർ എന്നു വിളിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. അവരുടെ കീഴിൽ അഭ്യസിക്കുന്നതിനുള്ള ഭാഗ്യം കിട്ടിയതിൽ ഞാനഭി മാനം കൊള്ളുന്നു. ഒരാഴ്ചത്തെധ്യാനം കഴിഞ്ഞാണ് ക്ലാസ്സുകൾ ആരം ഭിച്ചത്. എല്ലാ വിഷയങ്ങളും ലാറ്റിനിൽ ആയിരുന്നു. ഫിലോസഫി എനിക്കു വളരെ എളുപ്പമായി തോന്നി. അതിനു പ്രത്യേക കാരണമുണ്ട്. ഹൈസ്ക്കൂളിൽ ഞാൻ optional ആയി എടുത്തിരുന്ന വിഷയം logic ആയിരുന്നല്ലോ. ലോജിക് ഫിലോസഫിയുടെ ഒരു ഭാഗമാണ്. വലിയ ബുദ്ധിമുട്ടൊന്നും കൂടാതെ വിഷയങ്ങൾ പഠിക്കുന്നതിന് എനിക്കു സാധി ച്ചു. മാസങ്ങൾ നീങ്ങി; ഡിസംബർ മാസമായി. അന്ന് സെമിനാരിക്കാർക്കു പട്ടം സല്കിയിരുന്നത് ഡിസംബറിലാണ്. അക്കൂട്ടത്തിലാണ് ഒന്നാം കൊല്ലക്കാർക്ക് ആസ്ഥപ്പാടുപട്ടം കൊടുക്കുക.

## *ആസ്ഥപ്പാടുപട്ടം*

വൈദിക വസ്ത്രം സ്വീകരിച്ച് ആറുമാസം കഴിഞ്ഞപ്പോൾ എന്റെ ജീവിതത്തിലെ മറ്റൊരു നാഴികക്കല്ല് തരണം ചെയ്തു. ഇതര പട്ടങ്ങൾ സ്വീകരിക്കുവാനുള്ള ശെമ്മാശന്മാരോടൊപ്പം ഞാനും വൈദിക ജീവിത ത്തിന്റെ ആദ്യ പദവി ചവുട്ടിക്കയറാൻ ഒരുങ്ങി. അതതുരൂപതയിലെ വൈദിക വിദ്യർത്ഥികൾക്ക് അവരവരുടെ മെത്രാൻ പട്ടം നല്കുക എന്ന തായിരുന്നു അന്നത്തേയും ഇന്നത്തേയും പതിവ്. അതനുസരിച്ച് അഭി വന്ദ്യ എറണാകുളം മെത്രാപ്പോലീത്താ ഞങ്ങൾക്കു പട്ടം തരുവാൻ എത്തി. പട്ടത്തിനു മുമ്പ് പിതാവ് ഞങ്ങളെ എല്ലാവരേയും വിളിച്ച് ഒരുപ ദേശം നല്കി. അതിനുശേഷം പിതാവിനെ ആഘോഷമായി കപ്പേളയി ലേയ്ക്ക് ആനയിച്ചു. ആസ്ഥപ്പാടുപട്ടം തുടങ്ങി മുറയ്ക്ക് കുർബാനപ്പട്ടം

വരെ ക്രമത്തിൽ കൊടുക്കുകയാണ് പതിവ്. ആദ്യമായി ആസ്ഥപ്പാപട്ടം സ്വീകരിക്കാനുള്ളവരുടെ പേരുകൾ വിളിച്ചു. ഞങ്ങൾ അൾത്താരയോട ടുത്ത് നിരയായി നിന്നു. ചടങ്ങ് ഹ്രസ്വമെങ്കിലും ഹൃദ്യമായ ഒന്നായിരു ന്നു. കാർമ്മികൻ ഓരോരുത്തരെ സമീപിച്ച് അവരുടെ മുടി വെട്ടുമ്പോൾ കാർമ്മികനും അർത്ഥിയും ഒരുമിച്ചു ചൊല്ലുന്നു 'Dominus pars hereditatis mea et scalicis mei. Tu Qui restitues hereditatem mihi' (എന്റെ പിതൃ സ്വത്തിന്റേയും കാസയുടേയും ഓഹരി കർത്താവാകുന്നു. നീയത്രേ എന്റെ ജന്മാവകാശം പുനഃസ്ഥാപിക്കുന്നത്.) അന്നു മുതൽ ഞാൻ കർത്താവിനെ എന്റെ പൈതൃകാവകാശമായി തിരഞ്ഞെടുത്തു വെന്നല്ലേ ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. ഞാൻ എന്റെ പിതാവിന്റെ സ്വത്തിന്റെ ഏക അവകാശി ആയിരുന്നു. എനിക്കു ലഭിക്കുമായിരുന്ന ഭൗതിക സ്വത്തിനേക്കുറിച്ചോ അതുപേക്ഷിച്ചതിനേക്കുറിച്ചോ എനിക്ക് യാതൊരു ഇച്ഛാഭംഗവും അനുഭവപ്പെട്ടില്ല. അഞ്ചാം പട്ടം സ്വീകരിക്കുന്ന തിനു മുമ്പ് മിഷനറിമാരും സന്ന്യാസികളുമല്ലാത്ത എല്ലാവരും പത്രമോനി (പിതൃസ്വത്ത്) വയ്ക്കണമെന്ന് നിബന്ധനയുണ്ട്. ആയിരം രൂപയോ ആ വില വരുന്ന വസ്തുവോ ആയിരിക്കണം അത്. വൈദികനായ ശേഷം ഉള്ള ആവശ്യങ്ങൾ നിർവ്വഹിക്കാൻ ഒരുപാധിയായിട്ടാണതിനെ സങ്കൽപി ച്ചിരിക്കുന്നത്. എന്നാൽ അത് ഒരു സൂചനാ സ്വത്ത് മാത്രമാണ്. അതു കൊണ്ടെങ്ങനെയാണ് ഒരു വൈദികന്റെ ആവശ്യങ്ങൾ നടക്കുക. എന്റെ പിതൃസ്വത്ത് മുഴുവനും എന്റെ പേരിലായിരുന്നതുകൊണ്ട് ഞാൻ പ്രത്യേകം പത്രമോനി വയ്ക്കണമോ എന്ന് മേലധികാരികളോടു തെര ക്കി. നിയമ പ്രകാരം പത്രമോനിയായി ഒന്നുകിൽ സ്വത്തു മുഴുവനും എഴുതി വയ്ക്കണം അല്ലെങ്കിൽ ആയിരം രൂപ വിലവരുന്ന വസ്തുമാത്രം തിരിച്ചെഴുതി വയ്ക്കണമെന്നായിരുന്നു അവരുടെ നിർദ്ദേശം. തദനുസ രണം നാലുപറ നിലം എന്റെ പത്രമോനിയായി എഴുതിവച്ചു. 1970-ൽ തൃക്കാരിയൂരുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതിന് വസ്തു വാങ്ങുവാൻ വേണ്ടി എന്റെ ഇതര പിതൃസ്വത്തിനേടൊപ്പം എന്റെ പത്രമോനിയും വിറ്റു. അന്നു ആ നാലുപറ നിലത്തിന് കിട്ടിയത് 10000 രൂപയാണ്. അങ്ങനെ 1970 കളിൽ ഞാൻ ലൗകികസ്വത്തുക്കളൊന്നുമില്ലാത്ത, കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ ഒരു വെറും ജോലിക്കാരൻ മാത്രമായി. ആ ജോലി യിൽ നിന്നും ലഭിക്കുന്ന കൂലികൊണ്ട് ഇതെഴുതുമ്പോഴും ജീവിച്ചുപോ രുന്നു. അൾത്താരയിൽ ജോലിചെയ്യുന്നവൻ അൾത്താര കൊണ്ടു ജീവി ക്കട്ടെ എന്ന വി. പൗലോസിന്റെ വാക്കുകൾ എന്നിൽ അന്വർത്ഥമായി.

ആസ്ഥപ്പാടുപട്ടം സ്വീകരിച്ചതോടെ ആദ്ധ്യാത്മിക ജീവിതത്തിൽ കൂടുതൽ ശ്രദ്ധാപൂർവ്വം മുന്നോട്ടു നീങ്ങുന്നതിനുള്ള ഒരുത്തരവാദിത്വ ബോധം എന്നിൽ ഉളവായതുപോലെ എനിക്കു തോന്നി. തദനുസരണം എന്റെ ജീവിതത്തെ നിയന്ത്രിത്തുന്നതിന് ഞാനങ്ങേയറ്റം ശ്രമിച്ചു. എന്നാലും മാനുശികമായ ബലഹീനത എന്നെ പലപ്പോഴും തളത്തിയി

ട്ടുണ്ട്. ചെറുപ്പം മുതൽ എന്നിൽ മുന്നിട്ടു നിന്ന രണ്ടു ദുർഗുണങ്ങളായിരുന്നു ദുർവാശിയും മുൻകോപവും. വളരെ പരിശ്രമിച്ചതിന്റെ പേരിൽ വൈദികനായിരുന്നതുവരെ ഈ രണ്ടു ശത്രുക്കളേയും ഒരുവിധം ഞാൻ പരാജയപ്പെടുത്തിപ്പോന്നു. ഒരു പക്ഷേ സെമിനാരിയിൽ നിന്നു വിട്ടേക്കുമോ എന്ന ഭയമായിരിക്കും ഇവയെ തളയ്ക്കുന്നതിന് സഹായിച്ചത്. ഏതായാലും വൈദികനായതിനുശേഷം ഇവ രണ്ടും വീണ്ടും എന്നിൽ തലപൊക്കാൻ തുടങ്ങി. ഒരു വ്യത്യാസം, ദുർവാശി മാറി വെറുംവാശിയായി. ചിലപ്പോൾ അല്പം വാശി നല്ലതാണെന്ന് എന്റെ പ്രേഷിതരംഗത്തെ ചില വിജയങ്ങൾ സാക്ഷ്യം വഹിക്കുന്നു. അതുപോലെ തന്നെ മുൻകോപം മാറി കോപമായി. വൈദികജോലിയിൽ കുറച്ചൊക്കെ കോപിക്കാതെ പറ്റുകയില്ല. ക്രിസ്തുവും തന്റെ പരസ്യജീവിതകാലത്ത് കോപിച്ച രംഗങ്ങൾ അവിടുത്തെ സുവിശേഷത്തിൽ കാണാമല്ലോ. എന്റെ കോപവും വാശിയും പാപകരമാകാതിരിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ചിലപ്പോഴെല്ലാം എന്റെ കീഴിലുള്ളവർക്ക് ബുദ്ധിമുട്ടും സങ്കടവും ഉളവായിട്ടുണ്ടെന്ന് എനിക്കറിയാം. എന്നാലും വൈരാഗ്യ ബുദ്ധിയും വിദ്വേശവും വളർത്തുന്ന സ്വഭാവം ഞാൻ പുലർത്തിയിരുന്നില്ല. എന്റെ വാക്കോ പ്രവൃത്തിയോ മറ്റുള്ളവർക്ക് വിഷമ കാരണമായെന്നു മനസ്സിലായാൽ കോപിച്ചിട്ടുള്ളവരെയും വെറുക്കുന്നവരെയും കാണുമ്പോൾ എന്റെ മനസ്സിൽ ഒരു അസ്വസ്ഥതയും വിഷമവും അനുഭവപ്പെടുക സ്വാഭാവികമായിരുന്നു. അതു മാറ്റാൻ എത്ര ശ്രമിച്ചിട്ടും ഇതേവരെ എനിക്കു സാധിച്ചിട്ടില്ല. അതൊരു തീരാകളങ്കമാണെന്ന് ക്രമേണ ഞാൻ മനസ്സിലാക്കി. കീഴിലുള്ളവരുടെ നന്മയെ ഉദ്ദേശിച്ച് ചിലപ്പോൾ മൂന്നോ നാലോ ദിവസം അവരോടു മിണ്ടാതെ ഗൗരവത്തിൽ നടക്കാറുണ്ട്.

ചെറുപ്പം മുതലെതന്നെ ഞൻ ഒരു രോഗിയായിരുന്നു. മൈനർ സെമിനാരി ജീവിതകാലത്ത് നടമാടിയിരുന്ന രണ്ടാം ലോകമഹായുദ്ധം മൂലം നേരിട്ട ഭക്ഷ്യക്ഷാമം നമ്മേയും പിടികൂടിയിരുന്നല്ലോ. അന്ന് നല്ല അരിഭക്ഷണം കിട്ടിയിരുന്നില്ലെന്നുവേണം പറയുവാൻ. ബജറയും ഗോതമ്പുമായിരുന്നു അരിയുടെ സ്ഥാനം പിടിച്ചിരുന്നത്. അതും കല്ലും പുഴുവും കലർന്നതും. ഗത്യന്തരമില്ലാതെ എല്ലാവരും അതു ഭക്ഷിക്കേണ്ടിവന്നു. അതിന്റെ ഫലമായി പണ്ടേ മോശമായിരുന്ന എന്റെ വയറ് എന്നെ വല്ലാതെ കുഴപ്പത്തിലാക്കി. മേജർ സെമിനാരിയിലെ ആദ്യത്തെ കൊല്ലം അവസാനഘട്ടമായപ്പോഴേക്കും വയറു വേദനയും മറ്റു വിഷമതകളും എന്നെ വല്ലാതെ അലട്ടി. സെമിനാരി വിട്ടുപോരേണ്ടിവരുമോ എന്ന ഭയംപോലും എന്നിലുദിച്ചു. എന്തും വരട്ടെ വിവരം പെ. ബ. റെക്ടർ ഫാദർ ജോൺ ജോസഫിനെ അറിയിക്കാമെന്നുറച്ചു. ഞാനദ്ദേഹത്തെ കണ്ട് വിവരമറിയിച്ചു. എന്റെ പ്രതീക്ഷയ്ക്കെതിരായി അദ്ദേഹം എന്നെ ആസ്പത്രിയിൽ അയയ്ക്കാൻ ഏർപ്പാടു ചെയ്തു. അന്ന് നല്ല ആസ്പത്രി എന്നു പറയാൻ എറണാകുളം ജനറൽ ആസ്പത്രി മാത്രമേ ഉണ്ടായിരുന്നുള്ളൂ.

അങ്ങോട്ടാണ് അദ്ദേഹം എന്നെ അയച്ചത്. അന്ന് ജനറൽ ആസ്പത്രിയിൽ ജോലിചെയ്യുന്നത് യൂറോപ്യൻ സിസ്റ്റേഴ്സാണ്. അവരിൽ ഒരു സിസ്റ്റർ സി. സിസിലിക്ക് ഒരെഴുത്തും തന്ന് ഒരു സീനിയർ ബ്രദറെ കൂട്ടി എന്നെ ആസ്പത്രിയിലയച്ചു. ഞങ്ങൾ അവിടെ ചെന്ന് സിസ്റ്ററിനെ കണ്ടുപിടിച്ച് എഴുത്തു കൊടുത്തു. സിസ്റ്റർ എന്നെ ഒരു ഡോക്ടറുടെ അടുക്കലേക്കു കൊണ്ടുപോയി. അദ്ദേഹം എന്നെ പരിശോധിച്ചു. അന്ന് പേരുകേട്ട ഒരു സർജ്ജനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പേര് ഞാനിപ്പോഴും ഓർക്കുന്നു. ഡോ. ഗോവിന്ദ മേനോൻ F.R.C.S. പരിശോധന കഴിഞ്ഞയുടനെ ഡോക്ടർ പറഞ്ഞു ഓപ്പറേഷൻ വേണം. ഒട്ടും വൈകാൻ പാടില്ല. ധൃതഗതിയിൽ എല്ലാം നടന്നു. എന്നെ ആസ്പത്രിയിൽ അഡ്മിറ്റ് ചെയ്തു. പിറ്റേദിവസം തന്നെ ഓപ്പറേഷൻ. ഓപ്പറേഷൻ താമസിച്ചിരുന്നെങ്കിൽ എന്റെ അപ്പെൻഡിക്സ് പൊട്ടുമായിരുന്നത്രേ. അതപകടകരവുമാണ്. ഏതായാലും ദൈവത്തിന്റെ പ്രത്യേകാനുഗ്രഹത്താൽ എല്ലാം സുഖമായും വിജയപ്രദമായും പര്യവസാനിച്ചു. ഓപ്പറേഷൻ കഴിഞ്ഞാണ് വീട്ടിൽ അറിയിച്ചത്. അതും അമ്മയെ അറിയിച്ചില്ല. എല്ലാം സുഖമായി ഡിസ്ചാർജ്ജ് ചെയ്ത് കുറച്ചുദിവസത്തെ വിശ്രമാർത്ഥം വീട്ടിൽ ചെന്നപ്പോഴാണ് വിവരം അമ്മ അറിയുന്നത്.

വിശ്രമമെല്ലാം കഴിഞ്ഞ് വീണ്ടും ഞാൻ സെമിനാരിയിലെത്തി പഠനം തുടർന്നു. ഈ അവസരത്തിൽ എന്റെ Almamate ആയ സെമിനാരിയേയും അവിടത്തെ അധികാരികളേയും പ്രൊഫസർമാരേയും ഒന്നനുസ്മരിക്കുന്നത് ഉചിതമായി തോന്നുന്നു. 19-ാം നൂറ്റാണ്ടിന്റെ ഉത്താർദ്ധത്തിൽ കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ പ്രൊപ്പഗാന്താ, പദ്രേവാദോ എന്നീ രണ്ടു വ്യത്യസ്ത ഭരണാധികാരികളുടെ കീഴിലായി വിഭജിക്കപ്പെട്ടിരുന്നു. പദ്രവാദോയുടെ കീഴിൽ സുറിയാനിക്കാർക്കായി കൊടുത്തിരുന്നതാണ് കൊടുങ്ങല്ലൂർ രൂപത. എന്നാൽ അവർക്ക് ഒരു സെമിനാരി ഉണ്ടായിരുന്നില്ല. പ്രൊപ്പഗാന്തയുടെ കീഴിൽ ആയിരുന്നവർക്ക് വരാപ്പുഴയും ആലങ്ങാട്ടും ഓരോ സെമിനാരി ഉണ്ടായിരുന്നു. തന്മൂലം കൊടുങ്ങല്ലൂർ രൂപതയിലെ സുറിയാനിക്കാരുടെ പരിശ്രമഫലമായി കുറെ പണം ശേഖരിച്ച് ഒരു സെമിനാരിക്കുവേണ്ടി സ്ഥലം വാങ്ങുന്നതിന് തൈക്കാട്ടുശ്ശേരിക്കാരൻ അവിരാവർക്കിത്തരകനെ ഏല്പിച്ചു. പോരാത്ത സംഖ്യ മുഴുവനും അദ്ദേഹം എടുത്ത് ആലുവായ്ക്കടുത്ത് പെരിയാർ നദിയുടെ തീരത്ത് 40 ഏക്കർ സ്ഥലവും അതിലുണ്ടായിരുന്ന ബംഗ്ലാവും വാങ്ങി. ഒരു സായിപ്പിന്റെ വകയായിരുന്നു അത്. ഇതു തീറു വാങ്ങിയതിന്റെ ആധാരവും മറ്റും ഇപ്പോൾ കൊച്ചി രൂപതയുടെ ആർകൈവിസിൽ സൂക്ഷിച്ചിട്ടുണ്ട്. നാട്ടുകാരായ വൈദികരുടെ മേൽനോട്ടത്തിൽ അവിടെ സെമിനാരി ആരംഭിക്കുകയും പരിശീലനം നല്കുകയും ചെയ്തുപോന്നു. എന്നാൽ അവിടെ പരിശീലനം ലഭിച്ച സെമിനാരിക്കാർക്ക് പട്ടം സ്വീകരിക്കുവാൻ ഗോവാ മെത്രാപ്പോലീത്തായെ ആശ്രയിക്കേണ്ടി വന്നു. അദ്ദേഹം പട്ടം കൊടുക്കണമെ

ങ്കിൽ മംഗലപ്പുഴയിലെ വസ്തുക്കളും ബംഗ്ലാവും അദ്ദേഹത്തിന്റെ പേരിൽ എഴുതി കൊടുക്കണമെന്ന നിബന്ധന വച്ചു. അങ്ങനെ സമ്മർദ്ദത്തിന്റെ പേരിൽ പ്രസ്തുത വസ്തുക്കളും ബംഗ്ലാവും തരകൻ അദ്ദേഹത്തിന്റെ പേരിൽ ദാനമായി എഴുതിക്കൊടുത്തു. അപ്പോൾ തരകനും ഒരു വ്യവസ്ഥ വച്ചു. അതു മറ്റൊന്നുമല്ല. അവിടെ കൊടുങ്ങല്ലൂർ രൂപതയ്ക്കു വേണ്ടി ഒരു സെമിനാരി ഉണ്ടായിരിക്കണം എന്നു മാത്രം. നാട്ടുകാരായ വൈദിക രുടെ മേൽനോട്ടത്തിൽ കുറെക്കാലം കൂടി അവിടെ സെമിനാരി പ്രവർത്തി ച്ചു. എന്നാൽ കൊടുങ്ങല്ലൂർ രൂപതയ്ക്ക് മെത്രാൻ ഇല്ലാതായതുകൊണ്ടും ഗോവായിൽ പോയി പട്ടം സ്വീകരിക്കുക ദുഷ്കരമായതുകൊണ്ടും കാലാ ന്തരത്തിൽ സെമിനാരി നിന്നു പോയി. പ്രസ്തുത സ്ഥലവും ആധാര ങ്ങളും രക്ഷിക്കുന്നതിനായി ഗോവാമെത്രാപ്പോലീത്താ കൊച്ചീമെത്രാനെ ഏല്പിച്ചു. അദ്ദേഹം തന്റെ വേനൽക്കാല വസതിയായി പ്രസ്തുത ബംഗ്ലാവ് ഉപയോഗിച്ചു പോരുമ്പോഴാണ് വീണ്ടും അത് സെമിനാരിക്കായി വിട്ടുകൊടുക്കണമെന്ന സ്ഥിതിവിശേഷമുണ്ടായത്.

1896-ൽ എറണാകുളം തൃശൂർ ചങ്ങനാശ്ശേരി വികാരിയാത്തുകൾ സ്ഥാപിതമായപ്പോൾ ശ്രീ. പാറായിൽ അവിരാ വർക്കി തരകൻ, മംഗല പ്പുഴ വസ്തുക്കളും കെട്ടിടവും സെമിനാരിക്കായി ദാനം ചെയ്തതാ ണെന്നും അത് താനുംകൂടി അംഗമായുള്ള എറണാകുളം രൂപതയുടെ ആവശ്യത്തിനായി ഉപയോഗപ്പെടുത്തണമെന്നും കാണിച്ച് ഒരപേക്ഷ മാർലൂയിസ് പഴേപറമ്പലിനു നല്കി. മാർ ലൂയിസ് ഇക്കാര്യം പരി. സിംഹാ സനത്തെ ബോധിപ്പിച്ചു. പരി. സിംഹാസനം ഗോവാമെത്രാപ്പോലീത്താ യോടും പോർച്ചുഗീസ് രാജാവിനോടും കൂടി ആലോചിച്ച് എടുത്ത തീരു മാനം 'മലയാളത്തിലെ സുറിയാനിക്കാർ ഒരു സെമിനാരിക്കായി പദ്രെ വാദൊ അധികാരികളെ ഏല്പിച്ചിരുന്ന വസ്തുവകകൾ ദാതാക്കളുടെ നിയോഗപ്രകാരം ഉപയോഗപ്പെടുത്തണമെന്നതായിരുന്നു.'

സുറിയാനിക്കർകൂടി പഠിച്ചുപോന്ന പുത്തൻപള്ളി സെമിനാരി മാറ്റി സ്ഥാപിക്കുന്നതിന് ഇതൊരവസരമായി. പരി. സിംഹാസനം തീരുമാനി ച്ചതനുസരിച്ച് പുത്തൻപള്ളി സെമിനാരി മംഗലപ്പുഴക്ക് മാറ്റി. അത് 1933-ലാ ണ്. കൊല്ലം രൂപതയുടെ വികാരി ജനറാളായിരുന്ന ഫാദർ ജോൺ ജോസഫ് O.C.D. യെ റെക്ടറായും നിയമിച്ചു. കർമ്മലീത്താ സഭയുടെ സ്പെയിനിലെ നവാറാ പ്രൊവിൻസ് അംഗമായിരുന്നു ഫാ. ജോൺ ജോസഫ്. അദ്ദേഹം റെക്ടറായതോടെ സെമിനാരിയുടെ ചുമതലയും നവാറാ പ്രൊവിൻസിലെ സ്പാനീഷ് കർമ്മലീത്താവൈദികർക്കായി. എന്നിരുന്നാലും സെമിനാരിയുടെ യഥാർത്ഥ അധികാരി പൗരസ്ത്യ തിരു സംഘമായിരുന്നു. 1976 വരെ റെക്ടർമാരെ നിയമിച്ചിരുന്നത് പ്രസ്തുത തിരുസംഘംതന്നെയായിരുന്നു. 1964-ൽ മംഗലപ്പുഴ സെമിനാരിയെ പൊന്തി ഫിക്കൽ പദവിയിലേക്കുയർത്തിക്കൊണ്ട് പോൾ ആറാമൻ മാർപ്പാപ്പ പുറ

പ്പെടുവിച്ച 'Quac Semper' എന്ന അപ്പസ്തോലിക ലേഖനത്തിലെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ 'Quapropter hisce litteris Apostolicis Nostraque auctoritate certa scientia et matura deliberations Nostra Seminarium majus a sancto Joseph, quod pro alumuis ritum Chaldaeorum Malabaricum secrantibu in urbe Alwaye intra Ernakulamensis Archiediocesis fines, extact Pontificium edicimus.'s എറണാകുളം അതിരൂപതാതിർത്തിയിൽ ആലുവാ നഗരത്തിൽ സ്ഥിതി ചെയ്യുന്നതും മലബാർ കർദായറീത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുവേണ്ടി യുള്ളതുമായ സെന്റ് ജോസഫ്സ് മേജർ സെമിനാരിയെ പൊന്തിഫിക്കൽ പദവിലേക്ക് നാം ഉയർത്തുന്നു.

കർമ്മലീത്താസഭയുടെ സുപ്പീരിയർ ജനറലിന്റെ അഭ്യർത്ഥനയെ പരിഗണിച്ച് 1976-ൽ സെമിനാരിയുടെ നിയന്ത്രണവും നടത്തിപ്പും കെ. സി. ബി. സി. യുടെ ചുമതലയിലേക്കു മാറ്റി. ഈ സെമിനാരിയിൽ കേര ളത്തിലെ മൂന്നു റീത്തിൽപ്പെട്ട വൈദിക വിദ്യാർത്ഥികൾ പരിശീലനം നേടു ന്നു. പരിശീലനം നൽകുന്നത് ഏതദ്ദേശീയ വൈദികരും.

ശാലീനസുന്ദരമായ പെരിയാറിന്റെ തീരത്ത് നാഷണൽ ഹൈവേ 47 ന്റെ പാർശ്വഭാഗത്ത് പ്രകൃതിരമണീയമായ മംഗലപ്പുഴക്കുന്നിൽ ഗോത്തിക്ക് വാസ്തു ശില്പത്തിന്റെ പ്രൗഢിയോടെ തല ഉയർത്തി നില്ക്കുന്ന മംഗലപ്പുഴ സെമിനാരി അതിലെ കടന്നുപോകുന്ന ഏതൊരു പഥികനേയും അമ്പരിപ്പിക്കുകതന്നെ ചെയ്യും. കേരള സഭയുടെ സമീപ കാല ചരിത്രത്തിന്റെ ഗതിവിഗതികൾക്കു സാക്ഷ്യം വഹിക്കുന്ന ഒരു സജീവ സ്മാരകമാണത്. മലങ്കര, ലത്തീൻ, മലബാർ എന്നീ വ്യത്യസ്ത റീത്തുകളിൽപ്പെട്ട വൈദികരും വൈദിക വിദ്യാർത്ഥികളും ഇവിടെ ഒന്നിച്ചു താമസിച്ചും പഠിച്ചും പ്രാർത്ഥിച്ചും അനുഭവങ്ങൾ പങ്കുവച്ചും സഭയുടെ കൂട്ടായ്മയായ സാർവ്വത്രിക സഭയുടെ ഐക്യത്തിന്റെ ഉത്തമമാതൃകയും ഉദാത്ത പ്രതീകവുമായിവർത്തിക്കുന്നു എന്നതാണ് ഈ വൈദിക ശ്രീകോ വിലിന്റെ അതിശ്രേഷ്ഠവും ഏറെ പ്രശംസനീയവുമായ പ്രത്യേകത. എന്നാൽ കൂടുതൽ ഹൃദയവിശാലതയ്ക്കും തുറന്ന മനോഭാവത്തിനും സൃഷ്ട്യുന്മുഖ സംവാദത്തിനുമുള്ള മുറവിളി സഭയ്ക്കകത്തും പുറത്തും നടക്കുന്ന ഈ കാലയളവിൽ വിഭാഗിക ചിന്തയും സങ്കുചിത മനോഭാ വവും തർക്കവിതർക്കങ്ങളും പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള സമീ പനം സെമിനാരി പരിശീലനത്തിന്റെ കാര്യത്തിൽ ചിലരുടെ ഭാഗത്തു നിന്ന് ഉണ്ടാകുന്നു എന്നറിയുന്നത് സഭാസ്നേഹികളെ വേദനിപ്പിക്കുന്ന ഒന്നാണെന്ന് പറയാതിരിക്കാൻ വയ്യ. ഞാൻ സെമിനാരിയിൽ പഠിച്ചി രുന്ന കാലത്ത് ഇങ്ങനെ ഒരു വിഭാഗിക ചിന്തയ്ക്ക് കാര്യമായ സ്ഥാനമു ണ്ടായിരുന്നില്ല. മലബാർ സഭയ്ക്കു മാത്രമെന്ന് പറഞ്ഞ് കോട്ടയമടുത്ത് വടവാതൂർ ഒരു സെമിനാരി ഉണ്ടാകുകയും അവരുടെ ലിറ്റർജിയിൽ ചില

അഭിപ്രായ ഭിന്നതകൾ ഉടലെടുക്കുകയും ചെയ്തതോടെ മംഗലപ്പുഴ സെമിനാരിയിൽ റീത്തു വൈരുദ്ധ്യവും വിഭാഗീയ ചിന്തയും മൂർദ്ധന്യത്തിലെത്തിയെന്നാണ് എനിക്കു തോന്നുന്നത്. ഇതു സഭയുടെ ഐക്യത്തെ പ്രത്യേകിച്ച് കോരളസഭയുടെ കെട്ടുറുപ്പിനെ തുരങ്കം വയ്ക്കുകില്ലേ എന്ന് ബലമായി സംശയിക്കനവകാശമുണ്ട്. അങ്ങനെ സംഭവിക്കാതിരിക്കട്ടെ.

ഇനി എന്റെ സെമിനാരി ജീവിതത്തിലേയ്ക്ക് കടക്കട്ടെ. അന്നത്തെ ഞങ്ങളുടെ റെക്ടർ (മംഗലപ്പുഴ സെമിനാരിയുടെ പ്രഥമ റെക്ടർ) ഫാ. ജോൺ ജോസഫ് സ്നേഹമുള്ള ഒരു നല്ല പിതാവായിരുന്നു. വിദ്യാർത്ഥികളോടുള്ള അദ്ദേഹത്തിന്റെ സമീപനം ആർക്കും മറക്കാനാവുകയില്ല. പ്രായാധിക്യം മൂലം കുട്ടികളുമായി അധികം ഇടകലർന്നിരുന്നെങ്കിലും അദ്ദേഹത്തിന് ഓരോരുത്തരേയും നന്നായി അറിയാമായിരുന്നു. വൈസ് റെക്ടറായിരുന്ന ഫാദർ ഔറേലിയനാണ് കാര്യങ്ങൾ എല്ലാം നടത്തിയിരുന്നത്. അദ്ദേഹത്തിന്റെ വീക്ഷണഗതി ഒന്നുവേറെയായിരുന്നു. അദ്ദേഹത്തിന്റെ കണ്ണിൽ പൊടിയിടുന്നതിനോ സോപ്പിടുന്നതിനോ ആർക്കും സാദ്ധ്യമായിരുന്നില്ല. അദ്ദേഹം കുശാഗ്രബുദ്ധിയും കാർക്കശ്യക്കാരനുമായിരുന്നു. മൂന്നു നിലയുള്ള സെമിനാരിയുടെ മട്ടുപ്പാവിൽക്കൂടി നടന്ന് വായനയിൽ മുഴുകിയിരിക്കുന്നുവെന്ന് തോന്നിക്കുന്ന അദ്ദേഹത്തിന്റെ ശ്രദ്ധ സെമിനാരിക്കാർ കളിക്കുന്നിടത്തും നടക്കുന്നിടത്തുമായിരിക്കും. അവിടെ എന്തെങ്കിലും പിശകു കണ്ടാൽ അതിനു കാരണക്കാരായ വരെ അദ്ദേഹം മനസ്സിലാക്കി ഹൃദയത്തിൽ നിക്ഷേപിക്കും. അപ്രകാരം തന്നെ കപ്പേളയിൽ പ്രാർത്ഥനാനിരതമാണെന്ന് എല്ലാവർക്കും തോന്നുന്ന അവസരത്തിൽ ആരെങ്കിലും കപ്പേളയിൽ ധ്യാന സമയത്തോ, കുർബാന സമയത്തോ ഉറങ്ങിയാൽ അതും അദ്ദേഹം കണ്ടുപിടിക്കും. എന്നിട്ട് ഇക്കൂട്ടരെ അടുത്തു കിട്ടുന്ന അവസരത്തിൽ പുഞ്ചിരിച്ചുകൊണ്ടാണെങ്കിലും ഗൗരവത്തിൽ 'കൊച്ചാ കൊച്ചാ ഇതു പറ്റുകയില്ല, കളിക്കുമ്പോൾ കളിക്കണം, പ്രാർത്ഥിക്കുമ്പോൾ പ്രാർത്ഥിക്കണം' എന്നൊരു താക്കീതും കൊടുക്കും. ഫാദർ ജോൺ ജോസഫ് പ്രായാധിക്യത്താൽ മരിച്ചപ്പോൾ ഫാദർ ഔറേലിയനെയാണ് പരി. സിംഹാസനം റെക്ടറാക്കിയത്. ഫാദർ സക്കറിയാസ് വൈസ് റെക്ടറും. സക്കറിയാസിന്റെ പ്രവർത്തനശൈലി ഫാ. ഔറേലിയന്റേതിൽ നിന്നും വളരെ വ്യത്യസ്തമായിരുന്നു. വളരെ സ്നേഹമുള്ള ഒരു പിതാവിനെപ്പോലെയായിരുന്നു അദ്ദേഹം. ആവശ്യത്തിനു ഗൗരവവും. ഇഷ്ടപ്പെടാത്ത എന്തെങ്കിലും ആരെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ പ്രകടിപ്പിക്കുന്ന കോപം രണ്ടക്ഷരങ്ങളിൽ ഒതുങ്ങും 'അപ്ര'. അപ്പോൾ മനസ്സിലാക്കിക്കൊള്ളണം എന്തോ പന്തികേടുണ്ടെന്ന്. ആ തെറ്റ് ചൂണ്ടിക്കാണിച്ച് തിരുത്തുന്നതിന് അവധി വയ്ക്കാറുമില്ല.

ഈ രണ്ടു ഗുരുഭൂതൻമാരെ അവർ പഠിപ്പിച്ചിട്ടുള്ളവർക്ക് ഒരിക്കലും വ്സ്മരിക്കാനാവുകയില്ല. ഇവർ രണ്ടുപേരുടെയും നാമകരണത്തിനുള്ള പ്രാരംഭ നടപടികളെന്നോണം ഇവരെ ദൈവദാസൻമാരായി പ്രഖ്യാപിച്ചു കഴിഞ്ഞു. ഇതര പ്രൊഫസറന്മാർ ഓരോരുത്തരേയും സ്മരിക്കുമ്പോൾ വളരെ കാര്യങ്ങൾ എഴുതാനുണ്ട്. വിസ്തരഭയത്താൽ അവരുടെ പേരുകളും പഠിപ്പിച്ച വിഷയങ്ങളും മാത്രം ഇവിടെ കുറിക്കട്ടെ. ഫാ. സ്റ്റാൻലി. ഇദ്ദേഹം ഒന്നാം കൊല്ലക്കാരുടെ പ്രീഫെക്ടും ഫിലോസഫി പഠിപ്പിക്കുന്ന ആളുമായിരുന്നു. ഫാ. വെരെമൂസ്, ഈ കൊച്ചച്ചനാണ് ലോജിക് എടുത്തു കൊണ്ടിരുന്നത്. ഞങ്ങൾ സെമിനാരി വിടുന്നതിനുമുൻപ് ഇദ്ദേഹം സ്ഥലംമാറി പോകുകയും ചെറുപ്പത്തിലേതന്നെ ഈലോകവാസം വെടിയുകയും ചെയ്തു. ഫാ. എമിലിയൂസ്, ഇദ്ദേഹം രണ്ടും മൂന്നും കൊല്ലക്കാരുടെ പ്രീഫെക്ടും മോറൽ തിയോളജി പ്രൊഫസറുമായിരുന്നു. ഫാ. യൗജിൻ, ഇദ്ദേഹം ചർച്ച് ഹിസ്റ്ററിയാണ് പഠിപ്പിച്ചിരുന്നത്. താടിയില്ലാത്ത ഒരി സ്പാനിഷ് പ്രൊഫസർ ആയിരുന്നു ഇദ്ദേഹം. ഫാ. ഇൽദേഫോൺസ്, ഇദ്ദേഹം പഠിപ്പിച്ചുകൊണ്ടിരുന്നത് ബൈബിളായിരുന്നു. കണ്ണിന് അല്പം കോട്ടം ഉണ്ടായിരുന്ന ഇദ്ദേഹം ഒരു തമാഷക്കാരനായിരുന്നു. ഹെർമാനിറ്റിക്സ് എടുത്തിരുന്നതിനാൽ ഫാ. ഉണിക്കെ എന്നാണ് അറിയപ്പെട്ടിരുന്നത്. ഫാ. അമ്പ്രോസ്, ഇദ്ദേഹം നാലും അഞ്ചും കൊല്ലക്കാരുടെ പ്രീഫെക്ടും തിയോളജി പ്രൊഫസറുമായിരുന്നു. ഞങ്ങൾ സെമിനാരി വിട്ടശേഷം ഇദ്ദേഹം വിജയപുരം രൂപതയുടെ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടു. ഫാ. ക്രിസസ്റ്റോം, ഇദ്ദേഹം സബ് ഡീക്കൻമാരുടെയും പ്രീഫെക്ടായിരുന്നത്. ഒരു തികഞ്ഞ ജെന്റിൽമാൻ എന്ന് ഇദ്ദേഹത്തെ വിശേഷിപ്പിക്കാം. ഇദ്ദേഹത്തിന് താടി ഉണ്ടായിരുന്നില്ല. ഫാ. ഹെലിയദോർ, ഞങ്ങൾ സെമിനാരിയിൽ ചെല്ലുമ്പോൾ ഇദ്ദേഹമായിരുന്നു പ്രൊക്കുറേറ്റർ. എന്നാൽ ഒന്നുരണ്ടു കൊല്ലത്തിനകം രോഗാതുരനാകുകയും സെമിനാരിയോടും ലോകത്തോടും എന്നേയ്ക്കുമായി വിടപറയുകയും ചെയ്തു. ഫാ. ഹെലിയദോറിന്റെ സ്ഥാനത്ത് പ്രൊക്കുറേറ്ററായി വന്നത് ഫാ. വിക്ടർ ആയിരുന്നു. അദ്ദേഹം ഏറെ നാൾ പ്രൊക്കുറേറ്ററായിരുന്ന ശേഷം സൗത്ത് അമേരിക്കയിലെ ഒരു രൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കയായി സ്ഥലം വിട്ടു. ഇവരെ കൂടാതെ സെമിനാരി സ്റ്റാഫിൽ മലയാളി വൈദികരും ഉണ്ടായിരുന്നു. ഫാ. ജോൺ കുന്നപ്പിള്ളിയും, ഫാ. മാത്യു വടക്കേലും, ഫാ. ജോർജ് പുത്തൻപുരയും, ഫാ. തോമസ് കൊച്ചയ്യങ്കനാലും. ഫാ. വടക്കേൽ തിയോളജി വിഭാഗത്തിന് സുറിയാനിയും ലിറ്റർജിയും, ഫാ. പുത്തൻപുര ഫിലേസഫി വിഭാഗത്തിന് സുറിയാനിയും, ഫാ. തോമസ് സംസ്കൃതവും, ഫാ. ജോൺ മലയാളവും. ഞാനെഴുതുമ്പോൾ ഫാ. പുത്തൻ പുരയും, ഫാ. വിക്ടറും ജീവിച്ചിരിപ്പുണ്ട്. മറ്റുള്ളവരെല്ലാം മൺമറഞ്ഞെന്നാണ് എന്റെ അറിവ്. ഫാ. ജോൺ ഏഴുകൊല്ലം എന്റെ കുമ്പസാരക്കാരനായിരുന്നു.

സെമിനാരി ജീവിതം അല്പം കളിയും വളരെ കാര്യങ്ങളുമായി അങ്ങു കടന്നുപോയി. പഠനവും പരീക്ഷയുമായിരുന്നു പ്രധാന കാര്യങ്ങൾ. അങ്ങനെ പിന്നിട്ട ഏഴു കൊല്ലങ്ങൾ ഏതാനും നിമിഷങ്ങൾപോലെ ഇപ്പോൾ തോന്നിപ്പോകുന്നു. അവസാന കൊല്ലമായി. പട്ടം സ്വീകരിക്കാനുള്ള ഒരുക്കങ്ങൾ ഒരു വശത്ത്. തീരാത്ത പാഠങ്ങൾ പഠിച്ചു തീർക്കുവാനുള്ള തിരക്ക് മറുവശത്ത്. അപ്പോഴാണ് കേൾക്കുക; മുൻകൊല്ലങ്ങളെ അപേക്ഷിച്ച് അക്കൊല്ലം മുതൽ പട്ടം മാർച്ചു മാസത്തിലായിരിക്കുമെന്ന് അതുവരെ ഡിസംബർ മാസത്തിലായിരുന്നു. ഈ മാറ്റം എല്ലാവർക്കും അല്പം മനഃപ്രയാസം ഉണ്ടാക്കിയെങ്കിലും നാലഞ്ചു ദിവസം കഴിഞ്ഞപ്പോൾ അതൊല്ലാം മാറി. എന്നെ സംബന്ധിച്ചിടത്തോളം ഇത് ഒരു വലിയ അനുഗ്രഹമായിരുന്നെന്ന് രണ്ടു മൂന്നു മാസമ കഴിഞ്ഞപ്പോൾ എനിക്ക് ബോധ്യമായി. കാരണം എന്റെ അമ്മ മരിക്കുന്നത് ആ നവംബർ 8-ാം തീയതിയായിരുന്നു. ഡിസംബറിൽ പട്ടം ആയിരുന്നെങ്കിൽ അമ്മയുടെ വേർപാട് വലിയ വേദനയ്ക്കിടയാക്കുമായിരുന്നു. മാർച്ചിൽ പട്ടമായപ്പോൾ വേദന നിന്നിരുന്നെങ്കിലും നാലഞ്ചുമാസം കഴിഞ്ഞായതുകൊണ്ട് വേർപാടിന്റെ സങ്കടം അത്രതന്നെ രൂക്ഷമായിരുന്നില്ല.

അമ്മ രോഗിണിയായിരുന്നുവെന്ന് നേരത്തെതന്നെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. 1946-ൽ അമ്മയുടെ രോഗാവസ്ഥ ഗുരുതരമായി. അമ്മയെ മൂവാറ്റുപുഴ ഗവ. ആസ്പത്രിയിലേക്കു മാറ്റി. എങ്ങനെയെങ്കിലും ഞാനൊരു വൈദികനാകുന്നതുവരെ അമ്മ ജീവിച്ചിരിക്കണമെന്ന് അമ്മയ്ക്കും എനിക്കും വേണ്ടപ്പെട്ട എല്ലാവർക്കും അതിയായ ആഗ്രഹം ഉണ്ടായിരുന്നു. നിരന്തരമായ പരിശോധനയും നേഴ്സിംഗ്കെയറും ആവശ്യമായിരുന്നതുകൊണ്ടും പരിചരണത്തിന് വീട്ടിൽ പറ്റിയവരില്ലാതിരുന്നതുകൊണ്ടും അമ്മ ഏതാണ്ട് നാലഞ്ചുമാസം ആസ്പത്രിയിൽ തന്നെ ആയിരുന്നു. അമ്മയുടെ നിസ്സാഹായവസ്ഥ മനസ്സിലാക്കിയ സെമിനാരി അധികൃതർ അവധി ദിവസങ്ങളിലെല്ലാം അമ്മയെ പരിചരിക്കുന്നതിന് എന്നെ അനുവദിച്ചുവിട്ടിരുന്നു എന്നകാര്യം ഞാനിവിടെ നന്ദിപൂർവ്വം സ്മരിക്കുകയാണ്. അത്രയ്ക്ക് സ്നേഹവും പരിഗണനയും എന്റെ അധികാരികൾക്ക് എന്നോട് ഉണ്ടായിരുന്നു. ഞാൻ ചെല്ലുന്ന ദിവസങ്ങളിലെല്ലാം അമ്മയ്ക്ക് ആശ്വാസവും സന്തോശവുമായിരുന്നു. 1946 നവംബർ 8-ാം തീയതി. അന്നൊരു വെള്ളിയാഴ്ചയായിരുന്നു. റെക്ടറച്ചൻ എന്നെ വിളിച്ച് അമ്മയ്ക്ക് അസുഖം അല്പം കൂടുതലാണെന്നും ഇപ്പോൾത്തന്നെ പോകണമെന്നും അറിയിച്ചു. പതിവായി എല്ലാ ശനിയാഴ്ചയും പോകുന്നതാണല്ലോ. അതുപോലെ നാളെ പോയാൽ പോരെ എന്നു ചോദിച്ചപ്പോൾ, ആളു വന്നിരിക്കുകയല്ലേ ഇന്നു തന്നെ പൊയ്ക്കോ എന്നു പറഞ്ഞു. ഞാൻ വെള്ളിയാഴ്ച വൈകുന്നേരം മൂവാറ്റുപുഴ ആശുപത്രിയിൽ എത്തി. അമ്മയുടെ ആങ്ങളമാരെല്ലാവരും എന്റെ ചിറ്റപ്പനും അവിടെ ഉണ്ടായിരുന്നു. എന്നെ കണ്ട ഉടനെ അമ്മ മകനേ ഇന്നുതന്നെ എന്നെ വീട്ടിലേക്കു

കൊണ്ടു പോകണം എന്ന് ആവശ്യപ്പെട്ടു. തത്കാലം ഉണ്ടായ എന്തെങ്കിലും വിഷമം കൊണ്ടായിരിക്കുമെന്നു കരുതി ഞങ്ങളാരും അത് അത്ര കാര്യമായി കണക്കാക്കിയില്ല. അമ്മയുടെ പോകണമെന്നുള്ള നിർബന്ധം കൂടി വന്നു. സമയം രാത്രി ഒമ്പതു മണി ആയി കാണും. വിവരം ഡോക്ടറെ അറിയിച്ചു. അദ്ദേഹം സമ്മതിച്ചു. രണ്ടു മൂന്നു ടാക്സികൾ വിളിച്ച് ഞങ്ങളെല്ലാവരും കൂടി വീട്ടിലേക്കു പോയി. അവിടെ ഇളയമ്മയും പിള്ളേരും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അമ്മ വന്നെന്നുകേട്ട് അയൽവാസികളും ഓടികൂടി. അമ്മയ്ക്ക് എന്തെന്നില്ലാത്ത സന്തോഷം. അയൽ വീടുകളിൽ നിന്നും വന്ന സ്ത്രീകളുമായി വളരെ സന്തോഷവതിയായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഞങ്ങൾ എല്ലാവരും കൂടി എന്തെങ്കിലും ഭക്ഷണം കഴിക്കാനായി ഊണു മുറിയിലേക്കു പോയി. ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുമ്പോൾ ഓടി വരണേ എന്നൊരു സ്വരം കേട്ടു. ഞങ്ങൾ ചെന്നപ്പോഴെയ്ക്കും അമ്മയെ അവർ കസേരയിൽ നിന്നും കട്ടിലിൽ എടുത്ത് കിടത്തിയിരുന്നു. അച്ചനെ വിളിക്കാൻ ആരോ പള്ളിയിലേക്കോടി. ഞാനമ്മയുടെ തലയ്ക്കൽ  നിർന്നിമേഷനായി നിന്നു. അമ്മയുടെ ശബ്ദം നിലച്ചു. തൊണ്ടയിൽ ഒടു ചെറിയ ചലനം മാത്രം. ആരോ ചെവിയിൽ സുകൃതജപം ചൊല്ലിക്കൊടുക്കുന്നുണ്ട്. കഷ്ടിച്ച് അരമണിക്കൂർ അങ്ങനെ കിടന്നു. അച്ചൻ എത്തി. ഒപ്രുശുമ കൊടുത്തു. ആ സ്നേഹമായി തന്റെ മകനെ വിട്ട് ദിവ്യനാഥന്റെ പക്കലേക്ക് പറന്നുയർന്നു. അവിടെ ഉണ്ടായിരുന്നവരെല്ലാം കരയുന്നു. എന്നാൽ ഞാൻ മാത്രം കരഞ്ഞില്ല. കണ്ണീരില്ലാഞ്ഞിട്ടല്ല, ഒരു തുള്ളി കണ്ണീരെങ്കിലും എന്റെ കണ്ണിൽ നിന്നും വന്നില്ല. എല്ലാം ഹൃദയത്തിലൊതുക്കി സംയമനം പാലിച്ച് ഞാനവിടെത്തന്നെ നിന്നു. അതിനുള്ള ശക്തി നല്ലവനായ ദൈവം എനിക്കു നൽകി. അമ്മയുടെ മരണത്തെയോർത്ത് ഞാൻ നാലു പ്രാവശ്യം മാത്രമേ കരഞ്ഞിട്ടിള്ളൂ. ആദ്യത്തേത് അമ്മയുടെ ശവസംസ്ക്കാര ദിവസം ഫാ. വർഗീസ് കവലക്കാട്ടിന്റെ ചരമ പ്രസംഗസമയത്ത്. രണ്ടാമത്തേത് ശവസംസക്കാരമെല്ലാം കഴിഞ്ഞ് പള്ളിയിൽ കടന്ന് മദുബഹായിൽ പ്രവേശിച്ച് കർത്താവിന്റെ  മുമ്പിൽ നിന്ന് അതുവരെ ഉള്ളിൽ ഒതുക്കിയിരുന്ന കണ്ണീരെല്ലാം കർത്താവിന്റെ മുമ്പിൽ ഒഴുക്കി. പിടിച്ചു നിൽക്കാനാവാത്തവിധം അവിടെ വച്ച് തളം കെട്ടി നിന്ന കദനഭാരം ഞാനിറക്കി വെച്ചു. കർത്താവ് എന്റെ കണ്ണീരു കണ്ടു. അന്നു മുതൽ ഇന്നുവരെ അമ്മയില്ലാത്ത കുറവ് എനിക്കനുഭവപ്പെട്ടിട്ടില്ല. മാത്രമല്ല മദുബഹായുടെ മദ്ധ്യത്തിലിരുന്ന മാതാവിന്റെ പ്രതിമയിലേക്ക് ഈ പ്രതിമ എന്റെ ദൈവവിളിയിൽ നല്ലൊരു പങ്കു വഹിച്ചിട്ടുണ്ട്- നോക്കിയപ്പോൾ കർത്താവ് എന്റെ ഉള്ളിന്റെ ഉള്ളിൽ മന്ത്രിക്കുന്നതായി എനിക്കു തോന്നി. 'മകനെ, ഇതാ നിന്റെ അമ്മ' ഞാൻ കരച്ചിൽ നിർത്തി ധൈര്യം വീണ്ടെടുത്ത് അച്ചൻമാരോട് യാത്രയും നന്ദിയും പറഞ്ഞ് വീട്ടിലേക്കു പോയി. പിന്നെ ഞാൻ കരയുന്നത് മാർച്ചുമാസം 20-ാംതീയതി നവപൂജ അർപ്പിച്ച ദിവസമാണ്. ദിവ്യബലിയുടെ ഇടയിൽ സ്വന്തപ്പെട്ടവർക്ക് വിശുദ്ധ കുർബാന നൽകിയ

അവസരത്തിൽ. ആദ്യം അമ്മയ്ക്കായിരുന്നല്ലോ വി. കുർബാന നല്കേണ്ടിയിരുന്നത് എന്നോർത്തപ്പോൾ പൊട്ടിക്കരഞ്ഞുപോയി. അവസാനമായി കരയുന്നത് പിറ്റേ ദിവസം ഇടവകപ്പള്ളിയിൽ കുർബാന ചൊല്ലിയ ശേഷം അമ്മയുടെ കുഴിമാടത്തിൽ ഒപ്പീസ് ചൊല്ലാൻ ചെന്നപ്പോഴാണ്. ഒരു വാക്കുപോലും ഉച്ചരിക്കാൻ കഴിയാതെ കൂടെ ഉണ്ടായിരുന്ന അച്ചൻമാർ ഒപ്പീസു ചൊല്ലി. പിന്നീട് ഒരിക്കലും അമ്മയെ ഓർത്ത് ഞാൻ കരഞ്ഞിട്ടില്ല.

ഞാൻ പുരോഹിതനായി പ്രേഷിതരംഗത്തു പ്രവേശിച്ചശേഷം അമ്മയുടെ മരണത്തെപ്പറ്റി ചിന്തിക്കുമ്പോഴെല്ലാം എന്റെ പ്രതികരണം അമ്മ മരിച്ചത് എത്ര നന്നായി എന്നായിരുന്നു. അവിടെ ദൈവത്തിന്റെ പരിപാലന തെളിഞ്ഞുകാണുവാനും എനിക്കു സാധിച്ചു. അമ്മ ജീവിച്ചിരുന്നുവെങ്കിൽ എന്റെ പ്രേഷിതവേലയിൽ ഞാൻ തീർച്ചയായും സ്വതന്ത്രനായിരിക്കയില്ലായിരുന്നു. അമ്മയ്ക്ക് സുഖമില്ലെന്നു കേൾക്കുമ്പോഴും അസുഖം കൂടുതലാണെന്നറിയുമ്പോഴും എല്ലാം ഞാനോടി എത്തണ്ടേ. ചെന്നില്ലെങ്കിൽ അതെന്റെ ഭാഗത്തുനിന്ന് ഒരു അപരാധമാകുമായിരുന്നില്ലേ. അങ്ങനെ പോകുന്ന ഓരോ പ്രാവശ്യവും എന്റെ ഇടവക ജോലിയിലും മറ്റ് ആത്മീയ പ്രവർത്തനങ്ങളിലും വീഴ്ച വരുമായിരുന്നില്ലേ. ഇങ്ങനെ ചിന്തിക്കുമ്പോൾ അമ്മയുടെ മരണം എന്നെ പൂർണ്ണമായും ക്രിസ്തുവിന്റെ പുരോഹിതനാക്കി എന്ന് ഞാൻ വിശ്വസിക്കുന്നു. അമ്മയുടെ മരണത്തോടെ ലോകത്തോടു യാതൊരു കെട്ടുപാടുമില്ലാത്ത ഒരു പുരോഹിതനായിത്തീർന്നു ഞാൻ. ഇനി അമ്മയെ സംബന്ധിച്ചിടത്തോളം അമ്മ അന്നു മരിച്ചത് ഒരു വലിയ ഭാഗ്യമായി ഞാൻ കാണുന്നു. എന്റെ പ്രഥമ ദിവ്യബലിയുടെ പൂർണ്ണഫലവും അമ്മയ്ക്ക് കിട്ടിക്കാണണം. മാത്രമോ, പുരോഹിതനായതുമുതൽ ഇന്നുവരെയും എന്റെ അമ്മയെ സ്മരിച്ചു പ്രാർത്ഥിക്കാത്ത ഒരൊറ്റ ദിവ്യബലിയും ഞാനർപ്പിച്ചിട്ടില്ല. എന്റെ മരണം വരെ ഞാൻ അതു തുടരുകയും ചെയ്യും. മാത്രമല്ല എല്ലാമാസവും അമ്മ മരിച്ച എട്ടാം തീയതി ഞാനർപ്പിച്ചിട്ടുള്ള കുർബാന അമ്മയുടെ ആത്മശാന്തിക്കുവേണ്ടിയായിരുന്നു. ഇനിയും അങ്ങനെയായിരിക്കും. ഈ മഹാഭാഗ്യം വളകെ ചുരുക്കം അമ്മമാർക്കേ കിട്ടാറുള്ളൂ. എന്റെ മരണശേഷവും എന്റെ കുടുംബത്തിൽ മരിച്ചിട്ടുള്ളവർക്കുവേണ്ടി നിത്യ കുർബാനയ്ക്കായി ആരക്കുളപ്പള്ളിയിൽ 3000 രൂപയും നസ്രത്തു സഭയിൽ 15000 രൂപയും ഏല്പിച്ചിട്ടുണ്ടെന്ന് എടുത്തു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിനെന്നെ പ്രേരിപ്പിച്ചത് എന്റെ കാലശേഷം എന്റെ അമ്മയേയും അപ്പനേയും മറ്റു കാരണവൻമാരെയും ഓർത്ത് പ്രാർത്ഥിക്കുന്നതിന് അധികമാരും ഉണ്ടാവില്ലെന്നുള്ള ചിന്തയാണ്. അവരെല്ലാം സ്വർഗ്ഗപ്രാപ്തരായെങ്കിലും ഇതരാത്മാക്കൾക്ക് അതുപകരിക്കുമല്ലോ.

Q

## നവവൈദികൻ

എന്റെ സെമിനാരി ജീവിതകാലമത്രയും ഞാനൊരു രോഗിയായിരുന്നുവെന്ന് പറയേണ്ടിയിരിക്കുന്നു. ഒന്നാം കൊല്ലം വയറ്റിലസുഖത്തിന് ഓപ്പറേഷൻ കഴിഞ്ഞെങ്കിലും എന്റെ വയറ്റിലെ അസുഖം ഒരു സന്തതസഹചാരിയായിരുന്നു. ഇടയ്ക്കിടയ്ക്കുണ്ടാകുന്ന ഡിസന്റ്റി, ജന്മസിദ്ധമായ പയൽസിന്റെ ഉപദ്രവം ഇങ്ങനെ പലതും. അന്ന അങ്കമാലി ലിറ്റിൽഫ്ളവർ ആശുപത്രിയുടെ ആരംഭകാലമായിരുന്നു. അവിടത്തെ അന്നത്തെ ഡോ. പോൾ മാമ്പിള്ളി ആയിരുന്നു. മാമ്പിള്ളി സമർത്ഥനായ ഡോക്ടറാണെന്ന് കേട്ട് ഞാനദ്ദേഹത്തെ പോയി കണ്ടു. ദീർഘനാൾ അദ്ദേഹത്തിന്റെ ചികിത്സയിലായിരുന്നു. മാസത്തിലൊരിക്കലെങ്കിലും അദ്ദേഹത്തെ സന്ദർശിക്കണമായിരുന്നു. ഈ സന്ദർശനവേളയിൽ അദ്ദേഹത്തിന്റെ ഭാര്യ ഇത്തമ്മയുമായി പരിചയപ്പെടുന്നതിനിടയായി. പരിചയപ്പെടുക മാത്രമല്ലസ്വന്തമെന്നപോലെ അവരെന്നെ സ്വീകരിച്ച് ഉപകരിച്ചു പോന്നു. അതിനുള്ള കാരണങ്ങൾ രണ്ടായിരുന്നു. ഒന്ന് എന്റെ അനാഥാവസ്ഥയെപ്പറ്റി അവർ മനസ്സിലാക്കി. രണ്ട് യുവത്വം വെടിഞ്ഞ അവർക്ക് മക്കളുണ്ടായിരുന്നില്ല. ചുരുക്കത്തിൽ പ്രാർത്ഥനയിൽ അവരെന്നെ ദത്തെടുക്കുകയും പ്രാർത്ഥനകൊണ്ട് ഞാൻ അതിന്റെ കടം വീട്ടികൊള്ളാമെന്ന് ഉറപ്പുകൊടുക്കുകയും ചെയ്തു. ഡോക്ടറുടെ മരണശേഷം ഇത്തമ്മ രോഗിണിയായി വളരെനാൾ ലിസി ആസ്പത്രിയിലായിരുന്നു. ഞാൻ പല പ്രാവശ്യം അവരെ രോഗശയ്യയിൽ സന്ദർശിച്ചിട്ടുണ്ട്. സെമിനാരി ജീവിതത്തിലെ എന്റെ അസുഖം മൂലം ഞാൻ സെമിനാരി വിടേണ്ടി വരുമോ എന്ന ഭയം എന്നെ വല്ലാതെ അലട്ടിയിരുന്നു. എന്റെ അമ്മയുടെയും എന്നെ ദത്തെടുത്ത അമ്മയുടെയും പ്രാർത്ഥനകൊണ്ടും അന്നത്തെ പ്രൊക്കുറേറ്ററായിരുന്ന ഫാ. വിക്ടറിന്റെ മഹാമനസ്ക്കതകൊണ്ടും ഞാൻ ആ വിഷമ ഘട്ടങ്ങൾ എല്ലാം കടന്നുകൂടിയെന്നു പറയാം. അസുഖം വയറ്റിലായിരുന്നതുകൊണ്ട് സാധാരണ ഭക്ഷണം കഴിക്കുക വിഷമമായിരുന്നു. സെമിനാരി ജീവിതമത്രയും സ്പെഷ്യൽ ഭക്ഷണം കൊണ്ടാണ് ഞാൻ കഴിഞ്ഞുകൂടിയത്. ഇത് ഫാ. വിക്ടറിന്റെ പരിഗണനയില്ലായിരുന്നെങ്കിൽ നടക്കുകയില്ലായിരുന്നു. ഏതായാലും ഒന്നുമൊന്നും സംഭവിക്കാതെ പ്രതീക്ഷയ്ക്കതീതമായി ആ മഹാദിനം സമാഗതമായി.

1947 മാർച്ച് 19-ാം തീയതി, വി. യൗസേപ്പിന്റെ മരണത്തിരുനാൾ ദിവസം. അന്ന് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ദിവസം, എന്റെ ചിരകാലാഭിലാഷവും ത്യാഗങ്ങളും പൂവണിയുന്ന ദിവസം. സാധുവായ എന്റെ അമ്മ ഞാൻ യാത്ര പറഞ്ഞിറങ്ങുന്ന ഓരോ പ്രാവശ്യവും സ്നേഹവൂർവ്വം എന്നെ നോക്കി ദീർഘശ്വാസം വിടുന്നത് എന്റെ ഓർമ്മയിൽ പൊന്തിവരുന്നു. പുത്രവത്സലയായ ആ മാതാവ് ഞാൻ ദൃഷ്ടിയിൽ നിന്നും മറയുന്നതുവരെ നോക്കിനിൽക്കുന്ന കാഴ്ച അപ്പോഴും ഞാൻ കാണുന്നു.

അമ്മ എന്റെ സന്തോഷത്തിൽ പങ്കുപറ്റാൻ ഇവിടെ ഇല്ലല്ലോ എന്ന ഓർമ്മ എന്നെ മ്ലാനവദനനാക്കി എങ്കിലും ഞാൻ കരഞ്ഞില്ല.

വി. യൗസേപ്പിതാവിന്റെ മരണദിവസം 'നീ നിത്യപുരോഹിതനാകുന്നു' എന്ന ഗാനം അവിടെ കൂടിയിരുന്നവരുടെ ചെവികളിൽ മുഴങ്ങി. 'ഇനി ഞാൻ നിന്നെ ദാസനെന്നു വിളിക്കുകയില്ല, സ്നേഹിതനെന്നു വിളിക്കും' എന്നരുളിച്ചെയ്തുകൊണ്ട് ദിവ്യനാഥൻ അവിടുത്തേ സ്നേഹഭോദനമായി എന്നെ തിരഞ്ഞെടുത്തു. ഈ മഹനീയസ്ഥാനത്തിന് എന്നെക്കാൾ യോഗ്യരായി പലരും എന്റെ നാട്ടിലും കുടുംബത്തിലും ഉണ്ടായിരുന്നിട്ട് ലോകത്തിലെ ബലഹീനരെ ദൈവം തിരഞ്ഞെടുത്തു എന്ന തത്വം സാക്ഷാത്കരിക്കുന്നതിനായിട്ടായിരിക്കാം ദൈവം എനിക്ക് ഈ അനുഗ്രഹം പ്രദാനം ചെയ്തത്. കാർമ്മികനായിരുന്ന കണ്ടത്തിൽ മാർ ആഗസ്തീനോസ് പിതാവിലൂടെ ദിവ്യനാഥൻ മൊഴിഞ്ഞു. 'ജീവിച്ചിരുക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി ബലിയർപ്പിക്കുവാൻ വേണ്ട ശക്തി നീ ആർജ്ജിക്കുക' എന്നും 'നീ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെടും; നീ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെടും' എന്നും അഭിഷേക കർമ്മത്തിന്റെ അന്ത്യഘട്ടത്തിൽ അഭിവന്ദ്യ പിതാവ് എന്നോട് ചോദിച്ചു 'Promittisne Ordinario tuo et successoribus ejus reverentiam et obedientiam' താങ്കൾ സ്വന്തം മേല്പട്ടക്കാരനെയും അദ്ദേഹത്തിന്റെ പിൻഗാമികളെയും ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്തുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നുവോ? 'Promitto' ഞാൻ വാഗ്ദാനം ചെയ്യുന്നു എന്ന മറുപടിയും. ഈ വാഗ്ദാനം യഥാശക്തി പാലിക്കപ്പെട്ടിട്ടുണ്ടെന്ന് ജീവിതം സായാഹ്നത്തിലെത്തിയിരിക്കുന്ന എനിക്ക് തീർത്തും പറയാൻ സാധിക്കും. എന്നാൽ ഇതിനൊരു ചെറിയ അവപവാദമുണ്ട്. അതിവിടെ ഞാൻ ഏറ്റുപറയുകയാണ്. സീറോ മലബാർ ലിറ്റർജി പരിഷ്കരണം നടന്ന കാലസന്ധിയിൽ നടപ്പിലാക്കിയ കുർബാനയെ സംബന്ധിച്ച് മെത്രാൻമാരുടെയും വൈദികരുടെയും അത്മായരുടെയും ഇടയിൽ അഭിപ്രായ ഭിന്നതകൾ ഉണ്ടായി. ചിലർ പരിഷ്കരിച്ച കുർബാന ബഹിഷ്കരിക്കും എന്നുവരെ റോമിലേക്ക് ഹർജികളയച്ചു. ലിറ്റർജി പരിഷ്കരണമായിരുന്നില്ല പുനരുത്ഥാരണം മാത്രമായിരുന്നു. അതിനുവേണ്ടി അരയും തലയും മുറുക്കി ചില മെത്രാന്മാർ രംഗപ്രവേശം ചെയ്തു. അവർ സ്വീകരിച്ച വളഞ്ഞ വഴികൾ ഏറെക്കുറെ വിജയിക്കുകയും ചെയ്തു. ഇതിൽ അസംതൃപ്തരായ ബഹുഭൂരിപക്ഷം മെത്രാന്മാരും വൈദികരും സ്വരമുയർത്തിയതിന്റെ ഫലമായി പരീക്ഷണത്തിനായി അനുവദിച്ചിരുന്ന അഞ്ചു കൊല്ലത്തേയ്ക്ക് മാർപ്പാപ്പ ചില ആനുകൂല്യങ്ങൾ അനുവദിച്ചു. അങ്ങനെ പുതിയ കുർബാനയെ എതിർത്തവരെ തെല്ലൊന്ന് സാന്ത്വനപ്പെടുത്തുന്നതിന് സാധിച്ചു. ബഹുപൂരിപക്ഷം മെത്രാന്മാരും വൈദികരും പ്രസ്തുത ആനുകൂല്യങ്ങൾ അനുസരിച്ച് ദിവ്യബലി അർപ്പിച്ചുപോന്നു. ഞാനും ആ ഗണത്തിൽപ്പെടുന്നുവെന്ന്

പ്രത്യേകം പറയേണ്ടല്ലോ. എന്നാൽ കൽദായവാദികളായ മെത്രാന്മാർ തങ്ങളുടെ രൂപതകളിൽ പ്രസ്തുത ആനുകൂല്യങ്ങൾ ഉപയോഗിച്ചുകൂടാ, തങ്ങൾ തരുന്ന നിർദ്ദേശങ്ങൾ അനുസരിച്ചുതന്നെ ദിവ്യബലി അർപ്പിക്കണമെന്ന് കല്പന ഇറക്കി. കോതമംഗലം രൂപതയിലും ഇതേ കല്പനതന്നെ ഉണ്ടായി. ഈ കല്പനയെ ഞാൻ അവഗണിച്ച് മാർപ്പാപ്പ അനുവദിച്ച ആനുകൂല്യങ്ങൾ ഉപയോഗിച്ചു. കൊണ്ടുതന്നെ ദിവ്യബലി അർപ്പിച്ചു പോരുന്നു. ഇതാണ് ഞാൻ മെത്രാനെ അനുസരിക്കാത്ത ആദ്യത്തേയും പക്ഷേ അവസാനത്തേതുമായ ഒരു സംഭവം. ഇക്കാര്യത്തിൽ ഞാൻ മെത്രാനെ ധിക്കരിക്കുന്നുവെന്നോ അനുസരിക്കുന്നില്ല എന്നോ എനിക്ക് മനഃസാക്ഷിയിൽ യാതൊരു കുത്തുമില്ല. ഞാൻ മാർപ്പാപ്പയെ അനുസരിക്കുന്നുവെന്ന ബോധ്യവും അതോടൊപ്പം മെത്രാനെ ഇക്കാര്യത്തിൽ അനുസരിക്കാൻ എനിക്കു കടമയില്ലെന്ന എന്റെ മനഃസാക്ഷിയുടെ സ്വരവുമാണ് ഇതിന് എന്നെ പ്രേരിപ്പിക്കുന്നത്. ഓരോ വൈദികനും തനിക്കു തോന്നിയതുപോലെയും ഓരോ രൂപതയിലും വ്യത്യസ്തമായ രീതിയിലും ദിവ്യബലി അർപ്പിക്കപ്പെടുന്നുവെന്ന ഒരു സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഇതു മലബാർ സഭയ്ക്കു ഭൂഷണമല്ല. എന്നു മാത്രമല്ല സഭയുടെ ഐക്യവും കെട്ടുറപ്പും നഷ്ടമാകുന്നതിന് വഴിതെളിക്കുകയും ചെയ്യും.

പുരോഹിതാഭിഷേകകർമ്മത്തെ പ്രത്യവലോകനം ചെയ്യുമ്പോൾ അതിന്റെ മനോഹാരിതയും പരിപാവനതയും ഗാംഭീര്യവും ഒരിക്കലും മറക്കാനാവില്ല. അതിലെ അർത്ഥഗർഭമായ ഓരോ വാക്കും പരിശുദ്ധമായ പൗരോഹിത്യത്തിന്റെ കർത്തവ്യങ്ങൾ വിശ്വസ്തതാപൂർവ്വം നിർവ്വഹിക്കുവാൻ പ്രേരണ നല്കുന്നതാണ്. മലബാർ സഭയിൽ പട്ടം കൊടുക്കുന്ന അന്നത്തെ രീതിയും ഇന്നത്തെ രീതിയും തമ്മിൽ അജഗജാന്തരമുണ്ട്. ഫലത്തിൽ ഒന്നാണെങ്കിലും കാണികളിൽ ജനിപ്പിക്കുന്ന പ്രതീതി വ്യത്യസ്തമാണ്. മെത്രാന്റെ കൈവയ്പുമൂലം ക്രിസ്തുവിൽ നിന്ന് എനിക്ക് ലഭിച്ച പൗരോഹിത്യവരമുപരോഗിച്ച് മാർച്ച് 20-ാം തീയതി ആദ്യമായി ഞാൻ ദിവ്യബലി അർപ്പിച്ചു. എന്റെ പൗരോഹിത്യ ജീവിതത്തിലെ ആദ്യത്തെ അത്ഭുതം അന്നു നടന്നു. വെറും ഗോതമ്പപ്പം കയ്യിലെടുത്ത് 'ഇതെന്റെ ശരീരമാകുന്നു' എന്നും വീഞ്ഞെടുത്ത് 'ഇതെന്റെ രക്തമാകുന്നു' എന്നും അരോഗ്യനായ ഞാൻ ഉരുവിട്ടപ്പോൾ എന്റെ കയ്യിലിരുന്ന അപ്പം ക്രിസ്തുവിന്റെ ശരീരമായും വീഞ്ഞ് രക്തമായും രൂപം കൊണ്ടു. അപ്പോൾ എന്റെ ഹൃദയത്തിലൂടെ കടന്നുപോയ ചിന്താശകലങ്ങൾ വാക്കുകളിൽ പകർത്തുക ബുദ്ധിമുട്ടാണ്. ഞാൻ കൊച്ചു കുട്ടിയായിരുന്നപ്പോൾ കുർബാനകുപ്പായത്തിന്റെ സ്ഥാനത്ത് ഒരു തോർത്തെടുത്ത് ഒരറ്റം കഴുത്തിനുചുറ്റിക്കെട്ടി മറ്റേ അറ്റം മുമ്പോട്ടു തൂക്കിയിട്ട് കുർബാന ചൊല്ലി കളിച്ചിട്ടുണ്ട്. അന്നത്തെ കളി ഇന്നു കാര്യമായി. ദൈവത്തിന് എങ്ങനെ കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുമെന്ന് എനിക്കറിഞ്ഞുകൂടാ.

ദൈവപരിപാലനയുടെ മുമ്പിൽ തലകുനിക്കുക മാത്രമേ കരണീയമായി ട്ടുള്ളൂ.

എന്നോട് ഒരുമിച്ച് പൗരോഹിത്യം സ്വീകരിച്ച മവബാർ സഭ യിൽപ്പെട്ട സഹപാഠികളെ ഇത്തരുണത്തിൽ കാര്യം മാത്രം എടുത്തു പറ യുന്നതിന്റെ കാരണം കുറ്റബോധത്തോടെ ഞാൻ ഏറ്റു പറയുകയാണ്. എല്ലാവരോയും ഞാനിപ്പോൾ ഓർക്കുന്നില്ല. അവരാരെയും തന്നെ പിന്നീടു കണ്ടിട്ടുമില്ല. അതാണോർക്കാത്തത്. കേരളത്തിലെ മിക്ക ലത്തീൻ രൂപതകളിൽ നിന്നും കേരളത്തിനു പുറത്തുള്ള മിഷൻ രൂപതകളിൽ നിന്നു മായി ഞങ്ങൾ 28 പേരാണുണ്ടായിരുന്നതെന്നാണ് എന്റെ ഓർമ്മ. അവ രിൽ ചിലർ മരിച്ചുപോയതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. എറണാ കുളം അതിരൂപതയിൽ നിന്ന് ജയിംസ് പാരത്തലയ്ക്കൽ, ജോർജ്ജ് അറു കാലിൽ, ചിറമേൽ വറുഗീസ്, മുളവരിക്കൽ ജോസഫ്, വടക്കുംചേരി ലൂയിസ്, സെബാസ്റ്റ്യൻ കിരിയാന്തൽ, പിന്നെ ഞാനും. ചങ്ങനാശ്ശേരി യിൽ നിന്ന് മാത്യു നടയ്ക്കൽ, പാലായിൽ നിന്ന് ജേക്കബ് മൂന്നുപീടിക, മാത്യു കണിപ്പിള്ളി ദിവ്യകാരുണ്യ സഭാംഗമായിരുന്നു. പാറത്തലയ്ക്കൽ ജയിംസച്ചൻ അകാല ചരമം പ്രാപിച്ചു. ഞങ്ങൾ പൗരോഹിത്യം സ്വീക രിച്ചതിനുശേഷം പല പ്രാവശ്യവും പഴയ സുഹൃത്ബന്ധം പുതുക്കുന്ന തിന് ആണ്ടുതോറുമല്ലെങ്കിലും രണ്ടും മൂന്നും കൊല്ലം കൂടുമ്പോൾ ഒരു മിച്ചുകൂടാറുണ്ട്. സൗകര്യത്തെ ഓർത്ത് മിക്കവാറും എന്റെ അടുത്താണ് കൂടിയിരുന്നത്. അങ്ങനെ സമ്മേളിക്കുന്ന അവസരങ്ങളിൽ ഞങ്ങൾക്ക് കൂടുതൽ ഉണർവ്വും ഉന്മേഷവും കിട്ടിയിരുന്നു. പഴയ ഓർമ്മകൾ അയവി റക്കുകയും പുതിയ അനുഭവങ്ങൾ പങ്കു വയ്ക്കുകയും ചെയ്യുന്നത് ഉപ കാര പ്രദമായിരുന്നു.

ഈ അദ്ധ്യായം അവസാനിപ്പിക്കുന്നതിനു മുമ്പ് എന്റെ ആദ്ധ്യാ ത്മിക പിതാവിനെപ്പറ്റി ഒരു വാക്കു പറഞ്ഞില്ലെങ്കിൽ അത് ഒരു വലിയ കർത്തവ്യവിലോപമായിരിക്കും. സെമിനാരിയിൽ എല്ലാവർക്കും ഒരു കുമ്പ സാരക്കാരനും ഒരു ആദ്ധ്യാത്മിക പിതാവും ഉണ്ടായിരിക്കണമെന്ന് നിർബ ന്ധമായിരുന്നു. ഒന്നുകിൽ രണ്ടുംകൂടി ഒരാളാകാം, അല്ലെങ്കിൽ വേറെ വേറെ ആളേയും തിരഞ്ഞെടുക്കാം. ഞാൻ എന്റെ കുമ്പസാരക്കാരനും ആദ്ധ്യാത്മിക പിതാവുമായി സ്വീകരിച്ചത് ബ. ജോൺ കുന്നപ്പിള്ളി അച്ച നെയായിരുന്നു; അദ്ദേഹത്തിന്റെ ഉപദേശങ്ങളും നിർദ്ദേശങ്ങളും എന്റെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് നല്ല പങ്കു വഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഉപ ദേശത്തെക്കാൾ എന്നെ കൂടുതൽ ആകർഷിച്ചത് അദ്ദേഹത്തിന്റെ മാതൃകാ പരമായ ജീവിതമായിരുന്നു. വാർദ്ധ്യത്തിൽപ്പോലും അദ്ദേഹം ഒരു മൈനർ സെമിനാരിയിലെ ആദ്ധ്യാത്മിക ഗുരുവായിരുന്നെന്ന് പറയുമ്പോൾ അദ്ദേ ഹത്തിന്റെ ആദ്ധ്യാത്മികതയുടെ ആഴം ഏറെക്കുറെ മനസ്സിലാക്കാൻ സാധിക്കുമല്ലോ. അദ്ദേഹത്തോടുള്ള എന്റെ അഗാധമായ നന്ദി ഇവിടെ

ഞാൻ രേഖപ്പെടുത്തട്ടെ. അതോടൊപ്പം സ്വന്തം ഭാഗം ഭംഗിയായി അഭിനയിച്ച് ജീവിതമാകുന്ന നാടകവേദിയിൽ നിന്ന് അന്തർദ്ധാനം ചെയ്ത എന്റെ എല്ലാ ഗുരുഭൂതന്മാരെയും ഞാനിത്തരുണത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

ഏഴു കൊല്ലക്കാലം എനിക്കഭയം നൽകിയ കലാലയ മാതാവിനോടും അവിടത്തെ ഗുരുഭൂതന്മാരോടും മറ്റെല്ലാ അന്തേവാസികളോടും യാത്രപറഞ്ഞ് 1947 മാർച്ച് 20-ാം തീയതി ഞാൻ സെമിനാരിവിട്ടു. സെമിനാരി വിടുന്നതിനുമുമ്പ് അതിന്റെ തലേദിവസം നടന്ന ഒരു സംഭവം ഇപ്പോൾ എന്റെ ഓർമ്മയിൽ വരുന്നു. അത് ഇവിടെ രേഖപ്പെടുത്തികൊള്ളട്ടെ. പട്ടം കൊടുക്കുന്ന ദിവസമായിരിക്കയില്ല നവപൂജാർപ്പണം. തന്മൂലം പട്ടത്തിനു വരുന്ന വീട്ടുകാരും ബന്ധുമിത്രാദികളും നവപൂജാർപ്പണദിവസംവരെ സെമിനാരിയുടെ അടുത്തെവിടെയെങ്കിലും താമസിക്കയാണു പതിവ്. പാറത്തലയും, അറുകാലിയും ഞാനും കൂടി ഞങ്ങളുടെ ആളുകളുടെ താമസത്തിന് സെമിനാരിയിൽ നിന്നും അധികം അകലെയല്ലാതെ ഒരു വലിയ വീടു വാടകയ്ക്കെടുത്തിരുന്നു. വരുന്നതുമുതൽ പോകുന്നതുവരെയുള്ള ഭക്ഷണവും അവിടെത്തന്നെ പാകപ്പെടുത്തുകയായിരുന്നു.. മൂന്നു കൂട്ടരും ഏകോദരസഹോദരങ്ങളെപ്പോലെ രണ്ടു ദിവസം അവിടെ കഴിഞ്ഞുകൂടി. പുത്തൻകുർബാന ചൊല്ലുന്ന കൊച്ചച്ചൻമാർക്ക് ഏറ്റവും അടുത്ത ബന്ധുക്കൾ സമ്മാനം കൊടുക്കുന്ന പതിവുണ്ടായിരുന്നു. ചിലർ കഴുത്തിലിടുന്ന ചെയിൻ, ചിലർ മോതിരം, ചിലർ കാസാ പീലാസാ, ചിലർ തിരുവസ്ത്രങ്ങൾ, മറ്റുചിലർ പണം ഇങ്ങനെ പലതും. എന്റെ ചിറ്റപ്പൻ രണ്ടുപവന്റെ ഒരു ചെയിനാണ് എനിക്കായി കൊണ്ടുവന്നിരുന്നത്. പുത്തൻകുർബാന കഴിയുമ്പോൾത്തന്നെ എന്നെ ധരിപ്പിക്കാനായിരുന്നു പ്ലാൻ. കഷ്ടമെന്നു പറയട്ടെ അന്നു രാവിലെ ഉണർന്ന് സാധനം നോക്കിയപ്പോൾ കാണാനില്ല. ആരോടു ചോദിക്കാൻ, എവിടെ അന്വേഷിക്കാൻ അങ്ങനെ ചിറ്റപ്പനു പറ്റിയ അമളി ആരോടും പറഞ്ഞില്ല. വീട്ടിലുള്ളവർ ധരിച്ചു അതെനിക്കുതന്നായിരിക്കുമെന്ന്. എല്ലാം കഴിഞ്ഞ് ഞങ്ങൾ വീട്ടിലെത്തിയപ്പോഴാണ് വിവരം ഞങ്ങളോടു പറയുക. അപ്പോൾ വി. പത്രോസിന്റെ വാക്കുകൾ ഞാനോർത്തു. 'സ്വർണ്ണവും വെള്ളിയും എനിക്കില്ല നിനക്കു തരുവാൻ' ചിറ്റപ്പൻ വിട്ടില്ല. എട്ടു ദിവസത്തിനകം മറ്റൊരു മാല, അതും സൂക്ഷിച്ചു വച്ചിരുന്ന എന്റെ അമ്മയുടെ മേയ്ക്കാമോതിരം കൊണ്ടുണ്ടാക്കിയ മാല എന്നെ ധരിപ്പിച്ചു. അമ്മയുടെ ഓർമ്മയ്ക്കായി ഞാനത് 1988 ഫെബ്രുവരിവരെ ധരിച്ചു പോന്നു. ഫെബ്രുവരിയിൽ മാരകമായ ഒരു രോഗം എന്നെ പിടികൂടിയപ്പോൾ അതു മാറ്റുകയും ചിറ്റപ്പന്റെ മകന്റെ മകൻ ബേബിക്കു കൊടുക്കുകയും ചെയ്തു. അന്നു മുതൽ 100 രുദ്രാക്ഷം കൊണ്ടുണ്ടാക്കിയ ഒരു കൊന്തയാണ് (Jesus prayer) ഞാൻ ധരിച്ചു പോരുന്നത്. ഈ കൊന്തയാകട്ടെ ഞാൻ ആസ്പത്രിയിൽ കിടക്കുമ്പോൾ എന്നെ പരിചരിക്കുന്ന എന്റെ സഹോദരിമാരിലൊരാൾ

(Sr. Aquina) കെട്ടിത്തന്നതാമുതാനും.

## പ്രേഷിതരംഗപ്രവേശനം

എന്റെ ജീവിതനൗക വൈദിക വിദ്യാർത്ഥിമണ്ഡലമാകുന്ന തുറമുഖം വിട്ട് പ്രേഷിതരംഗമാകുന്ന ജീവിതത്തിന്റെ നടുക്കടലിലേക്കു കടന്നു. നവപൂജാർപ്പണം കഴിഞ്ഞ് ഒരാഴ്ച കഴിഞ്ഞപ്പോൾ അരമനയിൽ നിന്നും എനിക്കൊരെഴുത്ത്, ഉടൻ തന്നെ എന്നോട് ചെന്ന് പിതാവിനെ കാണണമെന്നു കാണിച്ച്. പിറ്റെ ദിവസം തന്നെ ഞാൻ പിതാവിനെ പോയി കണ്ടു. പിതാവു പറഞ്ഞു. "എടക്കുന്നിൽ പിണക്കാട്ടച്ചൻ തുടങ്ങുന്ന സ്ഥാപനങ്ങളുടെ പണി നടക്കുകയാണ്. അവിടത്തെ വികാരിയച്ചനാണ് അതെല്ലാം അന്വേശിക്കുന്നത്. അദ്ദേഹത്തിന് ഇടവകയും പണികളും നടത്തിക്കൊണ്ടു പോകുക ബുദ്ധിമുട്ടാണ്. അതുകൊണ്ട് താൻ ഈ ആഴ്ചയിൽത്തന്നെ അവിടെ ചെന്ന് അച്ചനെ ഇടവകജോലികളിലും മരാമത്തു പണികളിലും സഹായിച്ചു കൊടുക്കണം." സാധരണ അച്ചന്മാരെ ജോലി ഏല്പിക്കുമ്പോൾ കല്പന (പത്തോന്തി) എഴുതിക്കൊടുക്കാറുണ്ട്. എനിക്കതുപോലും തന്നില്ല. പിതാവിന്റെ വാക്കുകൾ മാത്രം. ഞാൻ പിതാവിന്റെ അടുക്കൽ നിന്നും സെക്രട്ടറി പുതുശ്ശേരി വറുഗീസച്ചന്റെ മുറിയിലേക്കാണു പോയത്. പിതാവു പറഞ്ഞ കാര്യം ഞാനദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം പറയുകയാണ് "എല്ലാക്കാര്യവും പിതാവ് എന്നോടു പറയുന്നതാണ്. എന്നാൽ ഇക്കാര്യം മാത്രം എന്നോടു മിണ്ടിയില്ല. താൻ പോയി പിണക്കാട്ടച്ചനെ കാണ്. എന്തൊക്കെ ചെയ്യണമെന്ന് അദ്ദേഹം പറഞ്ഞു തരും." ഞാനുടനെ പിണക്കാട്ടച്ചന്റെ മുറിയിൽച്ചെന്ന് അദ്ദേഹത്തോടും പിതാവും സെക്രട്ടറിയും പറഞ്ഞ കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം പല കാര്യങ്ങളും അപ്പോൾ എന്നോടു പറഞ്ഞു. അതിലെ പ്രസക്തഭാഗങ്ങൾ മാത്രം ഇവിടെ കുറിക്കുന്നു. അദ്ദേഹം തുടങ്ങുന്ന സഭയേയും അതിന്റെ പ്രവർത്തനങ്ങളേയും പറ്റി വിശദീകരിച്ചശേഷം പറഞ്ഞു. "എടക്കുന്ന് ഒരു ചെറിയ ഇടവകയാണ്. അവിടെ ഒരു അസ്തേന്തിയുടെ ആവശ്യമൊന്നുമില്ല. അച്ചനെ അങ്ങോട്ടു വിടുന്നതിന്റെ ലക്ഷ്യം പ്രധാനമായും കെട്ടിടത്തിന്റെ പണികളിൽ വികാരിയച്ചനെ സഹായിക്കാനാണ്. നിങ്ങൾ രണ്ടു പേരുംകൂടി ഇടവകജോലിയും പണിക്കാര്യങ്ങളും നോക്കണം. കെട്ടിടണം പണി തീർന്നിട്ടുവേണം പുതിയ സഭയിലേക്ക് അംഗങ്ങളെ സ്വീകരിക്കുവാൻ. മദ്ധ്യാഹ്ന ഭക്ഷണത്തിനു സമയമായി. അച്ചന്മാരെല്ലാം ഊണുമുറിയിലേക്കു പോയി. ഞാനും. ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ പുതുശ്ശേരി വറുഗീസച്ചൻ എന്നേയും പിണക്കാട്ടച്ചനേയും കളിയാക്കുന്ന രൂപത്തിൽ എന്നാൽ കാര്യമായി പറഞ്ഞു. "ഓ പിണക്കാട്ടച്ചന് സമാധാനമായിക്കാണുമല്ലോ. ഒരസിസ്റ്റന്റിനെ കിട്ടിയില്ലേ." അപ്പോൾ എനിക്കു മനസ്സിലായി എടക്കുന്നിലേക്കുള്ള എന്റെ നിയമനക്കാര്യത്തിന്റെ സൂത്രധാരകൻ പിണക്കാട്ടച്ചനാണെന്ന്.

നീണ്ട ഒമ്പതുകൊല്ലത്തെ വൈദിക പരിശീലനത്തിനുശേഷം 1947 –ൽ എടക്കുന്ന് അസിസ്റ്റന്റായി അജപാലന കൃത്യത്തിൽ പ്രവേശിച്ചപ്പോൾ അനുഭവങ്ങളുടെ ഒരു നൂതനലോകത്തിലേക്കു ഞാൻ കടന്നതുപോലെ എനിക്കു തോന്നി. അതീതകാലങ്ങളിൽ ദൈവം നല്കിയ സംരക്ഷണത്തെ അനുസ്മരിച്ചുകൊണ്ട് ആ പരിപാലന തുടരുന്നതിനും അങ്ങനെ ദൈവത്തോടും രാജ്യത്തോടുമുള്ള എന്റെ കടമ വിശ്വസ്തതാപൂർവ്വം നിറവേറ്റുന്നതിനും വേണ്ട അനുഗ്രഹത്തിനായി ആദ്യമായി എടക്കുന്നു പള്ളിയിൽ പ്രവേശിച്ചപ്പോൾ അവിടെ എന്നെ സ്വീകരിക്കുവാൻ കാത്തിരുന്ന എന്റെ ദിവ്യഗുരുവിനോടു ഹൃദയം തുറന്നു പ്രാർത്ഥിച്ചു. എന്നിട്ടാണു ഞാൻ വികാരിയച്ചന്റെ മുറിയിലേക്ക് കടന്നു ചെന്നത്. കൂട്ടത്തിൽ ചിറ്റപ്പനുമുണ്ടായിരുന്നു. സാധനങ്ങളായി അത്യാവശ്യം വേണ്ട പുസ്തകങ്ങളും ഉടുപ്പുകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഞാൻ ചുറ്റും ഒന്നു നോക്കി ഒരു മുറി മാത്രം. തല്കാലം സാധനങ്ങൾ അവിടെ വച്ചു. ആ മുറി വികാരിയച്ചന്റെ കിടപ്പു മുറിയും ഓഫീസും സ്വീകരണമുറിയും എല്ലാം കൂടിയതായിരുന്നു. വികാരിയച്ചൻ ഒരു സഹോദരനെപ്പോലെ – ഒരപ്പനെപ്പോലെ എന്നു പറയുന്നതാണ് കുറച്ചുകൂടി ശരി ഞങ്ങളെ സ്വീകരിച്ചു. കുശലപ്രശ്നങ്ങൾക്കു ശേഷം നമുക്കൂണു കഴിക്കാം മണി പന്ത്രണ്ടു കഴിഞ്ഞല്ലോ എന്നു പറഞ്ഞു ഊണുമുറിയിലേയ്ക്കു ഞങ്ങളെ ആനയിച്ചു. ഊണുമുറിയാണെങ്കിൽ വളരെ വിചിത്രം. മുറിയുടെ വരാന്ത ഒരു പനമ്പുതട്ടിക കാറ്റടി കൊള്ളാതെ ഒരു വശത്ത് തൂക്കി ഇട്ടിരിക്കുന്നു. ഉണുമുറിയിൽ നിന്ന് സങ്കീർത്തിയിലേക്കു കടക്കാം. സങ്കീർത്തിയുടെ ഒരു വശത്ത് പനമ്പുതട്ടികകൊണ്ട് മരച്ച ഒരു മുറിയാണ് എനിക്കായി ഒരുക്കിയിരുക്കുന്നത്. തുടക്കം തന്നെ തികഞ്ഞ ഒരു മിഷണറിയായിട്ടാണല്ലോ എന്നു ഞാൻ മനസ്സിൽ ഓർത്തു. എനിക്കാദ്യമായി ലഭിച്ച സ്ഥലത്തിന്റെ ശോച്യാവസ്ഥയെ ഓർത്ത് ചിറ്റപ്പൻ ദുഃഖിച്ചിട്ടുണ്ടാകും. ഊണെല്ലാം കഴിഞ്ഞ് ചിറ്റപ്പൻ യാത്രപറഞ്ഞ് പിരിഞ്ഞു. ഞാനെന്റെ പുസ്തകങ്ങളും ഇതര സാധനങ്ങളും എനിക്കായി നിർദ്ദേശിച്ചിരുന്ന മുറിയിൽ ഒതുക്കി വച്ചു. അതുകഴിഞ്ഞ് പള്ളിപ്പരിസരങ്ങളും അടുക്കളയും മറ്റും ചുറ്റിനടന്ന് കണ്ടു. ഇന്നത്തെപ്പോലെ ബാത്ത് അറ്റാച്ചഡ് മുറികളോ പൈപ്പ് വാട്ടറോ കറന്റോ ഒന്നുമുണ്ടായിരുന്നില്ല. നാലു മണിക്ക് അല്പം ലഘുഭക്ഷണം കഴിഞ്ഞ് അച്ചൻ പറഞ്ഞു നമുക്കു പണിസ്ഥലത്തേക്കു പോകാം. ഏതാണ്ട് ഒരു കിലോ മീറ്റർ ദൂരം വരും. പോകുന്ന വഴി ഞാൻ ചെയ്യേണ്ട കാര്യങ്ങൾ ഓരോന്നായി അച്ചൻ വിശദീകരിച്ചു. എനിക്കേറ്റം ആശ്വാസം നല്കിയ കാര്യം ഞങ്ങളുടെ താമസം പള്ളിയിലല്ല, പണി സ്ഥലത്തുള്ള അരമന ബേ്ഗ്ലാവിലാണെന്നതായിരുന്നു. ആശ്വാസത്തിനു കാരണമുണ്ട്. ഞാൻ അന്ന് ഒരു മഹാ പേടിത്തൊണ്ടനായിരുന്നു. സങ്കീർത്തിയുടെ ജനൽ തുറന്നാൽ ആദ്യം കാണുന്നത് സെമിത്തേരി ആയിരുന്നു. ആ സങ്കീർത്തിയിൽ രാത്രി എങ്ങനെ കഴിച്ചുകൂട്ടുമെന്ന ചിന്ത ആ മുറി കണ്ടതു മുതൽ എന്നെ അലട്ടിക്കൊണ്ടിരിക്കുകയായിരുന്നു. അരമനപ്പറമ്പിൽ – ഈ പേരി

ലാണ് അത് അറിയപ്പെട്ടിരുന്നത് – കടന്ന ഉടനെ തന്നെ നേരെ ബംഗ്ലാവിലേക്കു കടന്നു. ‘ഈ മുറിയാണ് അച്ചനുള്ളത്.’ അതു കണ്ടപ്പോഴേ എനിക്കു സമാധാനവും സന്തോഷവും ആയി.

ഏതാണ്ട് ഒരു കൊല്ലത്തോളമായി വികാരിയച്ചന്റെ ശ്രദ്ധ കൂടുതലായി മരാമത്തു പണികളിലായിരുന്നതുകൊണ്ട് ഇടവകക്കാര്യങ്ങളിൽ വീഴ്ച വരുത്തിയിരുന്നെങ്കിലും പൊതുവെ ആദ്ധ്യാത്മീകകാര്യങ്ങൾ ഒരു തണുപ്പൻ മട്ടിലാണ് പൊയ്ക്കൊണ്ടിരുന്നത്. കുട്ടികളുടെ വേദപാഠം, കൂദാശാസ്വീകരണങ്ങൾ, കുടുംബസന്ദർശനം, ഭക്തസംഘടനകൾ എന്നിവയിലാണ് എന്റെ ശ്രദ്ധ കൂടുതലായി പതിഞ്ഞത്. ഇടവക ചെറുതായിരുന്നെങ്കിലും ആവശ്യം വേണ്ട ഇക്കാര്യങ്ങൾ എല്ലാം ക്രമപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഞാനാവിഷ്കരിച്ച് നടപ്പിലാക്കാൻ തുടങ്ങി. ഇടവകഭരണം സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം വികാരിയച്ചൻ എനിക്കാരംഭത്തിലേ തന്നെ തന്നിരുന്നതുകൊണ്ട് എന്റെ ആശയങ്ങൾ നടപ്പിലാക്കുന്നതിന് ആരും ഒരു വിഘാതമായിരുന്നില്ല.

ഉച്ചവരെ ഭവനസന്ദർശനം, വീടുവെഞ്ചരിപ്പ്, രോഗീസന്ദർശനം തുടങ്ങിയ ഇടവക കാര്യങ്ങളിൽ വ്യാപൃതനായശേഷം ഉച്ചഭക്ഷണത്തിനു സമയമാകുമ്പോഴേയ്ക്കും ഞാൻ അരമനപ്പറമ്പിലുള്ള ബംഗ്ലാവിലെത്തും. അവിടെയാണ് ഞങ്ങളുടെ ഊണും ഉറക്കവുമെല്ലാം. ഉച്ച ഉണുകഴിഞ്ഞ് അല്പം വിശ്രമിച്ചിട്ട് ഞാൻ പറമ്പിലേക്കിറങ്ങും. ഏതാണ്ട് 60–ൽ പരം ഏക്കറുള്ള ആ പുരയിടം കാടു തെളിച്ച് കൃഷിചെയ്തു തുടങ്ങിയിരുന്നു. റബറിന് കുഴി എടുപ്പിക്കൽ, റബർനടീക്കൽ, അതിനു വളംവയ്ക്കൽ തുടങ്ങിയ എല്ലാകാര്യങ്ങൾക്കും നേതൃത്വം നല്കിയിരുന്ന വികാരിയച്ചനെ സഹായിക്കലാണ് പിന്നത്തെ എന്റെ ചുമതല. അതോടൊപ്പം അവിടെ തുടങ്ങാനുദ്ദേശിക്കുന്ന സ്ഥാപനങ്ങൾക്കു വേണ്ടിയും അവയുടെ മേൽനോട്ടം വഹിക്കാനുള്ള സന്യാസസമൂഹത്തിനുവേണ്ടിയും നടക്കുന്ന കെട്ടിട നിർമ്മാണങ്ങളിൽ വികാരി അച്ചനെ സഹായിക്കുന്നതും എന്റെ കർത്തവ്യങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നായിരുന്നു. ഇത്തരുണത്തിൽ അവിടത്തെ സ്ഥാപനങ്ങളെപ്പറ്റിയും സന്യാസ സമൂഹത്തെപ്പറ്റിയും ഒന്നും പറയാതെ പോയാൽ അതൊരു കൃത്യവിലോപമാകുമെന്ന് എനിക്ക് തോന്നുന്നു.

എടക്കുന്നിലെ നസ്രത്തു സഭ

1945 ഡിസംബർ 8–ാം തീയതി ഭാഗ്യസ്മരണാർഹനായ കണ്ടത്തിൽമാർ ആഗസ്തീനോസ് മെത്രാപ്പോലീത്ത എടക്കുന്നിൽ ഒരു സന്യാസസഭ തുടങ്ങുന്നതിനുള്ള അനുവാദവും കല്പനയും അന്നത്തെ അതിരൂപതാ പൊക്കുറേറ്ററായിരുന്ന പെ. ബ. ജോൺ പിണക്കാട്ടച്ചനു നല്കി.

പ്രസ്തുത കല്പനയിൽ എടുത്തു പറയാനുണ്ട്. "കന്യകാലയത്തിൽ പ്രവേശിച്ച് സന്യാസജീവിതം നയിക്കുവാൻ ആവശ്യമായ സാമാന്യ വിദ്യാഭ്യാസം സമ്പാദിച്ചതിനുശേഷം അതിനുവേണ്ട ധനസ്ഥിതിയില്ലാതെ ക്ലേശിക്കുന്ന യുവതികൾക്ക് തൊഴിൽ പരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് സന്യാസജീവിതം നയിക്കുവാൻ സൗകര്യം കൊടുക്കുന്നതിനായി ഒരു സ്ഥാപനവും അതിനോടനുബന്ധിച്ച് ഒരു അബലാസങ്കേതവും എക്കുന്നിലുള്ള അതിരൂപതവക പാദുവാ എസ്റ്റേറ്റിൽ ആരംഭിക്കുന്നതിന് അനുവദിക്കുന്നു."

ആദ്യം സന്യാസസഭ ആരംഭിക്കുന്നതിന് അഭിവന്ദ്യ പിതാവ് എതിരായിരുന്നു. തുടങ്ങുന്ന അഭയ സങ്കേതവും ബാലഭവനവും മറ്റു സ്ഥാപനങ്ങളും നടത്തുന്നതിന് നിലവിലുള്ള ഏതെങ്കിലും സന്യാസസഭക്കാരെ ഏല്പിക്കാമെന്നായിരുന്നു പിതാവിന്റെ അഭിപ്രായം. എന്നാൽ വിവിധ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന സഭക്കാരെ ഏല്പിച്ചാൽ കുടുംബസമുദ്ധരണം മുഖ്യലക്ഷ്യമായി കരുതി തുടങ്ങുന്ന സ്ഥാപനങ്ങളുടെ നടത്തിപ്പ് ശരിയാവുകയില്ലെന്നായിരുന്നു പിണക്കാട്ടച്ചന്റെ അഭിപ്രായം. മോൺ. വറുഗീസ് പുതുശ്ശേരിയെ കൂട്ടുപിടിച്ചുകൊണ്ടുള്ള ബ. പിണക്കാട്ടച്ചന്റെ സമ്മർദ്ദത്തിന് അവസാനം വന്ദ്യപിതാവ് വഴങ്ങിയാണ് മുൻ അനുവാദം കൊടുത്തത്. സഭ തുടങ്ങുന്നതിന് അനുവാദം മാത്രമല്ല, പത്രമേനികൊടുക്കാൻ നിവൃത്തിയില്ലാത്തവരെ ഉദ്ദേശിച്ച് എടക്കുന്നിൽ ഉണ്ടായിരുന്ന 60 ഏക്കറോളം സ്ഥലവും ദാനമായി പിതാവ് വിട്ടുകൊടുത്തു. അങ്ങനെ ആരംഭിക്കുവാൻ പോകുന്ന സ്ഥാപനങ്ങളുടേയും സന്യാസഭവനത്തിന്റേയും പണികൾ തുടങ്ങിയ കാലത്താണ് എന്നെ അവിടത്തെ വികാരി അച്ചനെ സഹായിക്കുന്നതിനായി വന്ദ്യപിതാവ് അയച്ചത്. ഞാനവിടെ ആയിരിക്കുമ്പോൾ ത്തന്നെയാണ് സഭയിലെ ആദ്യ ബാച്ചുകാരെ സ്വീകരിച്ചതും സഭയുടെയും സ്ഥാപനങ്ങളുടെയും ഉദ്ഘാടനം നടന്നതും.

ഇതര സഭകളെ അപേക്ഷിച്ച് നസ്രത്തു സഭയുടെ വളർച്ച പെട്ടെന്നായിരുന്നു. കുറഞ്ഞൊരുകാലംകൊണ്ട് സഭയ്ക്ക് എറണാകുളത്ത് രണ്ടും, കാടുകുറ്റിയിൽ ഒന്നും, മുക്കന്നൂര് ഒന്നും, അങ്കമാലിയിൽ രണ്ടും ശാഖകളുണ്ടായി. 1956–ൽ കോതമംഗലം രൂപത തുടങ്ങുകയും ദൈവത്തിന്റെ പരിപാലനയിൽ സഭാസ്ഥാപകനും പ്രഥമ ഡയറക്ടറുമായിരുന്ന ബ. പിണക്കാട്ടച്ചൻ കോതമംഗലം രൂപതാ ചാൻസലറായി വിളിക്കപ്പെടുകയും ചെയ്തു. വളരെ വൈമനസ്യത്തോടെ ആയിരുന്നെങ്കിലും പുതിയ രൂപതയുടെ നന്മയും നസ്രത്തു സഭയുടെ വികസനവും മുമ്പിൽ കണ്ടുകൊണ്ട് അദ്ദേഹം ആ വിളി സ്വീകരിച്ചു. അങ്ങനെ കോതമംഗലം രൂപതയിലും നസ്രത്തു സഭയുടെ ശാഖകൾ തുടങ്ങുന്നതിന് അച്ചന്റെ സ്വാധീനം വഴിതെളിച്ചു. ഇപ്പോൾ കോതമംഗലം രൂപതയിൽ കാന്തല്ലൂർ, മറയൂർ, ദേവികുളം, തൃക്കാരിയൂർ, കോതമംഗലം എന്നീ സ്ഥലങ്ങളിൽ ഒരോ ശാഖാ

മഠങ്ങളും പ്രവർത്തിക്കുന്നുണ്ട്.

1975 വരെ നസ്രത്തു സഭയുടെ സ്ഥാപകൻ ബഹു. പിണക്കാട്ടച്ചനായിരുന്നുവെന്നകാര്യത്തിൽ ആർക്കും ഒരു സംശയവുമുണ്ടായിരുന്നില്ല. ആദ്യബാച്ചുമുതൽ പരമ്പരാഗതമായി 1975 വരെ സഭയിൽ ചേർന്ന എല്ലാവരേയും പഠിപ്പിച്ചിരുന്നതും അവർക്കു ബോധ്യപ്പെട്ടിരുന്നതും അച്ചൻ തന്നെയാണ് സ്ഥാപകൻ എന്നാണ്. 1973-ൽ സഭയുടെ സിൽവർ ജൂബിലി സ്മരണികയിൽ അന്നത്തെ മദർ ജനറൽ റവ. സി. ഓക്സീലിയ C.S.N അസന്ദിഗ്ദ്ധമായ ഭാഷയിൽ ഇക്കാര്യം എടുത്തെഴുതിട്ടുമുണ്ട്. ദ്റ്ലിറപ 75-ൽ ഈ അഭിപ്രായത്തിന് പെട്ടെന്ന് ഒരു മാറ്റം സംഭവിച്ചു. അന്നുവരെ പിണക്കാട്ടച്ചനെ സ്ഥാപകനായി കണ്ടിരുന്നവരും പഠിപ്പിച്ചിരുന്നവരുമായ സഭാധികാരികൾ ഈ വസ്തുത നിഷേധിച്ചു തുടങ്ങി. ചിലരുടെ ഭാഷയിൽ കണ്ടത്തിൽ പിതാവാണ് സ്ഥാപകനെന്നും മറ്റു ചിലരുടെ ഭാഷയിൽ കണ്ടത്തിൽ പിതാവും പിണക്കാട്ടച്ചനും കൂടിയാണ് സഭ സ്ഥാപിച്ചതെന്നുമായി. മൂന്നാമതൊരു കൂട്ടരുടെ ദൃഷ്ടിയിൽ സഭാസ്ഥാപകർ ബ. പിണക്കാട്ടച്ചനും മങ്കുഴിക്കരി മത്തായി അച്ചനും കൊച്ചു പറമ്പിൽ ജോർജച്ചനും അങ്ങനെ മൂന്നുപേർ എന്നായി. ഇതിന്റെ രഹസ്യം ആർക്കും മനസ്സിലായിരുന്നില്ല. 1975-ൽ അന്നത്തെ മെത്രാപ്പോലീത്താ ആയിരുന്ന കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ സഭാസ്ഥാപകൻ പരേതനായ കണ്ടത്തിൽ പിതാവാണെന്ന് കാണിച്ച് ഒരു കത്ത് മദർ ജനറലിന് നൽകിയിരുന്നുവത്രേ. ഇതിന്റെ അടിസ്ഥാന കാരണവും വ്യക്തമല്ല. ഇതിന്റെ വെളിച്ചത്തിലാണ് സഭാധികാരികൾ മറിച്ചു പറയാനും പഠിപ്പിക്കാനും തുടങ്ങിയത്. എന്നിട്ടും ബോധ്യമുണ്ടായിരുന്ന ഒരു പറ്റം സന്യാസിനികൾ പിണക്കാട്ടച്ചനെത്തന്നെ സ്ഥാപകനായി കാണുകയും കണക്കാക്കുകയും ചെയ്തുപോന്നു. ബോധ്യമുണ്ടായിരുന്നിട്ടും അധികാരികളെ പ്രീണിപ്പിക്കുന്നതിനുവേണ്ടി ചിലർ മൗനം ആചരിക്കുകയും മറ്റു ചിലർ അധികാരികളോട് ചേർന്ന് പിണക്കാട്ടച്ചനെ തള്ളിപ്പറയുകയും ചെയ്തു. ചുരുക്കത്തിൽ ഈ അഭിപ്രായ വ്യത്യാസം സഭയിൽ ചേരിതിരിവിന് വഴി തെളിച്ചു. പ്രശ്നപരിഹാരത്തിനായി അതിരൂപതാധികാരികൾ ഒരു മൂന്നംഗ കമ്മീഷനെ നിയമിച്ചു കാര്യങ്ങൾ പഠിച്ച് സത്യാവസ്ഥ കണ്ടുപിടിക്കുന്നതിന് അവർ എന്നെയും സന്ദർശിച്ച് കാര്യങ്ങൾ ആരാഞ്ഞു. അവരുടെ സംസാരത്തിൽ നിന്നും ചോദ്യങ്ങളിൽ നിന്നും അവർക്കു കിട്ടിയ തെളിവുകൾക്ക് അവരർഹിക്കുന്ന വിലയും പ്രാധാന്യവും നല്കാതെ സഭാധികാരികൾ ചൂണ്ടിക്കാണിച്ച ബാലിശമായ തെളിവുകൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കി അതിരൂപതാധികാരികളും സഭാധികാരികളും ബ. പിണക്കാട്ടച്ചനല്ല മറിച്ച്, കണ്ടത്തിൽ പിതാവാണ് സ്ഥാപകൻ എന്നു തെളിയിക്കുന്നതിനുള്ള ബദ്ധപ്പാടിൽ അവർ നിയമിച്ച കമ്മീഷനും ആ ചായ്വ് ഉണ്ടാകുക സ്വാഭാവികമാണല്ലോ. പോരെങ്കിൽ കമ്മീഷനംഗങ്ങൾ അതിരൂപതയിൽപ്പെട്ട വൈദികരായതുകൊണ്ട് അധി

കാരികളുടെ ഇംഗിതത്തിന് വിധേയരായിരിക്കണമല്ലോ. 1975-ൽ പാറേക്കാട്ടിൽ പിതാവ് യാതൊരു കാരണവും ചൂണ്ടിക്കാണിക്കാതെ പിണക്കാട്ടച്ചനല്ല, കണ്ടത്തിൽ പിതാവാണ് സഭാസ്ഥാപകൻ എന്നൊരു കല്പന പുറപ്പെടുവിച്ചിരുന്നു. ഈ കല്പന ഇറക്കിയ കർദ്ദിനാൾ തന്നെ അദ്ദേഹം പത്രാധിപനായിരുന്ന സത്യദീപത്തിൽ സഭയുടെ ഉദ്ഘാടനാവസരത്തിൽ ഇറക്കിയ പത്രത്തിന്റെ മുഖ പ്രസംഗത്തിൽ നസ്രത്തു സഭയുടെ സ്ഥാപകനും അലകും പിടിയും പിണക്കാട്ടച്ചനാണെന്ന് അസന്ദിഗ്ദ്ധമായി പ്രസ്താവിച്ചിട്ടുണ്ട്. അന്നങ്ങനെ എഴുതിയ പറേക്കാട്ടിലച്ചൻ അധികാര സ്ഥാനത്തു വന്നു കർദ്ദിനാളായശേഷം മറിച്ചൊരു കല്പന പുറപ്പെടുവിച്ചതിന്റെ പിന്നിൽ ഏതെങ്കിലും കരിങ്കാലികൾ പ്രവർത്തിച്ചിട്ടുണ്ടാകണം. ഏതായാലും ഈ കല്പനയുടേയും കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റേയും വെളിച്ചത്തിൽ 1993-ൽ കർദ്ദിനാൾ പടിയറ മറ്റൊരു പ്രഖ്യാപനമിറക്കി. അതനുസരിച്ച് പരേതനായ കണ്ടത്തിൽ പിതാവ് സ്ഥാപകനും, ബ. മങ്കുഴിക്കരി മത്തായി അച്ചനും ബ. ജോൺ പിണക്കാട്ടച്ചനും സഹസ്ഥാപകരും. ഈ പ്രഖ്യാപനത്തെപ്പറ്റി അറിഞ്ഞപ്പോൾ എനിക്കതിശയം തോന്നി. ഒരു സഭാസ്ഥാപകൻ സഭയുടെ ആദർശവും ചൈതന്യവും സഭാംഗങ്ങൾക്കു പകർന്നു കൊടുക്കുകയും അവരെ ആ ചൈതന്യത്താൽ നിറയ്ക്കുകയും ചെയ്യേണ്ടതാണ്. മങ്കുഴിക്കരി അച്ചൻ ആദ്യത്തെ നാലു ബാച്ചുകാരുമായി യാതൊരു സമ്പർക്കവും പുലർത്തിയിരുന്നില്ല. അവർക്കു ക്ലാസ്സെടുക്കുകയോ ഉപദേശൾ നല്കുകയോ ഇടയ്ക്കിടയ്ക്ക് അവരെ സന്ദർശിക്കുക പോലുമോ ചെയ്തിട്ടില്ലാ എന്നത് നഗ്നസത്യമാണ്. പിന്നെങ്ങെനെ അദ്ദേഹം സഭാസ്ഥാപകനാകും. ഏതായാലും സത്യത്തിനു നിരക്കാത്ത ഈ പ്രഖ്യാപനത്തെ അംഗീകരിക്കുന്നതിന് ബുദ്ധിമുട്ടുണ്ടെന്ന വിയോജനക്കുറിപ്പ് പിണക്കാട്ടച്ചൻ അധികാരികളെ അറിയിച്ചു കഴിഞ്ഞു. ഈ എതിർനീക്കങ്ങൾ സഭയുടെ നാശത്തിനും സഭാസ്ഥാപകന്റെ ശാപത്തിനും ഇടവരുത്തല്ലേ എന്നാണ് കണ്ണീരൊഴുക്കികൊണ്ട് സഭയുടെ പ്രഥമാംഗങ്ങൾ പ്രാർത്ഥിക്കുന്നത്. ബ. പിണക്കാട്ടച്ചന്റെ നിലപാടാണ് ഇതിലേറെ രസം. അദ്ദേഹത്തിനു പറയാനുള്ളത് ഇതാണ് "ഞാനൊരു സഭയുണ്ടാകാനാഗ്രഹിച്ചു. അതു ഞാനുണ്ടാക്കി. ഇപ്പോൾ സഭാസ്ഥാപകൻ ആരാണെന്നു പറഞ്ഞാലും എനിക്കതിൽ പരിഭവമില്ല. ഏതായാലും സഭ ഉണ്ടായല്ലോ. ഇനി അത് സ്ഥാപകന്റെ ആദർശത്തിലും അദ്ദേഹം ഉന്നംവച്ച ചൈതന്യത്തിലും വളർന്നു വന്നാൽ മതി. ബാലിശമായ കാരണങ്ങൾക്കൊണ്ട് സഭയിൽ ഭിന്നിപ്പും സ്നേഹക്കുറവും ഉണ്ടാകാതിരിക്കുന്നതിന് ഞാൻ പ്രാർത്ഥിക്കുന്നു". അദ്ദേഹത്തിന് അതല്ലേ പറയാൻ പറ്റൂ. താനാണ് സ്ഥാപകനെന്ന് ഒരു സഭാസ്ഥാപകനും വിളിച്ചു കൂവി നടക്കാറില്ല. പ്രസ്താവനയും ഇറക്കാറില്ല. വി. അൽഫോൻസ് ലിഗോരിയുടെ അനുഭവമാണ് ഏതാണ്ട് പിണക്കാട്ടച്ചന്റെയും അനുഭവം. ഒരിക്കൽ സത്യം തെളിയും. സത്യമേവ ജയതേ.

ഇക്കാര്യം ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് ഞാനവന്റെ ആത്മകഥയിലേയ്ക്ക് തിരിച്ചു വരട്ടെ. ഒന്നര കൊല്ലത്തെ അത്യദ്ധ്വാനവും നിസ്വാർത്ഥമായ സേവനവും എടക്കുന്ന് നിവാസികൾക്കും അതിലുപരി നസ്രത്തുസഭയ്ക്കും കാഴ്ചവച്ച ശേഷം എനിക്ക് എടക്കുന്നിനോട് യാത്ര പറഞ്ഞ് പിരിയുന്നതിനുള്ള സമയമായി. ബഹു. വികാരിയച്ചനും സ്ഥലം മാറ്റത്തിനുള്ള കല്പന കിട്ടി. അദ്ദേഹത്തെ എറണാകുളം ഭദ്രാസനപ്പള്ളി വികാരിയായി നിയമിച്ചു കൊണ്ടായിരുന്നു കല്പന. എന്നാൽ എനിക്ക് ഔദ്യോഗികമായി കല്പനയൊന്നും കിട്ടിയില്ല. വികാരിയച്ചന്റെ കൂടെ എന്നോടും എടക്കുന്നിനോടു യാത്ര പറഞ്ഞ് എറണാകുളത്തേയ്ക്ക് പോരിക എന്നൊരു എഴുത്ത് വികാരിയച്ചന്റെ കല്പനയുടെ കൂട്ടത്തിൽ അയച്ചിരുന്നു. അതിൽ എന്റെ ജോലിക്കാര്യമൊന്നും സൂചിപ്പിച്ചിരുന്നില്ല. അങ്ങനെ ഞാനും വികാരിയച്ചനും ഒരുമിച്ച് എറണാകുളത്തെത്തി. അച്ചൻ ഭദ്രാസനപ്പള്ളിയിൽ വികാരിയായി ചാർജ്ജെടുത്തു. ഞാനെന്താണ് ചെയ്യേണ്ടതെന്നറിയുന്നതിന് ഒന്നുരണ്ടു ദിവസങ്ങൾക്കുശേഷം സെക്രട്ടറി ബ. പുതുശ്ശേരി വറുഗീസച്ചനെ സമീപിച്ചു. അദ്ദേഹം പറഞ്ഞു 'തന്റെ കാര്യം തീരുമാനമായില്ല, ആലോചനയിൽ ഇരിക്കുന്നതേയുള്ളൂ.' എന്ന്. ഏതാനും ദിവസങ്ങൾ അരമനയിൽ ഊണും ഉറക്കവുമായി ഞാൻ കഴിഞ്ഞുകൂടി. ഒരാഴ്ച കഴിഞ്ഞപ്പോൾ സെക്രട്ടറിയച്ചൻ എന്നെ വിളിപ്പിച്ചു. ഞാൻ ചെന്നപ്പോൾ അദ്ദേഹം പറയുകയാണ്, 'തന്നെ അതിരൂപതാ പ്രൊക്കുറേറ്ററാക്കുവാനാണ് പിതാവിന്റെ ഉദ്ദേശ്യം. ബ. പിണക്കാട്ടച്ചൻ ഉടനെ എടക്കുന്നിൽ അദ്ദേഹത്തിന്റെ മക്കളുടെ അടുത്തേക്കു പോകും. അതുവരെ അദ്ദേഹത്തിന്റെ അടുത്തു പോയി കാര്യങ്ങൾ എല്ലാം മനസ്സിലാക്കിയെടുക്കണം'. പ്രസ്തുത ജോലിക്കുള്ള എന്റെ കഴിവില്ലായ്മയും മറ്റു ചില സാങ്കേതിക തടസ്സങ്ങളും ഞാനദ്ദേഹത്തെ ബോധ്യപ്പെടുത്തി. അദ്ദേഹം അവകാര്യമായിട്ടെടുക്കുകയും ചെയ്തു. വിവരം പിതാവിനേയും ധരിപ്പിച്ചു. അങ്ങനെ ഒന്നുരണ്ടാഴ്ചകൾ കൂടി നീങ്ങി. വീണ്ടും എന്നെ വിളിച്ച് എന്റെ മനസ്സു മാറ്റിയിട്ടുണ്ടോ എന്ന് ചോദിച്ചു. മാറ്റമൊന്നുമില്ല, എന്നെ ഏതെങ്കിലും പള്ളിയിലേക്ക് അയയ്ക്കണമെന്നാണ് എന്റെ അപേക്ഷയും ആഗ്രഹവും എന്ന് ഞാനറിയിച്ചു. അതനുസരിച്ച് അടുത്തദിവസം തന്നെ ഞാറയ്ക്കൽ അസ്തേന്തിയായി എനിക്ക് കല്പനയും തന്നു. അപ്പോഴത്തെ എന്റെ സന്തോഷവും സംതൃപ്തിയും എടുത്തുപറയേണ്ടതില്ലല്ലോ. സ്വീകരിക്കുന്നതിൽ ഞാൻ വൈമുഖ്യം പ്രകടിപ്പിച്ച രൂപതാപ്രൊക്കുറേറ്റർ സ്ഥാനം എന്റെ സതീർത്ഥ്യനും സ്നേഹിതനുമായ ബ. മുളവരിക്കൽ ജോസഫ് അച്ചന്റെ തോളിലാണ് സ്ഥലം പിടിച്ചത്. അദ്ദേഹം ആറുമാസമേ തൽസ്ഥാനത്തിരുന്നുള്ളൂ. ഏതായാലും ഇതിനകം ബ. പിണക്കാട്ടച്ചൻ എടക്കുന്നിൽ നസ്രത്തു സഭയുടെ പ്രഥമ ഡയറക്ടറായി സ്ഥലം മാറിപ്പോകുകയും ചെയ്തു.

ഞാറയ്ക്കലേക്കുള്ള കല്പന കിട്ടിയ പിറ്റേദിവസം തന്നെ അഭിവ

ന്ദ്യപിതാവിനോടും മറ്റച്ചൻമാരോടും യാത്രപറഞ്ഞ് ഞാൻ പോകാനൊരുങ്ങി. ബ. പുതുശ്ശേരി വറുഗീസച്ചനെ കണ്ടു യാത്ര പറഞ്ഞപ്പോൾ അനുഭവ പരിജ്ഞാനിയായ അദ്ദേഹം ചിലകാര്യങ്ങൾ എനിക്കു പറഞ്ഞു തരാൻ മറന്നില്ല. എടക്കുന്നുപോലെയല്ല ഞാറയ്ക്കൽ. വെള്ളവും ചെളിയും പായലുമുള്ള സ്ഥലമാണ് ഞാറയ്ക്കൽ. സൂക്ഷിച്ചു നടന്നില്ലെങ്കിൽ തെറ്റിവീഴും. കൊച്ചച്ചന്മാർ ചുരുക്കം പേർ മാത്രമേ അവിടെ വീഴാതെ രക്ഷപ്പെട്ടിട്ടുള്ളൂ. ആന്തരാർത്ഥം വച്ചാണ് അദ്ദേഹം സംസാരിച്ചത് എന്ന് അല്പം കഴിഞ്ഞാണ് ഞാൻ മനസ്സിലാക്കിയത്. ഞാറയ്ക്കലെ ആളുകൾ വലിയ പരിഷ്ക്കാരികളാണ്. അച്ചൻമാർ ഉള്ളിൽ വിചാരിക്കുന്നത് അവർ പുറത്തുകാണും. പ്രസംഗത്തിനു മാർക്കിടുന്ന കൂട്ടരാണവർ. വിമർശനത്തിനും ഒട്ടും മോശക്കാരനല്ല. ഇങ്ങനെ പല കാര്യങ്ങളും അദ്ദേഹം ചൂണ്ടികാണിച്ചു. അവസാനം ഒരു കാര്യം കൂടി പറഞ്ഞു. ഭക്ഷണകാര്യം വികാരിയച്ചന്റെ കൂടെ പങ്കുചേരാതെ തനിച്ചു നടത്തുന്നതിനായിരിക്കും നന്ന്. എനിക്കു വേലക്കാരനുണ്ട്. അത് പ്രശ്നമാവില്ല എന്നു ഞാനും പറഞ്ഞു. എടക്കുന്നിൽനിന്ന് ഞാനൊരു പയ്യനെ ജോലിക്കായി കൊണ്ടു വന്നിരുന്നു. രാവിലെ കുർബാനയും പ്രഭാതഭക്ഷണവും കഴിഞ്ഞ് ഞാറയ്ക്കലേക്കുള്ള പുറപ്പാടായി. എന്നെ അനുഗമിക്കുന്നതിന് പരിവാരങ്ങളൊന്നും ഉണ്ടായിരുന്നില്ല. ബ. ചിറമേലച്ചനാണ് എന്നെ ഞാറയ്ക്കൽ കൊണ്ടുചെന്നാക്കിയത്. എറണാകുളത്തുനിന്ന് ബോട്ടിൽ ഏതാണ്ടു രണ്ടുമണിക്കൂറിലധികം യാത്രചെയ്യണം. എന്റെ ഓർമ്മ ശരിയാണെങ്കിൽ അന്ന് മൂന്നണയാണ് ബോട്ടുകൂലി.

ഞാൻ ഞാറയ്ക്കൽ അസിസ്റ്റൻറായി ചാർജ്ജെടുക്കുമ്പോൾ എന്റെ വികാരി കോതമംഗലക്കാരൻ പുളിക്കൽ ബ. ചെറിയാച്ചനായിരുന്നു എന്നാൽ അദ്ദേഹത്തെപ്പറ്റി ചിലതെല്ലാം കേട്ടിട്ടുണ്ടെന്നല്ലാതെ ആളെ അടുത്തറിയാമായിരുന്നില്ല. എരണാകുളത്തു നിന്നും പുറപ്പെട്ടപ്പോൾ ബ. പുതുശ്ശേരി വറുഗീസച്ചൻ പറഞ്ഞ കാര്യം അതായത് ഭക്ഷണകാര്യം തനിച്ചായാൽ മതി- എപ്പോഴും എന്റെ ഓർമ്മയിലുണ്ടായിരുന്നു. എന്നിരുന്നാലും ചെന്ന ഉടനെ എന്റെ ഭക്ഷണകാര്യം ഞാൻ നോക്കിക്കൊള്ളാമെന്ന് എങ്ങനെ വികാരിയച്ചനോടു പറയും. ആളെ ശരിക്ക് അറിഞ്ഞുകൂടാത്തതുകൊണ്ട് അല്പം ഭയവുമുണ്ടായിരുന്നു. പോരെങ്കിൽ എന്റെ മുൻവികാരി ബ. ചിറമേൽ കുര്യക്കോസച്ചനിൽ നിന്നും എനിക്കു കിട്ടിട്ടുള്ള സ്നേഹ വാതിസല്യങ്ങളും പരിഗണനയും കണക്കിതെടുക്കുമ്പോൾ പുളിക്കലച്ചൻ എങ്ങനെയായിരിക്കുമെന്ന ആശങ്കയും. ഏതാനും ദിവസത്തെ അനുഭവത്തിനുശേഷം രണ്ടും തമ്മിൽ യാതൊരു സാമ്യവുമില്ലെന്നു മനസ്സിലായി. ചിറമേലച്ചൻ ഒരു പിതാവിനെപ്പോലെ ആയിരുന്നെങ്കിൽ പുളിക്കലച്ചൻ ഒരു യജമാനനെപ്പോലെ ആയിരുന്നു എന്നു പറയുമ്പോൾ പുളിക്കലച്ചനെ ചെറുതാക്കുകയാണെന്ന് ആരും വിചാരിക്കരുത്. പുളിക്കലച്ചന്റെ ഈദൃശമായ പെരുമാറ്റത്തിനു കാരണമുണ്ട്. ഞാറയ്ക്കൽ ഇടവക

ഏതാണ്ട് ആയിരത്തിൽപ്പരം കുടുംബങ്ങളുള്ളതാണ്. അതിൽ ഒരു നല്ല ഭാഗവും വലിയ പണക്കാർ. അതിലുപരി അഭിമാനികൾ. ഇവരുമായി ഇട വകകാര്യങ്ങൾ ചർച്ച ചെയ്യുമ്പോഴും സമ്പർക്കം പുലർത്തുമ്പോഴും കൊച്ചച്ചനെന്തുകാര്യം; കൊച്ചച്ചൻ കൊച്ചുങ്ങളുടെ കാര്യവും കൊച്ചുകാ ര്യങ്ങളും നോക്കട്ടെ എന്ന ചിന്താഗതി ചില വികാരിമാർക്കുണ്ടായതിൽ അതിശയിക്കാനില്ല. ഞാൻ ചെല്ലുന്നതിനുമുമ്പ് ഞാറയ്ക്കൽ രണ്ട് അസി സ്റ്റന്റുമാരുണ്ടായിരുന്നു. പിന്നീട് ഒരു അസിസ്റ്റന്റായി. അങ്ങനെ രണ്ടച്ച ന്മാരുടെ ജോലി ഞാൻ തന്നെ ചെയ്യേണ്ടി വന്നു. എനിക്കതിൽ ബുദ്ധി മുട്ടോ വിഷമമോ ഉണ്ടായിരുന്നില്ല. മാസം ഒന്നങ്ങനെ കടന്നു പോയി. വരവു ചെലവുകൾ പങ്കു വയ്ക്കുന്ന അവസരമായി. ഭക്ഷണകാര്യങ്ങൾ എല്ലാം നടത്തിയിരുന്നത് വികാരി അച്ചൻ തന്നെയാണ്. അച്ചന്റെ വേല ക്കാരൻ അത്ര വിശ്വസ്തനായിരുന്നോ എന്ന് എനിക്കു സംശയമുണ്ടായി രുന്നു. കണക്കു കിട്ടിയപ്പോൾ എന്റെ സംശയം തെറ്റല്ലെന്ന് ബോധ്യമാ യി. തന്നെയുമല്ല പുതുശ്ശേരി വറുഗീസച്ചൻ പറഞ്ഞുവിട്ടതിന്റെ പൊരുളും മനസ്സിലായി. ഞാൻ വികാരിയച്ചനെ സമീപിച്ചു പറഞ്ഞു, "ഞാനൊരു ഉദരരോഗിയാണ്, ചില പ്രത്യേകതകളെല്ലാം എന്റെ ഭക്ഷണരീതിയിലു ണ്ട്. അതുകൊണ്ട് അച്ചനു വിഷമമില്ലെങ്കിൽ ഇക്കാര്യത്തിൽ ഞാൻ തനി ച്ചായിക്കൊള്ളാം. എനിക്കു വേലക്കാരനുമുണ്ടല്ലോ". അച്ചൻ സന്തോഷ പൂർവ്വം സമ്മതിച്ചു. അങ്ങനെ അക്കാര്യം ബുദ്ധിമുട്ടുകൂടാതെ പരിഹരി ക്കപ്പെട്ടു.

എന്റെ ഇടവക ജീവിതത്തിൽ ഞാറയ്ക്കൽ ചെയ്യേണ്ടിവന്നതു പോലെയുള്ള ജോലി പിന്നീട് ഒരിടത്തും ചെയ്യേണ്ടിവന്നിട്ടില്ല. അതിൽ എനിക്കു ചാരിതാർത്ഥ്യവും സംതൃപ്തിയുമുണ്ട്. ആത്മാക്കളുടെ രക്ഷ യ്ക്കായി ഇത്രയും ചെറുപ്പത്തിലേതന്നെ ചെയ്യാൻ സാധിച്ചത് ദൈവം എനിക്കു തന്ന ഒരു വലിയ അനുഗ്രഹമായി ഞാൻ കരുതുന്നു. സമയ ത്തിന്റെ ഗണ്യമായ ഒരു ഭാഗം ചെലവഴിച്ചിരിക്കുന്നത് കുമ്പസാരക്കൂട്ടി ലായിരുന്നു. ഞാറയ്ക്കലെ ജനങ്ങൾ കൂദാശകൾ സ്വീകരിക്കുന്നതിലും ദിവ്യപൂജയിൽ സംബന്ധിക്കുന്നതിലും അതീവ തല്പരരായിരുന്നു. ഇട ദിവസങ്ങളിൽപ്പോലും ഞായറാഴ്ചത്തെപ്പോലെ തന്നെ പള്ളി നിറയെ ആളുകൾ ഉണ്ടായിരുന്നു. അനുദിനം കുർബാന കാണുന്നതും വി. കുർബാന സ്വീകരിക്കുന്നതും ഒരു കടമയായി അവിടത്തെ ജനങ്ങളിൽ ഒരു വലിയ വിഭാഗം കരുതിയിരുന്നുവെന്നതാണ് പരമാർത്ഥം. കുർബാന യ്ക്കുമുമ്പും കുർബാന കഴിഞ്ഞും ഞങ്ങൾ രണ്ടച്ചന്മാരും രണ്ടു മൂന്നു മണിക്കൂറുകൾ കുമ്പസാരക്കൂട്ടിൽ ചെലവഴിക്കേണ്ടിയിരുന്നു. മാസാദ്യ വെള്ളിയാഴ്ചത്തെ കാര്യം പറയാനില്ല. തലേ വ്യാഴാഴ്ച രാവിലെ 10 മണി യെങ്കിലുമാവും പള്ളിയിൽനിന്ന് വന്ന് പ്രഭാതഭക്ഷണം കഴിക്കുമ്പോൾ അതു കഴിഞ്ഞാൽ പിന്നെ പള്ളിസ്ക്കൂളിലെ കുട്ടികളുടെ കുമ്പസാരമാ യി. ഉച്ച ഊണുകഴിഞ്ഞാലുടനെ മഠം സ്ക്കൂളിലെ കുട്ടികളുടെ കുമ്പസാര

മായി. നാലിനുശേഷം സ്ത്രീകളുടെ കുമ്പസാരം. അതു സന്ധ്യയ്ക്കുമുമ്പ് തീർക്കണം. എല്ലാമാസവും അദ്യവെള്ളിയാഴ്ചത്തെ കുമ്പസാരത്തിനു പുറമെനിന്ന് ഒരച്ചനെ വരുത്താറുണ്ട്. അദ്ദേഹം വ്യാഴാഴ്ച നാലു മണിയാകുമ്പോഴെയ്ക്കും എത്തിച്ചേരും. സന്ധ്യകഴിഞ്ഞേ പുരുഷൻമാർ കുമ്പസാരിക്കുന്നതിനു വരികയുള്ളൂ. അവരുടെ കുമ്പസാരം വരുന്ന അച്ചനും കൊച്ചച്ചനും കൂടെയാണ് നടത്താറ്. രാത്രിയിൽ 11 മണിക്കും കുമ്പസാരം തീരാത്ത ദിവസങ്ങളുണ്ട്. ചിലപ്പോൾ ഈ ചുമതല കൊച്ചച്ചന്റെ മാത്രമായിത്തീരുന്ന അവസരങ്ങളും ഉണ്ടായിട്ടുണ്ട്. ഒന്നു രണ്ടു പ്രാവശ്യം വിഷമിച്ചിട്ട് ഞാൻ കുമ്പസാരക്കൂട്ടിലിരുന്ന് കരഞ്ഞുപോയിട്ടുണ്ടെന്ന് ലജ്ജാപൂർവ്വം ഇപ്പോൾ ഓർത്തുപോകുന്നു. ചില ദിവസങ്ങളിൽ കുമ്പസാരം തീർന്ന് കുളിക്കാതെ അത്താഴം കഴിക്കേണ്ട ഗതികേടുമുണ്ടായിട്ടുണ്ട്. കാരണം കുളിക്കാ പോയാൽ 12 മണി കഴിയും ഭക്ഷണം കഴിക്കുമ്പേൾ പാതിരാ മുതൽ ഉപവസിക്കണം വി. കുർബാന അർപ്പിക്കാനോ സ്വീകരിക്കാനോ എന്നായിരുന്നല്ലോ അന്നത്തെ നിയമം. മാസാദ്യ വെള്ളിയാഴ്ചകളിൽ 11 മണിക്കു മുമ്പായി പ്രഭാതഭക്ഷണം കഴിക്കാൻ ഒരിക്കലും സാധിച്ചിട്ടില്ല.

ഞായറാഴ്ചകളിൽ മൂന്നു കുർബാനകളുണ്ടാകും. ആദ്യത്തെ കുർബാന ബ. വികാരിയച്ചൻ ചൊല്ലും. രണ്ടും മൂന്നും കുർബാനകൾ കൊച്ചച്ചന്റെ കുത്തകയാണ്. ഞാൻ ചാർജ്ജെടുത്തിട്ട് ആദ്യത്തെ മൂന്നു മാസത്തേക്ക് മൂന്നു കുർബാനയ്ക്കും വികാരിയച്ചൻ തന്നെ ആയിരുന്നു പ്രസംഗം. മൂന്നു മാസങ്ങൾക്കുശേഷം മൂന്നു കുർബാനക്കിടയിലുള്ള പ്രസംഗം എന്റെ ചുമതലയിലായി. ഇതിന്റെ ചരിത്രം ഞാൻ മുമ്പൊരിടത്ത് പ്രതിപാദിച്ചിട്ടുണ്ടല്ലോ. മൂന്നാമത്തെ കുർബാന കുട്ടികൾക്കായിട്ടുള്ള കുർബാനയാണ്. അതു കഴിഞ്ഞാൽ വേദപാഠംമായി. സാധാരണ വികാരിയച്ചൻ വേദപാഠത്തിനു വരാറില്ല. അതെല്ലാം കൊച്ചച്ചന്റെ ചുമതലയായിരുന്നു. ആ സമയത്തായിരിക്കും പള്ളിയോഗമോ അല്ലെങ്കിൽ മറ്റതുപോലെയുള്ള ആലോചനയോഗങ്ങളോ നടക്കുക. അതുകൊണ്ടാണ് വികാരിയച്ചൻ വേദപാഠ ക്ലാസ്സിൽ വരാതിരിക്കുന്നത്. ഇതിനും പുറമെ എല്ലാ ദിവസവും മഠം ഹൈസ്ക്കൂളിൽ 10-ാം ക്ലാസ്സിലെ വേദപാഠക്ലാസ്സും എന്റെ ചുമതലയിലായിരുന്നു. അന്നു ഞാൻ വേദപാഠം പഠിപ്പിച്ച പലരും ഇന്നു വിവിധ സന്യാസസഭകളിലുണ്ടെന്നുള്ളത് ഞാനഭിമാനപൂർവ്വം ഓർക്കുന്നു. ശനിയാഴ്ച മരിയൻ സൊഡാലിറ്റിക്കുട്ടികളുടേയും തിരുബാല സഖ്യത്തിന്റേയും ദിവസമാണ്. അവർക്കു പ്രത്യേകം പ്രത്യേകം ഉപദേശങ്ങളും പരിപാടികളുമുണ്ടായിരുന്നു. അതും എന്റെ ചുമതലയിൽത്തന്നെ. പോരെങ്കിൽ ഞായറാഴ്ച ഉച്ചകഴിഞ്ഞ് മാതൃസംഘക്കാരുടെ വരവായി. അവരുടെ ചുമതലയും എന്നിൽ നിക്ഷിപ്തമായിരുന്നു. ചുരുക്കത്തിൽ ഞാനായിരുന്ന ഇടവകകളിൽ ഏറ്റവും കൂടുതൽ വ്യക്തികൾ എന്നെ അറിയുന്നതും നന്ദിപൂർവ്വം സ്മരിക്കുന്നതും ഞാറയ്ക്കൽക്കാരാണ്. എന്റെ ഒന്നര

ക്കൊല്ലത്തെ അവിടത്തെ പ്രേഷിതവേലകൊണ്ട് ഞാറയ്ക്കൽക്കാരുടെ ഹൃദയങ്ങളിൽ വ്യക്തിമുദ്ര പതിക്കുന്നതിന് എനിക്കു സാധിച്ചുവെന്ന് സന്തോഷപൂർവ്വം ഞാൻ സ്മരിക്കുന്നു. വിശ്രമമില്ലാത്ത ഒരു ജീവിതമായിരുന്നു ഞാറയ്ക്കലേത്. മിക്ക ദിവസവും രണ്ടും ചിലപ്പോൾ മൂന്നും ശവസംസ്ക്കാരങ്ങളുണ്ടാവും. അതുപോലെതന്നെ അന്ത്യകൂദാശകളും. ചുരുക്കം ചില രാത്രികളിൽ മാത്രമേ മുഴുവനായി ഉറങ്ങാൻ സാധിച്ചിട്ടുള്ളൂ. ഞാറയ്ക്കലിൽ ഒരു പ്രത്യേകതയുണ്ടായിരുന്നു. അന്ത്യകൂദാശകൾ എല്ലാം സ്വീകരച്ച ആളാണെങ്കിലും മരണസമയത്ത് ഒരച്ചനുണ്ടാകണം സമീപത്ത് അന്ത്യാശീർവാദം കൊടുക്കുവാൻ. അത് രാത്രി ആയാലും പാതിരാവിലായാലും രാവിലെ ആയാലും അച്ചൻ ചെന്നു കൊള്ളണം. വികാരിയച്ചന് അല്പം പ്രായമായതുകൊണ്ട് കൊച്ചച്ചനാണല്ലോ ഇതിനെല്ലാം പറ്റിയ വ്യക്തി. ആഴ്ച തോറും കടപ്പുറത്തുള്ള കപ്പേളയിലെ ലദീഞ്ഞും ആ ഭാഗത്തേ മരതിർന്നവർക്കുള്ള വേദോപദേശവും എന്റെ ചുമതലയായിരുന്നു. കടപ്പുറത്തെ ആളുകൾ ഭൂരിഭാഗവും മീൻപിടിത്തക്കാരും സാധുകളുമായിരുന്നു. അവരുമായുള്ള സമ്പർക്കം സാഹോദര്യവും എന്റെ ഭാവി ജീവിതത്തെ വളരെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. അവരുമായി അടുത്തു സംസാരിക്കുമ്പോൾ രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പ് ക്രിസ്തുനാഥൻ മീൻപിടിത്തക്കാരായ പത്രോസ് പ്രഭൃതികളെ എങ്ങനെ സ്വാധീനിച്ചുവെന്നും അവരെ എങ്ങനെ തന്നിലേക്കാകർഷിച്ചുവെന്നും മറ്റുമുള്ള ചിന്ത എന്നെ വളരെ ഊർജ്ജസ്വലനാക്കിയിട്ടുണ്ട്. പതിവായി നാലു മണിക്കായിരുന്നു അവിടെ ലദീഞ്ഞും വേദോപദേശവും നടത്തിയിരുന്നത്. ഞാൻ സമയത്തിൽ ചെറിയ ഒരു മാറ്റം വരുത്തി. നാലുമണി എന്നുള്ളത് മൂന്നുമണിയാക്കി. അതൊരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയായിരുന്നു. കുറെ സമയം കൂടെ ആ കടലോരവാസികളുടെ കൂടെ ചെലവഴിക്കുക. അതും ഒരു പ്രത്യേക രീതിയിൽ. ലഞ്ഞും വേദപാഠവും കഴിഞ്ഞ് ഞാനും അവരിൽ ചിലരും കൂടി കടലിൽ കുളിക്കാനിറങ്ങും. അവരുടെ കൂടെ ഒരച്ചൻ അവരെപ്പോലെ കടലിൽച്ചാടി കളിക്കുന്നതും തിരമാലകൾക്കൊത്ത് മലക്കം മറിയുന്നതും മണലിൽ മലർന്നടിച്ചുരുളുന്നതും എല്ലാം അവരെ അത്ഭുതപ്പെടുത്തി. അവരേക്കാളധികം ഞാനും സന്തോ.ിച്ചു. അങ്ങനെ ഞാനവരുടെ ഹൃദയങ്ങളെ കുറഞ്ഞൊരു ദിവസങ്ങൾകൊണ്ട് കവർന്നെടുത്തു. എന്നു പറയാൻ എനിക്കു മടിയില്ല. അവരുടെ മാത്രമല്ല ആബാലവൃദ്ധം ഞാറയ്ക്കൽക്കാരുടെ കണ്ണിലുണ്ണിയാകാൻ എനിക്കു രണ്ടു മൂന്നു മാസങ്ങളേ വേണ്ടിവന്നുള്ളൂ. പണിയെടുക്കാൻ മടിയൻമാരും അലസമായി സമയം കളയാൻ വിരുതൻമാരുമാണ് ഞാറയ്ക്കലെ യുവാക്കൻമാർ എന്നു മനസ്സിലാക്കിയ ഞാൻ അവരെ വലവീശിപ്പിടിക്കാൻ ഒരുപായം കണ്ടെത്തി. അവർക്കായി ഒരു വിനോദ ക്ലബ് സംഘടിപ്പിക്കുക. അതു നിഷ്പ്രയാസം നടന്നു. എല്ലാ ഭാഗത്തുനിന്നും അതിനു നല്ല പ്രോത്സാഹനങ്ങളും കിട്ടി. ക്ലബിലെ പ്രധാന പരിപാടികളിൽ ചിലതു മാത്രമായിരുന്നു വോളിബോൾ, ബാന്റ്മിന്റൻ, കാരംസ്,

ചെസ് തുടങ്ങിയവ. ചീട്ടുകളിയെ അധികം പ്രോത്സാഹിപ്പിച്ചിരുന്നില്ല. ഇങ്ങനെ ഏതാനും ആഴ്ചകൾകൊണ്ട് ഒരു നല്ല ഭാഗം യുവാക്കൻമാരുടേയും കുട്ടികളുടേയും ഒരുത്തമ സുഹൃത്തായിത്തീർന്നു ഞാൻ. നാലഞ്ചു മാസംകൊണ്ട് ഒരു നല്ല വോളിബോൾ ടീം തന്നെ കരുപിടിപ്പിക്കുന്നതിന് എനിക്കു സാധിച്ചു. മിക്ക ദിവസവും ഞാനും അവരുടെ കൂടെ കളിക്കുമായിരുന്നു. ഞങ്ങളുടെ കളിയുടെ പ്രശസ്തി ഞാറയ്ക്കൽ മാത്രമല്ല അയൽ ഇടവകകളിലേക്കും വ്യാപിച്ചു. കളി കാണുന്നതിന് ധാരാളം ജനങ്ങൾ പ്രായമായവരടക്കം ദിവസവും ഞാറയ്ക്കൽ പള്ളിമുറ്റത്തു കൂടിയിരുന്നു. ഇടവകയിലെ ആദ്ധ്യാത്മിക കാര്യങ്ങളിലല്ലാതെ ഞാൻ മറ്റു യാതൊരു കാര്യത്തിലും ഇടപ്പെട്ടിരുന്നില്ല. സാമ്പത്തികവും ബാഹ്യവുമായ കാര്യങ്ങളിൽ വ്യാപൃതരാകേണ്ടി വരുന്ന വികാരിമാർ കാര്യവശാൽ ചിലരുടെയെങ്കിലും അപ്രീതി സമ്പാദിക്കുക സ്വാഭാവികമാണല്ലോ. എന്റെ വികാരിയച്ചനും ഇതിന് വിവാദമായിരുന്നില്ല. തന്മൂലം പ്രായമായവരും പലപ്പോഴും ഒരോ കാര്യങ്ങൾക്ക് എന്നെ സമീപിക്കുമായിരുന്നു. ഇങ്ങനെ നാൾക്കുനാൾ വർദ്ധിച്ചുവരുന്ന എന്റെ ജനപ്രീതി കണ്ടിട്ടോ, അതോ ഇതിൽ ഞാൻ അന്ധാളിച്ചു വല്ലവരുടെയും പിടിയിൽ അമർന്ന് എന്റെ ഭാവി കളങ്കപ്പെടുമെന്ന് തോന്നിയിട്ടോ എന്നറിയില്ല ഇടയ്ക്കിടയ്ക്ക് വികാരിയച്ചൻ എന്നെ ഓർമ്മപ്പെടുത്തുമായിരുന്നു 'കൊച്ചച്ചാ സൂക്ഷിക്കണേ, ഞാറയ്ക്കലാണു കേട്ടോ' എന്ന്. ഏതായാലും ഞാൻ വളരെ വിവേകപൂർവ്വമാണ് വർത്തിച്ചിരുന്നത്. കാരണം ഞാറയ്ക്കൽ രണ്ടു പാർട്ടിയിലുള്ള സ്ഥലമാണെന്ന് കുപ്രസിദ്ധി നേടിയിരുന്ന ഒരു ഇടവകയായിരുന്നു. ഞാറയ്ക്കലെ എന്റെ പ്രേഷിതവേലയുടെ അവസാന നാളുകളിലേക്ക് ഞാനടുത്തു കഴിഞ്ഞു. മാറ്റത്തിനുള്ള ദിവസങ്ങളായി. എനിക്കു കല്പന കിട്ടി. ചുണങ്ങും വേലി പള്ളി വികാരി ആയിട്ട്. കല്പനയുടെ കൂട്ടത്തിൽ ഒരെഴുത്തും. ആറുമാസം കഴിഞ്ഞ് ചുണങ്ങുംവേലിയിൽ പോയി ചാർജ്ജെടുത്താൽ മതി. അതുവരെ ഞാറയ്ക്കൽ അടുത്ത് നെടുങ്ങാട്ട് എന്നൊരു ചെറിയ ഇടവകയുണ്ട്. അവിടത്തെ വികാരി അവധിയെടുക്കുന്നതുകൊണ്ട് ആറുമാസം അവിടെ പകരം ജോലി നോക്കണമെന്ന്. എന്റെ സ്ഥലമാറ്റക്കാര്യം കാട്ടുതീപോലെ പരന്നു. അൾത്താരബാലസംഘക്കാരും സൊഡാലിറ്റിക്കുട്ടികളും തിരുബാലസഖ്യക്കാരും മാതൃസംഘക്കാരും ക്ലബുകാരും എന്നല്ല ഇടവക മുഴുവൻ തന്നെ സജീവമായി. കൊച്ചച്ചന് ഒരോ കൂട്ടർക്കും വെവ്വേറെ യാത്രയയപ്പു നല്കണമെന്നായി. പ്രശ്നം വികാരിയച്ചന്റെ അടുത്തുവരെ എത്തി. അദ്ദേഹം പ്രശ്നം നിഷ്പ്രയാസം പരിഹരിച്ചു. എല്ലാവരും കൂടി ഒരു സംയുക്ത യാത്രയയപ്പു നല്കിയാൽ മതിയെന്നായിരുന്നു അദ്ദേഹത്തിന്റെ തീരുമാനം. വളരെ ബുദ്ധിപൂർവ്വകവും യുക്തിപൂർവ്വകവുമായ തീരുമാനം. അതനുസരിച്ച് അടുത്ത ഞായറാഴ്ച മൂന്നാമത്തെ കുർബാന കഴിഞ്ഞ് യാത്രയയപ്പു സമ്മേളനം നടന്നു. സ്കൂൾ നിറയെ വരാന്തയിലും മുറ്റത്തുമായി ധാരാളം ആളുകൾ അതിൽ സംബന്ധിച്ചു. ഓരോ സംഘടനയുടേയും പ്രതിനിധികൾ പ്രസംഗിച്ചു. പ്രത്യേകം പ്രത്യേ

കം സമ്മാനങ്ങളും തന്നു. സൊഡാലിറ്റിയുടെ പ്രതിനിധിയായി സംസാരിച്ചത് ശങ്കൂരി ജോസായിരുന്നു. ആ കുട്ടിയുടെ പ്രസംഗമത്രയും കരച്ചിലായിരുന്നു എന്നു പറഞ്ഞാൽ അതായിരുന്നു സത്യം. ഗദ്ഗദപൂർവ്വം അവൻ 15 മിനിറ്റു സംസാരിച്ചു. വാസ്തവത്തിൽ ഞാനും കരഞ്ഞുപോയി. മറ്റ് പലരും. ഈ യാത്രയയപ്പ് എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു സംഭവമായിരുന്നു. ഞാറയ്ക്കലെ ജീവിതത്തിൽ എന്നും ഓർമ്മയിൽ തങ്ങി നില്ക്കുന്ന രണ്ടു സംഭവങ്ങൾ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. പള്ളിയിൽ നിന്നും അധികം അകലെയല്ലാതെ ഒരു രോഗിയെ സന്ദർശിച്ചിട്ടു ഞാൻ തനിയെ പള്ളിയിലേക്കു മടങ്ങുകയായിരുന്നു. സമയം വൈകുന്നേരം ആറുമണി ആയിക്കാണും. കായൽ പ്രദേശമായതുകൊണ്ട് മിക്കവാറും വീടുകളുടെ അടുത്തുകൂടിയും വീട്ടുമുറ്റത്തുകൂടിയുമായിരിക്കും വഴി. ഞാനങ്ങനെ ഒരു വീടിന്റെ മുറ്റത്ത് കൂടി കടന്നു പോരുമ്പോൾ ആ വീട്ടിൽനിന്നും ഒരു യുവതി Fr. John I love you, will you marry me എന്നുച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ട് മുറ്റത്തേയ്ക്കിറങ്ങി എന്റെ പിന്നാലെ വന്നു. ഇതു വല്ലവരും കാണുകയും കേൾക്കുകയും ചെയ്തോ എന്ന ഭയത്തിലുപരി എനിക്കുണ്ടായ പരിഭ്രമം പറഞ്ഞറിയിക്കാൻ സാധ്യമല്ല. ആ പെൺക്കുട്ടി അടുത്തെത്തുന്നതിനു മുമ്പ് ഞാൻ നോടി രക്ഷപ്പെട്ടു. പള്ളിയിൽ ഞാനെത്തിയപ്പോൾ കപ്യാരു പി.ടി. ജോസഫ് കുരിശുമണി അടിക്കാൻ തയ്യാറായി നില്ക്കുന്നു. പരിഭ്രമത്തോടെ ഞാനോടി വരുന്നതുകണ്ട് സരസനായ കപ്യാരു ജോസഫ് ചോദിച്ചു, കൊച്ചച്ചനെന്തു പറ്റി. വല്ല കള്ളുകുടിയന്മാരും വിരട്ടിയോ? എന്നു ചോദിച്ചു. ഞാൻ പറഞ്ഞു, കള്ളുകുടിയനായിരുന്നെങ്കിൽ സഹിക്കാമായിരുന്നു. ഒരു യുവതി എന്റെ പിന്നാലെ കല്യാണം കഴിക്കണമെന്നു പറഞ്ഞു ഓടി എത്തി. കപ്യാര് എന്നെ കളിയാക്കിക്കൊണ്ടു പറഞ്ഞു 'സൗന്ദര്യം കൂടുതലായാൽ ഇങ്ങനെ പലരും പിന്നാലെ വരും' എന്ന്. പിന്നീട് ആ പെൺക്കുട്ടി തലയ്ക്കു സ്ഥിരമില്ലാത്തവളാണെന്നും മുറിയിൽ പൂട്ടി ഇട്ടിരിക്കുകയാണെന്നും അന്നെങ്ങനെയോ പുറത്തുചാടിയതായിരിക്കുമെന്നും പറഞ്ഞു കേട്ടപ്പോൾ എനിക്കു സമാധാനമായി. മറ്റൊരു സംഭവം ഇതിലും വിചിത്രം. ഏതാനും ദിവസങ്ങൾക്കുശേഷം രാത്രി അത്താഴമൊക്കെ കഴിഞ്ഞ് ഞാനും വികാരിയച്ചനും കുറച്ചു സമയം സംസാരിച്ചിരുന്നശേഷം അച്ചൻ കിടക്കാൻ പോയി. പിറ്റേ ദിവസം ഞായറാഴ്ച ആയിരുന്നതുകൊണ്ട് ഞാന്റെ മുറിയിൽ കടന്ന് പ്രസംഗം ഒരുങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ ഇരിക്കുമ്പോൾ എന്റെ കസേരയുടെ പിന്നിൽ നിന്നും ഒരു സ്ത്രീ സ്വരം "എന്താ ഒന്നും മിണ്ടാത്തത്. എന്നോടു പിണക്കമാണോ." ഞാൻ പിന്നോട്ടു തിരിഞ്ഞു നോക്കി. ക്രൃശഗാത്രയായ ഒരു മധ്യവയ്സക എന്റെ പിന്നിൽ കസേരയിൽ പിടിച്ചുകൊണ്ടു നില്ക്കുന്നു. ഇതികർത്തവ്യതാമൂഢനായ ഞാൻ ചാടി എഴുന്നേറ്റ് കുട്ടികളെ തല്ലുന്നതിനായി മേശപ്പുറത്ത് വച്ചിരുന്ന ചൂരൽവടി എടുത്ത് അവർക്കെതിരെ പ്രയോഗിച്ചു. അപ്പോൾ അങ്ങനെ ചെയ്യാനാണ്

എനിക്കു തോന്നിയത്. ഏതായാലും കിട്ടിയ ചൂരൽപ്പഴവുമായി അവൾ പുറത്തു കടന്നതും ഞാൻ വാതിലടച്ച് കുറ്റിയിട്ടതും ഒരുമിച്ചു കഴിഞ്ഞു. കുറെനേരം ഞാൻ കസേരയിലിരുന്ന് സമചിത്തത വീണ്ടെടുത്തശേഷം ചിന്തിച്ചു, ദൈവം എന്താണിങ്ങനെ വീഴ്ചക്കു പര്യാപ്തമായവരായിരുന്നു. പക്ഷേ എന്റെ അമ്മ എന്നെ കാത്തു. രാവിലെ കുർബാന കഴിഞ്ഞപ്പോൾ ഈ വിവരം കപ്യാരു ജോസഫിനോടു പറഞ്ഞു. അപ്പോഴും അവൻ എന്നെ കളിയാക്കി, ഞാൻ മുമ്പ് പറഞ്ഞില്ലേ സൗന്ദര്യം കൂടിപ്പോയിട്ടാണെന്ന്. ഞാനും തമാശിനു തട്ടി വിട്ടു 'എന്നാലിനി താടി മീശ വളർത്തിക്കളയാം.' അക്കാലത്ത് സാധാരണ കപ്പൂച്ചിനച്ചൻമാർ മാത്രമേ താടി വളർത്താറുള്ളൂ. ഇന്നാണെങ്കിൽ പല യുവാക്കൻമാരുടേയും സൗന്ദര്യത്തിന്റെ ഉറവിടം താടിയും മീശയുമാണ്. കപ്യാരു ജോസഫ് ആ സ്ത്രീയുടെ കഥ പറഞ്ഞ് എന്നെ ധൈര്യപ്പെടുത്തി. അവൾ കടപ്പുറത്ത് താമസിക്കുന്ന ഒരു സ്ത്രീയാണ്. അവളുടെ കൊള്ളരുതാത്ത ജീവിതം കൊണ്ട് ഒരു കുട്ടിയുടെ അമ്മയായിത്തീർന്നു. ആ കുട്ടി മരിച്ചു. അതോടെ അവൾക്കു ഭ്രാന്തായി. ഇപ്പോൾ ഇങ്ങനെ അലഞ്ഞു നടക്കുന്നു. ചിലപ്പോൾ സ്കൂൾ വരാന്തയിലും പള്ളിമുറ്റത്തെ കുരിശിൻതറയിലുമൊക്കെ കിടന്നുറങ്ങാറുണ്ട്. കൊച്ചച്ചൻ രാത്രിയായാൽ മുറിയുടെ കതകടച്ചിട്ടേ വായിക്കുകയോ എഴുതുകയോ ചെയ്യാവൂ. അന്നുമുതൽ ഞാൻ മുറിയിൽ പകൽ പോലും വാതിൽ തുറന്നിട്ട് ഇരിക്കാറില്ല.

യാത്രയയപ്പെല്ലാം കഴിഞ്ഞ് രണ്ടു ദിവസങ്ങൾക്കുശേഷം നെടുങ്ങാട്ടേയ്ക്കു പുറപ്പെടുന്നതിനുള്ള തയ്യാറെടുപ്പായി. കുറച്ചു പുസ്തകങ്ങളും വസ്ത്രങ്ങളും മാത്രമാണെടുക്കാനുള്ളത്. അവയെല്ലാം മൂന്നു പെട്ടികളിലായി ഞാൻ നേരത്തെതന്നെ ഒരുക്കി വച്ചിരുന്നു. പള്ളിജോലിക്കാരൻ അവയെല്ലാം ബോട്ടുജെട്ടിയിലേയ്ക്കു കൊണ്ടു പോയി. കുറച്ചാളുകൾ മുറിയുടെ വരാന്തയിലുണ്ട്. അവരോടെല്ലാം യാത്ര പറഞ്ഞ് വികാരിയച്ചനും സ്തുതി ചെല്ലി ഞാനിറങ്ങി. ഞങ്ങളും പോരുന്നു എന്നു പറഞ്ഞ് അവരും എന്റെ കൂടെ ഇറങ്ങി. ജട്ടിയിലേയ്ക്ക് അഞ്ചു മിനിട്ടു നടക്കണം. ജട്ടിയിലെത്തിയപ്പോൾ അവിടെയും കുറേപ്പേർ കൂടിയിട്ടുണ്ട്. അച്ചാബോട്ടു കിടപ്പുണ്ട്. ഞാൻ കയറേണ്ട ബോട്ടു വികാരി അച്ചൻ കാണിച്ചു തന്നു. ഞാനും വികാരി അച്ചനും അതിൽ കയറി. കൂടെ കപ്യാരൻമാർ കെ. സി. ജോസഫും കെ. സി. പൈലിയും കൈക്കാരൻമാരും പിന്നെ പലരും. അതിനു മുമ്പായി അവിടെ കിടന്നിരുന്ന ബോട്ടുകളിൽ കുട്ടികളും അവിടെയുണ്ടായിരുന്ന വിവിധ സംഘടനക്കാരും എല്ലാം സ്ഥലം പിടിച്ചിരുന്നു. ഒരോ സംഘടനക്കാരും ഒരോ ബോട്ടാണത്രേ ഏർപ്പാടു ചെയ്തിരുന്നത്. എല്ലാവരുടെയും മുഖത്ത് ദുഃഖഭാവമാണ് കാണാൻ കഴിഞ്ഞത്. എനിക്കും കരയണമെന്നു തോന്നി. ഞാറയ്ക്കൽക്കാർ എത്ര നല്ലവർ. എന്തൊരു സ്നേഹം. എന്റെ പ്രേഷിതജീവിതത്തിലെ അവിസ്മരണീയമായ ഒരു ഘട്ടമായിരുന്നു. ഞാറയ്ക്കലെ ജീവിതവും അവിടെ നിന്നുള്ള

യാത്ര പറച്ചിലും.

നെടുങ്ങാട്ട് ഇടവകയിൽ എന്നെ കൊണ്ടുചെന്നാക്കിയശേഷം അവരെല്ലാം യാത്ര പറഞ്ഞു പിരിഞ്ഞു. നെടുങ്ങാട്ടെ കൈക്കാരൻമാർ മാത്രം എന്നെ സ്വീകരിക്കുന്നതിനുണ്ടായിരുന്നു. അവിടത്തെ പഴയ വികാരിയും സ്ഥലം വിട്ടിരുന്നു. വയോവൃദ്ധനും രോഗിയുമായിരുന്ന ബഹു. മാഞ്ഞൂരാനച്ചനായിരുന്നു കൊല്ലങ്ങളായി അവിടത്തെ വികാരി. ഒരു കൊച്ചച്ചനെ കിട്ടുവാൻ അവർ വളരെ അധികം ആഗ്രഹിച്ചിരുന്നു. ഞാനൊരു കൊച്ചച്ചനായിരുന്നെങ്കിലും എന്റെ ആഗമനത്തിൽ അവർ സന്തുഷ്ടരും സംതൃപ്തരുമായി എനിക്കനുഭവപ്പെട്ടില്ല. കാരണം വ്യക്തമാണല്ലോ. ഞാനവിടെ ആറു മാസത്തേക്കേ ഉണ്ടാകൂ എന്ന് അവർക്കെല്ലാവർക്കും അറിയാമായിരുന്നു. പരിഷ്ക്കാരികളും വിദ്യാസമ്പന്നരുമായിരുന്ന ഞാറയ്ക്കൽ നിവാസികളുടെ അടുത്തു നിന്നും നെടുങ്ങാട്ടേക്കു വന്നപ്പോൾ ഞാറയ്ക്കൽ കടപ്പുറത്തെ കപ്പേളയിലെ എന്റെ പ്രേഷിതരംഗമാണ് ഓർമ്മ വന്നത്. അതുപോലെയുള്ള ആളുകളും സമ്പ്രദായവും. രണ്ടുമൂന്നു വീട്ടുകാരൊഴിച്ചാൽ എല്ലാവരും തന്നെ സാധുക്കളും ജോലിക്കാരുമായിരുന്നു. പള്ളിയുടെ സ്ഥിതിയായിരുന്നു ഏറെ കഷ്ടം. വൃത്തിഹീനമായ ഒരു പള്ളിമേട. മുകളിലത്തെ മുറി അച്ചന്റെ കിടപ്പറ. താഴത്തെ നിലയിൽ കുശിനിയും ഊണുമുറിയും ചപ്പും ചവറും ഇടുന്ന ഒരു സ്ഥലവും. ചെന്ന ഉടനെ കിട്ടിയ അവസരം ഉപയോഗിച്ച് ഒരു കുശിനിയും ഊണുമുറിയും സൗകര്യപ്രദമായ വിധത്തിൽ ഞാനുണ്ടാക്കി. ഇടവകക്കാർക്ക് അതിൽ പ്രതിഷേധവുമുണ്ടായില്ല. അവർക്കറിയാമായിരുന്നു അതൊരാവശ്യമാണെന്ന്. ആറു മാസമേ ഉള്ളല്ലോ എന്ന ചിന്ത എന്നേയും കാര്യമായ പ്രവർത്തനങ്ങൾക്ക് പ്രേരിപ്പിച്ചില്ല. എന്നിരുന്നാലും വേദപാഠക്ലാസ്സുകൾ, തിരുബാലസഖ്യം തുടങ്ങി നിലവിലുണ്ടായിരുന്ന പ്രസ്ഥാനങ്ങളെ ഒന്നുണർത്തി എടുക്കാൻ കഴിഞ്ഞു. വീടു സന്ദർശനങ്ങൾക്കൊന്നും ഞാൻ മതിർന്നില്ല. ആളുകളുമായി അധികം അടുക്കുന്നതിനോ പരിചയപ്പെടുന്നതിനോ ഞാൻ സമയം കളഞ്ഞില്ല. പള്ളിമുറ്റം അവസാനിക്കുന്നത് കായലോരത്താണ്. എല്ലാദിവസവും വൈകുന്നേരം ആ കായലോരത്ത് പോയി നിന്ന് അതിലെ കടന്നു പോകുന്ന വഞ്ചികളെയും മീൻപിടിത്തക്കാരെയും നോക്കി കുറെ നേരം നില്ക്കും. അപ്പോൾ ആ സമയത്ത് ഞാറയ്ക്കൽ പള്ളി മുറ്റത്തെ കോലാഹലങ്ങളും കളികളും എല്ലാ മനോമുകരത്തിലൂടെ കടന്നു പോകും. അങ്ങനെ ആറു മാസം ഇഴഞ്ഞുനീങ്ങി. പുതിയ വികാരി അച്ചൻ വന്നു. ഞാനന്നുതന്നെ ചുണങ്ങുംവേലിയിലേക്കു യാത്രയായി.

## ചുണങ്ങുംവേലിയിൽ

നെടുങ്ങാട്ടുനിന്നും ബോട്ടുമാർഗ്ഗം എറണാകുളത്തെത്തി. പോകുന്ന വഴി അരമനയിൽ കയറി പിതാവിനേയും സെക്രട്ടറി അച്ചനേയും കണ്ടിട്ടു

പോകണമെന്നു തോന്നി. പിതാവു പറഞ്ഞു: 'ചുണങ്ങംവേലിയിൽ നല്ല ജോലി ഉണ്ടായിരിക്കണം. ഒക്കെ നോക്കിക്കണ്ട് ചെയ്തുകൊള്ളണം.' സെക്രട്ടറി അച്ചൻ ചുണങ്ങംവേലിയിലെ ഏകദേശരൂപം തന്നെ പറഞ്ഞു മനസ്സിലാക്കി, അവിടത്തെ ജോലിയുടെ സ്വഭാവവും. എല്ലാം വരുന്നിടത്തുവച്ചുകാണാമെന്നഭാവത്തിൽ ഞാൻ ചുണങ്ങംവേലിക്കു തിരിച്ചു. ഞാനവിടെ ചെല്ലുമ്പോൾ പഴയ വികാരി ചെറുപറമ്പിൽ ബഹു. തോമസച്ചൻ അവിടെ ഉണ്ടായിരുന്നു.അദ്ദേഹം എല്ലാകാര്യങ്ങളും വിശദമായി വിവരിച്ചുതന്നു. കണക്കുകളും അതനുരിച്ചുള്ള പണവും എന്നെ ഏല്പിച്ച് അദ്ദേഹവും സ്ഥലംവിട്ടു. അന്നവിടെ എന്നെ സ്വീകരിക്കുന്നതിന് മൂന്നു പേരാണുണ്ടായിരുന്നത്. ഒന്ന് കപ്യാരു പാപ്പച്ചൻ, രണ്ട് അവന്റെ പിതാവും അതിരൂപതവക വസ്തുക്കളുടെ നോട്ടക്കാരനുമായ ഏറോൻ എന്നറിയപ്പെടുന്ന ഔസേപ്പും, നാട്ടുപ്രമാണിയെന്ന് അഭിമാനിച്ചു നടക്കുന്ന കണിയെടിക്കൽ അന്തോണിയും. അവർ പള്ളിയും മുറിയും പരിസരങ്ങളും എനിക്കു പരിചയപ്പെടുത്തി. പണിതീരാത്ത പള്ളി. വെറും ഒരു ഹോൾ. സങ്കീർത്തിയില്ല, മദുബഹയില്ല, മുഖവാരവുമില്ല. ആ ഹോളിന്റെ കിഴക്കേ അറ്റത്ത് മധ്യത്തിലായി ഇട്ടിരിക്കുന്ന ഒരു മേശയാണ് അൾത്താര. അൾത്താരയും മദുബഹായും പണിതീരാത്തതുകൊണ്ട് വി. കുർബാന സൂക്ഷിച്ചിരുന്നില്ല. കുർബാനക്കുപ്പായവും മറ്റും സൂക്ഷിക്കുന്നതിന് ഹോളിന്റെ മൂലയിൽ ഒരു അലമാരി വച്ചിരുന്നു. പള്ളിയുടെ തറ സിമന്റു ചെയ്തിരുന്നില്ല, ചാണകംകൊണ്ടു മെഴുകിയതായിരുന്നു. പള്ളി കണ്ട ശേഷം മുറിയിലേക്കു കടന്നു. മൂന്നു മുറികളും മുൻവശത്ത് നെടുകെ ഒരു വരാന്തയും, പുറകുവശത്ത് പകുതി വരാന്തയും പകുതി ഒരു ചെറിയ മുറിയും. ആ മുറിയിൽ ഒരു കട്ടിലുണ്ടായിരുന്നു. അതാണത്രേ വികാരി അച്ചന്റെ കിടപ്പുമുറി. ചെറുവരാന്തയിൽ ഒരു മേശയും അതിന്റെ ഇരുവശങ്ങളിലായി ഓരോ ബഞ്ചും. ഇതാണ് അച്ചന്റെ ഊണുമുറി. മൂന്നുമുറികളിൽ ഒന്ന് വികാരിയുടെ ഔദ്യോഗികമുറി. മറ്റൊന്ന് കുരിശ് കുട മുതലായ പള്ളിസാമാനങ്ങൾ വയ്ക്കുന്നതിനുള്ളത്. മൂന്നാമത്തെ മുറി റബ്ബർഷീറ്റ് സൂക്ഷിക്കുന്നതിന്. ഇതൊല്ലാം കണ്ടപ്പോൾ മനസ്സിന് ആകപ്പാടെ ഒരു വിഷമം. കുറുനരികൾക്കു മാളങ്ങളും കുരുവികൾക്കു കൂടുകളുമുണ്ട്, മനുഷ്യ പുത്രന് തല ചായിക്കാൻ ഇടമില്ല എന്ന ദിവ്യനാഥന്റെ വാക്കുകളാണ് അപ്പോൾ ഓർമ്മയിൽ വന്നത്. മനുഷ്യപുത്രനേക്കാൾ പതിന്മടങ്ങ് മെച്ചമാണല്ലോ ഇത് എന്നോർത്ത് സമാധാനപ്പെട്ടു. ഇ വരാന്തയിൽ നിന്ന് അഞ്ചാറു നട ഇറങ്ങിവേണം കുശിനിയിടേ ലക്കു പോകുവാൻ. അവിടെ നിന്നും അര ഫർലോങ്ങ് നടന്നാലേ കക്കൂസിലെത്തുകയുള്ളൂ. എല്ലാം ദൈവതിരുമനസ്സിന് കയ്യാളിച്ചു കൊണ്ട് ആദ്യരാത്രി കഴിച്ചുകൂട്ടി. കാര്യമായി ഉറങ്ങാൻ സാധിച്ചില്ല. രാവിലെ ഉണർന്ന് ഒരുങ്ങി പള്ളിയിലേക്കു പോയി. കുർബാനയ്ക്ക് ഒരുങ്ങിയിട്ട് കുമ്പസാരക്കൂട്ടിലേക്കു പോകാം, കുർബാനയ്ക്കു മുമ്പ് കുമ്പസാരം തീർന്നില്ലെങ്കിൽ കുർബാന കഴിഞ്ഞ് കുമ്പസാരം തുടരാം. എന്നിങ്ങനെ കണക്കുകൂട്ടിക്കൊണ്ടാണ്

പള്ളിയിലേക്കു ചെന്നത്. പക്ഷേ കണക്കുക്കൂട്ടലെല്ലാം തെറ്റി. പള്ളിയകം ശൂന്യമായിരുന്നു. കപ്യാർ മാത്രമുണ്ട്. കുർബാന തുടങ്ങുമ്പോഴെയ്ക്കും ആളുകളെത്തുമെന്ന് കരുതി. പക്ഷേ തലേ ദിവസം കണ്ട നടത്തകാരനോ നാട്ടുപ്രമാണിയോ ആരേയും പള്ളിയിൽ കണ്ടില്ല. രണ്ടോ മൂന്നോ സ്ത്രീകൾ, അതു അന്നത്തെ ഭാഷയിൽ പുതുക്രിസ്ത്യാനികൾ, ഇന്നത്തെ ഭാഷയിൽ ഹരിജനങ്ങൾ. കുർബാന കഴിഞ്ഞ് ഞാൻ കപ്യാരോടു ചോദിച്ചു. എല്ലാദിവസവും ഇങ്ങനെ ആണോ? അവൻ പറഞ്ഞു. ശനിയാഴ്ച ദിവസങ്ങളിൽ പത്തു നാല്പതുപേർ കാണും. ഞായറാഴ്ച നൂറുപേരോളം കാണും. ഞാൻ മുറിയിൽ ചെന്ന് ആത്മസ്ഥിതിപ്പുസ്തകം എടുത്തു നോക്കി എഴുപതിൽ താഴെ വീട്ടുകാരേ ഉള്ളൂ. ചുണങ്ങംവേലി ഇടവകയിൽ അതിൽ ഭൂരിഭാഗവും പുതുക്രൈസ്തവരാണ്. ഇരുപതിൽതാഴെ പഴയ ക്രിസ്ത്യാനികൾ. എല്ലാവരും തന്നെ കൂലിവേലക്കാരാണ്. ഇതാണ് വികാരിയായിട്ട് ആദ്യം എനിക്കു കിട്ടിയ പ്രേഷിതരംഗം. ചുണങ്ങംവേലി പ്പള്ളിക്ക് ഒരു കുരിശുപള്ളിയുണ്ട്. വടക്കേ വാഴക്കുളത്ത് മാറമ്പിള്ളി എന്നറിയപ്പെടുന്ന സ്ഥലത്ത്. സുപ്രസിദ്ധ ധനശാസ്ത്ര വിദഗ്ധനായ ശ്രീമാൻ പി.ജെ തോമസിന്റെ വാസസ്ഥമാണ് മാറമ്പിള്ളി. നൂറുകണക്കിന് ഏക്കറുകൾ തോമസ്സിന് അവിടെയുണ്ട്. എല്ലാം രബർ തോട്ടങ്ങൾ. തോട്ടത്തിന്റെ ഒരു മൂലയിൽ അദ്ദേഹം സൗജന്യമായി നല്കിയ സ്ഥലത്ത് അദ്ദേഹം തന്നെ പണിയിച്ച ഒരു ചെറിയ പള്ളിയാണവിടത്തേത്. ആ പള്ളിയിൽ ഞായറാഴ്ച മാത്രം ഒരു കുർബാന ചൊല്ലിയാൽ മതി. ഇടവകാരുടെ എണ്ണം കൈവിരലിൽ എണ്ണാൻമാത്രമേയുള്ളൂ. കുറച്ചു തോട്ടം തൊഴിലാളികളും അവിടെ സ്ഥിരതാമസക്കാരായ അഞ്ചോ ആറോ കുടുംബക്കാരും. അങ്ങനെ ഇടവകയുടെ  ഇടവക എന്നു പറയുന്നതിലും ശരി പള്ളികളുടെ എന്നു പറയുന്നതായിരിക്കും- വികാരിയാണു ഞാൻ. രണ്ടു മിഷൻരംഗങ്ങൾ. വികാരി എന്ന നിലയ്ക്ക് കാര്യമായ ജോലി ഒന്നും ഇല്ല. എന്നാൽ വിശ്രമത്തിനു പോലും സമയം കിട്ടാത്ത ജോലി അവിടെ എനിക്കുണ്ടുതാനും. അതിരൂപയ്ക്ക് നൂറു ഏക്കറിനുമേൽ തോട്ടങ്ങൾ അവിടെ ഉണ്ട്. തോട്ടങ്ങളിലെ പ്രധാന കൃഷി റബറും കശുമാവും. ആദായം വളരെ തുച്ഛം. പള്ളി ഇടവകക്കാരുടെ എന്നു പറഞ്ഞുകൂടാ. അതിരൂപതയുടെ പ്രത്യേക മേൽനോട്ടത്തിലിരിക്കുന്ന ഒരു മിഷൻപള്ളി. സ്ഥലത്തെ ആദായം പോരാതെ വരുമ്പോൾ പോരായ്മകളെല്ലാം അരമനയിൽ നിന്നും ലഭിക്കും. പള്ളിക്കായി ഒരേക്കർ സ്ഥലവും പത്തു പറയ്ക്കു നിലവും അരമനയിൽ നിന്നും വിട്ടു തന്നിട്ടുണ്ട്. നിലം പാട്ടത്തിനു കൊടുത്തിരിക്കുകയാണ്. ഒരു പൂവുമാത്രം കൃഷിചെയ്യുന്ന മോശപ്പെട്ട ആ നിലത്തിൽ നിന്നും കിട്ടുന്ന പാട്ടം കഷ്ടിച്ച് അച്ചന്റെ ചെലവിനുതികയും. റബർ വെട്ടിക്കിട്ടുന്നത് വെട്ടുകാരുടേയും നോട്ടക്കാരന്റെയും ശുഷ്കാന്തി കൊണ്ട് കശുവണ്ടി മിക്കവാറും നാട്ടുകാർ കൊണ്ടുപോകും. വീതം നോട്ടക്കാരനും കിട്ടും. തോട്ടങ്ങൾ മിക്കവാറും ശൂന്യമായിരുന്നെന്നു പറയാം. വർഷം തോറും തോട്ടങ്ങൾക്കുചുറ്റും വേലി കെട്ടുന്നതിന് അരമനയിൽ നിന്നും

ഒരു നല്ല തുക തന്നുകൊണ്ടിരുന്നു. അതിലും കാര്യമായ ഒരു പങ്ക് നോട്ട ക്കാരന്റെ കീശയിൽപ്പോകും. ഞാൻ ചാർജ്ജെടുക്കുമ്പോളുള്ള ഏകദേശ ചിത്രമാണിത്.

ഏതാനും ദിവസങ്ങൾകൊണ്ട് കാര്യങ്ങലുടെ നിജസ്ഥിതി മനസ്സി ലാക്കിയശേഷം നോട്ടക്കാരന്റെ അധികാരത്തിൽ ഞാനല്പം കൈകടത്തി. അയാളുടെ ചില ജോലികൾ ഞനേറ്റെടുത്തു. അതുവഴി എന്റെ കയ്യിൽ കുറച്ചു കാശു വന്നു. ആ പണംകൊണ്ട് ഞാനാദ്യം ചെയ്തത് പള്ളിയിൽ മദുബഹ തിരിക്കുകയും അൾത്താരയും സക്രാരിയും സ്ഥാപിക്കുകയും സങ്കീർത്തി തിരിക്കുകയും ആണ്. അങ്ങനെ വി. കുർബാന സ്ഥാപിച്ച പ്പോൾത്തന്നെ ഒരു എശ്വര്യം കൈവന്നു. പാവങ്ങളായ നാട്ടുകാർക്കും സന്തോഷമായി. കുറേശ്ശ കുറേശ്ശേ ആയി പള്ളിയിലെ കാര്യങ്ങൾ ഒരു വിധം ക്രമപ്പെടുത്തിയശേഷം എന്റെ ശ്രദ്ധ തിരിഞ്ഞത് കൃഷിയിലേക്കാ ണ്. റബറിനും കശുവണ്ടിക്കും തീരെ വിലയില്ലാത്ത കാലം. പുൽത്തൈ ലത്തിനാണെങ്കിൽ നല്ല വിലയും. അതിരൂപതാപ്രൊക്കുറേറ്ററുടെ സമ്മത ത്തോടും സഹായത്തോടും കൂടി എട്ടുപത്തേക്കർ സ്ഥലം പുൽകൃഷി ചെയ്തു. വിളവെടുപ്പു സമയമായപ്പോഴെയ്ക്കും ഒരു പുരയും ചെമ്പും ഇതര സാമഗ്രഹികളും സംഘടിപ്പിച്ചു. ആദ്യത്തെ വിളവെടുപ്പിൽത്തന്നെ പുൽകൃഷിക്കുവേണ്ടിവന്ന സകല ചെലവും കിട്ടി. പിന്നീടുള്ള വിളവെടു പ്പുകൾ ആദായവുമായി. അതിൽപ്പിന്നെ വേലികെട്ടിനോ കൃഷി ആവശ്യ ങ്ങൾക്കോ മറ്റു കാര്യങ്ങൾക്കോ അരമനയെ ആശ്രയിക്കേണ്ടിവന്നിട്ടില്ല. മിച്ചം വരുന്ന തുക അരമനയിൽ ഏല്പിക്കാനും സാധിച്ചു എന്ന കാര്യം അഭിമാനപൂർവ്വം ഞാൻ സ്മരിക്കുന്നു.

ഏറ്റവും ബുദ്ധിമുട്ടായി തോന്നിയിരുന്നത് ഞായറാഴ്ചതോറും മാറ മ്പിള്ളിക്കുള്ള പോക്കാണ്. ചുണങ്ങംവേലിയിൽ രാവിലെ കുർബാനയും വേദപാഠവും കഴിഞ്ഞാണ് മാറമ്പിള്ളിൽ കുർബാനയ്ക്കു പോകുക. യാത്രയോ മനുഷ്യൻ വലിക്കുന്ന ഒരു റിക്ഷാ വണ്ടിയിൽ വണ്ടി ഓടുന്ന റോഡാണെങ്കിൽ കുണ്ടും കുഴിയും കല്ലും കട്ടയും നിറഞ്ഞത്. ഇന്നത്തേ പ്പോലെ റോഡു ടാറു ചെയ്തിരുന്നില്ല. ബസ്സുമുണ്ടായിരുന്നില്ല. കുർബാന കഴിയാതെ പച്ചവെള്ളം പോലും കുടിക്കാൻ അനുവാദമില്ലാത്ത കാലം. മാറമ്പിള്ളിയിലെ കുർബാന കഴിയുമ്പോൾ പള്ളിക്കു തൊട്ടടുത്തുള്ള വെമ്പന ജോണിന്റെ ഭാര്യ ഒരു കപ്പു കാപ്പിതരും. ഞാനാകുടുംബത്തെ ഇപ്പോഴും നന്ദിപൂർവ്വം സ്മരിക്കുന്നു. ജോൺ ശ്രീ. പി. ജെ. തോമസിന്റെ ഓട്ടുകമ്പനിയിലെ ക്ലാർക്കാണ്. അയാളുടെ ഭാര്യ ഒരു ഭക്തിഭ്രാന്തിയും നേർച്ചകാഴ്ചകൾ കൊണ്ട് ഭർത്താവിന്റെ വരുമാനത്തിൽ ഒരു നല്ല ഭാഗം തീർക്കും. ഇവരിന്നു ജീവിച്ചിരിപ്പുണ്ടോ എന്നറിഞ്ഞുകൂടാ. മാറമ്പിള്ളിയിൽ നിന്ന് അവർ നാട്ടിലേക്കു പോയി എന്നറിയാം. അയാൾ ഇന്ന് നിർമ്മലാ കോളേജിൽ പ്രൊഫസറാണെന്നാണ് എന്റെ അറിവ്.

ചുണങ്ങംവേലി മാറമ്പിള്ളി പള്ളികളിലെ വികാരി ജോലിക്കും തോട്ടം മാനേജരുടെ ജോലിക്കും പുറമെ എനിക്കു മറ്റൊരു ജോലിയും കൂടി ഉണ്ടായിരുന്നു. ചുണങ്ങംവേലി അഗതികളുടെ സഹോദരികളുടെ നോവിസസിന്റെ ക്ലാസ്സും ഉപദേശവും അവരുടെ കുമ്പസാരവും. ആഴ്ച യിൽ മൂന്നു ദിവസവും ഇതിനായി മാറ്റിവച്ചിരുന്നു. പഠിപ്പിക്കുന്ന കാര്യം എനിക്കിഷ്ടമുള്ള ഒന്നായിരുന്നതുകൊണ്ട് ഈ ജോലിയിൽ ഞാൻ സംതൃപ്തി കണ്ടെത്തി. ക്ലാസ്സുകളും ഉപദേശങ്ങളും ഒരുങ്ങിത്തന്നെയാണ് നടത്തിയിരുന്നത്. ഇടവകയിൽ കാര്യമായ ജോലി ഒന്നുമില്ലാതിരുന്നതു കൊണ്ട് ഈ ജോലിക്കു സമയം കണ്ടെത്താനും ബുദ്ധിമുട്ടുണ്ടായിരുന്നി ല്ല. അങ്ങനെ അഞ്ചു ബാച്ചുകാർക്കു പരിശീലനം നല്കാൻ സാധിച്ചത് ഒരു നേട്ടമായി ഞാൻ കാണുന്നു. അഞ്ചാമത്തെ ബാച്ച് അവസാനിക്കുന്ന അവസരത്തിൽ അവർക്കും നിത്യവ്രതം സ്വീകരിക്കുന്ന ഇരുപതിൽപ്പരം സന്യാസിനികൾക്കും ഒരു മാസത്തെ ധ്യാനം കൊടുക്കുന്നതിനുള്ള അസു ലഭഭാഗ്യവും എനിക്കു കൈവന്നു. അകസ്മികമായിട്ടാണ് അതു സംഭ വിച്ചത്. ഒരു ദിവസം മോൺ. ജോർജ്ജ് വല്ലാരമ്പത്ത് (അവരുടെ ഡയറ ക്ടർ) എന്നെ കാണണമെന്ന് ആവശ്യപ്പെട്ടു. ഞാൻ ചെന്നപ്പോൾ അദ്ദേഹം പറയുകയാണ് ആ കൊല്ലം ഒരു മാസത്തെ ധ്യാനം നട ത്തിക്കൊടുക്കാമെന്ന് ഏറ്റിരുന്ന ബാംഗ്ലൂരിൽ നിന്നുമുള്ള ഒരു വൈദി കനു പെട്ടെനുണ്ടായ അസുഖം മൂലം വരാൻ സാധിക്കില്ലെന്നു ടെലഗ്രം കിട്ടിയത്രേ. അതുകൊണ്ട് ഒരുമാസത്തെ ധ്യാനം ഞാൻ നടത്തികൊടു ക്കണം പോലും. എന്നിൽ മോൺസിഞ്ഞോർ അർപ്പിച്ച വിശ്വാസത്തിൽ ആത്മനാ ഞാൻ അഭിമാനം കൊണ്ടെങ്കിലും എന്നെ ഏല്പിച്ച ജോലി യുടെ ഗൗരവവും ഭാരവും ഓർത്തപ്പോൾ ഞാൻ ഇതികർത്തവ്യതാ മൂഢ നായിപ്പോയി. ധ്യാനത്തിന് അവശേഷിക്കുന്നത് കേവലം നാലഞ്ചു ദിവ സങ്ങൾ മാത്രം. ഞാൻ ഒന്നും പറയാതെ കുറച്ചുനേരം നിന്നു. വീണ്ടും അദ്ദേഹം പറഞ്ഞു. 'എന്താ ഇത്ര ആലോചിക്കാൻ. ധ്യാനം നടത്തിയേ മതിയാവൂ.' സുഗ്രീവാജ്ഞയല്ലേ. ഞാൻ സമ്മതം മൂളി പള്ളിയിലേക്കു പോന്നു. അപ്പോൾത്തന്നെ ധ്യാനക്കുറിപ്പുകൾ തയ്യാറാക്കുവാൻ തുടങ്ങി. ധ്യാനദിവസം സമാഗതമായി. എങ്ങനെ ആവുമെന്നുള്ള ഭയം ഏറെയു ണ്ടായിരുന്നു. നന്നായി പ്രാർത്ഥിച്ച് എല്ലാം ദൈവത്തിലർപ്പിച്ച് ധ്യാനം തുടങ്ങി. മൂന്നു ദിവസത്തെ ധ്യാനം കഴിഞ്ഞതോടെ എന്റെ കയ്യിലെ കോപ്പും തീർന്നു. പിന്നെ ഒരോ ദിവത്തേക്കുമുള്ള മാറ്റർ അതതു രാത്രി യിൽ കുത്തിയിരുന്ന് ശേഖരിക്കേണ്ടി വന്നു. മിക്കവാറും രണ്ടു മണിക്കോ മൂന്നു മണിക്കോ ആണ് ഉറങ്ങാൻ പോകുക. അങ്ങനെ രണ്ടാഴ്ചകൾ തള്ളി വിട്ടു. രാത്രി മുഴുവനും ഒരുങ്ങാനും പകൽ മുഴുവനും സംസാരി ക്കാനും ഇടവേളകൾ കുമ്പസാരത്തിനുമായി ചെലവഴിച്ചു. വിശ്രമ രഹി തമായ ദിവസങ്ങൾ. സുപ്രസിദ്ധ ധ്യാനഗുരുവായ മോൺ. മാത്യു മങ്കുഴി ക്കരിയുടെ വാക്കുകളിൽ പറഞ്ഞാൽ 'കടുംവെട്ടു തന്നെ.' ഞാൻ മാന സികമായും ശാരീരകമായും ക്ഷീണിതനായി. പോരെങ്കിൽ ആ ദിവസങ്ങ

ളിൽ ഇടവകയിൽ പല സ്ഥലത്തും മസൂരിയും തല പൊക്കി. ദിവസവും ഒന്നുരണ്ടുപേർ വീതം മരിച്ചുകൊണ്ടിരുന്നു. അന്ന് മസൂരിബാധിതർക്കു അന്ത്യകൂദാശകൾ കൊടുക്കുന്നതിനോ അവരുടെ ശവസംസ്കാരത്തിൽ പങ്കെടുക്കുന്നതിനോ വൈദികർ പോകാറില്ല. അതൊരാശ്വാസമായി തോന്നിയെങ്കിലും ഇടയന് ആടുകൾ പട്ടിണി കിടന്നു ചാകുന്നതു കാണുമ്പോൾ ഉണ്ടാകുന്ന മാനുഷിക സംഘർഷം എന്നേയും പിടികൂടാതിരുന്നില്ല. ആ വിഷമം കൂടെ ആയപ്പോൾ ഞാൻ നന്നേ അവശനായി. അക്കാലത്ത് മസൂരി വന്നു മരിക്കുന്നവരെ പകൽ സംസ്കരിക്കാരില്ല. രാത്രിയിൽ അതും മദ്യപിച്ച് പൂസ് ആയശേഷമാണ് സംസ്കാരച്ചടങ്ങുകളിൽ സ്വന്തക്കാർപോലും പങ്കെടുത്തിരുന്നത്. രാത്രിയിൽ ധ്യാന പോയിന്റുകൾ ഒരുങ്ങികൊണ്ടിരിക്കുമ്പോഴാണ് എന്റെ മുറിയെ തൊട്ടുരുമ്മി പോകുന്ന റോഡിലൂടെ ആടിയും പാടിയും മൃതദേഹവും വഹിച്ചു കൊണ്ട് സെമിത്തേരിയിലേക്കുള്ള പുറപ്പാട്. സ്വാഭാവികമായി വലിയ പേടിക്കാരനായിരുന്ന എന്നെ ഈ സംഭവവും ഏറെ അലട്ടി എന്നു പറയേണ്ടതില്ലല്ലോ. എന്തിനേറെ മനസ്സു നീറിയും ശരീരം തളർന്നും ഒരു വിധത്തിൽ ഒരു മാസത്തെ ധ്യാനം പൂർത്തിയാക്കി. സമാപന ദിവസത്തിലെ സഹോദരിമാരുടെ നല്ല വാക്കുകൾക്ക് എന്നെ ഉന്മേഷവാനാക്കാനായില്ല. ഞാനത്രയും ക്ഷീണിതനായിരുന്നു. മസൂരി എന്നേയും പിടികൂടുമോ എന്ന ഭയവും ഉണ്ടാകാതിരുന്നില്ല. നല്ലവനായ ദൈവം അങ്ങനെ ചെയ്യുമോ. ഏതായാലും മസൂരി പിടിപ്പെട്ടില്ലെങ്കിലും പിറ്റേ ദിവസം മുതൽ ഞാൻ രോഗിയായി കിടപ്പിലായി. Nerves breakdown. അത്യദ്ധ്വാനവും ഉറക്കമിളയ്ക്കലും അതിലുപരി മാനസിക സംഘർഷവും കൂടി എന്നെ തളർത്തിക്കളഞ്ഞു. തൃപ്പൂണിത്തുറയിൽ നിന്നും ഒരു ആയൂർവ്വേദ വൈദ്യന്റെ ചികിത്സ ആരംഭിച്ചു. കഷായം, ചൂർണ്ണം, തളം തുടങ്ങി പലവിധ ചികിത്സകൾ. രോഗലക്ഷണങ്ങൾ ഉറക്ക മില്ലായ്മയും ഭയപ്പാടും. ചിന്തിക്കുന്നതെല്ലാം ഭയത്തിനു കാരണമായിരുന്നു. വൈദ്യൻ എന്റെ കൂടെ താമസിച്ചാണ് ചികിത്സ. ഏതാണ്ട് മൂന്നാഴ്ചയോളം അങ്ങനെ കഴിഞ്ഞു. ആ അവസരങ്ങളിൽ മഠത്തിലെ ക്ലാസ്സും ഇതര ജോലികളും നടത്തുന്നതിന് സാധിച്ചില്ല. എന്തുകൊണ്ടാണ് ഞാൻ അവയ്ക്കു മുടക്കം വരുത്തിയതെന്ന് കന്യാസ്ത്രീകൾ ഒട്ടുമ്പേഷിച്ചതുമില്ല. മൂന്നാഴ്ച കഴിഞ്ഞപ്പോൾ എറണാകുളത്തു നിന്നും സഹായ മെത്രാൻ പാറേക്കാട്ടിൽ തിരുമേനിയുടെ ഒരെഴുത്ത്. "ആഴ്ചകളായി അച്ചൻ നോവിസസിന്റെ ക്ലാസ്സും ഉപദേശവും മുടക്കം വരുത്തിയിരിക്കുന്നുവെന്നറിയുന്നു. ഭാവിയിൽ അവർ ഇടവകകളിലും മറ്റു വേദപാഠം പഠിപ്പിക്കേണ്ടവരല്ലേ. അതുകൊണ്ട് തുടർന്ന് മുടങ്ങാതെ ക്ലാസ്സെടുത്തു കൊടുക്കണം." ഇതാണ് കത്തിലെ ചുരുക്കം. മാനസികമായി ക്ഷീണിതനായിരുന്ന എന്നെ ഈ കത്ത് എത്ര മാത്രം തളർത്തി എന്ന് ഊഹിക്കാമല്ലോ. എന്റെ മുഖഭാവം മനസ്സിലാക്കിയ വൈദ്യർ കത്ത് എന്റെ കയ്യിൽ നിന്നും തട്ടിപ്പറിച്ച് ശാന്തനാകാൻ എന്നെ ഉപദേശിപ്പിച്ചു. എനിക്കു തീരെ സുഖമില്ല. അതുകൊണ്ടാണ് ക്ലാസ്സ് മുടക്കിയതെന്ന് മാത്രം ഒരു മറുപടികൊടുത്തു

കൊണ്ടു ചികിത്സ തുടർന്നു. ഇത്രയുമായിട്ടും എനിക്കെന്തുപറ്റി എന്ന് ഒന്നന്വേഷിക്കുകപോലും ചെയ്യാതെ ആ കന്യാസ്ത്രീകൾ അധികാരികളുടെ പക്കൽ പരാതിപ്പെട്ടതിൽ ഞാൻ അത്ഭുതപ്പെടുന്നു. കന്യാസ്ത്രീകൾക്കുപകാരം ചെയ്താൽ കിട്ടുന്ന കൂലി!!!

അസുഖം ഏതാണ്ട് മാറി എങ്കിലും വിശ്രമം ആവശ്യമാണെന്ന് വൈദ്യൻ വിധിച്ചു. അതനുസരിച്ച് ഞാൻ എറണാകുളത്തുപോയി വലിയ പിതാവിനെ കണ്ട് കാര്യങ്ങൾ ബോധിപ്പിച്ചു. സ്നേഹനിധിയായ ആ പിതാവ് പറഞ്ഞ വാക്കുകൾ ഒരിക്കലും മറക്കാൻ സാധിക്കുകയില്ല. തന്നെ ചെവ്വരയ്ക്കു മാറ്റാൻ ഏർപ്പാടു ചെയ്യാം. അവിടെ വലിയ ജോലി ഒന്നുമില്ല. ഒരു കുർബാന ചൊല്ലണം. മൂന്നോ നാലോ പേർ കുമ്പസരിക്കാനുണ്ടാകും. അടുത്ത ഇടവകയായ എടാട്ട് തന്റെ സുഹൃത്ത് അറുകാലി അച്ചനാണ്. ഒപ്രുശുമ, ശവസംസ്ക്കാരം തുടങ്ങിയ കാര്യങ്ങളൊക്കെ അയാളോടു നടത്തിത്തരാൻ പറയാം. പുഴ അടുത്തായതുകൊണ്ട് രണ്ടുനേരവും കുളിച്ച് ശരിക്കും വിശ്രമിക്കാം. അങ്ങനെ രണ്ടാഴ്ചയ്ക്കകം എനിക്കു ചുനണങ്ങുംവേലിയിൽ നിന്നും ചൊവ്വരയ്ക്കുള്ള സ്ഥലമാറ്റ കല്പനയും കിട്ടി.

ചൊവ്വരയ്ക്ക് കടക്കുന്നതിനുമുമ്പ് ചുണങ്ങുംവേലിയിൽ എനിക്കു ചെയ്യാൻ സാധിച്ച ഒരു നല്ല കാര്യത്തെക്കുറിച്ച് ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. മഠത്തിന്റെ പറമ്പിന്റെ പടിഞ്ഞാറേ അതിർത്തിയിൽ മൂന്നു റോഡുകൾ സന്ധിക്കുന്ന ചൂണ്ടി എന്നറിയപ്പെടുന്ന ഒരു സ്ഥലമുണ്ട്. രണ്ടു വശത്തുകൂടി വരുന്ന റോഡ് സന്ധിക്കുന്ന സ്ഥലമായതുകൊണ്ട് പറമ്പിന്റെ അറ്റം ഒരു തൃകോണാകൃതിയിലാണ് കിടക്കുന്നത്. അവിടെ ഒരു കപ്പേള പണിയിക്കണമെന്ന് എനിക്കൊരാഗ്രഹം. അതിന് സ്ഥലം കിട്ടണം. മോൺ. വല്യറമ്പത്തിനെ ഞാൻ സമീപിച്ചു. അദ്ദേഹത്തിന് വലിയ ഇഷ്ടമൊന്നുമുണ്ടായിരുന്നില്ല. വലിയ പിതാവിന്റെ നിർദ്ദേശവും കൂടി ആയപ്പോൾ എന്റെ നിർബന്ധത്തിന് അദ്ദേഹം വഴങ്ങി. കപ്പേള പണിയുന്നതിനുള്ള കല്പനയും അതിരൂപതാകച്ചേരിയിൽ നിന്നും കിട്ടി. കപ്പേളപണിക്കുള്ള പണം കുറച്ചൊക്കെ പാവപ്പെട്ട ഇടവകക്കാരിൽ നിന്നും പിരിച്ചെടുത്തു. പോരാത്തത് ഒരോ വഴിയിലൂടെ ഞാൻ കണ്ടെത്തി. മേലേത്ത് തൊമ്മൻസാർ എന്നറിയപ്പെട്ടിരുന്ന ഒരു Rtd. PWD ഓവർസീയർ ആ ഇടവകാതിർത്തിയിലുണ്ടായിരുന്നു. കപ്പേളയുടെ പണി അദ്ദേഹത്തെ ഏല്പിച്ചു. അദ്ദേഹം തന്നെ പ്ലാനും തയ്യാറാക്കി പണിയും തുടങ്ങി. ഇടവകക്കാരെല്ലാം ആഗ്രഹിച്ചിരുന്ന ഒരു കാര്യമായതുകൊണ്ട് പണി പെട്ടെന്നു മുമ്പോട്ടുപോയി. കപ്പേള വി. പത്താംപീയൂസിന്റെ നാമത്തിലായിരിക്കണമെന്ന് ഒരു പ്രചോദനം എനിക്കുണ്ടായി. ആ രൂപം തൊമ്മിസാറുതന്നെ ദാനം ചെയ്യാമെന്ന് ഏറ്റു. മൂന്നു നിലയിൽ മുക്കോൺ സ്ഥത്തു തല ഉയർത്തി നില്ക്കുന്ന ഒരു കുരിശു പള്ളി. ഇന്നത്തെ സ്ഥിതിക്ക് അത് ഒരു ശില്പകലാസൗധമല്ലെങ്കിലും അന്നത്തെ നിലയ്ക്ക് ഏവർക്കും ഒരു

ശ്രദ്ധാവിഷയമായിരുന്നു. ഉച്ചിയിൽ കൈകൾ വിടർത്തി അനുഗ്രഹിക്കുന്ന യേശുനാഥന്റെ തിരുസ്വരൂപം, രണ്ടാം നിലയിൽ വി. ഗീവറുഗീസ്, താഴെ വി. പത്താം പീയൂസ്. പണികളെല്ലാം പൂർത്തിയായി. കണ്ടത്തിൽ പിതാവുതന്നെ ആശീർവാദകർമ്മം നിർവഹിക്കാമെന്ന് സമ്മതിച്ചു. നിർദ്ദിഷ്ട ദിവസം ആഘോഷപൂർവ്വം പിതാവിനെ സ്വീകരിച്ചു. പിതാവു കപ്പേള വെഞ്ചരിച്ച് വി. ബലിയും അർപ്പിച്ചു. പോകുന്നതിനുമുമ്പ് പിതാവ് എന്നെ വിളിച്ച് എല്ലാം നന്നായിരിക്കുന്നു എന്ന ആശംസയോചെ ഒരു നൂറു രൂപാ നോട്ടെടുത്ത് എന്റെ കയ്യിൽ തന്ന്, ഇത് കപ്പേളയ്ക്കായി എന്റെ സമ്മാനം എന്നു പറഞ്ഞു.

# I

# രണ്ടാം ഭാഗം

# മഹാനീഷി - ഒരോർമ്മയിൽ

ശ്രീ. ഇ. എൻ. വാമനൻ നമ്പൂതിരി, പ്രിൻസിപ്പാൾ,
V.N.S. ഹിന്ദി കോളേജ്, കോതമംഗലം

തേയിലക്കാടുകളാൽ ചുറ്റപ്പെട്ട മൂന്നാറിന്റെ അടിവാരത്തുള്ള ഒരു വളരുന്ന പട്ടണം - കോതമംഗലം. കോതമംഗത്തുനിന്നും 2 കി. മീ. കിഴക്കുമാറി കുത്തുകുഴി എന്ന ശാന്തസുന്ദരമായ ഗ്രാമം. ആ ഗ്രമത്തിലെ ഓരോ പുൽക്കൊടിക്കുപോലും ഒരു വന്ദ്യവയോധികന്റെ കഥ പറയാനുണ്ട്. മഞ്ഞുതുള്ളികളിൽ അരുണ കിരണങ്ങളേറ്റ് അവ ചാഞ്ചാടുമ്പോഴും ആ മഹാനുഭാവൻ ഫാ. ജോൺ മാതേക്കലന്റെ ഓർമ്മകൾ തുടച്ചിട്ടാണോ എന്നു പോലും സംശയം.

1980 മാർച്ച് 18, സുപ്രഭാതം. ഞാൻ അച്ചനെ കാണുവാൻ കുത്തുകുഴിയിൽ എത്തി. അച്ചന്റെ രീതികളും പെരുമാറ്റങ്ങളും മനസ്സിൽ കുറിച്ചുകൊണ്ട് ഞാൻ അച്ചൻ സ്ഥാപിച്ച സരസ്വതീക്ഷേത്രമായ ശോഭനാ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ എത്തി. ഗെയിറ്റ് കടന്ന് അച്ചന്റെ താമസസ്ഥലത്തു ചെന്നു. പുറത്ത് കാൽപെരുമാറ്റം കേട്ടപ്പോൾ മുറിയിലെ ചാരുകസേരയ്ക്ക് അനക്കം!! പ്രശാന്തസുന്ദരമായ ആ വിദ്യാലയത്തിന്റെയും മറ്റു പല ആതുരാലയങ്ങളുടെയും രക്ഷകൻ! ഫാ. ജോൺ മാതേക്കൻ. ഏതാണ്ട് 60 വയസ്സ് തോന്നിക്കും. ചാരുകസേരയിൽ ചാരി തടിച്ച ഫ്രെയിമുള്ള കണ്ണടവെച്ച് വായനയിൽ, എന്നെ കണ്ടപ്പോൾ ആ കണ്ണയുടെ പിന്നിൽ സംശയം!

എന്നെ സ്വീകരിച്ചിരുത്തി. ഞാൻ സ്വയം പരിചയപ്പെടുത്താൻ തുടങ്ങിയപ്പോൾ അച്ചൻ വിലക്കി, ‘‘വേണ്ട എനിക്കറിയാം’’ ശാന്ത ഗംഭീരമായ ശബ്ദം. ഞാൻ ഒരു നിമിഷം അമ്പരന്നു. എന്നെ എങ്ങനെ മനസ്സിലായി? അതാണ് ഫാ. ജോൺ മാതേക്കൻ. തന്റെ ചുറ്റുവട്ടത്തുള്ള എല്ലാം ഗ്രഹിക്കുന്ന ആ ധിഷണാശാലി - സത്യത്തിൽ അദ്ദേഹം തന്നെയാണ് സ്കൂളിന്റെ സ്ഥാപകനും, അദ്ധ്യാപകനും എല്ലാമെല്ലാമായ അച്ചൻ. അന്നു മുതലാണ് എനിക്ക് അച്ചനുമായി അത്ര അടുത്ത് ഇടപെഴകാൻ സാധിച്ചത്. അദ്ദേഹത്തിന്റെ സൗമ്യമായ ആ പെരുമാറ്റം മാത്രം മതി അദ്ദേഹത്തെ ആരാധിക്കാൻ. വിവിധ മേഖലകളിലായി അച്ചന്റെ സേവനപ്രവർത്തനങ്ങൾ വ്യാപിച്ചു കിടക്കുന്നു. അതിലൊന്നാണ് ആതുരസേവനത്തിന്റെ മൂർത്തീഭാവമായ അയിരൂർപ്പാടം മാനസിക ചികിത്സാകേന്ദ്രം.

നാനാതുരകളിലുള്ള വിവിധ മതസ്ഥരേയും ആളുകളേയും അച്ചനു സുഹൃത്തുക്കളായി കിട്ടിയത് ആ ചൈതന്യം ഒന്നുകൊണ്ടുമാത്രമാണ്. ആരെയും പിണക്കാത്ത, വേദനിപ്പിക്കാത്ത ആ ഹൃദയത്തിന്റെ ഉടമയുടെ ചെയ്തികൾ എണ്ണിയാൽ തീരാത്തതാണ്. സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർ ആദ്യം ഓർക്കുക അച്ചന്റെ പേരാണ്. വീടുകൾ ഇല്ലാത്തവർക്ക് വീടുകൾ കെട്ടുന്നതിനും, സ്ത്രീധനത്തിനു ബുദ്ധിമുട്ടുന്ന പെൺകുട്ടികളുടെ കല്യാണം നടത്തിക്കൊടുക്കുന്നതിനും അച്ചൻ മുൻനിരയിൽ നില്ക്കാറുണ്ട്. ആ മഹാ മനസ്കൻ ഇന്നു നമ്മെ വിട്ടുപിരിഞ്ഞിട്ട് ഏകദേശം നാലുകൊല്ലം കഴിഞ്ഞു. ആ സ്നേഹനാളം പൊലിഞ്ഞത് അദ്ദേഹത്തിന്റെ മേഖലയിൽ എന്നല്ല സഭയ്ക്കുപോലും തീരാനഷ്ടം തന്നെ. കുത്തുകുഴിയിലൂടെ കടന്നുപോകുമ്പോൾ, വൈകുന്നേരങ്ങളിൽ നടക്കാൻ ഇറങ്ങുന്ന അച്ചന്റെ രൂപം, ആസ്വതസിദ്ധമായ പുഞ്ചിരി മനസ്സിൽ തെളിഞ്ഞുവരും. ആഡംബരം തൊട്ടുതീണ്ടാത്ത ജീവിതം! ഏതുകാര്യവും പലവട്ടം ആലോചിച്ച് തീരുമാനമെടുക്കുന്ന മനഃകരുത്ത്. ആരോടും ഉപമിക്കാനാകാത്ത വ്യക്തിത്വം - അതായിരുന്നു ഞങ്ങളുടെ ഫാദർ.

ഒരു ഫാദറായല്ല, ഞങ്ങളിൽ ഒരുവനായിത്തന്നെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. രക്തബന്ധത്തിനുപരി സ്നേഹബന്ധത്തിന് പ്രാധാന്യം കൊടുത്തിരുന്ന പുണ്യാത്മാവ്.

"സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം
സ്നേഹത്താൽ വൃദ്ധിനേടുന്നു
സ്നേഹം താൻ ശക്തി ജഗത്തിൽ
സ്നേഹം താൻ ആനന്ദമാർക്കും."

എന്ന ആയത്തെ അന്വർത്ഥമാക്കി ജീവിതയാഥാർത്ഥ്യത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിവന്ന കർമ്മയോഗി ആയിരുന്നു ഫാ. ജോൺ മാതേക്കൻ.

അച്ചന്റെ ശിക്ഷണത്തിൽ വളർത്തി വലുതാക്കികൊണ്ടുവന്ന വിദ്യാലയം ഇന്ന് കേരളത്തിലെ തന്നെ അറിയപ്പെടുന്ന ഒരു സ്ഥാപനമാണ്. സ്കൂളിന്റെ ഓരോ കാര്യവും എത്ര തിരക്കുണ്ടെങ്കിലും അച്ചൻ കാര്യക്ഷമമായി കൈകാര്യം ചെയ്തിരുന്നു. ഔന്നത്യത്തിന്റെ ചവിട്ടുപടികൾ കയറുമ്പോഴും ഫാദർ വിനയാന്വിതനായിരുന്നു. ഓരോ കുട്ടിയെയും അടുത്തറിയുന്ന മാനേജർമാർ കുറവാണ്. അതിനൊരപവാദമായിരുന്നു ഫാ. ജോൺ മാതേക്കൻ. ഫാദർ കൊളുത്തിയ ദീപം കെടാതെ നോക്കാൻ കെല്പുള്ള ഒരുപറ്റം സന്യാസിനിമാരെയും അദ്ദേഹം വളർത്തിയെടുത്തിരുന്നു. ആ ദീപം അണയാതെ അവർ ഇന്നും അച്ചനെ ആദരവോടെ സ്മരിച്ചുകൊണ്ട് സമരക്ഷിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്.

ആ പുണ്യാത്മാവ് ഇന്നു ജീവിച്ചിരുന്നെങ്കിൽ ചെയ്തു തീർക്കാമായിരുന്ന വളരെയധികം കാര്യങ്ങൾ മനസ്സിൽ തെളിയുന്നു. ജാതിയും മതവും നോക്കാതെ സ്വന്തം തീരുമാനങ്ങളിൽ ഉറച്ചു നിന്നു കാര്യങ്ങൾ നടത്താൻ സാധിക്കുന്ന മറ്റ് ആളുകൾ കുറവുതന്നെ. ജനിച്ചാൽ മരിച്ചേ മതിയാവൂ എന്ന തത്വം നമുക്ക് ആശ്വാസം നൽകുന്നു. അല്ലെങ്കിൽ നൂറു കണക്കിന് പുണ്യപ്രവർത്തനങ്ങൾ നടത്തുവാൻ അദ്ദേഹത്തിന് ആകുമായിരുന്നു. ഏതായാലും സ്വർഗ്ഗത്തിലിരുന്ന് ആ ആത്മാവ് ഇതെല്ലാം കണ്ട് സന്തോഷിക്കുന്നുണ്ടാകാം.

ഭൂമിയിൽ നിന്നും അപ്രത്യക്ഷമായെങ്കിലും ഞങ്ങളുടെ മനസ്സിൽ മായാതെ, മങ്ങാതെ ആ സ്നേഹജ്യോതിസ് ജ്വലിച്ചുതന്നെ നില്ക്കുന്നു. ആ ജ്യോതിസ്സിനു മുന്നിൽ ഒരായിരം പ്രമാണം!!

# മരിച്ചിട്ടും മരിക്കാത്ത ആത്മമിത്രം

ഫാ. ജോൺ പിണക്കാട്ട്

എന്റെ ഏറ്റവും അടുത്ത ആജീവനാന്ത സുഹൃത്തുകളിൽ ഒരാളായിരുന്നു പരേതനായ ബഹു. ജോൺ മാതേക്കലച്ചൻ. അച്ചൻ സെമിനാരിയിൽ ആയിരിക്കുമ്പോൾ തുടങ്ങിയതാണ് അച്ചനുമായുള്ള പരിചയം. അച്ചന്റെ പുത്തൻകുർബാനയിൽ ഞാനും സംബന്ധിച്ചിരുന്നു. അച്ചൻ പട്ടമേറ്റിട്ട് ആദ്യം കിട്ടിയ പസ്തേന്തി എറണാകുളം അതിരൂപയിൽപ്പെട്ട ഇടക്കുന്ന് ഇടവകപ്പള്ളിയിൽ അസിസ്റ്റൻറായിട്ടായിരുന്നു. ബഹു. കുര്യാക്കോസ് ചിറമേൽ അച്ചനായിരുന്നു വികാരി. ഈ നിയമനം ഞങ്ങളെ തമ്മിൽ കൂടുതൽ അടുപ്പിക്കയുണ്ടായി. കുര്യാക്കോസച്ചൻ ജോണച്ചന് സ്നേഹനിധിയായ ഒരു പിതാവിനെപ്പോലെയും എനിക്ക് ഒരു സഹോദരനെപ്പോലെയും ആയിരുന്നു. അത്രയ്ക്കും സുദൃഢമായിരുന്നു ഞങ്ങൾ തമ്മിലുള്ള സ്നേഹബന്ധം. അളിയൻമാർ എന്ന ഓമനപ്പേരിൽ പിതാവുപോലും ഞങ്ങളെ കളിയാക്കുമായിരുന്നു.

ഞാൻ അന്ന് എറണാകുളം അരമനയിൽ പ്രൊക്കുറേറ്ററാണ്. അതിരൂപതയിൽ നിന്നു വാങ്ങിയിരുന്നതും നസ്രത്തു സന്യാസിനീസഭയ്ക്കും സ്ഥാപനങ്ങൾക്കുമായി വിട്ടുതന്നതുമായ സ്ഥലത്തു സഭയുടെ കേന്ദ്രഭവനത്തിന്റെയും അനുബന്ധിച്ചുള്ള സ്ഥാപനങ്ങളുടെയും കെട്ടിടങ്ങളുടെ പണി ആരംഭിച്ചിരുന്നു. കെട്ടിടങ്ങളുടെ പണിയിലും മറ്റെല്ലാക്കാര്യങ്ങളിലും ബഹു. ചിറമേലച്ചനെയും എന്നെയും സഹായിക്കുകയായിരുന്നു മാതേക്കലച്ചന്റെ മുഖ്യജോലി. എനിക്ക് എറണാകുളത്തുനിന്നും നിത്യം വന്നുപോകുക പ്രയാസമായിരുന്നല്ലോ. ഇന്നത്തേതുപോലുള്ള യാത്രാസൗകര്യങ്ങളന്നില്ല. കറുകുറ്റി വരെ തീവണ്ടിമാർഗ്ഗം വന്ന് പിന്നെ നടന്നുവരണമായിരുന്നു. ജോണച്ചന്റെ നിയമനം അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നെങ്കിലും കെട്ടിടങ്ങൾ പണിയിപ്പിക്കാനും മറ്റും കുര്യാക്കോസച്ചനെയും എന്നെയും സഹായിക്കുക എന്നതുകൂടി ഈ നിയമനത്തിന്റെ ഒരു ഉദ്ദേശ്യമായിരുന്നു. നസ്രത്ത് സ്ഥാപനങ്ങളുടെ ആരംഭത്തിൽ തുടങ്ങിയ ഈ സൗഹൃദം ഒന്നിനൊന്ന് ആഴപ്പെട്ടുകൊണ്ടിരുന്നു. മരണംവരെയും ഇതു നിലനില്ക്കുകയും ചെയ്തു.

നസ്രത്തു സഹോദരികളുടെ സഭയും സ്ഥാപനങ്ങളുമായും ഇടക്കുന്നിൽവച്ച് ആരംഭിച്ച സ്നേഹബന്ധത്തിന്റെ കഥയും ഇങ്ങനെതന്നെ.

കോതമംഗലംരൂപതയിൽ പ്രവർത്തിക്കുന്ന നസ്രത്തിന്റെ എല്ലാ ഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും പിന്നിൽ അച്ചന്റെ ഉദാരമായ സഹായവും നിസ്വാർത്ഥമായ ത്യാഗവും ഉണ്ട്. സ്ഥലം പോയിക്കാണുന്നതിനും ആവശ്യമായ പ്രവർത്തന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഞങ്ങൾ ഒരുമിച്ചായിരുന്നു എപ്പോഴും. അയിരൂർപ്പാടത്തും ശോഭനയിലും അൽഫോൺസാ ഭവനിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സ്ഥലവും കെട്ടിടവും ഉൾപ്പെടെ ഇന്നുവരെയുള്ള എല്ലാ വളർച്ചയ്ക്കും മുഴുവനായും ജോണച്ചനോട് കടപ്പെട്ടിരിക്കുന്നു. ദേവികുളത്തെ നസ്രത്തുഭവനവും സ്ഥാപനവും സ്ഥിതി ചെയ്യുന്ന സ്ഥലം ജോണച്ചൻ പണം മുടക്കി വാങ്ങി സഭയ്ക്കു വിട്ടു തന്നതാണ്. നടുക്കര സ്ഥലവും കെട്ടിടവും വാങ്ങുന്നതിനും നല്ലൊരു ഭാഗം പണം മുടക്കിയതും മാതേക്കലച്ചനാണ്. കാന്തല്ലൂര് സ്ഥലം കാണാൻ പോയ കാര്യം ഇപ്പോഴും ഓർക്കുന്നു. അച്ചന്റെ വണ്ടിയിലായിരുന്നു യാത്ര. കാർ ഓടിച്ചിരുന്നതും അച്ചൻ തന്നെ. വാളറയ്ക്കടുത്തു വച്ച് ഒരു കൊച്ചുകുട്ടി റോഡിനു വിലങ്ങനെ ഓടി. അച്ചൻ സഡൻ ബ്രേക്കിട്ടു. കുട്ടി ഇത്തിരി ദൂരെ തെറിച്ചുവീണു എങ്കിലും-കുട്ടിക്കും ഞങ്ങൾക്കും ഒന്നും പറ്റിയില്ല.

ഒരുകാര്യവും ഞങ്ങൾ പരസ്പരം ആലോചിക്കാതെ ചെയ്യുമായിരുന്നില്ല. മരിക്കുംവരെ മിക്കവാറും എല്ലാദിവസങ്ങളിലും രാത്രി ഉറങ്ങുന്നതിനുമുമ്പ് ഞങ്ങൾ ഫോണിൽക്കൂടി സംസാരിക്കുമായിരുന്നു. മരിക്കുന്നതിന്റെ രണ്ടു ദിവസം മുമ്പും ഞങ്ങൾ അങ്ങനെ സംസാരിച്ചതാണ്. എന്തും മുഖം നോക്കാതെ തുറന്നു സംസാരിക്കുന്ന ആർജ്ജവബുദ്ധിയായിരുന്നു ജോണച്ചൻ. അതുകൊണ്ട് അച്ചനോട് നീരസം തോന്നിയിട്ടുള്ളവരും ഇല്ലാതില്ല. അസാമാന്യ ദീർഘദൃഷ്ടിയും പദ്ധതികൾ നടപ്പാക്കാനുള്ള കഴിവും അച്ചനുണ്ടായിരുന്നു. പണം കയ്യിൽ വരുന്നതുപോലെതന്നെ ഉദാരമായി നല്കുകയും ചെയ്യുമായിരുന്നു. വളരെപ്പേരെ ഇടതുകൈയറിയാതെ അച്ചൻ സഹായിച്ചു നല്ല നിലയിലെത്തിച്ചിട്ടുണ്ട്. അച്ചന്റെ കുടുംബസ്വത്തു വിറ്റു പോലും നാടിന്റെ നന്മയ്ക്കായുള്ള സ്ഥാപനങ്ങൾക്കു വേണ്ടി ചെലവിട്ടു. അച്ചന്റെ സ്ഥാപനങ്ങളെല്ലാം നസ്രത്തു സിസ്റ്റേഴ്സിനാണു വിട്ടു കൊടുത്തിരുന്നത്. അയിരൂർപ്പാടത്ത് അച്ചൻ താമസിച്ചിരുന്ന കെട്ടിടവും സ്ഥലവും അച്ചന്റെ ആഗ്രഹപ്രകാരം വൈദിക മന്ദിരം (Priests Home) ആക്കുന്നതിനു വേണ്ടി അരമനയ്ക്കു വിട്ടു കൊടുക്കുകയുണ്ടായി.

അർഹിക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെല്ലാം അച്ചൻ കൈയയച്ചു സഹായം ചെയ്തിട്ടുള്ളതായറിയാം. പത്രദ്വാരാ വരുന്ന സഹായാഭ്യർത്ഥനകൾക്ക് വലിയ തുകകൾ തന്നെ അയച്ചു കൊടുക്കുമായിരുന്നു. പണമിടപാടുകളെല്ലാം അച്ചൻ സിസ്റ്റേഴ്സ് വഴിയാണു ചെയ്തിരുന്നത്. പണം പ്രത്യേകിച്ചും അച്ചൻ സ്വന്തമായി സൂക്ഷിക്കുമായിരുന്നില്ല.

ആ നല്ല മനുഷ്യൻ - എന്റെ ആത്മസുഹൃത്ത് - ശാരീരികമായി എന്നെ വിട്ടുപിരിഞ്ഞെങ്കിലും എന്റെ ഓർമ്മയിൽ ഇന്നും സജീവനാണ്.

# I

# ഞങ്ങൾ അടുത്ത മിത്രങ്ങൾ

*ഫാ. ജേക്കബ് തേവർപാടം*

മാതേക്കൽ ബഹു. ജോണച്ചനെ ഞാൻ ആദ്യമായി പരിചയപ്പെടുന്നത് ആലുവാ-മംഗലപ്പുഴ സെമിനാരിയിൽ വച്ചാണ്. എന്നെക്കാൾ രണ്ടുകൊല്ലത്തെ സീനിയർ ആയിരുന്നു. നന്നായി വോളിബോൾ കളിക്കുമായിരുന്നു. ഞാൻ അച്ചന്റെ കൂടെ കളിച്ചിട്ടില്ല. സെമിനാരിയിൽ വച്ചു തനെല്ലൊരു പ്രാസംഗികൻ എന്നുപേരെടുത്തുകഴിഞ്ഞു.അച്ചന്റെ പുത്തൻ കുർബാനയിൽ സംബന്ധിക്കാനും എനിക്കു കഴിഞ്ഞില്ല.

കോതമംഗലം കത്തീഡ്രൽ പള്ളിയിൽ കുറെക്കാലം പ്രോ- വികാർ ആയിരുന്നു. കോതമംഗലം രൂപതയിലെ കല്ലൂർക്കാട്ട് ഏതാനും വർഷങ്ങൾ വികാരിയായിരുന്നിട്ടുണ്ട്. ഇന്നു കാണുന്ന പുതിയ പള്ളി പല പ്രതിഷേധങ്ങളെയും അതിജീവിച്ച് ജോണച്ചൻ പണിയിച്ചതാണ്. കാവുകാട്ടു പിതാവ് ബിഷപ്പ്സ് കോൺഫ്രൻസിൽ ആവശ്യപ്പെട്ടു ബഹു. ജോണച്ചനെ വടവാതൂർ സെമിനാരിയിൽ നിയമിക്കണമെന്ന്. അങ്ങനെ ജോണച്ചൻ വടവാതൂർ സെമിനാരിയിൽ പ്രൊഫസറും ബർസാറുമായി ജോലി നോക്കിയിട്ടുണ്ട്. ഞാനന്ന് കോതമംഗലം രൂപതയിൽ രൂപതാ പ്രൊക്കുറേറ്ററാണ്. ഒരു ദിവസം എന്നോടു പറഞ്ഞു, “വസ്തുവാങ്ങാൻ തനിക്കു നല്ല കഴിവുണ്ടല്ലോ. കോതമംഗലത്തിനും അടിമാലിക്കും ഇടയ്ക്ക് ഒരു മുപ്പത് ഏക്കർ ഭൂമി ഏർപ്പാടു ചെയ്യണം”. ഇങ്ങനെ വാങ്ങിയതാണ് തൃക്കാരിയൂർ അയിരൂർപ്പാടത്ത് 30 ഏക്കർ സ്ഥലം. അന്നു വില ഒരു ലക്ഷത്തി എൺപതിനായിരം രൂപ. കുറച്ചു കടമെടുക്കേണ്ടിവന്നു. ഈ സ്ഥാപനത്തിന്റെ ആരംഭം മുതൽ ഞങ്ങൾ കൂടുതൽ അടുത്ത മിത്രങ്ങളായി.

ഈ സ്ഥലത്ത് ഒരു ചെറിയ വീടും ഒരു ഷെഡും റബർ ഷീറ്റ് അടിക്കുന്ന ഒരു ചെറിയ ഷെഡും മാത്രമേ അന്നുണ്ടായിരുന്നുള്ളൂ. ചെറിയ വീട് നന്നാക്കി മഠം ആക്കി. റബർ ഷീറ്റടിക്കുന്ന ഷെഡ് രൂപാന്തരപ്പെടുത്തി അച്ചൻ ഇടയ്ക്കുവരുമ്പോഴുള്ള വിശ്രമസ്ഥലമാക്കി. അന്ന് അച്ചൻ വടവാതൂർ ആണ്. ഈ സ്ഥലത്ത് ക്രമേണ Priests Home, ആശുപത്രി (ഇന്നത്തെ സൈക്കോ മെഡിക്കൽ സെന്റർ), Infants Home, റിഹാബിലിറ്റേഷൻ സെന്റർ, ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് എല്ലാം രൂപപ്പെട്ടു. ആശുപത്രിക്ക് ഡോ. സി. പയസ് പണം നല്കിയിട്ടുണ്ട്. കുറെ വർഷങ്ങൾ സേവനമനുഷ്ഠിച്ചിട്ടുമുണ്ട്. സ്ഥലം വാങ്ങാനും കെട്ടിടം പണിയിക്കാനും

അച്ചൻ എന്നെ വിളിക്കും. ദേവികുളം സ്ഥലവും അച്ചൻ പറഞ്ഞു വാങ്ങിച്ചതാണ്. ഇതെല്ലാം നസ്രത്തു സന്യാസിനികൾക്കു വിട്ടുകൊടുക്കുകയും ചെയ്തു.

# ഫാദർ ജോൺ മാതേക്കൻ എന്റെ സ്മരണകളിൽ

ഫാ. ജേക്കബ് കുന്നപ്പിള്ളിൽ

തൃക്കാരിയൂരിന് സമീപം അയിരൂർപ്പാടത്ത് നസ്രത്ത് സഹോദരികൾക്കുവേണ്ടി കന്യകാമഠം, മാനസികരോഗികൾക്കുള്ള ആശുപത്രി, അനാഥമന്ദിരം, കോതമംഗലത്ത് ഉന്നതരീതിയിൽ നടത്തപ്പെടുന്ന ശോഭനാ ഹൈസ്ക്കൂൾ മുതലായവയുടെ സ്ഥാപകനും മേധാവിയും ആയിരുന്ന മാതേക്കൻ ബഹു. ജോണച്ചന്റെ ഇതിഹാസകഥ ആരംഭിക്കുന്നത് 1919 സെപ്റ്റംബർമാസം 9-ാം തീയതി മാതൃഭവനമായ പെരിങ്ങഴ കുന്നപ്പിള്ളിൽ വീട്ടിൽ ആണ്. ജനിക്കുന്നതിന് ആറുമാസം മുമ്പ് പിതാവായ ജോൺ അകാലചരമം പ്രാപിച്ചു. ശവസംസ്കാരച്ചടങ്ങുകൾക്കുശേഷം അമ്മയായ മറിയം പിതൃഭവനമായ കുന്നപ്പിള്ളിൽ വീട്ടിലേക്ക് താമസം മാറ്റി. ഏകമകൻ ജോൺ ആരക്കുഴ സ്ക്കൂളിൽ ചേരുന്നതുവരെ അവിടെത്തന്നെ താമസിച്ചു. ബഹു. ജോണച്ചൻ വൈദികപട്ടം സ്വീകരിക്കുന്നതിന് നാലുമാസം മുൻപ് അമ്മയായ മറിയം അന്ത്യകൂദാശകൾ സുബോധത്തോടെ സ്വീകരിച്ച് ഭാഗ്യമരണം പ്രാപിക്കുകയും ആരക്കുഴപ്പള്ളിയുടെ സിമിത്തേരിയിൽ അടക്കപ്പെടുകയും ചെയ്തു. ജോണച്ചന്റെ ബാല്യക്കാലം മുഴുവൻ പെരിങ്ങഴ മാതൃഭവനത്തിൽ താമസിച്ച് മാതൃസഹോദരനായ ബഹു. ജേക്കബ് അച്ചന്റെയും മറ്റ് ബന്ധുമിത്രാദികളുടെയും സ്നേഹപൂർവ്വമായ ശുശ്രൂഷകൾ സ്വീകരിച്ച് നിലത്തെഴുത്തു വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്നുള്ള പഠനം ആരക്കുഴ സ്വന്തം പിതൃഭവനത്തിൽ താമസിച്ച് അവിടെയുള്ള സെന്റ് മേരീസ് സ്കൂളിലായിരുന്നു. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഏകമകനായ ജോൺ സെമിനാരിയിലേക്കാണു നീങ്ങിയത്. വൈദിക വിദ്യാഭ്യാസം ഉന്നതമായ രീതിയിൽ നടത്തി മംഗലപ്പുഴ സെമിനാരിയിൽ വച്ച് 1947 മാർച്ച് മാസം 18-ാം തീയതി വൈദികപട്ടം സ്വീകരിക്കുകയും ചെയ്തു. അടുത്ത ദിവസം മാർച്ച് 19-ന് ഇടവകയായ ആരക്കുഴ ഫൊറോനാപ്പള്ളിയിൽ ആയിരുന്നു പ്രഥമ ദിവ്യബലി. മാതേക്കൽ ബ. മത്തായി അച്ചൻ, കുന്നപ്പിള്ളിൽ ബ. ജേക്കബ് അച്ചൻ, മുതലായവരുടെ സഹകരണം ഉണ്ടായിരുന്നു. സ്വീകരണസൽക്കാരങ്ങൾ പിതൃസഹോദരൻ മാതേക്കൽ കുര്യക്കോ, മാതൃ സഹോദരനായ ബ. ജേക്കബ് അച്ചൻ പിതൃസഹോദരനായ ജസ്റ്റീസ് തോമസ് മാതേക്കൽ മുതലായവരുടെ സഹകരണത്തോടെ മംഗളകരമായി നടത്തി.

നവപൂജാർപ്പണാനന്തരം ഇടക്കുന്ന് പള്ളിയുടെ അസിസ്റ്റന്റായിട്ടാണ് പ്രഥമ നിയമനം ലഭിച്ചത്. ഏവർക്കും തൃപ്തികരമായ വിധം തന്റെ വൈദികവൃത്തിയുടെ കടമകൾ നിറവേറ്റി. ഞാറയ്ക്കൽ, നെടുങ്ങാട്, ചുണങ്ങംവേലി, ചൊവ്വര, കോതമംഗലം, കല്ലൂർക്കാട് എന്നീ ഇടവകകളായിരുന്നു മറ്റ് അജപാലനവേദികൾ. കല്ലൂർക്കാട് ഇപ്പോഴുള്ള മനോഹരമായ പള്ളി ബ. ജോണച്ചന്റെ പരിശ്രമഫലമായി തീർത്തിട്ടുള്ളതാണ്. 1957 -ൽ ഉന്നത വിദ്യാഭ്യാസത്തിനായി റോമിലെ പ്രൊപ്പഗാന്ത കോളേജിൽ ചേരുകയുണ്ടായി. 1958-ൽ ഞാൻ (കുന്നപ്പിള്ളിൽ ബഹു. ജേക്കബ് അച്ചൻ) ഓർശ്ലം, ബെത്‌ലഹം, യോർദ്ദാൻ മുതലായ സ്ഥലങ്ങൾ സന്ദർശിച്ചതിനുശേഷം റോമിൽ ചെന്നപ്പോൾ ബ. ജോണച്ചൻ വിമാനത്താവളത്തിൽ ഫാ. ജേക്കബ് തൂങ്കുഴിയും ഒരുമിച്ച് (ഇപ്പോഴത്തെ തൃശൂർ രൂപതയുടെ മെത്രാപ്പോലീത്ത) സ്വീകരിക്കുകയും എനിക്കു റോമിൽ താമസിക്കുവാനുള്ള എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിത്തരികയും ചെയ്തു. ഈ അവസരത്തിലാണ് പരി. പിതാവ് 12-ാം പീയൂസ് മാർപ്പാപ്പയുമായുള്ള വ്യക്തിഗത സന്ദർശനത്തിന് എനിക്കു ഭാഗ്യം ലഭിച്ചത്.

അമ്മാവനും മകൻ ജോണച്ചനും ഒരുമിച്ചാണ് വി. മരിയാ ഗൊരേത്തിയുടെ ജന്മസ്ഥമായ നെറ്റൂണോ, അസീസ്സി, സ്പെയിനിലെ പുണ്യസ്ഥലങ്ങലായ ലയോള, ആവില, പോർച്ചുഗലിലെ ഫാത്തിമാ മാതാവിന്റെ ദേവാലയം മുതലായ പുണ്യസ്ഥലങ്ങൾ സന്ദർശിച്ചത്. അന്തരം ഞാൻ ഇംഗ്ലണ്ടിലേക്കും അവിടെ നിന്ന് അമേരിക്കയിലേക്കും പോയി. ജോണച്ചൻ റോമിലേക്കും മടങ്ങി.

ബഹു. ജോണച്ചൻ റോമിൽ നിന്നും ഉന്നതവിദ്യാഭ്യാസാനന്തരം മടങ്ങിവന്നപ്പോൾ കല്ലൂർക്കാട് പള്ളിയുടെ വികാരി ആയി നിയമിക്കപ്പെട്ടു. അധികം താമസിയാതെ വടവാതൂർ സെമിനാരിയിൽ ലിറ്റർജി പ്രൊഫസർ ആയി നിയമിതനായി. ഈ കാലയളവിലാണ് അയിരൂർപ്പാടത്ത് മുപ്പതോളം ഏക്കർ സ്ഥലം വാങ്ങി മഠം, ആശുപത്രി മുതലായവയുടെ പണികൾ ആരംഭിച്ചത്. അമേരിക്കയിൽ പോകണമെന്ന് ആഗ്രഹം ഉണ്ടായി. ബഹു. ജേക്കബ് അച്ചനോട് പറഞ്ഞു. മരുമകന്റെ ആഗ്രഹം സാധിച്ചുകൊടുക്കുന്നതിനായി സകല ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കുകയും ഗവൺമെന്റിലേക്ക് സ്പോൺസർ ലെറ്റർ കൊടുക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ബഹു. ജോണച്ചൻ 1974 – ൽ ആണ് അമേരിക്ക സന്ദർശിച്ചത്. വിമാനത്താവളത്തിൽ വന്നപ്പോൾ ഞാൻ സ്നേഹിതരോടുകൂടി അദ്ദേഹത്തെ സ്വീകരിക്കുകയും ഞാൻ ജോലി നോക്കിയിരുന്ന പള്ളിയിലേക്ക് കൊണ്ടുപോവുകയും ചെയ്തു. ഇക്കാലത്ത് അമ്മാവനും മകനും ഒരുമിച്ച് നയാഗ്ര വെള്ളച്ചാട്ടം തുടങ്ങിയ അമേരിക്കയിലെ വിവിധ ഭാഗങ്ങൾ സന്ദർശിക്കുകയും പല മാന്യവ്യക്തികളുമായി പരിചയപ്പെടുകയും ചെയ്തത് ഓർക്കുന്നു. കാനഡയിൽ ഏതാനുംനാൾ താമ

സിച്ചതിനുശേഷം ഇൻഡ്യയിലേക്കു മടങ്ങി. പയസ് ഗാർഡൻസ് ഉൾകൊള്ളുന്ന വിവിധ സാമൂഹിക സ്ഥാപനങ്ങൾക്കു രൂപം നൽകി കഴിഞ്ഞ് വിശ്രമത്തിലായിരിക്കേ 1995 മെയ് മാസം 31- ാം തീയതി തന്റെ കഠിന അദ്ധ്വാനങ്ങൾക്ക് നിത്യസമ്മാനം ലഭിക്കുന്നതിനായി ജോണച്ചൻ നിത്യ പിതാവിന്റെ സന്നിധിയിലേക്കു യാത്രയായി. പിതാവായ ദൈവം അദ്ദേഹത്തിനു നിത്യശാന്തി നല്കട്ടെ.

I

# അധികമാരും അറിയാത്ത ജോണച്ചൻ

സി. സ്ക്കൊളാസ്റ്റിക്ക എസ്. ഡി.

ഏതാണ്ട് അരനൂറ്റാണ്ടുകാലം, അനേകം അനാഥരെ കൈപിടിച്ചുയർത്തിയ കർമ്മനിരതമായ വൈദിക ജീവിതത്തിന്റെ ചരിത്രവുമായി, നമ്മുടെ ബ. മാതേക്കലച്ചന്റെ കാലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ട്, ഇപ്പോൾ നാലു വത്സരം കഴിഞ്ഞിരിക്കുന്നു.

1950 – ൽ ചുണങ്ങും വേലിപ്പള്ളിയുടെ വികാരിയായി ചാർജ്ജ് എടുക്കുന്ന നാൾ മുതലാണ് ഞാൻ അദ്ദേഹത്തെ കൂടുതലായി പരിചയപ്പെടുവാൻ തുടങ്ങിയത്. കർത്താവിന്റെ മുന്തിരിത്തോപ്പിലെ ഓരോ ഭവനത്തേയും, ഓരോ വ്യക്തിയേയും, സ്വന്തം കുടുംബവും ബന്ധുമിത്രാദികളുമായി കണ്ടിരുന്ന ഈ വികാരിയച്ചൻ, അവരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ മേഖലകളിലെല്ലാം വളരെയേറെ ശ്രദ്ധാലുവായിരുന്നു. ദൈവം ദാനമായി തനിക്കു നൽകി അനുഗ്രഹിച്ച ആ പൗരോഹിത്യജീവിതം, ദൈവത്തിനും അവിടത്തെ ജനതയ്ക്കും ദാനമായിത്തന്നെ സമർപ്പിക്കുവാൻ, ചെറുപ്പത്തിലെതന്നെ ജോണച്ചൻ അസന്ദിഗ്ദ്ധമായ ഒരു തീരുമാനമെടുത്തു. വീടുകൾ കയറിയിറങ്ങിയതും, അവരുടെ വിവിധാവശ്യങ്ങളും അത്യാവശ്യങ്ങളും വിവേചിച്ചറിഞ്ഞ്, വേണ്ടത് വേണ്ട സമയത്തു ചെയ്യുവാനും, അവരെക്കൊണ്ടു തന്നെ ചെയ്യിപ്പിക്കുവാനും, അദ്ദേഹത്തിന് ഒരു പ്രത്യേക കഴിവ് ഉണ്ടായിരുന്നു എന്നു പറഞ്ഞാൽ അതിൽ തെല്ലും അതിശയോക്തി ഇല്ലതന്നെ. പണ്ഡിതവും, ഭക്തിസംവർദ്ധകവും ജീവിതബന്ധിയുമായ നല്ല നല്ല പ്രസംഗങ്ങളും ധ്യാനങ്ങളും നടത്തി, ആത്മാക്കളെ ദൈവത്തിലേയ്ക്കടുപ്പിക്കുവാൻ ലഭിക്കുന്ന അവസരങ്ങളൊന്നും തന്നെ അച്ചൻ നഷ്ടപ്പെടുത്തുമായിരുന്നില്ല. ബൈബിൾ പഠനത്തിനും മറ്റും, ഇന്നത്തെപ്പോലെ പ്രചുരപ്രചാരം സിദ്ധിച്ചിട്ടില്ലാതിരുന്ന അക്കാലത്തും, നലം തികഞ്ഞ ഒരു മതാദ്ധ്യാപകനായിരുന്ന ബ. ജോണച്ചൻ, കുട്ടികൾക്ക് വളരെയധികം താല്പര്യവും പ്രോത്സാഹനവും നല്കും വിധത്തിലുള്ള വിവിധ പരിപാടികൾ അവതരിപ്പിച്ചിരുന്നത് ഞങ്ങൾക്ക് ഏറ്റവും അനുകരണാർഹമായി അനുഭവപ്പെട്ടിട്ടുണ്ട്. മൂന്നു മുതൽ പത്തുവരെയുള്ള മതപഠനക്ലാസ്സുകളിൽ, ഞായറാഴ്ചതോറും കുട്ടികൾ വരുമ്പോൾ, ഓരോരുത്തരും മൂന്ന് ബൈബിൾ വാക്യങ്ങൾ വീതം പുതുതായി മനഃപാഠമാക്കി വരണമെന്നത്, ജോണച്ചന് വളരെ നിർബന്ധമുള്ള കാര്യമായിരുന്നു.

ചുണങ്ങംവേലിയിൽ അഗതികളുടെ സഹോദരിമാരുടെ ഭവനത്തിലും പല നല്ലകാര്യങ്ങളും ജോണച്ചനു ചെയ്യുവാനുണ്ടായിരുന്നു. സഭയിലെ നവ സന്യാസിനിമാർക്കായി ഒരു മാസത്തെ ധ്യാനം, ഉപദേശം, ദൈവശാസ്ത്ര ക്ലാസ്സുകൾ എന്നിവ അദ്ദേഹമാണു നടത്തിയിരുന്നത്. മാത്രമല്ല, അവിടത്തെ അന്തേവാസികളായ അപ്പൂപ്പൻമാർക്കും, അമ്മൂമ്മമാർക്കും മർത്താസ് ഹോമിലെ സഹോദരിമാർക്കും കുമ്പസാരവും ഉപദേശവും മരണാവശ്യങ്ങളിൽ വേണ്ടുന്ന എല്ലാ ആദ്ധ്യാത്മിക സഹായങ്ങളും ഒരു നല്ലിടയൻ എന്ന നിലയിൽ ഏതാണ്ട് നാലു വർഷങ്ങളോളം വളരെ ഉത്തരവാദിത്വത്തോടു കൂടി ജോണച്ചൻ നിർവഹിച്ചിട്ടുണ്ടെന്ന് എന്നത് ഏറെ നന്ദിയോടു കൂടി ഞങ്ങൾ ഇവിടെ ഓർമ്മിക്കുകയാണ്.

ഏതൊരു കാര്യമായാലും, വസ്തുനിഷ്ടമായും സതയബോധത്തോടെയും കർത്തൃനിഷ്ഠമായ ആത്മാർത്ഥതയിലും, ആരുടെയും മുഖം നോക്കാതെ തുറന്നു പറയുമായിരുന്ന ഈ വന്ദ്യവൈദികനെ, അധികം പേരും അദ്ദേഹത്തിന്റെ തനിമയിൽ മനസ്സിലാക്കിക്കാണുവാൻ വഴിയില്ല. ബ. ജോണച്ചനെപ്പറ്റിയലുള്ള സ്മരണകൾ കുറിക്കുമ്പോൾ, സാധാരണവും ലളിതവുമായ ഒരു ജീവിതം നയിച്ചു കൊണ്ട്, ഉന്നതമായ ആദർശധീരത അഭംഗുരം ജീവിതത്തിൽ ഉയർത്തിപ്പിടിച്ച്, അതിധന്യമായ ഒരു ജീവിതമാതൃക ഏവർക്കും നൽകിക്കൊണ്ട് അദ്ദേഹം കടന്നു പോയി എന്നു ചുരുക്കത്തിൽ പറയാവുന്നതാണ്.

വത്സലപിതാവിനെ, മാതാവിന്റെ ഉദരത്തിലായിരിക്കുമ്പോഴേ അദ്ദേഹത്തിനു നഷ്ടപ്പെട്ടു. സ്നേഹമയിയായ മാതാവും, അച്ചന്റെ പ്രഥമബലിയർപ്പണത്തിനായി കാത്തുനിന്നില്ല. ഓർമ്മവച്ചനാൾ മുതൽ ഈ കദനഭാരം അദ്ദേഹത്തിന്റെ മൃദുലഹൃദയത്തെ എന്നും മഥിച്ചിരുന്നുതുകൊണ്ടോ എന്തോ - അനാഥരായ പിഞ്ചുപൈതങ്ങളോട് തനിക്കുണ്ടായിരുന്ന വലിയ സ്നേഹം, ആർദ്രത സംബാഷണ മദ്ധ്യേ പ്രതിധ്വനിക്കുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്.

"ഉരുക്കിടുന്നു മിഴിനീരിലിട്ടു - മുക്കുന്നു മുറ്റും ഭുവനൈകശില്പി
മനുഷ്യഹൃത്താം കനകത്തെയേതോ - പണിത്തരത്തിന്നുപയുക്തമാക്കാൻ"

എന്ന നാലപ്പാടന്റെ അർത്ഥവത്തായ കവിത നമ്മുടെ ബ. ജോംച്ചന്റെ ജീവിതത്തിലുടനീളം പ്രതിധ്വനിക്കുന്നതായി ആ ജീവിതം ചൂഴ്ന്നു പഠിക്കുമ്പോൾ വ്യക്തമാകുന്നതാണ്.

J.P. Psycho Medical Centre Airurppadam, Sevana Rehailitation Centre, Working Womens Centre Devikulam, Sobhana E.M.H. School Kothamangaam മുതലായ സ്ഥാപനങ്ങളുടെയെല്ലാം സ്ഥാപക ഡയറക്ടർ ആയി ഇന്നും ബ. ജോണച്ചൻ മനുഷ്യഹൃദയങ്ങളിൽ വിരാ

ജിക്കുന്നില്ലേ?

ആവശ്യത്തിലിരിക്കുന്ന പാവങ്ങളെ അറിഞ്ഞു മനസ്സിലാക്കി, ആരോരുമറിയാതെ, അവർക്ക് തന്റെ സഹായഹസ്തം നീട്ടിക്കൊടുക്കുവാനുള്ള അദമ്യമായ ആഗ്രഹം, അവർക്ക്, നല്ല ദൈവം കനിഞ്ഞുനൽകിയ അനുഗ്രഹസ്രോതസ്സായി അദ്ദേഹത്തെ മാറ്റി. ഹൈറേഞ്ചിൽ മാങ്കുളം, കുരിശുപാറ, എന്നീ സ്ഥലങ്ങളിൽ ഉപരിവിദ്യാഭ്യാസം, ജോലി, വിവാഹം എന്നിവയ്ക്കൊക്കെ യാതൊരു മാർഗ്ഗവും കാണാതെ വിഷമിക്കുന്ന അർഹരായ ചില പെൺക്കുട്ടികളെ ജാതിമതഭേദമെന്യേ ജോണച്ചൻ പരമാവധി സഹായിച്ചിരുന്നു. കാലാവസ്ഥയുടെ പ്രതികൂലസാഹചര്യങ്ങളിൽ മണ്ണിടിഞ്ഞും, വൻമരങ്ങൾ ഒടിഞ്ഞും, കടപുഴകി വീണും മറ്റും വീടുകൾ നഷ്ടപ്പെട്ടിരുന്ന ഹതഭാഗ്യരെ, അവരുടെയിടയിൽ സ്നേഹസേവനമനുഷ്ഠിച്ചിരുന്ന ഞങ്ങൾ വഴി - (Sisters of the Destitute) യാതൊരു പരസ്യവും പാടില്ല എന്ന നിബന്ധനയിൽ. ഓരോരോ അവസരങ്ങളിൽ അനുകമ്പാപൂർവ്വം ജോണച്ചൻ സഹായിച്ചിട്ടുള്ളതും മറ്റും ജീവന്റെ പുസ്തകത്തിൽ തീർച്ചയായും രേഖപ്പെടുത്തിയിട്ടുണ്ട്.

കർമ്മോൽസുകമായ ആ ധന്യജീവിതം, തനിക്കുതന്നെ ബോധ്യമായ നിലപാടിൽ എന്നും ഉറച്ചുനിന്നു. മലയൻകീഴിൽ ഞങ്ങൾ നടത്തുന്ന വൃദ്ധമന്ദിരത്തിൽ, അവിടത്തെ അപ്പൂപ്പനമ്മൂമ്മമാർക്കായി ക്രിസ്തുമസ്സിനും മറ്റും ഭക്ഷണം, വസ്ത്രം, ശവസംസ്ക്കാരവേളയിൽ കോതമംഗലത്തേയ്ക്ക് മൃതശരീരം കൊണ്ടുപോകുവാൻ സ്കൂളിലെ വണ്ടി എന്നിവ നൽകുന്നതിൽ ജോണച്ചൻ ഉത്സുകനായിരുന്നു. ടി. സാധുമന്ദിരത്തിനുവേണ്ടി Rs. 25000/- സ്ഥിരം ഡിപ്പോസിറ്റ് ആയി, വിനീതനും വിശാലഹൃദയനുമായ ജോണച്ചൻ ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, നെല്ലിമറ്റത്ത് ഞങ്ങൾ നടത്തുന്ന പ്രതീക്ഷയിലെ വികലാംഗകുട്ടികൾക്കായും അവരുടെ താമസസ്ഥലം ഡെവലപ് ചെയ്ത അവസരത്തിൽ Rs. 25000/- അച്ചൻ സ്നേഹപൂർവ്വം നൽകി എന്നു പറയുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്. ക്രാന്തദർശിയും ദീർഘവീക്ഷണപടുവുമായ ജോണച്ചൻ, ഭാവിയിലും കഴിവുള്ള സഹായം സാധുക്കൾക്ക് കിട്ടുന്നതിനായി 10 ലക്ഷം രൂപായുടെ ബാങ്കു നിക്ഷേപവും ഉത്തമരായ ഒരു ട്രസ്റ്റിയെ ഏല്പിക്കാൻ മറന്നില്ല.

പലതരം രോഗങ്ങളും അതിന്റേതായ ബുദ്ധിമുട്ടുകളും ബാധിച്ചിരുന്ന നമ്മുടെ സ്മര്യപുരുഷൻ, അതിലൊന്നിലും തളർന്നു പോകാതെ, പ്രാർത്ഥനയിലും ഇതുപോലുള്ള പരസ്നേഹപ്രവർത്തനങ്ങളിലും തന്റെ വിലയേറിയ സമയം വിനിയോഗിച്ചിരുന്നു. വീടിനും നാടിനും അഭിമാനപാത്രങ്ങളായ, പ്രഗത്ഭരായ മൂല്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുവാനുള്ള അഭിനിവേശത്തിന്റെ ഫലമായി അദ്ദേഹം സ്ഥാപിച്ച

Sobhana E. M. H. School. അച്ചന്റെ ജീവിതസായം കാലത്ത്, അദ്ദേഹത്തിനു ആശ്വാസമരുളിയ ഭവനമായിരുന്നു. അവിടത്തേ വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് പിതാവും, ഗുരുനാഥനും സുഹൃത്തുമായി അവരെ പ്രോത്സാഹിപ്പിച്ചും പിഞ്ചുകുഞ്ഞുങ്ങളുമായുള്ള സമ്പർക്കത്തിൽ സംതൃപ്തിയടഞ്ഞും കഴിയുന്നത്, ജോണച്ചനെ സന്ദർശിക്കുവാൻ അവിടെ ചെല്ലുന്ന അവസരങ്ങളിൽ സുവ്യക്തം തെളിഞ്ഞു കണ്ടിരുന്ന ഒരു പ്രതിഭാസമായിരുന്നു. വളർത്തു മൃഗങ്ങളോടും പക്ഷിമൃഗാദികളോടും ഒക്കെ ജോണച്ചൻ പെരുമാറിയിരുന്നത് ആരിലും കൗതുകമുണർത്തുന്ന രീതിയിലായിരുന്നു.

ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുമായി അർപ്പിതമായ പുരോഹിതൻ, അനുകരുണാർഹനായ ഭരണാധികാരി എന്നീ നിലകളിലെല്ലാം ജനക്ഷേമകരങ്ങളായ വിവിധ പ്രവർത്തനങ്ങൾക്കായി സ്വജീവിതം ഉഴിഞ്ഞുവച്ച ബ. ജോൺ മാതേയ്ക്കൽ അച്ചൻ, തന്റെ നല്ല നിക്ഷേപങ്ങളുമായി കടന്നുപോയി. ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസം, പ. അമ്മയോടുള്ള പുത്രസഹജമായ ഭക്തി, ഉന്നതമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ട് സമുദായത്തിൽ പതിപ്പിച്ച വ്യക്തിമുദ്ര, സത്യസന്ധതയും നല്ല മൂല്യങ്ങളും ജീവിതവ്രതമായിക്കരുതി, തന്റെ സ്ഥാനത്തിന്റെ അന്തസ്സ് മരണം വരെ കാത്തുസൂക്ഷിക്കുവാൻ സഹിച്ച ത്യാഗങ്ങൾ, കൈമോശം വരാതെ എന്നും അനുവർത്തിച്ചു പോന്ന ആചാരമര്യാദകൾ എല്ലാമെല്ലാം അച്ചനെ അടുത്തു പരിചയപ്പെട്ടവരിലൊക്കെ അധിഷ്ഠിതമാക്കിയിട്ടാണ് ആ യതിവര്യൻ കടന്നു പോയത്. ആർഭാടങ്ങളിൽ നിന്നകന്ന് വിനയത്തിന്റെ വഴികളിലൂടെ നടന്ന്, വിജയം കരസ്ഥമാക്കാൻ, കരളുറപ്പുള്ള ജോണച്ചനു സാധിച്ചു എന്നതിൽ നമുക്കഭിമാനിക്കാം. നല്ല ദൈവത്തിനു നന്ദി പറയാം.

# I

# പ്രിയപ്പെട്ട ജോണച്ചൻ

റവ. ഡോ. തോമസ് പോത്തനാമുഴി

എന്റെ പ്രിയപ്പെട്ട സുഹൃത്തും അതിലേറെ ആദരണീയനായ അദ്ധ്യാപകനുമായിരുന്ന ബ. ജോണച്ചനെപ്പറ്റി ഒരോർമ്മക്കുറിപ്പ് എഴുതാൻ ആവശ്യപ്പെട്ടപ്പോൾ അതൊരു ബഹുമതിയായി എനിക്കു തോന്നി. മാതേയ്ക്കൽ ബ.ജോണച്ചനെക്കുറിച്ചോർക്കുമ്പോൾ ആദ്യം മനസ്സിലെത്തുന്നത് കോട്ടയം മേജർ സെമിനാരിയിലെ "ലിറ്റർജി ക്ലാസ്സുകളാണ്. ലിറ്റർജി എന്താണ് എന്തല്ല" എന്ന ചോദ്യവുമായി ക്ലാസ്സിലേക്ക് കടന്നുവരുന്ന അദ്ദേഹം അന്നു ഫിലോസഫി വിദ്യാർത്ഥികളായിരുന്ന ഞങ്ങളുടെ സ്നേഹവും ആദരവും പിടിച്ചു പറ്റിയ ഒരു അദ്ധ്യാപകനായിരുന്നു. തികഞ്ഞ പാണ്ഡിത്യത്തോടെ അതിലേറെ ലാളിത്യത്തോടെ ആരാധനാക്രമത്തിലൂടെയുള്ള ഒരു തീർത്ഥാടനമായിരുന്നു ആ ക്ലാസ്സുകൾ.

നല്ലോരദ്ധ്യാപകനിൽ നിന്നാരംഭിച്ച ഈ ഓർമ്മക്കുറിപ്പ് അതിലേറെ നന്മകളും, സിദ്ധികളും, കഴിവുകളുമുള്ള ഒരു പുരോഹിതനിലേക്കാണ് മനസ്സിനെ കൊണ്ടെക്കിക്കുന്നത്. അയിരൂർപ്പാടത്തെ പയസ് ഗാർഡൻസിൽ അദ്ദേഹം സ്ഥാപിച്ച മാനസികരോഗാശുപത്രിയും, മാനസിക രോഗികൾക്കായുള്ള പുനരധിവാസ കേന്ദ്രവും ആ കർമ്മയോഗിയുടെ സമൂഹത്തോടുള്ള പ്രതിബദ്ധതയുടെ ആദ്യപ്രകാശനങ്ങളായിരുന്നു.

സമൂഹത്തിലെ ഏറ്റവും അവഗണിക്കപ്പെട്ട ഒരു വിഭാഗമാണല്ലോ മാനസിക രോഗികൾ. വേണ്ട സമയത്തു വേണ്ടതുപോലെ വൈദ്യസഹായം കൊടുത്താൽ അവരെ ഏറെ പേരെയും സമുഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കഴിയുമെന്ന് അദ്ദേഹത്തിനു ബോധ്യമുണ്ടായിരുന്നു. ആ ബോധ്യത്തിന്റെ മൂർത്തരൂപമാണ് ഇന്ന്നാമറിയുന്ന, അയിരൂർപ്പാടത്തിന്റെ തിലകക്കുറിയായി നിലകൊള്ളുന്ന ജെ.പി. സൈക്കോ മെഡിക്കൽ സെന്റർ.

അദ്ധ്യാപകനായിരുന്ന ജോണച്ചൻ എന്നും വിദ്യാഭ്യാസത്തിൽ ഗുണനിലവാരത്തിന്റെ ആവശ്യകതയെപ്പറ്റി ബോധ്യമുള്ള ഒരു വിദ്യാഭ്യാസ പ്രവർത്തകൻകൂടിയായിരുന്നു. ആബോധ്യമാണ് കോതമംഗലത്തുള്ള ശോഭനാ ഇംഗ്ലീഷ് മീഡിയംഹൈസ്കൂളിന്റെ സ്ഥാപനത്തിലേക്ക്

അദ്ദേഹത്തെ നയിച്ചത്. തൊട്ടതെല്ലാം പൊന്നാക്കാനുള്ള അസാമാന്യ മായ സിദ്ധി അദ്ദേഹത്തിനുണ്ടായിരുന്നു. നൂറുമേനിയുടെ നിറവുമേകി ശോഭന മുന്നേറുമ്പോൾ പൂർണ്ണതയ്ക്കായുള്ള അദ്ദേഹത്തിന്റെ പരിശ്രമ ത്തിന് അദ്ദേഹത്തിന്റെ തന്നെ സ്ഥാപനം ഒരു മാതൃകയാവുകയാണെന്നു വേണം കരുതുവാൻ.

സേവനത്തിനു പബ്ലിസിറ്റി ആഗ്രഹിക്കാത്ത ഒരു സാത്വികനായി രുന്നു മാതേയ്ക്കൽ മാതേയ്ക്കൽ ബ. ജോണച്ചൻ. താൻ ചെയ്യുന്ന സേവ നങ്ങൾ നാലുപേരറിയണമെന്ന നിർബന്ധം അദ്ദേഹത്തിനില്ലായിരുന്നു. സേവനത്തിന്റെ പ്രതിഫലം സേവനം തന്നെയാണെന്നതായിരുന്നു. അദ്ദേ ഹത്തിന്റെ ദർശനം. ബഹളങ്ങളില്ലാതെ, പ്രശസ്തിക്കും അംഗീകാര ത്തിനും വേണ്ടി പരക്കം പായാതെ തന്റെ പ്രവർത്തന മേഖലകളിൽ ഏക മനസ്സോടെ അദ്ദേഹം വ്യാപരിച്ചു.

സേവനത്തിന്റെ പാതയിൽ എന്നും കർമ്മനിരതനായിരുന്ന ബ. ജോണച്ചൻ, താൻ നട്ടുവളർത്തിയ പ്രസ്ഥാനങ്ങളെല്ലാം തന്നോടൊത്തു പ്രവർത്തിച്ച C.S.N. സന്യാസിനീസമൂഹത്തിന്റെ സൂക്ഷത്തിനായി ഭര മേല്പിച്ചിട്ടാണ് നിത്യതയുടെ തീരത്തേയ്ക്ക് നടന്നു നീങ്ങിയത്.

ആ പ്രിയപ്പെട്ട ഗുരുഭൂതന്റെ, കർമ്മയോഗിയുടെ പാവന സ്മര ണയ്ക്കു ഞാൻ ആദരാഞ്ജലികളർപ്പിക്കുന്നു. ദൈവം ആ പാവനാത്മാ വിന് നിത്യശാന്തി നല്കട്ടെ.

# I

# മറക്കാനാവാത്ത മാതേയ്ക്കൽ ജോണച്ചൻ

**റവ. ഫാ. പോൾ കോടമുള്ളിൽ M.A**

മാതേയ്ക്കൽ ജോണച്ചനെ ഞാൻ ആദ്യം കാണുന്നത് അദ്ദേഹം ശെമ്മാസനായിരുന്നപ്പോൾ ആരക്കുഴപ്പള്ളിയുടെ വിശാലമായ മുറ്റത്ത് വോളീബോൾ കോർട്ടിൽ വച്ചാണ്. അന്നു ഞാൻ ആരക്കുഴ സെന്റ് മേരീസ് സ്കൂളിൽ പഴയ ഏഴാം ക്ലാസ്സ് വിദ്യാർത്ഥിയായിരുന്നു. പള്ളിക്കൂടം വിട്ടു കഴിഞ്ഞാൽ മിക്കവാറും ദിവസങ്ങൾ പള്ളിമുറ്റത്ത് നടക്കുന്ന വോളീബോൾ കളികാണാനായി ഓടിയെത്തുമായിരുന്നു. അന്ന് ജോണച്ചൻ ഒന്നാന്തരം ഒരു വോളീബോൾ താരമായിരുന്നു. അഞ്ചടി 10 ഇഞ്ചേ പൊക്കമുണ്ടായിരുന്നുള്ളൂ എങ്കിലും ജോണച്ചൻ ഉയരത്തിൽ ചാടി പന്തടിക്കുന്നതു കാണാൻ രസമായിരുന്നു. ഒതുങ്ങിയ കോമളഗാത്രം, തുളച്ചുകയറുന്ന ശബ്ദം. ആരെയും ആകർഷിക്കുന്ന പെരുമാറ്റം. ഇതെല്ലാമായിരുന്നു ജോണച്ചന്റെ വ്യക്തിത്വം. വോളീബോൾ കോർട്ടിൽ തുടങ്ങിയ ചങ്ങാത്തം അദ്ദേഹം 1947 -ൽ അച്ചനായതോടുകൂടി അല്പം മുറിഞ്ഞുപോയി.

അദ്ദേഹത്തിന്റെ ദൈവവിളി തന്നെ ഒരു വെല്ലുവിളിയായിരുന്നു. വീട്ടിൽ ഇഷ്ടം പോലെ സ്വത്ത്. അദ്ദേഹമാണെങ്കിൽ ഒറ്റപ്പുത്രനും. ആ ഭീമമായ സ്വത്തും കാര്യങ്ങളുമെല്ലാം ഇട്ടെറിഞ്ഞ് ദൈവവിളി സ്വീകരിച്ച് അച്ചനാകാൻ തീരുമാനിച്ചതുതന്നെ ഒരു വെല്ലുവിളിയല്ലേ? ഇടവകയിൽ അദ്ദേഹം മാതൃകാവികാരിയായി ശോഭിച്ചിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് 1957 -ൽ കോതമംഗലം രൂപത ഉടലെടുത്തത്. ആദ്യത്തെ മെത്രാനായി നിയോഗിക്കപ്പെട്ടത് ജോണച്ചന്റെ തന്നെ ഇടവകക്കാരനായിരുന്ന, അന്ന് എറണാകുളം വികാരി ജനറാൾ ആയിരുന്ന ഡോ. മാത്യു പോത്തനാമുഴി അച്ചനാണ്. നിയുക്തമെത്രാന്റെ അഭിഷേകച്ചടങ്ങ് അങ്ങകലെ റോമിൽ ആണെന്നറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കൂടെ റോമിൽ പോകാൻ അധികമാരും മുതിരാതെ വന്നപ്പോൾ അന്ന് അദ്ദേഹത്തെ അനുധാവനം ചെയ്തവരിൽ ഒരാൾ ജോണച്ചനായിരുന്നു. അതിനുശേഷം റോമിൽ തങ്ങി ലിറ്റർജിയിൽ ഡോക്ടറേറ്റ് നേടിക്കൊണ്ടാണ് അദ്ദേഹം നാട്ടിൽ തിരിച്ചെത്തിയത്.

അജപാലനരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹത്തെ വടവാതൂർ സെമിനാരിയുടെ പ്രൊക്കുറേറ്ററും ലിറ്റർജിയുടെ പ്രൊഫസറുമായി അധികാരികൾ നിയമിച്ചു. സ്തുത്യർഹമായ സെമിനാരിയിലെ സേവന

ത്തിനു അദ്ദേഹം തിരിച്ചു രൂപതയിൽ വന്നത് ചില പ്ലാനുകളോടും പദ്ധി കളോടും കൂടിയായിരുന്നു. അദ്ദേഹത്തിന്റെ വീട്ടുസമ്പത്ത് സ്വരുക്കൂട്ടി തൃക്കാരിയൂരിൽ അദ്ദേഹം ഏതാനും ഏക്കർ സ്ഥലം വാങ്ങി. അവിടെ അദ്ദേഹത്തിന്റെ പ്ലാനും പദ്ധികളും നടപ്പാക്കാൻ തുടങ്ങി. അതിന് അദ്ദേ ഹത്തെ സഹായിക്കാൻ C.S.N. സന്യാസിനികളുമെത്തി. അവർക്കുവേണ്ടി ആദ്യമായി ഒരു മഠം പണിതു. പിന്നെ അതിനു ചുറ്റും സ്ഥാപനങ്ങൾ ഉയരുകയായി. ഒരു അനാഥാലയം, ആശുപത്രി, തയ്യൽപരിശീലനകേന്ദ്രം, മീൻവളർത്തൽ കേന്ദ്രം, ഡയറിഫാം ഇതൊക്കെ മഠത്തിനു ചുറ്റും ഉയർന്നു വന്ന സ്ഥാപനങ്ങളാണ്. അവയൊക്കെ ഇന്നും പ്രവർത്തനനിരതമാണ്.

അങ്ങനെയിരിക്കെയാണ് വിദ്യാഭ്യാസരംഗത്തേയ്ക്ക് അദ്ദേഹ ത്തിന്റെ ശ്രദ്ധ തിരിഞ്ഞത്. കോതമംഗലം ബിഷപ് ഹൗസിനോടു ചേർന്ന് അതിനുവേണ്ട സ്ഥലം അദ്ദേഹം വാങ്ങിച്ചു. റെസിഡൻഷ്യൽ ഇംഗ്ലീഷ് മീഡിയം ജൂണിയർ സ്കൂളിൽ തുടക്കം കുറിച്ച ഇന്നത്തെ ശോഭനാസ്കൂ ളിന്റെ ജീവിത്മാവും പരമാത്മാവുമായി സ്കൂളിൽ തന്നെ ഒരു മുറിയിൽ വിശ്രമജീവിതം നയിച്ചുകൊണ്ടിരിക്കവേ 1995 -ൽ അദ്ദേഹം ഈ ലോക ത്തോട് യാത്ര പറഞ്ഞു പിരിഞ്ഞു. തനിക്കുള്ള സ്ഥാവരജംഗമ വസ്തു കളുടെയെല്ലാം വിശദവിവരം എഴുതി അതെല്ലാം തന്നെ ആതുരസേവന രംഗത്ത്, അനാഥർക്ക്, മറ്റർഹരായവർക്ക് കിട്ടത്തക്കവിധം വില്പത്രം തയ്യാ റാക്കി അദ്ദേഹം കാത്തിരിക്കുകയായിരുന്നു നാഥന്റെ വിളികേട്ട് സ്വർഗ്ഗ ത്തിലേയ്ക്ക് എത്തിച്ചേരാൻ. യഥാർത്ഥത്തിൽ മരണത്തെ മുന്നിൽ കണ്ടു കൊണ്ടുള്ള ജീവിതമായിരുന്നു അത്. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ തന്നെ തനിക്കേറ്റം പ്രിയപ്പെട്ട മാതാവിന്റെ - ഫാത്തിമ മാതാവിന്റെ - ഒരു കപ്പേള തീർത്ത് അതിന്റെ മുൻവശത്തായി ഒരു കല്ലറയും പണിയിച്ച് അദ്ദേഹം മരണത്തെ സസന്തോഷം കാത്തിരിക്കുകയായിരുന്നു.അങ്ങനെ 1995- മെയ് മാസം- മാതാവിന്റെ വണക്കമാസം അവസാനിക്കുന്ന 31- ന് തികഞ്ഞ മാതൃഭക്തനായിരുന്ന ജോണച്ചനെ യേശു മടക്കി വിളിച്ചു തന്റെ സമീപ ത്തേയ്ക്ക്. 'നല്ലവനും വിശ്വസ്തനുമായ ജോണച്ചാ മോനിങ്ങു പോരേ. മതി. ഇനി നമുക്കിവിടെ കഴിയാം.' അങ്ങനെ അദ്ദേഹം നമ്മെ വേർപിരി ഞ്ഞിട്ട് നാലു വർഷങ്ങൾ കഴിഞ്ഞു.

ഇടയ്ക്കു മുറിഞ്ഞ ഞങ്ങളുടെ സുഹൃദ്ബന്ധത്തിന്റെ കണ്ണികൾ വീണ്ടും കൂട്ടിവിളക്കപ്പെട്ടത് ഞാൻ കോതമംഗലത്ത് കത്തീഡ്രൽ വികാ രിയായി ചാർജെടുത്തതു മുതലാണ്. ജോണച്ചൻ എനിക്ക് ഒരു ജ്യേഷ്ഠ സഹോദരനും അദ്ദേഹത്തിനു ഞാൻ ഒരനുജനുമായിരുന്നു. നീണ്ട ആറേ ഴുവർഷം ഞങ്ങൾ കോതമംഗലത്ത് ഒരുമിച്ച് കഴിഞ്ഞു. ഒരുമിച്ചു പ്രാർത്ഥി ക്കുകയും ഒരുമിച്ചു ഭക്ഷിക്കുകയും ഒരുമിച്ച് പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയുമുണ്ടായിട്ടുണ്ട്. ചിലക്കൊല്ലാം ജോണച്ചൻ കർക്കശക്കാരനും കഠിനഹൃദയനുമൊക്കെയായി തോന്നിട്ടുണ്ടാകും. പക്ഷേ, ജോണച്ചനെ

അടുത്തറിയുന്നവരെല്ലാം ജോണച്ചൻ അപാരണ്ഡിതനും, പ്രസിദ്ധ വാഗ്മിയും വലിയ അന്യാദൃശമായ കഴിവുകളുടെ ഉടമയും വളരെ വിനീതനും വിശാല വീക്ഷണമുള്ളവനും കൂർമ്മബുദ്ധിമാനുമായിരുന്നു എന്നു സമ്മതിക്കാതിരിക്കുകയില്ല. അദ്ദേഹം അറിഞ്ഞ് സഹായിച്ച വ്യക്തികളുടെയും കുടുംബങ്ങളുടെയും സ്ഥാപനങ്ങളുടെയുമൊക്കെ കണക്കെടുത്താൽ ആ ലിസ്റ്റ് ഏറെ നീണ്ടുപോകും. അത് അധികമാരും അറിയണമെന്ന് ജോണച്ചന് ആഗ്രഹമില്ലായിരുന്നു താനും. അതുകൊണ്ട് അങ്ങോട്ടൊന്നും ഞാൻ തിരിയുന്നില്ല. ഒന്നു പറയാം മരിച്ചു നമ്മിൽ നിന്നു വേർപെട്ടുപോയ ജോണച്ചൻ ഇന്ന് അനേകായിരങ്ങളുടെ ഹൃദയങ്ങളിൽ ജീവിക്കുന്ന – മറക്കാനാവാത്ത ജോണച്ചനാണ്. അദ്ദേഹത്തിന്റെ അത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് ഈ കുറിപ്പ് ഇവിടെ അവസാനിപ്പിക്കുന്നു.

# I

# എന്റെ ഗുരുനാഥൻ

അലോഷ്യസ് ജോസഫ്

ജോണച്ചനെക്കുറിച്ച് പറഞ്ഞാലോ എഴുതിയാലോ ഒറ്റവാക്കിൽ ഒതുക്കാൻ സാധിക്കുകയില്ല. കാരണം എനിക്ക് പതിനൊന്ന് വർഷം അച്ചനെ കൺമുൻപിൽ കണ്ടുകൊണ്ട് ജീവിക്കാൻ അവസരം ഉണ്ടായിട്ടുണ്ട്. 1981 -ലാണ് ഞാൻ അച്ചനെ ആദ്യമായി കാണുന്നത്. അന്നും എന്നും അച്ചന് ഒരു രീതിയേ ഉണ്ടായിരുന്നുള്ളൂ. കുട്ടികളെ സ്വന്തം എന്ന് കരുതിയിരുന്ന അച്ചൻ അവരുടെ ഒരു ചെറിയ കാര്യത്തിനുപോലും മറ്റാരുമായും വിട്ടുവീഴ്ചയ്ക്ക് തയ്യാറായിരുന്നില്ല. ശോഭനാ സ്ക്കൂൾ വഴി അച്ചൻ ഞങ്ങൾക്ക് നൽകിയത് കുറച്ചു വിദ്യാഭ്യാസം മാത്രമല്ല മറിച്ച് ഒരു നല്ല ഭാവിക്ക് വേണ്ട എല്ലാ പോഷണങ്ങളുമാണ്. കുട്ടികളുടെ ചെറിയ കാര്യങ്ങളിൽപ്പോലും അദ്ദേഹം അങ്ങേയറ്റം തൽപരനായിരുന്നു. ബോർഡിംഗിലെ കുട്ടികളോട് സ്വന്തം മക്കളെക്കാൾ അധികമായുള്ള പരിഗണനയും ശ്രദ്ധയുമായിരുന്നു അച്ചന്. ഒരേസമയം കുട്ടികളുടെ കളിത്തോഴനും ഗുരുവും ആകാൻ അച്ചന് സാധിച്ചിരുന്നു. തെറ്റ് ആരു തന്നെ ചെയ്താലും അത് കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിൽ അച്ചനുള്ള വൈഭവം ഒന്നു വേറെതന്നെയായിരുന്നു.

നാല് മണിക്ക് സ്ക്കൂൾ വിട്ടാൽ ബോർഡിങ്ങിലെ കുട്ടികൾക്കൊപ്പം വർത്തമാനം പറഞ്ഞിരിക്കുന്ന അച്ചനെ ഇപ്പോഴും അന്നെന്നപോലെ ഓർക്കുന്നു. അച്ചനെ കണ്ടുകഴിഞ്ഞാൽ കുട്ടികൾ കളിയൊക്കെ നിർത്തി അച്ചന്റെ ചുറ്റും കൂടുകയായി. പിന്നെ തമാശകളും പൊട്ടിച്ചിരികളുമായി സമയം പോകുന്നത് അറിയില്ല. അക്കാലത്ത് അച്ചൻ ഞങ്ങളെ ഒരു കാര്യം പറഞ്ഞ് പറ്റിക്കുമായിരുന്നു. അത് ശരിയാണോ എന്ന് ഇന്നും അറിയില്ല. അതായത് അച്ചന്റെ വലത്കാലിന്റെ ഉള്ളംകാലിൽ ചെറുപ്പത്തിൽ എന്നോ തറഞ്ഞുകയറിയ ഒരു രത്നം ഉണ്ടത്രേ. എന്തോ ഒന്ന് ഇരിപ്പുള്ളതായി ഞങ്ങൾക്കും തോന്നിയിട്ടുണ്ട്. അത് എടുക്കുന്നതിനായി ഞങ്ങൾ താക്കോലിന്റെ അറ്റവും മറ്റും ഇട്ട് കുത്തി എടുക്കാൻ ശ്രമിച്ചിട്ടുണ്ട്. അത് അച്ചന് വേദനിച്ചോ ആവോ!

കുട്ടികളുടെ കലാകായിക മത്സരങ്ങളിൽ അന്ന് അച്ചൻ കാട്ടിയിരുന്ന താത്പര്യം ഇവിടെ എടുത്ത് പറയേണ്ട ഒന്നാണ്. മത്സരങ്ങളുടെ കുറച്ച് ദിവസങ്ങൾക്കു മുമ്പ് തന്നെ അച്ചൻ ഓരോ പരിപാടികളും നേരിട്ട് കണ്ട് അപാകതകൾ ചൂണ്ടിക്കാട്ടിയിരുന്നു. സംസ്ഥാന തലത്തിൽ പോലും

ശോഭനയുടെ യശസ്സ് അതിന്റെ ഉന്നതികളിൽ എത്തിയത് അച്ചന്റെ അവസാന വർഷങ്ങളായിരുന്നു. ഞാൻ പത്തിൽ പഠിക്കുമ്പോൾ എനിക്ക് സ്റ്റേറ്റിൽ നിന്ന് സൗത്ത് ഇന്ത്യൻ തലത്തിൽ മത്സരിക്കുവാൻ പോണ്ടിച്ചേരിക്കു പോകുവാൻ അവസരം കിട്ടി. ഞാൻ പോയാൽ അത് സൗത്ത് ഇന്ത്യൻ തലത്തിൽ ശോഭനയെ പ്രതിനിധീകരിക്കാൻ കിട്ടിയ അവസരം ആകുമായിരുന്നു. ഞാൻ പോകുവാൻ തീരുമാനിച്ചു. ഞാൻ പത്തിൽ ആയിരുന്നതുകൊണ്ട് മാത്രം അച്ചൻ എന്നെ പോകുന്നതിൽ നിന്നും പിൻതിരിപ്പിക്കാൻ നോക്കി. പക്ഷേ അവസാനം എന്റെ ആഗ്രഹത്തിനു വഴങ്ങി അതിനുവേണ്ട സാമ്പത്തിക സഹായവും അന്നത്തെ മദർ ആയിരുന്ന സി. ഓസ്റ്റിനെക്കൊണ്ടു ചെയ്യിച്ചു തന്നു. ഇതിൽ നിന്ന് മനസിലാക്കാവുന്ന ഒരു സത്യം അച്ചൻ ഒരിക്കലും സ്വന്തം പേരിനോ പ്രശസ്തിക്കോ വേണ്ടി അല്ല, നേരെ മറിച്ച് മറ്റുള്ളവരുടെ ഉന്നമനത്തിനും നന്മയ്ക്കും വേണ്ടി ആയിരുന്നു പ്രവർത്തിച്ചിരുന്നത് എന്നാണ്.

അച്ചന്റെ അനുഗ്രഹവും സ്നേഹവും ആവോളം കിട്ടിയിട്ടുള്ള ഞാൻ ഇന്ന് അച്ചൻ പടുത്തുയർത്തിയ ശ്രീകോവിൽ ആയ ശോഭനയിൽ അദ്ധ്യാപകനാണ്. അച്ചന്റെ പ്രവൃത്തികൾ കണ്ടു വളർന്നതുകൊണ്ട് ഏത് സാഹചര്യങ്ങളെയും നേരിടുവാനുള്ള ധൈര്യം ഇന്നെനിക്കുണ്ട്. ഞാൻ ഇന്ന് എവിടെയാണോ അവിടെയാകാൻ എന്നെ സഹായിച്ചിട്ടുള്ള വ്യക്തികളിൽ എന്റെ മാതാപിതാക്കളെക്കാൾ ഉർന്ന സ്ഥാനമാണ് രോണച്ചനുള്ളത്. ജോണച്ചന് എന്റെ ആയിരമായിരം ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# ഫാദർ ജോൺ മാതേയ്ക്കൽ ഒരനുസ്മരണം

ഫാ. ഓസ്റ്റിൻ കളപ്പുരസി. എം. ഐ.

ഫാദർ ജോൺ മാതേയ്ക്കൽ എനിക്ക് അടുത്തു പരിചയമുണ്ടായിരുന്ന ആളായിരുന്നു. അതിനാൽ തന്നെ, പലേ വിഷയങ്ങളെക്കുറിച്ചും ഞങ്ങൾ ദീർഘമായി സംസാരിച്ചിട്ടുണ്ട്.അതോടൊപ്പം, അദ്ദേഹം ചുരുക്കം ചിലരുടെയെങ്കിലും വിമർശന പാത്രവും കൂടി ആയിരുന്നതിനാൽ അദ്ദേഹത്തിന്റെ പ്രവർത്തന ശൈലിയെ ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അന്തർഗതം മനസ്സിലാക്കിയിരുന്നെങ്കിൽ വിമർശനം അപ്രസക്തമെന്ന് അവർ മനസ്സിലാക്കുമായിരുന്നു. ഒരു കാര്യം എല്ലാവരും സമ്മതിക്കും. അവഗണിക്കപ്പെട്ടിരുന്നവരുടെ ആലംബമായിരുന്നു ജോണച്ചൻ. അനാധരായ കുട്ടികളിൽ ഹൃദയമലിഞ്ഞവനായിരുന്നു ജോണച്ചൻ. മാനസികരോഗികളും മന്ദബുദ്ധികളായ നിർദ്ധനരും അദ്ദേഹത്തിൽ ആശ്രയം കണ്ടെത്തിയിരുന്നു. അവരുടെ വളർച്ചയിലും ഉത്കർഷത്തിലും അദ്ദേഹം വളരെയേറെ ശ്രദ്ധിച്ചിരുന്നു.

പരോന്മുഖിയായിരുന്ന ജോണച്ചൻ, അദ്ദേഹത്തിന്റെ കഴിവും സമ്പത്തും മറ്റുള്ളവർക്കുവേണ്ടിതന്നെയാണ് വിനിയോഗിച്ചിട്ടുള്ളത്. ശോഭനാ സ്കൂൾ ആരംഭിക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ച സംഭവം അദ്ദേഹം ഒരിക്കൽ എന്നോടു പറയുകയുണ്ടായി. ഇരുപതു വർഷത്തോളം മുമ്പു നടന്ന സംഭവമാണത്. അന്നൊക്കെ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പട്ടണങ്ങളിൽ മാത്രമേ കാണുവാൻ പറ്റുമായിരുന്നുള്ളൂ. അതുപോലെ ഉദ്യോഗസ്ഥരുടെ മക്കൾക്കും വ്യവസായികളുടെയും സമ്പന്നരുടെയും മക്കൾക്കുമായിരുന്നു എവിടെ സധാരണയായി പ്രവേശനമുണ്ടായിരുന്നത്. സാധാരണ കൃഷീവലൻമാരുടെ മക്കൾക്ക് അവിടെ പ്രവേശനം ലഭിക്കുക എന്തുകൊണ്ടോ സാധ്യമായിരുന്നില്ല. ഇതായിരുന്നു അന്നത്തെ സ്ഥിതി വിശേഷം.

ഈ പശ്ചാത്തലം കുറെയൊക്കെ മനസ്സിലാക്കിയിരുന്ന ജോണച്ചൻ, തന്റെ ളോഹയുടെ ബലത്തിൽ, പ്രതീക്ഷയോടെതന്നെ ഒരു പ്രമുഖ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ഹെഡ്മാസ്റ്ററെ സമീപിച്ചു. നാട്ടുമ്പറത്തുള്ള ഒരു സാധാരണ കൃഷിക്കാരന്റെ മകനുവേണ്ടിയാണ് അദ്ദേഹം ശുപാർശ നടത്തുന്നത്. കുട്ടികയുടെ കഴിഞ്ഞ വർഷത്തെ റിസർട്ടും കഴിവുകളും

ഹെഡ്മാസ്റ്ററുടെ മുമ്പിൽ നിരത്തി. അതൊന്നും പരിഗണിക്കാൻ ഹെഡ്മാസ്റ്റർ തയ്യാറല്ല. ഒരു സാധാരണ കൃഷിവേല കുടുംബത്തിലെ കുട്ടിയ്ക്ക് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കാൻ ഒത്തിരിയേറെ വിഷമങ്ങളുണ്ട്. ഉയർന്ന ഫീസ്, ട്യൂഷനുള്ള ബുദ്ധിമുട്ട്, കുടുംബപശ്ചാത്തലം എന്നിങ്ങനെ പലേ വിഷമങ്ങളാണ് ഹെഡ്മാസ്റ്റർ കാണുന്നത്.അങ്ങനെ കർഷക കുടുംബത്തിന്റെ പശ്ചാത്തലം ഇംഗ്ലീഷ് മീഡിയം സ്കൂളിനു യോജിച്ചതല്ലയെന്നാണ് അദ്ദേഹത്തിന്റെ മതം. ഇന്നും പല ഇംഗ്ലീഷ് സ്ക്കൂൾ അധികൃതരുടേയും പല ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ അദ്ധ്യാപകരുടേയും ചിന്താഗതി വ്യത്യസ്തമല്ല.

ജോണച്ചൻ അസ്വസ്ഥനായിട്ടുതന്നെയാണ് അവിടന്ന് ഇറങ്ങിപ്പോന്നത്. എന്നാൽ ആ അസ്വസ്ഥത മനസ്സിൽ രൂപം കൊടുത്തത് വളരെ ക്രിയാത്മകമായ ഒരു പ്രതികാരത്തിനായിരുന്നു. നാട്ടുമ്പുറത്ത്, കർഷകനാട്ടിലും ഒരു നല്ല ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ ഉണ്ടാകണം. ആ പ്രതികാരം രൂപം കൊണ്ടതാണ് കോതമംഗലത്തെ, കൃഷിക്കാരുടെ മക്കൾക്കുണ്ടായ 'ശോഭനാ ഇംഗ്ലീഷ് മീഡിയം സ്കൂൾ'. ക്രീയാത്മക പ്രതികരണം അദ്ദേഹത്തിന്റെ ജീവിതശൈലിയായിരുന്നു. അതു തന്നെയാണ് മുഖ്യമായും മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്നത്.

നല്ലനിലയിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ പടുത്തുയർത്താൻ ആവശ്യമായിരുന്ന ഭീമമായ തുകയും അദ്ധ്വാനവും എല്ലാം അദ്ദേഹത്തിനറിയാമായിരുന്നു. അപ്രകാരമുള്ള ഒരു സ്ക്കൂളിന് തറയിടാൻ ആവശ്യമായ പണം അദ്ദേഹത്തിന്റെ പക്കൽ ഉണ്ടായിരുന്നില്ല. പ്രോതാസാഹനം കിട്ടേണ്ടിടത്തു നിന്ന് അതും കിട്ടിയിരുന്നില്ല. എന്നാൽ ഈതൊന്നും അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യത്തിൽ നിന്നും അദ്ദേഹത്തെ പിന്തിരിപ്പിച്ചില്ല. കൈവശമുണ്ടായിരുന്ന പണം കൊണ്ട് അദ്ദേഹം ആരംഭിച്ചു. തുടർന്ന് അദ്ദേഹത്തിന്റെ സ്നേഹിതർ ഈ പ്രസ്ഥാനത്തെ സഹായിക്കാൻ മുന്നോട്ടു വന്നു. അങ്ങനെ കൃഷിക്കാരന്റെ മകന് ഇംഗ്ലീഷ് മീഡിയത്തിൽ നിഷേധിച്ച പ്രവേശനം അനേക കർഷക കുടുംബങ്ങളിലെ കുട്ടികൾക്കു ലഭിക്കണം എന്ന തീവ്രമായ ആഗ്രഹം, ഉയർന്നുവന്ന 'ശോഭന'യുടെ കല്ലുകളിൽ മുദ്രിതമാണ്.

ജോണച്ചന്റെ വ്യക്തിത്വത്തിന്റെ സവിശേഷതയായിരുന്നു മനുഷ്യസ്നേഹം. തന്റെ കഴിവുകളും തന്റെ സമ്പത്തും മറ്റുള്ളവർക്ക് അതിലും പ്രത്യേകിച്ച് തിരസ്കൃതരായവർക്കു വേണ്ടി ക്ഷേമകരമായി വിനിയോഗിക്കണമെന്ന തീവ്രമായ ആഗ്രഹമാണ് അദ്ദേഹത്തെ ഒരു മനുഷ്യസ്നേഹിയാക്കിയത്. അനാഥരായ കൊച്ചുകുട്ടികളെ കണ്ടുപിടിച്ച് അവരെ പഠിപ്പിച്ച് നല്ല നിലകളിൽ എത്തിച്ചിട്ടുണ്ട്. എന്നാൽ ദോഷൈകദൃക്കുകളുടെ രൂക്ഷമായ വിമർശനകളും ഇപ്രകാരമുള്ള കാര്യങ്ങളിൽ അദ്ദേഹത്തിന്

ഏല്ക്കേണ്ടി വന്നിട്ടുണ്ട്. അയിരൂർപ്പാടത്ത് അദ്ദേഹം സ്ഥാപിച്ച, മനോരോഗികൾക്കായുള്ള ആശുപത്രിയും അദ്ദേഹത്തിന്റെ മനുഷ്യസ്നേഹത്തിന്റെ പ്രതീകമാണ്. ജനക്ഷേമത്തിനായി, അതിലും പ്രത്യേകമായി ഏതെങ്കിലും തരത്തിൽ തിരസ്കൃതരായ സമൂഹത്തിന്റെ ക്ഷേമത്തിനായി ചെയ്യേണ്ടിവരുന്നഅദ്ധ്വാനവും ബുദ്ധിമുട്ടും പണച്ചെലവും അധികപ്പറ്റായി അദ്ദേഹം കരുതിയിരുന്നില്ല. മനുഷ്യജീവിതം മഹത്വപൂർണ്ണമാകുന്നത് അപരനുവേണ്ടി അത് വ്യയം ചെയ്യുമ്പോഴാണല്ലോ. അതാണല്ലോ മഹാത്മാക്കളുടെ ജീവിതവും.

നിശ്ചയദാർഢ്യം, അത് ജോണച്ചന്റെ ജീവിതപര്യായമാണ്. ചെയ്തു തീർക്കേണ്ട പദ്ധതികളുടെ കാര്യത്തിൽ മാത്രമല്ല, ആദർശത്തിലും അതു തന്നെയാണ്. കാരണം, ബോധ്യങ്ങളുടെ മനുഷ്യനായിരുന്നു അദ്ദേഹം; ആടുന്ന ഞാങ്ങണ ആയിരുന്നില്ല. അഭിപ്രായ ഭിന്നതയോ, ആരോപണങ്ങളോ തന്റെ വ്യക്തിബന്ധങ്ങളെ ഒരിക്കലും വ്രണപ്പെടുത്തിയിട്ടില്ല. ബോധ്യങ്ങളുടെ മനുഷ്യനായിരുന്നതിനാൽ എതിർപ്പിന്റേയും ആരോപണങ്ങളുടെയും മുമ്പിൽ തല കുനിക്കുമായിരുന്നില്ല. എന്തിനേയും ധീരമായി നേരിടണമെന്ന നിർബന്ധവും ഉണ്ടായിരുന്നു.

ജോണച്ചന്റെ നേട്ടങ്ങൾ സ്വന്തമായി സൂക്ഷിക്കണമെന്ന മോഹവും അദ്ദേഹത്തിനില്ലായിരുന്നു. ആ നേട്ടങ്ങൾ മറ്റുള്ളവർക്ക് അനുഭവിക്കുന്നതിന് നിലനിന്നുപോകണം എന്ന നിർബന്ധം ഉണ്ടായിരുന്നു. എല്ലാത്തിനും പ്ലാനും പദ്ധതികളും തയ്യാറാക്കി അതിനുവേണ്ട ധനാഗമമാർഗ്ഗങ്ങളും കണ്ടെത്തിയശേഷമാണ് അദ്ദേഹം കടന്നു പോയിട്ടുള്ളത്. അദ്ദേഹത്തിനുശേഷം അവ ഓരോന്നും നന്നായി നടക്കണമെന്ന ആഗ്രഹത്തോടെയാണ് അവയെല്ലാം നസ്രത്തു സഹോദരികളെ ഏല്പിച്ചിട്ടുള്ളത്.

ഇങ്ങനെയെല്ലാം ആദർശനിഷ്ഠ ഉണ്ടായിരുന്ന, വ്യക്തമായ ജീവിതലക്ഷ്യമുണ്ടായിരുന്ന മനുഷ്യസ്നേഹി ആയിരുന്നു ബ. മാതേയ്ക്കൽ ജോണച്ചൻ. അദ്ദേഹത്തിന്റെ മനുഷ്യസ്നേഹത്തിന്റെ, സേവനത്തിന്റെ പ്രതീകങ്ങളായി ആ പ്രസ്ഥാനങ്ങൾ നിലനില്ക്കട്ടെയെന്ന് ആശംസിക്കുന്നു.

# I

# ഓർമ്മയിൽ ഒരു രാജർഷി

പ്രൊഫ. കെ. വി. ജോസഫ്

"കണ്ടുമുട്ടിയവരാരും അവനെ മറന്നിട്ടില്ല, അവൻ നന്മ ചെയ്തു കൊണ്ടു കടന്നു പോയി." വിശുദ്ധ ഗ്രന്ഥത്തിൽ പൗലോസ് അപ്പസ്തോലൻ ക്രിസ്തു നാഥനെക്കുറിച്ച് രേകപ്പെടുത്തിയിട്ടുള്ള രണ്ടു ചെറിയ വാക്യങ്ങൾ. എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചതും ക്രിസ്തുനാഥനെ ഏറ്റവും വ്യക്തമായി വെളിപ്പെടുത്തിയതുമായ വാക്കുകളാണിവ. ശോഭനാ സ്കൂളിന്റെ സ്ഥാപകനും മരണം വരെ മാനേജരുമായിരുന്ന ബഹു. ജോണച്ചൻ മാതേയ്ക്കലച്ചനേക്കുറിച്ചു ചിന്തിക്കുമ്പോൾ ഈ വാക്യങ്ങളാണ് എന്റെ ഓർമ്മയിൽ ഓടി എത്തുക. ഒരു ജീവിതം മുഴുവൻ സമൂഹത്തിന്റെ നന്മയ്ക്കായി പൂർണ്ണമായും സമർപ്പിച്ച ഒരു മഹാത്യാഹി - തന്റെ നാഥനായ ക്രിസ്തുനാഥനിൽ നിന്നും ആത്മീയ ചൈതന്യം പ്രാപിച്ച ക്രിസ്തുശിഷ്യൻ - നിർഭയനും വിപ്ലവകാരിയുമായ ഒരു സാമൂഹികപരിഷ്കർത്താവ്. ദീർഘവീക്ഷണമുള്ള ഒരു വിദ്യാധ്യാസ വിദഗ്ധൻ - പ്രഗത്ഭനായ ഒരു സംഘാടകൻ - സർവ്വോപരി കാരുണ്യവും ദയവും നിറഞ്ഞ സാത്വികനായ ഒരു സന്യാസി - കുഞ്ഞുങ്ങൾക്കൊരു സാന്ദീപനി മഹർഷി. അങ്ങനെ ജോണച്ചനെക്കുറിച്ച് എത്ര വിശേഷണങ്ങൾ വേണമെങ്കിലും സത്യസന്ധമായി പറയാൻ കഴിയും. ഏറ്റവും ലളിതമായി പറഞ്ഞാൽ അകവും പുറവും വെണ്മയുള്ള ഒരു മനുഷ്യൻ - അതായിരുന്നു ബഹു. ജോണച്ചൻ.

1959-60 കാലഘട്ടത്തിൽ ഞാൻ തൊടുപുഴയിൽ അദ്ധ്യാപകനായിരുന്ന കാലം. ഒരു ദിവസം എന്റെ ഒരു സ്നേഹിതനോടൊപ്പം കല്ലൂർക്കാട് എന്ന സ്ഥലത്ത് വികാരിയായിരുന്ന ബഹു. ജോണച്ചനെ കാണാൻ പോയി. എനിക്കു പ്രത്യേകമായി ആവശ്യമോ, പരിചയമോ ഉണ്ടായിരുന്നില്ല. സ്നേഹിതന്റെ കൂടെ വെറുതേ സമയം കളയാൻ ഒരു മാർഗ്ഗം എന്ന നിലയ്ക്കു പോയതാണ്. ആദ്യമായി ബഹു. ജോണച്ചനെ കണ്ടുമുട്ടിയ ആ സന്ദർഭം ഇന്നും വ്യക്തമായി ഞാൻ ഓർമ്മിക്കുന്നു. സുമുഖനും സാമാന്യം ഒത്ത ശരീരവുമുള്ള ഒരു വ്യക്തി- ചുരുണ്ട മുടി ഭംഗിയായി പിറകോട്ടു ചീകി വകഞ്ഞു വച്ചിരിക്കുന്നു. മുറികളിൽ ആവശ്യത്തിന് ഉപകരണങ്ങൾ ഭംഗിയായും ചിട്ടയായും ഇട്ടിരിക്കുന്നു. രണ്ടു അലമാരകളിലായി ധാരാളം പുസ്തകങ്ങൾ വൃത്തിയായി സൂക്ഷിച്ചിരിക്കുന്നു. ഒരു ഫ്ളവർവാസിൽ മനോഹരമായ റോസപ്പുഷ്പം, വർത്തമാനപത്രങ്ങൾ എല്ലാം നല്ല ചിട്ടയിലും ഭംഗിയായും സൂക്ഷിച്ചിരിക്കുന്നു. ഞങ്ങൾ അഭിവാദ്യം ചെയ്തു. തിരിച്ചു ഞങ്ങളേയും. പക്ഷേ ആ സ്വരം ഒരു പ്രത്യേകതരത്തിലുള്ളതായിരുന്നു. ഇന്നും എന്നും ആ സ്വരം ജോണച്ചനുമാത്രമായി ദൈവം നല്കിട്ടുള്ളതായിരുന്നു. എത്ര മാന്യത, എത്ര വിവേകം,

എന്തൊരറിവ്, അതിശയങ്കരമയ ആതിഥ്യമര്യാദ. എന്റെ ഹൃദയത്തിൽ ഒരു പുതിയ വൈദികന്റെ ധാരണസ്ഥാനം പിടിച്ചു.

കാലം ഒരുപാടു കടന്നുപോയി. എനിക്കു ബഹു. ജോണച്ചനെയോ, അച്ചന് എന്നേയോ കാണേണ്ട ഒരു കാര്യവും സന്ദർഭവും ഉണ്ടായില്ല. ഏതാണ്ട് 1974-75 കാലത്ത് ജോണച്ചൻ ഒരു പുതിയ ദൗത്യവുമായി കോതമംഗലത്തിനടുത്തു തന്റെ കർമ്മക്ഷേത്രം ആരംഭിച്ചു. മാനസിക വൈകല്യമുള്ളവരെയും ബുദ്ധിഭ്രമം സംഭവിച്ചവരേയും ശുശ്രൂഷിക്കവാൻ ഒരു മാനസിക ആരോഗ്യകേന്ദ്രവും, ഒപ്പം നിർദ്ധനരും തൊഴിൽഹിതരുമായ പെൺക്കുട്ടികൾക്കു ജീവിത മാർഗ്ഗം തെളിച്ചുകൊടുക്കുവാൻ ഒരു തയ്യൽ പരിശീലനകേന്ദ്രവും ആരംഭിച്ചിരുന്നു. എന്നാൽ ഈ ചുരുങ്ങിയ പ്രവർത്തന മണ്ഡലത്തിൽ ഒതുങ്ങി നില്ക്കാൻ സാഹസികനായ ജോണച്ചനും കഴിയുമായിരുന്നില്ല. പാശ്ചാത്യ വിദ്യാഭ്യാസവും ഉന്നതമായ ചിന്തകളും, പ്രേഷിത ചൈതന്യവും അദ്ദേഹത്തെ കുറേക്കൂടി വിശാലവും വെല്ലുവിളികളുള്ളതുമായ വിദ്യാഭ്യാസ രംഗത്തേക്കു കടന്നു വരുവാൻ പ്രേരിപ്പിച്ചു. അക്കാലത്ത് കോതമംഗലത്തും പരിസരപ്രദേശങ്ങളിലും നല്ല അച്ചടക്കമുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ഉണ്ടായിരുന്നില്ല. ആകെ മൂവാറ്റുപുഴയിൽ മാത്രമായിരുന്നു ഒരു നല്ല ഇംഗ്ലീഷ് മീഡിയം സ്കൂളുണ്ടായിരുന്നത്. കോതമംഗലം പോലുള്ള അവികസിതമായ ഒരു പ്രദേശത്ത് അക്കാലത്ത് ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ഒരു പരീക്ഷണവും അതിലേറെ സാഹസികതയുമായിരുന്നു. സാഹസികനായ ജോണച്ചൻ ആ വെല്ലുവിളി ഏറ്റെടുത്തു. ഗ്രാമീണരും താരതമ്യേന വിദ്യാഭ്യാസം കുറവുള്ളവരുമായ രക്ഷാകർത്താക്കളുടെ കുട്ടികളായിരുന്നു കൂടുതൽപേരും പഠിക്കാൻ വന്നിരുന്നത്. ഇന്നത്തേപ്പോലെ അല്ല അന്ന്. ഉദ്യോഗസ്ഥന്മാർ വളരെ കുറവുള്ള ഒരു പ്രദേശം. ഉദ്യോസ്ഥന്മാർ അവരുടെ മക്കളെ കുറെക്കൂടി സൗകര്യമുള്ള പട്ടണങ്ങളിലെ സ്കൂളുകളിലേയ്ക്കയച്ചിരുന്നു. ഞാൻതന്നെ വളരെ സംശയത്തോടും ഭയത്തോടും കൂടിയാണ് എന്റെ കുട്ടിയെ ശോഭനയിൽ ചേർത്തത്. അതും രണ്ട് ഉദ്ദേശ്യത്തോടെ- എനിക്കും ഭാര്യയ്ക്കും ജോലിയുണ്ടായിരുന്നതിനാൽ 10 മുതൽ 4 വരെ സുരക്ഷിതമായി കുട്ടിയെ നോക്കിക്കിട്ടുമല്ലോ എന്നതായിരുന്നു പ്രഥമ കാരണം. എന്നാൽ ക്രമേണ എന്റെ ധാരണ മാറി. അദ്ധ്യാപകരായിരുന്ന എനിക്കും ഭാര്യയ്ക്കും ജോണച്ചന്റെ വ്യക്തിത്വത്തേയും ദീർഘവീക്ഷണത്തേയും ആദരവോടുകൂടി അംഗീകരിക്കാൻ അധികം സമയം വേണ്ടി വന്നില്ല. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ അച്ചടക്കത്തിന്റേയും അനുസരത്തിന്റേയും ഉത്തമ മാതൃകയായിരുന്ന ജോണച്ചൻ തന്റെ സ്കൂളിലെ കുട്ടികളും അതേരീതിയിൽ വളരണമെന്നു നിർബന്ധമുള്ള ആളായിരുന്നു. ഒരു കാരണവശാലും അച്ചടക്കരാഹിത്യം അദ്ദേഹത്തിനു താങ്ങാനാവുമായിരുന്നില്ല. കഴിവതും നല്ല അദ്ധ്യാപകരും നിയമിക്കാനും അദ്ദേഹം ശ്രമിച്ചു. പക്ഷേ അന്നും ഇന്നും ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ പരാധീനത മാന്യമായി ശമ്പളം കൊടു

കൊടുത്ത് പ്രഗഗത്ഭരായ അദ്ധ്യപകരെ ആകർഷിക്കാൻ കഴിയുകയില്ലാ എന്നതാണ്. അത്രമാത്രം ഭാരിച്ച ചെലവുകളാണു സ്കൂൾ നടത്തിപ്പിനു നേരിടേണ്ടി വരിക. എങ്കിലും ഈ പരിമിതികൾക്കിടയിലും അർപ്പണബോധമുള്ള നസ്രത്തുസഹോദരിമാരും അദ്ധ്യാപകാനദ്ധ്യാപകരും ശോഭനയ്ക്കു സേവനം ചെയ്യാൻ ലഭിച്ചിരുന്നു. ഒരു കാര്യം എടുത്തു പറയാതിരുന്നത് വലിയ അപരാധമായി കരുതുന്നു. ബഹു. നസ്രത്തു സഹോദരിമാരുടെ അർപ്പണമനോഭാവം ശോഭനയെ കേരളത്തിലെ ഏറ്റവും നല്ല സ്കൂളായി ഉയർത്താൻ സഹായിച്ചു. വിശേഷിച്ചും സി. വിജയ സ്കൂൾ നടത്തിപ്പിൽ മാതേക്കലച്ചന്റെ വലംകൈയായിരുന്നു. അദ്ധ്യാപിക, പ്രധാനാദ്ധ്യാപിക, സംഘാടക, കുട്ടികളുടെ അമ്മ, കൂട്ടുകാരി- എല്ലാ നിലകളിലും ശോഭന എന്ന വിദ്യാലയം സി. വിജയയുടെ മാന്ത്രികശക്തിയിൽ നിറഞ്ഞു തെളിഞ്ഞു ശോഭിച്ചു.

മാതേയ്ക്കലച്ചനും പ്രായത്തിന്റെ ചവിട്ടുപടികൾ ഒന്നൊന്നായി ചവിട്ടിക്കയറുകയായിരുന്നു. വെള്ളികെട്ടിയ മുടിയും ചുളിവുകൾ വീഴാൻ തുടങ്ങിയ കവിൾത്തടവും ആ വയോവൃദ്ധനെ പതുകെ കീഴടക്കാൻ തുടങ്ങിയിരുന്നു. പ്രമേഹവും, ഹൃദയസംബന്ധമായ അസുഖങ്ങളും അദ്ദേഹത്തെ അലട്ടികൊണ്ടിരുന്നു. എങ്കിലും പരാജയം സമ്മതിക്കാതെ ജോണച്ചൻ ശോഭയുടെ വളർച്ചയിൽ തെല്ലും കുറവുകളുണ്ടാവാൻ സമ്മതിച്ചില്ല. രാവിലെ ഒരു കൊച്ചു വടിയുമായി ചുറ്റിക്കറങ്ങി കുസൃതികൾക്കിട്ട് ഇടക്കിടെ രണ്ടടിയും കൊടുത്ത് ഉച്ചയാവുമ്പോഴേയ്ക്കും തളർന്നു വിവശനാകുമായിരുന്നു. എങ്കിലും തന്റെ മുറിയിലെ ചാരുകസേരയിൽ കിടന്നു കുട്ടികളുടെ ചലനങ്ങൾ വീക്ഷിച്ചുകൊണ്ടേയിരിക്കും. ഡോക്ടർമാരും സ്നേഹിതൻമാരും  വിലക്കിയിട്ടും ജോണച്ചനെ കുട്ടികളിൽ നിന്നും അടർത്തിമാറ്റാൻ കഴിഞ്ഞില്ല. നാലു മണിക്ക് ഒരു കസേരയും മുറ്റത്തിട്ട് ഓടികളിക്കുന്ന കുഞ്ഞുങ്ങളെ നോക്കിയിരിക്കുമ്പോൾ ആ മുഖത്ത് ആത്മസംതൃപ്തിയുടെയും ആത്മനിർവൃതിയുടെയും കിരണങ്ങൾ പ്രകാശിക്കുമായിരുന്നു. ബിരുദവും ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും ഒക്കെയുള്ള ഒരു വലിയ മനുഷ്യൻ എത്ര അനായാസമായി കുഞ്ഞുങ്ങളുമായി നർമ്മം പറഞ്ഞു രസിക്കുന്നു. കുഞ്ഞുങ്ങളുടെ കൂടെ സംസാരിക്കുമ്പോൾ ജോണച്ചൻ ഈ ലോകത്തിലെ അല്ല ഏതോ അജ്ഞാതലോകത്ത് വിഹരിക്കുന്നതുപോലെ തോന്നും.

പഠനത്തിൽ മാത്രമായിരുന്നില്ല ജോണച്ചൻ ശ്രദ്ധ പതിപ്പിച്ചത്. പാഠ്യേതരവിഷയങ്ങളിലും ശോഭനയിലെ കുട്ടികൾ ഒന്നാമതാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ആരുമായി മത്സരിക്കാനോ ആരേയും തോല്പിക്കുവാനോ വേണ്ടിയുള്ള വാശി ഒരിക്കലും മാതേക്കലച്ചനുണ്ടായിരുന്നില്ല. തന്റെ കുട്ടികൾ അച്ചടക്കത്തിലും, പഠനത്തിലും പാഠ്യേതരവിഷയങ്ങളിലും കഴിവു തെളിയിക്കണം – അത് വളരെ  നിർഹന്ധമായിരുന്നു.

ഒരോരുത്തരേയും പ്രത്യേകം പ്രത്യേകം വിലയിരുത്താനും തിരുത്താനുമുള്ള അപാരമായ ആന്തരീക ജ്ഞാനമുള്ള വ്യക്തിയായിരുന്നു അദ്ദേഹം. എന്റെ നാലുമക്കൾ ശോഭനയിൽ കാലാകാലങ്ങളിൽ കലാതിലകവും കലാപ്രതിഭയും ഉപജില്ല, ജില്ല, സംസ്ഥാന വിജയികളുമായിത്തീർന്നപ്പോഴും അദ്ദേഹം സമയാസമയങ്ങളിൽ വേണ്ട നിർദ്ദേശങ്ങളും തിരുത്തലുകളും പ്രോത്സാഹനങ്ങളും  സമ്മാനങ്ങളും നല്കി മുന്നോട്ടു പോയിരുന്നു. ഞാനിപ്പോഴും ഓർത്തുപോകുന്നു- യുവജനോത്സവത്തിൽ നടക്കുമ്പോൾ ഭക്ഷണംപോലും കഴിക്കാതെ രാത്രിയുടെ അന്ത്യയാമങ്ങൾ വരെ സ്കൂൾ ബസ്സിൽ മത്സര വേദക്കു പുറത്ത് അക്ഷമനായി കാത്തിരിക്കുന്ന ആതാപസന്റെ അർപ്പണബോധം. ഓരോ മത്സരത്തിന്റെയും അവസാനം ഉച്ചഭാശിണിയിലൂടെ ശോഭനാ സ്കൂൾ സമ്മാനാർഹമാകുന്ന  അറിയിപ്പുകൾ പുറത്തു വരുമ്പോൾ ആ മുഖത്തെ ആനന്ദം, നിർവൃതി, അഭിമാനം വാക്കുകളിലൂടെ വർണ്ണിക്കാനാവില്ല. S.S.L.C.പരീക്ഷയിൽ 100% വിജയവും കൈവരിച്ചു വിജയത്തിന്റെ പാതയിലൂടെ മുന്നേറുന്ന ശോഭനയുടെ വളർത്തച്ചനായ  കണ്വമഹർഷിയായിരുന്നു അദ്ദേഹം. ഇന്നു കേരളത്തിൽ മാത്രമല്ല ഭാരതത്തിലും വിദേശങ്ങളിൽ പ്പോലും ഉന്നതന്മാരായ വ്യക്തികളായി ജീവിച്ചതിന്റെ എല്ലാ മേഖലകളിലും ശോഭനയുടെ പൊന്നോമനകൾ പ്രശോഭിക്കുന്നതു കാണുമ്പോൾ യശഃശരീരനായ ജോണച്ചന്റെ ആത്മാവ് പുളങ്കം കൊള്ളുന്നുണ്ടാവും. ഒരു പ്രദേശത്തിന്റെ ഒരു നാടിന്റെ ഒരു രാഷ്ട്രത്തിന്റെ ഭാവിഭാഗദേയം നിർണ്ണയിക്കാൻ ഉത്തമ പൗരൻമാരെ വാർത്തെടുക്കാൻ ഒരു ജീവിതം മുഴുവൻ ഹോമിച്ച മഹാത്മാവേ, അങ്ങേക്കു മരണമില്ല. അതുകൊണ്ടാവാം മരണംപോലും ഭയത്തോടുകൂടി പതുങ്ങി പ്പതുങ്ങി  ഒരു നിമിഷംകൊണ്ട് അങ്ങയെ കീഴ്പ്പെടുത്തിയത്. ജോണച്ചനെന്ന രാജർഷി യുഗങ്ങളോളം അനുസ്മരിക്കപ്പെടും.

I

# ഒരുപിടി ഓർമ്മകളുമായ്

***ജോസഫ് മാതേയ്ക്കൽ* K.S.R.T.C. *ആലുവ***

ഒരു സുപ്രഭാതം കൂടി പൊട്ടിവിരിഞ്ഞു. ഇന്നിന്റേതായ എല്ലാ പ്രത്യേകതകളും സന്തോഷങ്ങളും ദുഃഖങ്ങളും എല്ലാം സമർപ്പിച്ച് എല്ലാറ്റിനും നന്ദിയേകി, തിരുക്കരങ്ങളിൽ നിന്നും ഇന്നത്തേക്കു വേണ്ടത് എല്ലാം കൃപയായി യാചിക്കാൻ ജോണച്ചൻ പതിവുപോലെ ദിവ്യനാഥന്റെ സന്നിധിയിലേക്കു കടന്നു വന്നു. ആ സന്നിധിയിൽ മണിക്കൂറുകളോളം ധ്യാനനിർദീനനായി നിലകൊണ്ടു. യേശുവിന്റെ കരുണയും സ്നേഹവും ഏറ്റുവാങ്ങി ദിവ്യബലി അർപ്പിക്കുവാനായി ദേവാലയത്തിൽ പ്രവേശിച്ചു. തന്നെ സമീപിക്കുന്നവർക്കെല്ലാം ആശ്വാസമേകുന്ന അച്ചന്റെ സ്വഭാവത്തിന്റെ പ്രത്യേകത മനസ്സിലാക്കിയിട്ടോ എന്തോ അതാ പരിചയമില്ലാത്ത ഒരു വ്യക്തി കുമ്പസാരക്കൂട്ടിനുമുമ്പിൽ, അക്ഷമനായി കാത്തു നില്ക്കുന്നു. ദൈവികത നിറഞ്ഞു നില്ക്കുന്ന ആ അന്തരീക്ഷത്തിൽ എല്ലാം തുറന്നു പറഞ്ഞു, കണ്ടാൽ വളരെ മാന്യനായ ആ സഹോദരൻ അച്ചന്റെ അടുക്കൽ കുമ്പസാരിച്ചു. എല്ലാം കേട്ടിട്ട്, സാന്ത്വനവാക്കുകൾ മാത്രം പറഞ്ഞ്, സ്വയം തടി തപ്പുന്ന പ്രകൃതക്കാരനല്ലായിരുന്നു നമ്മുടെ ബ. ജോണച്ചൻ. വന്നയാളുടെ നിസ്സഹായത വ്യക്തമായും മനസ്സിലാക്കി, ആ സാഹചര്യത്തിൽ ചെയ്യേണ്ട സഹായം ചെയ്യാൻ അച്ചന്റെ മഹാമനസ്സ് പ്രേരണ നല്കി. ആ സഹഹോദരന്റെ കയ്യിൽ നിന്നും കുഞ്ഞിനെ ഏറ്റുവാങ്ങി.

എന്തോ നേടേണ്ടത് നേടിയതിന്റെ ചാരിതാർത്ഥ്യത്തിൽ അയാൾ പടിയിറങ്ങി യാത്ര തിരിച്ചു.

ഒരു പിതാവിന്റെ വാത്സ്യല്യത്തോടും സ്നേഹത്തോടും കൂടെ തന്റെ കൈകളിലിരിക്കുന്ന ഓമൽക്കുഞ്ഞിനെ മാറോടുചേർത്ത് തഴുകി തലോടി ആലോചിച്ചു. ആ ദിനത്തിന്റെ പ്രത്യേകത അപ്പോഴാണ് ഓർത്തത്. വി. യൗസേപ്പിതാവിന്റെ തിരുനാൾദിനം. പിന്നീട് ഒന്നും ആലോചിച്ചു നിന്നില്ല. കുഞ്ഞിനെ മാമ്മോദീസ മുക്കി ജോസഫ് എന്ന് പേരിട്ടു. ദൈവം തന്നെ ഏല്പിച്ച ആ കുഞ്ഞാത്മാവിന്റെ പോഷണം, വളർച്ച, എല്ലാ വിധ നന്മകളും മുന്നിൽ കണ്ടുകൊണ്ട് അതിന് ഏറ്റം യോഗ്യരായ എടക്കുന്നിലെ നസ്രത്തു സഹോദരിമാരെ സമാപിച്ചു. അച്ചന്റെ സമീപനോദ്ദേശ്യം മുൻകൂട്ടി അറിഞ്ഞിട്ടോ എന്തോ, ഏറ്റം സ്നേഹത്തോടും താത്പ

ര്യത്തോടും കൂടെ കുഞ്ഞിനെ അവർ ഏറ്റു വാങ്ങി. അഞ്ചുവയസ്സുവരെ ആ കുസൃതിക്കുരുന്ന് അവിടെ സിസ്റ്റേഴ്സിന്റെ സംരക്ഷണയിൽ വളർന്നു. ഏതൊരു വ്യക്തിയുടേയും സ്വഭാവരൂപവത്കരണത്തിന് പ്രധാന പങ്കു വഹിക്കുന്ന ഈ പ്രായം വളരെ നന്നായി രൂപപ്പെടുത്തുവാൻ ദൈവം ഈ മകന് കൃപയേകി. പ്രാർഥനയും സ്നേഹവും ഒത്തു ചേർന്ന ഈ അന്തരീക്ഷം, തുടർന്നുള്ള ജീവിതവിജയത്തിന് വേദിയൊരുക്കി. ചൊവ്വരപ്പള്ളിയിലേക്ക് സ്ഥലം മാറിവന്ന ബഹു. അച്ചൻ കുഞ്ഞിന്റെ ഭാവി ഏറ്റവും നല്ലതായിത്തീരണമെന്ന ആഗ്രഹത്തോടെ പള്ളിയങ്കണത്തിൽ ഒരാശാനെ ഇരുത്തി എഴുത്തു പഠിപ്പിച്ചു. അച്ചനിൽ നിറഞ്ഞു നിന്ന നലം തികഞ്ഞ ആധ്യാത്മികതയുടെ ബഹിർസ്ഫുരണം മാത്രമായിരുന്നു ഈ ഉദ്യമം. സ്വന്തം എന്ന പോലെ കരുതി, ആ മകനെ അവിടെത്തന്നെയുള്ള ഒന്നും രണ്ടും ക്ലാസ്സുകളിൽ പഠിപ്പിച്ചു. ഈ സേവനം തന്റെ ദൗത്യനിർവ്വഹണത്തിന് അല്പംപോലും ഭംഗം വരുത്താൻ ഇടയാക്കാതെ അദ്ദേഹം നിർവഹിച്ചു എന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്.

ദൈവഹിതാനുസരണം റോമിലേക്ക് പോകാൻ വിളി വന്നപ്പോൾ ജോസഫുക്കുഞ്ഞിനെ മൂക്കന്നൂർ ഉള്ള S.H. അനാഥാലയത്തിൽ ചേർത്തു.അവിടെ അവൻ മിടുക്കനായി പഠിച്ചു വളർന്നു. അതോടൊപ്പം ആഴമേറിയ ദൈവവിശ്വാസവും പക്വമായ പെരുമാറ്റവും അവനിൽ രൂപം കൊണ്ടു. റോമിൽ നിന്നും തിരിച്ചു വന്ന അച്ചൻ തന്റെ അജപാലനദൗത്യം കല്ലൂർക്കാട് സെ. അഗസ്റ്റിൻസ് പള്ളിയിൽ പുനരാരംഭിച്ചു. ഈ കാലത്ത് ജോസഫിനെ അവിടെയുള്ള ഹൈസ്കൂളിൽ ചേർത്തു പഠിപ്പിച്ചു. ഒരു പിതാവിന്റെ വാത്സല്യം നിറഞ്ഞു കവിയുന്നതിന്റെ പ്രത്യക്ഷ അടയാളമാണ് പിന്നീട് കാണാൻ കഴിഞ്ഞത്. ആ മകനെ അവന്റെ ആഗ്രഹാനുസരണം ഒരു ടെക്നിക്കൽ സ്കൂളിൽ ചേർക്കുകയും മോട്ടോർ മെക്കാനിക്ക് പഠിപ്പിക്കുകയും ചെയ്തു. അച്ചനിലൂടെ ദൈവം ചൊരിഞ്ഞ അനുഗ്രഹങ്ങൾക്ക് അവൻ പാത്രമായി. അതിന്റെ ഫലമായി നല്ലൊരു ജോലിയും അവനു ലഭിച്ചു. ഇന്നു സംതൃപ്തമായ ഒരു മാതൃകാ കുടുംബത്തിന്റെ നാഥനാണു ജോസഫ്. താൻ അംഗമായിരിക്കുന്ന ഇടവകയിലെ കൈക്കാരനായും മറ്റും സ്തുത്യർഹ സേവനം ചെയ്ത് തനിക്കു ലഭിച്ച ഈ വലിയ കൃപയ്ക്ക് പ്രത്യുപകാരമെന്ന നിലയിൽ, ഇടവകവികാരിമാർക്ക് വലിയൊരു സഹായകനായി വർത്തിക്കുന്നു. ഹൃദയഫലകത്തിൽ മായാത്ത മുദ്ര പതിപ്പിച്ച് കടന്നുപോയ ജോണച്ചൻ എന്നും പച്ചപിടിച്ച ഓർമ്മകളുമായി മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

ഔദാര്യപൂർവ്വം ആശ്വാസമേകുന്ന വലിയ ഒരു ഹൃദയത്തിന്റെ ഉടമ, ഉള്ളം തുറന്നുവയ്ക്കുമ്പോൾ ഉള്ളോടുകൂടെ കേൾക്കുന്ന ആർദ്രഭാവം – വളർച്ചയുടേയും തളർച്ചയുടേയും സാഹചര്യങ്ങളിൽ കരുതലോടെ താങ്ങാൻ നീളുന്ന കൈകൾ– പ്രാർത്ഥനയിൽ എല്ലാറ്റിനും ഉത്തരം കാണു

നും ഉത്തരമേകാനും വെമ്പൽപൂണ്ട ഹൃദയം. ഇവിടെയെല്ലാം ജോണച്ചൻ എന്ന വലിയ പുരോഹിതന്റെ പിതൃ സ്നേഹം നിറഞ്ഞു നിന്ന പിതൃഹൃദയത്തിന്റെ വാത്സല്യം വാടാതെ– മങ്ങാതെ– ഉയർന്നു വരുന്നു. യേശുവിനു മുൻപിൽ, അവിടുത്തേ പ്രിയപ്പെട്ട മക്കൾക്കു മുൻപിൽ, പ്രത്യേകിച്ചും പാവപ്പെട്ടവർക്കു മുൻപിൽ തെളിഞ്ഞു നിന്ന ദീപമായി – ഉരുകി ഉരുകിത്തീർന്ന ഒരു മെഴുകുതിരിയായി മാറിയ ജോണച്ചാ – അച്ചന്റെ ആർദ്ര സ്നേഹത്തിനു മുൻപിൽ ആദരാഞ്ജലികൾ – പ്രാർത്ഥനാഞ്ജലികൾ.

ഈറനണിഞ്ഞ മിഴികളോടെ, നമ്രശിരസ്കനായി നില്ക്കുകയാണ് അങ്ങയുടെ പ്രിയപ്പെട്ട മകൻ – അങ്ങ് എടുത്തു വളർത്തി വലുതാക്കിയ, അങ്ങയുടെ വളർത്തു പുത്രൻ ജോസഫ്.

I

# അസാധാരണമായ ഒരു വ്യക്തിത്വം

ഫാ. ജോൺ ആനിക്കോട്ടിൽ. C.M.I.

യശഃശരീരനായ മാതേക്കൽ ജോൺ അച്ചനെ ഒരു പ്രവാചകനായിട്ടാണു ഞാൻ കാണുന്നത്. നാളത്തേ നൊമ്പരങ്ങൾ ഇന്ന് അനുഭവിക്കാൻ മാത്രം നാളെയുടെ ചിത്രങ്ങളെ അത്രയ്ക്കും അടുക്കും ചിട്ടയോടും കൂടി മുൻകൂട്ടിക്കാണാനുള്ള ദാർശനിത്വം തുളുമ്പി നിന്നിരുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമ. സ്ഥലകാലങ്ങളെ അതിജീവിക്കാൻ കെല്പുള്ള ഒരു ദീർഘദൃഷ്ടി അദ്ദേഹത്തിന് ഒരു അലങ്കാരമായിരുന്നു. വർഷങ്ങൾക്ക്മുമ്പ് എറണാകുളം ഭാഗത്തുള്ള ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ വരാന്തയിൽ വച്ചാണ് ഇന്നത്തെ ശോഭനാ ഇംഗ്ലീഷ് മീഡിയം സ്കൂളിനെ ഗർഭം ധരിക്കുന്നത്. ആരുമാരുനില്ലാത്ത - ശരാശരിയിൽ താഴെ പഠിപ്പുള്ള ഒരു ഹിന്ദു കുട്ടിയുടെ രക്ഷാധികാരിത്വം (guardianship) കൈമുതലാക്കി അവിടത്തെ ഹെഡ്മാസ്റ്ററുടെ മുറിയുടെ വാതിക്കൽ മറ്റ് അല്മായ മാതാപിതാക്കളുടെ കൂടെ കാതോർത്തു നില്ക്കയാണ് ബ. ജോണച്ചൻ. 'ഞാൻ ധരിച്ചിരുന്ന ളോവയെയെങ്കിലും അദ്ദേഹത്തിനു മാനിക്കാൻ കഴിഞ്ഞില്ലല്ലോ.' എന്ന് ഇതേപ്പറ്റി ജോണച്ചൻ പറയുകയുണ്ടായി. 'കൊണ്ടുചെന്ന കുട്ടിക്ക് അഡ്മിഷൻ കൊടുത്തില്ല എന്നതിൽ കൂടുതലായി എന്നെ വേദനിപ്പിച്ചത് അദ്ദേഹം എന്നോടു പറഞ്ഞ സംസാര രീതിയായിരുന്നു.' അന്നു നിശ്ചയിച്ചു 'ഞാനൊരു സ്കൂൾ തുടങ്ങുകയാണെങ്കിൽ അവിടത്തെ പ്രവേശനത്തിനുള്ള മാനദണ്ഡം പഠിക്കാനുള്ള കഴിവു മാത്രമായിരിക്കില്ല; ആരെങ്കിലും കൈപിടിച്ചുയർത്താൻ ഉയർന്നുവരും എന്നുള്ളവരെ ആദ്യലിസ്റ്റിൽ പെടുത്തും.' ഇതും അച്ചന്റെ വാക്കുകളാണ്. ഈ പ്രത്യേകത ശോഭനാ സ്കൂളിൽ കാണാമായിരുന്നു. സാധാരണ രീതിയിലുള്ള ടെസ്റ്റുകളിൽ പാസ്സാകാൻ പറ്റാതെ (Coaching -ന്റെ അഭാവത്തിൽ) പുറമതള്ളപ്പെടുന്നവർ അച്ചന്റെ അടുത്തു ചെല്ലുമ്പോൾ അവരെ സ്വീകരിച്ചു പ്രത്യേക ക്ലാസ്സുകൾ (Special coaching Tuition)കൊടുത്ത് ഉയർത്തിക്കൊണ്ടുവരാൻ ശ്രമിച്ചിരുന്നു. എല്ലാ സൗകര്യങ്ങളോടും കൂടി പഠിച്ച് ഫസ്റ്റ് റാങ്കിൽ നില്ക്കുന്ന കുട്ടികളെക്കാൾ കൂടുതലായി അദ്ദേഹം ശ്രദ്ധിച്ചിരുന്ന മറ്റൊരു വിഭാഗം ഉണ്ടായിരുന്നു; ആനുകൂല്യങ്ങളുടെ അഭാവത്തിൽ ശരാശരിയിൽ കഴിയുന്നവർ. അവരാണ് ജോണച്ചന്റെ പ്രത്യേക പരിഗണനയ്ക്കു പാത്രീഭൂതരായിരുന്നവർ - ഇവരാണു രണ്ടാമത്തെ ഗണത്തിൽപ്പെട്ടവർ - എല്ലാക്കാലത്തും തന്നെ നന്ദിയോടെ ഓർക്കുമ്പോൾ എന്ന് അച്ചൻ വിശ്വസിച്ചിരുന്നു. അതിന് അദ്ദേഹം അനുഭവസ്ഥനുമാണ്. സമൂഹത്തിന്റെ അങ്ങേയറ്റവും ഇങ്ങേയറ്റവുംകൂട്ടിയാൽ കൂടില്ല എന്ന മുദ്രാവാക്യം ശക്തിപ്പെടുന്ന ഒരു കാലത്ത് ബ. ജോണച്ചൻ പറയുന്നു; "സമൂഹത്തെ നയിക്കാൻ നിയോഗിക്കപ്പെടുന്നവർ തങ്ങളുടെ മുമ്പിൽ വരുന്നവരെ നിസ്വാർത്ഥമായി, നിഷ്പക്ഷമായി, പ്രവാചക ദൗത്യത്തോടെ നോക്കികാണാൻ ശ്രമിച്ചാൽ

കൂട്ടിയാൽ കൂടാത്ത ഒന്നും ജീവിക്കുന്ന സമൂഹത്തിൽ ഉണ്ടാവില്ല'' എന്ന്.

ജോണച്ചന്റെ ആഴമേറിയ ഈശ്വരവിശ്വാസവും കൃത്യനിഷ്ഠയും സ്കൂളിലെ കുട്ടികളേയും അദ്ധ്യാപകരേയും മാത്രമല്ല ഇടപെടുന്ന എല്ലാവരെയും കാര്യമായിത്തന്നെ സ്വാധീനിച്ചിരുന്നു, അത്ഭുതപ്പെടുത്തിയിരുന്നു എന്നു പറയുന്നതാവും കൂടുതൽ ശരി. ബോർഡിംഗിൽ താമസിച്ചു പഠിക്കുന്ന കുട്ടികൾ വീട്ടിൽ വരുമ്പോൾ അവരിൽ പ്രകടമായിരുന്ന പ്രാർത്ഥനാചൈതന്യം മാതാപിതാക്കന്മാരെ ശരിക്കും അത്ഭുതപ്പെടുത്തിയിരുന്നു. ബോർഡിംഗിൽ പ്രാർത്ഥന നടത്തിയിരുന്ന സമയത്തുതന്നെ വീട്ടിലും നടത്താൻ കുട്ടികൾ ശ്രദ്ധിച്ചിരുന്നു.

എന്നെ സ്പർശിച്ച മറ്റൊരു പ്രത്യേകതയാണു ജോണച്ചന്റെ ശുചിത്വബോധം (Sense of Cleanliness). ഇതു വ്യക്തിത്വത്തെ ഒത്തിരി വളർത്തും. അടുക്കും ചിട്ടയുമില്ലാതെ പെരുമാറ്റ സാധനങ്ങൾ വലിച്ചുവാരിയിടുന്ന പ്രകൃതം അച്ചന് തീർത്തും അന്യമായിരുന്നു. അതാർക്കും ഒത്തിരി ടെൻഷനും സമയനഷ്ടവും ഉണ്ടാക്കുന്ന കാര്യമാണല്ലോ.

ദീർഘവീക്ഷണത്തോടു കൂടിയേ അച്ചൻ ഏതു കാര്യവും പ്ലാൻ ചെയ്തിരുന്നുള്ളൂ. ഇവിടെ പണച്ചെലവ് ഇത്തിരി കൂടും എന്നതു ശരി. പക്ഷേ, അച്ചനു പ്രധാനം പണമല്ല, നല്ല നാളെയാണ്.

കുഞ്ഞുങ്ങൾക്കും വലിയ കൂട്ടുകാരനായിരുന്നു ജോണച്ചൻ. ഏതു പ്രായത്തിലുമുള്ള കുട്ടികളുമായി ചങ്ങാത്തം കൂടുവാൻ അച്ചന് ഒരു പ്രത്യേക കഴിവായിരുന്നു. ശോഭനയിലെ കുട്ടികൾക്കു സിസ്റ്റേഴ്സിനോട് ഉണ്ടായിരുന്നതിനെക്കാൾ സ്നേഹം അച്ചനോടായിരുന്നു. കുട്ടികളുടെ ലീലാവിലാസങ്ങൾ എത്രനേരം വേണമെങ്കിലും അച്ചൻ കണ്ടുകൊണ്ടിരിക്കും. ആരോഗ്യം ഒരുവിധമെങ്കിലും അനുവദിക്കുമെങ്കിൽ സ്റ്റേറ്റ് മത്സരത്തിനു പോകുന്ന കുട്ടികളോടൊപ്പം അച്ചനും പോകുമായിരുന്നു. ഒരിക്കൽ രാത്രി മുഴുവൻ വണ്ടിയിലിരുന്ന് കുട്ടികളുടെ മത്സരങ്ങൾ കണ്ട് ആസ്വദിച്ചതായി അറിയാം. അതുപോലെ അവരെ പ്രോത്സാഹിപ്പിക്കാനും മറക്കില്ല.

ആരുടെയും മുമ്പിൽ ഓച്ഛാനിച്ചു നില്ക്കുവാനും അച്ചനെ കിട്ടുമായിരുന്നില്ല. ചെയ്യുന്നതും പറയുന്നതുമെല്ലാം ഉറച്ച ബോധ്യത്തിൽ നിന്നായിരിക്കും. ഇതെല്ലാം ഞാൻ അറിയുന്ന ജോണച്ചന്റെ അസാധാരണ വ്യക്തിത്വത്തിന്റെ ചില രേഖകളാണ്.

Q

# ഞാനറിയുന്ന ജോണച്ചൻ

*സി. വിമല* C.S.N

1960 മാർച്ച് മാസത്തിലായിരുന്നു ഞങ്ങളുടെ Batch - ന്റെ ഉടുപ്പിടീൽ. ബ. ജോണച്ചൻ അന്ന് ഇടക്കുന്നിലുണ്ടായിരുന്നു. അച്ചൻ റോമിൽ നിന്ന് വന്ന ദിവസങ്ങളായിരുന്നു അത് എന്നു തോന്നുന്നു. ഈ അച്ചൻ ആരെന്നോ എന്തെന്നോ ഒന്നും എനിക്കറിഞ്ഞുകൂടായിരുന്നു. വൈകുന്നേരം എല്ലാവരും പാർലറിൽ ഒന്നിച്ചുകൂടി അച്ചന്റെയടുത്ത്. അച്ചൻ റോമിലും വിശുദ്ധ നാട്ടിലും ഒക്കെ കണ്ട വിവരങ്ങൾ സിസ്റ്റേഴ്സിനോടു പറയുകയായിരുന്നു. ഒരു സഹോദരൻ സഹോദരിമാരോട് എന്നവണ്ണം. 12-ാം പീയുസ് മാർപ്പാപ്പയെ കണ്ടപ്പോൾ അനുഭവപ്പെട്ട ദിവ്യത്വവും എല്ലാം അച്ചൻ പറഞ്ഞു. എന്നാലും ആൾ ഒരു നിഗളിയാണ് എന്നാണ് എനിക്കുണ്ടായ അഭിപ്രായം. പിന്നെയും പലപ്പോഴും ബ. പിണക്കാട്ടച്ചന്റെ കൂടെ എടക്കുന്നിൽ വരുന്നതു കാണുമ്പോൾ അച്ചന്റെ സ്നേഹിതനാണല്ലോ എന്നുള്ള നിഗമനത്തിലെത്തി. അതുപോലെ ബ. ടെരസിറ്റാമ്മയും ഈയാളെ ആദരിക്കുന്നുണ്ടല്ലോ എന്നുള്ളതും കണക്കിലെടുത്തു. പക്ഷേ 1970 മാർച്ച് വരെ ആളോട് ഒരിക്കലും ഞാൻ മിണ്ടിയിട്ടില്ല.

അച്ചനോട് അങ്ങോട്ടു മിണ്ടാത്തവരോട് ഇങ്ങോട്ടു മിണ്ടുകയില്ല എന്ന കാര്യം എനിക്കറിഞ്ഞുകൂടായിരുന്നു. ഒരിക്കൽ ഞാൻ അങ്കമാലിയിലായിരുന്നപ്പോൾ, 69-ൽ രസകരമായ ഒരു സംഭവം-അവിടെ ബ. ടെക്സിലിയാമ്മ സുപ്പിരീയർ. ബ. ജോണച്ചൻ Parlour -ൽ ഉണ്ട്. Sisters പോയി അച്ചനെ കാണുക എന്ന് oder. ഞാനും Sr. Ascensaയും കൂടെ അച്ചനെ കാണാൻ പോയി. ഞങ്ങൾ മുറിയുടെ വാതിൽക്കൽ ചാരി നിന്നു പുറത്തായിട്ട്. അകത്ത് അച്ചൻ വടക്കോട്ടു നോക്കിയിരുന്നു. ഞങ്ങളുടെ നേരെയല്ല side view ലാണ് ഞങ്ങളുടെ ദർശനം. ഞങ്ങൾ രണ്ടുപേരും കുറച്ചുനേരം അങ്ങനെ നിന്നു. അച്ചൻ അങ്ങനെ തന്നെയിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ 'വട്ടയപ്പം' (റോസമ്മ II Block) വന്നു. നിങ്ങൾ അച്ചനെ കണ്ടോ എന്നു ചോദ്യം. ഞങ്ങൾ പറഞ്ഞു കണ്ടു. എന്നാൽ ഞാൻ കാണട്ടെ എന്നു പുള്ളിക്കാരി. 'ഓ കണ്ടോ' എന്നു ഞാനും പറഞ്ഞു. ഞങ്ങൾ പെട്ടെന്നു സ്ഥലം വിട്ടു. അതു കഴിഞ്ഞ് March കഴിഞ്ഞപ്പോൾ ബ. അമ്മ (ടെരസിറ്റാമ്മ) എന്നെ വിളിച്ചിട്ടു പറഞ്ഞു "സിസ്റ്റർ കുറച്ചു ദിവസത്തേക്കു മറയൂർക്കു ചെല്ലണം. കുട്ടികളെ കളികൾ പഠിപ്പിക്കാൻ. Annual day യ്ക്ക് ഒരുക്കാൻ എന്ന് സി. വിജയ ആവശ്യപ്പെടുന്നു" എന്ന്.

കൂടാതെ ബ. ജോണച്ചൻ കാന്തല്ലൂർക്ക് Rest നു പോകുന്നുണ്ട്. അച്ചന്റെ കാറിൽ പോകാം. പക്ഷേ ഛർദ്ദിച്ചേക്കരുത്. അതു കേട്ടപ്പോൾ എനിക്കു വലിയ മനഃപ്രയാസമായി. ജോണച്ചന്റെ കൂടെയുള്ള പോക്ക്. ഏതും പോരാത്ത ജോണച്ചൻ, എന്നെപ്പോലെയുള്ളവർക്കൊന്നും അടുക്കാൻ പറ്റാത്ത പുള്ളി. പോരാഞ്ഞിട്ട് ഞാൻ വഴിനീളം ഛർദ്ദിക്കുകയും. വിചിത്രമായി. എന്തു ചെയ്യും പോകാതിരിക്കാനും പറ്റുകയില്ല. എന്തിനു പറയുന്നു പോയി, മൂന്നാർ വരെ ചർദ്ദി. അതു കഴിഞ്ഞ് ഉച്ചയ്ക്ക് ഊണു കഴിക്കാൻ ഹോട്ടലിൽ കയറി. ഞാൻ ഈ അച്ചന്റെ ചോറുണ്ണുക. കൂടെയുള്ളവരെല്ലാം അച്ചന്റെ ബന്ധുകൾ. ഞാൻ മാത്രം അന്യ. എനിക്കു ചോറു വേണ്ടാ എന്നു കൂടെയുള്ളവരോടു ഞാൻ പറഞ്ഞു. ഈ പുള്ളിക്കാരൻ എന്നെ watch ചെയ്യുന്നുണ്ട്. പുള്ളി എന്നോടായിട്ടു പറഞ്ഞു. "ചോറുണ്ടോ, വെശന്നു കൂറുകുത്തി, എന്നിട്ട് ഇവിടൊയൊക്കെ നടന്ന് അല്പം കാറ്റു കൊള്ളൂ". എനിക്ക് അല്പം ആശ്വാസമായി. ഏതായാലും സുഗ്രീവാജ്ഞ പോലെ അതു സ്വീകരിച്ചു ഞാൻ ഊണു കഴിച്ചു. വീണ്ടുമുള്ള യാത്രയിൽ അധികം ഛർദ്ദിച്ചില്ല. മറയൂർ ചെന്നു കഴിഞ്ഞപ്പോൾ ഞാൻ മറഞ്ഞു. ഈ പുള്ളിയുടെ നേരെ നിൽക്കാൻ ബുദ്ധിമുട്ട്. തിരിച്ചു പോരാൻ ഞാൻ കൂടെയുണ്ടായിരുന്നില്ല. ഞാൻ അങ്ങനെ രക്ഷപ്പെട്ടു. ഏതായാലും ആൾ സ്നേഹമുള്ളവനാണ് എന്നു തോന്നി.

പിന്നെ 74 ജൂൺ മാസത്തിൽ ഞാൻ തൃക്കാരിയൂർ Nursery teacher ആയി നിയമിക്കപ്പെട്ടു. വളരെയേറെ ഹൃദയഭാരത്തോടെ ഞാൻ ചെന്നു. ഞാൻ ഏറെ തടസ്സം പറഞ്ഞു നോക്കിയെങ്കിലും ഓക്സീലിയാമ്മ സമ്മതിച്ചില്ല, ഇതിൽനിന്നും ഒഴിവാകാൻ. 8 മാസം വരെ ഞാൻ ഒട്ടുംതന്നെ അടുക്കാതെ (മനസ്സുകൊണ്ട്) കഴിഞ്ഞു. ഒരിക്കൽ ഒരു guardian എന്നെ കുറെ ചീത്ത പറഞ്ഞു, അയാളുടെ കുട്ടിക്ക് അഞ്ചാം പനി വന്നിട്ട് അറിയിച്ചില്ല എന്നു പറഞ്ഞ്. ഈ വിവരം അച്ചനെ അറിയിക്കണമല്ലോ, ഗതികേട്. അന്നു രാത്രി അച്ചൻ ഭക്ഷണത്തിനു വന്നപ്പോൾ ഞാൻ വിറച്ചു വിറച്ച് മേശയ്ക്കരികിൽ ഹാജരായി. വളരെ ക്ലേശിച്ച് വിവരം പറഞ്ഞു തീർത്തു. വളരെ ശാന്തനായി എന്നെ സമാധാനിപ്പിക്കയാണുണ്ടായത്. ഞാൻ പ്രതീക്ഷിച്ച രീതിയിലുള്ള പ്രതികരണമല്ല ഉണ്ടായത്. ഒരു വാത്സല്യമുള്ള അപ്പനെപ്പോലെ സംസാരിച്ചു. പിന്നെ എന്തെങ്കിലുമൊക്കെ പറയാനും മിണ്ടാനും വലിയ ബുദ്ധിമുട്ടുണ്ടായില്ല. അച്ചന്റെ പട്ടിയെ നോക്കുന്ന ജോലി എനിക്കുള്ളതാണെങ്കിലും ഞാനതു കൂട്ടാക്കിയിരുന്നില്ല. ഒരു ദിവസം ഞാൻ gate തുറന്നപ്പോൾ പട്ടി ഓടിപ്പോയി പറമ്പിലേയ്ക്ക്. ഞാൻ അന്തം വിട്ടു നിന്നു. എന്നോടു പട്ടിയെ പിടിച്ചുകൊണ്ടുവരാൻ പറഞ്ഞു. എനിക്ക് ഏറ്റവും ബുദ്ധിമുട്ടുള്ള ജോലി. ഞാൻ പതുകെ പതുകെ പോയി. പട്ടി കൂവക്കാട്ടിൽ നില്പുണ്ട്. ഞാൻ അതിന്റെ കഴുത്തിൽ പിടിച്ചു. ഉള്ളു വിറയ്ക്കുന്നുണ്ടെങ്കിലും പട്ടി ഞാൻ കൊണ്ടു വന്നു പൂട്ടി, വലിയ ധീരകൃത്യം. അവിടെയും ഞാൻ രക്ഷപ്പെട്ടു. പിന്നെ എന്നോടു കുറെ വാത്സ

ല്യമൊക്കെ കാണിച്ചു തുടങ്ങി. അകൽച്ച കുറഞ്ഞു തുടങ്ങി. പിറ്റേകൊല്ലം Sobhana School ആരംഭിച്ചു. എന്നെക്കൊണ്ട് ഇതു നടത്തിക്കൊണ്ടുപോകാൻ പറ്റുമെന്ന് അച്ചനു തീരെ വിശ്വാസമില്ലായിരുന്നു. പക്ഷേ തമ്പുരാന്റെ അനുഗ്രഹം കൊണ്ട് '75 March 28-നു Annual day യും സ്കൂൾ അടയ്ക്കലും. വളരെ വിജയപ്രദമായി എല്ലാം നടന്നു. അച്ചന് ആകെ സന്തോഷമായി. കുട്ടികൾക്ക് സാമാന്യം നല്ല standard ഉണ്ടെന്ന് Parents അഭിപ്രായപ്പെട്ടു. അങ്ങനെ തുടർന്ന് 8 കൊല്ലം കൂടി ഞാൻ ശോഭനയിൽ ജോലി ചെയ്തു. അപ്പനെപ്പോലെയാണ് എന്നോട് പെരുമാറിയിട്ടുള്ളത്. ചിലപ്പോൾ നല്ല firing തരും. അതുകഴിഞ്ഞ് ഞാൻ പിണങ്ങി വഴി മാറി നടക്കും. അപ്പോൾ നേരെ വന്നിട്ട് എന്തെങ്കിലും തമാശുപറയും. Pius Gardens സിസ്റ്റേഴ്സിനെ സ്വന്തം മക്കളെപ്പോലെയാണു കരുതിയിരുന്നത്. നസ്രത്തു സഭയെ സ്വന്തമായും കരുതിയിരുന്നു. ആയിരം ചീത്ത പറയും അധികാരങ്ങളെ. എന്നാലും ഉള്ളിൽ സ്നേഹമുണ്ട് എന്നു മനസ്സിലാക്കാൻ കഴിയും.

കുഞ്ഞുങ്ങളോട് ഒരു പ്രത്യേക വാത്സല്യമായിരുന്നു അച്ചന്. പാവനാ ഭവനിലെ കുഞ്ഞുങ്ങളെ എടുത്തുകൊണ്ടു നടക്കുന്നതു കണ്ടാൽ അത്ഭുതം തോന്നും. വളരെ വികൃതരൂപമുള്ള ഒരു കുട്ടിയെ എടുത്തു താലോലിക്കുന്നകു കണ്ടിട്ടുണ്ട്. സ്വാഭാവിക വാസനയെ നിയന്ത്രിച്ചുകൊണ്ടാണ് അതു ചെയ്തിരുന്നത് എന്നു എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. ദരിദ്രരോടും ദീനരോടും ഒത്തിരി കനിവുണ്ടായിരുന്നു അച്ചന്. സാധിക്കുന്ന സഹായം മരിക്കുന്നതുവരെ ചെയ്തിട്ടുണ്ട് അങ്ങനെയുള്ളവർക്ക്.

'രാജകലയുള്ള ഈ മനുഷ്യൻ വൈദിക ജീവിതത്തിലേയ്ക്കു കടന്നുവന്നല്ലോ' എന്ന് ഒരു ഡോക്ടർ ഒരിക്കൽ പറയുന്നതു കേൾക്കാനിടയായി. ചുരുക്കം ചില weakl points അച്ചനുണ്ടായിരുന്നുവെങ്കിലും നലംതികഞ്ഞ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു എന്നു പറയുന്നതിൽ തെറ്റില്ല. അച്ചന്റെ നാമകാരണമായ വിശുദ്ധനെപ്പോലെ, തെറ്റു തെറ്റാണെന്നു നിവർന്നുനിന്നു പറയാൻ ചങ്കൂറ്റമുണ്ടായിരുന്നു അച്ചന്.

ഞാൻ ചുരുക്കുകയാണ്, കേരള സഭാനഭസ്സിൽ 20-ാം നൂറ്റാണ്ടിന്റെ മുക്കാൽ ഭാഗത്തോളവും തിളങ്ങിനിന്ന ഒരുജ്ജ്വല താരമായിരുന്നു ബ. ജോണച്ചൻ എന്നുതന്നെ ഞാൻ പറയുന്നു.

Q

# സുദൃഢം, സുസ്മേരം

ടോം ജോസ് തഴുവംകുന്ന്

ആദ്ധ്യാത്മികതയുടെ ആർദ്രമായ, പഴമയുടെ പ്രാമുഖ്യം തുലുമ്പുന്ന ആരക്കുഴ ഗ്രാമത്തിലെ മാതേയ്ക്കൽ കുടുംബത്തിൽ ആ കുഞ്ഞ് ജനിക്കുമ്പോൾ അമ്മയുടെ ദുഃഖസ്മരണകൾക്ക് സന്തോഷത്തിന്റെ നിറമലരുകൾ നൽകി. ജനിക്കാനിരിക്കുന്ന മകൻ ദൈവത്തിന്റെ ഇംഗിതം നിറവേറ്റുന്നവനാകാൻ ഒരു സമർപ്പണം എന്ന പോലെ അവന്റെ പിതാവ് ദൈവസന്നിധിലേക്ക് നേരത്തേതന്നെ എടുക്കപ്പെട്ടിരുന്നു. ഉന്നത കുടുംബം, ബന്ധങ്ങൾ, സാമ്പത്തിക ഭദ്രത എല്ലാത്തിനും നടുവിൽ ആ കുഞ്ഞ് മാത്രമാണ് അമ്മയ്ക്ക് സന്തോഷം നൽകിയിരുന്നത്.

അമ്മയുടെ കൈയിൽ തൂങ്ങി പിച്ചവച്ച് പ്രാഥമികതയുടെ പടികൾ ചവിട്ടികയറി പഠനത്തിന്റെ മിടുക്കിലൂടെ അവൻ വളരാൻ തുടങ്ങി. താൻ മാത്രമേ അമ്മയ്ക്ക് തുണയുള്ളൂ എന്നറിയാമായിരുന്നെങ്കിലും ജീവിതത്തിലെയും, കുടുംബത്തിലെയും ഭാരിച്ച ഉത്തരവാദിത്വങ്ങൾ ദൈവത്തിലർപ്പിച്ച് ജോൺ വളർന്നു. വളർച്ചയുടെ നല്ല വഴിയിൽ ദൈവത്തിന്റെ വിളി തിരിച്ചറിഞ്ഞ ജോൺ കർത്താവിന്റെ ബലി വേദിയിലേക്ക് നടന്നടുക്കാൻ തുടങ്ങി. "കലപ്പയിൻമേൽ കൈ വച്ചിട്ട് പിൻതിരിഞ്ഞു നോക്കുന്നവൻ സ്വർഗ്ഗരാജ്യത്തിനു യോഗ്യനല്ല എന്ന വചനം സ്വായത്തമാക്കിയെന്നോണം ജോൺ ധീരതയോടെ മുന്നോട്ടു നീങ്ങി. ബലിയർപ്പണത്തിന്റെ നാളുകൾ അടുത്തെത്തി നിൽക്കേ അദ്ദേഹത്തിന്റെ അമ്മ ജീവിത സമർപ്പണത്തിനായി ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടു. ബ്ര. ജോൺ മാതേയ്ക്കലിനെ തനിച്ചാക്കി പിതാവും സ്വർഗ്ഗത്തിലെത്തി. മകന്റെ ദൈവവിളി സാക്ഷാത്ക്കരിക്കുന്നത് സ്വർഗ്ഗരാജ്യത്തിലിരുന്ന് മാതേയ്ക്കലച്ചന്റെ മാതാപിതാക്കൾ ദർശിച്ചു. അപൂർവ്വതയുടെ അത്ഭുതം തോന്നുന്ന ഈ ഏകാന്തത തന്നെയായിരിക്കും അച്ചന്റെ ഏറ്റവും വലിയ പ്രത്യേകതയും, ദൈവപരിപാലനയും.

വൈദികാന്തസ്സിലേക്ക് പ്രവേശിച്ച ജോൺച്ചൻ സ്വന്ത ബന്ധങ്ങളുടെ വിളിയേക്കാൾ താൻ ഏറ്റെടുത്ത ദൈവവിളിയുടെ സാക്ഷാത്ക്കാരത്തിനാണ് മുൻതൂക്കം കൊടുത്തത്. തന്റെ ചുറ്റുമുള്ളതിനെയെല്ലാം എല്ലാമായി സ്നേഹിക്കാനും, അവർക്കിടയിൽ പ്രവർത്തിക്കാനും അച്ചനു കഴിഞ്ഞു. തേജോമയമായ ആദ്ധ്യാത്മികത, ഭക്തിയുടെ ഗൗരവതരമായ സമീപനം, തീക്ഷ്ണമായ പ്രവർത്തനോത്സുക്ത എല്ലാം മാതേയ്ക്കലച്ചനുണ്ടാ

യിരുന്നു. ചെയ്യുന്നതെന്തും നല്ലതിനും സമൂഹത്തിന്റെ നന്മയുടെ ഭാവിയിൽ വഴിവിളക്കാകാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ആഴത്തിൽ വേരോടിയ വ്യക്തിബന്ധങ്ങളും, ആദ്ധ്യാത്മികതയിൽ ഉറച്ചുനിന്ന പ്രവർത്തന മണ്ഡലങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു.

നിറഞ്ഞ പാണ്ഡിത്യവും ഈ പാണ്ഡിത്യത്തിലൂന്നിയ പരിചയത്തിന്റെ പ്രാവർത്തികതയും അച്ചനിൽ ദർശിക്കാനാകുമായിരുന്നു. നിറ ഭക്തിയാർന്ന ബലിയർപ്പണം, വചനത്തിന്റെ പ്രായോഗിക്തയിലൂന്നിയ ശ്രേഷ്ഠമായ പ്രഭാഷണങ്ങൾ; സ്നേഹദാർഢ്യതയിലൂന്നിയ ഉറച്ച തീരുമാനങ്ങൾ എല്ലാം അദ്ദേഹത്തിനുണ്ടായിരുന്നു. സുദൃഢമായ സുഹൃദ്ബന്ധങ്ങളും, കഴിവുകളുടെ മികവും ദൃഢതരവും നന്മയുടെ ത്രമാനഭാവം നിറഞ്ഞതുമായ നല്ല വഴികളിൽ നീങ്ങാനും, മറ്റുള്ളവരെ നീക്കാനും അദ്ദേഹത്തിനു തടസ്സമായില്ല. കൈപിടിച്ചും കൈകോർത്തും ചെയ്യാവുന്ന ഔന്നത്യമാർന്ന കർത്തവ്യങ്ങൾ തന്റേതായ പലതും നൽകി ശ്രേഷ്ഠവും, സമൂഹത്തിന് ഉചിതവുമാക്കാൻ മാതേയ്ക്കലച്ചനു കഴിഞ്ഞു.

സുസ്മേരവദനമായ പെരുമാറ്റത്തിലൂടെ പ്രകടമായ അദ്ദേഹത്തിന്റെ ഉത്സാഹവും, പ്രവർത്തനങ്ങളിലെ കാർക്കശ്യവും കാണേണ്ടതായിരുന്നു. അദ്ദേഹത്തിനുള്ളതെല്ലാം കാലത്തിന്റെ കൊഴിച്ചിലിൽ സമൂഹത്തിനായി അടർത്തി മാറ്റി ഭാവിയുടെ വഴിത്താരയിൽ വെളിച്ചമേകാനുള്ള സൽപ്രവൃത്തികളുടെ അടിത്തറ പാകാൻ അച്ചനു കഴിഞ്ഞു. മനസ്സിന്റെ വിഭാരാന്തിയിൽ ഉഴലുന്ന ജീവിതങ്ങൾക്ക് ഈശ്വരസ്നേഹത്തിന്റെ സാന്ത്വനം നൽകാനും, അക്ഷരക്കളരിയുടെ മികവുറ്റ പ്രവർത്തനം നാളെയുടെ വാഗ്ദാനങ്ങൾക്കായി സമർപ്പിക്കാനും മാതേയ്ക്കലച്ചന് സാധിച്ചു. സകല സൽപ്രവൃത്തികളും മാതേയ്ക്കലച്ചന്റെ ദൈവവിളിയുടെ പൂർത്തികരണത്തിലേയ്ക്ക് വെളിച്ചം വീശുന്നതാണ്. വിശുദ്ധിയുടെ മാർഗ്ഗത്തിൽ കർമ്മശേഷിയുടെ മിഴിവുറ്റ പന്ഥാവ് തുറന്നിട്ട മാതേയ്ക്കലച്ചൻ എക്കാലവും നാടിനും വീടിനും, സഭയ്ക്കും തേജസ്സുറ്റ മാർഗ്ഗദീപം തന്നെ. അദ്ദേഹം തുറന്നിട്ട നല്ലവഴികളിലെ നന്മയുടെ സങ്കേതങ്ങളിൽ കാലഭേദവും മറന്ന് സ്നേഹസ്മരണയിലൊന്നിക്കാൻ നമുക്കു കഴിയും. ഇന്നലെയും, ഇന്നും, നാളെയും ആ നല്ല വൈദികന്റെ സുദൃഢമായ കർമ്മശേഷിയും, ത്യാഗബുദ്ധ്യാലുള്ള നല്ല പ്രവർത്തനങ്ങളുടെ വിജയവും അംഗീകരിക്കും.

താനെത്തിപ്പെട്ട ദൈവവിളിക്കൊപ്പം നിന്നുകൊണ്ട് തനിക്കുള്ള സർവ്വസമ്പത്തും നൽകി സ്ഥാപിച്ച് വളർത്തിയ പലതും അച്ചന്റെ ഓർമ്മകൾക്ക് അമർത്യത നൽകുന്നു. തനതായ ആ വ്യക്തിത്വത്തിന്റെ അമർത്യമായ സ്മരണകൾക്ക് മുന്നിൽ സ്നേഹാഞ്ജലികൾ.

Q

# തികച്ചും അസാധാരണ വ്യക്തിത്വം

ഡോ. തോമസ് പഞ്ഞിക്കാരൻ

'ജീവിതം ഇന്നൊരു തൂക്കുപാലം..........' J.P.Medical Centre - ലെ ഒരു അന്തേവാസി മേൽപ്പറഞ്ഞ വരികൾ ഉച്ചത്തിൽ പാടി. സ്ഥലം അയിരൂർപ്പാടം. J.P.Medical Centre. നിശ്ശബ്ദത നിറഞ്ഞ ഹാളിൽ ഒരു ചെറിയ സമ്മേളനം നടക്കുകയാണ്. അദ്ധ്യക്ഷൻ-ബ. ഫാ. ജോൺ മാതേയ്ക്കൽ. ദേദിയിൽ ഞാനും ഉണ്ടായിരുന്നു. യാതൊരു തയ്യാറെടുപ്പും കൂടാതെ വന്ന ഫാദർ മാതേയ്ക്കന്, ഒരു മനോരോഗികൂടിയായ ഈ അന്തേവാസി പാടിയ ഈ രണ്ടു വരികളിൽ നിന്നു പ്രചോദനം ഉൾക്കൊണ്ട് ഒരു ദീർഘ പ്രസംഗം തന്നെ നടത്താൻ ഒട്ടും ബുദ്ധിമുട്ടുണ്ടായില്ല.

ഇതുപോലുള്ള പല സന്ദർഭങ്ങളും ശോഭന സ്കൂളിന്റെ സ്റ്റേജിലും അരങ്ങേറിയിട്ടുണ്ട്. പ്രത്യേകിച്ച് അന്ന് ജീവിച്ചിരുന്ന പുണ്യവതിയായ മദർ തെരേസ കോതമംഗലത്ത് വന്നപ്പോൾ ഈ വേദി തന്നെ തെരഞ്ഞുടുക്കാൻ കാരണമായത് മറ്റാരുടേയും വ്യക്തിത്വമാണെന്ന് അവകാശപ്പെടാൻ നിവൃത്തിയില്ല.

I

# ബ. ജോണച്ചൻ എന്റെ സ്മരണകളിൽ

**സി. ലിറ്റി. സി. എസ്. എൻ.**

1971 – ൽ ഞാൻ നസ്രത്തു സഭയിൽ വ്രതാർപ്പണം ചെയ്ത അതേ വർഷം തന്നെയാണ് പയസ് ഗാർഡൻസിന്റെയും ആരംഭം. ഇതിന്റെ സ്ഥാപകപിതാവായ ബ.ജോണച്ചൻ നസ്രത്തു സഭയെ ഏറെ സ്നേഹിച്ചവനും വളർത്തി വലുതാക്കുന്നതിൽ തന്നെ മുഴുവനായും ബലിയർപ്പിച്ചവനുമാണ്. ആ വലിയ വ്യക്തിത്വത്തിന്റെ മുമ്പിൽ ഞാൻ ശിരസ്സു നമിക്കുന്നു.

ബ. അച്ചനെ കൂടുതലായി അറിയുവാനും സ്നേഹവാത്സ്ല്യങ്ങൾ അനുഭവിച്ചറിയുവാനും എനിക്കു ഭാഗ്യം ലഭിച്ചത് ഞാൻ 'ലിസി'യിൽ പഠിക്കുന്ന കാലത്താണ്. ആ നാലുകളിൽ ബ. അച്ചൻ ഇടയ്ക്കൊക്കെ അവിടെ ആശുപത്രിയിൽ കിടക്കാറുണ്ട്. ആ അവസരങ്ങളിലെല്ലാം ഞങ്ങൾ മുറിയിലേയ്ക്കു ചെല്ലുമ്പോൾ ഒരു വാത്സല്യനിധിയായ പിതാവിനെപ്പോലെ ഞങ്ങളുടെ സുഖവിവരങ്ങൾ ചോദിച്ചറിഞ്ഞ് മധുരപലഹാരങ്ങൾ തന്ന് ഞങ്ങളുടെ ക്ഷീണമൊക്കെ മാറ്റിയാണ് ഞങ്ങളെ മഠത്തിലേയ്ക്കു പറഞ്ഞുവിട്ടിരുന്നത്. ഇടയ്ക്കു ചെക്കപ്പിനു വരുമ്പോഴെല്ലാം ഞങ്ങളുടെ ദാരിദ്ര്യാവസ്ഥ മനസ്സിലാക്കി പല സാധനങ്ങളും കൊണ്ടുതരുമായിരുന്നു. ഒരു മാസത്തെ അവധിക്കാലം പലപ്പോഴും ഞങ്ങൾ തൃക്കാരിയൂർ മഠത്തിലാണ് ചിലവഴിച്ചിട്ടുള്ളത്. മറയൂർ, കാന്തല്ലൂർ, ഊട്ടി, കൊടൈക്കനാൽ, ദേവികുളം തുടങ്ങി പല സ്ഥലങ്ങളും ഞങ്ങളെ കൊണ്ടുപോയി കാണിച്ചു തന്നിട്ടുണ്ട്. ഒരിക്കൽ ഭൂതത്താൻകെട്ട് കാണിക്കുവാനായി ഞങ്ങളോട് എറണാകുളത്തുനിന്നുള്ള ബസ്സിനു വരുവാൻ പറഞ്ഞിട്ട് അതിരാവിലെ അച്ചൻ തന്നെ ഡ്രൈവ് ചെയ്ത് വാനുമായി ഞങ്ങളെ കോതമംഗലത്തു കാത്തുനിന്ന രംഗം ഇന്നും പച്ചകെടാതെ ഓർമ്മയിലുണ്ട്. ലിസിൽ വച്ച് കണ്ടുമുട്ടുമ്പോഴൊക്കെ കറുത്ത നേഴ്സമ്മയെ ഞാൻ തൃക്കാരിയൂർക്കു കൊണ്ടു പോകുമെന്ന് തമാശയായി പറഞ്ഞിരുന്നു. Psychiatric Nursing പഠിക്കാനായി ലിസിയോടു വിടപറഞ്ഞപ്പോൾ ഈ തമാശ യഥാർത്ഥ്യമായി.

തന്റെ കുടുംബസ്വത്തു വിറ്റുകിട്ടിയ പണം മുടക്കി വാങ്ങിയ പയസ് ഗാർഡൻസിൽ അച്ചൻ പലപദ്ധതികളും മുൻകൂട്ടി കണ്ടുകൊണ്ടു തന്നെ ആരംഭിച്ചു. Orphanage, Nursery Class, Tailoring Class തുടങ്ങി പലതും.................... Sobhana E.M.S. ന്റെ തുടക്കം ഇവിടെ നിന്നായിരുന്നു.

1979 സെപ്റ്റംബർ 23- ന് ഇവിടത്തെ Joannes Psychomedical Centre -ന്റെ ഉദ്ഘാടനം എത്ര വിപുലമായ പരിപാടികളോടെയാണ് അച്ചൻ നടത്തിയതെന്ന് എല്ലാവർക്കും അറിയാം. എല്ലാ വിശേഷങ്ങളും പറഞ്ഞ് അച്ചൻ എനിക്ക് എഴുതുമായിരുന്നു. 1980-ൽ പരം പഠനം കഴിഞ്ഞ് ഒന്നുമറിയാതെയാണ് ഞാൻ പയസ് ഗാർഡൻസിലേക്കു കടന്നു വന്നത്. ബ. അച്ചനും ഡോ. പയസ്സും മദർ ലിസിയായും ഒത്തിരി എന്നെ സഹായിച്ചിട്ടുണ്ട്. അച്ചന്റെ പ്രോത്സാഹനവും പറഞ്ഞു തന്ന നല്ല കാര്യങ്ങളും എന്നെ ഒത്തിരി വളർത്തിയിട്ടുണ്ട്. അറിവില്ലാത്തവ പറഞ്ഞു തരാൻ അച്ചൻ എന്നും സന്നദ്ധനായിരുന്നു.

അയിരൂർപ്പാടത്തു പയസ് ഗാർസൻസിൽ താമസിക്കുമ്പോൾ അച്ചൻ മിക്കവാറും ദിവസങ്ങളിൽ ഇവിടത്തെ രോഗികളെ കാണാൻ വരുമായിരുന്നു. അച്ചനു ചുറ്റും മക്കളെല്ലാം ഓടിക്കൂടി പലതരം പരിപാടികൾ അവതരിപ്പിക്കുക പതിവാണ്. അവരോടു കൂടി കളിച്ചും ചിരിച്ചും തമാശകൾ പറഞ്ഞും സർവ്വോപരി അവരുടെ ക്ഷേമാന്വേഷണങ്ങൾ ചോദിച്ചു മനസ്സിലാക്കിയും അച്ചൻ മണിക്കൂറുകൾ ചെലവഴിക്കുമായിരുന്നു. ഇവിടെ നിന്ന് ശോഭയിലേക്കു താമസം മാറ്റിയപ്പോഴും ഒന്നു രണ്ട് ആഴ്ച കൂടുമ്പോഴൊക്കെ വരികയും സേവനയിലും ആശുപത്രിയിലും ഒത്തിരി സമയം ചെലവഴിക്കുകയും ചെയ്യുമായിരുന്നു. ഇവിടത്തെ അന്തേവാസികൾ ഈ മധുരിക്കുന്ന ഓർമ്മകൾ പലപ്പോഴുംപങ്കുവയ്ക്കാറുണ്ട്.

തന്റെ രോഗത്തിന്റെ ഗൗരവം മുൻക്കൂട്ടിക്കണ്ട് അച്ചൻ എല്ലാം നസ്രത്തുസഭയ്ക്കായി എഴുതിവച്ചു. അച്ചൻ തുടങ്ങിയ പ്രവർത്തനങ്ങൾ ഭംഗിയായി നടന്നു പോകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. എല്ലാറ്റിലും നിന്നു വിരമിച്ച് 2-3 കൊല്ലം അച്ചൻ വിശ്രമത്തിലായിരുന്നപ്പോഴും ഈ പ്രവർത്തനങ്ങളെ താല്പര്യപൂർവ്വം വീക്ഷിച്ചിരുന്നു. ഞങ്ങൾ എന്തെങ്കിലും ചോദിച്ചു ചെല്ലുമ്പോൾ ആദ്യം ദേഷ്യപ്പെട്ടാലും പിന്നീട് എല്ലാം ശാന്തമായി കേൾക്കും. സ്വന്തം മാതാപിതാക്കൾ നേരത്തെ മരണമടഞ്ഞു. ഏകോദരസഹോദരങ്ങൾ ഉണ്ടായിരുന്നില്ല. അച്ചന്റെ സ്നേഹം മുഴുവൻ അനാഥരിലേയ്ക്കൊഴുകുവാൻ ഈ യാഥാർത്ഥ്യവും കാരണമായിട്ടുണ്ടാകാം. താനുമായി ഇടപെടുന്നവരോട് പ്രത്യേകിച്ച് Boarding -ലെയും Orphanage -ലെയും കുട്ടികളോട് എത്രമാത്രം വാത്സല്യമാണ് അച്ചൻ കാണിച്ചിരുന്നത്. അവസാനനാളുകളിൽ അച്ചൻ വളരെ ശാന്തനും വിട്ടുവീഴ്ച ചെയ്യാൻ സന്നദ്ധനും, രോഗികളോടും പാവങ്ങളോടും ഒത്തിരി അനുകമ്പയുള്ളവനുമായിരുന്നു. ഇവരെയൊക്കെ സഹായിക്കാനായി 10 ലക്ഷം രൂപയുടെ ഒരു ചാരിറ്റബിൾ ട്രസ്റ്റ് തന്നെ അച്ചൻ തുടങ്ങിയിട്ടുണ്ട്. അറിയപ്പെടുന്നവർക്കൊക്കെ അച്ചൻ വളരെ സ്നേഹമയനും ശ്രവിക്കാൻ സന്നദ്ധനും ഏതുവിധേനയും സഹായിക്കാൻ ഒരുക്കമുള്ളവനുമായിരുന്നു. അച്ചന്റെ രോഗാവസ്ഥയിൽ കുറച്ചൊക്കെ സഹായിക്കാൻ എനിക്ക

വസരം ലഭിച്ചിട്ടുണ്ട്. അതിന് അച്ചൻ എന്നോടു നന്ദിയുള്ളവനായിരുന്നു. ഒരു ഉദാഹരണം എടുത്തുപറയുന്നതിൽ സന്തോഷമുണ്ട്. എന്റെ പ്രിയപ്പെട്ട അപ്പച്ചന്റെ അകസ്മികമായ മരണവാർത്തയറിഞ്ഞയുടനെ ഞാൻ വീട്ടിൽ എത്തുമ്പോൾ ബ. അച്ചൻ അവിടെ സന്നിഹിതനായിരുന്നു. വീണ്ടും അപ്പച്ചന്റെ ശവസംസ്കാരച്ചടങ്ങുകളിലും അച്ചൻ സംബന്ധിച്ചു എന്നത് എനിക്കു വളരെ സന്തോഷമുളവാക്കി.

നസ്രത്തുസഭയുടെ ഓരോ കാൽവയ്പ്പും വളരെ ശ്രദ്ധാപൂർവ്വം വീക്ഷിച്ചുകൊണ്ടിരുന്ന ജോണച്ചന് റീജൻ തിരിയുന്ന അവസരത്തിൽ കോതമംഗലത്തേയ്ക്ക് അധികമാരും ഉണ്ടാവുകയില്ലെന്ന് സംശയമുണ്ടായിരുന്നതായി തോന്നുന്നു. ഏതൊരംഗത്തേക്കാളും ശ്രദ്ധ ഈ വിഷയത്തിൽ അച്ചന് ഉണ്ടായിരുന്നുവെന്ന് പറയാം. അച്ചന്റെ പെട്ടെന്നുള്ള മരണസമയത്തും സഭാസംബന്ധമായ കാര്യങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇന്ന് സ്വർഗ്ഗത്തിലിരുന്ന് അച്ചൻ നസ്രത്തുസഭയ്ക്കു വേണ്ടിയും ഞങ്ങൾക്കോരോരുത്തർക്കും വേണ്ടിയും മദ്ധ്യസ്ഥ്യം വഹിക്കുന്നുണ്ടെന്ന് എനിക്കുറപ്പുണ്ട്. അച്ചന്റെ പാവനാത്മാവിനു നിത്യശാന്തി നേർന്നുകൊണ്ട് നിർത്തുകയാണ്.

# അനന്യനായ ഒരു വ്യക്തി

**ആനി ജോയി മാതേയ്ക്കൽ**

"എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല" എന്ന 'Jesus Complexs' ന്റെ ഉടമയായി മാത്രം പലരായും വ്യാഖ്യാനിക്കപ്പെട്ടിരുന്ന ഇച്ചാച്ചനെപ്പറ്റി ഓർക്കുമ്പോൾ ഒരായിരം ചിന്തകൾ മനസ്സിൽ വരുന്നുവെങ്കിലും "Ichachan knows the best" എന്ന് എന്നോടൊരിക്കൽ പറഞ്ഞ സാഹചര്യമാണ് ആദ്യം ഓടിയെത്തുന്നത്.

മുഖം നോട്ടമില്ലാതെ, ആരോടും ഉള്ളിലുള്ളത് തുറന്നടിച്ച് പറഞ്ഞിരുന്ന ഇച്ചാച്ചന്റെ മനസ്സ് ദൈവതിരുമുൻപിൽ കളങ്കമറ്റതായിരുന്നിരിക്കും എന്നതിന് സാക്ഷ്യമാണ് ജപമാല ചെല്ലിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ അന്ത്യം. ഒരു രാജകുമാരനെപ്പോലെ ജനിച്ച്, രാജകുമാരനെപ്പോലെ ജീവിച്ച്, രാജകുമാരനെപ്പോലെ അടക്കപ്പെട്ട ആ വലിയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഇച്ചാച്ചൻ. സ്വർഗ്ഗരാജ്യത്തിലും ഒരു രാജകുമാരനായിത്തന്നെ വിരാജിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുകയാണ്.

I

# സ്മരണകളിൽ ജീവിക്കുന്ന 'ഇച്ചാച്ചൻ'

സി. ഫ്ളവററ്റ് സി. എസ്. എൻ.

ഫാദർ ജോൺ മാതേയ്ക്കൻ. അദ്ദേഹം എനിക്കിന്നാരാണ്? എന്റെ ഒർമ്മകളിൽ സദാ തെളിഞ്ഞു നില്ക്കുന്ന ചില ചിത്രങ്ങളുണ്ട്. ജോണച്ചൻ ഞങ്ങളുടെ ജ്യേഷ്ഠ സഹോദരനാണ്. എന്റെ ഓർമ്മയിൽ ആദ്യം തെളിയുന്നത് അദ്ദേഹം ഒരു ശെമ്മാശ്ശനായിരിക്കുമ്പോഴത്തേതാണ്. ഞങ്ങൾ 'ഇച്ചാച്ചൻ' എന്നു വിളിച്ചിരുന്നു. അപ്പന്റെ ജ്യേഷ്ഠന്റെ ഏകമകനാണ് ഫാദർ ജോൺ. ഞങ്ങൾ ഒരേ വീട്ടിലാണ് ജീവിച്ചതും വളർന്നതും. ഇച്ചാച്ചന്റെ അപ്പനെ ഞങ്ങൾ കണ്ടിട്ടില്ല. ഇച്ചാച്ചനും കണ്ടിട്ടില്ല. കൊച്ചുജോൺ അമ്മയുടെ ഗർഭത്തിൽ നാലുമാസം ആയിരിക്കുമ്പോൾ അപ്പൻ ടൈഫോയിഡു പിടിപെട്ട് ജീവിതത്തോടു യാത്ര പറഞ്ഞു. എന്റെ ഓർമ്മയിൽ ഇച്ചാച്ചന്റെ അമ്മയെ കാണുന്നത് എന്റെ അമ്മയിലും പ്രായമുള്ള, ക്ഷീണിച്ച, എപ്പോഴും രോഗിയായി കാണപ്പെടുന്ന ഒരമ്മയായിട്ടാണ്. അപ്പോഴും വീടിന്റെ മുൻവശത്ത് ഒരു കസേരയിലോ, ബഞ്ചിലോ, കട്ടിലിലോ ഇരുന്നുകൊണ്ട് കുട്ടികളായ ഞങ്ങൾക്കു ശിക്ഷണം നൽകിയിരുന്നു. ഹൃദ്രോഗം (Heart Disease) ഉള്ള ആളായിരുന്നു. പേരമ്മ എന്നു ഞങ്ങൾ കേട്ടിട്ടുണ്ട്. എങ്കിലും വീട്ടിൽ ഇരുന്നുകൊണ്ട് കുട്ടികളായ ഞങ്ങൾ ഏഴുപേർക്കും ശിക്ഷണങ്ങളും പരിചരണങ്ങളും നൽകുവാനും വീട്ടുകാര്യങ്ങൾ അമ്മയ്ക്കു പറഞ്ഞുകൊടുത്തു നടത്തിക്കുവാനും ഞങ്ങൾക്കു അസുഖങ്ങളുണ്ടാകുമ്പോൾ ചികിത്സിക്കുവാനും എല്ലാം കഴിവുള്ള വ്യക്തിയായിരുന്നു പേരമ്മ. അനുജന്റെ മക്കളായ ഞങ്ങൾ പേരമ്മയെ 'അമ്മ' എന്നാണു വിളിച്ചിരുന്നത്, പേരമ്മ ഞങ്ങൾക്ക് അമ്മ തന്നെയായിരുന്നുതാനും. ഞങ്ങളുടെ അപ്പനും അമ്മയും പേരമ്മയെ അമ്മയെപ്പോലെ ആദരിച്ചിരുന്നു. ഞങ്ങളുടെ അമ്മയെ ഞങ്ങൾ കൊച്ചമ്മ എന്നും വിളിച്ചു പോന്നു.

കൊച്ചമ്മയ്ക്ക് അന്നു ഭാരിച്ച ജോലികൾ വഹിക്കേണ്ടതുണ്ടായിരുന്നു. ദിവസം 40-45 പേരോളം പാടത്തും പറമ്പിലും ജോലിക്കാരായി ഉണ്ടായിരുന്നു. ഇവർക്കെല്ലാം രണ്ടുനേരവും ഭക്ഷണം പാകപ്പെടുത്തി കൊടുത്തുവിടണം. അക്കൂട്ടത്തിൽ 13 വയസ്സുമുതൽ 6 മാസം വരെ പ്രായമുള്ള 7 കുട്ടികളും. ഞങ്ങളുടെ എല്ലാം ശിക്ഷണവും പരിചരണവും പേരമ്മയെന്ന അമ്മയിലാണ് നിക്ഷിപ്തമായിരുന്നത്. ഞങ്ങളെയും അതുപോലെ തന്നെ സ്വന്തം മകനെയും നല്ല കാർക്കശ്യത്തിലും ചിട്ടയിലു

മാണ് വളർത്തി വന്നത് എന്ന് അമ്മ തന്നെ പറഞ്ഞു കേട്ടിട്ടുണ്ട്. ഞങ്ങൾക്കു തന്നിരുന്ന കർശനമായ ശിക്ഷണ രീതിയിൽ അപ്പനോ കൊച്ച മ്മയ്ക്കോ ഒരു പരാതിയും ഇല്ലായിരുന്നു.

കുഞ്ഞുജോണിന്റെ ദൈവവിളിയെപ്പറ്റി 'അമ്മ' തന്നെ എന്നോടു പറഞ്ഞിട്ടുള്ളതു ഞാൻ ഓർമ്മിക്കുന്നു.

S.S.L.C. കഴിഞ്ഞതേ കുഞ്ഞുജോൺ സെമിനാരിയിൽ പോകുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ആദ്യം തന്നെ ബ. പുതുശ്ശേരി അന്തോനി അച്ചനോട് കർമ്മലീത്താ സഭയിൽ ചേർന്ന് അച്ചനാകുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ അദ്ദേഹം അതു നിരുത്സാഹപ്പെടു ത്തുകയാണ് ചെയ്ത്. വിധവയായ അമ്മയുടെ ഏകമകനാകയാൽ അമ്മയെ സംരക്ഷിക്കേണ്ടതുണ്ടെന്നും അമ്മയുടെ പൂർണ്ണസമ്മതമുണ്ടെ ങ്കിൽ അടവക വൈദികനാകാൻ തടസ്സമില്ലെന്നും പറഞ്ഞു. അങ്ങനെ ഒരുങ്ങി അമ്മയുടെ അടുത്ത് അനുവാദത്തിന് എത്തി. അമ്മയോടു കാര്യം ഉണർത്തിച്ചു. അമ്മ അല്പനേരം സ്തബ്ധയായി ഇരുന്നു. കുറച്ചു കഴിഞ്ഞു പറഞ്ഞു "മോനു സെമിനാരിയിൽ പോകുവാൻ ആഗ്രഹമുണ്ടെ ങ്കിൽ പോകുക. അമ്മയെ ദൈവം നോക്കിക്കൊള്ളും." അങ്ങനെ ആ ഏകമകൻ ധൈര്യപൂർവ്വം തന്റെ വിളിക്കുത്തരം കൊടുത്തുകൊണ്ടു സെമി നാരിയിലേക്കു പോകുവാൻ ഒരുക്കങ്ങൾ തുടങ്ങി.

രോഗിയും വിധവയുമായ അമ്മയുടെയും ദൈവശുശ്രൂഷയ്ക്കായി വിളിക്കപ്പെട്ട കുഞ്ഞുജോണിന്റേയും സംരക്ഷണഭാരം ഞങ്ങളുടെ അപ്പനും കൊച്ചമ്മയും ഏറ്റെടുത്തു. ഞങ്ങളുടെ വീട് പൂട്ടിയിട്ട് തറവാട്ടി ലേയ്ക്കു മാറി ഒരുമിച്ച് താമസമാക്കി. അങ്ങനെ രണ്ടു കുടുംബം ഒരു കുടുംബമായി മുന്നോട്ടു നീങ്ങി. ഇവിടെ തുടങ്ങിയാണ് ഞങ്ങൾ ഏഴു പേരുടേയും ശിക്ഷണവും പരിശീലനവും കുഞ്ഞു ജോണിന്റെ അമ്മ ഏറ്റെ ടുക്കുന്നത്. കുഞ്ഞുജോൺ സെമിനാരിയിലുമായി.

കുഞ്ഞുജോൺ ശെമ്മാശ്ശൻ അവധിക്കാലത്ത് സെമിനാരിയിൽ നിന്നും വീട്ടിൽ വരുന്നതാണ് ഞങ്ങൾക്കുള്ള അടുത്ത സ്മരണകൾ:-

സെമിനാരി പൂട്ടുന്ന ദിവസം പതിവിൽക്കൂടുതൽ ആഹ്ലാദഭരിത രായിരുന്നു ഞങ്ങൾ, കൂട്ടത്തിൽ അല്പം ഭയചകിതരും. കൊച്ചുകൊച്ചു സമ്മാനങ്ങളുമായിട്ടാണ് ഇച്ചാച്ചൻ എത്തിയിരുന്നത്. ഭയത്തിനു കാരണം, വന്നു കഴിഞ്ഞാൽ ഞങ്ങളുടെ പ്രാർത്ഥനാസമയം നന്നായി വീക്ഷിക്കു കയും പ്രാർത്ഥ കഴിഞ്ഞു 33 കൂട്ടം നമസ്ക്കാരങ്ങളും നിരത്തി നിറുത്തി ഓരോരുത്തരെക്കൊണ്ടും ചൊല്ലിക്കുകയും പതിവായിരുന്നു. അമ്മയും മകനും ഉണ്ടാകും. തെറ്റിയാൽ, ചൊല്ലാതിരുന്നാൽ കൈപ്പത്തിയിൽ ഓരോ

അടിയും മറ്റു സമ്മാനങ്ങളോടൊപ്പം കിട്ടും. ഞങ്ങൾ വളരുന്നതനുസരിച്ച് ആവശ്യമുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളും താക്കീതുകളും തന്നു കൊണ്ടിരുന്നു. അങ്ങനെ അമ്മയും മകനും ഞങ്ങൾക്കു ശിക്ഷണം നൽകുന്നതിൽ ഒരു വലിയ പങ്കു വഹിച്ചിട്ടുണ്ട്. ഒരു വീട് എന്ന പ്രതീതിയിൽ ഞങ്ങൾ വളരുകയും ചെയ്തു. അമ്മയെപ്പോലെ ആദരിച്ചും സ്നേഹിച്ചും നിർദ്ദേശം സ്വീകരിച്ചുമാണ് അപ്പനും അമ്മയും പെരുമാറിയിരുന്നത്. നിത്യ രോഗിയായ പേരമ്മയെ വളരെ കാര്യമായി അപ്പനും അമ്മയും മക്കളായ ഞങ്ങൾ എല്ലാവരും ശുശ്രൂഷിച്ചും സ്നേഹിച്ചും അനുസരിച്ചും പോന്നു.

1946 നവം. 8 – കുഞ്ഞുജോണിനു മനസ്സിൽ വലിയ ആഘാതമേല്പിച്ച്, എല്ലാവരെയും കണ്ണുനീരിലാഴ്ത്തി ഞങ്ങളെ പൊട്ടിക്കരയിപ്പിച്ച ദിവസമാണത്. ഇച്ചാച്ചൻ പുത്തൻ കുർബാന ചൊല്ലുന്നതിന് നാലുമാസം മുൻപ് ആ വന്ദ്യമാതാവ് സ്വപുത്രനോടും തന്റെ പ്രിയപ്പെട്ടവരായ ഞങ്ങളോടും അന്ത്യയാത്ര പറഞ്ഞ രംഗം ഇന്നും കണ്ണുനീരോടെ ഓരക്കുന്നു. മകനെ സെമിനാരിയിൽ നിന്നും ആശുപത്രിയിലേക്കു വിളിപ്പിച്ച് കരഞ്ഞു കൊണ്ട് അമ്മ പറഞ്ഞു. "മോനേ, ഇനി അമ്മ മോന്റെ പുത്തൻ കുർബാന കാണാൻ ആഗ്രഹിക്കുന്നില്ല. മോന്റെ സാന്നിധ്യത്തിൽ വീട്ടിൽ കിടന്നു മരിക്കുവാനേ ആഗ്രിഹിക്കുന്നുള്ളൂ." അന്ത്യകൂദാശകൾ ചോദിച്ചു വാങ്ങി, മകനും കുഞ്ഞുമക്കളായ ഞങ്ങൾക്കും അപ്പനും അമ്മയ്ക്കും തരേണ്ട നിർദ്ദേശങ്ങളും ഏല്പിക്കേണ്ടവയും എല്ലാം പറഞ്ഞ് ഞങ്ങളോടെല്ലാം യാത്രയും പറഞ്ഞ് വീട്ടിൽ എത്തി, മൂന്നു മണിക്കൂറിനുശേഷം അന്നു രാത്രയിൽ ഭാഗ്യമായി നിത്യത്വത്തിലേക്കു പറന്നു പോയി. ആ സംഭവം കണ്ണുനീരോടെയേ ഓർക്കുവാൻ പറ്റൂ.

അങ്ങനെ ഇച്ചാച്ചന്റെ എല്ലാ ഉത്തരവാദിത്വവും സംരക്ഷണവും അപ്പന്റെ ചുമതലയിൽ ആയി. ഇച്ചാച്ചൻ ഞങ്ങളുടെ ജ്യേഷ്ഠ സഹോദരനായിരുന്നു എങ്കിലും അതിലേറെ ഒരു രക്ഷകർത്താവിനെപ്പോലെയായിരുന്നു. അപ്പനോടൊപ്പം നിന്ന് ഞങ്ങളുടെ വിദ്യാഭ്യാസത്തിനും നല്ല ശിക്ഷണത്തിനും നല്ല ഭാവിക്കും വേണ്ട എല്ലാ ഉത്തരവാദിത്വവും ഏറ്റെടുത്തു പ്രവർത്തിക്കുന്നതിൽ വളരെ ശ്രദ്ധയുള്ളവനായിരുന്നു. 1947 മാർച്ച് 19 –ാം തീയതിയായിരുന്നു പ്രഥമ ദിവ്യബലി. അമ്മയുടെ വേർപാടിന്റെ ആഴമായ ദുഃഖത്തിലായിരുന്നെങ്കിലും ആഘോഷമായിത്തന്നെ അപ്പൻ ആ മംഗളകർമ്മം നടത്തി. സഹോദരങ്ങളായ ഞങ്ങൾ ഏഴു പേർക്കും വളരെ ആഹ്ലാദവും പുതുമയും നല്കിയ സംഭവമായിരുന്നു അത്. എന്റെ അപ്പനും അമ്മയ്ക്കും ഇച്ചാച്ചൻ സ്വന്തം മകനെപ്പോലെയും ഇച്ചാച്ചന് ഞങ്ങളുടെ അപ്പനും അമ്മയും ഞങ്ങളും അപ്പനും അമ്മയും സഹോദരങ്ങളായിരുന്നു. അപ്പന്റേയും അമ്മേയുടേയും വാർദ്ധക്യത്തിലും രോഗത്തിലും വളരെ സ്നേഹവും ആദരവും ശുശ്രൂഷയും സംരക്ഷണവും നൽകി എന്നതു മറക്കാൻ പറ്റുകയില്ല.

ഒരു സംഭവം ഓർക്കുന്നു. 1947 മാർച്ചിൽ പുത്തൻകുർബാന ചൊല്ലി, ആദ്യമായി എടക്കുന്നിൽ ബ. കുര്യാക്കോസച്ചന്റെ അസിസ്റ്റന്റായി ജോണച്ചൻ നിയമിതനാകുന്നു. കൊച്ചച്ചനെ ആദ്യമായി പള്ളിയിൽ പുതിയ സ്ഥലത്തു കൊണ്ടു പോയി ആക്കുവാൻ ഞങ്ങളുടെ അപ്പൻ പോയിട്ടുണ്ടായിരുന്നു. തിരിച്ചു വന്നപ്പോൾ അപ്പൻ അമ്മയോടും ഞങ്ങളോടും പറഞ്ഞു. "നമ്മുടെ അച്ചനെ ഒരു സ്നേഹമുള്ള അപ്പന്റെ അടുത്താണാക്കിയിരിക്കുന്നത്. കുര്യാക്കോസ് ചിറമേൽ എന്നാണ് അച്ചന്റെ പേര്. അതിനാൽ നമുക്കു സമാധാനമായിരിക്കാം." എടക്കുന്നിൽ നസ്രത്തു സഭയുടേയും സ്ഥാപനങ്ങളുടേയും പ്രാരംഭപണികൾ തുടങ്ങുന്ന സമയമായിരുന്നതുകൊണ്ട് ഇവിടെ സഹായിക്കാൻ വേണ്ടിക്കൂടിയാണ് ജോണച്ചനെ കുര്യാക്കോസച്ചന്റെ അസിസ്റ്റന്റായി നിയമിച്ചത്.

അങ്ങനെ നസ്രത്തു സഭയുടെ ആരംഭവും ലക്ഷ്യവും ആരംഭിക്കുവാൻ പോകുന്ന പ്രവർത്തനങ്ങളും എല്ലാം പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും അതിനു വേണ്ട സഹായങ്ങൾ ചെയ്യുന്നതിനും ബ. ജോണച്ചനു സാധിച്ചു. ബ. പിണക്കാട്ടച്ചനും കുര്യാക്കോസച്ചനും ജോണച്ചനും ആത്മാർത്ഥ സുഹൃത്തുകൾ ആകുന്നതിന് ഈ സാഹചര്യം കാരണമാക്കി. മരണം വരെ ആഴമായ ബന്ധം അവർ തമ്മിൽ ഉണ്ടായിരുന്നു. അവർ മൂവരുടേയും കൂടിയുള്ള ഫോട്ടോ അന്നുതുടങ്ങി എടക്കുന്നിലെ അച്ചന്റെ മുറിയിൽ പ്രധാനപ്പെട്ട സ്ഥലത്ത് തൂക്കയിരിക്കുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്.

1947 അവധിക്കാലത്ത് ഞങ്ങൾ നാലു പെങ്ങന്മാരെയും കൂട്ടി എടക്കുന്നിൽ വന്ന് ഒരാഴ്ച താമസിപ്പിക്കുവാൻ പറഞ്ഞ് എന്റെ അപ്പനെഴുതുകയും അതനുസരിച്ച് ഞങ്ങൾ നാലു പിള്ളേരെയും കൂട്ടി അപ്പൻ എടക്കുന്നു പള്ളിയിൽ വരികയും ഒരാഴ്ചയോളം താമസികുകയും ചെയ്തു. ഞങ്ങൾ എല്ലാവരെയും കൂട്ടി ബ. അച്ചന്മാർ ഏഴാറ്റിൻമുഖം, താബോർ മുതലായ സ്ഥലങ്ങളിൽ കൊണ്ടുപോയി കാണിച്ചു തരികയുമുണ്ടായി. അന്നു പണി ആരംഭിച്ചിരുന്ന നസ്രത്തു മഠത്തിന്റെ അടിത്തറയും പണി തീർന്ന ഒരു ബംഗ്ലാവും വിസ്താരമേറിയ തോട്ടങ്ങളും എല്ലാം കാണിച്ചു തന്നു അവിടെ ആരംഭിക്കുവാൻ പോകുന്ന പുതിയ സ്ഥാപനങ്ങളെപ്പറ്റി പറഞ്ഞതും, ഓടിനടന്നു പണികൾ നടത്തിച്ചുകൊണ്ടിരുന്ന ജോൺ പിണക്കാട്ടച്ചനെ കുട്ടികളായ ഞങ്ങൾക്ക് പരിചയപ്പെടുത്തി തന്നതും എല്ലാം ഭാവിയിൽ ഞങ്ങൾക്ക് നസ്രത്തിലേയ്ക്കുള്ള ദൈവവിളി ഉണ്ടാകുവാൻ സാഹചര്യം ഇണക്കിയതല്ലേ എന്നു പിന്നീടു ചിന്തിച്ചിട്ടുണ്ട്. ഏതാണ്ടു രണ്ടു രണ്ടു വർഷം കഴിഞ്ഞ് ചുണങ്ങുംവേലിയിൽ വികാരിയായിരിക്കുമ്പോഴും ഒരാഴ്ച അവിടെ മഠത്തിൽ താമസിച്ച് S.D. കോൺവെന്റിലെ പ്രവർത്തനങ്ങളെല്ലാം കണ്ടു മനസ്സിലാക്കിപ്പോരുവാനും ഞങ്ങൾക്ക് അവസരം ഒരുക്കിത്തന്നു. ഇത്തവണ അമ്മായിയുടെ മകൾ (സി. ജെമ്മ) ഞങ്ങ

ളോടൊപ്പമുണ്ടായിരുന്നു. അങ്ങനെ എടക്കുന്നിലെയും ചുണങ്ങംവേലി യിലെയും ഓർമ്മകൾ മായാതെ എന്നിൽ കുടികൊണ്ടു. സന്യാസ ജീവി തത്തോട് എന്തെന്നില്ലാത്ത ഒരാഗ്രഹം, S.S.L.C. കഴിഞ്ഞതോടെ മന സ്സിൽ പൊങ്ങിവരികയും എന്റെ ആഗ്രഹം അമ്മയെ അറിയിക്കുകയും ചെയ്തിരുന്നു. S.S.L.C. പരീക്ഷ കഴിഞ്ഞ് ഏതാനും ദിവസങ്ങളായതേ യുള്ളൂ, ഇച്ചാച്ചൻ (ജോണച്ചൻ) ധൃതിയിൽ ഒരു ദിവസം വീട്ടിലെത്തി എന്നെ വിളിച്ചു ചോദിച്ചു. "നീ മഠത്തിൽ പോകുവാൻ ആഗ്രഹിക്കുന്നു എന്നു കേട്ടല്ലോ. നല്ല കാര്യം. ഏതു മഠത്തിൽ പോകുവാനാണിഷ്ടം? എടക്കുന്നോ, ചുണങ്ങംവേലിയോ, ആരാധനയോ, കർമ്മലീത്തയോ." അല്പം നിറുത്തിയിട്ടു പറഞ്ഞു. "എനിക്കിഷ്ടം എടക്കുന്നാണ്. പുതിയ സഭ, പുതിയ പ്രവർത്തനങ്ങളോടു കൂടി ബ. പിണക്കാട്ടച്ചൻ ആരംഭിച്ച താണ്. അരമനയുടെ നല്ല Support ഉണ്ട്. നിന്റെ ഇഷ്ടം പറയാം." അല്പം ചിന്തിച്ചിട്ടു ഞാനുത്തരം കൊടുത്തു. "എനിക്കിഷ്ടം എടക്കുന്നാണ്." ഉടൻ തന്നെ എന്റെ അമ്മയെ വിളിച്ച് ഇച്ചാച്ചൻ പറഞ്ഞു. "ഇളയമ്മേ, ത്രേസ്യ മ്മമഠത്തിൽ പോവുകയാണ്. ഒരുമാസമേയുള്ളൂ. പുതിയ സഭയാണ്. എല്ലാ ജോലികളും പഠിച്ചിരിക്കണം. നാളെ മുതൽ അടുക്കളജോലിയെല്ലാം ത്രേസ്യാമ്മയെക്കൊണ്ടു ചെയ്യിപ്പിച്ചു പഠിപ്പിക്കണം." ഉടനെ പോകേണ്ടി വരുമെന്നു കേട്ടതേ അമ്മ ചോദിച്ചു, "പരീക്ഷ കഴിഞ്ഞതല്ലേ ഉള്ളൂ, അടുത്ത കൊല്ലം പോയാൽ പോരേ" എന്ന്. അത് ഇച്ചാച്ചന് ഇഷ്ടപ്പെട്ടി ല്ല. ഇത്തിരി ഗൗരവത്തിൽ തന്നെ ഇച്ചാച്ചൻ പറഞ്ഞു. "പോരാ, പിള്ളേർക്കു പോകണമെന്നു തോന്നുമ്പോൾ അനുവദിക്കണം. നീട്ടി വയ്ക്കരുത്." ഇച്ചാച്ചന്റെയും പേരമ്മയുടെയും തീരുമാനത്തിന് ഒരിക്കലും No പറയാതെ എന്റെ അപ്പനും അമ്മയും, വേഗം സമ്മതിച്ചു. അമ്മായി യുടെ മകൾ (സി. ജെമ്മ) മിഷനു പോകുവാൻ തീരുമാനിച്ചു എന്ന് ഞാൻ ഇച്ചാച്ചനെ അറിയിചിചു. ഉടനെതന്നെ അവിടെ ചെന്ന് എടക്കുന്ന് മഠ ത്തിൽ പോയാൽ മതി, അതു മിഷനാണ് North -നു പോകേണ്ട എന്നും പറഞ്ഞ് അവളെയും എന്റെ കൂടെ പോരുവാൻ ഒരുക്കി. നിശ്ചയിക്കപ്പെട്ട ദിവസം ഞങ്ങളെ കുടുംബസമ്മേതം എടക്കുന്നിൽ കൊണ്ടു ചെന്നേ ല്പിച്ച് തിരിച്ചു പോയി.

എനിക്കും അനുജത്തിമാർക്കും മൂത്ത സഹോദരനായി അന്ന് ഇച്ചാ ച്ചൻ (ജോണച്ചൻ) മാത്രമാണുണ്ടായിരുന്നത്. കാരണം ഞങ്ങളുടെ ഏക മൂത്ത സഹോദരൻ 1950 ഒക്ടോ. 17 -ന് 24-ാമത്തെ വയസ്സിൽ ഇഹലോ കവാസം വെടിഞ്ഞിരുന്നു. ഇളയ ആങ്ങള ജോയിക്ക് (Dr. Joy Matheiken) അന്നു മൂന്നു വയസ്സേയുള്ളൂ. ജോണച്ചന് പെങ്ങന്മാരായി ഉണ്ടായിരുന്നത് ഞങ്ങളും ആയിരുന്നു. ജോണച്ചന്റെ ശിക്ഷണവും പ്രോത്സാഹനവും സഹായ സഹകരണങ്ങളും സ്നേഹവും പ്രാർത്ഥനയുമെല്ലാം ഞങ്ങൾ അഞ്ചു സഹോദരിമാരിൽ നാലു പേരും, ദൈവവിളി സ്വീകരിച്ചു സന്യാസ സമർപ്പിതരായി ജീവിക്കുവാൻ ഉത്തേജനവും പ്രചോദനവും നൽകി എന്ന

തിൽ സംശയമില്ല. ജോണച്ചൻ വഴി നസ്രത്തിലെത്തിയ ഞങ്ങളുടെ പേരു കൾ ഇവയാണ്: Srs. Floweret C.S.N., Aquina C.S.N., Diana M.S.J., അമ്മായിയുടെ മകൾ- Srs. Gemma C.S.N., Lisia C.S.N., അമ്മയുടെ അനുജത്തിയുടെ മകൾ Sr. Dennis C.S.N. നസ്രത്തു സഭയോടും അതിന്റെ പ്രവർത്തനങ്ങളോടും എന്തെന്നില്ലാത്ത വാത്സല്യം ജോണച്ചനുണ്ടായി രുന്നു. ഇടയ്ക്കിടെ എടക്കുന്നിൽ വരികയും ബ. പിണക്കാട്ടച്ചനുമായി സൗഹൃദം പുതുക്കുകയും സഭയുടെ സഭയുടെ പ്രവർത്തനങ്ങളിൽ വേണ്ട സഹായ സഹകരണങ്ങൾ ചെയ്യുകയും ചെയ്തിരുന്ന ഒരു നല്ല ഉപകാരി യായിരുന്നു ജോണച്ചൻ മരണം വരെ.

കോതമംഗലം രൂപത ആവിർഭവിച്ചതോടെ അഭിവന്ദ്യ പിതാവിനോ ടുകൂടി ജോണച്ചൻ റോമിലേക്കു പോവുകയും അവിടെ പഠിച്ച് പൗരസ്ത്യ ആരാധനക്രമത്തിലും കാനൻ നിയമത്തിലും ഡോക്ടറേറ്റ് എടുത്ത് 1960-ൽ തിരിച്ചെത്തുകയും ചെയ്തു. തുടർന്നു മൂവാറ്റുപുഴ കോളേജിൽ സുറി യാനി പ്രഫസറായും ഹോസ്റ്റൽ വാർഡനായും 1960 മെയ് വരെ സേവന മനുഷ്ഠിച്ചു. 1961 മെയ് വരെ കോതമംഗലം കത്തീഡ്രൽ പള്ളിയിൽ പ്രൊ. വികാരിയായി. 1962- ൽ കല്ലൂർക്കാടു പള്ളി വികാരിയായി നിയമിതനാ യി. ഇക്കാലത്താണ് ഇന്നുള്ള പള്ളിയുടെ പണി തീർത്തത്. കൂടാതെ അവിടത്തെ ആശുപത്രിയും ഹൈസ്ക്കൂളും ഇന്നത്തെ നിലയിലാക്കിയതും അദ്ദേഹം തന്നെ. തുടർന്ന് 1968 ഏപ്രിൽ മുതൽ 1977 വരെ വടവാതൂർ സെമിനാരിയിൽ ലിറ്റർജി പ്രൊഫസറും പ്രൊക്കുറേറ്ററും ആയി സേവന മനുഷ്ഠിച്ചു. ഇക്കാലസന്ധിയിൽ കോതമംഗലം ഇടവകാതിർത്തിയിൽപെട്ട തൃക്കാരിയൂരിൽ (അയിരൂർപ്പാടം) സ്വന്തം കുടുംബസ്വത്തു വിറ്റു വാങ്ങിയ സ്ഥലത്ത് പയസ് ഗാർഡൻസ് എന്ന പേരിൽ ചില സ്ഥാപനങ്ങൾ തുട ങ്ങി. ജോണച്ചൻ വി. പത്താം പീയൂസിന്റെ വലിയ ഭക്തനായിരുന്നു. ഈ സ്ഥാപനങ്ങൾ അച്ചന്റെ മേൽ നോട്ടത്തിൽ നസ്രത്ത് സഹോദരികളെ ഏല്പിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. സിസ്റ്റേഴ്സിനായി ഒരു മഠം, പരി ത്യക്തശിശുക്കൾക്കായി ഒരു അനാഥാലയം, ഒരു മാനസികാശുപത്രി, മാന സികരോഗികൾക്കായി പുനരധിവാസ കേന്ദ്രം, കോതമംഗലം മെത്രാസ നമന്ദിരത്തിനടുത്ത് ശോഭനാ ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ, അതി നോടനുബന്ധിച്ച് ഒരു മഠം ഇവ ജോണച്ചന്റെ വിശാല ഹൃദയത്തിന്റെയും, ഏതു തരത്തിലും വേദനിക്കുന്നവരോടും ആശ്രയരഹിതരോടും ഉള്ള കാരു ണ്യത്തിന്റെയും നല്ല കുടുംബങ്ങളെ വാർത്തെടുക്കുവാനുള്ള പരിശ്രമ ത്തിന്റെയും ഫലങ്ങളാണ്. അയിരൂർപ്പാടത്ത് അച്ചൻ ആരംഭിച്ചു നസ്രത്തു സഭയ്ക്കു വിട്ടുകൊടുത്തിരുന്ന വൈദികഭവനവും 50 സെന്റ് സ്ഥലവും അച്ചന്റെ ആഗ്രഹമനുസരിച്ച് രോഗികളും വൃദ്ധരുമായ വൈദികർക്കു വേണ്ടി നിരുപാധികം അരമനയ്ക് എഴുതികൊടുക്കുകയുണ്ടായി.

പൊതുവെ നല്ല ആരോഗ്യവാനായിരുന്നില്ല ജോണച്ചൻ. പ്രായത്തി

നൊപ്പം അസുഖങ്ങളും മുന്നേറികൊണ്ടിരുന്നു. വെല്ലൂരും, വിദേശത്തു മായി പല ഓപ്പറേഷനുകൾക്കും വിധേയനായിട്ടുണ്ട്. എങ്കിലും 1997– ൽ വടവാതൂർ സെമിനാരിയിൽ നിന്നു വിരമിച്ചശേഷം ആരേയും പരിഗണി ക്കാതെ മുഴുവൻ സമയവും അയിരൂർപ്പാടത്തും ശോഭനയിലുമായി അച്ചൻ ആരംഭിച്ച് നസ്രത്തു സിസ്റ്റേഴ്സിനെ ഏല്പിച്ചിരുന്ന പയസ് ഗാർഡൻസ് സ്ഥാപനങ്ങളുടെ ഡയറക്ടറും മാനേജരും എന്ന നിലയിൽ അവയുടെ ഉന്നമനത്തിനായി മരണം വരെ യത്നിച്ചിരുന്നു. ആരോഗ്യം കൂടുതൽ വഷളാവുകയും ഡോക്ടർ നിർദ്ദേശിക്കുകയും ചെയ്തപ്പോൾ എല്ലാ ഉത്ത രവാദിത്വങ്ങളും സിസ്റ്റേഴ്സിനെ ഏല്പിച്ചു. യാതൊരു വൈമനസ്യവും കൂടാതെ. പിന്നീടങ്ങോട്ട് മരണം മുന്നിൽ കണ്ടു കൊണ്ടുള്ള തയ്യാറെടു പ്പിന്റെ ദിവസങ്ങളായിരുന്നു.

തീക്ഷ്ണതയേറിയ മരിയഭക്തനായിരുന്നു ജോണച്ചൻ. കാറിൽ അച്ചന്റെ കൂടെ യാത്രചെയ്യുമ്പോഴെല്ലാം ഒരു മുഴുവൻ കൊന്ത ചൊല്ലാതെ സംസാരിക്കാൻ ഞങ്ങളെ അനുവദിച്ചിരുന്നില്ല. അച്ചൻ തന്നെ ദിവസവും എത്രയോ ജപമാല ചൊല്ലിയിരുന്നു. ഈ ഭക്തിക്കു പ്രതിസമ്മാനമായി ട്ടായിരിക്കണം മെയ് 31–ന് പരി. അമ്മയുടെ റാണിത്വത്തിരുനാൾ ദിവ സം, അന്നും ദിവ്യബലി അർപ്പിച്ച് എല്ലാ വിധത്തിലും നിത്യതയിലേക്കുള്ള വിളിക്കു കാതോർത്തിരുന്ന ജോണച്ചനെ പരി. അമ്മ തന്നെ സ്വർഗ്ഗത്തി ലേക്കു കൂട്ടിക്കൊണ്ടു പോയത്.

താൻ തുടങ്ങിവച്ച സാമൂഹ്യസേവനങ്ങൾ മരണശേഷവും തുടരു വാൻ സാധിക്കത്തക്കവിധം ദീർഘവീക്ഷണത്തോടെ ഒരു ട്രസ്റ്റിനു (Trust) രൂപം കൊടുക്കുകയും ഒരു നല്ല തുക ബാങ്കിൽ നിക്ഷേപിച്ച് സാധുക്ക ളായ കുട്ടികളുടെ വിദ്യാഭ്യാസത്തിനും വിവാഹത്തിനുമായി ഉപയോഗി ക്കുവാൻ വേണ്ടി ഏർപ്പാടുകൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. തന്നെ സമീ പിക്കുന്ന സാധുക്കൾക്കും ജോലിക്കാർക്കും അവരുടെ പ്രതീക്ഷയ്ക്കതീ തമായി നല്കി വിസ്മയിപ്പിക്കുക അച്ചന്റെ ഒരു സ്ഥിരം സ്വഭാവമായിരു ന്നു. സ്വന്തം കാർ വാങ്ങുന്നതിനു മുമ്പ് ടാക്സിലായിരുന്നു യാത്ര. പതി വുകാരനായ ഒരു ടാക്സി ഡ്രൈവർ ഒരിക്കൽ നന്ദിപൂർവ്വം പറയുകയു ണ്ടായി. "അച്ചനോടു കണക്കു പറയാതിരുന്നാൽ മതി. തരുന്നത് എപ്പോഴും വിചാരിച്ചതിൽ കൂടുതലായിരിക്കും."

പുറമേ ഗാംഭീര്യം സ്ഫുരിക്കുന്ന മുഖഭാവവും സംസാരവും. അതേ സമയം ശുദ്ധ മനസ്കനും, വിശാലഹൃദയനും, ദാനശീലനും, ആരോടും തുറന്നു സംസാരിക്കുന്നവനും, മുഖം നോക്കാതെ തെറ്റുകൾ തിരുത്തു ന്നവനും, നീതിയും സത്യവും പാലിക്കുന്നതിൽ നിട്ടുനീഴ്ചയില്ലാത്തവനും ആയിരുന്നു ജോണച്ചൻ. ഇങ്ങനെ ഏറെ മായാത്ത സ്മരണകൾ നല്കി ക്കൊണ്ട് ദരിദ്രർക്കും അശരണർക്കും ആതുരർക്കും വേദനിച്ചും ബുദ്ധി

മുട്ടിയും ജീവിക്കുന്ന കുടുംബങ്ങൾക്കും എല്ലാമെല്ലാമായി ജീവിച്ച് 1995 മെയ് 31, 1.30 –ന് നിത്യശാന്തിയുടെ തീരത്തേക്കു പറന്നുപോയ ജോണച്ചന് സ്മരണാഞ്ജലികൾ. ആയിരമായിരം പൂച്ചെണ്ടുകൾ. അദ്ദേഹം തുടങ്ങിവച്ച ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും നിസ്വാർത്ഥ സേവനത്തിന്റെയും പാത പിന്തുടരുവാൻ നമുക്കു പ്രതിജ്ഞാബദ്ധരാകാം.

തന്റെ വൈദികജീവിതത്തിന്റെ ആരംഭം മുതൽ താൻ പരിചയപ്പെട്ട നസ്രത്തു സഭയേയും സ്ഥാപനങ്ങളേയും, തന്നെയും തനിക്കുള്ളതുമെല്ലാം ചെലവഴിച്ച് അദ്ദേഹം സ്നേഹിച്ചു എന്നു പറഞ്ഞാൽ അതിൽ അതിശയയോക്തി ഇല്ല. താൻ സ്ഥാപിച്ചു നസ്രത്തു സഭയ്ക്കു വിട്ടുകൊടുത്ത ശോഭനാ സ്കൂളിനോടനുബന്ധിച്ചുള്ള ചാപ്പലിലാണ് ജോണച്ചൻ നിത്യവിശ്രമം കൊള്ളുന്നത്.

# I

# ഓർമ്മകളിൽ തെളിഞ്ഞുനിൽക്കുന്ന ഇച്ചാച്ചൻ

സി. ഗൊരേറ്റി സി. എസ്. എൻ.

ഒരു വലിയ വ്യക്തിത്വത്തിന്റെ, വിശാല ഹൃദയത്തിന്റെ, ഉള്ളിലും പുറമേയും നിർമ്മല തയും ശുചിത്വവും അങ്ങേ അറ്റം മുറുകെ പിടിച്ച ഒരു വലിയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഞങ്ങൾ സഹോദരികൾ ഇച്ചാച്ചൻ എന്നു വിളിച്ചിരുന്ന ഫാ. ജോൺ മാതേക്കൻ. ആ വലിയ ഹൃദയത്തിൽ വലിയവർക്കും ചെറിയവർക്കും, പ്രായമായവർക്കും, ചെറുപ്പക്കാർക്കും, ദുഃഖിതർക്കും ആലംഹീനർക്കും, രോഗികൾക്കും, അനാഥർക്കും, ഭവനരഹിതർക്കും വിദ്യ അഭ്യസിക്കാൻ ബുദ്ധിമുട്ടുന്നവർക്കും, വിവാഹാന്തസ്സിൽ പ്രവേശിക്കാൻ ക്ലേശിക്കുന്ന പെൺകുട്ടികൾക്കും സെമിനാരിയിലും സന്യാസത്തിലും പ്രവേശിക്കാൻ സാമ്പത്തികമായി ക്ലേശിക്കുന്നവർക്കും എല്ലാം എല്ലാം സ്ഥലമുണ്ടായിരുന്നു. സ്വതസിദ്ധമായ പുഞ്ചിരിയോടെ, ശത്രുവിനേയും മിത്രത്തേയും ഒരു പോലെ സ്വാഗതം ചെയ്യാനുള്ള കഴിവ് ഒന്നു വേറെതന്നെയായിരുന്നു. ധാരാളം സുഹൃത്തുക്കളുടെ ഒരു വലയം ജീവിച്ചിരുന്നപ്പോഴും മരണശേഷവും അദ്ദേഹത്തിനു സ്വന്തമായുണ്ട്. തനിക്കും ബോധ്യം വന്ന കാര്യങ്ങളിൽ ഉറച്ചു നിൽക്കുകയും, തന്റെ ഭാവനാസമ്പത്തും, കഴിവും, 'നന്മചെയ്തു കടന്നു പോയ' യേശുവിന്റെ പാത പിന്തുടർന്നുകൊണ്ട് വളരെയേറെ നല്ല പ്രസ്ഥാനങ്ങൾക്കും ജനസേവനത്തിനുമായി വിനിയോഗിക്കുകയും ചെയ്ത ഒരു കർമ്മയോഗി. പരി. അമ്മയുടെ വലിയഭക്തനുമായിരുന്നു ബ. ജോണച്ചൻ.

പിറകോട്ടു തിരിഞ്ഞുനോക്കുമ്പോൾ ഇച്ചാച്ചനും, അമ്മയും (ഞങ്ങളുടെ പേരമ്മ) ഇച്ചാച്ചന്റെ കൊച്ചുകുട്ടിയായി ലാളിക്കപ്പെട്ട ഞാനും ഒന്നിച്ചുള്ള എന്റെ ശൈശലകാലവും, പ്രൈമറി വിദ്യാഭ്യാസകാലവും മറക്കാനാവുന്നില്ല. കുഞ്ഞായ എനിക്ക് സെമിനാരിയിൽ നിന്ന് അവധിക്കു വരുമ്പോഴെല്ലാം വാങ്ങിക്കൊണ്ടു വരുന്ന കൊച്ചുടുപ്പുകൾ, വൈകുന്നേരങ്ങളിൽ നടക്കാൻ കൊണ്ടുപോകുന്നത്, പുഴയിൽ കുളിക്കാൻ പോകുന്നത്, പോകുന്ന വഴി പുല്ലു പറിച്ചുള്ള കളികൾ, അമ്മ എന്നെ തെറ്റു ചെയ്തതിന് ശിക്ഷിക്കുമ്പോൾ മാദ്ധ്യസ്ഥ്യം പറയാനെത്തുന്നത്, അവധിക്കാലത്ത് ഇഷ്ടമുള്ള പലഹാരങ്ങൾ ഉണ്ടാക്കിത്തരുന്നത് എല്ലാം...... ഇന്നലെയെന്നപോലെ ഓർമ്മയിലെത്തുന്നു.

1946 നവം. 8-ന് അമ്മയുടെ മരണത്തിന് ഏതാനും മണിക്കൂറുകൾക്കുമുമ്പ് അമ്മയുടെ ആഗ്രഹപ്രകാരം കൊച്ചായ എന്നെ അമ്മയുടെ അടുത്ത് കയറ്റി കിടത്തിയതും, അമ്മ എന്റെ കൈപിടിച്ച് ഇച്ചാച്ചനെ ഏൽപ്പിച്ചതും ഒക്കെ എങ്ങനെ മറക്കാനാവും. അമ്മയുടെ മരണശേഷം എന്റെ കാര്യത്തിൽ ഇച്ചാച്ചൻ കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നു. S.S.L.C പരീക്ഷ കഴിഞ്ഞപ്പോൾ ചേച്ചിയെ അനുകരിച്ച് Convent -ൽ ചേരണമെന്ന ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ 'എടക്കുന്ന് ' നസ്രത്തു മഠത്തിലേയ്ക്ക് direct ചെയ്തത് ഇച്ചാച്ചൻ തന്നെയായിരുന്നു.

ജോണച്ചൻ ആരംഭിച്ച മനോരോഗാശുപത്രിയിലേയും, Sevana Rehabilitation Centre ലേയും രോഗികളെ സന്ദർശിക്കാൻ 'ശോഭന' യിൽ നിന്ന് ആഴ്ചതോറും വരുമ്പോൾ 'അച്ചാ' എന്നു വിളിച്ചു കൊണ്ട് ആഹ്ലാദതിമിർപ്പോടെ മക്കൾ ചുറ്റും ഇരുന്നു കുശലം പറയുകയും, പരാതികളും പരസ്പരം വഴക്കിട്ട കാര്യങ്ങളും പറഞ്ഞു കേൾപ്പിക്കുകയും, പാട്ടുകളും, കളികളും ചിരികളുമായി മണിക്കൂറുകൾ ചെലവഴിക്കുകയും ചെയ്യുന്നതു കാണുമ്പോൾ, അച്ചൻ അവരിലേയ്ക്ക് അലിഞ്ഞു ചേരുന്ന ഒരു പ്രതീതിയായിരുന്നു. ഓരോരുത്തരുടേയും പേരുകൾ വിളിച്ചുള്ള വിശേഷം ചോദ്യം അവരെ ആനന്ദ പുളകിതരാക്കുമായിരുന്നു. ഒരു പിതാവിന്റേയും മാതാവിന്റേയും സ്നേഹം അച്ചനിൽ അവർക്കനുഭവിക്കാൻ കഴിഞ്ഞെന്നുള്ളത് യാഥാർത്ഥ്യം മാത്രം.

Rehabilitation Centre ലെ ദൈവമക്കളുടെയിടയിൽ സേവനം ചെയ്യുവാൻ പല പ്രാവശ്യം ഇച്ചാച്ചൻ എന്നോട് ആവശ്യപ്പെട്ടെങ്കിലും എന്തോ എനിക്കതിന് ധൈര്യമുണ്ടായില്ല. എന്നാൽ ഇച്ചാച്ചന്റെ ഈ ആഗ്രഹം, മരണത്തിന് 1 1/2 വർഷം മുമ്പ് സാധിച്ചു കൊടുക്കാൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യം ഇന്നെനിക്കുണ്ട്.

വീട്ടുകാരിൽ നിന്നും, നാട്ടുകാരിൽ നിന്നും ഒറ്റപ്പെട്ട്, വേദനയിലും, ദുഃഖത്തിലും, മാനസികരോഗം വന്നതിന്റെ ആഘാതത്തിലും കഴിയുന്ന മക്കളോട് അടുത്ത് പെരുമാറുവാൻ സാധിച്ചപ്പോഴാണ്, ബ. ജോണച്ചൻ ഈ മക്കൾക്കുവേണ്ടി ഇങ്ങനെ രണ്ടു സ്ഥാപനങ്ങൾ തുടങ്ങിയതിന്റെ പിന്നിലുള്ള പൈതൃകമായ, കരുണാർദ്രസ്നേഹത്തിന്റെ ആഴം എനിക്കു കാണാൻ കഴിഞ്ഞത്.

തങ്ങളുടെ സർവ്വസ്വമായിരുന്ന അച്ചന്റെ ദേഹവിയോഗം ഈ മക്കൾക്കു താങ്ങാനാവാത്തതായിരുന്നു. അന്നു മുതൽ മുടങ്ങാതെ അവർ ജോണച്ചനുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം, അവർക്കും മൊത്തത്തിൽ പയസ് ഗാർഡൻസിനും വേണ്ടി ജോണച്ചനോടും പ്രാർത്ഥിച്ചുപോരുന്നു. ഈ മക്കൾക്കുവേണ്ടി സ്വർഗ്ഗത്തിലിരുന്നു മാദ്ധ്യസ്ഥ്യം വഹിക്കാതിരിക്കാൻ ജോണച്ചനു കഴിയുമോ?

# ഞങ്ങൾക്കു എല്ലാമായിരുന്ന ഇച്ചാച്ചൻ

മേരി പൗലോസ് തട്ടാറുകുന്നേൽ

ഇച്ചാച്ചനെക്കുറിച്ചുള്ള എന്റെ പൂർവ്വകാലസ്മരണകൾ ആരംഭിക്കുന്നത്, ഒരു വൈദിക വിദ്യാർത്ഥിയായി സെമിനാരിയിലേക്കുള്ള ഇച്ചാച്ചന്റെ ആദ്യയാത്ര മുതല്ക്കാണ്. ഇച്ചാച്ചന്റെ അമ്മയെ ഞങ്ങൾ 'വലിയ അമ്മ' എന്നാണ് വിളിച്ചിരുന്നത്. ഞങ്ങളുടെ അമ്മയെ 'കൊച്ചമ്മ' എന്നും. വലിയമ്മയായിരുന്നു ഞങ്ങളുടെ കുടുംബത്തിലെ എല്ലാ കാര്യങ്ങളും നിയന്ത്രിച്ചിരുന്നത്. ആത്മീയ കാര്യങ്ങളിലും ഇതര കൃത്യനിർവ്വണത്തിലുമെല്ലാം കർക്കശയായിരുന്നു വലിയമ്മ. അതുകൊണ്ടു തന്നെയാകണം വലിയമ്മയുടെ ഏക സന്താനം വൈദികനാകാൻ തീരുമാനിച്ചത്.

പ്രാർത്ഥനയുടെ സമയത്തു മുമ്പിൽത്തന്നെ മുട്ടുകുത്തണമായിരുന്നു ഞങ്ങൾ. ഉറക്കം തൂങ്ങുന്നവരെ വടികൊണ്ട് ശിക്ഷിക്കയും ചെയ്തിരുന്നു.

ഇച്ചാച്ചൻ സെമിനാരിയിൽ നിന്നും ആദ്യത്തെ അവധിക്കു വീട്ടിൽ വന്ന ദിവസം. വലിയമ്മ ഇച്ചാച്ചനോട് തൊഴുത്തിലെ പശുവിന് എന്തോ എടുത്തിട്ടു കൊടുക്കാൻ പറഞ്ഞു. 'എനിക്കു പറ്റില്ല' എന്ന് ഇച്ചാച്ചൻ. അന്നു വൈകിട്ട് ഒരു വടികൊണ്ട് വലിയമ്മ ഇച്ചാച്ചനെ അടിച്ചത് ഞാനിന്നും ഓർക്കുന്നു. വേനൽക്കാലാവധിക്കു വീട്ടിൽ വരുമ്പോൾ വൈകുന്നേരം ഞങ്ങളെ നടക്കാൻ കൊണ്ടുപോകുമായിരുന്നു. ഞങ്ങളിൽ ബ്രിശിക്കുട്ടിയോട് (Sr. Goretti) മറ്റാരെക്കാളും മമതയുണ്ടായിരുന്നു വലിയമ്മയ്ക്ക്. ഒരിക്കൽ വലിയമ്മ ഞങ്ങളെ അറിയിക്കാതെ ഇച്ചാച്ചനെക്കൊണ്ട് അവൾക്ക് ഒരു നെറ്റ് വാങ്ങിപ്പിച്ചു കൊടുത്തു. പിന്നീട് ഞങ്ങളത് അറിയുകയും ചെയ്തു. ഇങ്ങയുള്ള കാര്യങ്ങൾ മൂലം ഞങ്ങൾ നാലു പേർക്കും ബ്രിശിക്കുട്ടിയോട് അല്പം അസൂയയും തോന്നിയിരുന്നു.

ഇച്ചാച്ചൻ വരുന്നതിനു ഒരാഴ്ചമുമ്പ് ഞങ്ങൾ വേദപാഠപ്പുസ്തകം മനഃപാഠമാക്കും. പ്രാർത്ഥനകൾ സ്ഫുടമായി ചൊല്ലണമെന്ന് ഇച്ചാച്ചന് നിഷ്ക്കർഷയുണ്ടായിരുന്നു. ഞങ്ങൾ മുഷിഞ്ഞ വസ്ത്രങ്ങൾ ധരിച്ചു നടക്കുന്നതും ഇച്ചാച്ചനു ദേഷ്യമുള്ള കാര്യമായിരുന്നു. ഇച്ചാച്ചൻ വരുന്ന വണ്ടിയുടെ സ്വരംകേട്ട് എന്റെ അമ്മ തുണിമാറാൻ അടുക്കളയിൽ നിന്നും ഓടുന്നത് ഞാനിന്നും ഓർക്കുന്നു. അതുപോലെ വീടും പരിസരങ്ങളും

ശുചിയാക്കിയിടണമെന്ന നിർബന്ധവും ഉണ്ടായിരുന്നു ഇച്ചാച്ചന്. ഇച്ചാച്ചനു നിർബന്ധമുണ്ടായിരുന്ന മറ്റൊരു കാര്യമാണ് ഭക്ഷണം രുചികരമായിരിക്കണമെന്നത്. എല്ലാ പാചകങ്ങളും നല്ല വശമായിരുന്നുതാനും. അവധിക്കു വരുമ്പോൾ റൊട്ടി, അരിപ്പൊടികൊണ്ടുള്ള ഉപ്പുമാവ് എന്നിങ്ങനെ പല പലഹാരങ്ങളും ഉണ്ടാക്കിത്തന്ന് ഞങ്ങളെ പഠിപ്പിക്കുമായിരുന്നു. മാങ്ങാപ്പച്ചടിയായിരുന്നു ഏറ്റവും ഇഷ്ടപ്പെട്ട കറി. ഇച്ചാച്ചൻ എന്നു വന്നാലും ഞാനതു ഉണ്ടാക്കിക്കൊടുത്തിരുന്നു. സെമിനാരിയിൽ നിന്നും അവധിക്കു വരുമ്പോൾ സപ്പോട്ട, തണ്ണിമത്തൻ മുതലായവയും ഞങ്ങൾക്കു കൊണ്ടുവന്നു തരുമായിരുന്നു.

ഇച്ചാച്ചൻ കുർബാന ചൊല്ലുന്നതിനു മൂന്നുമാസം മുമ്പ് വലിയമ്മ മരിച്ചു. മൃതസംസ്കാരചടങ്ങുകൾ തീരുന്നതുവരെ ഇച്ചാച്ചൻ ദുഃഖം കടിച്ചമർത്തി നിന്നു. അന്നു വൈകിട്ട് മൃതദേഹം വയ്ക്കുന്നതിന് കെട്ടിയിരുന്ന പന്തലിൽ കിടന്ന ഒരു ചാരുകസേരയിൽ കിടന്ന് ഇച്ചാച്ചൻ വിങ്ങിപ്പൊട്ടി കരഞ്ഞത് ഞാനിപ്പോഴും ഓർക്കുന്നു.

വലിയമ്മയുടെ മരണശേഷം ഞങ്ങളുടെ കുടുംബകാര്യങ്ങൾ ഇച്ചാച്ചന്റെ നിയന്ത്രണത്തിലായി. പുത്തൻ കുർബാന ചൊല്ലിയിട്ട് ഇച്ചാച്ചന് ആദ്യം നിയമം കിട്ടിയത് എടക്കുന്നിലാണ് അന്ന് അവിടത്തെ വികാരി ചിറമേൽ ബ. കുര്യക്കോസച്ചൻ. എറണാകുളം അരമനയിൽ പ്രൊക്കുറേറ്ററായിരുന്ന ബ. പിണക്കാട്ടച്ചൻ നസ്രത്തു സ്ഥാപനങ്ങൾക്കായുള്ള പ്രാരംഭപ്രവർത്തനങ്ങൾ എടക്കുന്നിൽ തുടങ്ങിയിരുന്നു. നസ്രത്തു സഭയുടെ സ്ഥാപകനായ ബ. പിണക്കാട്ടച്ചനും കുര്യക്കോസച്ചനും ഇച്ചാച്ചനും എല്ലാ കാര്യങ്ങളിലും യോജിച്ചു നിന്നു. ഞങ്ങളുടെ കുടുംബത്തിൽ എന്തു ചടങ്ങു നടന്നാലും ഇച്ചാച്ചനെപ്പോലെ ഇവരും വന്നു സഹകരിച്ചുപോന്നു.

നസ്രത്തിന്റെ പണി എടുക്കുന്നതിൽ നടക്കുമ്പോൾ ഇച്ചാച്ചൻ ഞങ്ങളെ അവിടെ കൊണ്ടുപോയി താമസിപ്പിച്ചു കാണിച്ചു തന്നിട്ടുണ്ട്. അപ്പൻ ആരക്കുഴ നിന്നും നല്ല തെങ്ങിൻ തൈകൾ കാളവണ്ടിക്കു കൊണ്ടുപോയി അവിടെ കൃഷി ചെയ്യുന്നതിനു കൊടുത്തിട്ടുണ്ട്. അങ്ങനെ നസ്രത്തു സഭയുടെ ആരംഭം മുതൽ ആ സ്ഥാപനവുമായി അഭേദ്യമായ ബന്ധം ഞങ്ങൾക്കുണ്ടായി. ഇതിന്റെയൊക്കെ ഫലമായിരിക്കും എന്റെ നാലു സഹോദരിമാരും ദൈവവിളി സ്വീകരിച്ച് നസ്രത്തു സഭയിൽ സന്യാസിനികളായത്.

എന്റെ അപ്പനോടും അമ്മയോടും ഇച്ചാച്ചന് അങ്ങേയറ്റം സ്നേഹവും ബഹുമാനവും ആയിരുന്നു. അവർ തിരിച്ചും അതുപോലെ സ്നേഹവും ബഹുമാനവും ഇച്ചാച്ചനും നല്കിയിരുന്നു. അപ്പന്റെയും

അമ്മയുടെയും അവസാനനാളുകളിൽ ഇച്ചാച്ചൻ കൂടെക്കൂടെ വന്ന് അവരെ കാണുകയും വേണ്ട ശുശ്രൂഷകൾ ചെയ്യുകയും ചെയ്തിരുന്നു.

ചെറുപ്പം മുതലേ കാലുകഴപ്പിന്റെ അസുഖമുണ്ടായിരുന്നു ഇച്ചാച്ചന്. ഞങ്ങൾ മാറി മാറി കാലു തിരുമ്മി ഞൊട്ടയൊഴിച്ചു കൊടുത്തിരുന്നു. വലിയമ്മയുടെ ജൂബിലി ഇച്ചാച്ചൻ ഞങ്ങളുമായി ആലോചിച്ചു ഭംഗിയായി നടത്തി.

ഇച്ചാച്ചൻ തന്റെ കുടുംബസ്വത്തുകൂടി വിനിയോഗിച്ചാണ് തൃക്കാരിയൂര് സ്ഥലം വാങ്ങി അവിടെ സ്ഥാപനങ്ങൾ ആരംഭിച്ചത്. പിന്നീട് ഞങ്ങൾ അവിടെച്ചെന്ന് ഇച്ചാച്ചനെ സന്ദർശിക്കുമായിരുന്നു. എന്റെ എല്ലാ മക്കളുടേയും വിവാഹം ആശീർവദിച്ചത് ഇച്ചാച്ചനാണ്. ഇളയ മകൻ ഫ്രാൻസിയുടെ വിവാഹത്തിൽ പങ്കെടുത്തു തിരിച്ചു പോയപ്പോൾ അത് അദ്ദേഹത്തിന്റെ ജന്മനാട്ടിൽ നിന്നുള്ള അവസാനത്തെ വിടവാങ്ങലാണെന്ന് ഞാനൊട്ടും പ്രതീക്ഷിച്ചില്ല.

ഇച്ചാച്ചന്റെ മരണം ഞങ്ങൾ അഞ്ചു സഹോദരിമാരേയും വല്ലാതെ വേദനിപ്പിച്ചു. ഇച്ചാച്ചൻ ഞങ്ങൾക്കു പകർന്നു തന്ന ആത്മീയ വെളിച്ചം ഇന്നും ഞങ്ങളുടെ കുടുംബത്തിൽ അണയാതെ പ്രശോഭിക്കുന്നു. അങ്ങനെ ഞങ്ങളുടെ എല്ലാമായിരുന്ന ഇച്ചാച്ചൻ ഞങ്ങളുടെ ഒർമ്മകളിലൂടെയും ആത്മീയ ചൈതന്യത്തിലൂടെയും ഇന്നും ജീവിക്കുന്നു.

I

# മരണം വരെ നസ്രത്തിനെ സ്നേഹിച്ച 'പയസ് ഗാർഡൻസ് ശില്പി, ജോണച്ചൻ


## സി. ലിസിയാ പ്രൊവിൻഷ്യൽ സുപ്പീരിയർ
## സെന്റ് മേരീസ് പ്രൊവിൻസ് കോതമംഗലം


ദൈവപരിപാലനയുടെ നിഗൂഢ വഴികൾ എത്ര വിസ്മയാവഹം! നാനാ വഴികളിലൂടെ ഒഴുകി വന്ന് ഒന്നായിത്തീരുന്ന ഒരു മഹാനദിയുടെ സംഗമം പോലെ ചേതോഹരമാണു നസ്രത്തു സന്യാസിനീസഭയുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും തുടക്കം. ജലത്തിൽ ഉത്ഭവിച്ചു വളർന്നു പൊയ്കയ്ക്കു ശോഭ പകരുകയും എന്നാൽ ആ ജലത്തിൽ അലിയാതെ സ്വന്ത വ്യക്തിത്വം നിലനിർത്തുകയും ചെയ്യുന്ന താമരപ്പൂവിന്റെ ഉപമയാണു നസ്രത്തു സഭയും യശഃശരീരനായ മാതേക്കൽ ബ. ജോണച്ചനും തമ്മിലുള്ള ബന്ധത്തെപ്പറ്റി ചിന്തിക്കാനാരംഭിച്ചപ്പോൾ എന്റെ മനസ്സിലുദിച്ചത്. 1947 മാർച്ച് 19- നു വൈദികപട്ടം സ്വീകരിച്ച ജോണച്ചൻ തന്റെ പൗരോഹിത്യ ശ്രുശ്രൂഷയ്ക്കു നന്ദി കുറിച്ചത് സി. എസ്. എൻ സഭയുടെ ആസ്ഥാനമായ ഇടക്കുന്നിലാണ്. എറണാകുളം അതിരൂപതാ പ്രൊക്കുറേറ്ററായിരുന്ന ബ. ജോൺ പിണക്കാട്ടച്ചൻ അതിരൂപതയ്ക്കു വേണ്ടി വാങ്ങിച്ച 60-ൽ പരം ഏക്കർ സ്ഥലത്ത് നസ്രത്തുസ്ഥാപനങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ പ്രാരംഭ പണികൾ നടക്കുന്ന കാലം. അച്ചന്റെ പ്ലാനും പദ്ധതിയുമനുസരിച്ച് കെട്ടിടങ്ങൾ പണിയിപ്പിക്കുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത് ഈ കലയിൽ വിദഗ്ദ്ധനും ഇടക്കുന്നു പള്ളിയിലെ വികാരിയുമായ ബ. കുര്യാക്കോസ് ചിറമേലച്ചൻ. ചിറമേലച്ചന്റെ അസിസ്റ്റന്റ് ആയിട്ടാണ് മാതേക്കൽ ജോണച്ചന്റെ നിയമനം. ഒരു പിതൃഹൃദയം സ്വന്തമാക്കിയ കുര്യാക്കോസച്ചന് ജോണച്ചൻ മകനെപ്പോലെയായിരുന്നു. അങ്ങനെ സ്വാഭാവികമായും നസ്രത്തിനു പിള്ളത്തൊട്ടിൽ ഒരുക്കുന്നതിൽ ജോണച്ചനും സഹകാരിയായി. ഈ പിള്ളത്തൊട്ടിലിലാണ് 1948 മാർച്ച് 19-ന് നസ്രത്തു സന്ന്യാസിനീ സഭയും സ്ഥാപനങ്ങളും പിറന്നുവീണത്. ഈ കുഞ്ഞിന്റെ പിറവിക്കു സാക്ഷ്യം വഹിക്കാനും അതിനെ തൊട്ടിലാട്ടുന്നതിൽ സഹകരിക്കാനും ജോണച്ചനു കിട്ടിയ അവസരം ഏറെ സന്തോഷത്തോടെയും ആത്മാർത്ഥതയോടെയും ആണ് അദ്ദേഹം വിനിയോഗിച്ചത്. നസ്രത്തിന്റെ ജന്മം മുതല്ക്കേ ആരംഭിച്ച ഈ സഹകരണവും സൗഹൃദവും അദ്ദേഹം ഇടക്കുന്നിൽ നിന്നു സ്ഥലം മാറിപ്പോയിട്ടും ഒട്ടും തണുത്തില്ലെന്നു മാത്രമല്ല, കൂടുതൽ കൂടുതൽ വിശാലവും സുദൃഢവുമാവുകയാണുണ്ടായത്. മരണംവരെ വളർന്നുകൊണ്ടിരുന്ന സഹകരണവും സൗഹൃദവും.

1956 –ൽ കോതമംഗലം രൂപത തിരിഞ്ഞപ്പോൾ ജോണച്ചൻ സ്വാഭാവിക മായും കോതമംഗലം രൂപതയിലെ വൈദികനായി. ഈ രൂപതാവിഭജനവും നസ്രത്തുമായുള്ള ബന്ധത്തിൽ വിടവു സൃഷ്ടിച്ചില്ല. ഇടയ്ക്കിടെ ഇട ക്കുന്നിൽ വന്ന് നസ്രത്തു സന്ദർശിച്ച് സൗഹൃദം പുതുക്കുവാൻ അച്ചൻ സമയം കണ്ടെത്തിയിരുന്നു. രൂപതാവിഭജനം നടക്കുന്ന കാലത്താണു ജോണച്ചൻ റോമിൽ ഉപരിപഠനത്തിനു പോയത്. ഈ സംഭവങ്ങൾക്കു പിന്നിൽ വലിയ ത്യാഗത്തിന്റെയും സഹോദര്യത്തിന്റേതുമായ ഒരു കഥ യുണ്ട്.

പുതിയ രൂപതയുടെ മെത്രാനായി മോൺ. മാത്യു പോത്തനാമൂഴി തിരഞ്ഞെടുക്കപ്പെട്ടു. പിതാവാകട്ടെ പുതിയ രൂപതയുടെ ചാൻസലർ ആകാൻ കണ്ടെത്തിയതു മാതേയ്ക്കൽ ജോണച്ചനേയും. അങ്ങനെ മെത്രാ ഭിഷേകം സ്വീകരിക്കാൻ റോമിനു പോകുന്ന പോത്തനാമൂഴി പ്പിതാവിനെ അനുഗമിക്കേണ്ടി വന്നു ജോണച്ചന്. റോമിൽ വന്നതല്ലേ, റോമിൽ ലിറ്റർജി യിൽ ഉപരിപഠനം നടത്തിയാൽ കൊള്ളാമെന്ന് ജോണച്ചന് ഒരാഗ്രഹം. പുതിയ രൂപതയ്ക്ക് ഉപകരിക്കുകയും ചെയ്യുമല്ലോ. അഗ്നിയെ കാറ്റ് വീശി ക്കത്തിക്കുന്നതുപോലെ ജോണച്ചന്റെ ആഗ്രഹത്തിന് ആക്കം കൂട്ടുവാൻ അന്ന് റോമിൽ പഠിച്ചുകൊണ്ടിരുന്ന ഫാ. സെബാസ്റ്റ്യൻ മങ്കുഴിക്കരി (മ ങ്കുഴിക്കരി പ്പിതാവ്) രംഗത്തെത്തി. അദ്ദേഹം പോത്തനാമൂഴിപ്പിതാവുമായി വാചാലമായി സംസാരിച്ചു. പിതാവ് ഒരു വ്യവസ്ഥ വച്ചു. പുതിയ രൂപത യുടെ ചാൻസലർ സ്ഥാനത്തേയ്ക്ക് പിണക്കാട്ടു ജോണച്ചനെത്തനെ കിട്ടി യാൽ മാതേക്കലച്ചനു റോമിൽ തങ്ങി പഠിക്കാം. തുടർന്നു പ്രാർത്ഥനയും എഴുത്തുകുത്തുകളുമായി. വി. പത്താം പീയൂസിന്റെ നാമകരണ നടപടി കൾ അന്നു റോമിൽ നടക്കുകയാണ്. വി. പത്താം പീയൂസിന്റെ നാമക രണ നടപടികൾ അന്നു റോമിൽ നടക്കുകയാണ്. വി. പത്താം പീയൂസി നോട് നേരത്തെതന്നെ പ്രത്യേകപ്രതിപത്തിയുണ്ടായിരുന്ന ജോണച്ചൻ ഒമ്പതുദിവസത്തെ നൊവേന ചെല്ലി ആഗ്രഹനിവൃത്തിക്കായി പ്രാർത്ഥി ച്ചു. കൂട്ടത്തിൽ ഒരു നേർച്ചയും. ഭാവിയിൽ താൻ രൂപം കൊടുക്കുവാൻ പോകുന്ന സ്ഥാപനങ്ങൾ വി. പത്താം പീയൂസിന്റെ നാമത്തിലായിരിക്കും. (ചുണങ്ങംവേലിക്കടുത്തുള്ള ചൂണ്ടയിൽ മൂന്നു റോഡുകൾ സന്ധിക്കുന്ന കവലയിൽ തല ഉയർത്തി നില്ക്കുന്ന വി. പത്താം പീയൂസിന്റെ നാമത്തി ലുള്ള കപ്പേള ജോണച്ചൻ ചുണങ്ങംവേലിപ്പള്ളിയിൽ വികാരിയായിരിക്കു മ്പോൾ ഇടവകക്കാരുടെ സഹകരണത്തോടെ പണിയിച്ചിട്ടുള്ളതാണ്. ഈ കപ്പേളയുടെ ആശീർവ്വാദകർമ്മം നടത്തിയത് അഭിവന്ദ്യ കണ്ടത്തിൽ പിതാ വും)

മാതേക്കലച്ചനു പിണക്കാട്ടച്ചനുമായുള്ള പരിചയം അച്ചൻ സെമി നാരിയിൽ ആയിരിക്കുമ്പോൾ ആരംഭിച്ചതാണ്. ഇടക്കുന്നിൽ ചിറമേല ച്ചന്റെ അസിസ്റ്റന്റ് ആയി വന്നതോടുകൂടി ഈ പരിചയം സുദൃഢമായ

സുഹൃദ്ബന്ധമായി മാറി. നസ്രത്തിനെ അങ്ങേയറ്റം സ്നേഹിച്ച ത്രിമൂർത്തികൾ. ഇവരെ "അളിയന്മാർ" എന്ന് തമാശയായി കണ്ടത്തിൽ പിതാവു വിളിച്ചിരുന്നു. ഈ സുഹൃദ്ബന്ധത്തിന്റെ പിൻബലം കൂടി ഉണ്ടായിരുന്നതുകൊണ്ടാകാം പോത്തനാമൂഴിപ്പിതാവിന്റെ വ്യവസ്ഥ പാലിച്ച് തന്റെ ആഗ്രഹം സാധിക്കുന്നതിനായി ജോണച്ചൻ പിണക്കാട്ടച്ചന്റെ മേൽ നിർബന്ധം ചെലുത്തുകതന്നെ ചെയ്തത്. ബ. കുര്യക്കോസച്ചനെയും വെറുതേ വിട്ടില്ല. അദ്ദേഹം അന്ന് എറണാകുളം കത്തീഡ്രൽ പള്ളിയിൽ വികാരിയായി സ്ഥലം മാറിയിരുന്നെങ്കിലും ഇടക്കുന്നിൽ ആരംഭിച്ച സുഹൃദ്ബന്ധത്തിനു മങ്ങലേറ്റിരുന്നില്ലെന്നു മാത്രമല്ല വളരുകയും ചെയ്തിരുന്നു. അങ്ങനെ കുര്യക്കോസച്ചന്റെ പ്രേരണയും പിണക്കാട്ടച്ചന്റെമേൽ സമ്മർദ്ദം ചെലുത്തി കോതമംഗലത്തു വന്ന് ചാൻസലർ ജോലി ഏറ്റെടുക്കുന്നതിന്. അവസാനം പിണക്കാട്ടച്ചന്റെ സമ്മതം മൂളിക്കൊണ്ടുള്ള കത്തുകിട്ടി. കോതമംഗലം രൂപതാർത്തിയിൽ അന്നു നസ്രത്തിനു ശാഖാഭവനങ്ങളില്ല. ഈ രൂതയിലേയ്ക്കു കൂടി നസ്രത്തിനെ വളർത്താമല്ലോ എന്ന ചിന്തയും പിണക്കാട്ടച്ചന്റെ സമ്മതം മൂളലിനു പിന്നിൽ ഒരു പ്രചോദനമായിരുന്നു.

നസ്രത്തിന്റേതായി കോതമംഗലം രൂപതയിലുള്ള ശാഖാഭവനങ്ങൾ മിക്കതിന്റെയും പിന്നിൽ പിണക്കാട്ടച്ചന്റെയും മാതേക്കലച്ചന്റെയും ഒന്നു ചേർന്നുള്ള ഉത്സാഹവും പ്രയത്നവുമാണുള്ളത്. കൂട്ടത്തിൽ ബ. ജേക്കബ് തേവർപാടത്തച്ചന്റെ സ്നേഹപൂർവ്വമായ സഹകരണവും. ജോണച്ചന്റെ കുടുംബസ്വത്ത് (കുടുംബത്തിലെ ഏകാവകാശിയായിരുന്നു ജോണച്ചൻ) വിറ്റുകിട്ടിയ പണവും അന്നുവരെയുണ്ടായിരുന്ന മറ്റു സമ്പാദ്യങ്ങളും സ്വരൂപിച്ചു കോതമംഗലം അയിരൂർപ്പാടത്തു വാങ്ങിയ 32 ഏക്കർ വരുന്ന സ്ഥലത്തു 1971 –ൽ 'പയസ്ഗാർഡൻസി' നു ബീജാവാപം ചെയ്തു. സാമാന്യം മെച്ചപ്പെട്ട ഒരാതുരാലയം, സ്ത്രീകളുടെ വിദ്യാഭ്യാസം, കൈത്തൊഴിലുകൾ, മറ്റു സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ഇവയെല്ലാം പയസ് ഗാർഡൻസിന്റെ സ്വപ്നങ്ങളിൽപ്പെടും. അന്ന് അവിടെ ആരംഭിച്ച നേഴ്സറി ക്ലാസ്സ് ബിഷപ്സ് ഹൗസിനടുത്തുള്ള ശോഭനാ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളായും, ഡിസ്പെൻസറി ജോഹന്നാസ് സൈക്കോ മെഡിക്കൽ സെന്ററായും റീഹാബിലിറ്റേഷൻ സെന്ററായും വളർന്നിരിക്കുന്നു. ഇപ്പോൾ അരമനയ്ക്കു നല്കപ്പെട്ടിരിക്കുന്ന വൈദിക മന്ദിരവും ജോണച്ചന്റെ സ്വപ്നസാക്ഷാത്ക്കാരമാണ്. ശോഭനയെ കേരളത്തിലെ പ്രശസ്തമായ ഒരു വിദ്യാലയമാക്കിത്തീർക്കുന്നതിനു വേണ്ടി അച്ചൻ അനുഭവിച്ച ബുദ്ധിമുട്ടുകളും അതിജീവിച്ച പ്രശ്നങ്ങളും പലർക്കും അജ്ഞാതമായിരിക്കും. ശോഭനയിൽ ജോലി ചെയ്യുന്ന സിസ്റ്റേഴ്സിനു താമസസൗകര്യം പോരാതെ വന്നപ്പോൾ സമീപത്തു രണ്ടു വീട്ടുകാരുടെ വകയായിരുന്ന സ്ഥലം അന്നുണ്ടായിരുന്ന കെട്ടിടങ്ങളോടുകൂടി വാങ്ങിച്ച് അൽഫോൻസാ ഭവനു രൂപം കൊടുത്തതും ജോണച്ചൻ തന്നെ. അതിനു

ശേഷം ജോണച്ചൻ സ്ഥലം വാങ്ങി പണിയിപ്പിച്ചതാണ് ഇപ്പോൾ സെന്റ് മേരീസ് പ്രൊവിൻഷ്യൽ ഹൗസായി ഉപയോഗിക്കുന്ന കെട്ടിടം.

അയിരൂർപ്പാടത്തു പണികഴിപ്പിച്ചിരിക്കുന്ന ഷോപ്പിംഗ് കോംപ്ല ക്സിനും ഒരു പ്രത്യേക ലക്ഷ്യമുണ്ട്. അവയുടെ വാടകയിനത്തിൽ കിട്ടുന്ന തുക ആ പരിസരത്തുള്ള സാധുകുട്ടികളുടെ വിദ്യാഭ്യാസത്തിനും ചികി ത്സയ്ക്കും വേണ്ടി വിനിയോഗിക്കുക. അയിരൂർപ്പാടത്തു വാങ്ങിച്ചിരുന്ന റബ്ബർ തോട്ടത്തിന്റെ ഒരു ഭാഗം പിന്നീടു വിറ്റു കിട്ടിയ തുക കൊണ്ടാണ് സ്ഥലപരിമിതി വയ്ക്കാതെ അർഹരായിട്ടുള്ള സാധുക്കളുടെ വിദ്യാഭ്യാ സത്തിനും വിവാഹത്തിനും ചികിത്സയ്ക്കും വേണ്ടി വിനിയോഗിക്കാനായി ഒരു ചാരിറ്റിബിൾ ട്രസ്ഫറ്റിനു രൂപം കൊടുത്തിട്ടുള്ളത്.

വടകോട്, നടുകര, കോലടി ഇവിടങ്ങളിലെ സ്ഥലവും പിണക്കാട്ട ച്ചന്റെയും ജോണച്ചന്റെയും ശ്രമഫലമായി നസ്രത്തിനുവേണ്ടി വാങ്ങിയ താണ്. ദേവികുളത്തു ജോണച്ചൻ വാങ്ങി നസ്രത്തിനു ദാനം ചെയ്ത സ്ഥലത്താണു സെന്റ് റീത്തായുടെ നാമത്തിലുള്ള ശാഖാഭവനവും Working girls Hostel -ലും സ്ഥിതിചെയ്യുന്നത് മൂവാറ്റുപുഴയിലെയും രാമ ല്ലൂരിലെയും സ്ഥലം അന്നുള്ള കെട്ടിടമുൾപ്പെടെ വാങ്ങിയതും രണ്ടുപേ രുടേയും ഒത്താശയോടു കൂടിത്തന്നെ. ഈ രണ്ടു ജോണച്ചന്മാരും പര സ്പരം ആലോചിച്ചേ ഏതുകാര്യവും ചെയ്തിരുന്നുള്ളൂ.

നല്ല ആരോഗ്യവാനായിരുന്നില്ലെങ്കിലും ക്രാന്തദർശിയും വിശാല ഹൃദയനുമായിരുന്ന ജോണച്ചൻ എഴുപത്താറു വർഷം നീണ്ട തന്റെ ജീവിതം കൊണ്ടു പ്രയത്നിച്ചതും സമ്പാദിച്ചതുമെല്ലാം നസ്രത്തു സഭ യിലൂടെയാണ് ദൈവമഹത്വത്തിനായി സമർപ്പിച്ചത്. അദ്ദേഹത്തിന്റെ ദീർഘവീക്ഷണവും അർപ്പണസന്നദ്ധതയും ഉദാരതയും നിരവധി സാമൂ ഹ്യക്ഷേമ പ്രവർത്തനങ്ങൾക്കു രൂപം കൊടുത്തു. ഇവയെല്ലാം സഭയ്ക്കു വിട്ടുകൊടുത്ത്, തികച്ചും രോഗിയായിത്തീർന്നിരുന്ന അച്ചൻ, താൻ പണി കഴിപ്പിച്ച കെട്ടിടത്തിൽ അവസാനനാളുകളിൽ വിശ്രമ ജീവിതം നയിക്ക യായിരുന്നു. നസ്രത്തു സഭയിലേയ്ക്ക് അച്ചൻ നയിച്ച സഹോദരികൾ ഉണ്ടായിരുന്നു അച്ചനെ പരിചരിക്കാൻ. ഒരു വിധത്തിൽ ആകസ്മികമാ യിരുന്നെങ്കിലും 1995 മെയ് 31-ന് സ്വസഹോദരികളുടെ സാന്നിദ്ധ്യത്തിൽ നിത്യതയിലേക്കുള്ള ദൈവത്തിന്റെ വിളിക്ക് എല്ലാ വിധത്തിലും സുസ ജ്ജനായിരുന്ന ജോണച്ചൻ സ്വാഗതമരുളി. അദ്ദേഹത്തിന്റെ ഭൗതികാവ ശിഷ്ടങ്ങൾ അദ്ദേഹം തന്നെ പണികഴിപ്പിച്ച ശോഭനാ സ്ക്കൂളിനോടു ചേർന്നുള്ള കപ്പേളയിലെ കല്ലറയിൽ വിശ്രമം കൊള്ളുന്നു. സ്വജീവിതം ഉഴിഞ്ഞുവച്ച് നസ്രത്തിനെ സ്നേഹിച്ച ഈ യോഗിവര്യനെ നസ്രത്തു സഭാംഗങ്ങളായ നമുക്ക് നന്ദിയോടും സ്നേഹത്തോടുംകൂടി പ്രാർത്ഥനാ പൂർവ്വം അനുസ്മരിക്കാം. സ്വർഗ്ഗത്തിലിരുന്നും തന്റെ മാദ്ധ്യസ്ഥ്യം വഴി ബ. ജോണച്ചൻ നസ്രത്തിനെ സ്നേഹിക്കുമെന്നതിൽ സംശയമില്ല.

# വീട്ടിലെ അച്ചൻ

ഫാ. ജോൺ കല്ലറയ്ക്കൽ

'വീട്ടിലെ അച്ചൻ'

ബ. ജോൺ മാതേക്കലച്ചനെപ്പറ്റി ഞാൻ ആദ്യം കേട്ടിരുന്നത് അങ്ങനെയാണ്. മാതേയ്ക്കൽ തറവാട്ടു വീട്ടിൽ താമസമാക്കിയ ആളുടെ മൂത്ത പുത്രൻ പുലക്കുടി പുരയിടത്തിൽ വേറെമാറി താമസിച്ചു. ഇങ്ങനെ മാറിത്താമസിച്ച വീട്ടുകാർ തറവാടിനെപ്പറ്റി "വീട്ടിലെ" എന്ന വിശേഷണം കൊണ്ടാണ് പരാമർശിച്ചിരിക്കുന്നത്. ഞാൻ ഹൈസ്കൂൾ വിദ്യാഭ്യാസം നിർവഹിച്ചത് ആരക്കുഴയിൽ അമ്മ വീടായ മാതേയ്ക്കൽ പുലക്കുടിയിൽ വീട്ടിൽ താമസിച്ചായിരുന്നു. അന്ന് മാതേയ്ക്കൽ കുടുംബത്തിലെ മൂന്ന് അച്ചന്മാരെപ്പറ്റിയാണ് ഞാൻ കേട്ടിരുന്നത് – ബഹു. മത്തായി അച്ചൻ, ബഹു. ജോണച്ചൻ, വിൻസെൻഷ്യൻ സഭാംഗമായ ബ. മാത്യു ശെമ്മാശൻ. ബഹു. മത്തായി അച്ചൻ കോണിയേക്കല്ലുങ്കലച്ചനെന്നും ബ. ജോണച്ചൻ "വീട്ടിലെ അച്ച"നെന്നും ബ. മാത്യു ശെമ്മാശ്ശൻ വിളയാനിക്കലെ ശെമ്മാശ്ശനെന്നും അറിയപ്പെട്ടിരുന്നു. ബ. മത്തായി അച്ചൻ മുതലക്കോടം തുടങ്ങിയ കിഴക്കൻ പ്രദേശങ്ങളിൽ ജോലി ചെയ്തിരുന്നതുകൊണ്ടും അച്ചനുമായുള്ള ബന്ധത്തെപ്പറ്റി അമ്മ പറഞ്ഞു തന്നിരുന്നതുകൊണ്ടും അദ്ദേഹത്തെ അറിയുമായിരുന്നു. ബ. മാത്യു ശെമ്മാശ്ശന്റെ വീട് ഞാൻ താമസിച്ചിരുന്ന വീടിന് നേരെ എതിർവശത്തായിരുന്നതു കൊണ്ടും അവധിക്കാലത്ത് കുറെ ദിവസം അദ്ദേഹം വീട്ടിൽ കാണുമായിരുന്നതു കൊണ്ടും അദ്ദേഹത്തെയും അറിയുമായിരുന്നു. ബ. ജോണച്ചൻ ഇന്നത്തെ എറണാകുളം അതിരൂപതയുടെ അതിർത്തിയിലാണ് ജോലി ചെയ്തിരുന്നത്. ഇടക്കുന്ന്, ഞാറയ്ക്കൽ, ചൊവ്വര തുടങ്ങിയ ഇടവകകളായിരുന്നു അധികവും അദ്ദേഹത്തിന്റെ പ്രവർത്തനരംഗങ്ങൾ. കർമ്മനിരതനായിരുന്ന അദ്ദേഹം വളരെ ചുരുക്കമായേ വീട്ടിൽ വന്നിട്ടുള്ളൂ. അതും ഇടദിവസങ്ങളിൽ ആ ദിവസങ്ങൾ എനിക്ക് ക്ലാസ്സ് ദിവസമായിരിക്കും. എനിക്ക് അവധി ദിവസങ്ങളായ ശനിയും ഞായറും അദ്ദേഹത്തിനു പള്ളിയിൽ നിന്നു പോരാൻ പറ്റുകയില്ലല്ലോ. സാധാരണയായി ഉച്ചയ്ക്കുമുമ്പ് വന്ന് ഉച്ചകഴിഞ്ഞ് അദ്ദേഹം മടങ്ങിപ്പോവുകയും ചെയ്തിരുന്നു. ചിലപ്പോൾ ഞാൻ സ്കൂൾ വിട്ടുവരുമ്പോൾ ഞാൻ താമസിച്ചിരുന്ന വീട്ടിലെ അച്ചനും അമ്മായിയും പറയുന്നതു കേട്ടിട്ടുണ്ട്, "ഇന്നു വീട്ടിലെ അച്ചൻ വന്നിരുന്ന് " എന്ന്. "വീട്ടിലെ അച്ചനെ"പ്പറ്റി അവർക്കു വലിയ

മതിപ്പുള്ളതായി അവരുടെ സംസാരത്തിൽ നിന്ന് മനസ്സിലായിട്ടുണ്ട്. 'വീട്ടിലെ അച്ചൻ' മാതാപിതാക്കളുടെ ഏകസന്താനമാണ്. അദ്ദേഹത്തിന്റെ ജനനത്തിന് ഏതാനും നാൾ മുമ്പ് അപ്പൻ മരിച്ചു. വൈദികനാകുന്നതിന് ഏതാനും നാൾ മുമ്പ് അമ്മയും മരിച്ചു. അമ്മയെ തനിയെ വീട്ടിലാക്കിയി ട്ടായിരുന്നു അദ്ദേഹം പട്ടത്തിനു പഠിക്കാൻ പോയത്. നല്ലവണ്ണം പ്രസം ഗിക്കും; പാടും. കഴിവും സാമർത്ഥ്യവുമുള്ളയാളാണ് - എടക്കുന്നിലും മറ്റും ഒത്തിരി ജോലികാര്യങ്ങൾ ചെയ്തു തീർക്കുന്നുണ്ട്.......................... എന്നൊക്കെ അവർ പറയുമ്പോൾ ഞാൻ കൗതുകത്തോടും വിസ്മയ ത്തോടും കൂടെ കേട്ടിരുന്നിട്ടുണ്ട്. അദ്ദേഹത്തെ ഒന്നു കാണണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നെങ്കിലും വളരെ വൈകിയാണ് ആ ആഗ്രഹം സഫലമാ യത്. വീട്ടിലേക്കുള്ള അദ്ദേഹത്തിന്റെ വരവും എന്റെ അവധി ദിനവും ഒത്തുവരാത്തതാണ് പ്രധാന കാരണം. അങ്ങനെയിരിക്കെ വാഴക്കുളം കൊവേന്തയിലുണ്ടായിരുന്ന മാതേയ്ക്കൽ വലിയ മത്തായി അച്ചൻ മരി ച്ചപ്പോൾ അവിടെവച്ച് 'വീട്ടിലെ അച്ചനെ' അകലെ നിന്നു കാണുവാൻ ഭാഗ്യമുണ്ടായി. ആരോ പറഞ്ഞു തന്നാണ് ആളെ മനസ്സിലാക്കിയത്. പിന്നീ ടൊരിക്കൽ അദ്ദേഹം തറവാട്ടിൽ വന്നിട്ടുണ്ടെന്നറിഞ്ഞ് ഞാൻ പോയി കണ്ടു. ഞാൻ സെമിനാരിയിൽ ചേർന്നശേഷം അദ്ദേഹവുമായി സമ്പർക്കം പുലർത്തിയിട്ടുണ്ട്. അദ്ദേഹം റോമിലായിരുന്നപ്പോഴും സമ്പർക്കം പുലർത്തിയിരുന്നു. അദ്ദേഹത്തെപ്പറ്റി വീട്ടിൽ വച്ചു കേട്ടിരുന്ന നല്ല കാര്യ ങ്ങൾ എന്റെ വൈദിക ദൈവവിളിക്ക് പ്രോത്സാഹനമായിട്ടുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു.

പ. അമ്മയുടെ ഉത്തമ ഭക്തനായിരുന്ന ബ. ജോണച്ചന് പരി. അമ്മ യുടെ മേയ്മാസവണക്കം കാലം കൂടുന്ന പുണ്യദിനത്തിൽ തന്റെ ആത്മാ വിനെ ദൈവസമക്ഷം സമർപ്പിക്കുവാനുള്ള ഭാഗ്യം പരി. അമ്മ പ്രദാനം ചെയ്തു. ആദർശധീരനും വിദ്യാഭ്യാസ, സാമൂഹിക പ്രവർത്തന മണ്ഡ ലങ്ങളിൽ ദത്തശ്രദ്ധനുമായിരുന്നു ബ. ജോണച്ചൻ. അദ്ദേഹത്തിന്റെ സ്മര ണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ദൈവം അദ്ദേഹത്തെ നിത്യകിരീടമണിയിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

# I

# ഞാൻ അറിയുന്ന ജോണച്ചൻ

**ഡോ. സി. പയസ്**

ഒരു ഹൈസ്ക്കൂൾ വിദ്യാർത്ഥിനിയായിരുന്ന കാലം തുടങ്ങി ബ. മാതേക്കൽ ജോണച്ചനെ എനിക്കു പരിചയമുണ്ട്. അക്കാലത്തുതന്നെ അദ്ദേഹത്തിന്റെ പ്രസംഗ ചാതുരി എന്നെ ആകർഷിച്ചിരുന്നു. ഞങ്ങളുടെ നാട്ടിലും അടുത്ത സ്ഥലങ്ങളിലും പല പ്രാവശ്യവും പ്രഗത്ഭ വാഗ്മിയായ ഇദ്ദേഹം പ്രസംഗത്തിനെത്തിയിരുന്നു. എടക്കുന്ന് ഇടവകയിലെ അസിസ്റ്റന്റ് വികാരിയായിരുന്ന കാലത്ത് ആ സ്ഥാപനങ്ങളുമായി എനിക്കുണ്ടായിരുന്ന ബന്ധം മൂലവും അച്ചനോടുണ്ടായിരുന്ന സൗഹൃദം വർദ്ധിച്ചിട്ടുണ്ടെന്ന് പറയാം. 1965– ൽ എന്റെ സന്യാസ ജീവിതത്തിന്റെ പ്രാരംഭ ദശയിലെ ഒരു മാസത്തെ ധ്യാനം ഞങ്ങൾ ഏഴുപേർക്കും അച്ചനാണ് നടത്തിത്തന്നത്. അങ്ങനെ ആദ്ധ്യാത്മിക തലത്തിലും അദ്ദേഹത്തിന് ഒരു നേതൃത്വം ലഭിക്കുകയുണ്ടായി. '57–ലെ സഭാവസ്ത്രസ്വീകരണാനന്തരം 58 – 59 കാലങ്ങളിൽ ഞാൻ ജർമ്മനിയിൽ ആയിരുന്നപ്പോൾ റോമിൽ പഠിച്ചുകൊണ്ടിരുന്ന അച്ചൻ ഞങ്ങളിരുവരെയും വന്നു കാണുകയുണ്ടായി. പിന്നീടും ജർമ്മനിയിലായിരുന്ന ഞങ്ങളെ അച്ചൻ അവധികാലങ്ങളിൽ റോമിൽ നിന്ന് വന്ന് ഞങ്ങളുടെ വ്രതനവീകരണം മാസധ്യാനം തുടങ്ങിയവയ്ക്ക് ആദ്ധ്യാത്മിക നേതൃത്വം നൽകിയിരുന്നെന്ന് സന്തോഷത്തോടും നന്ദിയോടും കൂടെ സ്മരിക്കുകയാണ്.

പഠനാനന്തരം '67 –ൽ റോമിൽനിന്നു തിരിച്ചുവന്ന ജോണച്ചൻ കോട്ടയത്ത് വടവാതൂർ സെമിനാരിയിൽ പ്രൊഫസർ ആയി നിയമിതനായി. അക്കാലത്താണ് ഇന്നു തൃക്കാരിയൂരുള്ള പയസ് ഗാർഡൻസ് സ്ഥാപനങ്ങൾക്ക് അച്ചൻ ബീജാവാപം ചെയ്തതും അവിടെ നസ്രത്തിന്റെ ഒരു ശാഖാ ഭവനം ആരംഭിച്ചതും. തൃക്കാരിയൂരുള്ള ശാഖാ ഭവനത്തിൽ അച്ചൻ ഇടയ്ക്കിടെ വരുമായിരുന്നു. ഒരു മൂത്ത സഹോദരനെപ്പോലെ, തുടർന്ന് ഉപരിപഠനത്തിന് വീണ്ടും ജർമ്മനിക്ക് എന്നെ വിടുന്നതിനുള്ള ഉത്തരവാദിത്വം അച്ചനാണ് ഏറ്റെടുത്തത്. അതിനൊരുക്കമായി രണ്ടു വർഷം വെല്ലൂർക്ക് പോയി Med. demonstrator ആയി ജോലി ചെയ്ത കാര്യവും ഒരിക്കലും മറക്കാനാവാത്ത ഒന്നാണ്. സമൂഹത്തിൽ നിന്ന് ഇത്ര ദൂരെ പോയി തനിയെ താമസിക്കുന്ന എനിക്കു ഇടയ്ക്കു വരുമ്പോൾ ശരീരത്തിനും മനസ്സിനും ഒരു വിശ്രമം ലഭിക്കാൻ ആയിരിക്കണം അച്ചൻ ഹൈറേഞ്ചിൽ ദേവികുളത്ത് തല്കാല വിശ്രമത്തിനു പോകുമ്പോൾ വേറൊരു സഹോദരിയൊരു മിച്ച് എനിക്കും അവിടെ പോകാനുള്ള അവസരം ലഭ്യമാക്കിയിരുന്നു. വെല്ലൂരെ മനഃശാസ്ത്രപഠനത്തിന്റെ പൂർത്തികരണത്തിനായി എന്റെ അന്നത്തെ അധികാരികൾ എന്നെ പറഞ്ഞയച്ചതും അച്ചന്റെ നിർദ്ദേശപ്രകാരമാണ്.

മാനസികമായി തകർന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആശ്വാസം ലഭിക്കത്തക്കവിധം ഒരു സ്ഥാപനം തുടങ്ങണമെന്നുള്ള ആശയം അച്ചനാണ് ആദ്യമായി ഉന്നയിച്ചത്. പുറമെനിന്നും മറ്റു വിധ ത്തിലും സഹായം ലഭിച്ചാൽ അതു നിറവേറ്റുമെന്ന് അച്ചൻ ഉറപ്പു നൽകു കയും ചെയ്തു. അങ്ങനെയാണ് 78 - 79 കാലങ്ങളിൽ ഞാൻ പഠനം കഴിഞ്ഞു വന്നപ്പോഴേക്കും J.P.M. - ന്റെ ഉദ്ഘാടനം സെപ്റ്റംഹബറിൽ നടന്നത്. ഇരുപതു വർഷം മുമ്പാണ്. അതേ കാലഘട്ടങ്ങളിൽത്തന്നെ യാണ് കുട്ടികളുടെ സമഗ്രമായ വ്യക്തിത്വവളച്ചയ്ക്ക് ഉപകരിക്കത്തക്ക വിധം ചെറുപ്പത്തിലേ നല്ല ശിക്ഷണം നൽകുന്നതിന് ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും അച്ചന്റെ പരിശ്രമഫലമായി കോതമംഗലം നഗരത്തി നടുത്തുതന്നെ പ്രവർത്തനം ആരംഭിച്ചത്. കുട്ടികളെ തൃക്കാരിയൂരുള്ള ബോർഡിംഗിൽ സ്വീകരിക്കുകയുമുണ്ടായി. ഈ ബോർഡിംഗിൽ ക്രമേണ അരമനയുടെ അടുത്തുള്ള ശോഭനാ സ്കൂളിനോടനുബന്ധിച്ച് ആക്കിയ തോടെ J.P.M. നടുത്തുള്ള കെട്ടിടം മാനസിക ചികിത്സ ലഭിച്ചിട്ട് വീട്ടിൽ പോകാൻ ആഗ്രഹിക്കാത്തവർക്കും കൊണ്ടുപോകാൻ സാധിക്കാത്ത വർക്കുമായി പുനരധിവാസ കേന്ദ്രമാക്കി മാറ്റുകയാണുണ്ടായത്. ഈ ഉദ്ദേശ്യം മുൻകൂട്ടി ഉണ്ടായിരുന്നതുകൊണ്ടാണ് ബോർഡിംഗ് അങ്ങോട്ടു മാറ്റിയത്. ആ സ്ഥാപനവും ഇന്നിന്റെ വലിയൊരാവശ്യവും കുടുംബ ങ്ങൾക്ക് വലിയ ഒരനുഗ്രഹവും ആയിത്തീർന്നിരിക്കയാണ്. ഇന്ന് 40- ഓളം സ്ത്രീകൾ അവിടത്തേ അന്തേവാസികളായിട്ടുണ്ട്.

ആരംഭകാലത്ത് ആസ്പത്രിയിലെ മാനസികമായി തകർന്നവർക്ക് ഉന്മേഷം പകർന്നു കൊടുക്കാനായി ബ. അച്ചൻ അവരോടൊത്ത് കളിക ളിൽ പങ്കെടുത്തിരുന്നു. 81 മുതൽ അച്ചന്റെ താമസം സ്കൂളിനോടനുബ ന്ധിച്ച് ആക്കിയിരുന്നെങ്കിലും ഇടയ്ക്കിടയ്ക്ക് സെൻററിൽ വന്ന് അവരുടെ സുഖാന്വേശണം നടത്തി ഏതാനും സമയം അവരോടൊത്ത് ചെലവഴി ക്കുമായിരുന്നു. കൂടാതെ ഇതിലെ അംഗങ്ങളെ സ്കൂൾ ബസ്സിൽ അടു ത്തുള്ള ഭൂതത്താൻകെട്ട്, ഇടമലയാർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് ഉല്ലാ സയാത്രയ്ക്കും കൊണ്ടുപോകുമായിരുന്നു. പുധരധിവാസകേന്ദ്രത്തിൽ 40- ഓളം അംഗങ്ങളുണ്ട്. അവരിൽ പലരും ജീവിതകാലം മുഴുവനും അവിടെ താമസിക്കാനാഗ്രഹിക്കുന്നവരാണ്. അവരും അവരുടെ കുടും ബക്കാരും വലിയൊരനുഗ്രഹമായിട്ടാണ് ഈ സ്ഥാപനത്തെ കരുതുന്ന ത്. ആസ്പത്രിയിൽത്തന്നെയും ഏറിയ വർഷങ്ങളായി വീട്ടിൽ നിന്നകത്ത് താമസിക്കുന്നവരുണ്ട്.

വിദ്യാഭ്യാസരംഗത്തും അച്ചൻ ഇതുപോലെ തന്നെ കുട്ടികളുടെ പരിശീലനകാര്യങ്ങളിൽ ഏറെ ശ്രദ്ധ പതിച്ചിരുന്നു ഏതാണ്ട് 1000 വിദ്യാർത്ഥി വിദ്യാർത്ഥിനികളുള്ള ഈ വിദ്യാലയത്തിലെ രക്ഷാകർത്താ ക്കളുമായി നല്ലൊരു ബന്ധം പുലർത്തിയിരുന്നു. വേണ്ട കാര്യങ്ങൾ വേണ്ടി

ടത്ത് വേണ്ടപ്പെട്ടവരോടു നല്ല ചങ്കൂറ്റത്തോടെ പറഞ്ഞിരുന്നുവെന്നുള്ളത് അച്ചന്റെ ഒരു പ്രത്യേകതയാണ്. സ്കൂളിലെ വിജയശതമാനം മിക്കവാറും 100 മേനിയായിരുന്നു. അങ്ങനെ നാടിനും സഭയ്ക്കും വ്യക്തികൾക്കും കുടുംബങ്ങൾക്കും ഏറെ നന്മ ചെയ്ത ആ മഹദ് ജീവിതത്തിന് 1995 മെയ് 31- ന്  തിരശ്ശീല വീണു. അന്ന് അദ്ദേഹത്തിന് വയസ്സ് 75.

# I

# എന്റെ തലതൊട്ടപ്പൻ ഇച്ചാച്ചൻ

സി. അക്വീന

ഞങ്ങളുടെ കുടുംബത്തിൽ ഞങ്ങൾക്കെല്ലാവർക്കും എല്ലാമായിരുന്ന ഇച്ചാച്ചനെപ്പറ്റി ചിന്തിക്കുമ്പോൾ മറക്കാനാവാത്ത ഒത്തിരിയേറെ സംഭവങ്ങൾ മനസ്സിൽ പെന്തി വരികയാണ്. സ്വന്തം പിതാവിനെ കാണുവാനുള്ള ഭാഗ്യം പോലും ലഭിക്കാതെ പോയ ഏക സന്താനം. അമ്മയുടെ ഉദരത്തിലായിരിക്കേ അപ്പൻ മരണമടഞ്ഞു. രോഗിയും വിധവയുമായ അമ്മയൊരുമിച്ച് അമ്മ വീട്ടിൽ ചെലവഴിച്ച ശൈശവകാലം, തുടർന്നു ഞങ്ങളുടെ തറവാട്ടിൽ ജീവിച്ച ബാല്യകാലം ഇവയെപ്പറ്റിയൊക്കെ കേട്ടുകേൾവി മാത്രമേ എനിക്കുള്ളൂ. സെമിനാരിയിൽ നിന്ന് അവധിക്കു വീട്ടിൽ വരുന്ന ഇച്ചാച്ചനാണ് ആദ്യമായി എന്റെ ഓർമ്മയിൽ കടന്നു വരുന്നത്. രണ്ടു മാതാപിതാക്കന്മാരിൽ നിന്നു ജനിച്ച വരെന്നുള്ള ചിന്തപോലുമില്ലാതെ ഞങ്ങളുടെ കുടുംബത്തിലെ ജ്യേഷ്ഠ സഹോദരൻ എന്ന നിലയിലാണു ഞങ്ങൾ ഇച്ചാച്ചനെയും ഇച്ചാച്ചൻ ഞങ്ങളെയും കണ്ടിരുന്നത്. സെമിനാരിയിൽ വൈദിക പഠനം നടത്തിയിരുന്ന കാലത്തായിരുന്നു എന്റെ ജനനം. എന്റെ ജ്ഞാനസ്നാന മാതാപിതാക്കൾ എന്ന ചുമതല ഏറ്റെടുത്തത് ഇച്ചാച്ചനും ഞങ്ങൾ 'അമ്മ' എന്നു വിളിക്കുന്ന ഇച്ചാച്ചന്റെ അമ്മയും ആണ്. ഇതിൽ ദൈവത്തിന്റെ ഒരു പ്രത്യേക പരിപാലന പിന്നീട് എനിക്കു കാണാൻ കഴിഞ്ഞു. ഞങ്ങൾ കുട്ടികളായിരുന്ന കാലത്ത് ഞങ്ങളുടെ ഏതു കാര്യത്തിലും ഇച്ചാച്ചൻ ഇടപെടുന്നതും ഞങ്ങളുടെ അപ്പനും അമ്മയും ഇച്ചാച്ചന്റെ തീരുമാനത്തിനു നൂറു ശതമാനവും അനുകൂലിക്കുന്നതും വഴങ്ങുന്നതും ഞങ്ങൾക്കു സന്തോഷകരമായ അനുഭവം തന്നെയായിരുന്നു.

എന്റെ സന്യാസ ദൈവവിളിയെപ്പറ്റി ചിന്തിക്കുകയാണെങ്കിൽ ഈ ലോകത്തിൽ ഞാൻ കടപ്പെട്ടിട്ടുള്ള ഏക വ്യക്തി ഇച്ചാച്ചനാണ്. രണ്ടു പ്രാവശ്യവും വീട്ടിലേക്കു തിരിച്ചയയ്ക്കപ്പെട്ട ഞാൻ, മാതാപിതാക്കളുടെയും മറ്റു ബന്ധുമിത്രാദികളുടെയും ശക്തിയായ എതിർപ്പുകൾ ഉണ്ടായിട്ടും, എന്നെ പറഞ്ഞയച്ച ഈ സഭയിലേക്കുതന്നെ വീണ്ടും വന്നു ചേർന്നെങ്കിൽ അതിന്റെ പിന്നിലെ പ്രചോദന ശക്തി ഇച്ചാച്ചൻ തന്നെയെന്നതിൽ എനിക്കു യാതൊരു സംശയവുമില്ല. ദൈവഹിതം മനസ്സിലാക്കി താനെടുക്കുന്ന ഒരു തീരുമാനത്തിനു യാതൊരു വിധത്തിലും തടസ്സം നില്ക്കാൻ സാധിക്കാത്തവിധം എന്റെ മാതാപിതാക്കളുടെയും

ഞങ്ങളുടെ അന്നത്തെ സഭാധികാരികളുടെയും പ്രത്യേകിച്ചു സ്ഥാപക പിതാവിന്റെയും മേലുള്ള ഇച്ചാച്ചന്റെ സ്വാധീനശക്തി അത്ര അധികമായിരുന്നു.

ഞങ്ങളുടെ ചെറുപ്പകാലത്തുമാത്രമല്ല, പിന്നീടും ഈ സ്വാധീനത്തിനു ഞങ്ങളുടെ മാതാപിതാക്കൻമാർ എന്നും സന്തോഷപൂർവ്വം വഴങ്ങുന്നതാണ് ഞങ്ങൾ കണ്ടിട്ടുള്ളത്. ഒരു ഉദാഹരണം: ഞങ്ങളുടെ ഇളയ സഹോദരൻ ഡോ. ജോയിയും ഭാര്യയും അയർലണ്ടിൽ ആയിരിക്കുമ്പോഴാണ് അവരുടെ ആദ്യത്തെ കുഞ്ഞിന്റെ ജനനം. വാർദ്ധക്യത്തിലെത്തിയിരുന്ന ഞങ്ങളുടെ മാതാപിതാക്കൾക്ക് ഈ പേരക്കിടാവിനെ നേരിൽ കാണാൻ പറ്റിയില്ലെങ്കിലും വിവരം അറിഞ്ഞ് ഏറെ സന്തോഷിച്ചു എന്നു പറയേണ്ടതില്ലല്ലോ. അന്ന് അയർലണ്ടിൽ തന്നെയുണ്ടായിരുന്ന ഞങ്ങളുടെ സഹോദരി സി. ഡയാനയ്ക്കും ജർമ്മനിയിലായിരുന്ന എനിക്കും കുടുംബാംഗങ്ങളെ പ്രതിനിധീകരിച്ച് അവിടെയെത്തി ഡോ. ജോയിയുടെയും ആനിയുടെയും സന്തോഷത്തിൽ പങ്കുകൊള്ളാനും ചില്ലറ സഹായങ്ങൾ ചെയ്തു കൊടുക്കാനും സാധിച്ചത് ഒരു ഭാഗ്യമായി എല്ലാവരും കരുതി. ഉടനെ അവധിയെടുത്തു നാട്ടിലേക്കു പോരാൻ സാധ്യതയില്ലാരുന്നതുകൊണ്ട് ഞങ്ങൾ അവിടെ ഉള്ളപ്പോൾത്തന്നെ കുഞ്ഞിനു മാമ്മോദീസ നല്കാമെന്നു തീരുമാനമുണ്ടായി. നാട്ടുനടപ്പനുസരിച്ച് കുഞ്ഞിന് ഞങ്ങളുടെ അപ്പന്റെ പേരു നല്കണം എന്നതിൽ ആർക്കും സംശയം ഉണ്ടായിരുന്നില്ല. തല തൊട്ടപ്പനും തല തൊട്ടമ്മയും ആര്? ഒരു കന്യാസ്ത്രീയാകാൻ ഒരുങ്ങുന്നവൾ എന്ന കാരണത്താൽ എനിക്കു മുമ്പു നിഷേധിക്കപ്പെട്ടിരുന്ന ഒരു കാര്യമാണിത്. സാധാരണഗതിയിൽ സാധ്യതയില്ലാത്ത ഒരാഗ്രഹം. പക്ഷേ ഈ പ്രത്യേക സാഹചര്യത്തിൽ എന്റെ ഈ ദൈവം സാധിച്ചു തരികയായിരുന്നു. അയർലണ്ടിലെ നടപ്പനുസരിച്ച് ഒരു സിസ്റ്റർ എന്ന നിലയിൽ എനിക്ക് ഈ ഉത്തരവാദിത്വം ഏറ്റെടുക്കാമെന്നും ജ്ഞാനസ്നാന മാതാപിതാക്കളിൽ ഒരാളുടെ സാന്നിദ്ധ്യം മാത്രം മതിയാകുമെന്നും ജ്ഞാനസ്നാന പിതാവായി നാട്ടിലുള്ള അവകാശിയുടെ പേരു നല്കിയാൽ മതിയെന്നും അവിടത്തെ ഇടവക വികാരി പറഞ്ഞതനുസരിച്ച് ദിവസം നിശ്ചയിച്ചു വേണ്ട ഒരുക്കങ്ങൾ നടത്തി. കുഞ്ഞിന്റെ പേര് ജേക്കബ് എന്നാണ് എന്ന് നേരത്തേ എഴുതുകൊടുത്തിരുന്നു. മാമ്മോദീസായുടെ തലേദിവസം വീട്ടിൽ നിന്ന് അപ്പന്റെ ഒരു കത്ത്. കുഞ്ഞിനു നല്കേണ്ട പേരിനെക്കുറിച്ചായിരുന്നു കത്തിൽ പ്രതിപാദിച്ചിരുന്നത്. അപ്പൻ എഴുതി "നമ്മുടെ മുറപ്രകാരം എന്റെ പേരാണു (ജേക്കബ്) കുഞ്ഞിനു കൊടുക്കേണ്ടതെങ്കിലും ഇപ്രാവശ്യം അതു നോക്കാതെ നമ്മുടെ അച്ചന്റെ (ഇച്ചാച്ചനെ അപ്പൻ വിളിച്ചിരുന്നത് അങ്ങനെയാണ്) പേര്– ജോൺ– എന്ന് ഇടണമെന്നാണ് എന്റെയും അമ്മയുടെയും ആഗ്രഹം." ഇത് ഇച്ചാച്ചന്റെ ആഗ്രഹമായിരുന്നു വെന്നും ആ ആഗ്രഹം മനസ്സിലാക്കി അപ്പനും അമ്മയും കൂടി എടുത്ത തീരുമാനമായിരുന്നു എന്നും

പിന്നീട് മനസ്സിലായി. എന്റെ തല തൊട്ടപ്പന്റെ പേര് ഞാൻ തല തൊടുന്ന എന്റെ മരുമകന് കൊടുക്കാൻ സാധിച്ചതിൽ ഞങ്ങൾ രണ്ടുപേരും ഞങ്ങളോടൊപ്പമുണ്ടായിരുന്ന എല്ലാവരും സന്തോഷിച്ചു.

ദൈവതൃക്കരങ്ങളിൽ നിന്നും താൻ ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ കഴിവിന്റെ പൂർണ്ണതയിൽ നിർവഹിച്ചശേഷം മറ്റാരും പ്രതീക്ഷിക്കാത്ത നിമിഷത്തിൽ നാഥന്റെ വിളിയുടെ സ്വരം ശ്രവിച്ച് നിത്യസമ്മാനത്തിനായി ആ പാവനാത്മാവു യാത്രയായി. ആ അന്ത്യനിമിഷങ്ങൾക്കു സാക്ഷിയാകുവാനുള്ള ഭാഗ്യവും ദൈവപരിപാലനയിൽ എനിക്കു ലഭിക്കുകയുണ്ടായി.

ആഗ്രഹിച്ചാലും ആർജ്ജിക്കുവാനോ അനുകരിക്കുവാനോ കഴിയാത്ത ആ വലിയ വ്യക്തിത്വത്തിന്റെ മുമ്പിൽ ശിരസ്സു നമിച്ച്, നന്ദിയുടെ നറുമലരുകളുമായി സ്വർഗ്ഗീയ ഭവനത്തിലെ കൂടിക്കാഴ്ച സമാഗതമാകുന്ന പരിശുദ്ധ നിമിഷങ്ങൾക്കായി ഞാൻ കാത്തിരിക്കട്ടെ.

# ജോണച്ചന്റെ കാല്പാടുകൾ- ശോഭനാ സ്കൂളിൽ

സി. ഓസ്റ്റിൻ സി. എസ്. എൻ

കോതമംഗലം കേന്ദ്രമാക്കി ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംയഭിക്കുന്നതിനു ബ. ജോണച്ചൻ മാതേക്കൽ അച്ചനുണ്ടായ പ്രചോദനവും നിമിത്തവും ചില മുൻ ലേഖനങ്ങളിൽ അനാവ്രതമാക്കിയിട്ടുണ്ട്. അങ്ങനെ പിറവിയെടുത്ത ശോഭനാ സ്കൂളിന്റെ ചരിത്രവശങ്ങളിലെക്കാണ് ഈ ലേഖനത്തിൽ മുഖ്യമായും ശ്രദ്ധയൂന്നുക.

1971 - ൽ ആണ് പല പ്രസ്ഥാനങ്ങളും ഉൾക്കൊള്ളുന്ന പയസ് ഗാർഡൻസിനു ജോണച്ചൻ ബീജാവാപം ചെയ്തത്. അന്ന് യാതൊരു വികസനവും എത്തിനോക്കിയിട്ടില്ലാതിരുന്ന ഈ പ്രദേശത്തെ ചുറ്റുപാടുമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് അറിവിന്റെ വെളിച്ചം നല്കാനായി ആരംഭിച്ച മലയാളം നേഴ്സറി സ്കൂളാണ് ഇന്നത്തേ പ്രശസ്തമായ ശോഭനാ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ പ്രാഗ് രൂപം. ഇക്കാലത്താണ് അയിരൂർപ്പാടത്ത് മുളയെടുത്തിരുന്ന പയസ് ഗാർഡൻസിനെ താല്പര്യപൂർവ്വം വീക്ഷിച്ചിരുന്ന, ജോണച്ചന്റെ ഇടവകകാരനും ഉറ്റ സുഹൃത്തുമായിരുന്ന, കോതമംഗലം രൂപതയുടെ പ്രഥമ മെത്രാൻ മാർ മാത്യു പോത്താമൂഴി ഈ രൂപതയുടെ കേന്ദ്രഭാഗത്തുതന്നെ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ഉണ്ടാകണം എന്ന ആഗ്രഹം ജോണച്ചനെ അറിയിക്കുന്നത്. തന്റെ രൂപതയിലേക്ക് പരിഷ്ക്കാരത്തോടൊപ്പം കടന്നുകൂടിയിരുന്ന സാന്മാർഗ്ഗികാധഃപതനത്തിന് അദ്ദേഹം കണ്ടെത്തിയ ഒരു പരിഹാരമാർഗ്ഗം കൂടിയാണ് ഈ വിദ്യാഭ്യാസരീതി. അങ്ങനെയാണ് അയിരൂർപ്പാടത്ത് ആരംഭിച്ച മലയാളം നേഴസറി സ്കൂൾ ശോഭനാ ഇംഗ്ലീഷ് മീഡിയം സ്കൂളായി രൂപാന്തരം പ്രാപിച്ചത്. വാസ്തവത്തിൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ ജോണച്ചന്റെ സ്വപ്നങ്ങളിൽപ്പെട്ടതായിരുന്നില്ല, മറിച്ച് ഒരു മാനസികാശുപത്രിയും പുനരധിവാസകേന്ദ്രവുമായിരുന്നു അച്ചന്റെ പ്ലാൻ. എങ്കിലും തന്റെ അധികാരികൂടിയായ പിതാവിന്റെ ആഗ്രഹം കല്പനയായി സ്വീകരിച്ച് അദ്ദേഹം ശിരസ്സു മനിക്കയാണുണ്ടായത്. ഇതിനകം ജോണച്ചന്റെ സംഘാടകാവൈഭവത്തെ ആദരപൂർവ്വം മനസ്സിലാക്കിക്കഴിഞ്ഞ സ്ഥലത്തെ ഡോക്ടേഴ്സ്, എൻജിനിയേഴ്സ്, വ്യവസായ പ്രമുഖർ തുടങ്ങിയ പ്രഗത്ഭ വ്യക്തികളും ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളിനുവേണ്ടി അച്ചന്റെമേൽ സമ്മർദ്ദം ചെലുത്താൻ തുടങ്ങി. ഇത്രയുമായപ്പോൾ അച്ച

നും ചിന്തിച്ചു, കുഞ്ഞുങ്ങളിലൂടെ കുടുംബങ്ങളിലേക്ക് എത്താമെന്നും അങ്ങനെ കുടുംബങ്ങളുടെ ധാർമ്മികോന്നമനം സാധിക്കാമെന്നും. ഒപ്പം, തന്റെ നേതൃത്വത്തിൽ അയിരൂർപ്പാടത്ത് പയസ് ഗാർഡൻസിന്റെ പ്രവർത്തനം ഏറ്റെടുത്തിരിക്കുന്ന, കുടുംബപ്രേഷിതത്വം മുഖ്യ ആദർശ മായി സ്വീകരിക്കുന്ന നസ്രത്തു സിസ്റ്റേഴ്സിനെയും അച്ചൻ മനോമുകുര ത്തിൽ കണ്ടു. അങ്ങനെ 1971 – ൽ അയിരൂർപ്പാടത്തു പിറന്നുവീണ മല യാളം നേഴ്സറി സ്കൂൾ 1974 – ൽ ശോഭന എന്ന പേരിൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ ആയി.

1975 – ൽ കോതമംഗലം ബിഷപ്സ് ഹൗസിനടുത്തു മൂന്നാർ റൂട്ടിൽ വാങ്ങിയ ഒന്നര ഏക്കർ സ്ഥലത്ത് സ്കൂളിനുവേണ്ടി കെട്ടിടം പണി ആരം ഭിച്ചു. ജോണച്ചൻ അന്ന് വടവാതൂർ സെമിനാരിയിൽ പ്രൊഫസറായും ബർസാറും ആയിരുന്നതുകൊണ്ട് കെട്ടിടം പണികളുടെ മേൽനേട്ടം വഹി ക്കുക പ്രയാസമായിരുന്നു. ഈ അവസരത്തിലാണ് കോതമംഗലം രൂപതാ പ്രൊക്കുറേറ്ററായിരുന്ന ബ. ഇമ്മാനുവേൽ കുര്യനാൽ അച്ചൻ ഈ പ്രശ്നം പരിഹരിക്കാൻ സന്നദ്ധനായി മുന്നോട്ടു വന്നത്. അദ്ദേഹത്തിന്റെ മേൽനോ ട്ടത്തിൽ കെട്ടിടം പണി ഭംഗിയായി മുന്നോട്ടു നീങ്ങി. ആവശ്യമായ പണം ജോണച്ചൻ എങ്ങനെയെങ്കിലും സ്വരൂപിച്ചു നല്കിക്കൊണ്ടിരുന്നു. അയി രൂർപ്പാടത്ത് പയസ് ഗാർഡൻസിനു സ്ഥലം വാങ്ങുന്നതു മുതൽ അതിന്റെ എല്ലാ പ്രസ്ഥാനങ്ങളുടെയും വളർച്ചയ്ക്ക് ആത്മാർത്ഥമായി സഹായിച്ചു സഹകരിച്ചുകൊണ്ടിരിക്കുന്ന ബ. ജോൺ പിണക്കാട്ടച്ചന്റെയും ബ. ജേക്കബ് തേവർപാടത്തച്ചന്റെയും നിസ്വാർത്ഥ സഹായ സഹകരണങ്ങൾ ഇവിടെയും ലഭിച്ചുകൊണ്ടാണിരുന്നത്.

1976 ജൂൺ മാസത്തിൽത്തന്നെ പണി നടന്നുകൊണ്ടിരുന്ന കെട്ടിട ത്തിന്റെ ഒരു ഭാഗം സജ്ജീകരിച്ച് 'ശോഭന'യെ ആയിരൂർപ്പാടത്തുനിന്നും ഇങ്ങോട്ട് ഷിഫ്റ്റ് ചെയ്തു. L.K.G., U.K.G., 1st Standard ഈ ക്ലാസ്സുക ളോടെയാണ് ഇവിടെ തുടക്കം. ഓരോ വർഷവും ഓരോ ക്ലാസ്സുവീതം സജ്ജീകരിച്ചു സ്കൂൾ മുന്നോട്ടു നീങ്ങി. കെട്ടിടം പണിക്കുവേണ്ടി പണം കണ്ടെത്താൻ അച്ചൻ ഏറെ ക്ലേശിച്ചിട്ടുണ്ട്. എങ്കിലും സംഭാവനയ്ക്കു വേണ്ടി ആരുടെയും മുമ്പിൽ കൈ നീട്ടിയിട്ടില്ല. അയിരൂർപ്പാടത്തുനിന്നും ലഭിച്ചിരുന്ന റബറിന്റെ ആദായം മാത്രമായിരുന്നു ആശ്രയിക്കാവുന്ന വരു മാനം. അച്ചനു ലഭിച്ചിരുന്ന കുർബാനപ്പണംപോലും ഇതിനായി വിനി യോഗിച്ചു. ഇതിനിടയിലാണ് അച്ചന് ആദ്യത്തെ ഹാർട്ട് അറ്റാക്ക് ഉണ്ടാ യതും കുറെ ദിവസങ്ങൾ എറണാകുളം ലിസി ആശുപത്രിയിൽ കിട ക്കേണ്ടി വന്നതും. അന്നൊരുദിവസം അച്ചൻ ഒരു ബന്ധുവിന്റെ കൈയിൽനിന്നും 60000 ക.കടം വാങ്ങി കെട്ടിടം പണിക്ക് കൊടുത്തത് ഓർക്കുന്നു. ഈ കടം വീട്ടാനാണ് '81 സ്കൂൾ വർഷത്തിൽ ഓരോ കുട്ടി യിൽനിന്നും (അന്നു ഹൈസ്കൂൾ ആയിട്ടില്ല) 500 ക. വീതം സംഭാവന

സ്വീകരിക്കേണ്ടി വന്നത്. ഇതല്ലാതെ ഈ സ്കൂളിനുവേണ്ടി മാനേജുമെന്റ് ഒരു പൈസ പോലും ആരിൽനിന്നും സംഭാവനയായി വാങ്ങിയിട്ടില്ല.

1981 മാർച്ച് ആയപ്പോഴേക്കും സ്കൂളിനും ബോർഡിംഗിനും അത്യാവശ്യം വേണ്ട കെട്ടിടങ്ങളും ഫർണിച്ചേഴ്സും തയ്യാറാക്കി. സ്കൂളിനോടുചേർന്ന് തല്ക്കാലത്തു സജ്ജീതരിച്ചെടുത്ത രണ്ടു മുറികളായിരുന്നു സിസ്റ്റേഴ്സിനു താമസിക്കാനുള്ള മഠം. 1981 മാർച്ച് 14 – നു കോതമംഗലം മെത്രാൻ മാർ ജോർജ് പുന്നക്കോട്ടിൽ സ്കൂളിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും ആശീർവാദകർമ്മം നടത്തി. ഇതുവരെ സിസ്റ്റേഴ്സും ബോർഡേഴ്സും അയിരൂർപ്പാടത്തുനിന്നും നിത്യം വന്നു പോകുകയായിരുന്നു. അന്നുണ്ടായിരുന്ന ഏക വാഹനം ഒരു പഴയ അംബാസിഡർ കാർ. '76 – ൽ ഒരു സ്റ്റാന്റേർഡ് വാനും '78 – ൽ ഒരു ബസ്സും സംഘടിപ്പിക്കാൻ സാധിച്ചു. ഇപ്പോൾ സ്കൂളിന്റെ ആവശ്യത്തിനായി മൂന്നു ബസ്സും ഒരു മിനി ബസ്സും ഉണ്ട്. സാമാന്യം വലിപ്പമുള്ളതാണ് ഓഡിറ്റോറിയം. ഈ ഓഡിറ്റോറിയത്തിൽവച്ച് ഇന്റർനൺസിയോയ്ക്കും മദർ തെരേസായ്ക്കും ജോണച്ചന്റെ നേതൃത്വത്തിൽ ആതിഥ്യം നല്കാനുള്ള ഭാഗ്യവും ലഭിച്ചിട്ടുണ്ട്.

'ശോഭന' യുടെ ആരംഭകാലത്തേക്കു തിരിഞ്ഞുനോക്കുമ്പോൾ മറക്കാനാവാത്ത ഏറെപ്പേരുണ്ട്. നസ്രത്തു സിസ്റ്റേഴ്സിൽത്തന്നെ വിസ്മരിക്കാനാകാത്തതായി പലരുമുണ്ട്. അവരിൽ മുൻനിരയിൽ നില്ക്കുന്ന ഏതാനും പേരെയങ്കിലും പേരെടുത്തുപറഞ്ഞ് നന്ദിപൂർവ്വം സ്മരിക്കാതെ വയ്യ. ശോഭനയുടെ ആദ്യകാലവർഷങ്ങളിൽ ആത്മാർത്ഥവും സമർത്ഥവും ആയ സേവനം കാഴ്ചവച്ച ഗുരുഭൂതയാണ് സി. വിമല. സി. വിജയയുടെ വർഷങ്ങൾ വീണ്ട കഴിവുറ്റ നേതൃത്വം ശോഭനയെ വളർത്തുന്നതിൽ വലിയൊരു പങ്കുവഹിച്ചിട്ടുണ്ട്. 1996 – ൽ സി. വിജയ നസ്രത്തു സിസ്റ്റേഴ്സിന്റെ സെന്റ് മൈക്കിൾസ് കോൺവെന്റിന്റെ സുപ്പീരിയർ ആയി ശോഭനയിൽ നിന്നും സ്ഥലം മാറിയപ്പോൾ ഇവിടെത്തന്നെ അദ്ധ്യാപികയായിരുന്ന സി. ഷന്താൾ ആണ് സി. വിജയയുടെ സ്ഥാനത്തേക്കു നിയോഗിക്കപ്പെട്ടത്. ഇന്നത്തേ സൗകര്യങ്ങളൊന്നുമില്ലാതിരുന്ന ആദ്യകാലത്തു ബോർഡിംഗ് മിസ്ട്രസുമാരായിരുന്ന സിസ്റ്റേഴ്സ് കരുണ, ഷന്താൾ, മോഡസ്റ്റ, കലാകായികരംഗങ്ങളിൽ കുട്ടികൾക്കു പരിശീലനവും നേതൃത്വവും നല്കിയ സി. ഡാനിയേൽ എന്നിവരുടെ സേവനവും ഏറെ വിലപ്പെട്ടതാണ്. അയിരൂർപ്പാടത്തും ശോഭനയിലുമായി സുപ്പീരിയർമാരായിരുന്ന് ശോഭനയെ വളർത്തുന്നതിൽ ജോണച്ചനോടുകൂടി ഏറെ ബുദ്ധിമുട്ടുകൾ സഹിച്ചിട്ടുള്ളവരാണ് സിസ്റ്റേഴ്സ് ഫ്ളവററ്റ്, തെരസിറ്റ,ലിസിയാ, ജോൺമേരി, സെലിൻ എന്നിവർ. ജോണച്ചന്റെ കൂടെ നിന്ന് മഠം സുപ്പീരിയർ എന്ന നിലയിൽ ശോഭനയുടെ പിറവിക്കും വളർച്ചയ്ക്കും സാക്ഷ്യം വഹിക്കാനും വളർച്ചയുടെ ക്ലേശങ്ങളിൽ പങ്കു വഹിക്കാനും പരമാവധി സഹകരി

ക്കാനും ഈ ലേഖികയ്ക്കും അവസരം ലഭിച്ചത് ഒരു ഭാഗ്യമായി സന്തോഷപൂർവ്വം അയവിറക്കുകയാണ്.

ശ്രീ. ജോസഫ് സേവ്യർ തുരുത്തുമാലി 1986 – ൽ ശോഭനയുടെ ഹെഡ്മാസ്റ്ററായി ചാർജ്ജെടുത്തു. ഇപ്പോഴും അദ്ദേഹം തന്നെ പ്രസ്തുത ചാർജ്ജ് വഹിക്കുന്നു. 1987 – ൽ ശോഭനയുടെ പ്രഥമ ബാച്ച് S.S.L.C. പരീക്ഷയെഴുതി. എല്ലാവരും പാസ്സായി. ഇടയ്ക്ക് ഒരു നാലു ബാച്ചിൽ ഒന്നോ രണ്ടോ കുട്ടികൾ തോറ്റതൊഴിച്ചാൽ 1999 ഉൾപ്പെടെ എല്ലാവർഷവും ശോഭന 100% വിജയമാണു നേടിട്ടുള്ളത്. അഭിമാനിക്കാൻ തക്കനിധം ഡിസ്റ്റിംഗഷനും ഫസ്റ്റക്ലാസ്സും എല്ലാവർഷവും ശോഭന സ്വന്തമാക്കുന്നു. ഒരു വർഷം റാങ്ക് ലിസ്റ്റിലും പേരു വരികയുണ്ടായി. കലാ കായികരംഗങ്ങളിലും ശോഭന ആരുടെയും പിന്നിലല്ലെന്ന് ഓരോ വർഷവും നേടുന്ന ട്രോഫികൾ തന്നെ ഉദാഹരണമാണ്.

ശോഭന പടിപടിയായി വിജയത്തിന്റെ പടവുകൾ കയറി വരുമ്പോഴാണ് ശോഭനയുടം ജനയിതാവും ഡയറക്ടറുമെല്ലാമായിരുന്ന ജോണച്ചൻ 1995 മെയ് 31 –ന് ആകസ്മികമായിട്ടെന്നു പറയാം നിത്യതയുടെ തീരത്തേക്കു പറന്നുയർന്നത്. തന്റെ രോഗനില മനസ്സിലാക്കിയിരുന്ന അച്ചൻ ശോഭനയുൾപ്പെടെയുള്ള പയസ് ഗാർഡൻസിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും നസ്രത്ത് സിസ്റ്റേഴ്സിനു കൈമാറിച്ചുണ്ടായിരുന്നു. എങ്കിലും ഞങ്ങളുടെ നിർബന്ധത്തിനു വഴങ്ങി ഡയറക്ടർ സ്ഥാനത്ത് തന്നെ തുടരുകയായിരുന്നു. അച്ചന്റെ നിര്യാണത്തെ തുടർന്ന്, അക്കൊല്ലം നസ്രത്തു സിസ്റ്റേഴ്സിന്റെ മനേജുമെന്റിൽ നടത്തുന്ന അങ്കമാലി മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജിലെ പ്രിൻസിപ്പൽ സ്ഥാനത്തുനിന്ന് റിട്ടയർ ചെയ്ത സി. ലൂർഡ്സ്, നസ്രത്തു സിസ്റ്റേഴ്സിന്റെ സെന്റ് മേരീസ് പ്രൊവിൻസ് പ്രൊവിൻഷിലിന്റെ പ്രതിനിധിയായി ഡയറക്ടർ സ്ഥാനത്തേക്കു നിയമിതനായി. അങ്ങനെ ശോഭന അനാഥത്വത്തിൽ നിന്നും രക്ഷപ്പെട്ടു. സിസ്റ്ററിനെ ഈ സ്ഥാനത്തേക്കു വിട്ടുതന്ന സഭാധികാരികളോട് ശോഭനയ്ക്ക് ഏറെ നന്ദിയുണ്ട്. ജോണച്ചൻ തെളിച്ചു വച്ച ആദർശങ്ങളുടെ നക്ഷത്രദീപ്തിയിൽ നിന്നും അണുവിട വ്യതിചലിക്കാതെ ആ ആദർശങ്ങളെ മുറുകെ പിടിച്ച് പ്രതിസന്ധികളിൽ തളരാതെ സിസ്റ്റർ ഡയറക്ടരുടെ ഉത്തരവാദിത്വങ്ങൾ സമർത്ഥമായി നിർവഹിച്ചുകൊണ്ട് ശോഭനയെ നയിച്ചുപോരുന്നു. സിസ്റ്ററിന്റെ കൂടെ നിന്ന് ഡയറക്ടരുടെ ഉത്തരവാദിത്വങ്ങൾ പങ്കിട്ടെടുത്തു സഹകരിക്കുന്ന സി. ഷാന്താളും പ്രത്യേകം നന്ദി അർഹിക്കുന്നു. സിസ്റ്റേഴ്സിനും ഹെഡ്മാസ്റ്റർക്കും കൂടെ നിന്നു സഹകരിക്കുന്ന അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കുമെല്ലാം ഒരേ ലക്ഷ്യമാണുള്ളത്, ജോണച്ചന്റെ കാല്പാടുകളിലൂടെ നടന്ന് ശോഭനയെ മുന്നോട്ടു നയിക്കുക.

V

# വിധവ കൊളുത്തിയ വിളക്ക്

**സി. ജെമ്മ**

ആദ്യത്തെ മുത്തം നല്കി
കൺമണിക്കുരുന്നിന്റെ
നെറ്റിമേൽ എന്തേയമ്മ
കണ്ണീരിൽ മുത്തം ചാർത്തി.
ചിന്തകൾ കലമ്പിയോ
ജനനീഹൃദയത്തിൽ,
എത്താത്ത പിതാവിന്റെ
സുസ്മിത മുഖം കണ്ടോ?

ഒന്നായിട്ടിണക്കിയോ-
രീശ്വരൻ തന്നെയല്ലോ
ഓമനിച്ചെടുത്തതും
പതിയെ തൻ രാജ്യത്തിൽ.
ഒന്നിച്ചു തുഴയുവാ-
നാദ്യത്തെ പദംവച്ചു,
സ്വപ്നങ്ങളോളം തല്ലും
സാഗരതീരത്തെത്തി,
വിണ്ണിന്റെ മലർക്കാവിൽ
നിന്നെത്തും പ്രകാശത്തിൽ
കണ്ണുകൾ നട്ടു തങ്ങൾ
തുഴയാൻ തുടങ്ങവേ,
മോക്ഷത്തിൽ ദാനമ്മ
ഗർഭത്തിൽ വഹിക്കവേ,
അക്ഷയസ്തോത്രം പാടാൻ
ജനകനെത്തി വിണ്ണിൽ.
മഹത്വം ദുഃഖത്തിന്റെ
തീയിലേ വിരിയുള്ളൂ
മഹതിഗ്രഹിച്ചിട്ടാ
കൺകളാൽ കണ്ടുയെല്ലാം
ഭാവിയിൽ സൂര്യകാന്തി
വിരിക്കും തേജസ്സു തൻ
പാണിയിൻ ശയിക്കുമാ-
കുരുന്നിൽ ദർശിച്ചവൾ.

ദൈവതൃക്കരങ്ങളിൽ
 സർവ്വതുമർപ്പിക്കാനും
ദൈവത്തിൻ ഹിതം മാത്രം
 ലക്ഷ്യമായ് ജീവിക്കാനും
യേശുവിൻ പാദങ്ങളിൽ
 ശിഷ്യനായ് പഠിക്കാനും
യേശുവിൻ ജനനിയെ-
 യമ്മയായ് വരിക്കാനും
അരുമക്കിടാവിനെ
 ജീവിച്ചുകാണിച്ചമ്മ
വിരുതുകാട്ടി മകൻ
 അമ്മയെ പകർത്താനും.
മുള്ളുകൾ, കൂരമ്പുകൾ!
 പതറാതിരിക്കണം,
നുള്ളണമുള്ളിലൂറും
 കറുത്ത വികാരങ്ങൾ,
ഭീരുത്വം സത്യത്തിന്റെ
 വായ് മൂടാതിരിക്കണം,
നേരിനായ് വേണ്ടിവന്നാൽ
 കുരിശിൽ മരിക്കേണം,
അർഹിക്കും ജനത്തിനു
 നിറയെ കൊടുക്കണം,
പേരിനു കിട്ടും വില
 തുച്ഛമായ് കരുതണം.
ഇങ്ങനെ മഹത്വത്തിന്റെ
 പാഠങ്ങൾ പഠിപ്പിച്ചു.
ഒക്കെയും നൂറുമേനി
 വിളഞ്ഞു കുമാരനിൽ.
ഭൂമിയിൽ കണ്ണാടിയിൽ
 കൂടിയേ കാണാനൊക്കൂ
വിൺമയസ്തംഭങ്ങളെ,
 പോയി നീ കാലേവിണ്ണിൽ.
പത്തല്ല, സഹസ്രങ്ങൾ
 കണക്കിൽ പെരുപ്പിച്ചു
കിട്ടിയ താലന്തെല്ലാം,
 ഇപ്പോഴും പെരുകുന്നു.
സർവ്വരും മക്കളല്ലോ
 കന്യത്വം വരിച്ചോർക്ക്

സർവ്വതുമവർക്കായി-
ട്ടർപ്പിച്ചീ പുരോഹിതൻ
വിതച്ചെതെല്ലാം നൂറു
വിളഞ്ഞു, സ്വർഗ്ഗത്തിന്റെ
വിശുദ്ധ ഭൂവിൽ നിന്നു
വിതയ്ക്കൂ വിത്തിനിയും
തന്നേകസന്താനത്തെ-
തൻ സർവ്വസമ്പത്തിനെ-
വൈദികവൃത്തിക്കായി
കൊടുത്തു വിധവയീ-
ഭൂമിയിൽ കൊളുത്തിയ
വിളക്കായിരങ്ങളിൽ
പൂങ്കതിർ ചൊരിയുന്നു
പൂവുകൾ വിരിയുന്നു.

## V

# In Memory of Father John Matheiken

**Fr. Daniel J Rayan, Ireland**

So often my thoughts wander back to that vibrant school in Sobhana and specially its ornate chapal, where Father John and I celebrated Mass. This chapal is now the shrine that cradles his mortal remains. Mingled with the hosts of the praying and chanting voices of the Sisters and the children over his tomb, are the memories of all of us who had the privilege of knowing him in this life.

I first met Father John in 1978 when he visited my homeland of Ireland. He was introduced to me by Dr. Joy and Mrs. Anni Matheiken. Dr. Joy was a doctor in Our Lady's Hospital, Cashel, County Tipperary, where I was Chaplain. From that first meeting Father John and I became friends. I will always remember his striking spiritual presence. It was always evident in his many letters as we exchanged correspondence over the years. He had a great power with words. When his invitation to visit Kerala before he would die reached me, I felt compelled to answer his call and go as he wished. On my arrivel at Cochin I was met with full ecclesiastical honours led by Father John in his all white priestly grab. The cortege to Kothamangalam made me feel like a high ranking ambassador who had come from the West. From that moment of arrival in Kerala I received Indian hospitality at its best from Father John and all of the Sisters.

The very mention of Kothamangalam, Pius Gardens, Sobhana, Angamali, Kodaikanl, Theni, Cochin, Trivandarum, crowds my mind with memories of those happy times I spent

with Father John and his battalions of devotees in the convents all around!

The mention of Mysore reminds me of a very special Experience. Setting off so early in the morning and being halted on our way into Calicut by crowds of angry men. They warned us to go no furthur because all roads were blockaded. Soon Dr. Joy, his son, Sean Patrick (whom I christended in Cashel) and our driver found we could neither go forward nor go back with the blockades. We took shelter from the mid-day sun in a farmyard. As evening came we tried to make our way home. We succeeded in a painstakingly slow process with the help of a Muslim leader. All I could do was to read faces, not knowing the language, and hoped that Father John who was too unwell to travel with us, would not know about our plight, and thankfully he did not until we arrived home safely. There was no such drama when the journey to Mysore was attempted on my second visit to Kerala!

It was a great act of providence for me to have a friend in the Priesthood of the calibre of Father John. A priest who built a hospital, a hostel, a retirement home for the elderly, and a school with all the facilities of learning in our modern world. His achievements to me are awe inspiring. At his calling on 31st May 1995 the words ***"come you blessed of my Father"*** opened his way to paradisa. I believe his kindly spirit is allowed the freedom to be always near. In the words of St. Patrick's Breastplate I conclude:

***"In the barnyards of heaven may***
***we all be together again"***

V

# കിങ്ങ്ളങ്ങഛതൃകൃങ്ങ

**Sr. Diana M.S.J.**

Rev. Fr. John Matheiken - special memories of a loved and sorely missed brother - our beloved Ichachan - who died on May 31st 1995.

My heart is full of memories
With pride I speak your name
Though life goes on without you
My life won't be the same.

I had some one in a million
I loved you to the end;
I lost two precious things in life
My beloved brother and my friend.

How many times I think of you,
How many times I pray to you
If love could have saved you
You never would have died.

I thank you for all the care and love
That you have given me and our family
But one thing I know and It's true
A loving father you were to many hundreds

I'm proud to have been your "Kunjupengal, Jolly"
The teasing, loving way, you used to call me
All those memories are still afresh
And let me keep them afresh indeed!

I know you were a 'star' when alive
Now I'm sure you are a 'star' in heaven
A 'star' who would watchover those left behined
And guide them gently day and night

I could write a thousand words or more
It wouldn't be a start I know
To say how much I miss you
This I say from the bottom of my heart.

They say memories are golden
Well many be that is true
If so let me keep those memories
Still I miss you more than words can say.

S

# ഞാൻ ഒരു ഭാഗ്യശാലി

**Thomas John Goossens**

My memory goes back to the time when we are in Kalloorkad. What I know is that Rev. John Matheiken Parish-Priest of Kalloorkad at that time, was also the director of J. M. Hospital, Kalloorkad run by the Medical Sisters of St. Joseph. He took classess in a school near by and also in St. Thomas Apostolic Seminary Kottayam.

I was born on 2nd July 1967 and my baptismal name was Thomas. As to the fact that I was given for adoption to Rev. Fr. John and was accepted as his son. There fore my full name became Thomas John Matheiken, nick named Tojo. I was also given to the care of the Medical Sisters of St. Joseph. They had a convent near the hospital. The mother Superior at that time was Rev. Mother Metilda. As I was accepted as a son by Rev. Mother I got the permission to call her Amachi.

I remember those years in Kalloorkad as the happiest time of my life.

Still I have the sweet remembrance that as a child everyone was very fond on me. I called Rev. Fr. John simply ‘Achan’. He treated me as his own son. He gave me everything. The Sisters gave me all attention and care. Amachi gave me her love and care. I was very jolly,sometimes naughty and specially

a clever child with talents. Achan gave more importance to my education too. He was very familier with me. He used to take me with wherever he went. He could drive a car and his car was a standard, green one with number KLF 7843. He drove all the time to far away places, especially to Kottayam.

After my nursery in Thodupuzha, he heard about a missionary school in Madurai, Tamilnadu. Achan wanted me to get the best education wherever possible. He drove me in our car through mountains and plains of Tamilnadu day and night to that school in Tamilnadu (Madurai).

On the way we had fun. We ate in ordinary Tamil hotels on banana leaves. Sometimes Amachi and Sisterscame with us. On the way I was even allowed to drive with him. It was an adventurous time for us. He was just like an ordinary person accustomed to everthing. In school if I was naughty or didn't have the best results I was punished. I had a special tutor. Indeed I came back to Kerala with injured ears. But Achan gave me the feeling that he was my loving father. He gave me everything I wanted and I got the special care of Amachi also. After some years he felt that I was in fact spoiled.

He became very strict with me. But I didnot have much personal feelings and emotions like other boys. Year after year there grew a relational disturbance between us that affected my over all development. It was certainly not his fault. Till that time really I didn't know what hardship meant. I built a wall between us so that he could not see through.

From Kalloorkad we had to move to Thrikkariyoor near Kothamagalam. There he could buy a few acres of land and start different Welfare Institutions run by the Cogregation of Sisters of Nazareth. The whole centre was named "Pius

Gardens". Achan was the director and was very ambitious. So after we moved from Kalloorkad there were big changes - changes of his institutions, changes of congregations, changes in the seminary. I came to realize those changes and understood that Achan's attitude became different. In the beginning the Sisters had a small convent. The Mother Superior was Sr. Floweret. I came to know that she was a family member of Achan. So I was allowed to call her, Floweret aunty. And so I learned to know the whole family Matheiken.

Achan had great responsibility in his new surroundings. He was often high tempered. He had to bring up his adopted son as well. I felt he had made a lot of changes. I was often with him. But his attitude towards me began to change. So I too changed my ways and began to pull back from him. I wanted to be always with the Sisters and other people working there.

As the director he had great expectations. He also had a bit exclusive life - style which he at first wanted me to learn.

Although I could meet Amachi sometimes I began to miss that Sister (Sr. Metilda). Moreover Achan told me not to call her Amachi anymore.

Not only he wanted me to have the best education but also to lead a normal social life. He sent me to several boarding schools. Mean while my personality tured to another direction. I buit a well between Achan and myself and had my own dreamworld within my exclusive, safe world. Therefore I had less personal development and bad school results. I was not going out of my shell to my classmates or boarding - mates to make friends with them. Achan became much worried of me. At that time he was getting ill as well. But I could not take

care of him as his son. After all he was very much disappointed in me. “Where is that Tojo I knew in Kalloorkad , as a baby and child full of life, full of talaent, and wonders to come in the future”.

Though his health was getting worse he worked hard for his institutions. He tried his best to integate me with the family Matheiken. But it was too late to be effected. Achan was getting old and he began to think for the best solution. Achan wanted me to be happy and get the best future I could have in those circumstances. So he searched and found good Catholic parents who had four of their own children and were willing to adopt me also. So Achan was getting happier too.

At the age of 15, I was prepared to go to Europe (to Belgium) to be a member a Familie Goossens, Papa - a lawyer and Mama, the house wife, three brothers and one sister, all are studying. From now on I can have a normal family - life, be happy and get a nice future.

What I remember very much of those days when Achan was preparing me, is the fact that it was years ago I felt that familier touch of Achan. As his adopted son I know what that means. He was talking me with more feelings like he had in Kalloorkad. Achan was such a man who was not used to show them. I can never forget the last Holy Mass in the convent chapal during which he was deeply moved. During that Holy Mass he showed me and the others in the chapal how much he loved me. I too was touched. At that time I did not want to leave Achan. I understood that Achan wanted he best for me. So I came to Belgium. And Achan was corresponding with me till his death.

W X

# [illegible]

**Sean J. Matheiken**

We remember people in different ways, directed in no small measure by what they meant us personally. Our impression of people we have not interacted with directly is often a consequence of the legacy they have left behind; whereas, our memorise of those we have shared some part of our lives with is a pot - pourri of emotions, events and enduring embers etched in mind. With some persons, remembrances are a mixture of both, as it is with Ichachan.

I am uniquely unqualified to describe Ichachan in blank and white. My interaction with him over fifteen years was very much on a subliminal scale, largely a function of the vast difference in our years. Compounding this was my situation as a student, often as his dependant, with the result that I was to him more of a favoured pet, a pleasing acolyte, than a confidante. True, I was therefore privy to his everyday routines, is preferences (these often bordering on finickiness); his fits of anger, his mercenary drive, his unguarded self. However, a consequence of such a relationship is that a lot of what I know of Ichachan's persona is what has been subconsciously imbibed on to mine; in effect he represented too many things to be described as simply a person.

Ichachan stood out. He was different, I looked up to him, he was a fortress of strength, an unshakeable icon in a changing

world, a man of strong views and stornger convictions, a force not be trifled with. Inchachan was purpose. Determination. Discipline.

The memories are many. Ichachan used to relish standing at his vantage point in the room, parting the curtains to gaze at the entrance to the school compound. He used to remove his sandals to drive his fiat, in which he had this really quaint little fan. He was most in his element when giving orders, issuing directives. Ichachan was control. He was about order in an imperfect world. He strove to be perfect, and in this qust he allowed little tolerance for incompetents.

There was Ichachan the builder, Ichachan the teacher, Ichachan the disciplinarian with his favourite cane, stalking the school halls and quelling the faintest whisper just by his soft tread; Ichachan the food critic, Ichachan the patron of cultural activity, Ichachan the priest whose Eucharist was always the most beautiful that I have ever attended, for he brought even to his daily Mass his inimitable style and individuality.

Sure, he had his failings. He was human too. He didn't let you come too close. Ichachan had an emotional barrier around him, that let little through, in or out. One never got a glimpse of his inner self, other than through his deeds. No casual insights, no nevealing monologues. And the barrier allowed him precious little space for emotional expression. He may have found it difficult to express his feelings for people he cared about; walls work both ways. I never knew him in his formative years, so I can only assume that the events of those bygone times forced him to erect and maintain these barriers.

But my deepest and lasting imprassion is of Ichachan the speaker. He was unchallenged at the rostrum, an orator of

untarnished clarity, faultlessly fluent and articulate. He was the master of the verbal fistfight. I sometimes used to wonder, in my youth, if school days at Sobhana were just an occasion for Ichachan to speak his mind to a select audience. He captivated his listeners, whether in church, in an auditorium, or even at a dinner gathering. I suspect the rather liked to speak and be heard; well, he instilled that love of the oratory in me, and I certainly do!

There are other lingering memories. The many youth festivals, the intense preparations, the efforts spearheaded by him, his intense satisfaction victory, his indigestion of failure. The excursions from school, his expert analysis of the driving technique of his many drives, his ranking of Peter chettan way above the rest; his favored seat in the second row on the right in the bus.

He was not one to mince words. He had many held views, which were essentially non - negotiable. His insistence that a late sleeper was no match for an early riser will plague me to the end of my days. Ichachan was an achiever, a man of ideas and initiative, a priest with a purpose. He was unique. In retrospect, one hardly knew him, yet I do not know anyone else like him.

To his tribe. To more like Fr. John. Few and far between as they may be.

I

# കരവമരവമി ള്യീ ര്യ ളമറശിഴ ാലാീ്യ

**Shevonne Tresa Joy Matheiken**

A beloved uncle he was to me,
        Oh! what a great man he was,
With everyone he kept a distance,
        but kept me close to his heart.
He has helped millions,
        more than he was given credit for.
Many a poor needed his support,
        and he did his best, not all a miser.
A strict disciplinarian was he,
        but me, never a prey to his discipline.
Children and pets-his weakness,
        and Malu enjoyed his meakness.
Malu's whining, I still remember,
        on the day of Ichachan's death
        to share all the mourning.

To the extent of my memories,
Ichachan was a symbol of love,
service and discipline.
These lines conclude with appreciation,
from the bottomof my heart,
for all the wonderful memories he has left behind,
although I was just nine, then.

Xw

.ZZZ

# A Peerless Individual

**Miss Sheena Joy Matheiken**

"I have always wondered what makes a person a peerless individual. A singular spirit. We are all borne the same, and someday we die the same, but between these two tangibles of life we live a million lives, in a million different worlds,givingtaking,winning, losing... and learning. And we make choices. These choices - the ones we get to pick and the ones that are thrust upon us - are what defines our paths. But only a few people are able to look beyond the apparent paths, only a few are visionaries who look into the dark woods and find new ways of getting across. Ichachan was one such visionary. And it is that vision he possessed and pursed, that has stayed with me all these years, despite the fact that I naver really hit a common ground with him. Ichachan had to make hard choices very early in his life; choices that would predicate him as an isolated spirit. And yet, he drew people to him, and built many worlds around him - worlds that would continue to live on even after he was gone.

My brother, my sister and I, each one of us had a very different relationship with him. Though I needn't speak for them, I have seen Ichachan's influence in my brother's sense of discipline, I sense his genuine affection in my little sister's warmth. And looking back now, at the child I used to be and the person I have become today, I realise that his influences on me has lasted longer and deeper than I had imagined - in my sense

of independence, in my faith, and above all, in my belief that a single individual can make a difference.

Yet, this is a relisation that has come to me late - weeks, months, years after his death - the time that took me to really understand what I knew of him, and of what I knew of myself through him. And I am grateful. And a little regretful that I never found that common ground to relate to him where he was still around."

V